ജി. ചേടിയത്ത്

# മാർ അപ്രേം
# വിശ്വാസഗീതങ്ങൾ

കോട്ടയം
2008

ജി. ചേടിയത്ത്

# മാർ അപ്രേം
# വിശ്വാസഗീതങ്ങൾ
# പ്രസംഗങ്ങൾ

OIRSI
No. 300

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
2008


www.malankaralibrary.com

**G.CHEDIATH, MAR APREM, Viswasageethangal - Prasangangal**
*(St. Ephrem, Hymns on Faith - Semons on Faith)*

A Publication of the Oriental Institute of Religious studies, P. B. No.10. Vadavathoor, Kottayam, 686010. Kerala. India.

© G.Chediath, 2008

Printed at : Bethany Press, Kalathipady, Kottayam - 686010
Ph. 0481 - 2571355

Price :

ISBN :

www.malankaralibrary.com

# ഉള്ളടക്കം


ആമുഖം

അവതാരിക

**വിശ്വാസഗീതങ്ങൾ**

| | | | |
|---|---|---|---|
| ഗീതം | 1 | - | 1 |
| ഗീതം | 2 | - | 4 |
| ഗീതം | 3 | - | 6 |
| ഗീതം | 4 | - | 8 |
| ഗീതം | 5 | - | 12 |
| ഗീതം | 6 | - | 16 |
| ഗീതം | 7 | - | 20 |
| ഗീതം | 8 | - | 23 |
| ഗീതം | 9 | - | 26 |
| ഗീതം | 10 | - | 30 |
| ഗീതം | 11 | - | 33 |
| ഗീതം | 12 | - | 36 |
| ഗീതം | 13 | - | 39 |
| ഗീതം | 14 | - | 40 |
| ഗീതം | 15 | - | 42 |
| ഗീതം | 16 | - | 43 |
| ഗീതം | 17 | - | 45 |
| ഗീതം | 18 | - | 47 |
| ഗീതം | 19 | - | 49 |
| ഗീതം | 20 | - | 50 |
| ഗീതം | 21 | - | 53 |
| ഗീതം | 22 | - | 54 |
| ഗീതം | 23 | - | 56 |
| ഗീതം | 24 | - | 58 |
| ഗീതം | 25 | - | 60 |
| ഗീതം | 26 | - | 62 |
| ഗീതം | 27 | - | 66 |
| ഗീതം | 28 | - | 67 |
| ഗീതം | 29 | - | 71 |
| ഗീതം | 30 | - | 73 |
| ഗീതം | 31 | - | 75 |
| ഗീതം | 32 | - | 78 |
| ഗീതം | 33 | - | 80 |
| ഗീതം | 34 | - | 82 |
| ഗീതം | 35 | - | 83 |
| ഗീതം | 36 | - | 85 |
| ഗീതം | 37 | - | 88 |
| ഗീതം | 38 | - | 91 |
| ഗീതം | 39 | - | 94 |




www.malankaralibrary.com

| | | | |
|---|---|---|---|
| ഗീതം | 40 | - | 95 |
| ഗീതം | 41 | - | 98 |
| ഗീതം | 42 | - | 100 |
| ഗീതം | 43 | - | 102 |
| ഗീതം | 44 | - | 104 |
| ഗീതം | 45 | - | 107 |
| ഗീതം | 46 | - | 109 |
| ഗീതം | 47 | - | 112 |
| ഗീതം | 48 | - | 114 |
| ഗീതം | 49 | - | 116 |
| ഗീതം | 50 | - | 118 |
| ഗീതം | 51 | - | 120 |
| ഗീതം | 52 | - | 122 |
| ഗീതം | 53 | - | 125 |
| ഗീതം | 54 | - | 128 |
| ഗീതം | 55 | - | 131 |
| ഗീതം | 56 | - | 133 |
| ഗീതം | 57 | - | 136 |
| ഗീതം | 58 | - | 137 |
| ഗീതം | 59 | - | 140 |
| ഗീതം | 60 | - | 142 |
| ഗീതം | 61 | - | 145 |
| ഗീതം | 62 | - | 148 |
| ഗീതം | 63 | - | 151 |
| ഗീതം | 64 | - | 153 |
| ഗീതം | 65 | - | 156 |
| ഗീതം | 66 | - | 158 |
| ഗീതം | 67 | - | 160 |
| ഗീതം | 68 | - | 162 |
| ഗീതം | 69 | - | 164 |
| ഗീതം | 70 | - | 166 |
| ഗീതം | 71 | - | 167 |
| ഗീതം | 72 | - | 169 |
| ഗീതം | 73 | - | 171 |
| ഗീതം | 74 | - | 173 |
| ഗീതം | 75 | - | 175 |
| ഗീതം | 76 | - | 178 |
| ഗീതം | 77 | - | 179 |
| ഗീതം | 78 | - | 181 |
| ഗീതം | 79 | - | 184 |
| ഗീതം | 80 | - | 187 |
| ഗീതം | 81 | - | 189 |
| ഗീതം | 82 | - | 191 |
| ഗീതം | 83 | - | 193 |
| ഗീതം | 84 | - | 195 |
| ഗീതം | 85 | - | 197 |
| ഗീതം | 86 | - | 199 |
| ഗീതം | 87 | - | 202 |


**വിശ്വാസത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ**


| | | | |
|---|---|---|---|
| പ്രസംഗം | 1 | - | 206 |
| പ്രസംഗം | 2 | - | 213 |
| പ്രസംഗം | 3 | - | 228 |
| പ്രസംഗം | 4 | - | 237 |
| പ്രസംഗം | 5 | - | 241 |
| പ്രസംഗം | 6 | - | 245 |


www.malankaralibrary.com

# ആമുഖം

സുറിയാനിസഭയിലെ ഏറ്റവും വലിയ സഭാപിതാവായ മാർ അപ്രേമിന്റെ (306–373) രണ്ട് വിശിഷ്ടകൃതികളുടെ ആദ്യത്തെ മലയാളവിവർത്തനമാണ് ഇതിലുള്ളത്: 1. വിശ്വാസഗീതങ്ങൾ (87). 2. വിശ്വാസത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ (*മെമ്രേ*) (6). “മുത്തിനെപ്പറ്റിയുള്ള അഞ്ചുഗീതങ്ങൾ” ആദ്യസമാഹാരത്തിലാണ്. ഗീതങ്ങളിലെ ആശയങ്ങൾ തന്നെയാണ് ഹോമിലികളിലുമുള്ളത്. ഹോമിലികളും ഗാനരൂപത്തിലാണ്. അന്നത്തെ സാധാരണമനുഷ്യർക്ക് എളുപ്പം പാടാവുന്ന രീതികളിലാണ് മാർ അപ്രേം കൂടുതലായി ഗ്രന്ഥരചന നടത്തിയിട്ടുള്ളത്.

അന്ന് സഭയിൽ ആഞ്ഞടിച്ച ആരിയൻ പാഷണ്ഡതയ്ക്കെതിരെ സത്യവിശ്വാസികളെ സത്യസുവിശേഷത്തിൽ ഉറപ്പിച്ചു നിർത്താനാണ് മാർ അപ്രേം തന്റെ വീണ മീട്ടിയത്. പുത്രന്റെ ദൈവത്വവും ത്രിത്വപ്രബോധനവും ആരിയർ നിഷേധിച്ചു: “ഏകദൈവം ഏകയാളാണ്. പുത്രൻ ദൈവത്തിന്റെ സൃഷ്ടിയും നിർമിക്കപ്പെട്ട വസ്തുവുമാണ് (*പൊയ്യേമാ, ക്തിസ്മാ*). അവൻ ആദ്യസൃഷ്ടിയാണ്. അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു. ഇല്ലായ്മയിൽ നിന്ന് പിതാവ് അവനെ സൃഷ്ടിച്ചു. പിതാവിനും പുത്രനും ഒരേ സ്വഭാവവും ഒരേ സത്തയുമല്ല” എന്നു പോകുന്നു ആരിയനിസത്തിന്റെ വികല വിവരണങ്ങൾ. ഒരു തരം ദൈവശാസ്ത്രാഭാഷണലിസമായിരുന്നു ആരിയനിസം. ഉപരിപ്ലവചിന്താഗതിക്കാരെ തൃപ്തിപ്പെടുത്താനുതകുന്ന വാദഗതികൾ അവർ ഉന്നയിച്ചു.

നിഖ്യാസൂനഹദോസ് (325) ആരിയൻ പാഷണ്ഡതയെ തിരസ്കരിച്ചെങ്കിലും അത് വിവിധ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. കോൺസ്റ്റൻടൈൻ ചക്രവർത്തിക്കുശേഷം (+337) വന്ന പല ചക്രവർത്തിമാരും ആരിയനിസത്തെ പിന്താങ്ങി. ആരിയരുടെ ഇടയിൽ പല അവാന്തരവിഭാഗങ്ങൾ ഉടലെടുത്തു. ഈ അബദ്ധോപദേശത്തെ നിർമാർജനം ചെയ്യാൻ നിർണായകപങ്കു വഹിച്ചത് കപ്പഡോഷ്യൻ പിതാക്കന്മാരാണ്. 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡോടുകൂടി ആരിയനിസം കെട്ടടങ്ങി. കപ്പഡോഷ്യൻ പിതാക്കന്മാർ *ഉസിയായും ഹ്യൂപ്പോസ്റ്റസിസും* തമ്മിൽ വേർതിരിച്ചു. ദൈവത്വത്തിൽ ഏക


www.malankaralibrary.com

ഉസിയായും മൂന്നു ഹ്യൂപ്പോസ്തസിസുമാണെന്ന് അവർ പഠിപ്പിച്ചു. അതായത് ഏകദൈവത്തിൽ ഏകസത്തയും മൂന്നാളുകളുമാണ്. ഏകസത്ത പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന് അറിയപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്നു.

മാർ അപ്രേം ജീവിച്ച ചുറ്റുപാടിലും ആരിയനിസം ആഞ്ഞടിച്ചിരുന്നു. വളരെ ശക്തമായ ഭാഷയിലാണ് ആരിയനിസത്തിനെതിരെ അപ്രേം തന്റെ വീണ മീട്ടിയത്. അതിൽ നിന്ന് മലവെള്ളപ്പാച്ചിൽപോലെ ഗാനധാര പ്രവഹിച്ചു. ഓരോ ഗീതവും ത്രിത്വപ്രബോധനവും പുത്രന്റെ ദൈവത്വവും മനോഹരരാഗങ്ങളിൽ ഉറക്കെ പ്രഘോഷിക്കുന്നു.

തന്നിൽ തന്നെയുള്ളവ പൂർണമായി ഗ്രഹിക്കാൻ മനുഷ്യന് കഴിയുന്നില്ല; അപ്പോൾ എങ്ങനെ അത്യുന്നതദൈവികസത്ത ഗ്രഹിക്കും? തനിക്കു ചുറ്റുമുള്ള പ്രകൃതിയെപ്പറ്റി തുലോം തുച്ഛമായി മാത്രം അറിയുന്ന മനുഷ്യൻ സ്രഷ്ടാവിനെ പരിശോധിക്കാനിറങ്ങുന്നത് അഹന്ത തന്നെയാണ്. സൃഷ്ടവസ്തുവായ സൂര്യന്റെ നേരേ നോക്കാൻ പോലും കഴിവില്ലാത്ത മനുഷ്യൻ സ്രഷ്ടാവായ ദൈവത്തെ എങ്ങനെ പരിശോധിക്കും! നമ്മുടെ കർത്താവ് തന്റെ സുവിശേഷത്തിൽ ഉപയോഗിച്ചിട്ടുള്ള പ്രബോധനരീതിയാണ് മാർ അപ്രേമിന്റേത്. നമുക്കു ചുറ്റുമുള്ള പ്രകൃതിയിൽ കാണുന്നവയിൽനിന്ന് ശ്രോതാക്കളെ പ്രകൃതിനാഥനിൽ എത്തിക്കുന്ന രീതിയാണിത്. കറതീർന്ന ത്രിത്വപ്രബോധനം സുവ്യക്തമായി ഗീതങ്ങളിൽ വിവിധരീതികളിൽ അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നു. എന്നാൽ താത്വികപദപ്രയോഗങ്ങളിലൂടെയല്ല വിവരണം.

ഈ ഗീതങ്ങളും പ്രസംഗങ്ങളും മലയാളത്തിൽ ആദ്യമായി വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുന്നതിന് വളരെയധികം സന്തോഷമുണ്ട്. ഇതിന്റെ പ്രസിദ്ധീകരണത്തിൽ സഹായിച്ച സകലരെയും നന്ദിപൂർവം സ്മരിക്കുന്നു. തിരുത്തലുകൾ തന്ന ബ. തോമസ് കൂനമ്മാക്കൽ അച്ചനും ബ. ഫിലിപ്പ് ചെമ്പകശ്ശേരി അച്ചനും പത്യേകം നന്ദി. ഈ കൃതി പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയ ബ.ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ അച്ചനും സഹപ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിന്റെ ലേഔട്ട് ഭംഗിയായി നിർവഹിച്ച ഷാനിക്കും ബഥനിപ്രസിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. സന്തോഷപൂർവം ഇത് സഹൃദയസമക്ഷം സമർപ്പിക്കുന്നു.

ജി.ചേടിയത്ത്

സെന്റ് മേരീസ് മലങ്കര സെമിനരി,
നാലാഞ്ചിറ, തിരുവനന്തപുരം, 695015.
മെയ് 29.2008.

www.malankaralibrary.com

## മാർ അപ്രേം

# വിശ്വാസഗീതങ്ങൾ

## 1

**"കർത്താവേ, നീ സഹിച്ചവയെല്ലാം വിസ്മയം ഉളവാക്കുന്നു" എന്ന രീതി**

1. സകലരെയും പ്രബോധിപ്പിക്കുന്നവൻ നമുക്കായി സ്ഥാപിച്ച ജീവ ദായകമായ ആ അടയാളത്തിനു[1] പകരം ധിക്കാരം നിറഞ്ഞ ഈ തലമുറ പുതിയൊരു വിശ്വാസം നമ്മുടെ മുൻപിൽ അവതരിപ്പിച്ചിരിക്കുന്നു. എന്നാൽ അവരുടെ നീക്കത്തിന്റെ കാരണമെന്തെന്ന് സർവജ്ഞാനിക്ക് അറിയാം.

*പ്രതിസ്തോത്രം: എല്ലാ അധരങ്ങളിൽ നിന്നും നിനക്കു സ്തുതി.*

2. അഹങ്കാരമാണ് അതിനു ഹേതുവെങ്കിൽ, നമ്മുടെ കർത്താവ് അവ രുടെ അഹന്തയെ നിയന്ത്രിക്കട്ടെ. കലഹപ്രിയമാണ് അതിനു ഹേതുവെ ങ്കിൽ, നമ്മുടെ കർത്താവ് യോജിപ്പ് വർദ്ധിപ്പിക്കട്ടെ. എന്നാൽ സ്നേഹ മാണ് അതിനു ഹേതുവെങ്കിൽ, തന്നെപ്പറ്റിയുള്ളവ തന്റെ സ്വന്തസൃഷ്ടിക്ക് അവിടുന്ന് വെളിപ്പെടുത്തട്ടെ.[2]

3. ഓ, മഹാപർവതത്തിന്റെ നേർക്ക് അമ്പെയ്യുന്ന നീ, നിന്റെ അമ്പു കൾ അതിൽ തറച്ചെന്ന് കരുതേണ്ട. നിന്നിൽ നിന്ന് അത് അൽപദൂരം പോയെ ന്നേയുള്ളു. കാരണം, മാനുഷികചിന്തയ്ക്ക് ഉപരിസ്ഥമാണ് പുത്രന്റെ ജനനം.

---

1. ദൈവപുത്രനെ സംബന്ധിച്ച് തിരുലിഖിതം രേഖപ്പെടുത്തിയിരിക്കുന്നവ.

2. ല്ദീലേ അൽ ദീലേ : തന്റെ സ്വന്തത്തെ (സൃഷ്ടിയെ) അതിന്റെ കഴിവനുസരിച്ച് തന്റെ നിഗൂഢത ഗ്രഹിപ്പിക്കട്ടെ.



www.malankaralibrary.com

4. നിനക്കു പറ്റിയ അടയാളം ഇതാ, നിനക്കായി വയ്ക്കപ്പെട്ടിരിക്കുന്നു. അതിൽ നീ ദൃഷ്ടിപതിപ്പിക്കുക. അങ്ങനെ, സമീപസ്ഥമായ അടയാളത്തിലൂടെ വിദൂരസ്ഥമായത് വിശ്വസനീയമാകട്ടെ. ആത്മാവ് ആയിരിക്കട്ടെ നിന്റെ അടയാളം. എന്നാൽ അതേപ്പറ്റി താർക്കികർക്ക് വഴിതെറ്റി.

5. കാരണം, അതുണ്ടെന്ന് ഒരാൾ പറയുന്നു. മറ്റൊരാൾ അതിന്റെ അസ്തിത്വം നിഷേധിക്കുന്നു. അത് മരണവിധേയമാണെന്ന് ഒരാൾ; അത് മരണാതീതമാണെന്ന് വേറൊരാൾ; ഏതോ പദാർഥത്തിൽ നിന്നാണെന്ന് ഒരാളും ഇല്ലായ്മയിൽ നിന്നാണെന്ന് മറ്റൊരാളും പറയുന്നു.

6. അതിന്റെ മഹത്വം ദർശിച്ചവൻ അതിനെ ഉന്നതന്റെ കണികയാക്കുന്നു. അതിന്റെ ക്ഷണികത ദർശിച്ചവൻ അത് വായുവിന്റെ വെറും ഉച്ഛ്വാസമാണെന്ന് ചിന്തിക്കുന്നു. അതിനെ ശ്വാസമായി പരിഗണിക്കുന്നവനുണ്ട്; രക്തം എന്നു പറയുന്നവനുമുണ്ട്.

7. അതിന്റെ ചൂട് അനുഭവിച്ചവൻ അത് അഗ്നിയിൽ നിന്നുത്ഭവിച്ചെന്നു പറയുന്നു. അതിന്റെ അശരീരഭാവം ഗ്രഹിച്ചവൻ അത് വായുവിൽ നിന്നുത്ഭവിച്ചെന്നു കരുതുന്നു. ഒരാൾ അത് ദൈവത്തിന്റെ ഭാഗമാണെന്നും മറ്റൊരാൾ അത് ദൈവത്തിന്റെ നിശ്വസനമാണെന്നും പറയുന്നു.

8. അത് ഏകസത്തയിൽ നിന്നാണെന്ന് ചിലർ; അത് പലതിൽ നിന്നാണെന്ന് വേറേ ചിലർ. ഒരേ ഒരു ഘടകത്തിൽ നിന്നാണെന്ന് ചിലർ; ഏഴ് സംയുക്തത്തിൽ നിന്നാണെന്ന് വേറേ ചിലർ. അതിന്റെ സ്വഭാവത്തെ വളരെ പുകഴ്ത്തുന്നവരുണ്ട്; അതിനെ താഴ്ത്തിക്കെട്ടി നിസ്സാരമാക്കുന്നവരുണ്ട്.

9. സ്വപ്നങ്ങൾ പോലും അസ്തിരാത്മാവിനെ ഭയപ്പെടുത്തുന്നു; ആത്മാവിനെ സംബന്ധിച്ച ചർച്ചകൾ കൂടിക്കുഴയുകയും താർക്കികർക്ക് വഴിതെറ്റുകയും ചെയ്യുന്നു; അങ്ങനെയെങ്കിൽ, ആ അവാച്യജനനത്തെപ്പറ്റി ആരായാൻ ആരാണ് മുതിരുക!

10. വരുവിൻ, ആത്മാവിന് അസ്തിത്വമില്ലെന്നു പറയുന്നവനെപ്പറ്റി ആശ്ചര്യപ്പെടുവിൻ! കാരണം, തന്റെ ഉള്ളിൽ ഒരാത്മാവ് സ്ഥിതിചെയ്യുമ്പോൾതന്നെ അതിനെതിരെപോലും അവൻ തർക്കിക്കുന്നു. അത് സ്ഥിതിചെയ്യുന്നില്ലെന്ന് തനിക്കെതിരെ കരുതുന്നതിലൂടെ തന്നോടു തന്നെ അവൻ അനീതി കാട്ടുന്നു.

11. തനിക്ക് അസ്തിത്വമുണ്ടോ ഇല്ലയോ എന്നതിനെ സംബന്ധിച്ച് തിരിച്ചറിവില്ലാത്ത ആത്മാവ്-അതായത്, സ്വയം കാണാൻ കഴിവില്ലാത്ത ആത്മാവ്, തന്റെ സ്വന്തം വായ്കൊണ്ട് തന്നെത്തന്നെ ദുഷിച്ചു പറയുന്ന ആത്മാവ്-തന്നെ സൃഷ്ടിച്ചവനെപ്പറ്റി അന്വേഷിക്കാൻ എങ്ങനെ കഴിവുള്ളതാകും?

www.malankaralibrary.com

12. ആത്മാവിന്റെ കണ്ണാടിയായ വാക്കിലൂടെ ആത്മാവുണ്ടെന്നു സുസ്പഷ്ടമാകുന്നു. ഈ വാക്കിൽ തന്നെത്തന്നെ കാണുന്നതിന് ആത്മാവിന് സാധിക്കുമായിരുന്നു. അതായത്, വാക്കിലൂടെ മൂകജന്തുക്കളുടേതിനേക്കാൾ അതിന്റെ മഹത്വം മുന്തിനിൽക്കുന്നു എന്നത് ഗ്രഹിക്കാമായിരുന്നു.

13. അങ്ങനെ, ആത്മാവിന് അസ്തിത്വം ഉള്ളപ്പോഴും, തനിക്ക് അസ്തിത്വം ഉണ്ടെന്ന അറിവ് അതിനില്ല. അതിന് എങ്ങനെ അസ്തിത്വരഹിതമായിരിക്കാനാകും! അതിന്റെ പ്രവൃത്തികളിലൂടെ അത് സുവ്യക്തമാകുന്നുണ്ടല്ലോ. അതിന്റെ സ്രഷ്ടാവിൽ നിന്ന് അത് അസ്തിത്വത്തിൽ എത്തിയെങ്കിലും, അതിന്റെ ഇച്ഛയുടെ സ്വാതന്ത്ര്യത്താൽ അതിനത് നഷ്ടപ്പെടുന്നു.

14. ഇവയെല്ലാം സംബന്ധിച്ച് തന്റെ സ്വന്തം പ്രകൃതിയെത്തന്നെ നിഷേധിക്കുകയും തന്റെ സ്വന്തം ഔന്നത്യം ഗ്രഹിക്കാതിരിക്കുകയും തന്നെത്തന്നെ നിഷേധിക്കുകയും ചെയ്യുന്ന ആത്മാവിന്റെ യഥാർഥ അസ്തിത്വത്തെപ്പറ്റി മറ്റെന്ത് പറയാനാകും?

15. തന്റെ സ്വന്തം അസ്തിത്വത്തെപ്പറ്റിപോലും വഴിതെറ്റിപ്പോകുന്ന ആത്മാവിന് അന്വേഷണത്തിലൂടെ എന്ത് കണ്ടെത്താൻ കഴിയുമെന്നാണ് കരുതുന്നത്? അഥവാ, ചർച്ചയിലൂടെ എന്താണത് ഗ്രഹിക്കാൻ പോകുന്നത്? അത് തന്നിൽ നിന്ന് അകലെയാണെങ്കിൽ, അദൃശ്യനെ എങ്ങനെ കണ്ടെത്താനാകും?

16. എങ്ങനെ സ്വയം അറിയണമെന്ന് നമ്മുടെ ബുദ്ധിക്ക് അറിയാതിരിക്കെ, സർവജ്ഞന്റെ ജനനം സംബന്ധിച്ച് പ്രശ്നങ്ങൾ ഉന്നയിക്കാൻ എങ്ങനെയാണ് മുതിരുക? സ്വയം അറിയാത്ത സൃഷ്ടി തന്റെ സൃഷ്ടാവിനെ എങ്ങനെയാണ് പരിശോധനാവിധേയനാക്കുന്നത്?

17. മഹോന്നതസത്തയെ കുറിച്ച് ഒരുനാവും ഒരുനാളും മതിയാംവണ്ണം സംസാരിച്ചിട്ടില്ല. അവാച്യമായതിനെപ്പറ്റി സംസാരിക്കാൻ ആഗ്രഹിക്കുന്ന നാവ്, അവിടുത്തെ നിസ്സാരനാക്കുകയാണ് ചെയ്യുക. കാരണം, അത് അവന്റെ മഹനീയതയ്ക്ക് മതിയായതല്ല.

18. ദൈവം തന്റെ സ്വഭാവത്തിൽ മഹോന്നതനാകയാൽ, അവനെ മഹത്വപ്പെടുത്താനും ശ്രേഷ്ഠമാക്കാനും ആഗ്രഹിക്കുന്നവരെല്ലാം അവനെ മഹത്വപ്പെടുത്തുന്നതുവഴി അവനിൽ മഹത്വീകരിക്കപ്പെടും. അവനിൽ എത്തിച്ചേരാൻ പര്യാപ്തമല്ലാത്ത തർക്കങ്ങളിൽ നിന്ന് പിന്മാറുക; അവനു ചേരുന്ന നിശ്ശബ്ദത പാലിക്കുക.

 www.malankaralibrary.com

19. എന്റെ കർത്താവേ, ഇവ രണ്ടും വിവേകപൂർവം ഉപയോഗിക്കാൻ എനിക്കിടയാകട്ടെ. അങ്ങനെ, ഞാൻ ധിക്കാരപൂർവം തർക്കിക്കുകയോ, ശ്രദ്ധാരഹിതമായി മൗനം അവലംബിക്കുകയോ ചെയ്യാതിരിക്കട്ടെ. പ്രയോജനപ്രദമായവ പഠിക്കാനും വിവേകപൂർണമായ നിശ്ശബ്ദത സ്വന്തമാക്കാനും എനിക്കിടയാകട്ടെ.

# 2

## "നിങ്ങൾ സ്നേഹിച്ച ദൈവം" എന്ന രീതി

1. സത്യത്തിന്റെ തിളങ്ങുന്ന കണ്ണാടി സജ്ജമാക്കി, എല്ലാ നാവുകൾക്കും ഉപരിസ്ഥമായ നിന്റെ ജനനം അതിൽ ദർശിച്ചവൻ ഭാഗ്യവാൻ.

പ്രതിസ്തോത്രം: പിതൃസ്വരമായ നിനക്കു സ്തുതി.

2. സത്യത്തിന്റ അറിവിലേക്ക് അടുത്തുവരികയും ദൈവം മനുഷ്യന്റെ പരിശോധനയ്ക്ക് ഉപരിസ്ഥനാണെന്ന് അതിൽ നിന്ന് ഗ്രഹിക്കുകയും ചെയ്തവൻ ഭാഗ്യവാൻ.

3. എന്റെ കർത്താവേ, ഈ തലമുറയിൽ സത്യത്തിന്റെ ഉപ്പായി തീരുകയും നിന്നെ പരിശോധിക്കാൻ ആഗ്രഹിക്കുന്ന ഉറ കെട്ടവരുടെ ഇടയിൽ തന്റെ വിശ്വാസത്തിന്റെ ഉറ കെട്ടുപോകാതിരിക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.

4. മൗനതയാകുന്ന മതിലുകൊണ്ട് തന്റെ കാതടയ്ക്കുകയും നിന്നോടു പോരാടിയ പണ്ഡിതരുടെ ചോദ്യങ്ങൾക്ക് അതുവഴി കവാടം ആകാതിരിക്കുകയും ചെയ്തവൻ ഭാഗ്യവാൻ.

5. തന്നിൽ ആത്മീയ ചിറകുകൾ അദൃശ്യമായി വളരാൻ അനുവദിക്കുകയും ധരയിൽ തർക്കമുയർന്നപ്പോൾ അതുവിട്ട് സ്വർഗത്തിലേക്ക് പറക്കുകയും ചെയ്തവൻ ഭാഗ്യവാൻ.

6. തന്റെ വിശ്വാസത്തിന്റെ നാവികനായിരിക്കുകയും താർക്കിക കൊടുങ്കാറ്റുകളിൽ നിന്ന് നിശ്ശബ്ദതയുടെ തുറമുഖത്തേക്ക് തുഴയുകയും ചെയ്തവൻ ഭാഗ്യവാൻ.

7. തന്റെ നാവിലെ വാക്ക് ബലഹീനമാണെന്നും അവാച്യമായ ആ ജനനം ഗ്രഹിക്കാൻ തന്റെ ബുദ്ധിക്ക് കഴിവില്ലെന്നും മനസ്സിലാക്കിയവൻ ഭാഗ്യവാൻ.

www.malankaralibrary.com

8. അവിടുത്തെ തിരുജനനത്തപ്പറ്റി സംസാരിക്കാൻ കഴിവില്ലാത്ത തന്റെ നാവ് നിയന്ത്രിച്ചവൻ ഭാഗ്യവാൻ. തത്സംബന്ധമായി കൽപ്പിക്കപ്പെട്ടവ ചെയ്യുന്നതിന് ആയാസപ്പെട്ടവൻ ഭാഗ്യവാൻ.

9. സുസ്പഷ്ടമായവയെപ്പറ്റി തർക്കിക്കാതെയും നിഗൂഢമായവ പരിശോധിക്കാതെയും, ദാവീദ് പാടിയ സങ്കീർത്തനങ്ങൾ കൊണ്ട് തന്റെ കിന്നരം മീട്ടുന്നവൻ ഭാഗ്യവാൻ.

10. അനുദിനം സത്യമെന്തെന്ന് വിവേചിച്ചറിയുകയും അനാവശ്യ ചോദ്യങ്ങൾ ചോദിക്കാതിരിക്കാൻ തന്റെ ചോദ്യങ്ങളെ അതിൽ തൂക്കിനോക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.

11. നീതി പ്രവർത്തിച്ച നിബിയന്മാരെയും ശ്ലീഹന്മാരെയുംപോലെ സത്യവിശ്വാസത്തോട് പൊരുത്തപ്പെടുന്ന രീതിയിൽ വ്യാപരിക്കുന്നവൻ ഭാഗ്യവാൻ.

12. തന്റെ പ്രബോധനം ശ്രോതാക്കൾക്ക് പ്രയോജനകരമാണോയെന്ന് തൂക്കി നോക്കുന്നവൻ ഭാഗ്യവാൻ. അത് ലഘുവാക്കി കുറവുള്ളതാക്കരുത്; പ്രയാസമുള്ളതാക്കി തള്ളിക്കളയാൻ ഇടയാക്കരുത്.

13. ധൃതിപ്പെട്ട് അതിർത്തി കടക്കാത്തവൻ ഭാഗ്യവാൻ. കാലതാമസത്താൽ ആയാസപ്പെടുകയും അഭയസ്ഥാനത്ത് എത്തിച്ചേരുകയും ചെയ്തവൻ ഭാഗ്യവാൻ.

14. തനിക്ക് കണ്ടെത്താൻ കഴിയുന്നത് ആയാസത്തോടെ അന്വേഷിക്കുന്നവൻ ഭാഗ്യവാൻ. അഗ്രാഹ്യമായവ തേടി മനഃപതർച്ച ഉണ്ടാക്കാത്തവൻ ഭാഗ്യവാൻ.

15. എന്റെ കർത്താവേ, തന്റെ നാവ് നിനക്കൊരു കിന്നരമായി തീർക്കുകയും ശ്രോതാക്കളെ സുഖപ്പെടുത്തുന്നതിന് കഴിവുള്ള സ്വരങ്ങൾ അതുകൊണ്ട് പാടുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.

16. എന്റെ കർത്താവേ, ബലഹീനരെ താങ്ങുന്ന സത്യം സ്വന്തമാക്കുകയും ആത്മീയശക്തിയില്ലാത്തവർക്ക് തന്റെ സത്യസന്ധത ഊന്നുവടിയായിത്തീർക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.

17. ഉപ്പില്ലാത്ത ബുദ്ധിശൂന്യർക്ക് നല്ല രുചി പകർന്നുകൊടുക്കാൻ തന്റെ പ്രബോധനം രുചിയുള്ളതാക്കി തീർത്തവൻ ഭാഗ്യവാൻ.

18. അൽപവിശ്വാസകളുടെ കളങ്കങ്ങൾ തുടച്ചുമാറ്റുന്ന കണ്ണാടിയാകുവാൻ തന്റെ അന്വേഷണം സംശുദ്ധമാക്കുന്നവൻ ഭാഗ്യവാൻ.

 www.malankaralibrary.com

19. തന്റെ വാക്ക് ജീവൗഷധം ആയിത്തീർക്കുകയും എല്ലാറ്റിനെയും ജീവിപ്പിക്കുന്നവനെതിരെ തങ്ങളെത്തന്നെ ഉയർത്തിയ സംസാരശക്തിയുള്ള മൃതരെ ജീവിപ്പിക്കുകയും ചെയ്തവൻ ഭാഗ്യവാൻ.

20. നിന്റെ ജനനത്തിന്റെ ആഴമളക്കാൻ ആഗ്രഹിക്കുമ്പോൾ നിശ്ശബ്ദനായിരിക്കുന്നവൻ ഭാഗ്യവാൻ. നിന്റെ ജനനം പ്രഘോഷിക്കുമ്പോൾ കാഹളമായിരിക്കുന്നവൻ ഭാഗ്യവാൻ.

21. എന്റെ കർത്താവേ, നിന്നെ പരിശോധിക്കുന്നത് കഠിനതരമാണെന്ന് അറിയുന്നവൻ ഭാഗ്യവാൻ. നിന്റെ സ്തുതികൾ ആലപിക്കുന്നത് മധുരതരമാണെന്ന് അറിയുന്നവൻ ഭാഗ്യവാൻ.

22. എന്റെ കർത്താവേ, നിന്ദ്യരായ താർക്കികർ പുറത്തേക്കൊഴുക്കുന്ന വിവരംകെട്ട ചോദ്യങ്ങൾക്ക് തന്റെ നാവിനെ കൈവഴിയാക്കാത്തവൻ ഭാഗ്യവാൻ.

23. എന്റെ കർത്താവേ, തന്റെ നാവ് സംശുദ്ധമായി കാത്തുസൂക്ഷിച്ച് പ്രവാചകന്മാരിൽ നിന്നും ശ്ലീഹന്മാരിൽ നിന്നും ഒഴുകുന്ന സത്യം അതുകൊണ്ട് സംസാരിക്കുന്നവൻ ഭാഗ്യവാൻ.

24. ഗ്രീക്കുവിജ്ഞാനവിഷം രുചിച്ചുനോക്കാത്തവൻ ഭാഗ്യവാൻ. ശ്ലീഹന്മാരുടെ ലാളിത്യം കളഞ്ഞുകുളിക്കാത്തവൻ ഭാഗ്യവാൻ.

# 3

## "നിങ്ങൾ സ്നേഹിച്ച ദൈവം" എന്ന രീതി

1. എന്റെ കർത്താവേ, നിന്റെ പിതാവായ ദൈവം നിന്നെ വിളിച്ചതുപോലെ, "പ്രിയസുതൻ"[3] എന്ന് വലിയ സ്നേഹത്തോടെ നിന്നെ വിളിക്കാൻ യോഗ്യത ലഭിച്ചവൻ ഭാഗ്യവാൻ.

*പ്രതിസ്തോത്രം: ദൈവപുത്രാ, നിനക്കു സ്തുതി.*

2. എന്റെ കർത്താവേ, തന്റെ നാവിനെ എല്ലാ തർക്കങ്ങളിൽനിന്നും വിമുക്തമാക്കി, പരിശുദ്ധാത്മാവ് വിളിച്ചതുപോലെ, "ദൈവപുത്രൻ" എന്ന് നിന്നെ വിളിച്ചവൻ ഭാഗ്യവാൻ.

3. എന്റെ കർത്താവേ, നേരേചൊവ്വേ വിശ്വസിക്കുന്നതിനും എല്ലാ പ്രവാ

3. മത്താ.3,17

www.malankaralibrary.com

ചകന്മാരും ശ്ലീഹന്മാരും നിന്നെ വിളിച്ചതുപോലെ പുത്രനെന്നു വിളിക്കുന്ന തിനും യോഗ്യത ലഭിച്ചവൻ ഭാഗ്യവാൻ.

4. എന്റെ കർത്താവേ, നിന്റെ ഔന്നത്യം വിശകലനാതീതമാണെന്ന് അറിയുകയും നിശ്ശബ്ദതയിൽ നിന്റെ ജനനത്തെ ബഹുമാനിക്കാനായി തന്റെ നാവിനെ വേഗത്തിൽ നിയന്ത്രിക്കുകയും ചെയ്തവൻ ഭാഗ്യവാൻ.

5. എന്റെ കർത്താവേ, മാലാഖമാർ എങ്ങനെ നിന്റെ മുമ്പാകെ ഭക്തി പൂർവം നിൽക്കുന്നെന്നും മനുഷ്യർ എങ്ങനെ ധിക്കാരപൂർവം പെരുമാറു ന്നെന്നും കാണാൻ ആന്തരികനയനം ലഭിച്ചവൻ ഭാഗ്യവാൻ.

6. എന്റെ കർത്താവേ, സൃഷ്ടികൾക്ക് അപ്രാപ്യനായ നിന്നെ മനസ്സു യർത്തി ധ്യാനിക്കുകയും തന്റെ ഉള്ളിൽ നീ വസിക്കാൻ യോഗ്യനായി തീർന്ന തിനാൽ നിനക്ക് നന്ദി പറയുകയും ചെയ്തവൻ ഭാഗ്യവാൻ.

7. എന്റെ കർത്താവേ, നീ ദൈവവും ദൈവപുത്രനുമാണെന്നും എന്നാൽ താൻ മർത്യനും മർത്യസുതനുമാണെന്നും അറിയുന്നവൻ ഭാഗ്യ വാൻ.

8. കർത്താവ് നിന്റെ പിതാവാണെന്ന് ഗ്രഹിക്കുകയും പൂഴിയിൽ നിന്നുള്ള ആദത്തിന്റെ മകനാണ് താനെന്ന് തന്റെ സ്വന്തം ജനനത്തെപ്പറ്റി മറക്കാതിരിക്കുകയും ചെയ്തവൻ ഭാഗ്യവാൻ.

9. മാലാഖമാർ നിശ്ശബ്ദതയിൽ നിന്നെ ഏറ്റുപറയുന്നെന്ന് ചിന്തിക്കു കയും തന്റെ നാവ് എത്ര ധിക്കാരപരമാണെന്ന് വേഗത്തിൽ സ്വയം കുറ്റപ്പെ ടുത്തുകയും ചെയ്തവൻ ഭാഗ്യവാൻ.

10. ഉന്നതസ്വർഗങ്ങൾ നിശ്ശബ്ദമായിരിക്കുന്നെന്നും താഴെ ഭൂമി ആര വാരം ഉണ്ടാക്കുന്നെന്നും മനസ്സിലാക്കുകയും ഓളങ്ങൾക്കിടയിൽ തന്നെ ത്തന്നെ ശാന്തനാക്കുകയും ചെയ്തവൻ ഭാഗ്യവാൻ.

11. എന്റെ കർത്താവേ, സ്രാപ്പേന്മാർ “പരിശുദ്ധൻ” എന്നു പാടിയിട്ട് നിശ്ശബ്ദരാകുന്നു. എന്നാൽ നിയമജ്ഞർ നിന്നെ പരിശോധിക്കാൻ തുനി യുന്നു. കർത്താവേ, നിയമജ്ഞരെ വിട്ട് സ്രാപ്പേന്മാരെ തെരഞ്ഞെടുത്താലും.

12. നീ വലത്തുഭാഗത്തിരിക്കുന്നു; ചാണകക്കൂനയുടെ മുകളിലെ പൂഴി യിൽ ഇരിക്കുന്ന പൂഴി നിന്നെ പരിശോധിക്കാൻ ആഗ്രഹിക്കുന്നു; ഇതിൽ ആരാണ് ആശ്ചര്യഭരിതരാകാത്തത്?

13. എന്റെ കർത്താവേ, നീ ദിവ്യസത്തയുടെ മടിയിൽ ഇരിക്കുന്നെന്ന് ഗ്രഹിക്കുകയും താൻ തന്റെ മാതാവായ ധരയുടെ മടിത്തട്ടിലേക്ക് വേഗ ത്തിൽ വീഴുമെന്ന് മറക്കാതിരിക്കുകയും ചെയ്തവൻ ഭാഗ്യവാൻ.


www.malankaralibrary.com

14. എന്റെ കർത്താവേ, താൻ എന്താണെന്നറിയാത്ത മനുഷ്യൻ സമസ്തസൃഷ്ടികളുടെയും സ്രഷ്ടാവായ നിന്നെ പരിശോധനാവിധേയമാക്കാൻ ശ്രമിക്കുന്നതിൽ അത്ഭുതപ്പെടാത്തവൻ ആരുണ്ട്?

15. എന്റെ കർത്താവേ, നീ മാത്രം നിന്റെ പിതാവിനെ അറിയുന്നു. എന്നാൽ, നിന്ദ്യമായ ധൂളി നിന്നിൽ നിന്റെ പിതാവിനെ പരിശോധനാവിധേയമാക്കാൻ പോലും സ്വയം ഉയർത്തുന്നു എന്നത് ആശ്ചര്യകരംതന്നെ.

16. എന്റെ കർത്താവേ, തന്റെ വ്യാപാരങ്ങളാൽ ദൈവികനായിത്തീരുകയും തന്നെത്തന്നെ പവിത്രീകരിച്ച് നിന്നെ ദൈവമെന്നും ദൈവപുത്രനെന്നും വിളിക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.

# 4

## "ആദ്യജാതന്റെ ജനനത്തെക്കുറിച്ച്" എന്ന രീതി

1. ആയിരങ്ങളുടെ ആയിരങ്ങൾ പറന്നുയരുന്നു. പതിനായിരങ്ങളുടെ പതിനായിരങ്ങൾ കുതിക്കുന്നു. ആയിരങ്ങളും പതിനായിരങ്ങളും ഏകനെ പരിശോധിക്കാൻ കഴിവുറ്റവരല്ല. കാരണം, അവരെല്ലാം ശുശ്രൂഷിക്കാൻ നിശ്ശബ്ദരായി നിൽക്കുന്നു. പിതാവിൽ നിന്നുള്ള പുത്രനല്ലാതെ തന്റെ സമീപത്ത് ഉപവിഷ്ടനാകാൻ ഒരുത്തനുമില്ല. നിശ്ശബ്ദതയിലേ അവനേപ്പറ്റി അന്വേഷിക്കാവൂ. അവനെ പരിശോധിക്കാൻ മാലാഖമാർ വന്നാൽ അവർ നിശ്ശബ്ദരായിത്തീരുകയും തടയപ്പെടുകയും ചെയ്യുന്നു.

*പ്രതിസ്തോത്രം : "നിന്നെ അയച്ച നിന്റെ പിതാവിന് സ്തുതി"*

2. ആദ്യജാതൻ ഗർഭപാത്രത്തിൽ പ്രവേശിച്ചു. വെടിപ്പുള്ളവളെ അത് വേദനിപ്പിച്ചില്ല. അവൻ അകത്തു കടക്കുകയും ഈറ്റുനോവിൽ പുറത്തുവരികയും പ്രശോഭിത അവനെ കാണുകയും ചെയ്തു. മഹനീയവും അദൃശ്യവുമായിരുന്നു അവന്റെ പ്രവേശനം; ബലഹീനവും ദൃശ്യവുമായിരുന്നു അവന്റെ പുറത്തേക്കുള്ള കടക്കൽ. കാരണം, പ്രവേശനത്തിൽ അവൻ ദൈവമായിരുന്നു; പുറത്തേക്കുള്ള കടക്കലിൽ മനുഷ്യനായിരുന്നു. കേൾവിക്ക് അത്ഭുതകരവും ആശ്ചര്യകരവും! അഗ്നി ഗർഭപാത്രത്തിൽ പ്രവേശിക്കുകയും ശരീരം ധരിച്ച് പുറത്തുവരികയും ചെയ്തു.

3. മാലാഖമാരുടെ നാഥനെ ഗബ്രിയേൽ കർത്താവെന്നു വിളിച്ചു. അവൻ തന്റെ കർത്താവാണെന്നും സഹദാസൻ അല്ലെന്നും പഠിപ്പിക്കാനാണ്

അവൻ അവനെ കർത്താവെന്നു വിളിച്ചത്. മിഖായേൽ ആയിരുന്നു ഗബ്രിയേലിന്റെ സഹദാസൻ. പുത്രനാകട്ടെ ദാസന്മാരുടെ കർത്താവാണ്. അവന്റെ നാമം പോലെ അവന്റെ സ്വഭാവം മഹനീയമത്രേ. ദാസന് അവനെ പരിശോധിക്കാനാവില്ല. കാരണം, ദാസൻ എത്ര ഉയരാൻ ആഗ്രഹിച്ചാലും കർത്താവ് തന്റെ ദാസനേക്കാൾ മഹനീയനായിരിക്കും.

4. ഒരു വിടവിൽ കൂടിയെന്നവണ്ണം നിന്റെ പ്രകാശം ദർശിക്കുന്നതിന് മനസ്സ് അതിന്റെ നോട്ടം ഏകാഗ്രമാക്കുമ്പോൾ, നിന്റെ പ്രകാശത്തിൽ നിന്ന് പുറത്തേക്കു വരുന്ന ചെറിയ കിരണംപോലും നോട്ടത്തെ മുഴുവനായി ചിതറിക്കുകയും പിന്തിരിപ്പിക്കുകയും ചെയ്യുന്നു എന്നത് ആശ്ചര്യകരം തന്നെ. പുത്രന്റെ ഭീതികരമായ രശ്മികളെ ആര് നോക്കും? എല്ലാം പൂർണമായി അവനിൽ ഒത്തുചേർന്നിരിക്കുന്നു. പ്രവാചകന്മാർ പ്രഘോഷിച്ച സൂര്യനാണവൻ. സൗഖ്യം അവന്റെ ചിറകിലാണ്;[4] വേദന അവനെ പരിശോധിക്കുന്നതിലും.

5. നീ മഹാമേരു ആണെങ്കിലും നിന്നെ പരിശോധനാവിധേയമാക്കാൻ കൂർമബുദ്ധിക്കു പോലും കഴിവില്ലെങ്കിൽ, നിന്നെ കൈകൾകൊണ്ട് സ്പർശിക്കാനാകുമോ? നീ ഇടിമുഴക്കത്തേക്കാൾ ഭീതിജനകനായിരിക്കെ, കാതുകൾ കൊണ്ട് നിന്നെ ശ്രവിക്കാനാകുമോ? കേൾവിക്കതീതമായ നിശ്ശബ്ദതയാണ് നീ. ശ്രവിക്കാൻ അസാധ്യമായ നിശ്ശബ്ദതയാണ് നീ. നീ ശോഭയുള്ള പ്രകാശമാണെങ്കിലും കണ്ണുകൾ കൊണ്ട് നിന്നെ കാണാനാകുമോ? നിന്റെ ദർശനം എല്ലാവരിൽ നിന്നും മറഞ്ഞിരിക്കുന്നു.

6. നിസ്സാരജീവികൾക്കു മാത്രമല്ല നിന്റെ ദർശനം മഹനീയമായിരിക്കുന്നത്; അഥവാ, നിന്നെപ്പറ്റിയുള്ള അന്വേഷണം നിഗൂഢമായിരിക്കുന്നത്. കാരണം, ശാരീരികേന്ദ്രിയങ്ങൾക്ക് ആന്തരേന്ദ്രിയങ്ങളുടെ ആവശ്യം വളരെയധികമുണ്ട്. അവ തങ്ങളുടെ പര്യവേക്ഷണങ്ങൾക്കുള്ളിലുള്ള നിസ്സാര കാര്യങ്ങൾ പോലും ഗ്രഹിക്കുന്നില്ല. അതുകൊണ്ട്, നിന്റെ വാതിലിനടുത്തുള്ള മാലാഖമാരോട് ആരായാം.

7. മാലാഖമാർ സ്തുതികീർത്തനങ്ങളോടുകൂടെ നിന്റെ മുമ്പാകെ നിൽക്കുന്നെങ്കിലും, നിന്നെ ദർശിക്കാൻ ഏതുവശത്തേക്കു തിരിയണമെന്ന് അവർക്കറിയില്ല. അവർ നിന്നെ ഉന്നതത്തിൽ തിരക്കി, അവർ നിന്നെ ആഴത്തിൽ കണ്ടു. അവർ നിന്നെ സ്വർഗത്തിൽ തിരക്കി, അവർ നിന്നെ അഗാധത്തിൽ കണ്ടു. ഏകാരാധ്യനിൽ നിന്നെ തിരക്കി, അവർ നിന്നെ സൃഷ്ടികളുടെ ഇടയിൽ കണ്ടു. അവർ നിന്റെ പക്കലേക്ക് താണിറങ്ങിവന്ന് നിന്നെ പ്രകീർത്തിച്ചു.

---

4. മലാ.4,2


www.malankaralibrary.com

8. സൃഷ്ടികളുടെ ഇടയിൽ നിന്റെ പ്രത്യക്ഷീകരണത്തെപ്പറ്റി അന്വേഷിക്കാൻ തുടങ്ങിയപ്പോൾ, അവർ മുകളിലോട്ടും താഴോട്ടും പറന്നു. നിന്നെപ്പറ്റിയുള്ള തങ്ങളുടെ അന്വേഷണത്തിൽ എവിടെ ഉറച്ചു നിൽക്കണമെന്ന് അവർക്ക് നിശ്ചയമില്ലാതായി. കാരണം, അവർ നിന്നെ ആഴത്തിൽ കണ്ടപ്പോൾ മേലുയരത്തിൽ കണ്ടു. അവർ നിന്നെ കല്ലറയിൽ കണ്ടപ്പോൾ, മണവറയിൽ കണ്ടു. അവർ നിന്നെ മരിച്ചവനായി കണ്ടപ്പോൾ, മരിച്ചവരെ ഉയർപ്പിക്കുന്നവനായി കണ്ടു. അവർ വിസ്മയിക്കുകയും ഭയന്നു വിറയ്ക്കുകയും അന്വേഷണത്തിൽ നിന്നു പിന്മാറുകയും ചെയ്തു.

9. എന്റെ കർത്താവേ, എല്ലായിടത്തും നിന്റെ സാന്നിധ്യമാണ്. എന്നാൽ എല്ലായിടത്തുനിന്നും നീ മറഞ്ഞിരിക്കുന്നു. നിന്റെ സാന്നിധ്യം ഉന്നതത്തിൽ ആയിരിക്കുമ്പോൾ, അത് നീയാണെന്നുള്ളത് ഉയരം കാണുന്നില്ല. നിന്റെ സാന്നിധ്യം അഗാധത്തിൽ ആയിരിക്കുമ്പോൾ, അത് നീയാണെന്നുള്ളത് അഗാധം ഗ്രഹിക്കുന്നില്ല. നിന്റെ സാന്നിധ്യം കടലിൽ ആയിരിക്കുമ്പോൾ, കടലിൽ നിന്ന് നീ മറഞ്ഞിരിക്കുന്നു. നിന്റെ സാന്നിധ്യം കരയിൽ ആയിരിക്കുമ്പോൾ, അത് നീയാണെന്നുള്ളത് കര അറിയുന്നില്ല. അദൃശ്യനായ ദൃശ്യൻ വാഴ്ത്തപ്പെട്ടവനാകുന്നു.

10. നിന്റെ ചെറിയ രഹസ്യംപോലും രഹസ്യങ്ങളുടെ കലവറ ആകയാൽ, അനന്തമായ രഹസ്യങ്ങൾ വിവരിക്കാൻ ആർക്കാണ് കഴിയുക! ആരെങ്കിലും നിന്റെ ഒരു പ്രതിച്ഛായ എടുത്താൽ അത് എല്ലാ പ്രതിച്ഛായകളും ഒഴുകുന്ന ഉറവയാകും. നിന്റെ രൂപം ഞങ്ങളുടെ ഹൃദയത്തിൽ രൂപീകരിക്കാൻ ഏതിൽ നോക്കാനാണ് ഞങ്ങൾക്ക് കഴിയുക! നിന്റെ ഒരേ ഒരു ആരാധ്യമായ പ്രതിച്ഛായയിൽ പതിനായിരം മനോഹര വസ്തുക്കൾ ഒത്തുചേർന്നിരിക്കുന്നു.

11. ഞങ്ങൾ നിന്നെ തേടുമ്പോൾ എല്ലാവശത്തും നീയൊരത്ഭുതമാണ്. നീ അടുത്തും അകലെയുമാണ്. ആര് നിന്റെ പക്കലേക്ക് വരും! നിന്റെ പക്കൽ എത്തുന്നതുവരെ അന്വേഷണം നീട്ടിക്കൊണ്ടുപോകാൻ സാധ്യമല്ല. അടുത്തെത്താൻ തുടങ്ങുമ്പോഴേക്കും അത് തടസ്സപ്പെട്ട് അവസാനിക്കുന്നു. നിന്റെ മഹാമേരുവിനെ സമീപിക്കാൻ അത് പര്യാപ്തമല്ല. എന്നാൽ വിശ്വാസത്തിനും പ്രാർഥനയോടുകൂടെയുള്ള സ്നേഹത്തിനും അത് സാധിക്കും.

12. വാക്കുകളിലൂടെ സംസാരിക്കുന്നതിനേക്കാൾ ഞങ്ങൾക്കെളുപ്പം ചിന്തയാണ്. മനസ്സിന് എല്ലാവശത്തേക്കും തിരിയാൻ കഴിവുണ്ട്. നിന്നെ പരിശോധിച്ച് നിന്റെ പാതയിൽ നടക്കാൻ തുടങ്ങുമ്പോൾ മനസ്സിന് വഴി തെറ്റുന്നു. അതന്ധാളിച്ച് നിന്നുപോകുന്നു. മനസ്സിന് ഇത് സംഭവിക്കുന്നെങ്കിൽ, അവ്യവസ്ഥയിലൂടെ ചരിക്കുന്ന ഭാഷയുടെ സ്ഥിതിയെന്ത്?

www.malankaralibrary.com

13. സ്തുതിയർപ്പിച്ച് നിശ്ശബ്ദമായിരിക്കുകയാണ് നാവിന് പ്രയോജനകരം. ധൃതി പിടിക്കാൻ പ്രേരണ തോന്നിയാൽ നിശ്ശബ്ദതയിൽ പൂർണമായി അഭയം തേടുക. ഗ്രഹിക്കാൻ ധൃതി കാട്ടുന്നില്ലെങ്കിൽ, ഇപ്രകാരം അതിന് ഗ്രഹിക്കാനാകും. ധൃതി പിടിച്ച ധിക്കാരിയേക്കാൾ ശാന്തന് കൂടുതൽ ഗ്രഹിക്കാൻ കഴിയും. ഭീതിദായകസമുദ്രം അളക്കാൻ പണിപ്പെടുന്ന നിസ്സാരനെപ്പോലെയാണ് നിന്നെ പരിശോധിക്കുന്ന ബലഹീനൻ.

14. എന്റെ കർത്താവേ, നിന്നെ പരിശോധിക്കാൻ കഴിയുമെന്നിരിക്കെ പിന്മാറുന്നതിനേക്കാൾ മഹത്തായ കാര്യമല്ല, നിന്നെ പരിശോധിക്കാൻ ആഗ്രഹിച്ചിട്ട് പിന്തിരിയുന്ന അധരം ചെയ്യുക. തന്റെ ധിക്കാരം നയിച്ചതിൽനിന്ന് അതിന്റെ ബലഹീനത അതിനെ തടഞ്ഞെന്നുമാത്രം. നിശ്ശബ്ദനായിരിക്കാൻ തീരുമാനിച്ചിരുന്നെങ്കിൽ അത് മഹനീയകർമം ആകുമായിരുന്നു. കാരണം, നിന്റെ കടലിലും നിന്റെ പ്രളയത്തിലും നശിച്ചുപോകാതിരിക്കാൻ തന്റെ നിശ്ശബ്ദത അവന് തുറമുഖമാകുമായിരുന്നു.

15. നിഗൂഢനെ പരിശോധിക്കുന്നതിന് ഒരു രീതിയുണ്ടെങ്കിൽ, വരുവിൻ, നമുക്ക് പരിശോധിക്കാം. അവനെ മനസ്സിലാക്കാൻ കഴിയുമെങ്കിൽ, വരുവിൻ, നമുക്ക് അവനെ സ്പർശിക്കാനായി ചുറ്റും കറങ്ങാം. എന്റെ കർത്താവേ, നീ നിഷ്ക്കളങ്കർക്ക് വെളിപ്പെടുന്നു; സൂത്രശാലികൾക്ക് നിഗൂഢനായിരിക്കുന്നു; വിശ്വസിക്കുന്നവർക്ക് കാണപ്പെടുന്നു; പരിശോധകരിൽ നിന്ന് ഒഴിഞ്ഞുമാറുന്നു. നിന്നെ പരിശോധിക്കുന്നതിൽ ഋജുമാനസ്സനായിരിക്കുകയും നിന്റെ വാഗ്ദാനങ്ങൾ തിരിച്ചറിയാൻ വിവേകമുള്ളവനായിരിക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.

16. എന്റെ കർത്താവേ, അന്വേഷണം കൊണ്ട് നിന്നെ എത്തിപ്പിടിക്കാൻ കഴിയത്തക്കവണ്ണം അത്ര വലുതല്ല ഗവേഷണം. എല്ലായിടത്തേക്കും നീളുന്ന മനസ്സ് ഉന്നതത്തിൽ നിന്റെ രൂപരേഖ വരച്ചും അഗാധത്തിൽ നിന്നെ സ്പർശിച്ചും നിന്നെപ്പറ്റി അന്വേഷിക്കാൻ കഴിവുറ്റതാണ്. എന്നാൽ എല്ലായിടത്തും എത്തുമെങ്കിലും നിന്നെ കണ്ടെത്താൻ അതിനു സാധിക്കയില്ല. നിന്നെപ്പറ്റിയുള്ള പര്യവേഷണമെല്ലാം നിന്റെ പിതാവിന്റെ മടിയിൽ മാത്രമാണെന്ന് ഗ്രഹിക്കുന്നവൻ ഭാഗ്യവാൻ.

17. ചിറകുകൾ ചലിപ്പിച്ച് വട്ടമിട്ടു പറക്കുന്ന സ്രാപ്പേമാലാഖ നിന്നെ പരിശോധിക്കാൻ അശക്തനാണ്. നിന്റെ ഔന്നത്യത്തിന് അനുസരിച്ച് ചിറകുവിരിക്കാൻ നിന്റെ മുമ്പാകെ അവന്റെ ചിറകുകൾ പര്യാപ്തമല്ല. ലോകങ്ങൾ നിന്റെ മടിയിൽ സ്ഥിതിചെയ്യുന്നു. ഒരാൾ എത്രമാത്രം ഉള്ളിലേക്ക് ചൂഴ്ന്നിറങ്ങിയാലും, അവൻ അതിന്റെ ഉള്ളിൽ അടയ്ക്കപ്പെട്ടിരിക്കും. നിന്നെ


www.malankaralibrary.com

പരിശുദ്ധൻ എന്ന് പ്രഘോഷിക്കുന്ന സ്രാപ്പേമാലാഖാ നിന്നെ പരിശോധി ക്കുന്നതിൽ നിന്ന് ബഹുമാന്യനിശ്ശബ്ദതയിൽ അകന്നു നിൽക്കുന്നു.[5] നിന്റെ മുമ്പിൽ സ്രാപ്പേമാലാഖാ തന്റെ ചിറകുകൾകൊണ്ട് തന്റെ മുഖം മറയ്ക്കു മ്പോൾ, പരിശോധിക്കാൻ മുതിരുന്നവന് ഹാ,കഷ്ടം!

18. എല്ലാറ്റിനെയും വഹിക്കുന്ന ശക്തിയെ ക്രോബകൾ വഹിക്കുന്നു. ഭയചകിതരായി അവർ തങ്ങളുടെ നോട്ടം താഴേക്ക് താഴ്ത്തുന്നു. അവിടേക്ക് നോക്കാൻ ഭയപ്പെട്ട്, തന്റെ രഥത്തിനു താഴെ തല പൂഴ്ത്തുന്നു. അവർ വഹി ക്കുന്നെങ്കിലും അവനെ കാണാൻ കഴിയുന്നില്ല. അവർ അടുത്താണെങ്കിലും അതേസമയം അകലെയാണ്. നിനക്കർഹമായ ബഹുമാനം എന്താണെന്ന് അവരിൽ നിന്ന് പഠിക്കുകയും നിന്നെ പ്രകീർത്തിക്കുകയും ഭയത്തിൽ നിശ്ശ ബ്ദനായിരിക്കുകയും ചെയ്തവൻ ഭാഗ്യവാൻ.

# 5

## "ആദ്യജാതന്റെ ജനനത്തെക്കുറിച്ച് " എന്ന രാഗം

1. മാലാഖമാരുടെ ചിന്ത തങ്ങളുടെ കഴിവനുസരിച്ച അന്വേഷണം നടത്തുന്നു. മനുഷ്യരുടെ ചിന്ത കഴിവിനതീതമായി ചുറ്റിക്കറങ്ങി വഴിതെറ്റു ന്നു. വഴിതെറ്റിപ്പോയ താർക്കികർ ശരിയായ ദിശയിൽ വേഗത്തിൽ നടക്കാൻ നിന്റെ കാരുണ്യം നാഴികക്കല്ലുകളും സത്രങ്ങളും സ്ഥാപിച്ചിരിക്കുന്നു. സത്ര ങ്ങളിൽ എത്തിച്ചേരാൻ തന്റെ ചുവടുവയ്പോടൊപ്പം തന്റെ വഴിയുടെ ദൂരം അളന്നവൻ ഭാഗ്യവാൻ.

പ്രതിസ്തോത്രം: കർത്താവായ മിശിഹായേ, നിനക്കു സ്തുതി.

2. മാലാഖമാരുടെ അറിവിന്റെ മുമ്പിൽ മനുഷ്യരുടെ അറിവ് മങ്ങിയ വെളിച്ചം പോലെയാണ്. പരിശുദ്ധാത്മാവിന്റെ അറിവിന്റെ മുമ്പിൽ മാലാഖ മാരുടെ അറിവ് ചെറിയ സ്ഫുരണം പോലെയാണ്. "അവന്റെ തലമുറയെ ആര് വിവരിക്കും" എന്ന് ആത്മാവ് പുത്രനെപ്പറ്റി പറയുന്നു.[6] എന്നാൽ ധിക്കാരം ധൃതിയിൽ അതിർത്തി കടക്കാൻ ഒരുമ്പെടുന്നു. ആത്മാവാകട്ടെ അതിന്റെ പക്കലെത്തി അതിനെ നിശ്ശബ്ദമാക്കി.

3. പുത്രന്റെ ജനനം സംബന്ധിച്ച് പഠിക്കാൻ മാലാഖമാർ ശ്രമിച്ചപ്പോൾ, അവർ തങ്ങളേക്കാൾ ഉന്നതരായവരുടെ പക്കലേക്ക് തങ്ങളുടെ ചോദ്യങ്ങൾ തിരിച്ചുവിട്ടു. ഈ ഉന്നതരാകട്ടെ, ആത്മാവിന്റെ ആംഗ്യത്താലാണ് പഠിക്കു

5. ഏശാ.6,3

6. ഏശാ.53,8

www.malankaralibrary.com

ന്നത്. മാലാഖമാരുടെ നിരകൾ പോലെയാണ് അവരുടെ ചോദ്യങ്ങളും. തങ്ങളുടെ കഴിവിനപ്പുറത്തുള്ള കാര്യങ്ങൾ ആരായാൻ അവർ മുതിരാറില്ല.

4. പ്രകൃതി തന്നിലുള്ള ക്രമത്തിലൂടെ ഇതിനു സാക്ഷ്യം വഹിക്കുന്നു. ഒരു നിര മറ്റൊന്നിലേക്ക് കൊടുമുടി വരെ നയിക്കുന്നു. യെത്രോയുടെ ഉപദേശവും ഒരു നിരയിൽ നിന്ന് മറ്റൊന്നിലേക്ക് മോശ വരെ ക്രമീകരിക്കുന്നു.[7] നിസ്സാരമനുഷ്യർ ആദ്യജാതനെ പരിശോധിക്കാൻ മാലാഖമാരുടെ നിരകൾ കടക്കാൻ ആഗ്രഹിക്കുന്നു.

5. എന്റെ കർത്താവേ, നിന്റെ ദാസർ നിന്നേക്കാൾ ചെറുതായിരിക്കുന്നത്, നിനക്ക് അസൂയ ഉണ്ടായിട്ടല്ല. സൃഷ്ടിക്ക് ഒരിക്കലും തന്റെ സ്രഷ്ടാവിന്റെ അതേ നിരയിൽ നിൽക്കാനാവില്ല. ദാസൻ തന്റെ യജമാനന്റെ സഖിയും യജമാനൻ തന്റെ ദാസന്റെ സഹദാസനും ആയിത്തീരുന്നത് ഭയാനകമായ ദൈവദൂഷണമാകും. കർത്താവ് തന്റെ സ്നേഹത്താലാണ് താഴ്ന്നിറങ്ങി വന്നതും ദാസനായ തന്റെ സൃഷ്ടിയെ ധരിച്ചതും എന്ന് ഗ്രഹിച്ചവൻ ഭാഗ്യവാൻ.

6. സ്രഷ്ടാവുമായി അവന്റെ ഒരു സൃഷ്ടിയെയും താരതമ്യപ്പെടുത്താനാവില്ല. രണ്ടിന്റെയും നാമങ്ങൾ പോലും തുല്യമല്ല. നാമങ്ങൾക്കുപരിയായി അവയുടെ *ക്നോമാകളും* വ്യത്യസ്തമാണ്. തന്റെ നാമം തന്റെ ദാസർക്ക് നൽകാൻ തന്റെ സ്നേഹത്തിൽ കർത്താവ് തിരുവുള്ളമായി. കൃപയാൽ മോശയും ജോഷ്വായും നിന്റെ നാമവും, രാജാക്കന്മാരും പുരോഹിതന്മാരും നിന്റെ മറ്റു നാമങ്ങളും[8] ധരിക്കുന്നു.

7. ഒരു കടുകുമണിയോടുപോലും സ്വയം താരതമ്യപ്പെടുത്തിക്കൊണ്ട്[9] കാരുണ്യവാനായ കർത്താവ് നമ്മുടെ നാമങ്ങൾ സ്വീകരിച്ചു. അവിടുന്ന് തന്റെ നാമങ്ങൾ നമുക്കു നൽകി. അവിടുന്ന് നമ്മുടെ നാമങ്ങൾ നമ്മിൽ നിന്നെടുത്തു. അവിടുത്തെ നാമങ്ങൾ നമ്മെ മഹനീയരാക്കി. നമ്മുടെ നാമങ്ങൾ അവനെ ചെറിയവനാക്കി. നിന്റെ സത്പേരുകൾ കൊണ്ട് സ്വന്തം നാമം മൂടുകയും സ്വന്തം പേരുകൾ നിന്റെ നാമങ്ങളാൽ അലങ്കരിക്കുകയും ചെയ്തവൻ ഭാഗ്യവാൻ.

8. സത്യവചനത്തിന് നമുക്ക് തെളിവു തരുന്ന തീച്ചൂള ആയിരിക്കട്ടെ പ്രകൃതി. ഇതാ, സൂര്യൻ എല്ലാവരുടെയും നയനങ്ങൾക്ക് പൂർണമായി ദൃശ്യമാണ്. അതിനെ പരിശോധിക്കാൻ കഴിയാത്തവിധം അത് ഒന്നിലും നിന്ന് മറഞ്ഞിരിക്കുന്നില്ല. അത് പൂർണമായി നയനങ്ങൾക്കു ദൃശ്യമാണ്. എന്നാൽ

7. പുറ 18,19ff.

8. കൂനായേ

9. മത്താ.13,31


www.malankaralibrary.com

അതിനെ പരിശോധിക്കാൻ നയനങ്ങൾക്കാകുന്നില്ല. നിന്റെ നിഗൂഢജനനം സൂര്യനേക്കാൾ നൂറുമടങ്ങ് ദൃശ്യമാണ്. എന്നാൽ നിന്റെ ശോഭ ഉറ്റുനോക്കാൻ ആർക്കു കഴിയും?

9. കടൽ അഗമ്യമാണെന്ന കാര്യവും ശ്രദ്ധിക്കുക. അതിന്റെ വിസ്തൃതി കൊണ്ട് അത് പൂർണമായി ദൃശ്യമല്ല എന്നതല്ല, പിന്നെയോ, നാവികർ മുന്നോട്ട് പോകാൻ വ്യഗ്രത കാട്ടുന്നെങ്കിലും, അതിന്റെ അതിർത്തിക്കു മുമ്പിൽ അവർ പരാജയപ്പെടുന്നു. അതുപോലെ ശക്തികൾ, പ്രകൃതികൾ, മാലാഖമാർ തുടങ്ങിയ പതിനായിരങ്ങൾ അവനിലാണ്. അവനിൽ അവയെല്ലാം മുങ്ങുകയും പൊങ്ങുകയും ചെയ്യുന്നത് കാണുക. എന്നാൽ അവനെ പരിശോധനാവിധേയമാക്കാൻ അവയ്ക്ക് കഴിവില്ല.

10. ഈ പൊതുവായ വായു എല്ലാ വസ്തുക്കളുമായി കൂടിക്കലർന്നിരിക്കുന്നു. നമ്മുടെ ശ്വാസം അതുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിന്റെ സൂക്ഷ്മത നമുക്ക് വേദന ഉളവാക്കാതെയും അതുണ്ടെന്നുള്ള അനുഭവം നമുക്കുണ്ടാക്കാതെയും നമ്മുടെ ഉള്ളിലേക്ക് കടക്കുകയും പുറത്തേക്ക് പോകുകയും ചെയ്യുന്നു. കൈ അതിന്മേൽ വച്ചാൽ അത് അടിയിലാണെന്ന് അനുഭവപ്പെടുന്നില്ല. അത് കൈയിലായിരിക്കുമ്പോൾ തന്നെ മാറ്റംകൂടാതെ കടന്നുപോകുന്നു. അതിനെ പിടിച്ചാൽ അത് വഴുതിപ്പോകുന്നു.

11. വായു ശരീരങ്ങളിൽ കൂടി കടക്കുന്നു. അത് എല്ലാറ്റിനെയും ചുറ്റിയിരിക്കുന്നെങ്കിലും അവ സ്വതന്ത്രമാണ്. കാരണം, അവയ്ക്കിഷ്ടമുള്ളിടത്തേക്ക് അവ തിരിയുന്നു. അവ അതിൽ വരികയും പോകുകയും ചെയ്യുന്നു. ഒരേ ഒരു വായുവിൽ പ്രപഞ്ചം ബന്ധിതമായിരിക്കുന്നു. ക്ഷീണം കൂടാതെ അത് എല്ലാറ്റിനെയും വഹിക്കുന്നു. ശൂന്യമായ ഭവനത്തിലെന്നവണ്ണം അതിന്റെ പൂർണതയിൽ എല്ലാം പാർക്കുന്നു. ഏതിലെങ്കിലും മറഞ്ഞിരിക്കാൻ കഴിയാതവണ്ണം അത് അത്ര വലുതാണ്. മറഞ്ഞിരിക്കുന്നില്ലെങ്കിലും അത് അദൃശ്യമാണ്. കാരണം, അത് അതിനെക്കൊണ്ടു തന്നെ പൊതിഞ്ഞിരിക്കുന്നു.

12. വായുവിന് സമാന്തരമായി നിനക്കവൻ നിറങ്ങളും നിർമിച്ചു. നമുക്കടുത്തും അകലെയുമായിരിക്കുന്ന അപരിമിത സത്തയുടെ രൂപം അവ വഴി അവൻ നിനക്ക് വരച്ചുകാട്ടി. അത് നമ്മിലാണ്, അതുപോലെ അല്ലതാനും. സൃഷ്ടികൾ അവനിലാണ്, അതേസമയം അവനിൽ അല്ലാത്തതു പോലെയുമാണ്. അവനാൽ തന്നെത്തന്നെ പൊതിയാൻ ആർക്കും കഴിവില്ലെങ്കിലും അവിടുന്ന് അവരെ തന്നിൽ പൊതിയുന്നു.

13. സ്പർശനാതീത സത്തയെ നമ്മുടെ പ്രയോജനത്തിനായി നാം ആലങ്കാരികമായി ചിത്രീകരിക്കുന്നു. എന്നാൽ അതേപ്പറ്റി കൂടുതലായി പര്യാ

ലോചിക്കാതിരിക്കാം. മറിച്ച്, വേഗത്തിൽ നിശ്ശബ്ദതയിലേക്ക് തിരിച്ചു പോകാം. കത്തുന്ന കൽക്കരി പരിശോധിക്കാൻ ഒരുങ്ങുന്ന അന്ധന് അതിന്റെ ശോഭകൊണ്ട് പ്രയോജനമില്ല. എന്നാൽ അതിന്റെ ചൂട് അവന് അനുഭവവേദ്യമാകുന്നു. അതുപോലെ നിഗൂഢസത്ത പരിശോധകന് ഉപദ്രവമാകും; ആരാധകന് പ്രയോജനകരവും.

14. പുത്രൻ നാമത്തിലെന്നപോലെ മഹത്വത്തിലും തന്റെ പിതാവിന് തുല്യനാണ്. ഇവ രണ്ടിലും അവൻ തുല്യനായിരിക്കുന്നതുപോലെ, മൂന്നാമതൊന്നു നിമിത്തവും അവൻ തുല്യനാണ്. അതായത്, പിതാവ് വിശകലനാതീതനാണ്. ആദ്യജാതനെ പരിശോധനാവിധേയൻ ആക്കുന്നവൻ പിതാവിനെയും പരിശോധനാവിധേയൻ ആക്കാനാഗ്രഹിക്കുന്നു. പുത്രനെ പരിശോധനാവിധേയമാക്കുന്നത് ഒരു പാലമാണ്. അതിലൂടെ ആരെങ്കിലും നടന്നാൽ പിതാവിനെയും പരിശോധനാവിധേയനാക്കാൻ നടന്നുനീങ്ങുന്നു.

15. ഫലത്തെപ്പറ്റി അന്വേഷിക്കാൻ ഒരുമ്പെടുന്നവൻ അതിനെ വളർത്തിയ വേരുവരെ അന്വേഷിക്കാൻ ധൃതിപ്പെടുന്നു എന്ന കാര്യം ചിന്തിക്കുക. പുത്രൻ ഒരു ഭണ്ഡാരമാണ്. അതിൽ അന്വേഷണവും സമ്പത്തുമുണ്ട്. ധിക്കാരികൾക്ക് നിന്നേപ്പറ്റിയുള്ള അന്വേഷണം; കച്ചവടക്കാർക്ക് നിന്റെ സമ്പത്ത്. രണ്ടിനെയുംപറ്റി നാം അത്ഭുതപ്പെടണം. നിന്നെപ്പറ്റിയുള്ള അന്വേഷണം കഠിനക്ലേശത്താൽ നിറഞ്ഞിരിക്കുന്നു; നിന്റെ സ്നേഹത്തിൽ സൗഭാഗ്യം നിഗൂഢമായിരിക്കുന്നു.

16. അവൻ നിന്റെ പക്കലേക്ക് താണിറങ്ങിവരാൻ തിരുമനസ്സായി. അവന്റെ സ്നേഹഫലം അനുഭവിക്കുക. അതിന്റെ മാധുര്യം നിന്നെ സന്തുഷ്ടനാക്കട്ടെ. അവനെപ്പറ്റിയുള്ള അന്വേഷണം നിനക്ക് ദോഷകരമാകാതിരിക്കട്ടെ. കാരണം, അത് ജീവൗഷധമാണ്. അത് മാരകവിഷമാകാനും ഇടയുണ്ട്. അവൻ കൊണ്ടുവന്നത് നീയെടുത്തിട്ട്, അവന് സ്വീകാര്യമായത് അവന് നൽകുക. അവനിൽ നിന്നു സ്വീകരിക്കുകയും അവനു കൊടുക്കുകയും ചെയ്യുക. അവൻ കൊണ്ടുവന്ന കാരുണ്യം സ്വീകരിക്കുക; അവനു സ്വീകാര്യമായ പ്രവൃത്തികൾ കാഴ്ചവയ്ക്കുക.

17. അനുഗ്രഹം കൊണ്ടുവരികയും നമ്മിൽ നിന്ന് പ്രാർഥന സ്വീകരിക്കുകയും ചെയ്തവന് നന്ദി. ആരാധ്യൻ നമ്മുടെ പക്കലേക്ക് താണിറങ്ങിവന്നതിനാൽ, നമ്മുടെ ആരാധന മുകളിലേക്ക് കൊണ്ടുപോയി. അവൻ നമുക്ക് ദൈവത്വം തന്നതിനാൽ, നാമവന് മനുഷ്യത്വം കൊടുത്തു. അവൻ നമുക്ക് വാഗ്ദാനം കൊണ്ടുവന്നതിനാൽ, നാമവന് തന്റെ സ്നേഹിതനായ അബ്രഹാമിന്റെ വിശ്വാസം കൊടുത്തു. നാമവന് വായ്പ കൊടുത്തതിനാൽ, നമുക്കത് അവനിൽനിന്ന് വീണ്ടും തിരികെ ലഭിക്കാൻ ഇടയാകട്ടെ.

 www.malankaralibrary.com

18. തന്നിൽ നിന്നുള്ള കിരണത്താൽ കാണപ്പെട്ട നിഗൂഢനു സ്തുതി. ആ നിഗൂഢപ്രകാശത്തെ നോക്കുക ആത്മീയ നയനങ്ങൾക്ക് കഠിനതരമാണ്. അവനിൽ നിന്നു പറപ്പെടുന്ന ശോഭയാൽ നമുക്ക് അവന്റെ പക്കലേക്കു പോകാൻ കഴിയും. അന്ധകാരവാസികൾക്ക് തന്നിൽ നിന്നുള്ള ഒരു കിരണം അവൻ അയച്ചുകൊടുത്തു. അവൻ നമ്മുടെ നയനങ്ങളെ കഥയില്ലാത്തവയുടെ സൗന്ദര്യത്തിൽ നിന്ന് തന്നെ അയച്ചവന്റെ സൗന്ദര്യത്തിലേക്ക് തിരിച്ചു.

19. നമ്മുടെ തലമുറയെപ്പറ്റി അത്ഭുതവും ആശ്ചര്യവുമാണ്. കാരണം, നമ്മുടെ ശരീരങ്ങളിൽ മുറിവുകളാണ്, നമ്മുടെ ആത്മാക്കളിൽ പുണ്ണുകളാണ്, നമ്മുടെ അരൂപികളിൽ കളങ്കമാണ്. നമുക്കു പറ്റിയ മരുന്ന് എവിടെയുണ്ടെന്നു തിരക്കുന്നതിനു പകരം നാം നമ്മുടെ വൈദ്യന്റെ സ്വഭാവവും ജനനവും അന്വേഷിക്കാൻ അവന്റെ നേരേ പാഞ്ഞുചെല്ലുന്നു. എത്ര ആഴമുള്ളതാണ് നമ്മുടെ മുറിവ്! നമ്മുടെ വേദനകളകറ്റുന്ന വൈദ്യനിലൂടെ നാം നമ്മെത്തന്നെ പ്രഹരിക്കുന്നു.

20. നിന്റെ വിശ്വാസം എന്റെയുള്ളിൽ തൈരുറയായിരിക്കട്ടെ. പരിശോധിച്ച് വഴിതെറ്റുന്നതിൽ നിന്ന് എന്റെ ചിതറിയ ചിന്തകളെ അത് ഒന്നിച്ചു നിർത്തട്ടെ. നിന്റെ ദാനം പെട്ടെന്ന് കടന്നുവന്ന് എന്റെ ദാരിദ്ര്യത്തെ സമ്പദ്സമൃദ്ധമാക്കാൻ, എന്റെ കർത്താവേ, നിന്നോടുകൂടെ പാർക്കാൻവേണ്ടി നിന്റെ കതകിൽ മുട്ടാൻ ഞാൻ ആഗ്രഹിക്കുന്നു. പതിനായിരം താലന്ത് കടപ്പെട്ടവനായ എന്നെ അത് ഒരു വിശ്വാസിയാക്കട്ടെ. നിന്റേതിൽ നിന്ന് ഞാനത് മടക്കിത്തരാം.[10]

## 6

### "ആദ്യജാതന്റെ ജനനത്തെക്കുറിച്ച്" എന്ന രീതി

1. അന്ധർക്കുപോലും കാണാൻ കഴിയുന്ന മഹാമേരുവാണ് സത്യം എന്നതിനാൽ, എങ്ങനെയാണ് അത് കാണാതിരിക്കാൻ കഴിയുക? പിതാവിന് ഒരു പുത്രനുണ്ടെന്നുള്ളത് ആർക്കാണ് കാണാൻ കഴിയാത്തത്? അവന് ആവശ്യമുണ്ടായിട്ടല്ല അവനെ ജനിപ്പിച്ചത്. കാരണം, അവനെ ജനിപ്പിച്ചവന് ഒന്നിനും കുറവില്ല. അതുപോലെ, ഏതെങ്കിലും ഹേതുക്കളല്ല അവൻ ജനിക്കാൻ ഇടയാക്കിയത്. പിതാവു തന്നെ തന്റെ സ്നേഹത്തിൽ മഹനീയപുത്രനെ ജനിപ്പിച്ചു.

*പ്രതിസ്തോത്രം: നിന്റെ പിതാവിന്റെ മടിത്തട്ടിനു സ്തുതി.*

10. മത്താ 18,24

www.malankaralibrary.com

2. സൂര്യന്റെ മഹാപ്രഭയിലേക്കു നോക്കാൻ നയനം തികച്ചും അശക്തമാണ്. അത് അതിന്റെ തീവ്രത കുറയ്ക്കുകയും ശക്തി കുറയ്ക്കുകയും രശ്മികൾ പുറത്തേക്ക് പ്രസരിപ്പിക്കുകയും ചെയ്യുമ്പോൾ, രശ്മി കണ്ണിലെത്തുന്നു. അദൃശ്യന്റെ പുത്രൻ ഇല്ലാതിരുന്നെങ്കിൽ, അദൃശ്യനെ ആരും കാണുമായിരുന്നില്ല. കാരണം, അവിടുന്ന് തന്റെ സൃഷ്ടികൾക്ക് വളരെ ഉപരിസ്ഥനാണ്. അദൃശ്യസത്ത തന്റെ പുത്രനിലൂടെ ദൃശ്യമായി.

3. തന്നിൽ നിന്നുള്ള രശ്മിയിൽ അവിടുന്ന് തന്റെ അത്ഭുതകരമായ ശക്തി മയപ്പെടുത്തി. യഥാർഥത്തിൽ അവിടുന്ന് ബലഹീനൻ ആയില്ല. അവിടുന്ന് നമുക്കുവേണ്ടി മയപ്പെടുത്തിയപ്പോൾ, അവിടുന്ന് നമുക്ക് സ്വീകാര്യനായി. രശ്മിയോട് നാം അവനെ ഉപമിച്ചു. അല്ലായിരുന്നെങ്കിൽ അത് അവന്റെ ശരിപ്പകർപ്പ് ആകുമായിരുന്നു. കാരണം, കൃത്യമായി അവനെ വരച്ചുകാട്ടാൻ യാതൊന്നിനുമാവില്ല. അവന്റെ വാഴ്ത്തപ്പെട്ട സഹായങ്ങളിൽ, നമ്മുടെ കഴിവനുസരിച്ച് നാം അവനെപ്പറ്റി ഗ്രഹിക്കുന്നതിനായി, ഉപമകളിലൂടെ തന്നെ അവതരിപ്പിക്കാൻ അവിടുന്ന് അനുവദിച്ചു.

4. ഭക്ഷിക്കാൻ കഴിയാത്ത ശക്തി അപ്പത്തിൽ ഭക്ഷണമായിത്തീർന്നു. കുടിക്കാൻ കഴിയാത്ത ശക്തി വീഞ്ഞിൽ പാനീയമായിത്തീർന്നു. പൂശാൻ വേണ്ടി അല്ലാത്ത ശക്തി എണ്ണയിൽ നാം തൈലമായി ഉപയോഗിക്കുന്നു. ഭക്ഷണത്തിൽ അവിടുന്ന് എപ്രകാരം തന്നെത്തന്നെ നാവിന് ആസ്വാദ്യകരമാക്കുകയും വായ് ഭക്ഷിക്കുകയും ചെയ്തുവോ, അതുപോലെ അവിടുന്ന് തന്റെ ദർശനം കണ്ണുകൾക്ക് അനുയോജ്യമാക്കി. കാതുകൾ അവനെ ശ്രവിക്കുന്നതിനായി വാക്കുകളിൽ അവൻ തന്റെ ശക്തി സൗമ്യമാക്കി.

5. ഗർഭസ്ഥരിൽ നീ ആശ്ചര്യവാനാണ്. ജനിച്ചവരിൽ നീ സ്തുത്യർഹനാണ്. സ്നാപിതരിൽ നീ തെരഞ്ഞെടുക്കപ്പെട്ടവനാണ്. വിമോചിതരിൽ നീ അസൂയാർഹനാണ്. അർപ്പിക്കപ്പെട്ടവരിൽ നീ കൊല്ലപ്പെട്ടവനാണ്. ഭക്ഷ്യവസ്തുക്കളിൽ നീ രുചിക്കപ്പെട്ടവനാണ്. പ്രവാചകരിൽ നീ നൽകപ്പെട്ടവനാണ്. ശ്ലീഹന്മാരിൽ നീ കൂടിച്ചേർന്നവനാണ്. കർത്താവേ, നീ പൂർണമായി എല്ലാറ്റിലുമാണ്. ആഴത്തിൽ നീ സംസ്ക്കരിക്കപ്പെട്ടവനാണ്. ഉന്നതങ്ങളിൽ നീ ആരാധിക്കപ്പെടുന്നവനാണ്.

6. ആദിയിൽ ആദ്യജാതനിലൂടെയാണ് സൃഷ്ടികർമങ്ങൾ നടന്നത്. കാരണം, "പ്രകാശം ഉണ്ടാകട്ടെ" എന്ന് ദൈവം പറഞ്ഞു.[11] അത് സൃഷ്ടിക്കപ്പെട്ടു. ഒന്നുമില്ലാതിരുന്നപ്പോൾ അവൻ ആർക്കാണ് കൽപന നൽകിയത്? പ്രകാശത്തിനാണ് കൽപ്പന നൽകിയതെങ്കിൽ, "ഉണ്ടാകട്ടെ" എന്ന് അവൻ പറയുമായിരുന്നില്ല. "പ്രകാശം ഉണ്ടാകട്ടെ" എന്നാണ് അവൻ പറഞ്ഞത്. "ഉണ്ടാകട്ടെ" എന്നതിൽ നിന്ന് വ്യത്യസ്തമാണ് "ഉണ്ടായിരുന്നു" എന്നത്.

11. ഉല്പ.1,3


www.malankaralibrary.com

7. "നമുക്ക് മനുഷ്യനെ നമ്മുടെ ച്ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കാം"[12] എന്നു പറഞ്ഞുകൊണ്ട് ആദത്തെ സൃഷ്ടിച്ചപ്പോൾ, അവൻ ആദ്യജാതനെയാണ് സ്പഷ്ടമായി ഉദ്ദേശിച്ചത്. അവൻ ആദത്തോടാണ് സംസാരിച്ചതെന്നു കരുതുന്നത് അന്ധതയാണ്. തന്നെ മരത്താൽ പ്രകോപിപ്പിച്ചവനെ ആറായിരം വർഷങ്ങൾക്കുശേഷം മരത്താൽ രക്ഷിച്ചവൻ തന്നെയാണ് ആദിയിൽ ആറാം ദിവസം അവനെ രൂപീകരിച്ചത്.

8. വീണ്ടും, അവൻ മാലാഖമാർക്കാണ് കൽപ്പന കൊടുത്തതെന്ന് വിശ്വസിക്കുകയും പറയുകയും ചെയ്യുന്നത് കടുത്ത ധിക്കാരമാണ്. ദാസൻ തന്റെ കർത്താവായിരിക്കുക, പങ്കാളിയും സഹപ്രവർത്തകനും ആയിരിക്കുക യുക്തമാണെങ്കിൽ, തന്റെ സ്വരം കൊണ്ട് തന്റെ ജോലി പൂർത്തിയാക്കാനും ഒറ്റവാക്കാൽ സൃഷ്ടിക്കാനും കഴിവുള്ള തന്റെ പിതാവിന്റെ സ്വരം പുത്രൻ നടപ്പാക്കുന്നത് എത്രയോ കൂടുതൽ ഉചിതമാണ്.

9. ഇതും ഇപ്പോൾ ചർച്ച ചെയ്യേണ്ടതുണ്ട്: എന്തുകൊണ്ടാണ് ദൈവം തന്റെ വാക്കുകൾ കൊണ്ട് സംസാരിച്ചതും വസ്തുക്കൾ യാഥാർഥ്യത്തിലെത്തിയതും? നിശ്ശബ്ദതയിൽ നിർമിക്കാൻ കഴിയാതവണ്ണം അവന്റെ തിരുഹിതം ബലഹീനമായിരുന്നുവോ? അതോ, താൻ ഉച്ചരിച്ച സ്വരം ശരീരം ധരിക്കുകയും അത് വസ്തുക്കളായി തീരുകയും ചെയ്തതാണോ? ഇവ രണ്ടും അസ്വീകാര്യമാണ്. മൂന്നാമത്തേത് സ്വീകാര്യമാണ്. അതായത്, രണ്ടാമത്തെ ആൾക്കാണ് അവൻ കൽപ്പന നൽകിയത്.

10. സൃഷ്ടിക്കപ്പെടാൻ പോകുന്നെന്ന് സൃഷ്ടിയോടാണ് അവൻ സംസാരിച്ചതെന്ന് ആരെങ്കിലും പറഞ്ഞാൽ, ആദത്തിൽ അത് ഖണ്ഡിക്കപ്പെടുന്നു. കാരണം, "നമുക്ക് മനുഷ്യനെ നമ്മുടെ ച്ഛായയിൽ സൃഷ്ടിക്കാം" എന്ന് അവിടുന്ന് അവനോടല്ല പറഞ്ഞത്. തന്റെ സഖിയോടുമല്ല പറഞ്ഞത്. തന്റെ ദാസനോടുമല്ല കൽപ്പിച്ചത്. തന്റെ സഹദാസൻ വഴി ദാസനെ നിർമിക്കുക ന്യായപൂർവകമല്ല. സമസ്തവും പുത്രനിലൂടെ നിർമിക്കപ്പെട്ടു.

11. തന്റെ സ്രഷ്ടാവിനോടൊപ്പം സൃഷ്ടികർമം നടത്തുക സൃഷ്ടിക്ക് ചേരുന്നതല്ല .തന്റെ പങ്കാളിയാകാൻ കഴിയുന്ന മറ്റൊരു സത്തയില്ല. പങ്കാളിയും സഖിയും മതിയായവരല്ല. ഏകജാതനാം പുത്രൻ നിലനിൽക്കുന്നു. ദാസനെപ്പോലെയല്ല അവനോട് കൽപ്പിക്കുന്നത്. സഖിയെപ്പോലെയല്ല അവനെ പരിഗണിക്കുന്നത്. തന്റെ സ്വരത്തിന് പുത്രൻ മതിയായവനാണ്. തന്റെ പുത്രനിൽ തന്റെ സ്വരത്തിന്റെ ഗാംഭീര്യം കുറച്ച സത്ത വാഴ്ത്തപ്പെട്ടതാകുന്നു.

---

12. ഉല്പ.1,26

www.malankaralibrary.com

12. ആദ്യജാതൻ തന്റെ സഖികളിൽ നിന്ന് എങ്ങനെ വ്യത്യസ്തനായിരിക്കുന്നെന്നും സൃഷ്ടികളിൽ നിന്ന് എങ്ങനെ വ്യതിരിക്തനായിരിക്കുന്നെന്നും കാണുക. അവൻ ഉന്നതനും താഴ്ന്നവനുമാണ്. അവൻ സൃഷ്ടികളേക്കാൾ ഉന്നതനായി നിലകൊള്ളുന്നു. സഖികളേക്കാൾ താഴ്ന്നവനായി നിൽക്കുന്നു. അവൻ സൃഷ്ടികളുടെ കൂടെ ഗണിക്കപ്പെടുന്നില്ല. സഖികളുടെകൂടെ എണ്ണപ്പെടുന്നുമില്ല. അവൻ ഇരുവർക്കും ഉപരിസ്ഥനാണ്. അവൻ പുത്രനായതിനാൽ സൃഷ്ടിയല്ല, ആദ്യജാതനാകയാൽ സഖിയുമല്ല.

13. സത്യം അറിയാൻ ആഗ്രഹിക്കുന്നവർക്ക് അതു വളരെ സ്പഷ്ടമാണ്. സൃഷ്ടികർമ്മം നടന്ന ആറു ദിവസങ്ങൾ ആറ് വശങ്ങൾക്ക് സാക്ഷ്യം നൽകുന്നു. അത് നാലു വശങ്ങളും ഉയരവും ആഴവും പ്രഘോഷിക്കുന്നു. വസ്തുക്കൾ തനിയെ ഉണ്ടാകണമെന്ന് അവൻ അവയോട് കൽപ്പിക്കയല്ല ചെയ്തത്. ഏകനിൽ നിന്നുള്ള ഏകനിലൂടെയാണ് അവ സൃഷ്ടിക്കപ്പെട്ടത്. പിതാവ് തന്റെ സ്വരത്തിലൂടെ കൽപ്പന നൽകി. പുത്രൻ സൃഷ്ടികർമ്മം പൂർത്തീകരിച്ചു.

14. ധരയോട് സമസ്തവും പുറപ്പെടുവിക്കാൻ അവിടുന്ന് കൽപ്പിച്ചെങ്കിൽ, "വേദനയോടെ നീ പ്രസവിക്കും " എന്ന് ഹവ്വായോട് പറഞ്ഞതുപോലെ, "പുറപ്പെടുവിക്കട്ടെ" എന്നതിനു പകരം "പുറപ്പെടുവിക്കൂ" എന്നായിരുന്നു ധരയോട് പറയേണ്ടിയിരുന്നത് എന്ന് സ്പഷ്ടമാണല്ലോ. അവന്റെ പുത്രനാണ് നട്ടതും കൃഷിചെയ്തതും. ജീവവൃക്ഷത്തിൽ മാത്രം കൃഷിക്കാരൻ തന്റെ പ്രതിരൂപം വരച്ചുകാട്ടി.

15. താൻ കായേനോട് സംസാരിക്കുകയായിരുന്നു എന്ന് സ്പഷ്ടമാക്കാൻ അവൻ അറിഞ്ഞിരുന്നതുപോലെ, താൻ ജലത്തോടാണ് സംസാരിക്കുന്നതെന്ന് സ്പഷ്ടമാക്കാൻ അവൻ അറിഞ്ഞിരുന്നു. "നീ സമൃദ്ധമായി പുറപ്പെടുവിക്കൂ" എന്നു പറയുന്നതിനു പകരമാണ് "അവ സമൃദ്ധമായി ഫലം പുറപ്പെടുവിക്കട്ടെ" എന്ന് അവിടുന്ന് പറഞ്ഞത്.[13] കാരണം, മറ്റുള്ളവരോടുള്ള സംസാരത്തിൽ നിന്നു വ്യത്യസ്തമാണ് അവയോടുള്ള അവന്റെ സംസാരം. മനോഹര പറവകളെയും പുഷ്ടിയുള്ള മത്സ്യങ്ങളെയും സൃഷ്ടിക്കാൻ അവിടുന്ന് തന്റെ പ്രിയപുത്രനോട് കൽപ്പിച്ചു.

16. ആദത്തിന്റെ നിർമിതിയിൽ തന്റെ ആദ്യജാതനെ വെളിപ്പെടുത്തി പ്രകീർത്തിക്കാൻ സർവജ്ഞാനി വേണ്ടതു ചെയ്തു. തന്റെ മറ്റെല്ലാ സൃഷ്ടികളെക്കാളും മനുഷ്യനാണ് വഴിപിഴച്ചതെന്ന് അവിടുന്ന് കണ്ടു. ആദ്യജാതനെ നിഷേധിക്കാൻ ആഗ്രഹിച്ചവരെ ആദ്യജാതനാൽ സൃഷ്ടിക്കപ്പെട്ട അവരുടെ പിതാവായ ആദം ഖണ്ഡിക്കുന്നതിന് അവിടുന്ന് തന്റെ പുത്രനെ സ്പഷ്ടമായി വെളിപ്പെടുത്തി. ദൈവം പുത്രനിലൂടെ ഇല്ലായ്മയിൽ നിന്ന്

13.ഉല്പ.3,16;1,11;2,9. 14. ഉല്പ.4,9;1,20


www.malankaralibrary.com

മനുഷ്യനെ സൃഷ്ടിച്ചു. അവൻ പാപംചെയ്ത് വഴിതെറ്റിപ്പോയപ്പോൾ, പുത്ര നിലൂടെ അവനെ തിരികെവിളിച്ചു.

17. യേശുവേ, സ്തുത്യർഹ നാമമേ, നീ മരണത്തിൽ നിന്ന് ജീവനി ലേക്കു നയിക്കുന്ന പാലമാണ്. ഞാൻ നിന്റെ പക്കലെത്തി നിശ്ശബ്ദനായി നിൽക്കുന്നു. യോദ് എന്ന നിന്റെ അക്ഷരത്തിൽ ഞാൻ ഒരു കിരീടം വയ്ക്കുന്നു. അത് എന്റെ വാക്കിനൊരു പാലമായിരിക്കട്ടെ. അതിലൂടെ ഞാൻ നിന്റെ സത്യത്തിലേക്ക് കടക്കട്ടെ. നിന്റെ സ്നേഹം നിന്റെ ദാസന് ഒരു പാല മാക്കട്ടെ. നിന്നിലൂടെ ഞാൻ നിന്റെ പിതാവിലേക്ക് കടക്കട്ടെ. "തന്റെ പുത്ര നിൽ തന്റെ ശക്തി മയപ്പെടുത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു" എന്ന് ഞാൻ അവിടേക്ക് കടന്നുപറയട്ടെ.

# 7

## "ആദ്യജാതന്റെ ജനനത്തെക്കുറിച്ച്" എന്ന രീതി

1. ആദ്യജാതന്റെ സ്വഭാവം പരിശോധിക്കാൻ ആഗ്രഹിക്കത്തക്കവിധം തന്നെത്തന്നെ മറക്കുകയും തന്റെ കഴിവ് എന്താണെന്ന് അറിയാതിരിക്കു കയും ചെയ്യുന്നവൻ ആരാണ്! സൃഷ്ടികളെ അസ്തിത്വത്തിൽ എത്തിച്ച സൃഷ്ടികളുടെ നാഥനെ പരിശോധിക്കാൻ ആർക്കു കഴിയും! അവനിലൂടെ അസ്തിത്വത്തിലെത്തുകയും തന്റെ സ്വന്തം സ്വഭാവം പരിശോധിക്കാൻ കഴി വില്ലാതിരിക്കുകയും ചെയ്ത് തന്നെത്തന്നെ അവൻ നിഷേധിക്കുന്നു. തന്നെ ത്തന്നെ നിഷേധിക്കുന്നവന് തന്റെ നാഥനെ എങ്ങനെ പരിശോധിക്കാൻ കഴിയും?

*പ്രതിസ്തോത്രം: നിന്റെ നിഗൂഢജനനത്തിനു സ്തുതി.*

2. മഹനീയവും സുസ്പഷ്ടവും സമീപസ്ഥവുമായ കൊടി നേരേ ന മ്മുടെ മുൻപിൽ കിടക്കുന്നു. എന്നാൽ അതഴിക്കാൻ ആഗ്രഹിക്കുന്നവർ കാൽതെറ്റി വീഴുന്നു. അടുത്തുള്ള കൊടിയഴിക്കാൻ കഴിഞ്ഞില്ലെങ്കിൽ, വിദൂ രസ്ഥവും അദൃശ്യവുമായത് ആർക്കാണ് അഴിക്കാൻ കഴിയുക? അവന്റെ മനുഷ്യത്വത്തിന്റേത് കഴിയുന്നില്ലെങ്കിൽ, നിഗൂഢമായ ദൈവത്വത്തിന്റേത് ആർക്കാണ് കഴിയുക?

3. അവൻ താഴേക്കിറങ്ങിവന്ന് മാംസത്തിന്റെ[15] മൂടുപടംകൊണ്ട് തന്റെ മുഖം മറച്ചു. തന്റെ പ്രകാശരശ്മിയാൽ യോർദാൻ മുഴുവൻ പ്രകാശിതമാ യി. അതിലൽപ്പം അവൻ മലമുകളിൽ പരത്തി.[16] ശ്ലീഹാ പരാമർശിക്കുന്ന

15. ഫഗ്റാ

16. മത്താ 3,15;17,6

www.malankaralibrary.com

മൂന്നു തൂണുകൾ കുലുങ്ങുകയും വിറയ്ക്കുകയും നടുങ്ങുകയും ചെയ്തു.[17] അവരുടെ ശക്തിക്കനുസരിച്ച്, അവൻ അവർക്ക് തന്റെ നിഗൂഢമഹത്വത്തിന്റെ ദർശനമരുളി.

4. കടൽ അവനെ കണ്ട് ഇളകി മറിഞ്ഞു. ശക്തിയേറിയ തിരമാലകൾ ഉണ്ടായിരുന്നിട്ടും അത് അതിന്റെ പുറംകുനിച്ച് അവനെ ഇരുത്തുകയും കഴുതക്കുട്ടിയേക്കാൾ മെച്ചമായി വഹിക്കുകയും ചെയ്തു.[18] അവൻ പടവിനുള്ളിൽ ഇരുന്നപ്പോൾ, അവൻ ഒരു മനുഷ്യൻ മാത്രമാണെന്ന് നാവികർ കരുതി. അവൻ താഴേക്കിറങ്ങി കടലിന്മീതേ നടന്നു. പടവിൽ ഉണ്ടായിരുന്നവർ അവനിൽ ആശ്ചര്യഭരിതരായി. പരിശോധന കൂടാതെ അവർ അവനെ തേടി. അവർ അവനിൽ ആശ്ചര്യഭരിതരായി. അവർ അവനെ സ്തുതിക്കുകയും ഭയത്താൽ മൂകരാകുകയും ചെയ്തു.

5. വിദ്വാന്മാരും അവനെ തേടി. അവനെ പുൽക്കൂട്ടിൽ കണ്ടെത്തിയപ്പോൾ, അന്വേഷണത്തിനു പകരം ഭയഭക്തിയോടെ അവന് ആരാധന അർപ്പിച്ചു. വെറുംകൈയോടെ ചെല്ലാതെ കാഴ്ചകൾ അർപ്പിച്ചു.[19] നീയും ആദ്യജാതനെ തേടുക. ഉന്നതത്തിൽ നീ അവനെ കണ്ടെത്തിയാൽ വഴിപിഴച്ച തർക്കങ്ങൾക്കു പകരം അവന്റെ മുമ്പിൽ നിന്റെ നിക്ഷേപങ്ങൾ തുറന്ന് നിന്റെ കർമങ്ങൾ അവന് കാഴ്ചവയ്ക്കുക.

6. വരുവിൻ, വിനീതാവസ്ഥയിൽ രാജാവിനെ ദർശിച്ചപ്പോൾ, പരിശോധിക്കുകയോ, അന്വേഷണം നടത്തുകയോ ചെയ്യാത്തവരിൽ ആശ്ചര്യഭരിതരാകുവിൻ. അവരിലാരും അന്വേഷണം നടത്തിയില്ല. അവിടെ സംശുദ്ധവിശ്വാസം വിജയശ്രീലാളിതമായി. അവന്റെ വിനീതാവസ്ഥയിൽ വിദ്വാന്മാർ അവനിലേക്ക് ചൂഴ്ന്നിറങ്ങിയില്ല. ഇപ്പോൾ, അവൻ കരേറി മഹോന്നതത്തിൽ വലത്തുഭാഗത്തിരിക്കുമ്പോൾ, അവനെ പരിശോധിക്കാൻ ആരാണ് മുതിരുക?

7. വലത്തുഭാഗത്തെ കള്ളനും തർക്കിച്ചില്ല. അവനെ പരിശോധിക്കാതെ അവനിൽ വിശ്വസിച്ചു.[20] ഇടത്തുഭാഗത്തുള്ളവൻ പരിശോധിക്കുകയും അത് അവന്റെ പ്രത്യാശ നശിപ്പിക്കുകയും ചെയ്തു. അവനെ പരിശോധിച്ച നിയമജ്ഞർ, അവനെപ്പറ്റി അന്വേഷിച്ച ഹേറോദേസിനോടൊപ്പം വീണുപോയി. അവൻ ആരാണെന്നറിയാൻ പിശാച് അവനെ പ്രലോ

17. ഗലാ 2,9
18. മത്താ 14,24ff.
19. മത്താ 2,11
20. ലൂ 23,39; മർക്കോ 9,14;12,35; ലൂ.23,9; മത്താ 4,3ff.;11,25


www.malankaralibrary.com

ഭിപ്പിച്ചു. ശിശുക്കൾക്ക് തന്നെത്തന്നെ വെളിപ്പെടുത്തിയതു പോലെ, ഈ പരിശോധകർക്ക് മിശിഹാ തന്നെത്തന്നെ ഏൽപ്പിച്ചുകൊടുത്തില്ല.

8. തന്നിൽ സത്യം ദർശിച്ച ജനതകളുടെ പ്രകാശമാണ് താനെന്ന് യാതൊരു തർക്കവും കൂടാതെ വെളിപ്പെടുത്താൻ നക്ഷത്രം അവന് മുക ളിൽ ഉദിച്ചുനിന്നു. അവനാണ് അഗ്നിയാൽ സ്നാനപ്പെടുത്തുന്നതെന്ന് തർക്കം കൂടാതെ കാണിക്കുന്നതിന്, അവൻ സ്നാനപ്പെട്ടപ്പോൾ ആത്മാവ് പ്രാവിന്റെ രൂപത്തിൽ വന്നുനിന്നു. താർക്കികരെ ഖണ്ഡിക്കാനായി, "ഇവൻ എന്റെ പുത്രനും എന്റെ വത്സലനുമാകുന്നു" എന്ന് സ്വരം പരസ്യമായി പ്രഖ്യാപിച്ചു.[21]

9. ശ്രമരഹിതമായി വിശ്വസിക്കാൻ, അന്വേഷണത്തിൽ നിന്നു പിൻതി രിയുകയും ആത്മാവിനെ സ്വസ്തമാക്കുകയും ചെയ്തവർ ഈ അടയാള ങ്ങൾ തള്ളിക്കളഞ്ഞു. സത്യം തെളിയിക്കുന്നവർ എന്ന രീതിയിൽ "അവൻ ആരാണ്? അവൻ ആരുടെ പുത്രനാണ്?" എന്ന് ഫരിസേയർ ആരാഞ്ഞു.[22] എന്നാൽ അവർ സത്യത്തിൽനിന്നു വീണുപോയി. സത്യാന്വേഷകർ എന്ന രീതിയിൽ ആയിരുന്നെങ്കിലും തങ്ങളുടെ അന്വേഷണത്തിൽ അവർക്ക് സത്യം നഷ്ടപ്പെട്ടു. കാരണം, എല്ലാം വിശ്വാസത്തിൽ അധിഷ്ഠിതമാണ്.

10. ദൈവമെന്ന നിലയിൽ അവനിൽ ആശ്ചര്യപ്പെട്ടപ്പോൾ, ശതാധി പൻ പ്രകീർത്തിക്കപ്പെട്ടു. അവൻ തന്റെ വിശ്വാസം കൊണ്ട് അവിടുത്തെ ബഹുമാനിച്ചു. അകത്തു കടക്കാൻ അവനെ അനുവദിച്ചില്ല.[23] അവന്റെ കട ന്നുവരവ് ഒരു മഹാകാര്യമായി അവൻ കരുതി. അവന്റെ പര്യവേക്ഷണം സംബന്ധിച്ച് നീയും അപ്രകാരം ചെയ്യുക. അവന്റെ ദൃശ്യമായ കടന്നുവ രവ് ഇപ്പോൾ പരിശോധിക്കാൻ നിനക്ക് കഴിയില്ല. ഉന്നതത്തിലുള്ള മാലാഖ മാരുടെ മുമ്പാകെ അവൻ നിന്റെ വിശ്വാസത്തെ പ്രകീർത്തിക്കാൻ, അവനെ പരിശോധിക്കുന്നത് ഗൗരവമേറിയ സംഗതിയാണെന്നു ഗ്രഹിച്ച് നിരസിക്കുക.

11. വിശ്വസിച്ച ശതാധിപനെയും സ്പർശിച്ചുനോക്കി തെളിയിക്കാൻ ആഗ്രഹിച്ച യൂദാതോമായേയും ഒന്നിച്ച് തൂക്കിനോക്കുക. ഒന്നാമത്തെയാ ളെ കർത്താവ് പ്രകീർത്തിച്ചു. മറ്റെയാളെ കുറ്റപ്പെടുത്തി. സംശയിച്ച് അന്വേ ഷണത്തിനുശേഷം വിശ്വസിച്ചവൻ കുറ്റപ്പെടുത്തപ്പെടലിന് വിധേയനായെ ങ്കിൽ, പരിശോധനാനന്തരം വിശ്വസിക്കാൻ ആഗ്രഹിക്കുന്നവന് എന്ത് നിന്ദ നമാണ് ഒരുക്കിയിരിക്കുന്നത്!

---

21. മത്താ 2,9; ഏശാ.49,6; മത്താ 3,22;3,17; ലൂ.3,16.22.

22. മത്താ 22,41ff.

23. മത്താ 8,5ff.

www.malankaralibrary.com

# 8

## “ആദ്യജാതന്റെ ജനനത്തെക്കുറിച്ച്” എന്ന രീതി

1. ഓ, ആർക്കും നോക്കാൻ കഴിയാതിരുന്ന മോശയുടെ മുഖശോഭ യെപ്പറ്റി: പ്രേക്ഷകർക്ക് ആ മർത്യനെ നോക്കാൻ കഴിഞ്ഞില്ല. അപ്പോൾ എല്ലാറ്റിന്റെയും ജീവദാതാവായ ഭീതിദായകനെ നോക്കാൻ ആരാണ് മുതി രുക? വെറുമൊരു ദാസന്റെ മുഖശോഭയ്ക്ക് ഇത്രയും ശക്തി ഉണ്ടെങ്കിൽ, ആര് അവന്റെ നാഥനെ നോക്കും? അവനെ ദർശിച്ചപ്പോൾ സീനായ് മല അവന്റെ മുമ്പിൽ പുകയുകയും ഉരുകുകയും ചെയ്തു.[24]

*പ്രതിസ്തോത്രം: നിന്നെ അയച്ച കാരുണ്യത്തിനു സ്തുതി.*

2. മോശയുടെ മഹത്വത്തെ നോക്കാൻ പരിച്ഛേദിതർക്കു കഴിഞ്ഞില്ല. അവന്റെ തേജസ്സിനും ജനത്തിനുമിടയിൽ മുഖാവരണം ശുശ്രൂഷിച്ചു. ക്രോബ കൾ ഭയചകിതരാകാതിരിക്കാൻ, പഴകി ദ്രവിച്ച തുണിയുടെ സ്ഥാനത്ത്, സജീവാഗ്നിയുടെ തേജസ്സ് രഥത്തെ ചുറ്റുന്നു. അവിടുത്തെ തേജസ്സിൽ ഉറ്റുനോക്കാതിരിക്കാൻ, നിനക്ക് നിശ്ശബ്ദതയും ശാന്തതയും നിന്റെ വിരി യായിരിക്കട്ടെ.[25]

3. ആ ദൃശ്യമുഖാവരണത്തിന്റെ മടക്കുകൾക്കുള്ളിൽ നിവസിച്ച ദാസന്റെ ശോഭ പരിശോധിക്കാൻ ആരും അവനെ സമീപിച്ചില്ല. തന്നെ ത്തന്നെ കാണിക്കാൻ മോശ അടുത്തുചെന്നപ്പോൾ, അവരുടെ ഗോത്രങ്ങ ളെല്ലാം കുലുങ്ങി. നിന്റെ സ്വഭാവത്തിന്റെ നിഗൂഢതലങ്ങൾ അന്വേഷണവി ധേയമാക്കുക എത്ര ഭയജനകമായിരിക്കും! കർത്താവേ, നീ ഈറേന്മാരെ വെറുതെ സൂക്ഷിച്ചു നോക്കിയാൽ, ആകാശവും ആകാശങ്ങളുടെ ആകാ ശവും നിന്റെ മുമ്പിൽ വിറകൊള്ളും.[26]

4. മോശയുടെ മുഖാവരണത്തിൽ നിന്റെ ശോഭയേറിയ സത്യം നിഗൂ ഢമായിരുന്നു. അവന്റെ വിക്കിൽ നിന്റെ വാചാലമായ പ്രബോധനം നിഗൂഢ മായിരുന്നു. ഈ രണ്ട് മൂടികൾക്കു കീഴേ നിന്റെ സത്യവും നിന്റെ ഭാഷ ണവും നിഗൂഢമായിരുന്നു. നീ മൂടിമാറ്റി, നീ വിക്കുനീക്കി, നിന്റെ പൂർണത പരസ്യമായി എഴുന്നെള്ളിവന്നു. മാനുഷികാധരം കൊണ്ട് നിന്റെ സത്യം സംസാരിച്ചു. നിന്റെ സത്യം നയനങ്ങൾക്ക് വെളിപ്പെട്ടു.

---

24. പുറ 34,29ff.;2കൊറി 3,7ff.;പുറ 19,18

25. 2കൊറി3,13

26. പുറ 33,10;നെഹ.9,6

 www.malankaralibrary.com

5. മോശയുടെ മുഖാവരണവും അവന്റെ നാവിന്റെ വിക്കും അന്ധരായ ജനത്തെ മൂടിയ രണ്ട് വിരികളായിരുന്നു. എന്നാൽ നിന്റെ ദിവസത്തെ ആകാംക്ഷാപൂർവം കാത്തിരുന്ന നീതിമാന്മാർക്ക് നീ വെളിപ്പെട്ടു.[27] ഇന്നത്തെ നിഷേധികളും തങ്ങളുടെ കണ്ണുകൾ മൂടിക്കൊണ്ട്, അന്ധരായിരിക്കുന്നു. അവർ വിക്കരാണ്. അവ്യക്തമായി മാത്രം കാണുന്നു. നിന്റെ സൗന്ദര്യത്തിന് അവർ അന്ധരാണ്. നിന്റെ പ്രബോധനത്തിന് അവർ മൂകരുമാണ്.

6. അവിടുന്ന് മോശവഴി വിഡ്ഢികൾക്കുവേണ്ടി ഉപമകൾ വരച്ചുകാട്ടി. ഇപ്രകാരം, ക്രൂശിൽ തറച്ചവരുടെമേൽ രണ്ട് വിരികൾ വിരിച്ചു. സത്യം സ്പഷ്ടമായി പ്രകാശിച്ചു. നമുക്ക് അന്ധകാരത്തിൽ തപ്പിത്തടയാതിരിക്കാം. നമ്മുടെ പരിശോധന മറ്റൊരു വിരിയായിരിക്കരുത്. സൗന്ദര്യം സ്പഷ്ടമായി രംഗപ്രവേശം ചെയ്തിരിക്കുന്നു. അവനെ ആദാമുമായി താരതമ്യപ്പെടുത്തരുത്. കാരണം, അവിടുന്ന് എല്ലാറ്റിലും തന്റെ പിതാവിനോട് സദൃശ്യനാണ്.

7. പുരോഹിതൻ ഭയത്തോടുകൂടി നിശ്ശബ്ദമായി ആണ്ടിലൊരിക്കൽ മാത്രം അതിവിശുദ്ധസ്ഥലത്ത് പ്രവേശിച്ചിരുന്നു.[28] ആ കൂടാരം ഇത്രമാത്രം ശോഭയേറിയതായിരുന്നെങ്കിൽ, അതിൽ വസിക്കുന്ന ശക്തിയെ പരിശോധിക്കാൻ ആരാണ് തുനിയുക? ഏകജാതനെപ്പറ്റിയുള്ള ഏതന്വേഷണവും നമുക്ക് ബഹുമാനപൂർവം നടത്താം. കാരണം, അവിടുന്ന് വിശുദ്ധസ്ഥലത്തിന്റെ നാഥനാകുന്നു.

8. അഹറോന്റെ പൗരോഹിത്യം തട്ടിയെടുക്കാൻ ആഗ്രഹിച്ചുകൊണ്ട് 250 പുരോഹിതന്മാർ തങ്ങളുടെ ധൂപകലശങ്ങളിൽ ധൂപം അർപ്പിച്ചു. പൗരോഹിത്യവൃത്തി നടത്താൻ ആഗ്രഹിച്ച കോറഹിന്റെ അനുയായികൾ ഇതുനിമിത്തം വിഴുങ്ങപ്പെട്ടു.[29] അഹറോന്റെ പൗരോഹിത്യം ഭീതി നിറഞ്ഞതാണെങ്കിൽ, തന്റെ സ്വന്തം രക്തത്താൽ പൗരോഹിത്യശുശ്രൂഷ ചെയ്ത, പുരോഹിതരുടെ നാഥന്റേത് എത്ര അധികമായിരിക്കും? അവനെ പരിശോധിക്കാൻ ആര് തുനിയും?[30]

9. ധിക്കാരപൂർവം അപരിചിതാഗ്നി കൊണ്ടുവന്ന, അഹറോന്റെ പുത്രന്മാർ പെട്ടെന്നുള്ള ഘോരവിലാപത്തോടുകൂടെ വെന്തുമരിച്ചു. അപ്പോൾ, സഭയിൽ ആരെങ്കിലും അപരിചിത പരിശോധന അവതരിപ്പിച്ചാൽ, ഘോരാഗ്നിയിൽ നിന്ന് എങ്ങനെ രക്ഷപെടും? വെളിപ്പെടുത്തപ്പെട്ടവയെപ്പറ്റി ചർച്ച ചെയ്തുകൊണ്ടുള്ള താത്വികാന്വേഷണം സഭയിലുണ്ട്. എന്നാൽ അത് നിഗൂഢകാര്യങ്ങളിലേക്കുള്ള ഒളിഞ്ഞുനോട്ടമായിട്ടല്ല.

27. യോഹ 8,56

28. എബ്രാ 9,7

29. സംഖ്യ 16,32.35

30. എബ്രാ 9,12

www.malankaralibrary.com

10. പേടകം മുന്നോട്ടു പോയപ്പോൾ മഹാപുരോഹിതനായ ഉസ്സാ അതിനെ താങ്ങിയെങ്കിലും കൊല്ലപ്പെട്ടു.[31] കൽപ്പിക്കപ്പെട്ടതു ചെയ്യുന്നതിൽ അവൻ പരാജയപ്പെട്ടു. കൽപ്പിക്കപ്പെടാത്തത് പ്രവർത്തിക്കുകയും ചെയ്തു. പേടകം തോളിൽ വഹിക്കാനാണ് അവനോടാവശ്യപ്പെട്ടത്. എന്നാൽ പേടകം താഴെപ്പോകുമെന്നു കരുതി, എല്ലാറ്റിനെയും താങ്ങി നിർത്തുന്ന ആ ശക്തിയെ താങ്ങിനിർത്താൻ അവൻ തന്റെ കൈകൾ നീട്ടി. അവൻ താങ്ങിയപ്പോൾ തന്നെ അവനെ അത് കൊന്നുകളഞ്ഞു.

11. നിന്നോട് കൽപ്പിക്കപ്പെടാത്തിടത്ത്, വിശുദ്ധമായതിന് നീ ബഹുമാനം അർപ്പിക്കേണ്ടതില്ല. അപ്രകാരം ചെയ്ത ഉസിയായ്ക്ക് തന്റെ സ്വന്തം ബഹുമാനം അവമാനമായി പരിണമിച്ചു.[32] സത്യാന്വേഷണത്തിന്റെ മറവിൽ പരിശോധിക്കാനിറങ്ങി ഏകജാതനെ അധിക്ഷേപിക്കരുത്. വിശ്വാസം തകർന്നു പോകുമെന്ന് കരുതേണ്ട. വീഴുന്നവരെ അത് താങ്ങുന്നു. ക്രോധത്തിൽ നിന്നെ നശിപ്പിക്കാതിരിക്കാൻ, ഉസ്സായെപ്പോലെ, അതിനെ താങ്ങാൻ പരിശ്രമിക്കേണ്ട.

12. ധിക്കാരം നിറഞ്ഞ ജനമർദകർ പേടകത്തെ ബഹുമാനിച്ചു. അതിന്റെ ശക്തി അനുഭവിച്ച്, കാഴ്ചകൾ കൊണ്ട് അതിനെ ആരാധിച്ചു. അതിന്റെ മുമ്പിൽ ദാഗോൺ തകർക്കപ്പെട്ടു. അത് അതിന്റെ അവയവങ്ങളെ വെട്ടിമാറ്റി.[33] എങ്കിൽ എത്രയധികമായി നാം സുവിശേഷത്തെ ബഹുമാനിക്കണം. അതിന്റെ മുമ്പിൽ ദുഷ്ടൻ, തന്റെ ആധിപത്യത്തിൽനിന്ന് വെട്ടിനീക്കപ്പെട്ട് തകർക്കപ്പെട്ടിരിക്കുന്നു. നമ്മുടെ തകർന്ന അവസ്ഥയെ അതു സുഖമാക്കിയതിനാൽ, കാഴ്ചകളുമായി നമുക്ക് അതിനെ സമീപിക്കാം.

13. വീണ്ടും, പേടകത്തെ കണ്ട് യോർദാൻനദി പിളർന്നു. മുന്നോട്ട് ഒഴുകിക്കൊണ്ടിരുന്ന നദി പ്രകൃതിനാഥനെ ദർശിച്ചതിനാൽ അതിന്റെ പ്രകൃതത്തിനെതിരായി പിറകോട്ടൊഴുകി.[34] നിയമപ്പലകകൾ വച്ചിരുന്ന പേടകം ഇപ്രകാരം ഭീതിജനകമാണെങ്കിൽ, ദൈവത്വത്തിലേക്കുള്ള ഒളിഞ്ഞുനോട്ടം എത്രയധികമായിരിക്കും? പലകകളുടെ നാഥൻ നിഗൂഢനായിരിക്കുന്നിടത്തേക്ക് ആരടുക്കും?

14. ദാനിയേൽ അത്ഭുതജീവികളെ ദർശിച്ചു. മഹത്വത്തിൽ ഉപവിഷ്ടനായിരിക്കുന്ന പുരാതനൻ ആയവനെയും കണ്ടു. ചോദ്യങ്ങൾ ചോദിച്ചു പഠിക്കാൻ അവൻ മൃഗങ്ങളെ സമീപിച്ചു.[35] അന്വേഷണത്തിനായി ഉന്നതന്റെ

31. 2 സാമു. 6,3ff.
32. 2 ദിന. 26,16ff.
33. 1 സാമു. 5,4
34. സങ്കീ. 114,5
35. ദാനി.7,3.8.16.19


www.malankaralibrary.com

മഹത്വത്തെ അവൻ സമീപിച്ചില്ല. വിഡ്ഢികൾ സൃഷ്ടികളെ വിട്ട്, സ്രഷ്ടാവിന്റെ സ്വഭാവത്തിലേക്ക് ഒളിഞ്ഞുനോക്കാൻ തള്ളിക്കയറി.

15. ഈറേന്മാരിൽ ഒരുവനെ കണ്ട് ദാനിയേൽ നടുങ്ങിപ്പോയി. അവൻ പരിശോധിക്കാൻ അടുത്തില്ല. അവന് അതിന്റെ സ്വരം ഗ്രഹിക്കാൻ കഴിഞ്ഞില്ല.[36] ഈറേ മാലാഖയുടെ സ്വരം ഗ്രഹിക്കാനോ, ശുശ്രൂഷിക്കുന്നവനെ കാണാനോ ദാനിയേലിന് സാധിച്ചില്ല. അപ്പോൾ, മാലാഖമാർ ശശ്രൂഷിക്കുന്നവനെ ആര് നോക്കും? അവിടുത്തെ അടയാളം കണ്ടപ്പോഴേ കടൽ ഭയന്നോടി. അത് ഇളകിമറിഞ്ഞ് രണ്ടായി പിളർന്നു.[37]

16. കേട്ട സ്വരത്തെപ്പറ്റി ദാനിയേൽ ആരാഞ്ഞപ്പോൾ, അവ മുദ്രിതവും നിഗൂഢവുമാണെന്ന് അവനുത്തരം കിട്ടി.[38] കുറേ സമയത്തേക്കു മാത്രം നിഗൂഢമായിരിക്കുന്നതിനെ പരിശോധനാവിധേയം ആക്കുന്നത് ശരിയല്ലെങ്കിൽ, സർവവിജ്ഞാന ഭണ്ഡാരത്തെ പരിശോധിക്കാൻ ആര് മുതിരും? പിതാവിന്റെ നിക്ഷേപമാണ് ഏകജാതൻ. ഒരാളെപ്പറ്റിയുള്ള ചിന്ത മറ്റെയാളെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട്, ആര് അവിടുത്തെ പരിശോധിക്കും?

# 9

## "ആദ്യജാതന്റെ ജനനത്തെക്കുറിച്ച്" എന്ന രീതി

1. അന്വേഷണം ഒരിക്കൽ നല്ലതായിരുന്നു. ഇപ്പോൾ നമ്മുടെ തലമുറയിൽ അത് വഴിപിഴച്ചുപോയി. അവൻ പുത്രനാണെന്ന് ഗ്രഹിക്കുന്നതിന് വായിച്ചു മനസ്സിലാക്കുക. എന്നാൽ അത് എങ്ങനെയാണ് ചെയ്യേണ്ടത്? വാഗ്ദാനപേടകത്തെ ബഹുമാനിക്കാനായി യോർദാൻനദി പുറകോട്ടൊഴുകി. അവന്റെ മഹനീയതയെ അപമാനിക്കാനായി അന്വേഷിക്കാനും അകത്തുകടക്കാനും നീ ആഗ്രഹിക്കുന്നു. ധിക്കാരികളെ കുറ്റപ്പെടുത്താനും നോഹയെ നേരേ നോക്കാതിരിക്കാനും നല്ലവർ പുറംതിരിഞ്ഞുനടന്നു.[39]

*പ്രതിസ്തോത്രം: ഞങ്ങളെ രക്ഷിച്ച സ്തുത്യർഹ പുത്രനായ കർത്താവേ, നിനക്കും നിന്റെ പിതാവിനും സ്തുതി.*

2. നഗ്നമായിരുന്നത് മറയ്ക്കാനായി അവർ പിറകോട്ട് നടന്നു.[40] നിഗൂ

36. ദാനി.8,17–18

37. പുറ.14,16: മോശയുടെ വടി

38. ദാനി 12,9

39. ഉല്പ. 9,20ff.

40 ഉല്പ.9,23

www.malankaralibrary.com

ഢമായത് നഗ്നമാകാതിരിക്കാൻ നിന്റെ അന്വേഷണത്തിൽ നിന്നു നീ പിന്മാറുക. നഗ്നമായത് അവർ അവിടെ മറച്ചു. ഇവിടെ മനുഷ്യർ നിഗൂഢമായതിലേക്ക് ഒളിഞ്ഞുനോക്കുന്നു. തങ്ങൾ കാണാതിരിക്കാൻ സംശുദ്ധർ ഒരു തുണികൊണ്ടു മൂടി. സാധിക്കുമെങ്കിൽ ആദ്യജാതന്റെ മഹത്വം മുഴുവൻ പരിശോധിക്കാൻ, താർക്കികർ അവനെ വിവസ്ത്രനാക്കുന്നു.

3. ഏതിന്റെയെങ്കിലും പ്രകൃതി മാറ്റുകയോ, ക്രമം തെറ്റിക്കുകയോ ചെയ്താൽ, എളുപ്പമായിരുന്നത് പ്രയാസമുള്ളതായി തീരുമെന്ന് നിനക്കു തന്നെ പരിശോധിക്കാവുന്നതാണ്. നടക്കുന്നത് വളരെ എളുപ്പമാണ്. എന്നാൽ പിറകോട്ട് നടന്നാൽ അത് പ്രയാസമുള്ളതാകും. ക്രമത്തിനെതിരെയുള്ള ചർച്ചയാണ് ഏറ്റവും പ്രയാസമുള്ള അന്വേഷണം. വഴിപിഴച്ച രീതിയിൽ ചോദ്യം ചെയ്യുന്നതിനാൽ, ധിക്കാരം നമ്മുടെ തലമുറയിൽ വിശ്വാസം വികലമാക്കി.

4. ജോബുമായി വാദിക്കാൻ ദൈവം ഇറങ്ങിവന്നു. ദൃശ്യമായവയെപ്പറ്റി അവനോട് ചോദിച്ച്, അതിലൂടെ അവനെ നിശ്ശബ്ദനാക്കി.[41] ദൃശ്യമായവയെപ്പറ്റി സംസാരിക്കാൻ ജോബിനു കഴിഞ്ഞില്ലെങ്കിൽ, ആദ്യജാതന്റെ നിഗൂഢസംഗതികളെപ്പറ്റി പ്രബോധനം നൽകാൻ ആരാണ് തുനിയുക? ബലഹീനനേ, തുനിഞ്ഞിറങ്ങരുത്. രോഗത്തെ കീഴടക്കിയ ജോബ് ചോദ്യത്തിലൂടെ പരാജയപ്പെട്ടു.

5. തന്റേതായ തലത്തിൽ അവൻ വിജയിച്ചു. തന്റേതല്ലാത്തതിൽ പരാജയപ്പെട്ടു. നാം ജയിക്കേണ്ടിടത്ത് അവൻ പോരാട്ടത്തിൽ ജയിച്ചു. തർക്കിക്കുന്നത് നമ്മുടേതല്ലാത്തതിനാൽ, അതിലവൻ കീഴടക്കപ്പെട്ടു. നമ്മുടെ പരിധിയിൽ വരുന്നതിൽ നിന്ന് നാം പിന്മാറാനും വരാത്തതിനെപ്പറ്റി ആകാംക്ഷാഭരിതരാകാനും ദുഷ്ടൻ കുഴാമറിച്ചിലുണ്ടാക്കി.

6. അസ്ഥികൾ ഉയർത്തെഴുന്നേൽക്കുമോയെന്ന് അവൻ എസക്കിയേലിനോട് ആരാഞ്ഞു. മരിച്ചവർ ഉയർത്തെഴുന്നേൽക്കുമെന്ന് പ്രവാചകൻ അറിഞ്ഞിരുന്നെങ്കിലും, തനിക്കറിയാവുന്നത് പറയാൻ അവൻ തുനിഞ്ഞില്ല.[42] അവൻ തന്റെ അറിവെല്ലാം ഒന്നിച്ചുചേർത്ത് സർവജ്ഞാനിക്ക് സമർപ്പിച്ചു. എല്ലാവരിൽനിന്നും മറഞ്ഞിരിക്കുന്നതും ഒരാൾക്കുമാത്രം അറിയാവുന്നതുമായ കാര്യം പരിശോധിക്കാൻ ആരാണ് ധൈര്യപ്പെടുക?

7. വെളിപ്പെട്ട സത്യത്തെപ്പറ്റി സക്കറിയായും സംശയിച്ചു. അവൻ വീണുപോകുമോയെന്ന് അവനെ പരിശോധിക്കാൻ മാലാഖാ ആഗ്രഹിച്ചു. "ഇവ നിനക്കറിയില്ലേ?" എന്ന വാക്കുകളാൽ അവൻ അവനെ പ്രേരിപ്പിച്ചു.[43]

41. ജോബ് 38–42

42. എസ.37,3

43.സക്ക.4,5.13


www.malankaralibrary.com

അഹങ്കാരിയെ ലജ്ജിപ്പിക്കാനായി, ഏറ്റുപറയാൻ അവൻ ലജ്ജിച്ചില്ല. നമ്മുടെ കാലത്തെ ധിക്കാരികളെപ്പോലെ, തന്റെ സ്വന്തം അറിവിൽ പ്രവാചകന് ആത്മവിശ്വാസം ഇല്ലായിരുന്നു.

8. എന്നാൽ സക്കറിയാ പുരോഹിതൻ തർക്കിക്കാനായി ചോദിച്ചു. താർക്കികരെ ഭയപ്പെടുത്താൻ മാലാഖ അവന്റെ സംസാരശക്തി എടുത്തുകളഞ്ഞു.[44] പ്രഘോഷകനും ദാസനുമായവന്റെ ഗർഭധാരണവും ജനനവും അറിയാൻ ആഗ്രഹിക്കുകയും അന്വേഷണം നടത്തുകയും ചെയ്തതിനാൽ, പ്രധാനപുരോഹിതൻ അടിക്കപ്പെട്ടെങ്കിൽ, എല്ലാറ്റിന്റെയും നാഥന്റെ ജനനത്തെപ്പറ്റി അന്വേഷണം നടത്താൻ മുതിരുന്നവന് നടുക്കവും ഭയവും വിറയലുമാണ് ഉണ്ടാകേണ്ടത്.

9. സക്കറിയാ പരിശോധിച്ചതിനാൽ മൂകതയാൽ അവന്റെ വായ് അടയ്ക്കപ്പെട്ടു. താൻ പരിശോധിച്ചതിനെ അവൻ പിന്നീട് മൂകതയിൽ ബഹുമാനിച്ചു. ആദ്യജാതന്റെ ജനനം നാം എത്രയധികമായി നിശ്ശബ്ദതയിൽ ബഹുമാനിക്കണം! തന്റെ സ്വന്തം ഭാര്യയുടെ ഉദരത്തിൽ ഉരുവായതു സംബന്ധിച്ച് അന്വേഷണം നടത്തിയവനെ ദൂതൻ കുറ്റപ്പെടുത്തിയെങ്കിൽ, ദൈവികസത്തയുടെ മടിയിലെ പ്രിയപുത്രനെ പരിശോധിക്കാൻ സത്തയെ സമീപിച്ചവൻ നടുങ്ങട്ടെ.

10. സക്കറിയാ തന്റെ ചോദ്യത്താൽ തന്റെ സത്യസന്ധത നശിപ്പിച്ചു. അതുകൊണ്ട്, ചോദ്യം ചെയ്യുന്നവരെല്ലാം കാണിക്കുന്നത്, അവരുടെ ചോദ്യംചെയ്യൽ കാണിക്കുന്നത്, ഇതുവരെ അവർക്ക് വിശ്വാസം ഇല്ലായിരുന്നു എന്നാണ്. അവൻ വിശ്വസിച്ചുകൊണ്ടിരുന്ന വിശ്വാസത്തെ അവന്റെ അന്വേഷണം നശിപ്പിച്ചു. തന്റെ നാവിലെ വാക്കുകളിലൂടെ അവന്റെ ഹൃദയത്തിന്റെ വിശ്വാസം നശിച്ചെന്ന് സക്കറിയാ കാണിക്കുന്നു.

11. മരുഭൂമിയിൽവച്ച് ജനങ്ങൾക്ക് സർപ്പദംശനമുണ്ടായി. അവർ നോക്കി സുഖം പ്രാപിക്കാൻ, മോശ മറ്റൊരു സർപ്പത്തെ ഉയർത്തിനിർത്തി. നോട്ടം ജനത്തിന് സൗഖ്യവും വിശ്വാസവും നൽകി.[45] ആദ്യജാതന്റെ പ്രതീകം കാണുവിൻ. അതിനെപ്പറ്റിയുള്ള അന്വേഷണമല്ല സുഖപ്പെടുത്തിയത്, പിന്നെയോ അതിനെ നോക്കിയതു വഴിയാണ് അവർ സുഖപ്പെട്ടത്. നിന്നെ രക്ഷിക്കാനായി പ്രതീകത്തിന്റെ നാഥനെ നോക്കുക.

12. കട്ടിളപ്പടികളിൽ തളിക്കപ്പെട്ട രക്തം, മന്നാ, കാടപ്പക്ഷി,

44. ലൂ.1,18ff.

45. സംഖ്യ 21,4–9

www.malankaralibrary.com

തീക്കൽപ്പാറ, ശില, മേഘസ്തംഭം, വടി ആദിയായവ ആദ്യജാതന്റെ പ്രതീകങ്ങളാണ്. അവർ നിഷേധികളായ ജനമായിരുന്നെങ്കിലും സ്തുത്യർഹമായ ഈ പ്രതീകങ്ങൾ അവർ പരിശോധനാവിധേയമാക്കിയില്ല. ജനങ്ങളേ, നിങ്ങളെപ്രതി അന്ധർ സന്തോഷിക്കാതിരിക്കാൻ, രഹസ്യങ്ങളുടെ നിക്ഷേപമായ ആദ്യജാതനെ പരിശോധിക്കാതിരിക്കുക.[46]

13. വിശകലനാതീത സ്വഭാവത്തെ പരിശോധിക്കാൻ തുനിയുന്നതിൽ നിങ്ങളെല്ലാവരും ഒന്നിച്ചിരിക്കയാണെങ്കിലും വിഭജിതരാണ്. നമ്മുടെ സത്യം തന്നെ തെറ്റെന്ന് അന്ധരായ ജനം കരുതി. അത് അസത്യമായിരുന്നെങ്കിൽ, നിശ്ചയമായും ഇല്ലാതാകുമായിരുന്നു. എന്നാൽ അത് ശക്തിയായി വളരുന്നത് കാണുവിൻ. അവന്റെ മഹനീയത സംബന്ധിച്ചാണ് തങ്ങൾക്ക് വഴി തെറ്റിയതെന്ന് അന്ധർ കാണുന്നില്ല.

14. അവൻ ഒരു മാലാഖയോ, ബലഹീനമനുഷ്യനോ ആയിരുന്നെങ്കിൽ, ദാസനാണെന്ന് അറിയുന്നതിനാൽ, അവനെപ്പറ്റിയുള്ള അന്വേഷണം എളുപ്പമായിരുന്നു. അവനെപ്പറ്റിയുള്ള അന്വേഷണം അവൻ വലിയവനാണെന്ന് സാക്ഷിക്കുന്നതിനാൽ, അത് അവന്റെ പ്രയോജനത്തിനായി ഭവിക്കുന്നു. അവൻ പരിശോധനാവിധേയൻ അല്ലെങ്കിലും, ദൈവമാണെന്നു പ്രഘോഷിക്കപ്പെടുന്നു. അവനെ സംബന്ധിച്ച് ജനതകൾക്ക് വഴിതെറ്റി. അവനെ മനസ്സിലാക്കാൻ അവർക്കു കഴിഞ്ഞില്ല.

15. എല്ലാ വസ്തുക്കളും കടലിലേക്ക് ഒഴുകി വന്നാലും അടിയിൽ കിടക്കുകയും കടലിൽ ഉൾക്കൊള്ളുകയും ചെയ്യുന്നു. കടലിനെ നിറയ്ക്കാൻ അവയ്ക്ക് കഴിയില്ല. അത് അവയെ ഉൾക്കൊള്ളുന്നു. അതിനെ ഉൾക്കൊള്ളാൻ അവയ്ക്ക് കഴിയില്ല. കടൽ ഇല്ലാത്തതിനാലല്ല അവയ്ക്ക് അതിനെ ഉൾക്കൊള്ളാൻ കഴിയാത്തത്. പിന്നെയോ, അത് ഉള്ളതിനാലത്രേ. അതിലെ ജലത്തിന്റെ അളവെടുക്കാൻ അതിലേക്ക് ഇറങ്ങിച്ചെല്ലരുത്.

16. അവനെ പരിശോധിക്കാൻ കഴിയുന്നവൻ അവനെ ഉൾക്കൊള്ളുന്നവനായിരിക്കണം. സർവജ്ഞാനിയെ മനസ്സിലാക്കാൻ കഴിവുള്ള ചിന്ത, അവനെ പൂർണമായി അളക്കാൻ മതിയായത് ആയിരിക്കണമെങ്കിൽ, അവനേക്കാൾ വലുതായിരിക്കണം. പിതാവിനെയും പുത്രനെയും പരിശോധിക്കാൻ കഴിയുന്നവൻ അവരേക്കാൾ വലിയവനായിരിക്കണം. പിതാവും പുത്രനും പരിശോധനാവിധേയമാകുകയും പൊടിയും ചാരവും ഉയർത്തപ്പെടുകയും ചെയ്താൽ, ഹാ, കഷ്ടം! അതു ശാപം!

46. പുറ 12,22ff.;16;17,6; 1കൊറി.10,4; പുറ 13,21;14,16


www.malankaralibrary.com

# 10

## "സന്ദേശവാഹകൻ, നേതാവ്" എന്ന രീതി

1. "നിന്റെ വായ് തുറക്കുക, ഞാനതു നിറയ്ക്കാം" എന്ന് എന്റെ കർത്താവേ, നീ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.[47] നിന്റെ ദാസന്റെ വായും മനസ്സും തുറന്നിരിക്കുന്നതു കണ്ടാലും. തിരുഹിതപ്രകാരം ഞാൻ നിന്റെ സ്തുതികൾ ആലപിക്കാൻ എന്റെ കർത്താവേ, ദാനം കൊണ്ട് എന്നെ നിറച്ചാലും.

*പ്രതിസ്തോത്രം: ഭയഭക്തിയോടുകൂടെ നിന്റെ ദാനത്തെ സമീപിക്കാൻ എന്നെ യോഗ്യനാക്കണമെ.*

2. ഓരോരുത്തരുടെയും കഴിവിന് അനുസൃതമായിട്ടേ നിന്നെപ്പറ്റി പറയാനാവൂ. ഞാൻ ധൈര്യം അവലംബിച്ച്, ഏറ്റവും താഴത്തെ പടിയെ സമീപിക്കുന്നു. നിന്റെ ജനനം നിശ്ശബ്ദതയിൽ മുദ്രിതമായിരിക്കുന്നു. അതെപ്പറ്റി വിചിന്തനം നടത്താൻ ഏതു നാവാണ് ഒരുമ്പെടുക?

3. നിന്റെ പ്രകൃതം ഏകമാണെങ്കിലും അനേകം രീതികളിൽ അത് വിവരിക്കാനാകും. ശ്രേഷ്ഠമായും മിതമായും താഴ്ന്ന രീതിയിലും ആകാം. അപ്പക്കഷണങ്ങളെപ്പോലെ, നിന്റെ സമസ്തവിജ്ഞാനത്തിന്റെയും കാലാപെറുക്കുന്നതിന്, ഏറ്റവും താഴ്ന്ന ഭാഗത്തിന് എന്നെ യോഗ്യനാക്കിയാലും.

4. നിന്നെപ്പറ്റിയുള്ള ശ്രേഷ്ഠമായ വിവരണം നിന്റെ പിതാവിൽ നിഗൂഢമാണ്. നിന്റെ മിതമായ സമൃദ്ധിയിൽ മാലാഖമാർ അത്ഭുതസ്തബ്ധരായി നിൽക്കുന്നു. എന്റെ കർത്താവേ, നിന്നേക്കുറിച്ചുള്ള വിശദീകരണത്തിന്റെ ഒരു ചെറുതുള്ളി പോലും ഭൂവാസികൾക്ക് വ്യാഖ്യാനങ്ങളുടെ മഹാപ്രളയം തന്നെ!

5. "എന്റെ കർത്താവേ, നിന്റെ ചെരിപ്പിന്റെ വാറഴിക്കാൻ ഞാൻ യോഗ്യനല്ല" എന്ന് വലിയ യോഹന്നാൻ വിളിച്ചു പറഞ്ഞെങ്കിൽ,[48] ഞാൻ പാപിനിയെപ്പോലെ നിന്റെ വസ്ത്രത്തിന്റെ നിഴലിൽ അഭയംതേടി അവിടെ ആരംഭിക്കട്ടെ.[49]

6. അവൾ ഭയന്നു വിറച്ചെങ്കിലും സുഖം പ്രാപിച്ചതിനാൽ, ധൈര്യം അവലംബിച്ചു.[50] അതുപോലെ, ഞാൻ നിന്നിൽ ധൈര്യം അവലംബിക്കാൻ

47. സങ്കീ.81,11 (പ്ശീതാ): കുർബാനയെപ്പറ്റി പ്രതിപാദിക്കുന്ന ഗീതമാണിത്.

48. മർക്കോ.1,7

49. ലൂ.7,37ff.

50. മർക്കോ.5,25ff.

www.malankaralibrary.com

എന്റെ ഭയവും അങ്കലാപ്പും നീക്കിയാലും. എന്റെ കഴിവനുസരിച്ച് തിരുശരീരത്തെപ്പറ്റി സംസാരിക്കാൻ, തിരുവസ്ത്രത്തിൽ നിന്ന് തിരുശരീരത്തിലേക്ക് എന്നെ ആനയിച്ചാലും.

7. എന്റെ കർത്താവേ, നിന്റെ വസ്ത്രം മരുന്നുകളുടെ ഉറവയാണ്. നിന്റെ ദൃശ്യവസ്ത്രത്തിൽ നിന്റെ നിഗൂഢശക്തി വസിക്കുന്നു. വീണ്ടും, നിന്റെ വായിൽ നിന്നുള്ള അൽപ്പം തുപ്പൽ പ്രകാശത്തിന്റെ മഹാത്ഭുതമായിത്തീർന്നു. കാരണം, അതുണ്ടാക്കിയ ചേറിൽ പ്രകാശമുണ്ടായിരുന്നു.[51]

8. ഭക്ഷിക്കപ്പെടാത്ത ആത്മാവ് നിന്റെ അപ്പത്തിൽ നിഗൂഢമായിരിക്കുന്നു. പാനം ചെയ്യപ്പെടാത്ത അഗ്നി നിന്റെ വീഞ്ഞിൽ വസിക്കുന്നു. ആത്മാവ് നിന്റെ അപ്പത്തിൽ, അഗ്നി നിന്റെ വീഞ്ഞിൽ. ഞങ്ങളുടെ അധരങ്ങൾ അവ സ്വീകരിച്ചു എന്നത് സ്പഷ്ടമായ അത്ഭുതമാണ്.

9. കർത്താവ് ഭൂമിയിൽ മർത്യരുടെ പക്കലേക്ക് താണിറങ്ങി വന്നപ്പോൾ, അവർ മാലാഖമാരെപ്പോലെ നിഗൂഢമാംവിധം അഗ്നിയിൽ നിന്നും ആത്മാവിൽ നിന്നും ഉള്ളവർ ആയിരിക്കാൻ, അവരുടെ ഉള്ളിൽ അഗ്നിയും ആത്മാവും കൂട്ടിക്കുഴച്ച്, നവസൃഷ്ടികളായി വീണ്ടും സൃഷ്ടിച്ചു.[52]

10. സ്രാപ്പേയ്ക്ക് തന്റെ വിരലുകൾ കൊണ്ട് തീക്കട്ട സ്പർശിക്കാനായില്ല. തീക്കട്ട ഏശായായുടെ അധരങ്ങളെ സ്പർശിക്കുക മാത്രമാണ് ചെയ്തത്. സ്രാപ്പേ അത് പിടിച്ചില്ല. ഏശായാ അത് ഭക്ഷിച്ചുമില്ല. എന്നാൽ നമുക്ക് രണ്ടും നമ്മുടെ കർത്താവ് അനുവദിച്ചു.[53]

11. ആത്മീയരായ ഈറേദൂതന്മാർക്ക് അബ്രഹാം ശാരീരികഭക്ഷണം കൊണ്ടുവന്നു കൊടുക്കുകയും അവർ ഭക്ഷിക്കുകയും ചെയ്തു.[54] നമ്മുടെ മഹാകർത്താവ്, ശരീരമുള്ളവർക്ക് ഭക്ഷിക്കാനും പാനം ചെയ്യാനുമായി അഗ്നിയും ആത്മാവും നൽകി എന്നതാണ് പുതിയ അത്ഭുതം.

12. ക്രോധാഗ്നി ഇറങ്ങി പാപികളെ സംഹരിച്ചു.[55] ഇപ്പോൾ കാരുണ്യാഗ്നി ഇറങ്ങി അപ്പത്തിൽ വസിച്ചു. മനുഷ്യകുലത്തെ സംഹരിച്ച ആ അഗ്നിക്കു പകരം നാം അപ്പത്തിൽ അഗ്നിയെ ഭുജിക്കുകയും ജീവൻ പ്രാപിക്കുകയും ചെയ്തു.

13. അഗ്നി ഇറങ്ങി ഏലിയായുടെ ബലികളെ ദഹിപ്പിച്ചു.[56] കാരുണ്യാഗ്നി

51. യോഹ.9,6
52. 2 കൊറി. 5,17;ഗലാ.6,15
53. ഏശ.6,7
54. ഉല്പ.18,8–9
55. ഉല്പ.19,24;2രാജാ. 1,10ff.
56. 1രാജാ.18,38


www.malankaralibrary.com

നമുക്ക് സജീവബലിയായിത്തീർന്നു. അഗ്നി ഏലിയായുടെ കാഴ്ചകൾ ദഹിപ്പിച്ചു. എന്നാൽ കർത്താവേ, ഞങ്ങൾ നിന്റെ കുർബാനയിൽ നിന്റെ അഗ്നി ഭക്ഷിച്ചു.

14. "തന്റെ മുഷ്ടിക്കുള്ളിൽ കാറ്റ് പിടിച്ചവൻ ആരുണ്ട്?"[57] സോളമനേ, നിന്റെ പിതാവിന്റെ നാഥൻ ചെയ്തതെന്താണെന്നു വന്നുകാണുക. പ്രകൃതിക്കെതിരായി അവിടുന്ന് അഗ്നിയും ആത്മാവും കൂട്ടിക്കലർത്തി തന്റെ ശിഷ്യരുടെ കൈകളിൽ കൊടുത്തു.[58]

15. "വസ്ത്രത്തിൽ ആര് വെള്ളം ശേഖരിച്ചിട്ടുണ്ട്" എന്ന് അവൻ ചോദിച്ചു.[59] ഇതാ, ഇവിടെ വസ്ത്രത്തിൽ ഒരുറവ: മറിയത്തിന്റെ ഉദരം. നിന്റെ ദാസിമാർ രക്ഷയുടെ പാനപാത്രത്തിൽ നിന്ന് വസ്ത്രത്തിൽ രക്ഷയുടെ തുള്ളി സ്വീകരിക്കുന്നു.

16. വിശുദ്ധ സ്ഥലത്തെ വിരിയിൽ നിഗൂഢശക്തിയുണ്ട്. ഒരു മനസ്സിനും ഒരിക്കലും സങ്കൽപ്പിക്കാൻ കഴിയാത്ത ശക്തി! അത് താഴേക്ക് ഇറങ്ങിവരികയും അതിന്റെ സ്നേഹം താഴേക്കിറക്കി കൊണ്ടുവരികയും അനുരഞ്ജനത്തിന്റെ ബലിപീഠത്തിലുള്ള വിരിയിൽ ആവസിക്കുകയും ചെയ്തു.

17. ഇതാ, അഗ്നിയും ആത്മാവും നിന്നെ വഹിച്ചവളുടെ ഉദരത്തിൽ. ഇതാ, അഗ്നിയും ആത്മാവും നീ സ്നാനമേറ്റ നദിയിൽ. അഗ്നിയും ആത്മാവും ഞങ്ങളുടെ മാമോദീസായിൽ. അഗ്നിയും പരിശുദ്ധാത്മാവും അപ്പത്തിലും കാസായിലും!

18. ഞങ്ങളെ തന്റെ അപ്പമാക്കിയ അത്യാഗ്രഹിയെ നിന്റെ അപ്പം കൊല്ലുന്നു. ഞങ്ങളെ വിഴുങ്ങിക്കളഞ്ഞ മരണത്തെ നിന്റെ കാസാ നശിപ്പിക്കുന്നു. ഞങ്ങളുടെ കർത്താവേ, ഞങ്ങൾ നിന്നെ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തു. ഞങ്ങൾ നിന്നെ തിന്നുതീർക്കാനല്ല; പിന്നെയോ, നീ മുഖാന്തിരം ഞങ്ങൾക്ക് ജീവൻ ഉണ്ടാകാൻ വേണ്ടിയത്രേ.

19. തിരിച്ചറിവുള്ളവർക്ക് നിന്റെ ചെരിപ്പിന്റെ വാറ് ഭീതികരമാണ്. ഗ്രഹണശക്തിയുള്ളവർക്ക് നിന്റെ വസ്ത്രത്തിന്റെ വിളുമ്പ് ഭയജനകമാണ്. നിന്നെ പരിശോധിക്കുന്നതിൽ ഞങ്ങളുടെ തലമുറ വിഡ്ഢികളായിത്തീർന്നു. നിന്റെ പുതുവീഞ്ഞുകൊണ്ട് അവർക്ക് മത്തുപിടിച്ചു.

20. വെള്ളത്തിന്മീതേ നടന്ന നിന്റെ പാദങ്ങളിൽ അത്ഭുതമുണ്ട്. മഹാസമുദ്രത്തെ നീ നിന്റെ പാദങ്ങൾക്ക് കീഴ്പ്പെടുത്തി. എങ്കിലും ചെറിയൊരു

57. സുഭാ.30,4;

58. സങ്കീ.110,1;മത്താ. 22,44;കുർബാന കൈയിൽ സ്വീകരിക്കുന്നതിന്റെ സൂചന. 59. സുഭാ.30,4

www.malankaralibrary.com

നദിയിലേക്ക് തലകുനിച്ച് അതിൽ സ്നാനപ്പെട്ടതിനാൽ, നീ നിന്നെത്തന്നെ അതിനു കീഴ്പ്പെടുത്തി.

21. നദിയിൽ സ്നാനം നൽകിയ യോഹന്നാൻ നദിക്ക് തുല്യനായിരുന്നു. നിസ്സാരതയിൽ ഒന്ന് മറ്റതിനെ പ്രതിഫലിപ്പിക്കുന്നു. എങ്കിലും രണ്ടിന്റെയും നാഥൻ ചെറിയ നദിക്കും ബലഹീനദാസനും വിധേയപ്പെട്ടു.

22. എന്റെ കർത്താവേ, ഇതാ, നിന്റെ മേശയിൽ നിന്നുള്ള അപ്പക്കഷണങ്ങളാൽ എന്റെ മടി ഇപ്പോൾ നിറഞ്ഞിരിക്കുന്നു. എന്റെ വസ്ത്രത്തിന്റെ പാളിയിൽ ഇനിയും ഒട്ടും ഇടമില്ല. ഞാൻ തിരുമുമ്പിൽ ആരാധിക്കുമ്പോൾ, നിന്റെ ദാനം തടഞ്ഞുവയ്ക്കുക. ഞങ്ങൾക്കു മറ്റൊരവസരത്തിൽ നൽകാൻ സുസജ്ജമാക്കി നിന്റെ ഭണ്ഡാരത്തിൽ സൂക്ഷിച്ചുവച്ചാലും.

# 11

## "സന്ദേശവാഹകൻ, നേതാവ്" എന്ന രീതി

1. എന്റെ കർത്താവേ, എനിക്കതിനു കഴിവില്ല. അതിനാൽ ഞാൻ ഉദ്യമിക്കുന്നില്ല. കാരണം, ഞാൻ തന്നെ പറക്കാൻ തുനിഞ്ഞാൽ ലക്ഷ്യത്തിൽ എത്തിച്ചേരുകയില്ല. എല്ലാറ്റിനും ഉപരിസ്ഥനായ നിന്നെ കൂടാതെ മുതിരുന്നവൻ തന്നെത്തന്നെ വഞ്ചിക്കുന്നു.

*പ്രതിസ്തോത്രം: നിന്നിൽ വിശ്വസിക്കുന്ന നിഷ്ക്കളങ്കരിൽ നിന്ന് നിനക്കു സ്തുതി.*

2. നിന്റെ സ്വഭാവം ഭയജന്യമാണെന്ന് കാണിച്ചുകൊണ്ട് അതിന്റെ നിശ്വസനം ഞങ്ങളെ കുറ്റപ്പെടുത്തുന്നു. നീ എത്ര ഉന്നതനും ശ്രേഷ്ഠനുമാണെന്ന് കാണിച്ചുകൊണ്ട്, നിന്റെ മഹനീയത ഞങ്ങളെ ഖണ്ഡിക്കുന്നു. വീണ്ടും, നന്ദിഹീനരുടെ പക്കലേക്ക് നീ എത്രമാത്രം താണിറങ്ങി എന്നു കാണിച്ചുകൊണ്ട് നിന്റെ സ്നേഹം ഞങ്ങളെ ലജ്ജിപ്പിക്കുന്നു.

3. പരിശോധകൻ ദൃശ്യമാംരീതിയിൽ നമുക്കൊരു തെളിവു നൽകണം. അവന്റെ നയനം മഹാമേരുവിനെ ദൂരെനിന്നു കാണട്ടെ. തന്റെ കഴിവിന് അതീതമായി അവൻ അവിടുത്തെ പരിശോധിച്ചതിനാൽ, അവന്റെ മനസ്സിനെ അവന്റെ നയനം കുറ്റപ്പെടുത്തട്ടെ.

4. അവന്റെ ഓട്ടം അവനെ കുറ്റപ്പെടുത്തുന്നു. അവന്റെ നയനം അവനെ ലജ്ജിപ്പിക്കുന്നു. ലോകം തന്റെ കൈക്കുമ്പിളിൽ ആയിരിക്കുന്നവന്റെ ഔന്നത്യത്തിലേക്ക് വഴിതെറ്റിപ്പോയതിന് അവന്റെ നാവ് അവനെ കുറ്റപ്പെടുത്തുന്നു.


www.malankaralibrary.com

5. ഘോരശബ്ദം കേൾക്കാൻ ചെവിക്ക് കഴിയില്ല. അതുപോലെ, പ്രശാന്തനിശ്ശബ്ദത ശ്രവിക്കാനുമാവില്ല. അപ്പോൾ പുത്രന്റെ സ്വരമോ, നിശ്ശബ്ദത തന്നെ ശബ്ദായമാനമായ പിതാവിന്റെ നിശ്ശബ്ദതയോ നാം എങ്ങനെ ശ്രവിക്കും?

6. 'ആകാശങ്ങൾ ദൈവത്തിന്റെ മഹത്വം വർണിക്കുന്നു'.[60] ഇതാ, സർവ നാവുകളിലും നിന്ന് എല്ലാ നാവുകളോടും സംസാരിക്കുന്ന നിശ്ശബ്ദത. തന്റെ നിർമാതാവിന്റെ മഹത്വം ആകാശം വിളംബരം ചെയ്യുന്നു.

7. എല്ലാ ഭാഷകളും ഗ്രഹിക്കാൻ കഴിയത്തക്കവിധം മനുഷ്യർ വളർന്നിട്ടില്ല. അരൂപികളായ മാലാഖമാരുടെ ഭാഷ മനസ്സിലാക്കാൻ കഴിയുമെങ്കിൽ മാത്രമേ പിതാവിനും പുത്രനുമിടയിൽ സംസാരിക്കുന്ന നിശ്ശബ്ദത ശ്രവിക്കാൻ അവന് തന്നെത്തന്നെ ഉയർത്താൻ കഴിയുകയുള്ളു.

8. മൃഗങ്ങളുടെ ശബ്ദത്തിൽ നിന്ന് വ്യത്യസ്തമാണ് നമ്മുടെ ഭാഷ. മാലാഖമാരുടെ ഭാഷ മറ്റെല്ലാറ്റിൽ നിന്നും വ്യത്യസ്തമാണ്. പിതാവ് തന്റെ വാത്സല്യവാനോട് സംസാരിക്കുന്ന നിശ്ശബ്ദത മാലാഖമാർക്ക് അപരിചിതമാണ്.

9. അവനാണ് നല്ലവൻ: അവൻ നമ്മുടെ കാഴ്ചയ്ക്ക് എല്ലാ രൂപങ്ങളിലും വസ്ത്രം ധരിച്ചതുപോലെ, നമ്മുടെ പ്രബോധനത്തിനായി എല്ലാ സ്വരങ്ങളിലും വസ്ത്രം ധരിച്ചു. അവന്റെ സ്വഭാവം ഏകമാണ്, നിനക്കതു കാണാനാകും. അവന്റെ നിശ്ശബ്ദത ഏകമാണ്, നിനക്കത് കേൾക്കാനാകും.

10. അവനിൽ നിന്നുള്ള പുത്രനും കഴിവുറ്റവനാണ്. അവന്റെ സ്വഭാവത്തിന് അന്യനായവൻ അവനെപ്പറ്റിയുള്ള അന്വേഷണത്തിനും അപര്യാപ്തനായിരിക്കും. അദൃശ്യനിലേക്ക് നയിക്കുന്ന പാതയില്ലാത്തതിനാൽ സത്യമായും അവനു വഴിതെറ്റുന്നു.

11. പ്രാർഥനകളുടെ അർപ്പണം തന്റെ കവാടത്തിലെത്താൻ സ്രഷ്ടാവ് സൃഷ്ടികൾക്കൊരു പാതതെളിച്ചു. ആ പാതയിലൂടെ വന്ന് ദിവ്യസത്തയെ പരിശോധിക്കാൻ അല്ലായിരുന്നു അവനത് തെളിച്ചത്.

12. പ്രാർഥനയുടെ കാഴ്ചയും വഹിച്ചുകൊണ്ട് ഒരാൾ കടന്നുവന്നാൽ, പാത തന്നെ അവന് വഴിതെളിക്കുകയും അവനെ നയിക്കുകയും ചെയ്യും. അവനെ കാണുമ്പോൾ അവന്റെ കാഴ്ചയുടെ മുമ്പിൽ കതകും തനിയേ തുറക്കും.

13. ദൈവികൗന്നത്യം പരിശോധിക്കാൻ ആരെങ്കിലും ഒരുമ്പെട്ടാൽ, പാതതന്നെ മറഞ്ഞിരിക്കുകയും കതകുകൾ താനേ അടഞ്ഞിരിക്കുകയും

60. സങ്കീ.19,1 (പ്ശീതാ)

www.malankaralibrary.com

ചെയ്യും. പാതരഹിത മരുപ്രദേശത്തും ഏകാന്തസ്ഥലത്തും പാഴ്നിലത്തും ധിക്കാരി സത്യമായും അലഞ്ഞുനടക്കും.

14. നിന്റെ ദൈവത്വത്തിന് മതിയായവനാണ് താനെന്ന് കരുതിയവനെ സാത്താനാണ് അവിടെ എത്തിച്ചതെന്ന് നമുക്ക് ഗ്രഹിക്കാം. നിന്നെ സംബന്ധിച്ച് അവന് വഴിതെറ്റിയതിനാൽ, ഒരിക്കൽ പോലും നിന്നെ വിവേചിച്ചറിയാഞ്ഞതിനാൽ, അവന്റെ പ്രകൃതി തന്നെ അവനെ കുറ്റപ്പെടുത്തുന്നു.

15. മരണവും അതിന്റെ സത്തയും എന്താണെന്നറിയാതിരിക്കെ, മരണത്തെ കീഴടക്കാമെന്ന് ചിന്തിക്കുന്നവൻ ഭോഷനാണ്. നിന്റെ സ്വഭാവത്തിനുപരിയായി തന്റെ സ്വന്തം സ്വഭാവം വയ്ക്കുന്നവനോടുകൂടെ വിജ്ഞാനം നിലനിൽക്കുന്നില്ല.

16. നിന്റേത് കണ്ടെത്താതെ, തന്റെ സ്വന്തമായത് നഷ്ടപ്പെടുത്തിയവൻ കുറ്റക്കാരനാണ്. തന്റേത് അവഗണിച്ചിട്ട് നിന്നെ പരിശോധിക്കാൻ കഴിയുമെന്ന് അവൻ കരുതി. നിന്റെ വിജ്ഞാനം നിന്നിലും അവന്റേത് അവനു പുറത്തുമാകയാൽ, അവൻ നിനക്ക് ഇടിവ് വരുത്തുന്നില്ല.

17. എന്റെ വായ് നിന്റെ മുമ്പിൽ പരാജയപ്പെടുന്നു. അതിൽ ഞാൻ സന്തോഷിക്കുന്നു. അത് പരാജയപ്പെട്ടില്ലായിരുന്നെങ്കിൽ, ഇരുഭാഗത്തുനിന്നും ദൈവനിന്ദ ആകുമായിരുന്നു. മനുഷ്യസ്വഭാവം ദൈവസ്വഭാവത്തേക്കാൾ വലുതായിരിക്കുക അസാധ്യമാണ്!

18. എണ്ണമറ്റ വിരുന്നുകാർ നിന്റെ വിരുന്നിന് അതിയായി ആഗ്രഹിക്കുന്നു. അതിഥികളിലും അവരുടെ വസ്ത്രങ്ങളിലും നിന്റെ വിരുന്ന് സന്തുഷ്ടമായിരിക്കുന്നു. നിറയെ എണ്ണയുള്ള വിളക്കുകളോടുകൂടിയ കന്യകകൾക്കായി നിന്റെ മണവറ കാത്തിരിക്കുന്നു.[61]

19. അനേകം ക്ഷണിതാക്കൾ വളരെ താൽപര്യപൂർവം നിന്റെ വാതിലിനായി കാത്തിരിക്കുന്നു. എന്നാൽ നിന്റെ വാതിൽ ഇടുങ്ങിയതാകയാൽ, അതു വെറുക്കുന്ന സമ്പത്തെല്ലാം ദൂരെയെറിഞ്ഞ് അതിലൂടെ കടക്കാൻ കഴിയുന്നവർ ചുരുക്കമാണ്.[62]

20. ഞങ്ങൾ പരിശോധനയിൽ തികഞ്ഞവരും പരീക്ഷയിൽ തെളിയിക്കപ്പെട്ടവരും ആയതിനാൽ, ഞങ്ങളെപ്രതി നിന്റെ തീച്ചൂള സന്തോഷിക്കുന്നു. അതിന്റെ മുദ്ര കുത്തിയിരിക്കുന്നതിനാൽ, കർത്താവേ, നിന്റെ സത്യത്തിന്റെ മുദ്ര ഞങ്ങളുടെ സംസാരത്തിലും ചിന്തയിലും കുത്തണമെ.

---

61. മത്താ. 22,12;25,1ff.

62. മത്താ 20,16;7,13


www.malankaralibrary.com

21. നിന്റെ പക്കലേക്കുള്ള ഞങ്ങളുടെ നീണ്ട പാത അവന്റെ കാരുണ്യത്താൽ ഹ്യസ്വമായിത്തീർന്നു. ബലഹീനർക്കുവേണ്ടി അവൻ അതിന്റെ നീളം സ്നേഹപൂർവം കുറച്ചിരിക്കുന്നു. അവന്റെ കീർത്തി വർദ്ധിക്കാനായി അവന്റെ മല ധിക്കാരികളുടെ മുമ്പിൽ നീ സ്ഥാപിച്ചിരിക്കുന്നു. നിന്റെ വിജ്ഞാനത്തിന് സ്തുതി.

22. ശത്രുവിനെ ലജ്ജിപ്പിച്ച ജേതാവിൽ നിന്റെ മഹത്വസിംഹാസനവും നീതിപീഠവും സന്തോഷിക്കുന്നു. നിന്റെ കാരുണ്യം ബലഹീനരെ താങ്ങുന്നു. ഗേഹെന്നായ്ക്കുപോലും നിന്റെ പനിമഞ്ഞ് കുളിർമ നൽകുന്നു.

# 12

## “സന്ദേശവാഹകൻ, നേതാവ്” എന്ന രീതി

1. സത്യമാകുന്ന ഉപ്പുകൊണ്ട് ഞങ്ങളുടെചിന്തകൾ ആസ്വാദ്യകരമാക്കണമെ. ഭക്ഷിക്കുന്നവർക്ക് ആസ്വാദ്യകരമായ ഫലങ്ങൾ അത് പുറപ്പെടുവിക്കട്ടെ. ഉൾക്കാഴ്ചയും സൂക്ഷ്മദൃഷ്ടിയും വിചിന്തനവും ഒന്നിച്ചുചേർത്ത് ശിശുക്കളുടേതുപോലുള്ള കാതുകൾക്ക് നൽകട്ടെ.

*പ്രതിസ്തോത്രം: നിനക്കും നിന്റെ ജനകനായ പിതാവിനും സ്തുതി.*

2. നിന്റെ പരിശോധനയുടെ തീച്ചൂള ഇതാ, സജ്ജമായിരിക്കുന്നു. നമ്മിലോരോരുത്തരും കുത്തിയ മുദ്രയും പഠിപ്പിച്ച പ്രബോധനവും അതിലേക്ക് കൊണ്ടുവരുന്നു. സത്യത്തിന്റെ രൂപവും ഛായയും ധരിച്ച വഞ്ചനയാണെങ്കിൽ, തീച്ചൂള അത് വെളിപ്പെടുത്തും.

3. നിന്റെ ത്രാസ് തൂക്കിയിട്ടിരിക്കുന്നു. ഞങ്ങളുടെ ചിന്തകൾ ഞങ്ങൾ അതിൽ തൂക്കിനോക്കുന്നു. നിന്റെ തിരുഹിതവുമായി താരതമ്യപ്പെടുത്തി ഞങ്ങളുടെ ഇച്ഛ തൂക്കിനോക്കാം. ഞങ്ങളുടെ ഇച്ഛ തിരുഹിതത്തേക്കാൾ വളരെ ഭാരം കുറഞ്ഞതാണെങ്കിൽ, നിന്റെ കാരുണ്യത്താൽ അതിനെ പൂർണമാക്കണമെ.

4. നിന്റെ ത്രാസിന്റെ തട്ടുകൾ കൃപയും നീതിയുമാണ്. എങ്ങനെ അഥവാ എപ്പോൾ അവ രണ്ടും തുല്യമാകുമെന്നത് നിനക്കു മാത്രം അറിയാം. അവ തുല്യമല്ലെങ്കിലും തുല്യമാണ്. കാരണം, സകലത്തിന്റേയും ഏക കർത്താവിന് അവ പരസ്പരവിരുദ്ധമല്ല.

5. കുറച്ചുമാത്രം കൊണ്ട് ചെറിയവരിൽ നിന്റെ ത്രാസ്സ് സംപ്രീതമാണ്; ഇടയ്ക്കുള്ളവരിൽ തങ്ങളുടെ തൂക്കം അനുസരിച്ചും പരിപൂർണരിൽ

www.malankaralibrary.com

പൂർണമായും. പരിശോധകരിൽ പോലും കാരുണ്യത്തിന്റെ ത്രാസുകൾ കൊണ്ടാണ് നീ തൂക്കുന്നത്.

6. ഇതാ, നിന്റെ രാജ്യത്തിന്റെ ഉള്ളറ നിഷ്ക്കളങ്കരെ നോക്കുന്നു. കർത്താവേ, നിന്റെ പറുദീസായും പരിപാവനരെ നോക്കുന്നു. നിന്റെ രാജ്യത്തിലെ മേശ, അവിടെ ഇരിക്കാനുള്ള നിന്റെ പന്ത്രണ്ടുപേരേ കാത്തിരിക്കുന്നു.

7. നിന്റെ മഴകൊണ്ട് എല്ലാം വളരുന്നു. നിന്റെ പനിമഞ്ഞാൽ എല്ലാം പച്ചപിടിക്കുന്നു. നിന്റെ പ്രബോധനം അദൃശ്യധരയ്ക്ക് അദൃശ്യമഞ്ഞാണ്. കർത്താവേ, കർഷകനെപ്പോലെ ഫലം ശേഖരിക്കുക; അനുരഞ്ജനത്തിന്റെ ആ കതിർകുല നിന്റെ പിതാവിന് സമർപ്പിക്കുക.

8. ഈജിപ്തിൽ നിന്നുള്ളതും കാട്ടുപന്നി നശിപ്പിച്ചതുമായ മുന്തിരിയുടെ ഒരു തണ്ടാണ് നീ. അത് തളിരിട്ട് അതിൽ മുന്തിരിക്കുലയുണ്ടായി. അത് അനുഗൃഹീത മുന്തിരിക്കുലയും ജീവൗഷധവും വഹിച്ചു.[63]

9. പരിച്ഛേദിതരുടെ ഇടയിൽ നിന്നും കളകളുടെ നാട്ടിൽ നിന്നും പുതിയ അപ്പത്തിനുള്ള കതിർക്കുല നമ്മുടെ പക്കലേക്കുവന്നു. കയ്പ്പിൽ നിന്ന് മധുരഫലവും കൊലപാതകികളിൽനിന്ന് എല്ലാവരെയും സൗഖ്യമാക്കിയ വൈദ്യനും വന്നു.

10. മധുരമുള്ള വേരിൽനിന്ന് ദാവീദിന്റെ പുത്രനെത്തി. വരണ്ട ഭൂമിയിൽ നിന്ന് കാരുണ്യത്തിന്റെ ഉറവ നമ്മിലേക്കൊഴുകി. വരണ്ട ഭൂമിയിൽ കാരുണ്യം വർഷിച്ച ഉറവയെ നാമെങ്ങനെ നിരസിക്കും?

11. നിന്റെ താക്കോൽ തേടുന്നവർക്ക് അത് തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ബലപ്രയോഗത്താൽ എടുത്തുകൊണ്ടുപോകുന്ന കള്ളനിൽ നിന്റെ നിക്ഷേപം സന്തോഷിക്കുന്നു. കാരണം, തന്റെ അരിഷ്ടതയ്ക്ക് മരുന്നായി നിന്റെ വസ്ത്രത്തിന്റെ കോണിൽ നിന്ന് ഔഷധം മോഷ്ടിച്ചെടുത്ത സ്ത്രീയിൽ നീ സന്തോഷിച്ചു.[64]

12. കർത്താവേ, പാപികളെ മാറ്റത്തിനു വിധേയരാക്കി അനുതാപത്തിലേക്കു നയിക്കുന്നതിന്, നിന്റെ പുളിപ്പ് പാപികളുടെ ഗണത്തെ കാത്തിരിക്കുന്നു. നിന്റെ വെളിച്ചം സത്യപാത തെളിക്കുന്നു; ഇടർച്ചക്കല്ലുകൾ നീക്കി അത് വൃത്തിയാക്കുന്നു.[65]

13. കർത്താവേ, ഒന്നുമില്ലാത്തവൻ സമ്പന്നനാകാൻ, നിന്റെ നാണയം അവനോട് കാരുണ്യം കാണിക്കുന്നു. എളിയവരുടെ പക്കലേക്ക് നിന്റെ *മീനാ*

63. സങ്കീ.80,8.13.

64. മത്താ.6,19;13,44;9,20ff.

65. മത്താ.13,33


www.malankaralibrary.com

പത്തു കൊണ്ടുവരുന്നു. അലസന്റെ പക്കലേക്ക് നിന്റെ പത്ത് *താലന്ത്* വരാൻ ആഗ്രഹിക്കുന്നു. എല്ലാവരെയും സമ്പന്നരാക്കുന്നവന് സ്തുതി.[66]

14. കർത്താവേ, ജേതാവിൽ നിന്റെ ആയുധം സന്തോഷിക്കുന്നു. തുറന്ന വായോടും സ്വതന്ത്ര നയനങ്ങളോടുംകൂടെ ഉത്സാഹികളോടൊപ്പം തന്റെ ശമ്പളം ചോദിക്കുന്ന അലസനെപ്രതി നിന്റെ മുന്തിരത്തോട്ടം സന്തോഷിക്കുന്നു. എല്ലാവർക്കും പ്രതിഫലം നൽകുന്നവന് സ്തുതി.[67]

15. കർത്താവേ, മത്സരക്കാരെ കീഴടക്കുന്നതിൽ നിന്റെ നുകം സന്തോഷിക്കുന്നു. ചെന്നായ്ക്കളുടെ കൂട്ടത്തെ ചിതറിച്ചതിൽ നിന്റെ ചെങ്കോൽ സന്തോഷിക്കുന്നു.[68] കർത്താവേ, ആക്രമിക്കപ്പെട്ട ആടുകളെ മേച്ചിൽസ്ഥലങ്ങളിൽ ഒന്നിച്ചുചേർത്തതിൽ നിന്റെ നുകം സന്തോഷിക്കുന്നു. എല്ലാവരുടെയും ഇടയനു സ്തുതി.

16. ഞങ്ങളുടെ കപ്പൽ നങ്കൂരമിടുന്നതിന് നിന്റെ തുറമുഖം അതിനെ പാർത്തിരിക്കുന്നു. നീ, നിന്റെ ആത്മാവ്, കാരുണ്യത്തിന്റെ തുഴയാൽ സ്നേഹത്തിൽ അതിനെ നയിക്കട്ടെ. കർത്താവേ, അതു കടന്നുവന്ന്, അത്യാഗ്രഹിയായ കടലിന്റെ വായടയ്ക്കട്ടെ. നിന്റെ സഹായത്തിനു സ്തുതി.

17. അടിസ്ഥാനം പാറമേലായിരിക്കുന്നതിനും കാണുന്നവരെല്ലാം നിന്നെ മഹത്വപ്പെടുത്തുന്നതിനും നിന്റെ പാറ പണിക്കാരെ നോക്കിയിരിക്കുന്നു.[69] കർത്താവേ, അവരുടെ ഗോപുരം അവഹേളനാവിധേയമാകരുതേ. നിന്നിലൂടെ അത് പൂർത്തീകരിക്കപ്പെടട്ടെ. എല്ലാറ്റിനെയും പൂർത്തീകരിക്കുന്നവന് സ്തുതി.

18. ഉഴുതുമറിക്കാനായി നിന്റെ വിത്ത് പറമ്പുകൾ തേടുന്നു. ചെറിയവരിൽ നിന്ന് നിന്റെ വിത്ത് മുപ്പതു മടങ്ങും ഇടത്തരക്കാരിൽ നിന്ന് അറുപതു മടങ്ങും പരിപൂർണരിൽ നിന്ന് നൂറുമടങ്ങും മടക്കിക്കൊണ്ടുവരട്ടെ.[70]

19. നിന്റെ കണ്ണാടി സുവ്യക്തവും പൂർണമായി നിന്റെ നേർക്ക് തിരിഞ്ഞിരിക്കുന്നതുമാണ്. തങ്ങളെത്തന്നെ സംശുദ്ധരാക്കാൻ, വൃത്തികെട്ടവരെ നിന്റെ ശോഭ പ്രേരിപ്പിക്കുന്നു. കാരണം, തന്റെ കളങ്കം കഴുകിക്കളയാതെ അശുദ്ധന് നിന്നോട് ചേരാനാവില്ല.

20. തന്റെ കരുണയാൽ നമ്മോട് ദയ കാണിക്കാൻ നിന്റെ ഈസോപ്പ് ഞങ്ങളെ നോക്കിയിരിക്കുന്നു.[71] കർത്താവേ, നിന്റെ കാരുണ്യത്തിന്റെ തളി

66. ലൂ.19,13ff. മത്താ.25,14ff.
67. മത്താ.20,1ff.
68. മത്താ. 11.29.
69. ലൂക്കോ 14,28ff.
70. മത്താ.13,8
71. സങ്കീ.51,7

www.malankaralibrary.com

പ്പാൽ ഞങ്ങൾ സംശുദ്ധരായിത്തീരട്ടെ. നീതിമാനായ കർത്താവ് തന്റെ സൗന്ദ ര്യത്താൽ നമ്മെ അലങ്കരിക്കുന്നെങ്കിലും, നമ്മുടെ വൃത്തികേടിൽ ഒട്ടും സംപ്രീതനല്ല.

# 13

## "സന്ദേശവാഹകൻ, നേതാവ്" എന്ന രീതി

1. പിതാവിനെ ഏറ്റുപറയുന്നെങ്കിലും ഏകജാതനെ നിഷേധിക്കുന്ന വഞ്ചന ഇപ്പോൾ പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു. അതിൽ നിന്ന് ഞാൻ എന്റെ വിശ്വാസം സംരക്ഷിക്കും. താർക്കികർ എല്ലാ ഉന്നതകാര്യങ്ങളിലേക്കും പറ ന്നുകയറിയതിനാൽ, ഞാൻ സത്യത്തിന്റെ കോട്ടയിൽ എന്റെ വിശ്വാസം കാത്തുസൂക്ഷിക്കും.

*പ്രതിസ്തോത്രം : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

2. ഞാൻ എന്റെ വിശ്വാസം പിതാവിന്റെ പക്കൽ കൊണ്ടുവന്നു. അ വൻ തന്റെ പിതൃത്വം കാണിച്ചു. ഞാൻ അതിനെ പുത്രന്റെ പക്കൽ കൊണ്ടു വന്നു, അവൻ അതിനെ തന്റെ സത്തയുമായി ബന്ധിച്ചു. പരിശുദ്ധാത്മാവും അതിനെ പവിത്രീകരിക്കുകയും അതിൽ എല്ലാറ്റിനെയും പവിത്രീകരിക്കുന്ന മുദ്ര കുത്തുകയും ചെയ്തു.

3. മുദ്ര കുത്തപ്പെടാത്ത വിശ്വാസം തെറ്റാണ്. പരീക്ഷണങ്ങൾ വന്നാൽ നാം നമ്മെത്തന്നെ സുസജ്ജരാക്കണം. മാനസ്സിക പീഡനങ്ങൾക്കോ, മര ണത്തിനോ, ശരീരം കത്തിക്കലിനോ, എന്തിനാണ് നമ്മെ കീഴടക്കാൻ കഴിയുക?

4. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'ഉയരത്തിനോ, ആഴത്തിനോ, വാളിനോ നമ്മുടെ വിശ്വാസം വെട്ടിമാറ്റാനാവില്ല.' നീതിസൂര്യനിൽ നിന്ന് വെട്ടിമാറ്റാനാകാത്ത കിരണത്തെ ആർക്കു വെട്ടിമാറ്റാനാകും?[72]

5. മൂന്നു നാമങ്ങളിലാണ് നമ്മുടെ സ്നാനം നിലനിൽക്കുന്നത്. മൂന്നു ദിവ്യരഹസ്യങ്ങളാൽ നമ്മുടെ വിശ്വാസം വിജയിക്കുന്നു. മൂന്നു നാമങ്ങളിൽ നാം അഭയം തേടാൻ അതിനെ പന്ത്രണ്ടുപേർക്ക് നമ്മുടെ കർത്താവ് നൽകി.

6. മുദ്രയിടപ്പെടാത്ത ആത്മാവ് അലഞ്ഞുനടക്കുന്ന ആടുപോലെയാ ണ്. ഏകനാമത്തിൽമാത്രം മുദ്രയിടപ്പെട്ടതിനെയും നിരസിക്കണം. മോഷ്ടി ച്ചെടുത്ത മുദ്രയുള്ളതും വഴിതെറ്റുന്നു. തനിക്കുവേണ്ടി നമ്മെ മുദ്രകുത്തി യവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

72. റോമ.8,35.39


www.malankaralibrary.com

7. പ്രബോധനം വിശ്വാസത്തിന്റെ നിക്ഷേപമാണ്. സ്വരമാണ് താക്കോൽ, നാവ് ഭണ്ഡാരസൂക്ഷിപ്പുകാരനെപ്പോലെയാണ്. ശ്രോതാക്കൾക്ക് സത്യം അവതരിപ്പിക്കുന്നതിനും സമ്മാനിക്കുന്നതിനും വിശ്വാസം ഒരിക്കലും മടിച്ചിട്ടില്ല.

8. കാഹളത്തിനും വിശ്വാസത്തിനും മൂകത അപരിചിതമാണ്. കാഹളം ഒരിക്കലും ഉൾമുറിയിൽ പതിഞ്ഞ സ്വരത്തിൽ ഊതാറില്ല. വിശ്വാസവും അതുപോലെ, സത്യം മറച്ചുവയ്ക്കുകയോ, രഹസ്യമായോ നിഗൂഢസ്ഥലത്തോ പറയുകയോ ഇല്ല.[73]

9. ഒറ്റഫലം മാത്രം ഉത്പ്പാദിപ്പിക്കുകയും ആ ഫലം എന്നും നിലനിൽക്കുകയും ചെയ്യുന്ന മരം ആര് കണ്ടിട്ടുണ്ട്? എന്നാൽ വിശ്വാസം എന്ന ഒന്നിൽ സത്യം തൂങ്ങിക്കിടക്കുന്നു. കാരണം, സത്യം ഏകമാകുന്നു.

10. കർത്താവേ, എന്റെ നാവ് വിശ്വാസത്തെപ്രതി നിശ്ശബ്ദമാകുകയോ, നിയന്ത്രിക്കപ്പെടുകയോ ചെയ്യാതിരിക്കട്ടെ. നിനക്ക് ഒരർപ്പണമായി അതെന്റെ ചുണ്ടുകളിൽ നിന്നുയരട്ടെ. ഇതാ, സംസാരിക്കാനും നിശ്ശബ്ദമായിരിക്കാനും കഴിയുന്ന അവയവങ്ങളിൽ നിന്ന്, എന്റെ നാവ് അത് നിനക്കായി ശേഖരിച്ചിരിക്കുന്നത് കാണുക.

# 14

## "സന്ദേശവാഹകൻ, നേതാവ്" എന്ന രീതി

1. എന്റെ കർത്താവേ, നിന്നെ ഞാനൊരു സംഗീതവിരുന്നിനു ക്ഷണിച്ചു. എന്നാൽ സ്തുതിയുടെ ശബ്ദമാകുന്ന വീഞ്ഞ് ഞങ്ങളുടെ വിരുന്നിൽ തീർന്നുപോയി. നല്ല വീഞ്ഞുകൊണ്ട് ഭരണികൾ നിറച്ച അതിഥിയായ നീ, നിന്റെ സ്തുതികൊണ്ട് എന്റെ വായ് നിറച്ചാലും![74]

*പ്രതിസ്തോത്രം: നിന്റെ സത്യത്തെ ഭയപ്പെടുന്ന എല്ലാവരിൽനിന്നും നിനക്കു സ്തുതി.*

2. ആ വീഞ്ഞുകുടിച്ച് അത്ഭുതം കണ്ടവരും സ്തുതികൾക്ക് ജന്മമേകിയതിനാൽ, ഭരണികളിലെ ആ വീഞ്ഞ് സ്തുതിജനകമായ ഈ വാചാല വീഞ്ഞുമായി ബന്ധപ്പെട്ടതും അതുപോലെയുള്ളതുമായിരുന്നു.

3. എന്റെ കർത്താവേ, നിന്റേതല്ലാത്ത ഒരു കല്യാണവിരുന്നിൽ നല്ല

73. ലൂ.12,3

74. യോഹ.2,1ff.

www.malankaralibrary.com

വീഞ്ഞുകൊണ്ട് ആറ് കൽഭരണികൾ നിറച്ച നീതിമാനായ നീ ഈ കല്യാണവിരുന്നിൽ ഭരണികളല്ല, പതിനായിരം കാതുകൾ മാധുര്യത്താൽ നിറച്ചാലും.[75]

4. യേശുവേ, മറ്റുള്ളവരുടെ വിവാഹവിരുന്നിലേക്കാണ് നീ ക്ഷണിക്കപ്പെട്ടത്. ഇതാ, നിന്റെ വെടിപ്പും ശോഭയുമുള്ള വിവാഹവിരുന്ന് നിന്റെ ജനത്തെ സന്തോഷിപ്പിക്കട്ടെ. എന്റെ കർത്താവേ, നിന്റെ അതിഥികൾക്കും നിന്റെ കീർത്തനങ്ങൾ ആവശ്യമാണ്; നിന്റെ വീണ മീട്ടട്ടെ.

5. നിന്റെ ആത്മാവ് നിന്റെ വധുവും നിന്റെ ശരീരം നിന്റെ മണവറയും ഇന്ദ്രിയങ്ങളും ചിന്തകളും നിന്റെ അതിഥികളുമാണ്. ഒരൊറ്റ ശരീരം നിനക്ക് കല്യാണവിരുന്നാണെങ്കിൽ, സഭയ്ക്ക് മുഴുവനും വേണ്ടിയുള്ള നിന്റെ സദ്യ എത്ര വലുതായിരിക്കും!

6. പരിപാവനൻ സിനഗോഗിനെ സീനായ് മലയിൽവച്ച് വധുവായി സ്വീകരിച്ചു. തൂവെള്ളവസ്ത്രത്താൽ അവൻ അവളുടെ ശരീരത്തെ പ്രശോഭിതമാക്കി. എന്നാൽ അവളുടെ ഹൃദയം ഇരുണ്ടിരുന്നു. അവൾ കാളക്കുട്ടിയുമായി വ്യഭിചാരം നടത്തി. അത്യുന്നതനെ അവൾ നിന്ദിച്ചു. അതുകൊണ്ട്, അവൻ അവളുടെ ഉടമ്പടിപ്പലകകൾ ഉടച്ചുകളഞ്ഞു.[76]

7. തന്റെ സ്വരമുയർത്തിക്കൊണ്ട്, സ്വന്തം മണവറയിൽ വഞ്ചന കാണിച്ച വധുവിന്റെ അമളിയും നാണക്കേടും ആരെങ്കിലും എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? ചതി പ്രയോഗിച്ചിട്ട് നിലവിളിച്ച, യൗസേപ്പിന്റെ സ്വാമിനിയിൽ നിന്ന് ഈജിപ്തിൽ താമസിച്ച കാലത്താണ് അവളിതു പഠിച്ചത്.[77]

8. മറ്റൊരധർമമായി, തങ്ങളുടെ രാജാവിനെതിരെ അവൾ നിലവിളിച്ച ദിവസം സൂര്യൻ ഇരുണ്ടതുപോലെ, മേഘത്തൂണും അഗ്നിത്തൂണും തങ്ങളുടെ രശ്മികളെ തങ്ങളിലേക്കു തന്നെ പിൻവലിച്ചു.[78]

9. എന്റെ കർത്താവേ, നിന്റെ സ്തുതിയിൽനിന്ന് എന്റെ വീണയ്ക്ക് എങ്ങനെ വിശ്രമിക്കാനാകും? ഞാൻ എങ്ങനെ എന്റെ നാവിനെ അവിശ്വസ്തത അഭ്യസിപ്പിക്കും? എന്റെ നഗ്നതയിൽ നിന്റെ സ്നേഹം എനിക്ക് ആത്മവിശ്വാസം പകർന്നുതന്നു. എങ്കിലും എന്റെ ഇച്ഛ ഇപ്പോഴും നന്ദിയില്ലാത്തതാണ്.

10. മനുഷ്യർ നിന്റെ ദൈവത്വത്തെ അംഗീകരിക്കുക ഉചിതമാണ്. സ്വർഗീയജീവികൾ നിന്റെ മനുഷ്യത്വത്തെ ആരാധിക്കുക ഉചിതമാണ്. നീ എത്ര നിസ്സാരനായി എന്നതിൽ സ്വർഗീയജീവികളും നീ എത്ര മഹോന്നതനാണെന്നതിൽ ഭൗമികരും അത്ഭുതപ്പെടട്ടെ.

---

75. യോഹ.2,6. 76. പുറ.19,14;32,1ff.;19,17ff.

77. ഉല്പ.39,15. 78. സംഖ്യ 14,14


www.malankaralibrary.com

# 15

## “സന്ദേശവാഹകൻ, നേതാവ്” എന്ന രീതി

1. മനുഷ്യർ മാനുഷികകാര്യങ്ങൾ കൈകാര്യം ചെയ്യട്ടെ. മർത്യർ കൽപ്പിക്കപ്പെട്ടവയെപ്പറ്റി ചിന്തിക്കട്ടെ. പാപി തന്റെ മുറിവിന് പറ്റിയ മരുന്ന് തേടട്ടെ.

*പ്രതിസ്തോത്രം: വിശകലനാതീതമായ നിന്റെ ജനനത്തിനു സ്തുതി.*

2. വിവേകി നിശ്ശബ്ദതയിൽ ദൈവത്വത്തെ ബഹുമാനിക്കട്ടെ. പണ്ഡിതൻ മൂകതയിൽ ഔന്നത്യത്തെപ്പറ്റി ആശ്ചര്യപ്പെടട്ടെ. വിജ്ഞാനി മനോഹരഗീതങ്ങളിൽ കുട്ടികളോട് നിന്റെ രാജ്യത്തിന്റെ മഹത്വം പ്രഘോഷിക്കട്ടെ.

3. നമ്മെത്തന്നെ മറന്ന്, നമ്മുടെ ദൈവത്തെപ്പറ്റി നമുക്ക് സംശയിക്കാതിരിക്കാം. നമുക്ക് നമ്മുടെ മനസ്സിനെയും ചിന്തയെയും തൂക്കിനോക്കാം. സർവജ്ഞാനിയെ പരിശോധിക്കാൻ നാം എത്ര നിസ്സാരരും വിഡ്ഢികളുമാണെന്ന് മനസ്സിലാക്കാം.

4. നിന്റെ വിശകലനത്തിൽ നിന്ന് വളരെ ഉപരിസ്ഥമായ ആ ജനനം നിന്റെ മനസ്സിൽ നീ എങ്ങനെ വിഭാവന ചെയ്യുന്നെന്ന് എന്നോടു പറയുക. നിനക്കും നിന്റെ അന്വേഷണത്തിനും മധ്യേ തീരെ ചെറിയ അകലമേയുള്ളു എന്ന് നീ കരുതുന്നുവോ?

5. നിശ്ശബ്ദതയിൽ നിന്റെ വായ് മുദ്രവയ്ക്കുക. നിന്റെ നാവ് എടുത്തു ചാടാതിരിക്കട്ടെ. നീ നിർമിക്കപ്പെട്ട ഒരു സൃഷ്ടിയും കളിമൺസന്തതിയും ആണെന്നും നീ പരിശോധിക്കുന്ന സംഗതികളിൽ നീയും പുത്രനും തമ്മിൽ സീമാതീത ഗർത്തവും അന്തരവും ഉണ്ടെന്നും ഗ്രഹിച്ചാലും.

6. ഘനമേറിയവ ബലഹീനർക്കുള്ളതല്ല. പ്രയാസമേറിയവ സഹായം ആവശ്യമുള്ളവർക്കുള്ളതല്ല. തന്റെ നാവ് തന്റെ സ്രഷ്ടാവിങ്കലേക്ക് പറക്കാൻ ധൃതിപ്പെടത്തക്കവിധം ധരയിൽ നിന്നുള്ളവൻ ധിക്കാരപൂർവം തന്നെത്തനെ ഉയർത്താതിരിക്കട്ടെ.

7. പരിശോധിക്കുന്നവൻ മുറിവേറ്റ അവയവമാണ്. ശരീരത്തിനു മുഴുവൻ ദോഷകരമാകാതിരിക്കാൻ, അവൻ സൗഖ്യം പ്രാപിക്കട്ടെ. അത് വിഷലിപ്തമാകയാൽ, സർവവേദനസംഹാരി അതിനെ മുറിച്ച് തന്റെ പുൽമേട്ടിൽനിന്ന് ദൂരെ എറിഞ്ഞുകളയട്ടെ.

8. അന്വേഷണം നടത്തുന്നവൻ നശിച്ചവന്റെ സ്നേഹിതനാണ്. പരി

www.malankaralibrary.com

ശോധന നടത്തുന്നവൻ വഴിതെറ്റിയവന്റെ സഖിയാണ്. നശിച്ചവൻ ഒരിക്കലും തന്നെത്തന്നെ അന്വേഷിക്കുകയോ, കണ്ടെത്തുകയോ ചെയ്യുന്നില്ല. അതു പോലെയാണ് താർക്കികനും.

9. അവയവം ആയിരിക്കുന്നവൻ ക്രിസ്തുവിൽ വിശ്വാസം അർപ്പിക്കട്ടെ. അവന്റെ നാവ് തന്റെ സ്വന്തം വേരിനെപ്പറ്റി സംശയിക്കാതിരിക്കട്ടെ. തന്റെ ഫലം കയ്പ്പുള്ളതെന്നു കണ്ടാൽ കർഷകൻ ആ ശാഖ വെട്ടി ദൂരെ എറിഞ്ഞുകളയും.[79]

10. തർക്കം വഴി നമ്മുടെ ചിന്താശക്തിയെ അന്ധമാക്കാതിരിക്കാം. നമ്മുടെ മനസ്സ് അന്ധമായാൽ, തിളക്കമാർന്ന നയനങ്ങളോടെ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും തേടാൻ അതിനു കഴിവില്ലാതെ വരും.

11. ആരും വാളിനു പകരം തന്റെ നാവ് ഉപയോഗിക്കരുത്. നമ്മുടെ ചിന്തകൾ വചനത്തിനെതിരെ വില്ലായി തീരരുത്. നമ്മുടെ ദുഷിച്ച ചോദ്യങ്ങൾ ശ്രോതാക്കളിലേക്ക് കൊടിയവിഷം ചീറ്റുന്ന സർപ്പമാകാതിരിക്കട്ടെ.

# 16

## "സന്ദേശവാഹകൻ, നേതാവ്" എന്ന രീതി

1. എന്റെ കർത്താവേ, നിന്നെ പ്രകീർത്തിക്കാതിരിക്കാൻ നിന്റെ ദാസന് എങ്ങനെ കഴിയും? നിന്നെ സ്തുതിക്കുന്നതിൽ നിന്ന് എന്റെ നാവ് എങ്ങനെ പിന്മാറും? നിന്നെപ്രതി ദാഹിക്കുന്ന എന്റെ മനസ്സിൽ നീ ഒഴുക്കിയ മാധുര്യമേറിയ വാക്പ്രവാഹം ഞാനെങ്ങനെ തടഞ്ഞുനിർത്തും?

*പ്രതിസ്തോത്രം: ഞങ്ങൾ ആരിലൂടെ സത്യം ഗ്രഹിച്ചുവോ, ആ ശിശു വാഴ്ത്തപ്പെട്ടവനാകുന്നു.*

2. നിന്റെ ദാനത്തിൽ നിന്ന് നിന്റേതുകൊണ്ട് നിനക്കു ഞാൻ സ്തുതിപാടും. കാരണം, എന്റെ കർത്താവേ, നിന്നിലാണ് ഞാൻ സമ്പന്നൻ, നിന്നെ ഞാൻ മഹത്വപ്പെടുത്തുന്നു. നിന്നിൽ ഞാൻ മഹത്വീകരിക്കപ്പെടുന്നു. എല്ലാറ്റിനെയും മഹത്വീകരിക്കുന്ന നിന്നോട് ഞാൻ നന്ദികേട് കാണിക്കുമോ! ഞങ്ങളുടെ പക്കലേക്ക് നിന്നെ അയച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

3. നിന്റെ നിക്ഷേപം നല്ലതാണ്. ഞങ്ങളാണ് നിന്റെ നിക്ഷേപസൂക്ഷിപ്പുകാർ. നല്ല വിത്തുപോലെ നിന്റെ ഭണ്ഡാരത്തിൽ എന്റെ നിക്ഷേപം

79. യോഹ.15,1ff.


www.malankaralibrary.com

വർദ്ധിക്കുന്നു. എന്റെ നിസ്സാരതയ്ക്ക് പകരം ധാരാളമായി തിരിച്ചുതരാൻ നീ ഇടയാക്കിയത് നിന്റെ നന്മയാണ്.

4. ഇതാ, ഞങ്ങളുടെ കടങ്ങൾ നിരവധിയാണ്. ചോദിക്കാൻ ആര് ധൈര്യപ്പെടും? സ്വീകരിക്കുകയും നന്ദിയില്ലാതിരിക്കുകയും അപഹരിക്കുകയും നിന്റെ ഭണ്ഡാരവാതിൽക്കൽ എത്തുകയും ചെയ്ത നന്ദികെട്ടവരിൽ നിന്ന് നിന്റെ കാരുണ്യം ഭീതി നീക്കിക്കളഞ്ഞു. ഞങ്ങൾക്കു നൽകുക, ഞങ്ങൾക്ക് കൂടുതൽ നൽകുക.

5. സാഹസികനായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. തുനിഞ്ഞിറങ്ങാൻ ഞാൻ ലജ്ജിക്കുന്നു. എന്റെ കർത്താവേ, ഇവ രണ്ടിൽ നീ ഏതാണ് താൽപര്യപ്പെടുന്നത്? നിന്റെ ഭണ്ഡാരത്തിൽ നിന്ന് ഞങ്ങൾ മോഷ്ടിക്കുന്നത് നിനക്കിഷ്ടപ്പെട്ടതുപോലെ, ഞങ്ങളുടെ സ്നേഹത്തിന്റെ സാഹസം നിനക്ക് പ്രിയംകരമാണ്.

6. എന്റെ കർത്താവേ, എന്റെ വിശ്വാസം ഒരു കാഴ്ചയായി നിനക്ക് ഞാൻ കൊണ്ടുവരുന്നു. പ്രവൃത്തികൾ കൂടാതെ നഗ്നനായിട്ടാണ് ഞാനത് കൊണ്ടുവരുന്നത്. എന്റെ കർത്താവേ, നിന്നിൽനിന്ന് നീ അത് സമ്പന്നമാക്കണമെ. അതിൽ നിന്ന് ഞാൻ സമ്പന്നനാകട്ടെ. എന്നേക്കാൾ ആരാണ് ആവശ്യക്കാരനായിട്ടുള്ളത്!

7. ഒരു കച്ചവടക്കാരൻ രാജാവിന് ഒരു മുത്ത് കൊണ്ടുവന്നു. കിട്ടിയ പാടേ അവൻ അതെടുത്ത് അതിന്റെ മൂല്യം വർദ്ധിപ്പിച്ചു. കാരണം, രാജാവ് അതിനെ തന്റെ കിരീടത്തിൽ വച്ച് അതിന്റെ മൂല്യം വർദ്ധിപ്പിച്ചു. എന്റെ കർത്താവേ, അതിനേക്കാൾ എത്രയധികമായി നിന്നിലൂടെ വിശ്വാസത്തിന്റെ മൂല്യം വർദ്ധിക്കുകയില്ല.

8. കൃഷിക്കാരൻ ഒരു പഴം പറിച്ച രീതിയിൽ കൊണ്ടുവന്നാലും, മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ സന്തുഷ്ടനാകുകയും അവന് വസ്ത്രം നൽകുകയും ചെയ്യും. പറിച്ച പഴത്തിന് കൃഷിക്കാരന് മുണ്ട് കിട്ടിയെങ്കിൽ, എന്നെ നിന്റെ കാരുണ്യംകൊണ്ട് വസ്ത്രം ധരിപ്പിച്ചാലും.

9. വലിയ വിശ്വാസമുള്ളവൻ ചെറിയവനല്ല. എന്നിലുള്ളത് കുറഞ്ഞ വിശ്വാസമാണ്. എന്റെ കർത്താവേ, നിന്നിൽ അത് വളരട്ടെ. ഗോതമ്പുമണി മണ്ണിൽ ഫലസമൃദ്ധമാകുന്നെങ്കിൽ, നിന്റെ ഭണ്ഡാരത്തിൽ നിന്ന് എന്റെ വിശ്വാസം സമ്പന്നമാകട്ടെ.

10. ഇപ്പോൾ വിശ്വാസത്തിന് ഇതു മതിയാകും: അതിന്റേതിൽ നിന്ന്, നന്ദിയില്ലാത്തവരെപ്പോലെ, നാമതിന് നൽകുന്നില്ലെങ്കിൽ, തന്റേതിൽ നിന്ന് കവർന്നെടുക്കാൻ അതിനും ഇഷ്ടമില്ല. അത് ഞങ്ങളിൽ വളരുന്നില്ലെങ്കിലും

www.malankaralibrary.com

എന്റെ കർത്താവേ, അത് ഞങ്ങളുടെ ഉള്ളിൽ കുറഞ്ഞുപോകാൻ ഇടയാക രുതേ.

11. കഥയില്ലാത്ത താർക്കികരുടെ ഇടയിൽ വിശ്വാസം കാണുന്നെങ്കിൽ, ഹാ, കഷ്ടം! ഞങ്ങൾ അലസരായി ഉറങ്ങിപ്പോയ ജോലിക്കാരായി. എങ്കിലും ഒരിക്കലും ക്ഷീണിക്കാത്ത ഉണർവുള്ള പരിശോധകരും താർക്കികരും ആയി ത്തീർന്നു.

12. അതിനെ ഒളിച്ചുവയ്ക്കുന്നവരും ഭയം നിമിത്തം നിശ്ശബ്ദതയുടെ കട്ടിലിന്റെ കീഴിൽ മറച്ചുവയ്ക്കുന്നവരും ഇക്കാലത്ത് ധാരാളമായുണ്ട്. അവ രുടെ ഉള്ളിൽ വിശ്വാസമുണ്ടെങ്കിലും അധരംകൊണ്ട് ഏറ്റുപറയാൻ അവർ മടിക്കുന്നു.

13. നിശ്ശബ്ദതയിൽ ശുശ്രൂഷിക്കുന്ന പ്രാർഥന ഇത്തരത്തിലുള്ളത ല്ല. മുഖംപോലെ വിശ്വാസം തുറന്നുവച്ചിരിക്കുന്നു. തന്റെ വിശ്വാസം മൂടിവ യ്ക്കുന്നവൻ തന്റെ മുഖംകൂടി മൂടുന്നതാണുചിതം.

# 17

## “സന്ദേശവാഹകൻ, നേതാവ്” എന്ന രീതി

1. അസൂയയോടുകൂടെ സത്യം തേടുന്നവൻ, അത് കണ്ടെത്തിയാലും തിരിച്ചറിയാൻ കഴിയാതെ പോകുന്നു. വിദ്വേഷം മനസ്സിനെ വഴിതെറ്റിക്കു ന്നതിനാൽ, കടന്നുപിടിച്ചാലും തിരിച്ചറിയുന്നില്ല.

2. വട്ടുപിടിച്ചതാണ് അവരുടെ പ്രബോധനം. അത് കീഴ്മേൽ നോക്കാതെ എടുത്തുചാടുന്നു, ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നു, ഇപ്പോൾ സ്വർഗത്തെ കടന്നാക്രമിക്കുന്നു. തന്റെ സഹപ്രവർത്തകനെ അത് തിരിച്ച റിയുന്നില്ല. യജമാനനിൽ നിന്ന് ദാസനെയും തിരിച്ചറിയുന്നില്ല.

3. തന്റെ പക്ഷത്ത് ആളുകളെ ദർശിക്കുകയും പുറത്തെ ശത്രുക്കളോ ടുള്ള പോരാട്ടം അവസാനിപ്പിച്ച് അപരിചിതരെപ്പോലെ തങ്ങളുടെ ഇടയിൽ അവരോട് വാക്കുതർക്കം നടത്തുകയും ചെയ്യുന്നവനെപ്പറ്റി ആരാണ് കര യാത്തത്?

4. തന്നിൽ തന്നെയുള്ള സംഗതികൾ തന്നിൽ നിന്നും മറഞ്ഞിരിക്കെ, സൃഷ്ടികളെപ്പോലും എത്തിപ്പിടിക്കാനാവാത്തവൻ, തന്റെ സൃഷ്ടാവിന് ഉപ രിസ്ഥമായി തന്നെത്തന്നെ ഉയർത്തുമ്പോൾ, അവനെ ആരാണ് കുറ്റപ്പെടു ത്താത്തത്?


www.malankaralibrary.com

5. താൻ ഒരിക്കലും അന്വേഷണവിധേയനല്ലെന്നു കണ്ട ദൈവം, തന്റെ ദൈവത്വത്തെപ്പറ്റിയുള്ള അന്വേഷണത്തിൽ നിന്ന് നാം പിന്തിരിഞ്ഞ് തന്റെ മനുഷ്യത്വത്തെപ്പറ്റിയുള്ള പ്രസ്താവനകൊണ്ട് തൃപ്തിപ്പെടണമെന്ന് കരുതി, അന്വേഷണവിധേയമായ ഒരു ശരീരം ധരിച്ചു.

6. ദൈവത്വം എങ്ങനെ താണിറങ്ങിവന്ന് ഒൻപതുമാസം ഗർഭപാത്രത്തിൽ നിശ്ശബ്ദമായിരുന്നെന്നു ചോദിക്കാൻ നമുക്കനുവാദമുണ്ട്. നീണ്ട പരിചയത്തിലൂടെ അവനെ അറിയാൻ കഴിയുന്നതിനാണ് അവൻ മുപ്പതുവർഷം ഭൂമിയിൽ ജീവിച്ചത്.

7. അവൻ സ്വർഗീയരെ വിട്ട് ഭൗമികരുടെ സ്നേഹിതനായി; കണ്ടെത്തപ്പെട്ടവരെ വിട്ട് നഷ്ടപ്പെട്ടവരെ തേടി. ബുദ്ധിമതികളെ വിട്ട്, സാധാരണക്കാരെ തെരഞ്ഞെടുത്തു. അവരിലൂടെ ലോകം മുഴുവൻ തന്റെ സുവിശേഷം പ്രചരിപ്പിച്ചു.[80]

8. അവൻ നാലു മുഖങ്ങളുള്ള ജീവികളുടെ രഥം വിട്ട് താഴേക്കിറങ്ങി വന്നു; ലോകത്തിന്റെ നാലു ഭാഗങ്ങളിലേക്കുമുള്ള യാത്രയ്ക്ക് കുരിശിനെ വാഹനമാക്കി. ക്രോബേന്മാരെയും സ്രാപ്പേന്മാരെയും വിട്ട് താഴേക്കിറങ്ങി വന്ന് തന്നെ ക്രൂശിച്ചവരുടെ നിന്ദനമേറ്റു.

9. എന്റെ കർത്താവേ, നീ സജീവന്റെ പുത്രനാണ്. നീ മർത്യപുത്രനാണ്. നീ സ്രഷ്ടാവിന്റെ പുത്രനാണ്. നിന്നിലൂടെ അവൻ എല്ലാം സ്ഥാപിച്ചു. വീണ്ടും, നിന്നിൽ നിന്നു പഠിച്ച ആശാരിയായ ആ യൗസേപ്പിന്റെയും പുത്രനാണ് നീ.

10. പഠിത്തം കൂടാതെ, നിർമാതാവ് നിന്നിലൂടെ എല്ലാം സ്ഥാപിച്ചു. സ്രഷ്ടാവ് നിന്റെ വിരൽ കൊണ്ട് എല്ലാ സൃഷ്ടികളെയും രൂപീകരിച്ചു. നീ യൗസേപ്പിന്റെ ഗുരുവാണെന്നു കണ്ടതിനാൽ നിന്നിലൂടെ അവൻ ആശാരിപ്പണികൾ നടത്തി.

11. ഓ, സ്രഷ്ടാവിന്റെ പുത്രാ! ഓ, ആശാരിയുടെ പുത്രാ! അവൻ സൃഷ്ടിച്ചപ്പോൾ സമസ്തവും കുരിശിന്റെ പ്രതീകത്തിൽ സൃഷ്ടിച്ചു. ആശാരിയായ യൗസേപ്പിന്റെ ഭവനത്തിലും അവൻ ഓരോ ദിവസവും കുരിശിനെപ്പറ്റി ഓർത്തു.

80. ലൂ.15,4ff.

www.malankaralibrary.com

# 18

## "സന്ദേശവാഹകൻ, നേതാവ്" എന്ന രീതി

1. പൂർണവളർച്ചയെത്താത്ത കിളിക്കുഞ്ഞിന് ബലഹീനാവസ്ഥയിൽ തന്റെ തോടു പൊട്ടിക്കാനാവില്ല. നിശ്ശബ്ദവിശ്വാസവും അതുപോലെ ബലഹീനമാണ്. എല്ലാറ്റിനെയും പൂർണമാക്കുന്നവനേ, അതിനെ പൂർണമാക്കണമെ.

*പ്രതിസ്തോത്രം: നിശ്ശബ്ദതയിൽ നിന്റെ ജനനത്തെ ബഹുമാനിക്കാൻ എന്നെ യോഗ്യനാക്കിയാലും.*

2. കിളികൾ മൂന്നു ഘട്ടങ്ങളിലൂടെ വളരുന്നു: ഉദരത്തിൽ നിന്ന് മുട്ടയിലേക്ക്; പിന്നീട് കൂട്ടിലേക്കും അതിനുശേഷം പാട്ടിലേക്കും. പൂർണവളർച്ചയെത്തുമ്പോൾ കുരിശാകൃതിയിൽ ചിറകുവിടർത്തി അവ വായുവിലൂടെ പറക്കുന്നു.

3. വിശ്വാസവും മൂന്നിലൂടെയാണ് വളരുന്നത്: ശ്ലീഹന്മാർ പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും വിശ്വസിച്ചപ്പോൾ, കുരിശിന്റെ ശക്തിയാൽ സുവിശേഷസന്ദേശം ലോകത്തിന്റെ നാലു ഭാഗങ്ങളിലേക്കും പറന്നെത്തി.

4. മൂന്നു നാമങ്ങൾ മൂന്നു തരത്തിൽ വിതയ്ക്കപ്പെട്ടിരിക്കുന്നു: പ്രതീകത്തിലെന്നപോലെ, ആത്മാവിൽ, ജീവനിൽ, ശരീരത്തിൽ. നമ്മിലെ മുമ്മത്വം ത്രിത്വത്താൽ പരിപൂർണമാക്കപ്പെടുമ്പോൾ, അത് വാളിനെപ്പോലും കീഴടക്കുന്നു.

5. ആത്മാവ് വേദനിക്കുമ്പോൾ അത് പിതാവിനാൽ പൂർണമായി മുദ്രകുത്തപ്പെടുന്നു. ജീവൻ വേദനിക്കുമ്പോൾ അത് പുത്രനോടുകൂടെ പൂർണമായി കൂടിക്കലർത്തപ്പെടുന്നു.ശരീരം രക്തസാക്ഷിത്വത്തിൽ കത്തിക്കരിയുമ്പോൾ, പരിശുദ്ധാത്മാവുമായുള്ള അതിന്റെ കൂട്ടായ്മ പൂർണമായിത്തീരുന്നു.

6. പക്ഷി തന്റെ ചിറക് മടക്കി കുരിശിന്റെ വിരിച്ച പ്രതീകത്തെ നിഷേധിച്ചാൽ, വായുവും അതിനെ നിഷേധിക്കും. അതിന്റെ ചിറകുകൾ കുരിശിനെ പ്രഘോഷിക്കാതിരുന്നാൽ, അത് അതിനെ വഹിക്കുകയില്ല.

7. കപ്പൽതുഴകളെ കുരിശാകൃതിയിൽ നിവർത്തി ഇരട്ട പായ്മരത്തണ്ടുകൊണ്ട് കാറ്റിന് ഒരുദരം ഉണ്ടാക്കിയാൽ, കുരിശ് നിവർന്നിരിക്കുന്നിടത്തോളം അതിന്റെ ജലപാത തെളിഞ്ഞിരിക്കും.

8. കപ്പൽ ഒരു യൂദന്റേതാണെങ്കിലും അവന് ഇഷ്ടമില്ലെങ്കിലും, താൻ


www.malankaralibrary.com

ചെയ്യുന്നതു വഴി അവൻ സ്വയം വിധിക്കുന്നു. കാരണം, അവൻ തന്നെയാണ് സ്വന്തം കൈകൾ കൊണ്ട് കുരിശിന്റെ പ്രതീകം നിവർത്തി വിരിക്കുന്നത്.

9. നുണയർക്കും കുരിശുമൂലമാണ് കടൽ വിധേയമാകുന്നത്. കാരണം, നാട്ടിനിർത്തിയ കുരിശിന്റെ രൂപത്തിൽ, ക്രൂശിൽ തറച്ചവർ തടിക്കഷണം നാട്ടിനിർത്തുന്നില്ലെങ്കിൽ, യാത്ര മുടങ്ങിയതുതന്നെ.

10. ഓ, പാമരത്തിന്റെ പാവനോദരം! ഞങ്ങളുടെ രക്ഷകന്റെ ശരീരത്തിന്റെ പ്രതീകം! കാറ്റു നിറഞ്ഞുനിൽക്കുന്നെങ്കിലും, അത് അതിനെ ഒരു തരത്തിലും പിടിച്ചുനിർത്തുന്നില്ല. പാമരത്തിനുള്ളിലെ കാറ്റുകൊണ്ട് ശരീരങ്ങൾ ജീവിക്കുന്നു, അതിനുള്ളിൽ ആത്മാവ് വസിക്കുന്നു.

11. മഹനീയ കുരിശിന്റെ ശ്രേഷ്ഠപ്രതീകം കൂടാതെ നിലവും ക്രൂശിൽ തറച്ചവന് (യൂദന്) വിധേയമാകുന്നില്ല. വിത്തു വിതയ്ക്കാൻ നിലം ഉഴുന്നതിലേക്ക് അവൻ നിർമിക്കുന്നത് *സ്ലീബായുടെ* അടയാളമാണ്.

12. ഈ പ്രതീകം കൂടാതെ അവന്റെ നീണ്ട വസ്ത്രം പോലും അവന് ചേരുന്നില്ല. അതിടാനായി അവൻ തന്റെ കൈകൾ കുരിശാകൃതിയിൽ നിവർത്തേണ്ടിയിരിക്കുന്നു. അവന്റെ വസ്ത്രം കുരിശിനെ പ്രതിബിംബിപ്പിക്കുന്നു. കാരണം, അവൻ നിഷേധിച്ച അടയാളം അതിൽ വരച്ചിരിക്കുന്നു.

13. ക്രൂശിൽ തറച്ചവർ ആടിനെ വാങ്ങി കൊന്നിട്ട്, മരത്തിൽ തുക്കിയിടുന്നു. ഓ, കർത്താവേ, അത് നിന്റെ മരണത്തെ വരച്ചുകാട്ടുന്നു. വീണ്ടും, അവൻ ഗോതമ്പുമണി നിലത്ത് കുഴിച്ചിട്ടാൽ, മുളച്ചുവരുന്ന മുള നിന്റെ ഉത്ഥാനത്തെ പ്രഘോഷിക്കുന്നു.

14. നിന്റെ പ്രതീകം അവന്റെ അജഗണത്തിലും കാണാം. കാരണം, നിന്റെ വടിയാലാണ് അത് സംരക്ഷിക്കപ്പെടുന്നത്. നിന്റെ രക്തത്തിന്റെ പ്രതീകത്തോടുകൂടി നിറഞ്ഞുനിൽക്കുന്ന മുന്തിരക്കുലകൾ അവന്റെ മുന്തിരിത്തോട്ടത്തിലുണ്ട്. നിന്റെ മരത്തിന്റെയും നിന്റെ ശരീരത്തിന്റെ ഫലത്തിന്റെയും പ്രതീകമായ ഫലം അവന്റെ മരത്തിൽ തൂങ്ങിക്കിടക്കുന്നു.

15. നിഷേധകന്റെ ഭവനത്തിൽ നിന്റെ സന്ദേശവാഹകൻ കൂകുന്നു. കുരിശിന്റെ ദൃശ്യപ്രതീകത്തിൽ അത് അതിന്റെ ചിറക് വിരിക്കുന്നു; കല്ലറയിലുള്ള ജീവനുള്ളവർക്ക്  അത് മരിച്ചവരിൽ നിന്നുള്ള ഉത്ഥാനം വിളംബരം ചെയ്യുന്നു; അവരുടെ മരണം വെറും നിദ്രമാത്രം.

16. തള്ളപ്പക്ഷി തന്റെ പൊരുന്നലിന്റെ ചൂടിൽ നിന്ന്  പാവനമായി തന്റെ കൂട്ടിൽ തന്റെ ഉദരത്തിൽ ഗർഭം ധരിക്കുകയും സംയോഗം കൂടാതെ കിളിക്കുഞ്ഞിന് ജന്മം നൽകുകയും ചെയ്യുമ്പോൾ, അതിന് തന്റെ ഭവനത്തിൽ മറിയത്തിന്റെ ഒരു പ്രതിച്ഛായ കാണാം.

www.malankaralibrary.com

# 19

## "സന്ദേശവാഹകൻ, നേതാവ്" എന്ന രീതി

1. സത്യം പഠിപ്പിച്ച മഹോന്നതപുത്രന് പുകഴ്ച ചേർച്ചയാകുന്നു. തന്റെ ദാസരുടെ സഹോദരനായിത്തീർന്ന കർത്താവിനു നന്ദി.[81] എല്ലാവരേക്കാളും പ്രാചീനനായവന് മഹത്വം ഉചിതമാകുന്നു. അവൻ ശിശുവായിത്തീരുകയും അതിഥികളെ ശുശ്രൂഷിക്കുകയും ചെയ്തു.[82]

*പ്രതിസ്തോത്രം: നിനക്കും നിന്നിലൂടെ, നിന്നെ അയച്ച നല്ലവനും സ്തുതി.*

2. നിന്റെ മനുഷ്യത്വത്തിന്റെ വസ്ത്രത്തിന്, നിന്റെ പുറംകുപ്പായത്തിന് ആരാണ് അർഹൻ? നിന്റെ ദൈവത്വത്തിന്റെ വസ്ത്രത്തിന് ആരാണ് അർഹൻ? ഞങ്ങളുടെ കർത്താവേ, രണ്ടുവസ്ത്രങ്ങളും നിന്റേതാണ്. പുറം കുപ്പായം ശരീരം; അപ്പം, ജീവന്റെ അപ്പമായ ശരീരം!

3. നിന്റെ മാറ്റത്തിന്റെ വസ്ത്രത്തെപ്പറ്റി ആരാണ് അത്ഭുതപ്പെടാത്തത്? ഇതാ, ശരീരം നിന്റെ മഹനീയവും ഭീതിദായകവുമായ ശോഭ മറച്ചു. വസ്ത്ര ങ്ങൾ നിന്റെ ബലഹീനശരീരം മറച്ചു. അപ്പം അതിനുള്ളിൽ വസിക്കുന്ന അഗ്നിയെ മറയ്ക്കുന്നു.

4. മർത്യമനസ്സ് ഒരിക്കലും അത് സ്പർശിച്ചിട്ടില്ല. അവിടുത്തെ അദൃ ശ്യതയ്ക്കു മുമ്പിൽ നമ്മുടെ മനസ്സും ഒരു ശരീരം പോലെയാണ്. അത് സ്പർശിച്ചു ഗ്രഹിക്കാൻ അഗ്നിക്കരങ്ങളും ആത്മീയ വിരലുകളും ആർക്കാ ണുള്ളത്?

5. വെളിപ്പെടുത്തപ്പെട്ട വിജ്ഞാനവും അവനു തുല്യമല്ല. ആ സംശു ദ്ധൻ എല്ലാറ്റിനുള്ളിലും എല്ലാറ്റിനും പുറത്തുമാണ്. അവനാണ് വിജ്ഞാ നം, നമ്മുടേയും വിജ്ഞാനം. നമ്മുടെ ഉള്ളിലുള്ള ആത്മാവിന്റെ ജീവനാ ണവൻ.

6. പ്രപഞ്ചം അവനിലാണെങ്കിലും...തന്റെ ഉള്ളിലുള്ള ആത്മാവിനെ തന്റെ കൈകൊണ്ട് ശരീരം ഒരിക്കലും സ്പർശിച്ചിട്ടില്ലാത്തതുപോലെ, അവ അവനിലാണെങ്കിലും അവനെ ഒരിക്കലും സ്പർശിച്ചിട്ടില്ല.

7. എല്ലാറ്റിൽ നിന്നും മറഞ്ഞിരിക്കുന്ന ആ അദൃശ്യനെ ആരാണ് ഏറ്റു പറയാത്തത്? എല്ലാറ്റിലും സുസ്പഷ്ടമായ വെളിപാടിന് അവനെത്തി. അവൻ

81. എബ്രാ.2,11ff..

82. യോഹ.13,12ff.


www.malankaralibrary.com

ശരീരംകൊണ്ട് വസ്ത്രം ധരിച്ചപ്പോൾ, ശരീരങ്ങൾ അവനെ സ്പർശിച്ചു. എന്നാൽ മനുഷ്യമനസ്സ് അവനെ ഒരിക്കലും സ്പർശിച്ചിട്ടില്ല.

8. ചെറിയവർ അവിടുത്തെ മഹനീയതയെ വിധേയപ്പെടുത്തി എന്നത് മഹാസംഗതിയാണ്. അവരെപ്പോലെയാകാൻ അവരുടെ രൂപത്തിൽ അതു പോലും സ്വയം ചെറുതാക്കി. അതിനെപ്പോലെയാകാൻ അവർക്ക് വളരെ പ്രയാസമായിരുന്നു. അവരെപ്പോലെയാകാൻ അതിന് എളുപ്പമായിരുന്നു.

9. പക്ഷിപിടുത്തക്കാരൻ കുരുക്കുവയ്ക്കുന്നു. അവന് അതിന്റെ പക്ക ലേക്ക് കയറാൻ കഴിയാത്തതിനാൽ, കുരുക്കുവച്ച് അതിനെ ഇവിടെ താഴെ പിടിക്കുന്നു. ഓ, വേട്ടക്കാരാ, നീ താഴേക്കിറങ്ങിവരിക. കാരണം, അവിടെ കയറി നിന്റെ കൂടെ പാർക്കാൻ ഞങ്ങൾ തികച്ചും അശക്തരാണ്.

10. ബലഹീനൻ ആയുധം ധരിക്കുന്നത്, തന്റെ ബലഹീനശരീരത്തിൽ ചെമ്പുപടച്ചട്ട അണിയുന്നത്, അനുചിതമായിരിക്കും. എന്റെ കർത്താവേ, ബലഹീനശരീരത്തിൽ നിനക്കു സഹിക്കാൻ കഴിയുന്നതിന് നീ നിന്റെ സ്വഭാവത്തെ ബലഹീനശരീരംകൊണ്ട് വസ്ത്രം ധരിപ്പിച്ചു.[83]

11. പലതരം ഔഷധങ്ങൾ നിന്നിൽ നിന്ന് ആവശ്യക്കാരിലേക്ക് ഒഴു കി. അവയ്ക്കെല്ലാം അഭേദ്യമായ ഏകഗുണമായിരുന്നു. രോഗികൾക്ക് അത് അനേകമടങ്ങായി വർദ്ധിക്കുകയും ആവശ്യക്കാർക്ക് വീതിച്ചുകൊടുക്കുകയും ചെയ്തു. അത് ഒന്നുചേർന്ന് ആരോഗ്യമുള്ളവർക്ക് ഏകസത്യമായിത്തീർന്നു.

12. നിന്റെ ഭണ്ഡാരത്തിൽനിന്ന് ഞങ്ങൾക്കോരോരുത്തർക്കും വ്യത്യ സ്തദാനങ്ങൾ നൽകാനായി, നിന്റെ സ്നേഹം ആവശ്യക്കാരായ ഞങ്ങൾക്ക് നിക്ഷേപങ്ങൾ ശേഖരിച്ചുവച്ചു. ആവശ്യക്കാരായ ഞങ്ങൾ നിന്റെ ഭണ്ഡാ രത്തിലേക്ക് വരുന്നതിന്, എന്റെ കർത്താവേ, അൽപം കൊണ്ട് നീ ഞങ്ങളെ ആകർഷിക്കുന്നു.

# 20

## “സന്ദേശവാഹകൻ, നേതാവ്” എന്ന രീതി

1. എന്റെ കർത്താവേ, ഉച്ചസ്വരത്തിൽ എന്റെ വിശ്വാസം നിനക്കു ഞാൻ കാഴ്ചവയ്ക്കുന്നു. കാരണം, പ്രാർഥനയും അപേക്ഷയും മനസ്സിൽ രൂപീക രിക്കാനും വാക്കുകൾ ഉപയോഗിക്കാതെ നിശ്ശബ്ദതയിൽ അവതരിപ്പിക്കാനും കഴിയും.

*പ്രതിസ്തോത്രം: നിന്റെ ജനനം വാഴ്ത്തപ്പെട്ടതാകുന്നു. അതു നിന്റെ പിതാവു മാത്രം അറിയുന്നു.*

83. എബ്രാ.4,15;5,2

www.malankaralibrary.com

2. ഗർഭപാത്രം ശിശുവിനെ പുറന്തള്ളാതിരുന്നാൽ അമ്മയും കുഞ്ഞും മരിച്ചുപോകും. ഞങ്ങളുടെ കർത്താവേ, എന്റെ വാക്ക് എന്റെ വിശ്വാസത്തെപ്പറ്റി മൗനമായിരിക്കാൻ ഇടയാകരുതേ. ഒന്ന് അടയ്ക്കുന്നതുവഴി മറ്റത് നശിച്ച് ഒന്ന് മറ്റൊന്നുമൂലം രണ്ടും ഇല്ലാതാകാൻ ഇടയാകരുതേ.

3. മുളയ്ക്കുന്ന മുകുളങ്ങളെ തടയുന്ന വൃക്ഷം മുരടിച്ചുപോകുകയും പൊട്ടിവരുന്ന പച്ചമുകുളങ്ങൾ കരിഞ്ഞുപോകുകയും ചെയ്യും. എന്നാൽ ജീവദ്രവം നിറഞ്ഞ വൃക്ഷത്തിന്റെ ഉള്ളിൽ നിന്ന് ഫലം പുറപ്പെടുവിക്കുന്ന മുളകൾ കാണുമ്പോൾ എന്റെ വിശ്വാസം സന്തോഷിക്കട്ടെ.

4. കുതിർന്നു വീർത്ത വിത്ത് അതിന്മീതെയുള്ള മണ്ണ് കീറിമാറ്റിക്കൊണ്ട്, പ്രതീകങ്ങൾ നിറഞ്ഞ ഗോതമ്പുനാമ്പുകൾ പുറപ്പെടുവിക്കുന്നു. അതുപോലെ, സദ്ഫലങ്ങൾ നിറഞ്ഞ ഹൃദയത്തിൽ നിന്നുള്ള വിശ്വാസം സ്തുതികൾ പേറുന്ന നാമ്പാണ്.

5. മത്സ്യം കടലിൽവച്ചു ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്യുന്നു. അവ ആഴത്തിലേക്കു പോയാൽ മുക്കുവന്റെ വലയിൽ പെടില്ല. വഴിതെറ്റിപ്പോകാതിരിക്കാനായി, മനസ്സിനുള്ളിലെ പ്രകാശപൂർണമായ നിശ്ശബ്ദതയിൽ പ്രാർഥന സ്വയം ഏകാഗ്രമായിരിക്കട്ടെ.

6. ഉള്ളറയിലെ കന്യകയാണ് ശുദ്ധമായ അപേക്ഷ. അവൾ അധരവാതിൽ കടന്നാൽ വഴിതെറ്റിയവളെപ്പോലെയാണ്. സത്യമാണ് അവളുടെ മണവറ, സ്നേഹമാണ് അവളുടെ കിരീടം, നിശ്ശബ്ദതയും പ്രശാന്തതയുമാണ് അവളുടെ വാതിൽക്കലെ വിശ്വസ്തർ.

7. അവൾ രാജകുമാരനുമായി വിവാഹവാഗ്ദാനം ചെയ്തിരിക്കുന്നു. അടക്കമില്ലായ്മയിലേക്ക് വശീകരിക്കപ്പെടാതിരിക്കാൻ, അവൾ യഥേഷ്ടം പുറത്തുവരാതിരിക്കട്ടെ. പിന്നെയോ, പരസ്യമായി വധു ആയിരിക്കുന്ന വിശ്വാസം, അധരത്തിൽ നിന്ന് ചെവിയുടെ മണവറയിലേക്ക്, തെരുവുകളിലൂടെ നാദസ്വരങ്ങളോടെ സംവഹിക്കപ്പെടട്ടെ.

8. അനേകർ നമ്മുടെ കർത്താവിൽ വിശ്വസിച്ചെങ്കിലും, ഭയം നിമിത്തം അവരുടെ സ്വരം വിശ്വാസത്തെ അപമാനിച്ചെന്ന് എഴുതപ്പെട്ടിരിക്കുന്നു. ഹൃദയം ഏറ്റുപറഞ്ഞെങ്കിലും വിശ്വാസധ്വംസകരെപ്പോലെ അവിടുന്ന് അവരെ പരിഗണിച്ചു.[84]

9. യോനാ ശബ്ദരഹിതമായ പ്രാർഥന നടത്തി.തിമിംഗലത്തിന്റെ വയറ്റിൽവച്ച് അറിയിപ്പുകാരൻ നിശ്ശബ്ദനാക്കപ്പെട്ടു. മൂകജന്തുവിന്റെ ഉള്ളിൽനിന്ന് അവന്റെ പ്രാർഥന ഉയരുകയും അത്യുന്നതൻ അതു ശ്രവിക്കുകയും

84. മത്താ.10,32ff.


www.malankaralibrary.com

ചെയ്തു. കാരണം, അവന്റെ നിശ്ശബ്ദത തന്നെ നിലവിളിയായിരുന്നു.[85]

10. ഒരേ ശരീരത്തിൽ തന്നെ പ്രാർഥനയും വിശ്വാസവും, നിഗൂഢതയും സുസ്പഷ്ടതയും, കാണപ്പെടുന്നു. ഒന്ന് നിഗൂഢന്, മറ്റത് കാണപ്പെടുന്നതിന്. നിഗൂഢപ്രാർഥന നിഗൂഢ കാതിനുള്ളതും വിശ്വാസം കാണപ്പെടുന്ന കാതിനുള്ളതുമാണ്.

11. നമ്മുടെ പ്രാർഥന നമ്മുടെ ശരീരത്തിനുള്ളിലെ ഒരു നിഗൂഢസ്വാദുപോലെ ആയിത്തീർന്നു. എന്നാൽ അത് നമ്മുടെ വിശ്വാസത്തിന്റെ സൗരഭ്യം സമൃദ്ധമായി പുറപ്പെടുവിക്കട്ടെ. ഗന്ധങ്ങളെ വേർതിരിക്കാൻ കഴിവുള്ളവന് ഗന്ധം സ്വാദിന്റെ മുന്നോടിയാണ്.

12. വേർപെടുത്താൻ പാടില്ലാത്ത ചിറകുകളാണ് സത്യവും സ്നേഹവും. കാരണം, സ്നേഹം കൂടാതെ സത്യത്തിന് പറക്കാനാവില്ല. സത്യം കൂടാതെ സ്നേഹത്തിനും ഉയർന്നുപറക്കാനാവില്ല. അവയുടെ നുകം സൗഹൃദത്തിന്റേതാണ്.

13. കണ്ണിന്റെ രണ്ടു കൃഷ്ണമണികളും ഒന്നിച്ചുകാണുകയും ചലിക്കുകയും ചെയ്യുന്നു. മൂക്ക് അവയെ തമ്മിൽ വേർപെടുത്തുന്നെങ്കിലും അവ വിഭജിതമല്ല. കാരണം, ഞൊടിയിട നേരംപോലും ഒന്നിനെ കൂടാതെ മറ്റത് കാണുന്നില്ല.

14. രണ്ടു വ്യത്യസ്ത ദിശകളിലേക്കു നടക്കത്തക്കവിധം കാലുകളും വിഭജിതമല്ല. എന്നാൽ ഒരേസമയം ഇരുപാതകളിലൂടെ ചരിക്കുന്ന ഹൃദയം വിഭജിതമാണ്. എതിർദിശകളിലുള്ള ഇരുളിന്റെയും വെളിച്ചത്തിന്റെയും പാതകളിലൂടെ സ്വേച്ഛയാ അതു സഞ്ചരിക്കുന്നു.

15. ഇപ്രകാരം വിഭജിതമായിരിക്കുന്നവനെ കാലുകളും നയനങ്ങളും കുറ്റപ്പെടുത്തും. കഠിനാധ്വാനം ചെയ്യുന്ന കാളയെപ്പോലെയാണ് ഹൃദയം. അത് തുല്യമായി വിഭജിതമായിരിക്കുന്നു. കാരണം, നീതിയുടെയും അനീതിയുടെയും ഇരുനുകങ്ങൾക്കിടയിൽ അത് വിഭജിതമാണ്.

16. അപ്രകാരമുള്ളയാൾ തന്റെ ഇച്ഛയെ ശപ്തനായ കൃഷിക്കാരനു കീഴ്പ്പെടുത്തിയിരിക്കുന്നു. ഭാരമേറിയ നുകത്തിൻ കീഴിൽ, പാപത്തിന്റെ മുനയുള്ള തോട്ടി അവനെ നിയന്ത്രിച്ചുകൊണ്ടിരിക്കുമ്പോൾ, അവൻ തെറ്റ് ഉഴുതുപുറത്തുകൊണ്ടുവരികയും ഗോതമ്പിന്റെ സ്ഥാനത്ത് മുള്ളുകൾ വിതയ്ക്കുകയും ചെയ്യുന്നു.

17. മ്ലാനചിന്തകളെ ആന്തരിക പ്രാർഥന തുടച്ചുവെടിപ്പാക്കട്ടെ. ഇന്ദ്രിയങ്ങളെ വിശ്വാസം ബാഹ്യമായി തുടച്ചുവെടിപ്പാക്കട്ടെ. വിഭജിതനായ വ്യക്തി ഏകാഗ്രചിത്തനായി നിന്റെ മുമ്പാകെ ഒന്നായിതീരട്ടെ.

85. യോനാ 2,2

www.malankaralibrary.com

# 21

## "സന്ദേശവാഹകൻ, നേതാവ്" എന്ന രീതി

1. എന്റെ കർത്താവേ, നീ എന്റെ കിന്നരത്തിൽ എല്ലാ അനുഗൃഹീത സഹായങ്ങളും പാടിയാലും. പരിപൂർണർക്ക് ഗംഭീരസ്വരത്തിലും കന്യക കൾക്ക് ശുദ്ധിയുള്ളവയാലും സാധാരണക്കാർക്ക് സാധാരണയാലും പാടി യാലും.

*പ്രതിസ്തോത്രം: പിതാവിന് സ്തുതിയും പുത്രന് മഹത്വവും അർപ്പി ക്കുവിൻ.*

2. ഗബ്രിയേലിനോടു തർക്കിച്ച സക്കറിയായേ, വന്ന് ശ്രവിക്കുക. ഓ, വൃദ്ധാ, നിന്റെ സംസാരം എവിടെയെന്ന് എഴുതിക്കാണിക്കുക. സത്യവുമായി തർക്കിക്കാൻ മുതിരുന്നവരെല്ലാം ഇപ്രകാരം തടയപ്പെട്ട്, നിശ്ശബ്ദരാക്കപ്പെ ടും.[86]

3. എന്തുകൊണ്ടെന്നാൽ, തന്റെ വാക്കു വിശ്വസിക്കാതിരുന്ന ലേവ്യ നോട് ദാസനായ ഗബ്രിയേൽ വളരെ കഠിനമായി പെരുമാറിയെങ്കിൽ, അവി ടുന്നു പറഞ്ഞതുപോലെ, താൻ പുത്രനാണെന്ന് വിശ്വസിക്കാത്തവരോട് നീതിമാന്റെ പുത്രൻ എത്ര കഠിനതരമായി പെരുമാറുകയില്ല!

4. ഓ, തന്നെ കുറ്റപ്പെടുത്തുന്ന വസ്തു-പേടകത്തിൽ മുളച്ച വടി- അവിടെ ഉണ്ടായിരുന്നിട്ടും തനിക്ക് എങ്ങനെ ജനിപ്പിക്കാൻ കഴിയുമെന്ന് വന്ധ്യത ബാധിച്ച സക്കറിയായുടെ നാവ് സംശയിച്ചു.

5. യോഹന്നാനെ സംബന്ധിച്ച് സംശയിച്ചതിനാൽ സഹദാസനെ മൂക നാക്കത്തക്കവിധം ദാസൻ പ്രകോപിച്ചെങ്കിൽ, ഏകജാതനെ ദുഷിക്കുന്ന നാവിന് സെന്നാക്കെറീബിനു ലഭിച്ച ശിക്ഷയാണ് ചേരുന്നത്.[87]

6. പരിശോധന വിശ്വാസത്തിന് കൊടിയ കളങ്കമാണെന്നുള്ളതിന് അബ്രഹാമിന്റെ ദൃഷ്ടാന്തം നിനക്ക് കണ്ണാടി ആയിരിക്കട്ടെ. അവൻ വിശ്വ സിച്ചപ്പോൾ നീതീകരിക്കപ്പെട്ടു; അന്വേഷണത്തിന് മുതിർന്നപ്പോൾ അവന്റെ സന്തതി അടിമത്തത്തിലായി.

7. 'താനിടാത്ത മുട്ടയ്ക്ക് അടയിരിക്കുന്ന തിത്തിരിപ്പക്ഷിയെപ്പോലെ യോ',[88] തന്റെ സ്വരം മാറ്റി തന്റെ ഇണയെ വഴിതെറ്റിക്കുന്ന പക്ഷിയെപ്പോ

---

86. ലൂ.1,18ff.

87. ഏശാ.37,36

88. ജറ.17,11



www.malankaralibrary.com

ലെയോ, പുത്രനെ ഏറ്റുപറയുന്നെങ്കിലും അവൻ ജനിച്ചവനല്ലെന്നു പറയുന്നവന്റെ സ്വരം നിന്നെ വഴിതെറ്റിക്കാതിരിക്കട്ടെ.

8. തന്റെ സ്വരം മാറ്റിപ്പാടുന്ന ഒരു പക്ഷിയുണ്ട്. തന്റെ സ്വരം മാറ്റി തന്റെ സഖിയെ കുടുക്കുന്ന മറ്റൊരു പക്ഷിയുണ്ട്. തന്റെ സ്വന്തം നേട്ടത്തിനായി തന്റെ ശ്രോതാക്കളുടെ മുമ്പിൽ തന്റെ വാക്കുകൾ മാറ്റിപ്പറയുന്ന വഞ്ചകനുണ്ട്.

9. കിന്നരമേ, നീ നിന്റെ ശ്രോതാക്കളെ വഞ്ചിക്കരുത്. മനുഷ്യപ്രീതി നോക്കി പാടരുത്. രഹസ്യമായും പരസ്യമായും നിന്റെ സ്വരം സത്യത്തിന്റെ ചുവയുള്ളതായിരിക്കട്ടെ.

10. മോശയും പ്രതീകാത്മകമായി കാഹളങ്ങൾ ഉണ്ടാക്കി. പാളയത്തിൽ രണ്ടുകാഹളങ്ങളേ ഊതിയുള്ളു.[89] ഈ മുൻകുറി പൂർത്തീകരിക്കപ്പെട്ടതു കാണുക. കാരണം, സഭയിൽ രണ്ട് ഉടമ്പടികളും മുഴങ്ങുകയും വിളംബരം നടത്തുകയും ചെയ്യുന്നു.

11. ദാവീദിന്റെ കിന്നരം മൂന്നുരീതിയിൽ പാടി. ഉച്ചത്തിലുള്ള ശബ്ദം പുറപ്പെടുവിക്കുന്ന ചരടുകൾ കൊണ്ട് അത് നിന്റെ ദൈവത്വം വാഴ്ത്തിപ്പാടി. ഇടത്തരംകൊണ്ട് അത് നിന്റെ മനുഷ്യത്വവും ശബ്ദം കുറഞ്ഞവകൊണ്ട് നിന്റെ മരണവും പാടി.

12. അതുപോലെ നിന്റെ സഭയും നിന്റെ സ്തുതിയുടെ കിന്നരമായിരിക്കട്ടെ. കെട്ടുപിണഞ്ഞു കിടക്കുന്ന തന്ത്രികളെ സ്വതന്ത്രമാക്കണമെ. സമാധാനനാഥാ, സമാധാനവും സത്യവും യോജിപ്പും ഈ കിന്നരത്തിൽ പാടിയാലും.

# 22

## "സന്ദേശവാഹകൻ, നേതാവ്" എന്ന രീതി

1. നിബിയന്മാരും ശ്ലീഹന്മാരും എന്ന രണ്ടു കമ്പികെട്ടി തനിക്കായി കിന്നരം നിർമിച്ച സർവനാഥന് സ്തുതി. രണ്ട് ഉടമ്പടികളുടെയും വ്യത്യസ്ത സ്വരങ്ങളിൽ രണ്ടിലൂടെയും ഒറ്റവിരൽ മാത്രം സ്വരം പുറപ്പെടുവിക്കുന്നു.

*പ്രതിസ്തോത്രം: പിതാവിൽ നിന്നുള്ള നിന്റെ നിഗൂഢജനനനം സ്തുത്യർഹമാകുന്നു.*

2. കിന്നരത്തിനു വ്യത്യസ്തസ്വരങ്ങൾ ഉണ്ടെങ്കിലും കിന്നരവും പാട്ടു

89. സംഖ്യ 10,1–10

www.malankaralibrary.com

കാരനും വ്യത്യസ്തമാകുന്നില്ല. എന്റെ മകനേ, സത്യം ഏകമാണെങ്കിലും സത്യത്തിന്റെ കിന്നരങ്ങൾക്കും വ്യത്യസ്ത സ്വരങ്ങളുണ്ട്.

3. ഒരേ ഒരു പുല്ലാങ്കുഴലിന് വ്യത്യസ്തസ്വരങ്ങൾ പുറപ്പെടുവിക്കാനാകും. ആരോഗ്യമുള്ള കാതുകൾക്കുവേണ്ടി ഉയർന്ന സ്വരവും കുട്ടികളുടെ കാതുകൾക്കുവേണ്ടി സാധാരണസ്വരവും രോഗികളുടെ കാതുകൾക്കുവേണ്ടി പതിഞ്ഞ സ്വരവും അത് പുറപ്പെടുവിക്കുന്നു.

4. അതുപോലെ സത്യത്തിന്റെ ഈ കാഹളങ്ങൾ പരിപൂർണർക്കുവേണ്ടി പരിപൂർണസ്വരം പുറപ്പെടുവിക്കുന്നു. എന്നാൽ ശിശുസമാനർക്ക് തേനും പാലും ചേർത്തുള്ള വാഗ്ദാനങ്ങൾ രചിക്കുന്നു.

5. ശബ്ദവ്യത്യാസമെന്യേ ഒരേ സ്വരത്തിൽ മാത്രം എപ്പോഴും ശബ്ദം പുറപ്പെടുവിക്കുന്ന കിന്നരമോ, കുഴലോ, കാഹളമോ ഉണ്ടോ? വ്യത്യസ്ത സ്വരങ്ങൾവഴി അതിനു സഹായിക്കാനാകും. അതുവഴി സത്യത്തിന്റെ സ്വരങ്ങൾ സമൃദ്ധമാകുന്നു.

6. വിഡ്ഢികളിൽ നിന്ന് നിന്ദനമേൽക്കുക യേശുവിന് സാധാരണമായിരുന്നു. എന്റെ മകനേ, പിതാവും പുത്രനും തങ്ങളുടെ നാമങ്ങളിൽ സത്യസന്ധരാണ്. പുത്രന്റെ നാമം നിഷേധിക്കുന്നത് അവനെ അപമാനിക്കലാണ്. പിതാവിന്റെ നാമം സത്യമല്ലെന്നു പറയുന്നത് അവനെ അപമാനിക്കലാണ്.

7. അന്യരിൽ നിന്ന് നിന്ദനമേറ്റ യേശു ആരാധകരിൽ നിന്നും വലിയ അപമാനമേൽക്കുന്നു. കടമെടുത്ത നാമങ്ങളിലാണ് മനുഷ്യർ സ്നാനപ്പെടുന്നതെങ്കിൽ, ത്രിത്വത്തിന് വലിയ അപമാനമാണ്.

8. നിന്റെ ഗീതം സ്തുതിപ്പാകുവാൻ, നീ എങ്ങനെ വിശ്വസിക്കേണ്ടിയിരുന്നു? നിന്റെ ഇല്ലായ്മ എങ്ങനെ സമ്പദ്സമൃദ്ധമാകും? ധിക്കാരിയായ മനുഷ്യാ, എങ്ങനെ നിന്റെ കലഹം സഹായങ്ങളുടെ കലവറയാകും?

9. ഫലം വൃക്ഷത്തെ എന്നപോലെ, പുത്രൻ തന്റെ പിതാവിനെ അറിയുന്നു. മൂലകാണ്ഡം ഫലത്തെ എന്നപോലെ പിതാവ് തന്റെ പുത്രനെ അറിയുന്നു. ഇതാ, ഇരുവരുടെയും വിജ്ഞാനം ഇരുവരിലും നിഗൂഢവും ഗുപ്തവുമാണ്.

10. ജനകന്റെയും ജനിച്ചവന്റെയും അനന്തനിശ്ശബ്ദതയിൽ മുദ്രവച്ചിരിക്കുന്ന വാതിലുള്ള ഭണ്ഡാരത്തിലാണ് ഈ വിജ്ഞാനം. അതിന്റെ കവാടവിരി ഭീതികരമായ നിശ്ശബ്ദതയാണ്. അതിന്റെ സംരക്ഷകൻ ബലിഷ്ഠനായ ക്രോബേയാണ്.


www.malankaralibrary.com

11. എന്റെ മകനേ, നിഗൂഢവും നിശ്ശബ്ദവുമായ ആ ഭണ്ഡാരവാതിലിനടുത്തു നിന്ന് സംസാരിക്കാനോ തർക്കിക്കാനോ ഏതു വായാണ് ആഗ്രഹിക്കുക? ഉന്നതത്തിലെ ഈറേന്മാർ ധൃതിയിൽ പറന്നുകൊണ്ട് ഒളിഞ്ഞുനോക്കുമ്പോൾ, വിവേകപൂർവമായ നിശ്ശബ്ദതയിൽ അവർ തങ്ങളുടെ വായ് മുദ്രവയ്ക്കുന്നു.

12. ആ സ്ഥലത്തിന്റെ പരമപരിശുദ്ധി ഗ്രഹിക്കാത്തവൻ കലപില പറയുന്ന കുടിയനെപ്പോലെയാണ്; അവനും അവന്റെ ശ്രോതാക്കളും. എന്നാൽ എന്റെ മകനേ, അവനെ കുടിയനാക്കിയ അഹങ്കാരം ഊറ്റിക്കളഞ്ഞാൽ, അവൻ നിശ്ശബ്ദനാകുകയും സ്തുതിക്കുകയും ചെയ്യും.

# 23

## "സന്ദേശവാഹകൻ, നേതാവ്" എന്ന രീതി

1. ഓ, കിന്നരമേ, സംസാരിക്കുക. കാരണം, നിശ്ശബ്ദത നിന്റെ ശത്രുവാണല്ലോ. എങ്കിലും സംസാരിക്കാവുന്നവ മാത്രം പറയുക. കാരണം, അനുവദനീയമല്ലാത്തവ പറഞ്ഞാൽ, നീതിമാന് ദൈവദൂഷണമായിരിക്കും.

*പ്രതിസ്തോത്രം: ഭൂലോകം നിന്നെ സ്തുതിക്കട്ടെ. എന്തുകൊണ്ടെന്നാൽ നീയാണ് അതിനെ രക്ഷിച്ചത്.*

2. അവിശ്വാസികൾക്ക് തുല്യമാണ് പരിശോധിക്കാൻ തുനിയുന്നവർ. ധിക്കാരികൾ മരണകവാടത്തിലാണ് നിൽക്കുന്നത്. തങ്ങളുടെ തർക്കങ്ങളിൽ, നിഗൂഢതയുടെ കടലിലേക്ക് താണിറങ്ങി അന്വേഷിക്കാൻ അവർ തങ്ങളുടെ വിശ്വാസം ഉപേക്ഷിച്ചുകളഞ്ഞു.

3. പൈതലേ, ഞാൻ നിന്നോടു പറയുന്നവയെപ്പറ്റി അത്ഭുതപ്പെടേണ്ട. വ്യക്തമായി അവ താരതമ്യപ്പെടുത്തുക. കാരണം, ഒരാൾ അവിടുത്തെ ദൈവത്വം നിഷേധിക്കുന്നു. മറ്റൊരാൾ ദൈവത്തെ താഴ്ത്തിക്കെട്ടാൻ ശ്രമിക്കുന്നു.

4. കർത്താവ് എല്ലാറ്റിനേക്കാളും മഹോന്നതനാണ്. അതുപോലെ അവിടുത്തെ സംജ്ഞയും. അവൻ എല്ലാറ്റിനേക്കാളും മഹോന്നതനാണെന്ന് ആ സർവാധിനാഥന്റെ നാമത്തിൽ നിന്ന് നമുക്ക് തിരിച്ചറിയാം. വിജ്ഞാനസാഗരത്തെ പരിശോധിച്ച് അളന്നുകുറിക്കാൻ തക്കവണ്ണം ആരുടെ വിജ്ഞാനമാണ് മഹോന്നതമായിട്ടുള്ളത്?

5. ഓ, കിന്നരമേ, കലഹത്തിൽ നിന്ന് നിന്നെത്തന്നെ സംശുദ്ധമാക്കുക. അഹങ്കാരം, തന്നിഷ്ടാനുസൃതം നിന്നിൽ മീട്ടാതിരിക്കട്ടെ. അഹന്ത, തന്റെ

www.malankaralibrary.com

ഗീതങ്ങൾ നിന്നിൽ ആലപിക്കാതെയുമിരിക്കട്ടെ. കാരണം, അത് പൂർണ മായും ദുഷിച്ചതാണ്.

6. തർക്കംവഴി ചേർച്ചയില്ലാതെ പോയ തന്ത്രികൾ ശരിപ്പെടുത്തുക. വ്യർഥാന്വേഷണത്താൽ വഴിതെറ്റിയതിനെ പറ്റിയുള്ള ഗീതങ്ങൾ ശേഖരി ക്കുക. എന്റെ മകനേ, ദൈവത്വത്തിന്റെ മുമ്പാകെ എത്തി ദൈവത്തിന് സ്തുതികൾ ആലപിക്കുക.

7. നീ ജീവനും സംസാരശക്തിയുമുള്ള കിന്നരമാകയാൽ, നിന്റെ തന്ത്രികളും നിന്റെ വാക്കുകളും സ്വാതന്ത്ര്യം അനുഭവിക്കുന്നവയാണ്. ഓ, കിന്നരമേ, നിന്നിൽ നിന്ന് നിന്റെ ഇച്ഛാനുസരണം നിന്റെ ദൈവത്തെ പ്രകീർത്തിക്കുക.

8. നീ ഒരുങ്ങി സ്വരച്ചേർച്ചയോടെ പാടുക. നിന്റെ ഗീതങ്ങൾ ശുദ്ധീക രിക്കുക. നിഗൂഢസംഗതികളെപ്പറ്റി ഞങ്ങളോടു പാടേണ്ട. വെളിപ്പെട്ടവയു ടെയെല്ലാം ശിഷ്യനായിരിക്കുക. അപകടരഹിതമായ നല്ല കാര്യങ്ങൾ സം സാരിക്കുക.

9. വാക്കുകൾ തൂക്കിനോക്കുക; അതുപോലെ ഊനമറ്റ ഈണങ്ങ ളും കുറ്റമറ്റ ഗാനങ്ങളും തൂക്കിനോക്കി പാടുക. അങ്ങനെ എന്റെ മകനേ, നിന്റെ കീർത്തനം നിന്റെ കർത്താവിന്റെ ദാസർക്ക് സന്തുഷ്ടി പകരും. നിന്റെ കർത്താവ് നിനക്ക് പ്രതിഫലം തരും.

10. മനുഷ്യർക്ക് ഉപദ്രവകരമായവ പാടരുത്. യോജിച്ചിരിക്കുന്ന സഹോ ദരങ്ങളെ തർക്കത്തിലൂടെ വിയോജിപ്പിക്കരുത്. ആത്മാർഥമായി വിശ്വസിക്കുന്ന സാധാരണക്കാരുടെ ഇടയിൽ തർക്കമെന്ന വാൾ ഇട്ടുകൊടുക്കരുത്.

11. നീ സ്തുതിക്കു പകരം വഴിപിഴച്ച് നിന്ദിക്കാതിരിക്കാൻ, ദുഷിച്ച രീതിയിൽ ദൈവത്തിന് പാടാതിരിക്കുക. ദാവീദിന്റെ പുതന് ദാവീദിനെപ്പോലെ പാടുക. ദാവീദ് ചെയ്തതുപോലെ അവനെ കർത്താവെന്നും പുത്രനെന്നും വിളിക്കുക.[90]

12. പിതാവിനെയും പുത്രനെയും പരസ്പരം അപമാനിക്കാതിരിക്കുക. പിതാവിനോടുള്ള കീർത്തനം പുത്രനെ കുറ്റപ്പെടുത്തുന്നതാകരുത്. അതു പോലെ പുത്രനോടുള്ള കീർത്തനം അവൻ പിതാവല്ലെന്നു പറയുന്നതിലൂടെ പിതാവിനെ അപമാനിക്കുന്നതുമാകരുത്.

13. പിതാവ് ഒന്നാമനാണെന്നുള്ളതിന് തർക്കമില്ല. പുത്രൻ രണ്ടാമ നാണെന്നുള്ളതിന് സംശയമില്ല; അതുപോലെ പരിശുദ്ധാത്മാവിന്റെ നാമം മൂന്നാമത്തേത് ആണെന്നുള്ളതിനും. നാമങ്ങളുടെ ക്രമം മാറ്റിമറിക്കരുത്.

90. സങ്കീ.110,1


www.malankaralibrary.com

14. 'ശിഷ്യപ്പെടുത്തി മൂന്നു നാമങ്ങളിൽ സ്നാനപ്പെടുത്തുക; അതായത്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ'.[91] പുത്രന്റെ നാമം പിതാവിന്റെ നാമത്തിനു മുമ്പിൽ വരാൻ സാധ്യമല്ല. കാരണം, അവിടെ യാതൊരു കൂട്ടിക്കുഴയ്ക്കലുമില്ല.

15. എന്തുകൊണ്ടാണ്, എങ്ങനെയാണ് അത് നിശ്ശബ്ദതയുടെ മധ്യത്തിലായിരിക്കുന്നത്? നീ ആ നിശ്ശബ്ദതയ്ക്ക് ബാഹ്യമായി സ്തുതിപാടുക. നിന്റെ നാവ് എല്ലാ വാക്കുകളും കടത്തിവിടുന്ന തന്ത്രിയാകാതിരിക്കട്ടെ.

16. നിന്റെ ദാനങ്ങളുടെ ദശാംശമായി അവിടുത്തേക്ക് സ്തുതി അർപ്പിക്കുക. നിന്റെ ചിന്തയിൽ നിന്ന് വാക്സമാഹാരം അവിടുത്തേക്ക് സമർപ്പിക്കുക. നിന്റെ നാവ് രൂപീകരിച്ച സങ്കീർത്തനങ്ങൾ കൊണ്ട് സ്തുതി കരേറ്റുക.

# 24

## "സന്ദേശവാഹകൻ, നേതാവ്" എന്ന രീതി

1. പരാജയപ്പെട്ട മല്ലന്റെ ആയുധംകൊണ്ടാണ് നമ്മുടെ കർത്താവ് വിജയിച്ചത്. അവൻ ആദത്തിൽ നിന്നും ദാവീദിൽ നിന്നുമുള്ള ശരീരം ധരിച്ചു.[92] ദുഷ്ടൻ കുറ്റക്കാരനാക്കിയ ആ ശരീരം കൊണ്ടുതന്നെ അവനെ പരാജയപ്പെടുത്തുന്നതിനും അങ്ങനെ അവന്റെ നിന്ദനം വർദ്ധിപ്പിക്കുന്നതിനുമായിരുന്നു അത്.

*പ്രതിസ്തോത്രം: എന്റെ കർത്താവേ, നിന്നിൽ വിശ്വസിക്കുന്ന ജാതികളിൽ നിനക്കു സ്തുതി.*

2. നിന്റെ നിസ്സാരതപോലും വാചാലർക്ക് മഹോന്നതമാണ്. കാരണം, യൗസേപ്പിന്റെയും മറിയത്തിന്റെയും ദരിദ്രമേശയിൽ പോറ്റപ്പെട്ടവനും എന്നാൽ എല്ലാവരെയും തീറ്റിപ്പോറ്റുന്നവനുമായവനെപ്പറ്റി സംസാരിക്കാൻ ആർക്കു വായ് തുറക്കാനാവും?

3. സകലരെയും സമ്പന്നരാക്കുന്ന സമ്പന്നവും മഹനീയവുമായ മടിയിൽ നിന്നുവന്ന് മറിയത്തിന്റെ ദരിദ്രമായ മടിയിൽ നീ വളർന്നു. നീ സജീവനും എല്ലാറ്റിന്റെയും ജീവദാതാവുമായിരിക്കെ, ധരയിൽ നിനക്കൊരു മർത്യപിതാവുണ്ടായിരുന്നു.

4. അവൻ നിസ്സാരകഴുതയുടെമേൽ യാത്രചെയ്തു;[93] തന്റെ മഹനീ

91. മത്താ. 28,19

92. ലൂക്കോ 3,23ff

93. മർക്കോ.11,7

www.malankaralibrary.com

യത അവൻ തന്റെ താഴ്മയിൽ മറച്ചുവച്ചു. കുതിരപ്പുറത്തും രഥങ്ങളിലും യാത്രചെയ്തവർ വിജയികളായിരുന്നപ്പോൾതന്നെ കീഴടക്കപ്പെട്ടു. പോരാളികളുടെ നിരകളെ ദാവീദ് കീഴടക്കി. എന്നാൽ ബലഹീനവാരിയെല്ല് അവന്റെ ശൗര്യത്തെ വീഴ്ത്തിക്കളഞ്ഞു.[94]

5. കഴുത സംസാരിച്ചു, താനൊരു കഴുതയാണെന്ന് അതറിഞ്ഞു. അത് തന്റെ യജമാനനെ യജമാനനായി തിരിച്ചറിഞ്ഞു.[95] നിർമിക്കപ്പെട്ട വസ്തുവിനെ നിർമാതാവിൽ നിന്ന് വേർതിരിച്ചറിയാൻ കഴിവില്ലാത്തവൻ എന്തുതരം പ്രബോധകനാണ്?

6. തന്റെ നിന്ദ്യമായ നാവ് പുറത്തേക്കിട്ടതിനാൽ, നാബാലും കീഴടക്കപ്പെട്ടു. അവൻ മൃഗീയമായി തന്റെ വായ്തുറന്നു. കാരണം, അവൻ മഹാരാജാവായ ദാവീദിനെ നിസ്സാരനായി കരുതുകയും ദാസരുടെ കൂടെ അവന്റെ നാമം ചേർക്കുകയും ചെയ്തു.[96]

7. നാബാലിനെപ്പോലെ ആരാണ് ഭോഷനായിരിക്കുന്നത്! എന്റെ സഹോദരരേ, അവന്റെ നാവിൽ നിന്നും അവന്റെ മരണത്തിൽനിന്നും ഓടിയകലുവിൻ. കാരണം, ഈശായിയുടെ പുത്രനെയല്ല, അവന്റെ വായ് നിന്ദിക്കുന്നത്. പിന്നെയോ, ദാവീദിന്റെ പുത്രനെയാണ്.

8. കുരിശ് സൃഷ്ടികളുടെ മുദ്രയും അടയാളവുമാണ്. നീളത്തിലും വീതിയിലും അതിന്റെ മാതൃകയിൽ എല്ലാം മുദ്രകുത്തപ്പെടുന്നു. ഇരുപക്ഷങ്ങൾകൊണ്ട് ഓരോ പക്ഷിയും കുരിശ് വഹിക്കുന്നു. അതിന്റെ ശക്തിയിൽ എല്ലാം നിലനിൽക്കുന്നു.

9. കർത്താവ് തന്നെത്തന്നെ വിനീതനാക്കി, താണിറങ്ങിവന്നു. ദാസർക്കുവേണ്ടി ദാസനായിത്തീർന്നു. അവൻ ഒരു ശുശ്രൂഷകനെപ്പോലെയായി. അവൻ പാദങ്ങൾ കഴുകിയ സഹദാസനായി. വത്സലരേ, അർഹമായ നന്ദി പറയാൻ നാം യോഗ്യരാകുവാൻ, നമുക്ക് ഈ കാര്യങ്ങൾ പരിശോധിക്കാം.[97]

10. സ്വർഗീയനാഥൻ ഭൂമിയിലേക്കിറങ്ങിവന്ന് പാർത്തു. നമ്മെ മുകളിലേക്കെടുത്ത് തന്റെ രാജ്യത്തിലെ നിത്യവസതിയിൽ പാർപ്പിക്കാൻ അവൻ ഇവിടെ സന്നിഹിതനും പരദേശിയും വഴിയാത്രക്കാരനുമായിരുന്നു.

11. എല്ലാ ഭാഷകളുടെയും കർത്താവിനെ എല്ലാ വായ്കൾകൊണ്ടും നമുക്ക് സ്തുതിക്കാം. നമുക്ക് എങ്ങനെ വഴിതെറ്റാനാകും? സജീവന്റെ

94. 2സാമു.11,2ff.(ബേത്ഷേബാ)
95. സംഖ്യ 22, 28ff
96. 1 സാമു.25, 10 ff.
97. യോഹ. 13,5ff.


www.malankaralibrary.com

പുത്രന് നമുക്കെങ്ങനെ നന്ദിപറയാനാകും? അവൻ തന്റെ സ്നേഹത്താൽ ശരീരമെടുത്തതിനാൽ ക്രൂശാരോഹകർ ചാടിവീണു, താർക്കികർ ക്രുദ്ധരായി.

# 25

## "സന്ദേശവാഹകൻ, നേതാവ്" എന്ന രീതി

1. ആത്മാവിന്റെ അൽപനിശ്വസനം ആരെങ്കിലും എനിക്കു തന്നിരുന്നെങ്കിൽ! പ്രവചിക്കാനല്ല, കാരണം, അത് മരണകരമായ യാചനയായിരിക്കും. മറിച്ച്, എന്റെ ബലഹീന നാവുകൊണ്ട് അതിശ്രേഷ്ഠനെ സ്തുതിക്കാൻ എനിക്കു കഴിയുന്നതിനാണ്.

*പ്രതിസ്തോത്രം: നിന്റെ ജനനം പരിശോധിക്കാൻ ഞാൻ തുനിയാതിരിക്കുന്നതിന് എനിക്ക് കൃപ തരിക*

2. ആ മഹനീയതയുടെ ദാനം കൂടാതെ ഒരധരത്തിനും അതിന്റെ നിക്ഷേപത്തിൽ നിന്ന് പങ്കിട്ടുകൊടുക്കാനാവില്ല. കാരണം, അവിടുത്തെ താക്കോൽ കൊണ്ട് തന്റെ ഭണ്ഡാരസൂക്ഷിപ്പുകാരുടെ സാന്നിധ്യത്തിലാണ് ആ ഭണ്ഡാരങ്ങൾ തുറക്കപ്പെടുക.

3. പ്രസംഗകരുടെ സ്വാതന്ത്ര്യം തന്റെ ഇടപെടലിലൂടെ നിഹനിക്കാതെ അധരത്തിലൂടെ സംസാരിക്കുന്ന ദാനത്തിനു സ്തുതി. അധരം ഒരേസമയം രണ്ടു കാര്യങ്ങൾ ഒന്നിച്ചുചേർക്കുന്നു. തന്റേതുകൊണ്ട് അവനെ ധ്യാനിക്കുന്നു. തന്റേതുകൊണ്ട് അതിനെ മഹത്വപ്പെടുത്തുന്നു.

4. വീണ്ടും, ദിവ്യവചനം എങ്ങനെയാണെന്നും എത്ര വലുതാണെന്നും വാക്കുകളുടെ ദാനം കൂടാതെ വിവരിക്കാൻ ഒരു നാവിനും സാധ്യമല്ല. തന്നെപ്പറ്റിത്തന്നെ പറയാൻ മനുഷ്യനു കഴിയുന്നതും അതിന്റെതന്നെ വക്താവാകുന്നതും വാക്കിനാലാണ്.

5. വെളിച്ചത്താൽ വെളിച്ചം കാണാൻ കണ്ണിനു കഴിയുന്നു. അതിന്റെ കിരണങ്ങളാൽ അതിന്റെ സൗന്ദര്യം കാണാൻ അതിനു കഴിയുന്നു. ഇടിമുഴക്കത്തിൽ നിന്നുള്ള മിന്നൽപിണരിലൂടെ ആകാശത്തിലെ ഇടിമിന്നലും കാണാൻ മനുഷ്യനു കഴിയുന്നു.

6. നക്ഷത്രം അയക്കുന്ന കിരണംകൂടാതെ കണ്ണിന് നക്ഷത്രത്തിൻ പക്കലേക്കു തിരിയാനാവില്ല. ഇരുട്ടിലെ അഗ്നിയുടെ പ്രകാശം കണ്ണിനെ അവിടേക്കാകർഷിക്കുന്നു.

7. സ്രഷ്ടാവിന്റെ പുത്രന്റെ പ്രതീകം സൃഷ്ടികളിൽ മുദ്രകുത്തപ്പെട്ടിരിക്കുന്നു. പ്രകാശം, അഗ്നി, ജലം ആദിയായവയിലൂടെ ദൈവികൗന്നത്യ പ്രതീകത്തിലേക്ക് മനുഷ്യത്വത്തിന് അടുക്കാനാകും.

www.malankaralibrary.com

8. കടലിന്റെ ദാനത്താൽ ആഴത്തിനു മുകളിൽ നീന്താനുള്ള ബലം നീന്തൽക്കാരനു കിട്ടുന്നു. കാരണം, വെള്ളത്തിന്റെ ശക്തി അവനെ താങ്ങുന്നു. അവിടെ അതോടു ചേർന്നുള്ളവയാണ് തിരകളും നീർച്ചുഴിയും വേലിയേറ്റവും ചുഴലിക്കാറ്റും.

9. പരിചയസമ്പന്നർക്ക് കടലിന്റെ ഉപരിതലത്തിലൂടെ സഞ്ചാരംചെയ്യാൻ പറ്റിയ ഇടമാണെങ്കിലും, അതിന്റെ അടിത്തട്ടിലേക്ക് താണുപോകാനുള്ള സാധ്യതയുണ്ട്. അതുപോലെയാണ് ദൈവികൗന്നത്യത്തെപ്പറ്റി പ്രസ്താവന നടത്തുന്ന വിജ്ഞാനവും.

10. നാമാണ് വിത്തു വിതയ്ക്കുന്നതെങ്കിലും അവിടുത്തെ തിരുഹിതാനുസൃതമാണ് ഫലമുണ്ടാകുക. അവിടുത്തെ ദാനം നമ്മെ അലസത അഭ്യസിപ്പിക്കുന്നില്ല. തന്റെ കാരുണ്യം നമുക്ക് കൊണ്ടുത്തന്ന സമ്പത്ത് നാം വ്യാപാരം ചെയ്യണമെന്ന് സമൃദ്ധിയിലൂടെ തന്റെ സമ്പദ്സമൃദ്ധി നമ്മെ കാണിക്കുന്നു.

11. എല്ലാറ്റിന്മേലും വർഷിക്കുന്ന മഴയും അവന്റെ ദാനമാണ്. അത് കർഷകനെ അലസത പഠിപ്പിക്കുന്നില്ല. അവന്റെ അധ്വാനം അവന്റെ വസ്തുവകകൾ വർദ്ധിപ്പിക്കുന്നു. വീണ്ടും, അവന്റെ സമ്പദ്സമൃദ്ധി സന്തുഷ്ടിയും വർദ്ധിപ്പിക്കുന്നു.

12. എന്റെ കർത്താവേ, നിന്റെ ദാനം നിന്റെ ഉന്നതങ്ങളിലേക്ക് വേഗത്തിൽ എന്നെ എടുത്തുയർത്തട്ടെ. നിന്നാൽ നിന്റെ പക്കലെത്താൻ ഞാൻ കഴിവുറ്റവനാകും. സൃഷ്ടികളിലൂടെ സൃഷ്ടികളിലെത്താൻ മനുഷ്യനു കഴിയുമെങ്കിൽ, കർത്താവേ, ഞാൻ നിന്നിലൂടെ നിന്റെ പക്കലെത്തട്ടെ.

13. സക്കായിയുടെ ദൃഷ്ടാന്തം എന്നെ പ്രേരിപ്പിക്കട്ടെ. അവൻ മുന്നോട്ടാഞ്ഞപ്പോൾ നീ അവന്റെ കുറവ് പരിഹരിക്കുകയും അവൻ കയറുകയും നിന്റെ പക്കലെത്തുകയും ചെയ്തു. നിന്നിൽ നിന്ന് അകന്നു കഴിഞ്ഞവനെ നിന്നിൽനിന്നു വന്നസ്വരം നിന്റെ പക്കലേക്ക് അടുപ്പിച്ചു.[98]

14. ഫലശൂന്യമായ അത്തിവൃക്ഷം[99] അത്ഭുതകരമായ ഫലം പുറപ്പെടുവിച്ചു. രുചിരഹിതമായ പുറംതോട് രുചിയുള്ളതായി. രുചിയുള്ള ഫലത്താൽ അത്തിവൃക്ഷത്തിന്റെ തൊലിയും രുചിയുള്ളതായിത്തീർന്നു.

15. സ്വഭാവേനയുള്ള ഫലം ഇല്ലാതാക്കിയിട്ട് സ്വഭാവാനുസൃതമല്ലാത്ത മറ്റൊരുഫലം അതു വഹിച്ചു എന്നത് ആശ്ചര്യകരം തന്നെ. മറ്റൊരു രൂപത്തിലുള്ളത് ഭക്ഷ്യയോഗ്യമല്ലാതിരുന്നു. അവൻ പങ്കിട്ടുകൊടുത്ത സമ്പാദ്യം വിശന്നവർ ഭക്ഷിച്ചു.

98. ലൂ.19,3.5

99. മത്താ.21,18ff.



www.malankaralibrary.com

16. സക്കായിയെപ്പോലെ നിന്റെ ദാനം എന്നെയും വിളിക്കട്ടെ. എന്റെ കർത്താവേ, അവനെപ്പോലെ സമ്പാദ്യം പങ്കിട്ടുകൊടുക്കാനല്ല, പിന്നെയോ, ഞാൻ ധൃതിപ്പെട്ട് നിന്റെ പണത്തിന്റെ പലിശ തിരിച്ചേൽപ്പിക്കുന്നതിനാണ്.

17. ഇതും നാം പരിഗണിക്കണം: "അവൻ തന്റെ പണം കച്ചവട ക്കാർക്കു നൽകി"[100] എന്നത് തന്റെ പണംകൂടാതെ കച്ചവടമൊന്നും നട ക്കുകയില്ലെന്നു കാണിക്കാനാണ്. അതുപോലെ, തന്റെ ദാനം കൂടാതെ സത്യം കണ്ടെത്താനും സാധ്യമല്ല.

18. എന്റെ സഹോദരങ്ങളേ, ഞങ്ങളോടുകൂടെ ഓടിനടന്ന് എല്ലാ ഉപ മകളും ശേഖരിക്കുവിൻ. അവയെപ്പറ്റിയെല്ലാം വിവരിക്കാൻ നമ്മുടെ അധര ത്തിനു കഴിയാത്തവിധം അവ വളരെയധികമുണ്ട്. അതുകൊണ്ട്, വന്ന് ഞങ്ങൾ കണ്ടെത്തിയതുകൊണ്ട് തൃപ്തരാകുവിൻ. അതുപോലെ, നിങ്ങ ളുടേതിൽ ഞങ്ങൾ സന്തുഷ്ടരാകുന്നതും യുക്തമാണ്.

19. കുഴച്ച മാവിന് പുളിപ്പിന്റെ അംശംകൂടാതെ പുളിപ്പിന്റെ രുചിയിൽ പങ്കുപറ്റാനാവില്ല. അവനിൽ നിന്നുള്ള ദാനംകൊണ്ട് മുഴുവനും മുഴുവനായി വ്യാപിക്കാനാകും.

20. ഉറയുടെ നിഗൂഢശക്തി കൂടാതെ പാൽ കട്ടിയായി തൈരാകാൻ സാധ്യമല്ല. അതിൽ നിന്നുവരുന്ന ദാനം കൊണ്ട് പാലിന്റെ അയഞ്ഞ പ്രകൃ തത്തെ ഒന്നിച്ചുചേർത്ത് കട്ടിയുള്ളതാക്കുന്നു.

21. എന്റെ ബലഹീനതയ്ക്ക് നിന്റെ ശക്തിയേറിയ പ്രേരണ നൽക ണമെ. എന്റെ കർത്താവേ, എന്റെ ഹീനത നിന്റെ ഔന്നത്യത്തിലേക്ക് ഉയര ട്ടെ. എന്റെ ബലഹീനാത്മാവ് നിന്നിലൂടെ നിന്റെ ഔന്നത്യത്തിലെത്തി അവിടെ നിന്നെ ആരാധിക്കാൻ ഇടയാകട്ടെ.

# 26

## "ദൈവം തന്റെ കാരുണ്യത്താൽ" എന്ന രീതി

1. നിഗൂഢനായ ദൈവം തന്റെ ആദ്യജാതനിലൂടെ അത്ഭുതാവഹനും എന്നാൽ അക്ഷീണനുമായ പിതാവായിത്തീർന്നു. അവന് മുൻകൂട്ടിയുള്ള അറിവ് ആവശ്യമില്ലായിരുന്നു; സൃഷ്ടിക്കാനുള്ള കഴിവ് അവന് ഇല്ലാതാകു ന്നുമില്ല. അവിടുന്ന് ശബ്ദരഹിതവും പ്രശാന്തവുമായ തന്റെ ഇച്ഛയാൽ എല്ലാ റ്റിനെയും ഇല്ലായ്മയിൽ നിന്ന് സൃഷ്ടിക്കുകയും ക്രമീകരിക്കുകയും

100. മത്താ.25,15ff.

www.malankaralibrary.com

ചെയ്യുന്നു. അധ്വാനരഹിതമായി സൃഷ്ടിച്ചതുപോലെ, ഉത്ക്കണ്ഠ കൂടാതെ എല്ലാറ്റിനെയും പരിപാലിക്കുന്നു.

*പ്രതിസ്തോത്രം: നിന്നെ പരിശോധിക്കുന്ന എല്ലാവരിൽ നിന്നും മറഞ്ഞിരിക്കുന്ന നിനക്കു സ്തുതി.*

2. ആദിയിൽ അവിടുന്ന് എല്ലാറ്റിനെയും സൃഷ്ടിച്ചു. എന്നാൽ അനാദ്യന്തമായി തന്റെ ചിന്ത തന്നോടൊപ്പമുണ്ടായിരുന്നു. ശാരീരിക ശിശുവിനെപ്പോലെ പുതിയ രീതിയിൽ ചരിക്കാൻ അവിടുത്തേത് മാനുഷികചിന്തയല്ല. അവന്റെ ചിന്താവ്യാപാരം പുതിയതല്ല, അവന്റെ വിചിന്തനം ശിശുസമാനമല്ല. തന്റെ സൃഷ്ടി സമയത്തിലാണ്, അതിനാരംഭവും തുടക്കവുമുണ്ട്. എന്നാൽ തന്റെ മുന്നറിവ് സമയത്തിന് ഉപരിസ്ഥവും ആരംഭരഹിതവുമാണ്.

3. ആറ് ചിറകുകളുള്ള മാലാഖ എങ്ങനെയാണെന്നും അവന്റെ ചിറകുകൾ എന്താണെന്നും അവ എവിടെയാണെന്നും ആത്മാവിന് പറക്കാൻ ചിറകിന്റെ ആവശ്യമെന്താണെന്നും ഒക്കെ നാം അന്വേഷിക്കത്തക്കവിധം സ്രാപ്പേന്മാരുടെ പ്രകൃതി നമ്മിൽ നിന്ന് മറഞ്ഞിരിക്കുന്നു. ഇതൊരുപമയാണോ അതോ യാഥാർഥ്യമാണോ? യാഥാർഥ്യമാണെങ്കിൽ ഇത് കഠിനതരം! ഉപമയും നാമവും മാത്രമാണെങ്കിൽ, അതും കഠിനതരം തന്നെ!

4. അദൃശ്യൻ അനന്തമായി നിഗൂഢനാണ്. അവനെപ്പറ്റിയുള്ള പര്യവേക്ഷണം ബലഹീനർക്ക് ആഴമേറിയതാണ്. അവനെപ്പറ്റിയുള്ള അന്വേഷണം മർത്യർക്ക് വളരെ ഉപരിസ്ഥമാണ്. അവന്റെ ഉയരങ്ങളിലേക്ക് ആര് പറന്നുയരും? അഥവാ, അവന്റെ ആഴങ്ങൾ ആര് പരിശോധിക്കും? അവന്റെ ഉയരത്തിലേക്ക് കയറാൻ തുനിയുന്നവർ ശക്തിയായി ഇടറിവീഴും. അവന്റെ ആഴത്തിലേക്ക് ഇറങ്ങാൻ തുനിയുന്നവർ മുങ്ങിനശിക്കും. അവനെ പരിശോധിക്കാൻ ആഗ്രഹിച്ചവന്റെ മരണവും അവനെ തേടി ആഴത്തിൽ മുങ്ങിയവന്റെ മുങ്ങിച്ചാകലും കഷ്ടതരം തന്നെ!

5. എന്റെ സഹോദരങ്ങളേ, ദൈവികൗന്നത്യത്തെ നോക്കുന്നത് അപകടകരമാണെന്ന് സൂര്യൻ വ്യക്തമായി പഠിപ്പിക്കുന്നു. കാരണം, അവന്റെ സ്വഭാവം എല്ലാ അധരങ്ങൾക്കും ഉപരിസ്ഥവും എല്ലാ നാവുകൾക്കും തികച്ചും അപരിചിതവുമാണ്. അവനെ എങ്ങനെ ചിത്രീകരിക്കണമെന്ന് നമ്മുടെ ചിന്തയ്ക്കറിഞ്ഞുകൂടാ. കാരണം, അവന്റെ പക്കലെത്താനുള്ള കഴിവ് അവർക്കില്ല. എന്നാൽ പ്രവാചകഗ്രന്ഥങ്ങൾ പേരുകളിലൂടെ അവന്റെ പ്രതീകം വരച്ചുകാട്ടാൻ ശ്രമിച്ചു.

6. അവരുടെ ഇടയിൽ അപൂർണമായി സംസാരിച്ചതിന് കാരണമുണ്ട്. തന്റെ ദൈവത്വത്തിന്റെ ഭീതിദായകമായ അത്ഭുതത്തിനനുസരിച്ച് സംസാരിക്കാൻ തുടങ്ങിയാൽ, ശ്രോതാക്കൾ സ്തബ്ധരാകുകയും അപ


www.malankaralibrary.com

ക്വർ രോഷാകുലരാകുകയും ചെയ്യും; സാധാരണക്കാർ വഴിതെറ്റുകയും പരിപൂർണർ നിഷേധിക്കുകയും ചെയ്തേക്കാം. ഓരോരുത്തരും താന്താങ്ങളുടെ ശക്തിയും കഴിവും അനുസരിച്ച് സ്വീകരിക്കുന്നതിന്, വിവിധ ഉപമകൾ സഹായിക്കുന്നു.

7. ദൈവത്വം സൃഷ്ടികളെപ്പോലെയാണെന്ന് ആരെങ്കിലും കരുതിയാൽ, അത് വലിയ തെറ്റാണ്. അവിടുത്തേക്ക് വായും ചെവികളും കണ്ണുകളും കൂട്ടിച്ചേർക്കുന്നത് മാനുഷികബലഹീനതയാണ്. അവനെ ശാരീരികനാക്കുന്നത് ഭീകരമാണ്, സംയുക്തമാക്കുന്നത് ദുഷ്ടതയാണ്, പരിമിതമാക്കുന്നത് തിന്മയാണ്, പരിശോധിക്കാൻ ആഗ്രഹിക്കുന്നത് പാപമാണ്. അത് ഇവയ്ക്കെല്ലാം ഉപരിസ്ഥമാണെങ്കിലും, തന്റെ കാരുണ്യത്താൽ ഇവയ്ക്ക് താഴേക്കിറങ്ങിവന്നു.

8. മനുഷ്യർക്ക് പ്രയോജനപ്രദമായ ഉപമകൾ എല്ലാറ്റിന്റെയും കർത്താവിന്റെ കലവറയിൽ നിന്നുവന്നു. സഹായിക്കാനായി സമയവും സാഹചര്യവും അനുസരിച്ച് അവിടുന്ന് അവ ക്രമീകരിക്കുന്നു. ക്രോധകാലത്തും സന്തുഷ്ടകാലത്തും, ഭയകാലത്തും പ്രശാന്തകാലത്തും തന്റെ സത്ത ഒരുപോലെയാണെങ്കിലും, മാനുഷികനിയമാനുസൃതം അവൻ തന്നെത്തന്നെ മാറ്റത്തിന് വിധേയനാക്കുന്നു.

9. ഇതാ, മോശ ജനത്തെ പഠിപ്പിച്ചപ്പോൾ, നമ്മുടെ രീതിയിലാണ് അവിടുത്തെ ഔന്നത്യത്തെപ്പറ്റി സംസാരിച്ചത്. "അഗ്നിയുടെ മധ്യത്തിൽ നിന്ന് നിങ്ങൾ രൂപമൊന്നും കണ്ടില്ല"[1] എന്നുപറഞ്ഞ് അവനിത് ഉയർത്തിക്കാട്ടി. ജനങ്ങൾ നിറക്കൂട്ടുകളിലൂടെ വരച്ചുണ്ടാക്കാതിരിക്കാനായി, നിഗൂഢൻ സീനായ് മലയിൽവച്ച് ഒരു രൂപവും ധരിച്ചില്ല. തന്റെ ഹൃദയത്തിൽ രൂപീകരിക്കാനായി മോശയ്ക്ക് ഒരാശയം കിട്ടി.

10. സീനായ്മലയിൽവച്ച് തന്റെ ഛായയോ, ആളത്തമോ വെളിപ്പെടുത്താതിരുന്നത് പ്രയോജനകരമായിരുന്നു. മനുഷ്യർ തെറ്റായ രീതിയിൽ വരച്ചുകാട്ടാതിരിക്കാൻ, അവിടുന്ന് വിജാതീയത്വത്തിന് അവസരം കൊടുത്തില്ല. എന്നാൽ മറുവശത്ത് അവൻ തന്റെ വ്യക്തിത്വരൂപം കാണിച്ചത് പ്രയോജനപ്രദമായിരുന്നു. അവിടുന്ന് അതുവഴി തന്റെ സൗന്ദര്യം നമ്മെ കാണിച്ചു. നാം അവന്റെ മഹത്വം ദർശിക്കുകയും ചെയ്തു. അവൻ കാണിക്കാതിരുന്നതുവഴി തെറ്റ് തടഞ്ഞു; കാണിച്ചതുവഴി ആവശ്യക്കാരെ സംതൃപ്തരാക്കി.

11. എഴുപത് മൂപ്പന്മാർ കണ്ടു വിശ്വസിച്ചു. 'ഔന്നത്യം പൂർണമായി കണ്ടു' എന്ന അവരുടെ മിഥ്യാബോധം മോശ പാടേ നശിപ്പിച്ചു. എന്നാൽ താൻ അവിടുത്തെ ദർശിച്ചെന്ന് അവരെ മനസ്സിലാക്കി; അതെങ്ങനെയെന്ന്

1. ആവ.4,12

www.malankaralibrary.com

അവൻ അവർക്ക് വിശദീകരിച്ചു കൊടുക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്തു. കാരണം, മൂപ്പന്മാർ അവനെ കണ്ടില്ല, അവർക്ക് വ്യാജദർശനം ഉണ്ടായതേയുള്ളു. എന്നാൽ മോശ കണ്ടെങ്കിലും, താൻ കണ്ടില്ലെന്ന് അവന് അറിയാമായിരുന്നു. കാരണം, തന്റെ കർത്താവ് കടമെടുത്ത രൂപങ്ങളിലൂടെ പ്രത്യക്ഷപ്പെടുന്നെന്ന് വിവേകിയായ ആ മനുഷ്യൻ അറിഞ്ഞിരുന്നു.[2]

12. പൂഴിയുടെ മുമ്പിൽ പരമോന്നതന്റെ പ്രത്യക്ഷീകരണം ചെറുതായിരുന്നു. സമസ്ത നിർമാതാവ് അതിനെ രൂപീകരിച്ചു. തന്റെ നന്മയാൽ അതിനെ രൂപീകരിച്ചതുപോലെ, താഴ്മയോടുകൂടെ തന്റെ നിസ്സാരതയിൽ രക്ഷിക്കാൻ അവിടുന്ന് തിരുമനസ്സായി. നമ്മുടെ രൂപത്തിൽ അവിടുത്തെ ദർശിച്ചിട്ടുപോലും മോശ ഭയന്നു വിറച്ചുപോയി. അങ്ങനെയെങ്കിൽ, തന്റെ സത്തയുടെ യഥാർഥശക്തിയുടെ മുമ്പാകെ നിൽക്കാൻ എങ്ങനെ കഴിയും? ഇതാ, പുത്രനു മാത്രമേ അതിനു കഴിവുള്ളു.

13. ഇപ്പോൾ അവനെ നോക്കി, അവനായിരുന്നെന്നും എങ്കിലും അവൻ അല്ലായിരുന്നെന്നും കാണുക! കാരണം, സത്യവാൻ ഒരു രൂപത്താൽ തന്നെത്തന്നെ മറച്ചിരിക്കുന്നു. അതിനുള്ളിൽ അവന്റെ പൂർണത കാണാം. എന്നാൽ നമ്മുടെ രൂപത്താൽ അവൻ തന്നെത്തന്നെ മറച്ചിരിക്കുന്നു. ഔന്നത്യം കൂടാതെയല്ല ആ രൂപം. എന്നാൽ ആ രൂപം ദൈവത്വമല്ല. ശിശുസമാനർക്ക് ഉപയുക്തമാകാൻ ഔന്നത്യം ഒരു വിരി രൂപീകരിച്ചിരിക്കുന്നു.

14. വിഡ്ഢികളുടെ കാതുകളെ കുറ്റപ്പെടുത്താനായി തന്റെ വാക്കുകൾക്ക് വൈവിധ്യമാർന്ന അർഥമാണുള്ളത്. അവന്റെ സൗന്ദര്യം ശിശുക്കളുടെ നയനങ്ങൾ തുറക്കുന്നതിന്, അവന്റെ മുഖഛായകൾ അത്ഭുതാവഹമാണ്. അവൻ പൂർണമായി വ്യതിയാനരഹിതനായി നിലകൊള്ളുന്നു. അവൻ വലുതാകുന്നില്ല, ചെറുതാകുന്നുമില്ല. ചെറുതാകാത്തവൻ ചെറുതാകുകയും വലുതാക്കാൻ വലുതാകുകയും ചെയ്യുന്നു. അവൻ എല്ലാവരോടും സംസാരിക്കുന്നു. ഒരേ ഒരാളോടു സംസാരിക്കാനായി അവൻ സ്വയം വലിഞ്ഞ് ചെറുതായി.

15. നമ്മോട് ഇടപെടുമ്പോൾ ഉള്ളതുപോലെയാണ് തന്റെ വിജ്ഞാനമെന്ന് അൽപബുദ്ധികൾ തെറ്റിദ്ധരിച്ചു. യാതൊരു കുറവും കൂടാതെയാണ് അവന് അതുള്ളത്. എന്നാൽ കുറവുള്ളതായി നമുക്ക് തോന്നിയെന്നു മാത്രം. വിജാതിയ ബലികളുടെ ഇടയിൽ വഴിതെറ്റിപ്പോയവരെ അനുസരണമുള്ളവരാക്കാൻ, അവൻ ജനതകൾക്ക് പദ്ധതികൾ ആവിഷ്ക്കരിച്ചു. ബലികളിലൂടെ അവൻ അവരെ ആകർഷിച്ചതിനാൽ, ബലികളുടെ ഗന്ധം അവന് സ്വീകാര്യമാണെന്ന് അൽപബുദ്ധികൾ കരുതി.

2. പുറ.24,9-11


www.malankaralibrary.com

# 27

## "ദൈവം തന്റെ കാരുണ്യത്താൽ" എന്ന രീതി

1. സത്ത തന്നെയായ ദൈവത്തിന്റെ നാമംപോലെ സ്വഭാവവും മഹ നീയമാണ്. അവിടുന്ന് അസ്തിത്വം തന്നെയാണെങ്കിൽ, എല്ലാറ്റിൽനിന്നും തന്റെ നാമം വേർപെട്ടിരിക്കുന്നു. നാമത്തിന്റെ ഉള്ളടക്കം എല്ലാറ്റിൽനിന്നും മറഞ്ഞിരിക്കുന്നു. അപ്പോൾ, അവിടുത്തെ പരിശോധിക്കാമെന്ന് പരിശോധ കർ വ്യാമോഹിക്കുന്നത് എങ്ങനെ? സൃഷ്ടികളുമായി അവിടുത്തേക്ക് സാമ്യ മില്ല, ബുദ്ധി എത്ര കിണഞ്ഞുപരിശ്രമിച്ചാലും അത് അവനുപകരം കാണു ന്നത് തന്നെത്തന്നെ മാത്രമായിരിക്കും.

*പ്രതിസ്തോത്രം: പുത്രനായ മിശിഹായേ, നിനക്കും നിന്റെ പിതാ വിനും സ്തുതി.*

2. ഒരിക്കലും കാണാൻ കഴിയാത്തവനെ കാണാമെന്ന് സൃഷ്ടികൾ വ്യാമോഹിക്കുന്നു. ദൈവം തങ്ങൾക്ക് സമനാണെന്ന് കരുതുന്നതിനാൽ, അവർ തങ്ങളിലൂടെ അവനെ കാണുകയും വഴിതെറ്റുകയും ചെയ്യുന്നു. ത ങ്ങളെ കാണുകയും അവനെ കണ്ടെന്ന് കരുതുകയും ചെയ്യുന്നതിനുപകരം അവനിലൂടെ തങ്ങളെ കണ്ടിരുന്നെങ്കിൽ, അവനെ കണ്ടെന്ന് അവർക്ക് ശരി യായി കരുതാമായിരുന്നു. ഓ, നിഗൂഢനെ സ്പർശിച്ചെന്ന് തോന്നുകയും കരുതുകയും ചെയ്യുന്ന കൊച്ചുകുട്ടി!

3. താനായിരിക്കുന്നതുപോലെ അവന്റെ അസ്തിത്വത്തിന്റെ സ്വഭാവം നമ്മുടെ ഹൃദയത്തിൽ രൂപീകരിക്കുക അസാധ്യമാണ്. നമുക്ക് വഴിതെറ്റി പ്പോകാതിരിക്കാനും നാം കണ്ടെത്തിയ സത്യത്തിലൂടെ ശക്തീകരിക്കപ്പെ ടാനുമായി അതിനെ എന്തിനോട് നാം താരതമ്യപ്പെടുത്തും? സാദൃശ്യത്തി ലൂടെ അവനെ കണ്ടെന്ന് അവർ വ്യാമോഹിക്കുന്നെങ്കിൽ, ഗൗരവമായി അവർക്ക് വഴിതെറ്റി, അവർ ഗൗരവമായി വഴിതെറ്റിക്കുകയും ചെയ്യുന്നു. അ വർക്കു തെറ്റി, അവർ തെറ്റിക്കുകയും ചെയ്യുന്നു. കാരണം, തന്നിൽ നിന്നുള്ള ഫലം മാത്രമേ യഥാർഥത്തിൽ അവനെ അറിയുന്നുള്ളു.

4. ഓ, താർക്കികരുടെ അന്ധത നിറഞ്ഞ കൂട്ടം! അവർ പ്രകാശത്തിന്റെ മധ്യത്തിൽ നിന്നുകൊണ്ട് പ്രകാശം തേടുന്നു. അവർ സ്വർണം പരിശോധി ച്ച്, അത് സൂര്യന് തുല്യമാണെന്ന് കരുതുന്നു. അവർ രത്നം തപ്പി നോക്കി അതിന് പ്രകാശത്തിന്റെ നിറമാണെന്നു ചിന്തിക്കുന്നു. അവർ എല്ലാം പരി ശോധിക്കുന്നു, എല്ലാം തപ്പിനോക്കുന്നു. എന്നാൽ തങ്ങൾ സൂര്യനെ തപ്പി നോക്കിയെന്ന് വിഡ്ഢികൾ വ്യാമോഹിക്കുന്നു. തന്റെ ഉള്ളിൽ സൂര്യന്റെ ഒരാശയം രൂപീകരിക്കാൻ ഓരോരുത്തരും താന്താങ്ങളുടെ ഭാവന അനുസ രിച്ചുള്ള ചിത്രം വരച്ചുണ്ടാക്കി.

www.malankaralibrary.com

5. സൂര്യനോടു ബന്ധപ്പെടാൻ നമുക്ക് ഒരേയൊരു ഇന്ദ്രിയമേയുള്ളു എന്ന് അവർ ചിന്തിക്കുന്നില്ല. മറ്റിന്ദ്രിയങ്ങളെല്ലാം കഴിവില്ലാത്തവയാണ്. അവയെല്ലാം സൂര്യന് അന്യമാണ്. അതിന്റെ രുചി അറിയാനാവില്ല, അതിന്റെ മണമറിയാനാവില്ല, അതിന്റെ ശബ്ദം കേൾക്കാനാവില്ല, അതിന്റെ പ്രകാശം സ്പർശിക്കാനാവില്ല. പുത്രൻ തന്റെ പിതാവിനെ എന്നപോലെ, അതുമായി ബന്ധപ്പെട്ട കാഴ്ചയ്ക്കു മാത്രമേ അതിലെത്താനാവൂ.

6. പ്രകാശം വായിൽ വന്നാലും അനുഭവവേദ്യമാകുന്നില്ല. അത് ചെവിയിലടിച്ചാലും അത് അറിയുന്നില്ല. അത് കൈയിലടിച്ചാലും അതിനെ സ്പർശിക്കാനാവില്ല. കിരണം മൂക്കിലടിച്ചാലും അതിനെ മണക്കാനാവില്ല. അതുപോലെ പ്രകാശത്തെ ഹൃദയവും മനസ്സും, രാജാവും തന്റെ സൈന്യാധിപനും, ചിന്താശക്തിയും അതിന്റെ ആസ്ഥാനവും ഉൾക്കൊള്ളുന്നില്ല. എങ്കിലും തങ്ങളുടെ കർത്താവിനെ പരിശോധിക്കാൻ അവർ ഇച്ഛിക്കുന്നു.

7. ഇതാ, ഒരേ ഒരു സംഗതി നിമിത്തം ഇവർക്കെല്ലാം നിന്ദനവും അപമാനവും നാണക്കേടും ലജ്ജയുമാണ്. തങ്ങളുടെ മുമ്പിലുള്ള നിസ്സാര വെളിച്ചം കാണാൻ അവർക്കാർക്കും കഴിയുന്നില്ല. ഇതാ, അത് അവരുടെ ചുറ്റും വർഷിക്കുന്നു. അതിന്റെ ശോഭ അവരുടെമേൽ അടിക്കുന്നു. അതിന്റെ വെളിച്ചം അവരെ പൂശുന്നു. അതവരെ പൊതിഞ്ഞിരിക്കുന്നെങ്കിലും അവരിൽ നിന്ന് അനന്തമായി അകലെയാണ്. കടങ്കഥ പോലെ മാത്രമേ ദുർബലർ അതിനെ ഗ്രഹിക്കുന്നുള്ളു.

8. അഹങ്കാരിയായ അന്ധൻ വില്ലുകുലച്ച് അഗ്നിജ്വാലയിലേക്ക് അമ്പെയ്യുകയും തന്റെ അമ്പുകൾ നശിച്ചുപോകുന്നത് കാണാതിരിക്കുകയും ചെയ്യുന്നതുപോലെയാണ് അന്ധരുടെ തർക്കങ്ങൾ! കാരണം, തന്റെ അഹന്തയാൽ അവനെയ്ത അമ്പുകൾ അഗ്നിയിൽ ചാമ്പലാകുകയും കാറ്റിൽ പൊടിയാകുകയും ചെയ്തു. അവൻ തന്നെ അവിടേക്കു കയറിച്ചെല്ലാൻ ഇടയായാൽ അവനും അവന്റെ  അമ്പുകളും കത്തിച്ചാമ്പലാകും.

# 28

## "ദൈവം തന്റെ കാരുണ്യത്താൽ" എന്ന രീതി

1. ഈറേന്മാർ, ഇടിമിന്നലുകൾ, ഉൽക്കകൾ, ഭൂകമ്പങ്ങൾ, ചുഴലിക്കാറ്റുകൾ, ജലപ്രളയങ്ങൾ എന്നീ ദാസരുടെ ദാസരായ സൃഷ്ടയാഥാർഥ്യങ്ങൾ ബലഹീനരായ നമ്മുടെ പക്കലേക്ക ശക്തിപൂർവം ആഞ്ഞടിക്കുമ്പോൾ, ഭയജന്യങ്ങളാണ്. തന്റെ ശുശ്രൂഷയ്ക്ക് നിയമിതരും നമ്മെ ശുശ്രൂഷിക്കുന്നവ


www.malankaralibrary.com

രുമായ ഈ ശക്തികൾ മനുഷ്യർക്ക് ഭീതിജനകരാണ്. എങ്കിൽ സമസ്തവും ആരുടെ ശക്തിയാൽ നിലനിൽക്കുന്നുവോ, ആ ശക്തിയെ നോക്കാൻ ആരാണ് തുനിയുക?

*പ്രതിസ്തോത്രം: പരിശോധനാതീതനായ പുത്രൻ വാഴ്ത്തപ്പെട്ടവനാകട്ടെ.*

2. ഇതാ, കൂടിക്കലർത്താതിരിക്കുമ്പോൾ മരുന്നുകൾക്കുള്ള വ്യത്യസ്തശക്തി നമുക്ക് ഉപദ്രവകരമാകാം. വീഞ്ഞ് അതിന്റെ മാധുര്യത്താലും സുഗന്ധദ്രവ്യങ്ങൾ അവയുടെ ഗന്ധത്തിന്റെ ശക്തിയാലും ഉപദ്രവകരമാകാം. ക്രമരഹിതമായ ഭക്ഷണവും നിദ്രയും ഉപദ്രവമുണ്ടാക്കും. സാധാരണവസ്തുക്കൾ ക്രമരഹിതമായിത്തീർന്നാൽ നമുക്ക് ഉപദ്രവകരമാകുന്നെങ്കിൽ, ദഹിപ്പിക്കുന്ന അഗ്നിയെ നിയന്ത്രണരഹിതമായി പരിശോധിക്കുന്നവന് എത്ര കഠിനതരമായ ഉപദ്രവമാണുണ്ടാകുക!

3. അതുകൊണ്ട്, സൃഷ്ടികളിൽനിന്ന് മിതമായി പ്രയോജനം ലഭിക്കാൻ, നിയന്ത്രിതരീതിയിൽ അവയെ സമീപിക്കുന്നതിന് നല്ലവൻ നമുക്കായി തൂക്കങ്ങളും അളവുകളും നിയമങ്ങളും ക്രമീകരിച്ചിരിക്കുന്നു. അപ്പോൾ, മിതമായിട്ടല്ലാതെ ക്രമരഹിതമായി അവനെ സമീപിക്കണമെന്ന് സർവോന്നതനായ അവിടുന്ന് നിശ്ചയിച്ചിരിക്കുമോ? എല്ലാം ക്രമീകരിച്ചവൻ, തന്നെ പരിശോധിക്കുന്നവരുടെ പരിശോധനയ്ക്കുമാത്രം ക്രമീകരണം നൽകാതിരിക്കുന്നത് എങ്ങനെ?

4. ഇതാ, അവിടുന്ന് എല്ലാറ്റിനും അതിർത്തി നിശ്ചയിച്ചിരിക്കുന്നു; തന്റെ ക്രമീകരണം എല്ലാറ്റിന്മേലും വ്യാപിപ്പിച്ചിരിക്കുന്നു; പ്രകൃതിക്കാവശ്യമുള്ളവ അവിടുന്ന് പ്രദാനം ചെയ്യുന്നു; സ്വതന്ത്രജീവികൾക്ക് ബുദ്ധിയും സ്വതന്ത്രേച്ഛയും. പ്രകൃതിവസ്തുക്കൾ ബന്ധിതമാണ്; സ്വതന്ത്രജീവികൾ സംരക്ഷിതനാണ്. സ്വതന്ത്രജീവികളെ കാത്തുസൂക്ഷിക്കുന്ന കോട്ടയാണ് നിയമം. നമുക്ക് പ്രകൃതിയും സ്വാതന്ത്ര്യവും ക്രമീകരിച്ചവനെ കുറ്റപ്പെടുത്താൻ ആർക്കു കഴിയും?

5. ഇതാ, തന്റെ സഞ്ചാരത്തിൽ സൂര്യൻ അതിന്റെ പഥത്തിൽ കൂടി ചരിക്കുന്നു. ചന്ദ്രൻ തന്റെ വൃദ്ധിക്ഷയങ്ങളിലും ക്രമം പാലിക്കുന്നു. ആകാശത്തിനും ഭൂമിക്കും അവിടുന്ന് ക്രമം നിശ്ചയിച്ചിട്ടുണ്ട്. ആകാശത്തിനു മുകളിലുള്ള വെള്ളത്താൽ അവിടുന്ന് ചക്രവാളത്തിന് അതിരിട്ടു. അവിടുത്തേക്ക് തെറ്റിപ്പോയില്ല, പിന്നെയോ, നാമാണ് ക്രമരഹിതമായി പ്രവർത്തിക്കുന്നവർ. മണലാൽ തിരകൾക്ക് അതിർത്തി നിശ്ചയിച്ചെങ്കിൽ, എല്ലാറ്റിന്റെയും കർത്താവിന്മേൽ തന്നെത്തന്നെ ധിക്കാരപൂർവം ഉയർത്തുന്ന അഹങ്കാരിയെപ്പറ്റി ലജ്ജിക്കുക.

6. എന്റെ സഹോദരങ്ങളേ, ഇതാ, ധിക്കാരിയെ അവനിൽ നിന്നു തന്നെ അവന്റെ ക്രമീകരണത്തെപ്പറ്റി പഠിപ്പിക്കാം. സ്ത്രീയുടെ ഉദരത്തിലുള്ള അവന്റെ ഗർഭധാരണം പരിമിതപ്പെട്ടിരുന്നു. ഭൂമിയുടെ ഉള്ളിലുള്ളതും അവിടെ നിന്നുള്ള അവന്റെ ജനനവും അതുപോലെതന്നെ. ഇതാ, അവന്റെ ഗർഭധാരണവും ജനനവും അവനെ പരിമിതപ്പെടുത്തി. ഇതാ, അവന്റെ മരണവും കല്ലറയും ഉയർപ്പും അവനെ പരിമിതപ്പെടുത്തി. ഇതാ, ഇവയിലൂടെയെല്ലാം ധിക്കാരി പരിമിതനായി. എന്നാൽ അവന്റെ തർക്കങ്ങൾക്ക് ഒരു പരിമിതിയുമില്ല.

7. ഇതാ, തന്റെ സ്വാതന്ത്ര്യത്താൽ അവന്റെ മനസ്സ് അസ്വസ്തമായിരിക്കയാൽ, നമുക്ക് വീണ്ടും അവന്റെ ക്രമരാഹിത്യത്തെ കുറ്റപ്പെടുത്താം. അവന്റെ ക്രമരഹിതമായ സ്വാതന്ത്ര്യത്തിൽ നിന്ന് അവന്റെ ക്രമീകൃതമായ സ്വഭാവം വേർതിരിക്കപ്പെടാൻ, ദൈവികനന്മയാൽ അവന്റെ പ്രകൃതി ക്രമീകൃതമാണ്. ആരെങ്കിലും അവന്റെ അവയവങ്ങളെ മുറിപ്പെടുത്താൻ മുതിർന്നാൽ അവൻ അവനെ വെറുക്കുകയും തന്റെ സ്വന്തം അവയവങ്ങളെ സ്നേഹിക്കുകയും ചെയ്യും. അങ്ങനെ തന്റെ ശരീരാവയവങ്ങളുടെ ക്രമം പാലിക്കുന്നു. എന്നാൽ തന്റെ മാനസ്സികാവയവങ്ങളുടെ ക്രമം നഷ്ടപ്പെടുത്തിതാളം തെറ്റിക്കുന്നു.

8. ഇതാ, ക്രോബേ പറുദീസായ്ക്ക് അതിർത്തിയും സീനായ് മലയ്ക്ക് ഭീതികരമായ തടസ്സവുമായിരുന്നു. സമീപിച്ചവർ കരുണാരഹിതമായി കല്ലെറിയപ്പെടണം.[3] ദൃശ്യമായവയിലൂടെ അദൃശ്യമായവയെപ്പറ്റി അവൻ നമുക്ക് മുന്നറിയിപ്പുതന്നു. ആ ദിവസം മുഴുവൻ ആ മലയ്ക്ക് അവൻ അതിർത്തി വച്ചെങ്കിൽ, തന്റെ അദൃശ്യസ്വഭാവത്തിന്റെ മഹനീയതയ്ക്ക് നിത്യത മുഴുവൻ അവൻ അതിർത്തി വച്ചു. അവിടെ, സാഹസികന് മരണമാണ്. എന്നാൽ ഇവിടെ അവനെ പരിശോധിക്കാൻ ആഗ്രഹിക്കുന്നവരെ ഗേഹന്നാ കാത്തിരിക്കുന്നു.

9. ഇതാ, വായാടിയെ കുറ്റപ്പെടുത്തിയ കുഷ്ഠരോഗം താർക്കികരുടെ ധിക്കാരത്തെ കുറ്റപ്പെടുത്തുന്നു. കാരണം, താഴ്മയുള്ളവനെതിരെ സംസാരിച്ച മിറിയം തന്റെ അധരങ്ങൾക്ക് കുഷ്ഠത്തിന്റെ വസ്ത്രം നെയ്തു. ജലത്തിലെ ശിശുവിനെ അനുഗമിച്ചത് അവളുടെ സ്നേഹമാണ്. തീരത്തുവച്ച് അവൾ ഫറവോന്റെ മകളുടെ ഹൃദയം കവർന്നു. അങ്ങനെ, വെള്ളത്തിൽ ഒഴുകിക്കൊണ്ടിരുന്ന ശിശു തന്റെ പ്രതിഫലം കൊണ്ട് തന്റെ അമ്മയേയും പോറ്റി.[4]

3. ഉല്പ.3,24; പുറ.19,12–13

4. സംഖ്യ 12,1–10; പുറ.2,1–9



www.malankaralibrary.com

10. അത്ഭുതം, ആശ്ചര്യം, ഭീതി! കാരണം, മിറിയം ഒരു മർത്യനെതിരെയാണ് സംസാരിച്ചത്. ജലത്തിൽ അവൻ അവളോട് കടപ്പെട്ടിരുന്നു. അവൾ മോശയേക്കാൾ പ്രായം കൂടിയവളുമായിരുന്നു. പ്രായമുള്ളവരെ ബഹുമാനിക്കണമെന്ന് ആ നീതിമാൻ കൽപ്പിച്ചിട്ടുമുണ്ടായിരുന്നു.[5] എങ്കിലും പ്രായമുള്ള ഈ പ്രവാചകി കരുണാരഹിതമായി നിന്ദിതയായി. വായാടിയെ ശിക്ഷിച്ച ആദ്യജാതനെ പരിശോധിക്കാൻ ഒരുമ്പെടുന്നവൻ എങ്ങനെ സംശുദ്ധനാകും?

11. മോശയുടെ സഹോദരിയായ പ്രവാചകി അവനോട് എതിർത്തതിന് അത്യുന്നതൻ ശിക്ഷിച്ചെങ്കിൽ, ദഹിപ്പിക്കുന്ന അഗ്നിയായവന്റെ മടിയിലെ പുത്രനും ഔന്നത്യവുമായവന്റെ ജനനത്തെപ്പറ്റി തർക്കിക്കാൻ ആരാണ് മുതിരുക? ആ അഗ്നിയിൽനിന്ന് ഇടിമിന്നലും അഗ്നിനാവുകളും പുറപ്പെടുന്നു.[6] ധിക്കാരികളുടെ ചുഴിഞ്ഞിറങ്ങൽ അവന്റെ മുമ്പിൽ ചുള്ളിവിറകുപോലെയാണ്. ചോദ്യം ചെയ്യുന്നവരും കലഹിക്കുന്നവരും, പതിരും മുള്ളുംപോലെ ദഹിപ്പിക്കപ്പെടും.

12. കളിയാക്കുകയും കളിയാക്കപ്പെടുകയും ചെയ്ത ഗേഹാസി തന്റെ യജമാനന്റെ കണ്ണു വെട്ടിക്കാൻ ശ്രമിച്ചെങ്കിലും നിന്ദ്യനായിത്തീർന്നു.[7] മൂന്നു നാമങ്ങളിൽ സ്നാനപ്പെടുത്തുന്ന പാഷണ്ഡികൾ മനുഷ്യരെ വഞ്ചിക്കുന്നു. മൂന്നു പേരുടെ സാക്ഷ്യത്താൽ ന്യായാധിപന്മാർ തീരുമാനമെടുക്കുന്നു.[8] ഇതാ, ഇവിടെ മൂന്നു സാക്ഷികൾ കലഹത്തിനെല്ലാം അറുതി വരുത്തുന്നു. തന്റെ സ്നാനത്തിന്റെ വിശുദ്ധ സാക്ഷികളെപ്പറ്റി ആരാണ് സംശയിക്കുക!

13. ആലയത്തിൽ നിന്ദ്യത നടമാടിയതിനാൽ അതിനോട് പ്രതികാരം ചെയ്തെങ്കിൽ,[9] സർവത്തിന്റെയും നാഥനെപ്പറ്റി ചോദ്യങ്ങൾ ഉന്നയിക്കാൻ ആരാണ് മുതിരുക? നീ നശിച്ചുപോകാതിരിക്കാൻ, അവന്റെ ജനനത്തെപ്പറ്റി വിവരിക്കുന്നതിൽനിന്ന് അകന്നിരിക്കുക. കാരണം, ഉസ്സിയാ ധൂപമർപ്പിക്കുകയും അടിക്കപ്പെടുകയും ചെയ്തു. പരിശുദ്ധിയുടെ മഹനീയതയെ ബഹുമാനിക്കാൻ കൂട്ടാക്കാഞ്ഞതിനാൽ, അവൻ തന്റെ ശിഷ്ടായുസ്സു മുഴുവൻ നിന്ദിതനായി. അവനെ കുഷ്ഠം പൊതിഞ്ഞു. അവൻ പവിത്രീകൃതഭവനത്തെ നിന്ദിച്ചതിനാൽ, അശുദ്ധനായി തന്റെ ഭവനത്തിൽ അടച്ചുപൂട്ടി കഴിയേണ്ടി വന്നു.

---

5. ലേവ്യ 19,32

6. ഏശാ.5,24

7. 2രാജാ.5,20–27

8. ആവ. 19,15;2കൊറി.13,1

9. 2 ദിന.26,16ff.21

www.malankaralibrary.com

14. ഇതാ, വിജ്ഞാനികൾക്ക് ചിന്തയുടെ അദൃശ്യകണ്ണാടിയിൽ അവരിരുവരും ദൃഷ്ടാന്തമായിരിക്കുന്നു. അവരിരുവരും സ്വതന്ത്രമായ ഇച്ഛാശക്തി ഉപയോഗിച്ചു. അവർ സ്വാതന്ത്ര്യം ദുരുപയോഗിച്ച് വഴിതെറ്റിപ്പോയതിനാൽ, ദൈവകോപത്തിന്റെ ദുരന്തം അനുഭവിക്കുകയും ചെയ്തു. ഇരുവരും ദൈവത്തിന്റെ പുരോഹിതരാകാൻ ആഗ്രഹിച്ചു. അവരുടെ മറഞ്ഞിരുന്ന ഹൃദയം ദൃശ്യമായ അർപ്പണത്തിൽ അവർ പകർത്തി. കാരണം, അർപ്പണത്തിലൂടെ അവരുടെ നിഗൂഢലക്ഷ്യം നിന്ദനത്തിനായി പുറത്തുചാടി.

15. എല്ലാവരെയും പവിത്രീകരിക്കുന്ന വിശുദ്ധ സ്ഥലത്തുനിന്ന്, സർവത്ര അശുദ്ധനായ കുഷ്ഠരോഗിയായി അവൻ പുറത്തേക്കുപോയി. എല്ലാം ശരിയായി ക്രമീകരിക്കുന്ന പ്രബോധനം, നമുക്കെല്ലാം ചോദ്യം ചെയ്ത് തകിടം മറിക്കുന്ന ഉറവയായിത്തീർന്നു. എല്ലാറ്റിനും പ്രയോജനപ്രദമായ മഴ അധികമായാൽ എല്ലാറ്റിനും ഉപദ്രവം വരുത്തുന്നു. എല്ലാറ്റിനെയും പ്രശോഭിപ്പിക്കുന്ന സൂര്യൻ അതിന്റെ ഉഗ്രപ്രഭയാൽ എല്ലാവരെയും അന്ധരാക്കുന്നു. എല്ലാവർക്കും ജീവദായകമായ അപ്പം ബുഭുക്ഷുവിന് മരണമായി തീരുന്നു.

16. പരിശുദ്ധ സ്ഥലത്തിന് അഗ്നികൊണ്ടാണ് അവിടുന്ന് അതിർത്തി കുറിച്ചത്. ധിക്കാരികളെ അവന്റെ ക്രമീകരണം ശിക്ഷിച്ചു. പൗരോഹിത്യ ശുശ്രൂഷയിൽ കടന്നുകയറാൻ മുതിർന്ന ഇരുനൂറ് പേരേ വിശുദ്ധ സ്ഥലത്തെ ചുറ്റിനിന്ന അഗ്നി സംഹരിച്ചുകളഞ്ഞു. അപരിചിതാഗ്നി അർപ്പിച്ചതിനാൽ അഹറോന്റെ പുത്രന്മാരെ അഗ്നി വിഴുങ്ങിക്കളഞ്ഞു.[10] പാവനാഗ്നി അപരിചിതാഗ്നിക്കെതിരെ ക്രുദ്ധയായി. അതുപോലെ, സത്യപ്രബോധനം അശുദ്ധ തർക്കങ്ങൾക്കെതിരെ തീക്ഷ്ണമതിയാണ്.

# 29

## "ദൈവം തന്റെ കാരുണ്യത്താൽ" എന്ന രീതി

1. ദൈവം തന്റെ കാരുണ്യത്താൽ മർത്യരെ ദൈവങ്ങളെന്നു കൃപയിലൂടെ വിളിച്ചു.[11] എന്നാൽ അവരാകട്ടെ തങ്ങളുടെ അന്വേഷണത്തിൽ ദൈവമായ അവിടുത്തേക്ക് മനുഷ്യർക്കെന്നപോലെ പരിമിതി നിശ്ചയിച്ചു. അവൻ ധരിച്ച നിങ്ങളുടെ ഈ ശരീരത്തെ ക്രോബകൾ വഹിക്കുന്നു. അതിനു മുമ്പിൽ സ്രാപ്പേന്മാർ ഭയചകിതരാകുന്നു; മാലാഖമാർ നിശ്ശബ്ദരാകുന്നു. നിന്ദ്യരായ നിങ്ങളോ, മഹനീയന്റെ ജനനത്തെ നിസ്സാരമാക്കുന്നു.

*പ്രതിസ്തോത്രം: തന്റെ ജനകന്റെ മടിയിൽ മറഞ്ഞിരുന്നവന് സ്തുതി.*

---

10. സംഖ്യ 16,1-35

11. സങ്കീ.82,6


www.malankaralibrary.com

2. അവിടുന്ന് താണിറങ്ങിവന്ന് ധരിച്ച ബലഹീനശരീരത്തോട് തന്റെ നാമങ്ങളും കർമങ്ങളും കൂട്ടിച്ചേർത്തു. വിശക്കുന്നത് അവിടുത്തേക്ക് ആവശ്യമായിരുന്നതുപോലെ, പ്രാർഥിക്കുന്നത് അവിടുത്തേക്ക് ആവശ്യമായിരുന്നു.[12] വിശപ്പ് പൂർണമായി ശരീരത്തിന്റേതായിരുന്നതുപോലെ, അവന്റെ കുറവുകൾ പൂർണമായും ശരീരത്തിന്റേതായിരുന്നു. എല്ലാവരെയും ജീവിപ്പിക്കാനായി സജീവൻ ധരിച്ച പേരുകൾ നിമിത്തം നീ മരിക്കാതിരിക്കട്ടെ.

3. ശരീരം നിമിത്തം നിങ്ങളോടുള്ള സ്നേഹത്താൽ വലിയവൻ ബലഹീനനാമങ്ങൾ ധരിച്ചു. അവയിലേതിനെ യഥാർഥവും മഹനീയവും ബഹുമാന്യവുമായി നിങ്ങൾ പരിഗണിക്കുന്നു? പിതാവ് എന്ന നാമം സത്യമാണ്, പുത്രൻ എന്ന നാമം വിശ്വസനീയമാണ്, ക്ഷമിക്കുന്നവൻ എന്ന നിലയിൽ അവൻ കാമ്യനാണ്. വിധിയാളൻ എന്ന നിലയിൽ അവൻ ഭീതിദായകനാണ്. മനുഷ്യൻ എന്ന നിലയിൽ അവൻ പരിമിതനാണ്. അവന്റേത് ദൈവസ്വഭാവമാകയാൽ അവൻ അപരിമിതനാണ്.

4. ബലഹീനമായ കളിമണ്ണ് കടലിനെപ്പറ്റി അറിയാൻ അതിലേക്ക് ആഴ്ന്നിറങ്ങാൻ മുതിർന്നു. തിരമാലകൾ എവിടെനിന്ന് ആരംഭിക്കുന്നെന്നും എവിടെ അവസാനിക്കുന്നെന്നും അറിയാൻ അത് പരിശോധിക്കുന്നു. തന്നെ മെനഞ്ഞ കരങ്ങൾ തന്നെ എവിടെനിന്നെടുത്തു രൂപീകരിച്ചെന്നുപോലും കണ്ടെത്താൻ കഴിയാത്ത ധിക്കാരി ഉറവയെപ്പറ്റി അറിയാൻ പരിശോധന നടത്തുന്നു; അതിനെ നിന്ദിക്കുകയും ചെയ്യുന്നു.

5. കാറ്റിന്റെ ശക്തിയെ പൂഴി ചോദ്യശരത്താൽ കടന്നാക്രമിക്കുന്നത് ആരെങ്കിലും കണ്ടിട്ടുണ്ടോ? അവനെപ്പറ്റിയുള്ള പരിശോധനയിൽ ധിക്കാരികൾ മരണം കണ്ടുമുട്ടുന്നു. അവന്റെ ജീവശ്വാസം മരിച്ചവരെ ജീവിപ്പിക്കുന്നു. ദേവദാരുക്കൾ കടപുഴകി വീഴുന്നു. വനങ്ങൾ നശിക്കുന്നു. എന്നാൽ പരിശുദ്ധാത്മാവിന്റെ സ്വഭാവം പരിശോധിക്കാൻ പതിര് എത്തിയിരിക്കുന്നു. തന്റെ ഉച്ഛ്വാസത്താൽ അവ തീച്ചൂളയുടെ കവാടത്തിലേക്ക് ചിതറിപ്പറക്കുന്നു.

6. ആരെയും വിധിക്കാത്ത പിതാവും കർത്താവുമായവൻ ഒരുപക്ഷേ പരിശോധകരെ വിധിച്ചേക്കും.[13] എന്തുകൊണ്ടാണ് നിങ്ങൾ ആ പുത്രനെ പരിശോധിക്കാൻ ആഗ്രഹിക്കുന്നത്? നിങ്ങൾ അസ്തിത്വത്തിലെത്തിയതും രൂപീകൃതമായതും അവന്റെ കരങ്ങളാലാണ്. കളിമണ്ണിന് കുശവനെ പരിശോധിക്കാനാവില്ല. തന്റെ ഉപയോഗത്തിനായി അവൻ ജീവനില്ലാത്ത വസ്തുക്കൾ നിർമിക്കുന്നു. എന്നാൽ നിങ്ങളെ നിർമിച്ച സ്രഷ്ടാവാകട്ടെ, ബുദ്ധിയും ജ്ഞാനവും ഉള്ളവരായി നിങ്ങളെ നിർമിച്ചു. നന്ദിഹീനരായി നിങ്ങളവനെ നിരസിച്ചു.

12. മത്താ.4,2;26,36

13. യോഹ.5,22

www.malankaralibrary.com

# 30

## "ദൈവം തന്റെ കാരുണ്യത്താൽ" എന്ന രീതി

1. എല്ലാറ്റിന്റെയും കർത്താവായ ദൈവം താഴെപ്പറയുന്നവയിൽ തന്റെ ദാസരോടൊപ്പം പരിഗണിക്കപ്പെടുന്നില്ല: അവിടുന്ന് അളവിനും തൂക്കത്തിനും സ്പർശനത്തിനും നിറത്തിനും അളവുകോലിനും അതീതനാണ്. അവനെ മുറിക്കുള്ളിൽ അടച്ചിടാനാകില്ല. അവനെ പരിമിതപ്പെടുത്താൻ വായുവും സൂര്യകിരണങ്ങളുംപോലെ അവിടുന്ന് വ്യാപിച്ചിരിക്കുന്നില്ല. വിജ്ഞാനമാണ് അവിടുത്തെ സത്ത. അവന്റെ വിജ്ഞാനത്തിന് മുമ്പിൽ എല്ലാ അറിവും നിഷ്പ്രഭമാണ്.

*പ്രതിസ്തോത്രം: തന്നെ പരിശോധിക്കുന്ന എല്ലാവരിൽ നിന്നും മറഞ്ഞിരിക്കുന്ന നിഗൂഢനു സ്തുതി.*

2. നിർമ്മിക്കപ്പെട്ടത് നിർമാതാവിനെ തിരിച്ചറിയുന്നില്ല എന്നതാണ് ഈ മത്സരക്കാരുടെ ശ്രദ്ധയിൽ പെടാതെ പോകുന്ന കാര്യം. മാലാഖമാരുടെ പ്രകൃതി അഗ്നിയും അരൂപിയും ആണ്. ശരീരങ്ങളുടെ പ്രകൃതി പൊടിയും വെള്ളവുമാണ്. സർവനാഥന്റെ സ്വഭാവം, സൃഷ്ടികൾക്ക് വിശദീകരിക്കാനാവാത്ത സ്വഭാവം, ആർക്ക് ഗ്രഹിക്കാനാകും? മൂന്നാണത്; അത് എങ്ങനെയാണെന്നോ, എവിടെയാണെന്നോ, എത്ര വലിപ്പമുണ്ടെന്നോ വിവരിക്കുന്നതിൽ സൃഷ്ടികൾ പരാജയപ്പെടുന്നു.

3. ഈ മൂന്ന് നമുക്ക് വിശദീകരിച്ചു തന്നാലും: ഉദാ. എത്ര വലുതാണെന്ന ചോദ്യത്തിന് എങ്ങനെ ഉത്തരം പറയും? അസ്തിത്വമുള്ള ഒരു വസ്തുവിന്റെ അളവും തൂക്കവും, അഥവാ ഉയരവും വിസ്തൃതിയും എത്ര വലുതാണ്? വീണ്ടും ഒരു ചോദ്യം: അതിന്റെ നിറമെന്താണ്? അത് മാർദവമുള്ളതോ കട്ടിയുള്ളതോ, ചൂടുള്ളതോ, തണുപ്പുള്ളതോ? അത് എവിടെയാണെന്ന ചോദ്യം വിശദീകരിക്കുമ്പോൾ, അകലെ ഒരു മുറിയിലാണോ ഒരു സ്ഥലത്താണോ?

4. നിർമിക്കപ്പെട്ടതും സൃഷ്ടിക്കപ്പെട്ടതും സ്ഥാപിക്കപ്പെട്ടതുമായവയ്ക്കെല്ലാം ഇവയും ഇവയ്ക്ക് തുല്യമായവയുമുണ്ട്. ഒന്നുകിൽ അളവും തൂക്കവുമുണ്ട്, അല്ലെങ്കിൽ അവ സ്പർശനവിധേയമാണ്, നിറമുണ്ട്, വ്യാപ്തിയുണ്ട്, അവ ഏതെങ്കിലും സ്ഥലത്തായിരിക്കും. ഈ മൂന്നിൽ, മൂന്നു പ്രതീകങ്ങളിൽ, മൂന്നൊഴിച്ച് മറ്റെല്ലാം ഉൾക്കൊള്ളുകയും സ്ഥിതിചെയ്യുകയും ചെയ്യുന്നു. അങ്ങനെ സൃഷ്ടികളെക്കുറിച്ച് 'എങ്ങനെ, എത്ര വലിപ്പമുണ്ട്, എവിടെ' എന്ന് ചോദിക്കാനാവും.


www.malankaralibrary.com

5. മഹനീയൻ എല്ലാ ഉപമകൾക്കും തന്നെത്തന്നെ വിധേയനാക്കി. കൂടുതൽ വിനീതനാക്കാൻ തീവ്രമായി അഭിലഷിച്ചു. ഉചിതമാംവിധം വൃക്ഷം ചരിഞ്ഞുകൊടുത്തു. അതിന്റെ ഫലം എല്ലാവിധ കഷ്ടതകൾക്കും തന്നെ ത്തന്നെ സമർപ്പിച്ചു. വൃക്ഷം താഴ്മയ്ക്കായി ഉപമകളാകുന്ന വസ്ത്രം ധരി ച്ചു. ഫലം താണിറങ്ങിവന്ന് യഥാർഥമായി കഷ്ടതകൾ ധരിച്ചു. തന്റെ ശ്രോതാക്കൾക്ക് താനൊരു കണ്ണാടിയായിത്തീരാൻ, താൻ പഠിപ്പിച്ചവയെല്ലാം അവൻ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്തു.

6. അവിടുന്ന് വാക്കുകളിലൂടെ പഠിപ്പിച്ചതോടൊപ്പം തന്റെ പ്രബോധ നം പ്രവൃത്തികളിലൂടെ തന്നിൽ തന്നെ കാട്ടിക്കൊടുത്തു. അവരെ പഠിപ്പിച്ച തുപോലെ തന്നെ പ്രവൃത്തികളിലൂടെ അവിടുന്ന് സുവ്യക്തമായ പാത തെ ളിച്ചു. അവൻ പഠിപ്പിച്ചപ്പോൾ നിന്ദനമേറ്റു. പുറപ്പെട്ടുപോകാൻ അവർ അവനെ നിർബന്ധിച്ചു. വിളിക്കപ്പെടാത്തിടത്തേക്ക് അവൻ പോയി. ഭ്രാന്തുപിടിച്ച ഈ മനുഷ്യർ തന്നെപ്പറ്റി ചർച്ചചെയ്യുന്നത് നിയന്ത്രിക്കുന്നതിന്, അഹന്തയാൽ ഊതിവീർപ്പിക്കപ്പെട്ടവരെ പഠിപ്പിക്കുന്നതിന്, അവിടുന്ന് പ്രബോധനം നൽകു ന്നതിൽ നിന്ന് ഇപ്രകാരം തന്റെ വിജ്ഞാനം മറച്ചുവച്ചു.[14]

7. എന്തുകൊണ്ടെന്നാൽ അനുഗൃഹീതഫലം അതിന്റെ വേരുപോലെ തന്റെ പരീക്ഷണങ്ങളിൽ താഴ്മ ധരിച്ചു. ചോദ്യം ചെയ്യപ്പെട്ടെങ്കിലും തന്റെ വിജ്ഞാനത്തിന്റെ ആഴങ്ങളും ഓളങ്ങളും അവൻ നിഗൂഢമായി മറച്ചുവ ച്ചു.[15] നാം പരിഗണിക്കാത്ത തിരുലിഖിതങ്ങൾ അവൻ സർപ്പത്തോട് ഉദ്ധരി ച്ചുപറയുകയും അവന്റെ കാലൊടിച്ച് അവന്റെ ചോദ്യശരങ്ങളെയും തർക്ക ങ്ങളെയും അവസാനിപ്പിക്കുകയും ചെയ്തു. നമ്മുടെ കർത്താവ് മോശയെ ഉദ്ധരിച്ചു; ധിക്കാരിയാകട്ടെ തെറ്റായി ഉദ്ധരിച്ചു.

8. സൂത്രശാലിയും തർക്കോത്സുകനുമായ സർപ്പം തന്റെ ശിഷ്യരെ തന്റെ കൊഴിഞ്ഞ പടം കൊണ്ട് പൊതിഞ്ഞു. എല്ലാറ്റിനെയും നശിപ്പിക്കു ന്നവനുമായുള്ള സാമീപ്യത്താൽ നീ ദുഷിച്ച് നശിച്ചുപോകാതിരിക്കാനായി അവന്റെ പുറംതൊലി ഊരി വലിച്ചെറിഞ്ഞുകളയുക. ശുഭ്രവസ്ത്രധാരികളായ നവജാതർ തങ്ങളുടെ പുതുക്കത്തിൽ സ്വേച്ഛയുടെ കീടം ധരിച്ചിരിക്കുന്നു. അത് അവരുടെ വസ്ത്രങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്നതിനാൽ, ദുഷിച്ചവരും നഗ്ന രുമായിത്തീർന്നു. കീടങ്ങൾക്ക് രുചിക്കാത്ത ഇലകൾ ധരിക്കുവിൻ.

9. അവൻ തർക്കിക്കുന്നവനും സൂത്രശാലിയും കുതർക്കം ഉന്നയി ക്കുന്നവനും ആകയാൽ, അവന്റെ കപടതന്ത്രങ്ങൾ സാധാരണജനത്തെ വഴി തെറ്റിക്കുന്നു. ആ ദാസന്റെ താർക്കികമനഃസ്ഥിതി നീ പുലർത്തരുത്. നിന്റെ സ്വതന്ത്രേച്ഛ അവനെ അനുഗമിക്കരുത്. കാരണം, തന്റെ ഛായ തന്റെ അനു

14. മത്താ.5,39.41;ലൂ.6,29;മർക്കോ.14,65.

15. മത്താ.4,4.7.10

www.malankaralibrary.com

യായികളിൽ പതിക്കുന്നതിനും തന്റെ കളങ്കത്താൽ അവരെ പൂശുന്നതിനും ആ ദുഷ്ടദാസൻ അവരെ പീഡിപ്പിക്കുന്നു. അവന്റെ ഛായ ധരിക്കുന്നവർക്ക് അവരുടെ മ്ലേച്ഛത കാണാൻ കഴിയാതെ വരുന്നു.

10. അതുകൊണ്ട് സർവജ്ഞാനി ഒന്നുമറിയാത്തതിലൂടെ ചെറുതായതായി കാണുമ്പോൾ, അറിവില്ലാത്തവനായി അവനെ ചെറുതാക്കിയത് നിന്നോടുള്ള സ്നേഹമാണ്. കാരണം, നീ ചെറുതാകുന്നത് തടയാനാണ് അവൻ ചെറുതായത്. എല്ലാം പരിശോധിക്കുന്നവനെ, ഭ്രാന്തുപിടിച്ച് പരിശോധിക്കാൻ ആഗ്രഹിക്കുന്നത് അപമാനകരമാണ്. വീഞ്ഞുനിമിത്തം നേരേ നിൽക്കാൻ കഴിയാത്ത നിന്നെ – ഈ താഴ്ന്ന വസ്തു നിന്നെ കീഴ്പ്പെടുത്തുന്നെങ്കിൽ – എത്രയധികമായി ആ ജനനം കുഴയ്ക്കുകയില്ല!

# 31

## "വാഗ്ദാനങ്ങളാൽ സമാശ്വസിപ്പിക്കുന്നു" എന്ന രീതി

1. ശാരീരികാവയവങ്ങളുടെ നാമങ്ങൾ ധരിച്ചവന് സ്തുതിയർപ്പിക്കാം. അവിടുന്നു നമ്മെ ശ്രവിക്കുന്നു എന്ന് പഠിപ്പിക്കാൻ തിരുലിഖിതം അവിടുത്തെ കാതുകളെപ്പറ്റി പരാമർശിക്കുന്നു. അവിടുന്ന് നമ്മെ കാണുന്നു എന്നു കാണിക്കാൻ അത് അവിടുത്തെ നയനങ്ങളെപ്പറ്റി സംസാരിക്കുന്നു. ഇത്തരം വസ്തുക്കളുടെ നാമങ്ങളാണ് അവൻ ധരിച്ചത്. തന്റെ യഥാർഥസത്തയിൽ ക്രോധമോ, ദുഃഖമോ ഇല്ലെങ്കിലും നമ്മുടെ ബലഹീനത നിമിത്തം അവിടുന്ന് ഈ നാമങ്ങൾ ധരിച്ചു.[16]

*പ്രതിസ്തോത്രം: നിരവധി സാദൃശ്യങ്ങളിലൂടെ നമ്മുടെ മനുഷ്യത്വത്തിന് കാണപ്പെട്ടവൻ അനുഗൃഹീതനാകുന്നു.*

2. അവിടുന്ന് ഇത്തരം കാര്യങ്ങളുടെ പേരുകൾ ധരിച്ചിട്ടില്ലായിരുന്നെങ്കിൽ, മനുഷ്യരായ നമ്മോടു സംസാരിക്കാൻ അവിടുത്തേക്കു കഴിയുമായിരുന്നില്ല എന്നു നാം മനസ്സിലാക്കണം. നമ്മുടേതായവയിലൂടെ അവിടുന്ന് നമ്മുടെ പക്കലേക്ക് അടുത്തുവന്നു. തന്റെ ജീവിതരീതിയിൽ നമ്മെ വസ്ത്രം ധരിപ്പിക്കാനായി നമ്മുടെ രീതിയിൽ അവിടുന്ന് വസ്ത്രം ധരിച്ചു. അവിടുന്ന് നമ്മുടെ രൂപം ആവശ്യപ്പെടുകയും ധരിക്കുകയും ചെയ്തുകൊണ്ട്, പിതാവ് മക്കളോടെന്നവണ്ണം നമ്മുടെ ശൈശവത്വവുമായി സംസാരിക്കുകയും ചെയ്തു.

3. നമ്മുടെ സാദൃശ്യങ്ങളാണ് അവിടുന്ന് ധരിച്ചത്. എന്നാൽ വാച്യാർഥത്തിലല്ല അവിടുന്ന് അപ്രകാരം ചെയ്തത്. അവിടുന്ന് അവ പിന്നീട് ഉരി

16. സങ്കീ.34,15; ഉല്പ.6,6; പുറ.15,7


www.malankaralibrary.com

ഞ്ഞുകളഞ്ഞു-അല്ല, യഥാർഥത്തിൽ അങ്ങനെയല്ല. അവ ധരിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ, അവ ഉരിഞ്ഞുകളഞ്ഞു. ആവശ്യം വന്നപ്പോൾ അവിടുന്ന് ഒന്നു ധരിച്ചു, പിന്നീട് മറ്റൊന്നിനുവേണ്ടി അതുരിഞ്ഞുകളഞ്ഞു. സാദൃശ്യങ്ങൾ തന്റെ യഥാർഥ സത്തയെപ്പറ്റിയല്ല പ്രതിപാദിക്കുന്നതെന്നു കാണിക്കാനാണ് അവിടുന്ന് എല്ലാത്തരം സാദൃശ്യങ്ങളും ധരിക്കുകയും ഉരിയുകയും ചെയ്തത്. കാരണം, ആ സത്ത നിഗൂഢമാണ്, ദൃശ്യമായവയിലൂടെ അവിടുന്ന് അത് വരച്ചുകാട്ടുന്നു.

4. ഒരിടത്ത്, അവിടുന്ന് വൃദ്ധനെപ്പോലെയും ദിവസങ്ങളുടെ പുരാതനനെപ്പോലെയും ആയിരുന്നു. പിന്നീട്, അവിടുന്ന് വീരനും ധീരനായ പോരാളിയുമായിത്തീർന്നു. ന്യായവിധിക്കായി അവിടുന്ന് വൃദ്ധനായി; എന്നാൽ പോരാട്ടത്തിന് പോരാളിയായി. ഒരിടത്ത് അവിടുന്ന് താമസിപ്പിച്ചു. മറ്റൊരിടത്ത് അവിടുന്ന് ഓടിത്തളർന്നു. ഒരിടത്ത് അവിടുന്ന് ഉറങ്ങി, മറ്റൊരിടത്ത് ആവശ്യത്തിൽ. നമ്മെ നേടാനായി എല്ലാത്തരത്തിലും അവിടുന്ന് പാടുപെട്ടു.[17]

5. ക്ലേശലേശമെന്യേ നമ്മെ അലങ്കരിക്കുന്നതിന് നല്ലവന് കഴിയുമായിരുന്നെങ്കിലും നമ്മുടെ സ്വതന്ത്രേച്ഛ ഉപയോഗിച്ച് നാം അലങ്കരിക്കപ്പെടുന്നതിന് അവിടുന്ന് പലതരത്തിൽ കഷ്ടപ്പെട്ട് പരിശ്രമിച്ചു. കാരണം, നമ്മുടെ ഇഷ്ടപ്രകാരം നാം തന്നെ ശേഖരിച്ച നമ്മുടെ സ്വാതന്ത്ര്യത്തിന്റെ നിറങ്ങൾ കൊണ്ട് നാം സുന്ദരരാകാൻ വേണ്ടിയായിരുന്നു അത്. മറിച്ച്, അവിടുന്ന് നേരിട്ട് നമ്മെ അലങ്കരിച്ചിരുന്നെങ്കിൽ, തന്റെ സ്വന്തം നിറങ്ങൾ കൊണ്ട് മറ്റൊരാൾ വരച്ച ചിത്രത്തോട് നാം സാമ്യപ്പെടുമായിരുന്നു.

6. തത്തയെ സംസാരം പഠിപ്പിക്കുന്നവൻ ഒരു കണ്ണാടിക്കു പിൻപിൽ മറഞ്ഞുനിന്ന് പഠിപ്പിക്കുന്നു. സംസാരിക്കുന്ന സ്വരത്തിന്റെ നേർക്ക് തത്ത തിരിയുമ്പോൾ, തന്റെ തന്നെ പ്രതിച്ഛായ തന്റെ മുമ്പിൽ പ്രതിഫലിച്ചു കാണുന്നു. തന്നോടു സംസാരിക്കുന്ന മറ്റൊരു തത്തയാണതെന്ന് അത് കരുതുന്നു. കിളി സംസാരം പഠിക്കാനായി അവൻ കിളിയുടെ പ്രതിച്ഛായ അതിന്റെ മുമ്പിൽ കാണിക്കുന്നു.

7. ഈ പക്ഷി ആ മനുഷ്യനുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇങ്ങനെയൊരു ബന്ധം ഉണ്ടെങ്കിലും, മനുഷ്യൻ സ്വയം മറഞ്ഞുനിന്ന് ആ തത്ത വഴിയായി തന്നെ അതിന് അന്യമായ ഒന്ന് അതിനെ പഠിപ്പിക്കുന്നു. ഈ രീതിയിൽ അവൻ അതുമായി സംസാരിക്കുന്നു. എല്ലാറ്റിനേക്കാളും ഉന്നതമായ ദൈവികസത്ത, തന്റെ സ്നേഹത്താൽ താഴേക്ക് താണിറങ്ങിവന്ന്, നമ്മിൽനിന്ന് നമ്മുടെ രീതികൾ സ്വന്തമാക്കി. എല്ലാറ്റിനെയും തന്നിലേക്ക് തിരിക്കാനായി എല്ലാത്തരത്തിലും അധ്വാനിച്ചു.

17. ദാനി.7,9; പുറ.15,3; സങ്കീ.78,65

www.malankaralibrary.com

8. ഒരു വൃദ്ധന്റെയോ മല്ലന്റെയോ ആണ് അവന്റെ സാദൃശ്യം. "അവിടുന്ന് ഉറങ്ങുന്നു", അഥവാ, "അവിടുന്ന് മയങ്ങുന്നില്ല" എന്നൊക്കെ അവിടുത്തെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നു. "അവിടുന്ന് വിവശനായി" അഥവാ, "അവിടുന്ന് ക്ഷീണിക്കുന്നില്ല" എന്നൊക്കെ അവിടുത്തെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നു. കെട്ടിയും അഴിച്ചും അവിടുന്ന് നമ്മെ സഹായിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഇന്ദ്രനീലക്കല്ലിന്റെ കാര്യത്തിൽ, അവിടുന്ന് തന്നെത്തന്നെ ചുരുക്കി, അതിന്മീതേ നിന്നു; പിന്നീട് അവിടുന്ന് തന്നെത്തന്നെ വിസ്തൃതമാക്കി ആകാശം നിറയ്ക്കുകയും എല്ലാറ്റിനെയും തന്റെ ഉള്ളംകൈയിൽ ഒതുക്കുകയും ചെയ്തു.[18]

9. അവിടുന്ന് ഒരിടത്ത് സ്വയം വെളിപ്പെടുത്തി, അവിടുന്ന് എല്ലായിടത്തും സ്വയം വെളിപ്പെടുത്തി. അവിടുന്ന് ഒരിടത്താണെന്ന് നാം സങ്കൽപ്പിച്ചു, എന്നാൽ എല്ലാം അവിടുത്തെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. നമ്മെ സ്വയം പര്യാപ്തരാക്കുവാൻ അവിടുന്ന് ചെറിയവനായിത്തീർന്നു. നമ്മെ സമ്പന്നരാക്കാൻ അവിടുന്ന് വലിയവനായിത്തീർന്നു. നമ്മെ വലുതാക്കാൻ അവിടുന്ന് ചെറുതായി, പിന്നെ വീണ്ടും വലുതായി. അവിടുന്ന് ചെറുതായിട്ട്, വീണ്ടും വലുതാകാതിരുന്നെങ്കിൽ, അവിടുന്ന് ചെറുതായിരിക്കുമായിരുന്നു. നാം അവിടുത്തെ നിന്ദിക്കുകയും ചെയ്യുമായിരുന്നു. കാരണം, അവിടുന്ന് ബലഹീനൻ ആണെന്ന് കരുതപ്പെടുമായിരുന്നു. അതുകൊണ്ട്, അവിടുന്ന് ചെറിയവനായി, പിന്നെ വീണ്ടും വലിയവനായി.

10. അവിടുന്ന് ചെറുതായപ്പോൾ നമ്മുടെ നികൃഷ്ടാവസ്ഥയെ അവിടുന്ന് എങ്ങനെ വലുതാക്കി എന്നതിൽ നമുക്ക് ആശ്ചര്യഭരിതരാകാം. അവിടുന്ന് തിരിഞ്ഞ് വലിയവനായി തീർന്നില്ലായിരുന്നെങ്കിൽ, ബലഹീനനാണെന്നു കരുതി അവനെപ്പറ്റിയുള്ള നമ്മുടെ സങ്കൽപ്പം മോശമാകുമായിരുന്നു. ഈ സങ്കൽപ്പത്താൽ നമ്മുടെ ധാരണ വികലമാകുമായിരുന്നു. തന്റെ വലിപ്പമോ, തന്റെ നിസ്സാരതപോലുമോ ഗ്രഹിക്കാൻ നമ്മേക്കൊണ്ടാവില്ല. അത്തരമൊരു സത്തയാണ് അവിടുന്ന്. നാം വഴിതെറ്റിപ്പോയപ്പോൾ അവിടുന്ന് മഹാനായി വളർന്നു. നാം ബലഹീനരായി വളർന്നപ്പോൾ അവിടുന്ന് ചെറിയവനായി വളർന്നു. എല്ലാത്തരത്തിലും അവിടുന്ന് നമുക്കുവേണ്ടി അധ്വാനിച്ചു.

11. അവിടുന്ന് രണ്ടു കാര്യങ്ങൾ നമ്മെ പഠിപ്പിക്കാൻ ആഗ്രഹിച്ചു. അവിടുന്ന് ആയിത്തീർന്നു, എന്നാൽ അവിടുന്ന് ആയിത്തീർന്നില്ല. തന്റെ ദാസർ തന്നെ കാണാനായി തന്റെ സ്നേഹത്താൽ അവിടുന്ന് തനിക്കായി ഒരു മുഖം സജ്ജമാക്കി. എന്നാൽ അവിടുന്ന് യഥാർഥമായി അപ്രകാരമാണെന്ന് വിഭാവനചെയ്ത് നമുക്ക് ഉപദ്രവം ഉണ്ടാകാതിരിക്കാനും തനിക്കൊരു

18. സങ്കീ.70,4; ഏശാ.1,14;40,28; പുറ.24,10


www.malankaralibrary.com

സാദൃശ്യം ഇല്ലെന്നു പഠിപ്പിക്കാനുമായി, അവിടുന്ന് ഒരു ഛായയിൽ നിന്ന് മറ്റൊന്നിലേക്കു മാറി. അവിടുന്ന് മനുഷ്യത്വത്തിന്റെ രൂപത്തിൽ നിന്നു മാറി പ്പോയില്ലെങ്കിലും തന്റെ രൂപാന്തരീകരണത്തിൽ മാറിപ്പോയി.

# 32

## "ക്ഷമയുള്ളവൻ ആരാണ്" എന്ന രീതി

1. എന്നെ തിരിച്ചുകൊണ്ടുവരാൻ ആഗ്രഹിക്കുന്ന നിന്റെ പ്രബോധനം എന്നിൽ പുനഃസ്ഥാപിക്കുക. ഞാൻ ദരിദ്രനാണെന്നു ഞാൻ കാണുന്നു. കാ രണം, നിന്നോടുള്ള സംസർഗത്തിലൂടെയല്ലാതെ ആത്മാവിന് പ്രയോജന മൊന്നുമില്ല. നിന്റെ പ്രബോധനത്തിനു സ്തുതി.

*പ്രതിസ്തോത്രം: നിന്നെ അയച്ചവനു സ്തുതികൾ!*

2. നിന്നെപ്പറ്റി ഞാൻ ധ്യാനിച്ചപ്പോഴൊക്കെ നിന്നിൽ നിന്ന് എനിക്ക് നിക്ഷേപങ്ങൾ ലഭിച്ചു. നിന്നെ ഞാൻ അനുസ്മരിച്ചിടത്ത് നിന്നിൽ നിന്ന് ഒരുറവ പൊട്ടിയൊഴുകുകയും എനിക്കു ശേഖരിക്കാവുന്നത്ര ഞാൻ കോരി യെടുക്കുകയും ചെയ്തു. നിന്റെ ഉറവയ്ക്കു സ്തുതി.

3. എന്റെ കർത്താവേ, നിന്നെപ്രതി ദാഹിക്കാത്തവർക്ക് നിന്റെ ഉറവ മറഞ്ഞിരിക്കുന്നു. നിന്നെ വെറുക്കുന്നവർക്ക് നിന്റെ ഭണ്ഡാരം ശൂന്യമാ ണ്. നിന്റെ സ്വർഗീയഭണ്ഡാരത്തിലെ ഭണ്ഡാരക്കാരൻ സ്നേഹമാണ്.

4. നിന്നോടു പറ്റിച്ചേരുന്നതിൽ നിന്ന് അകന്നിരിക്കാൻ ഞാൻ ആഗ്ര ഹിക്കുമ്പോൾ, നിന്റെ സൗന്ദര്യം എന്നെ ആകർഷിക്കുന്നു. നിന്റെ ഔന്നത്യ ത്തോട് പറ്റിച്ചേരാൻ ഞാൻ ആഗ്രഹിക്കുമ്പോൾ, നിന്റെ മഹത്വം എന്നെ ഭയപ്പെടുത്തുന്നു. അകന്നിരുന്നാലും അടുത്തുവന്നാലും രണ്ടും എന്നെ കീഴ്പ്പെടുത്തുന്നു.

5. നിന്നെ മനസ്സിലാക്കിയപ്പോൾ ഞാൻ ഭയന്നുവിറച്ചുപോയി. നിന്നെ മഹത്വപ്പെടുത്തിയപ്പോൾ ഞാൻ മഹത്വീകൃതനായി. നിന്റെ മഹത്വം കൂടു തൽ വർദ്ധിപ്പിക്കാനാകില്ലെങ്കിലും, നിന്നെ മഹത്വപ്പെടുത്തുന്നവൻ നിന്നി ലൂടെ മഹത്വീകൃതനാകുന്നു. നിന്റെ മഹനീയതയ്ക്ക് സ്തുതി.

6. ഞാൻ നിന്നെപ്പറ്റി ധ്യാനിക്കുകയും സംസാരിക്കുകയും ചെയ്തു. എന്നാൽ നിന്നെ മനസ്സിലാക്കി എന്ന മട്ടിലല്ല. പിന്നീട് ഞാൻ ദുഃഖിതനും നിശ്ശബ്ദനുമായി. എന്നാൽ നീ എനിക്കു നഷ്ടപ്പെട്ടു എന്നപോലെയല്ല. നിന്നിൽ ആശ്ചര്യഭരിതനായി ഞാൻ നിശ്ശബ്ദനായി. നിന്റെ നിഗൂഢതയ്ക്ക് സ്തുതി.

www.malankaralibrary.com

7. എന്റെ കഴിവുകേട് എന്നെ വേദനിപ്പിച്ചെങ്കിലും എന്റെ ബലഹീനത നിമിത്തം ഞാൻ നിശ്ശബ്ദനായി. കാരണം, എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന നിന്നെ ഒരു മനുഷ്യനും പരിമിതപ്പെടുത്താനാവില്ല. അതുപോലെ, നീ പരിമിതനാകുന്നെങ്കിൽ, അതെന്നെ ദുഃഖിപ്പിക്കും.

8. നീ വലിയവനാണെന്ന് മനസ്സിലാക്കാൻവേണ്ടി ഞങ്ങളെ പ്രതിയല്ലേ നീ നിന്റെ മഹത്വം വർദ്ധിപ്പിക്കുന്നത്! നിന്റെ സ്വഭാവം മഹോന്നതമാണ്. എങ്കിലും മനുഷ്യരെപ്രതി നിന്റെ മഹത്വം ചെറുതായിത്തീർന്നു.

9. നീ ആദത്തെ സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ നിന്നിൽ തന്നെയും നിനക്കുവേണ്ടിയും നീ മഹോന്നതനായിരുന്നു. നിന്റെ താഴ്മയിലൂടെ മനുഷ്യരെ വലിയവരാക്കാൻ നീ താണിറങ്ങിവന്ന് അവരുടെ രൂപമെടുത്തതിനാൽ, മനുഷ്യർ നിന്നെ ചെറിയവനായി കരുതി.

10. നീ കടമെടുത്തു ധരിച്ച മനുഷ്യരൂപം-സാദൃശ്യം-നിന്നെ ചെറുതാക്കിയെങ്കിൽ, സ്നേഹത്താൽ സാദൃശ്യത്തിലല്ല യഥാർഥത്തിൽ നീ ധരിച്ച ശരീരം നിന്നെ എത്രമാത്രം ചെറുതാക്കുകയില്ല!

11. സൃഷ്ടികർമം നടത്തിയപ്പോൾ നീ ചെറുതായി; കാരണം, ദൈവികമഹനീയതയിൽ നിന്ന് നീ വിനീതാവസ്ഥയിലേക്ക് താണിറങ്ങിവന്നു. എന്തുകൊണ്ടെന്നാൽ ചെറുതായാൽ മാത്രമേ സൃഷ്ടി നിന്നിൽനിന്ന് ഉത്ഭൂതമാകാൻ സാധ്യമായിരുന്നുള്ളു.

12. സ്രഷ്ടാവായിരുന്നവൻ ചെറുതാകുന്നതിന്റെ വസ്ത്രം ആദ്യം ധരിച്ചു. പിന്നീട് അവൻ സൃഷ്ടികർമം നടത്തി. ചെറുതാകാൻ കഴിഞ്ഞില്ലായിരുന്നെങ്കിൽ, വലുതാക്കാനും അവന് കഴിയുമായിരുന്നില്ല. തന്റെ തിരുഹിതത്തിനു സ്തുതി.

13. നിന്റെ അസ്തിത്വത്തിൽ നിന്ന് നീ ചെറുതായി. നിന്റെ അസ്തിത്വത്തിൽ നിന്ന് നീ വലുതായി. ദൈവികമഹനീയതയിൽ നിന്ന് നീ നിന്നെത്തന്നെ താഴ്ത്തിയതിനാൽ, നീ ചെറിയവനായി. കരുണ കാണിച്ച് സൃഷ്ടികളെ സൃഷ്ടിച്ചതിനാൽ നീ മഹനീയനാണ്.

14. ബാഹ്യമാത്രമായിട്ടാണ് നീ ചെറുതായത്. ബാഹ്യമാത്രമായിട്ടാണ് നീ വലുതായത്. നിന്റെ *ക്നോമായിലല്ല* നിന്റെ മഹത്വം കൂടിയതും കുറഞ്ഞതും. നിന്റെ സ്വഭാവം എപ്പോഴും ഒരുപോലെയാണ്. അത് മാറ്റങ്ങൾക്കതീതമാണ്.

15. നാവുകൾക്കും കാതുകൾക്കും പ്രയോജനപ്രദമാകാൻ, വാക്കുകളുടെയും സ്വരങ്ങളുടെയും തലത്തിലെത്താൻ നിന്റെ മഹനീയത തിരുമനസ്സായി. അതിനാൽ എന്റെ നിസ്സാരത നിന്നെപ്പറ്റി സംസാരിച്ചു.


www.malankaralibrary.com

16. പിതാവും പുത്രനും ഒന്നാണ്. കാരണം, അവരുടെ സ്വഭാവം ഒന്നാണ്. കൂട്ടിക്കുഴയ്ക്കൽ കൂടാതെ ഒന്ന് മറ്റൊന്നിലാണ്; ഒന്നു മറ്റൊന്നുമായി ഐക്യപ്പെട്ടിരിക്കുന്നു. ഒന്ന് മറ്റൊന്നിൽനിന്ന് വ്യതിരിക്തമാണ്. നിന്റെ ഐക്യത്തിനു സ്തുതി.

# 33

## "ക്ഷമയുള്ളവൻ ആരാണ്" എന്ന രീതി

1. യോഹന്നാന്റെ സത്യം! അവൻ നിന്നെ കണ്ടപ്പോൾ, പരിശോധനാതീതനായ നീ വചനവും ദൈവവുമാണെന്ന് സാക്ഷിച്ചു.[19] ഈ പ്രതീകത്തിലൂടെ എല്ലാവരും നിന്നെ വരച്ചുകാട്ടാനായിരുന്നു അത്.

*പ്രതിസ്തോത്രം: നിന്റെ നിഗൂഢതയ്ക്ക് സ്തുതി.*

2. നിന്നിൽ നിന്ന് അന്യമായ ഒന്നുകൊണ്ടും നിന്നെ ചിത്രീകരിക്കാൻ തുനിയാതിരിക്കാനും ആയിരുന്നു അത്. യോഹന്നാനിലൂടെ നമ്മെ കാണിച്ച ആത്മാവിന്റെ മുദ്രയാൽ നമ്മുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും മുദ്രകുത്തപ്പെട്ടിരിക്കുന്നു.

3. അവന്റെ സമ്പൂർണത നിഗൂഢമാണെങ്കിലും അവന്റെ സ്വഭാവം നിഗൂഢവും വെളിപ്പെട്ടതുമാണ്. അതിന്റെ അസ്തിത്വം സംബന്ധിച്ച് അത് വെളിപ്പെട്ടതാണ്. അത് എപ്രകാരമാണ് എന്നതിൽ നിഗൂഢമാണ്. അവിടുന്ന് വിട്ടുകളഞ്ഞത് നമുക്കും വിട്ടുകളയാം. മുറുകെപ്പിടിക്കാൻ അവിടുന്ന് അവശേഷിപ്പിച്ചത് നമുക്ക് മുറുകെപ്പിടിക്കാം.

4. നിറങ്ങൾ കൊണ്ട് വായുവിൽ ചിത്രം വരയ്ക്കുക ചിത്രകാരന് അസാധ്യമാണ്. എങ്കിൽ വാക്കുകൾ കൊണ്ട് ഒരു നാവും അവതരിപ്പിക്കാത്ത ജനനം ആരുടെ നാവാണ് ചിത്രീകരിച്ചിരിക്കുന്നത്?

5. ശരീരത്തെ വരയ്ക്കാം, എന്നാൽ ആത്മാവിനെ വരയ്ക്കാനാവില്ല. നാവിനെ വരയ്ക്കാം, എന്നാൽ സ്വരത്തെ വരയ്ക്കാനാവില്ല. കാരണം ഇവ രൂപപരിധിയിൽ വരുന്നവയല്ല.

6. പുത്രനെ ചിത്രീകരിക്കുന്ന തിരുലിഖിതങ്ങൾ 'എപ്പോൾ' എന്നത് നമുക്ക് വരച്ചുകാട്ടിത്തരുന്നില്ല. പിതാവിനെപ്പറ്റി അവ നമ്മോടു പ്രസംഗി

19. യോഹ.1,1

www.malankaralibrary.com

ക്കുന്നെങ്കിലും 'എങ്ങനെ' എന്നു പറയുന്നില്ല. കാരണം, ഇവ അന്വേഷണ പരിധിയിൽ വരുന്നവയല്ല.

7. പിശാചിനെ നിറങ്ങൾ കൊണ്ട് ചിത്രീകരിക്കാൻ കഴിയില്ലെങ്കിൽ, പരിശുദ്ധാത്മാവിനെ തന്റെ അന്വേഷണങ്ങളാൽ ആരാണ് ചിത്രീകരിക്കുന്നത്? അശുദ്ധാത്മാവ് ആ ചിത്രകാരന്റെ ഭാഷ്യത്തെ കുറ്റപ്പെടുത്തും.

8. ദൈവത്വത്തിന്റെ അസ്തിത്വരീതി ഗ്രഹിക്കാനാവാത്ത മനുഷ്യാത്മാവിന്, ആത്മാവ് ചിത്രീകരണത്തിന് അതീതമായിരിക്കുന്നതിനേക്കാൾ നൂറുമടങ്ങ് അതീതമാണ് മറഞ്ഞിരിക്കുന്ന ദൈവത്വം.

9. ശബ്ദത്തെ നിറങ്ങളിലൂടെ അവതരിപ്പിക്കാൻ കഴിയാത്തതുപോലെ, പുത്രനും ചിന്തയ്ക്ക് അതീതനാണ്. കാരണം, അവർ ഉന്നംവയ്ക്കുന്ന ലക്ഷ്യം അവരുടെ ഗ്രഹണശക്തിക്ക് ഉപരിസ്ഥമാണ്.

10. മോശയെ ആവരണം ചെയ്തിരുന്ന ശോഭ[20] ഏത് ചിത്രകാരൻ ദർശിച്ചിട്ടുണ്ട്? ഭിത്തിയിൽ വരയ്ക്കുന്ന ചിത്രകാരനോ, തുണിയിൽ വരയ്ക്കുന്ന കലാകാരനോ അത് ചിത്രീകരിക്കാനാവില്ല.

11. അതുപോലെ പ്രഭയുടെ സ്വർഗീയ നിറങ്ങൾ കണ്ണുകൊണ്ടോ മനസ്സുകൊണ്ടോ ഗ്രഹിക്കാനാവില്ല. കാരണം, അവ രണ്ടും അവയ്ക്ക് അന്യമാണ്.

12. അൽപ്പം സ്വർഗീയ ശോഭയാൽ പൊതിഞ്ഞ ഒരു വൃദ്ധന്റെയോ, മരണാസന്നന്റെയോ മുഖപ്രസാദം നിറങ്ങളെ ലജ്ജിപ്പിക്കുകയും ചിത്രകാരന്മാരെ അന്ധാളിപ്പിക്കുകയും ചെയ്യുന്നെങ്കിൽ, പൂർണമായും അദൃശ്യമായ സത്തയുടെ സ്വഭാവം ചിത്രീകരിക്കാൻ ആർക്കാണ് കഴിയുക?

13. 'അവനെ കണ്ടു' എന്ന് തിരുലിഖിതത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്, അവനെ കണ്ടതിനാലല്ല, പിന്നെയോ, അവൻ പുതച്ചിരുന്ന ഒരു രൂപമാണ് കണ്ടത്.

14. പുത്രൻ എങ്ങനെയാണെന്ന് അറിയാനായി, അവന്റെ ഛായ ശ്രോതാക്കൾക്ക് വരച്ചുകാട്ടിക്കൊടുക്കാൻ, അവനുമായി ബന്ധമുള്ള ആത്മീയ നിറങ്ങളൊന്നും ബുദ്ധിജീവികൾക്കില്ലെന്നു കാണുക.

15. നാം ശ്വസിക്കുകയും നമുക്ക് അനുഭവവേദ്യമാകുകയും ചെയ്യുന്ന വായു വരച്ചുകാട്ടാൻ നമുക്കാകുന്നില്ലെങ്കിൽ, പിതാവിനു മാത്രം വെളിപ്പെടുന്നതും മറ്റെല്ലാറ്റിൽനിന്നും മറഞ്ഞിരിക്കുന്നതും നിഗൂഢമായിരിക്കുന്നതുമായ ആ ജനനം ആര് വരച്ചുകാട്ടും?

---

20. പുറ.34,29ff.


www.malankaralibrary.com

# 34

## "ഓ, എന്റെ വിദ്യാർഥികളേ," എന്ന രീതി

1. ആദം പാപം ചെയ്യുന്നതിനുമുമ്പ് സമസ്തസൃഷ്ടികളും ശുദ്ധമായിരുന്നു. അവനും അവരും ശുദ്ധരായിരുന്ന അവസരം അവൻ അവയ്ക്ക് പേരിട്ടലങ്കരിച്ചു. എന്നാൽ മനുഷ്യൻ തന്റെ സ്വതന്ത്രേച്ഛയാൽ പാപം ചെയ്തപ്പോൾ, പാപം നിമിത്തം സ്രഷ്ടാവ് അവനെ തള്ളിക്കളഞ്ഞു. അവനെ പഠിപ്പിക്കാനും ശുദ്ധിയിലേക്കു തിരിച്ചുകൊണ്ടുവരാനുമായി അവൻ നിമിത്തം അവയിൽ ചിലത് ശുദ്ധിയില്ലാത്തവ ആണെന്ന് അവിടുന്ന് പറഞ്ഞു.

*പ്രതിസ്തോത്രം: മനുഷ്യർ മൃഗസമാനമാകരുതെന്ന് മൃഗങ്ങളിലൂടെ പഠിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. കാരണം, എഴുതപ്പെട്ടിരിക്കുന്നതുപോലെ,[21] അവൻ തന്നെത്തന്നെ മൃഗങ്ങൾക്കും കന്നുകാലികൾക്കും തുല്യനാക്കി. അവൻ തന്നെത്തന്നെ എത്ര നിന്ദ്യനാക്കിയെന്ന് കാണുന്നതിനും തന്റെ നിന്ദ്യത കണ്ട് അതിൽ മനസ്സു മടുക്കുന്നതിനും തന്റെ വലിയ കളങ്കം കണ്ട് ലജ്ജിക്കുന്നതിനും താൻ എന്തിനു സമനായി എന്നുകണ്ട് കരയുന്നതിനും തനിക്കു നഷ്ടപ്പെട്ട ശോഭ വീണ്ടെടുക്കാൻ ശ്രമിക്കുന്നതിനുമായി അവിടുന്ന് മൃഗങ്ങളെക്കൊണ്ട് മനുഷ്യന്റെ നിന്ദ്യത വരച്ചുകാട്ടി.

3. യോജിപ്പുള്ളപ്പോൾ അനേകർക്ക് ഒരു കണ്ണാടി മതി. എന്നാൽ തന്റെ നിരവധി മാലിന്യങ്ങൾ കാണാനായി ആദത്തിന് അനേകം കണ്ണാടികൾ നൽകപ്പെട്ടു. നമ്മുടെ അവസ്ഥ എന്താണെന്ന് നാം കാണുന്നതിന്, അവിടുന്ന് നമ്മുടെ ശ്രദ്ധ മൃഗങ്ങളിലേക്കു തിരിച്ചുവിട്ടു. ഓ, വിജ്ഞാനിയായ സ്രഷ്ടാവേ, അവിടുന്ന് അവയിൽ ഞങ്ങളെത്തന്നെ കാട്ടിത്തന്നു.

4. താൻ സംശുദ്ധമാണോയെന്ന് ആത്മാവിന് കാണാനാകും. എന്നാൽ കണ്ണാടി കൂടാതെ ശരീരത്തിന് അതിന്റെ മുഖം കാണാൻ സാധ്യമല്ല. ആത്മാവ് ശരീരംപോലെ ആയിത്തീരുകയും അതിനാൽ തന്നെ സ്വയം കാണാൻ കഴിയാതാകുകയും ചെയ്തതിനാൽ, അത് സ്വയം കാണുന്നതിന് അവിടുന്ന് അവനായി മൃഗങ്ങളിൽ നിന്ന് ഒരു കണ്ണാടിയെടുത്ത് സജ്ജമാക്കി.

5. അങ്ങനെ, താൻ നിന്ദിക്കുന്ന മൃഗങ്ങളിലൂടെ തന്നെത്തന്നെ കുറ്റപ്പെടുത്താനും ചെന്നായെപ്പോലെ കടിച്ചുകീറാതിരിക്കാനും ദംഷ്ട്രങ്ങളുള്ള ക്രൂരമൃഗങ്ങളെപ്പോലെ ഭയാനകൻ ആകാതിരിക്കാനും സർപ്പത്തിന്റെ ചീ

21. സങ്കീ.49,13.21

www.malankaralibrary.com

റ്റൽ ഉണ്ടാകാതിരിക്കാനും പതുങ്ങിനീങ്ങി അടുത്തുള്ളതിനെ കടന്നു കുത്തുന്ന തേളിനെപ്പോലെ പെരുമാറാതിരിക്കാനും പട്ടിയെപ്പോലെ തന്റെ യജമാനനെതിരെ ക്രുദ്ധനാകാതിരിക്കാനും വേണ്ടിയാണിത്. 'കുതിരയെപ്പോലെയോ, കോവർകഴുതയപ്പോലെയോ നിങ്ങൾ ആകരുത്'.[22]

6. നിരന്തരം തന്റെ കിടക്കമുറി കളങ്കപൂരിതമാക്കിയ ഹേറോദേസിനെ അവിടുന്ന് കുറുക്കൻ എന്നു വിളിച്ചു. തന്റെ അശുദ്ധിയിൽ അവൻ നിയമത്തെ മറികടന്നു. തന്റെ മലിനതയിൽ അവൻ നസ്രായവ്രതക്കാരനെ കൊല്ലുകയും തന്നെപ്പോലെയുള്ളവളെ ഭാര്യയായി സ്വീകരിക്കുകയും ചെയ്തു.[23] ആ പെൺകുട്ടി പൂർണമായും അവരിരുവരുടെയും പ്രതിഛായ ആയിരുന്നു. ഗംഭീരസദ്യ നടന്ന ആഘോഷത്തിനിടയിൽ അവർ സംപൂജ്യപ്രവാചകനെ വകവരുത്തി.

# 35

## "ഓ, എന്റെ വിദ്യാർഥികളേ," എന്ന രീതി

1. തിരുലിഖിതം പോലെയാണ് പ്രകൃതി. അകത്തുള്ളവരും പുറത്തുള്ളവരും ഒരുപോലെയാണ്. അവരുടെ ചോദ്യങ്ങളിലാണ് അവരുടെ നഷ്ടം; അവരുടെ പ്രബോധനങ്ങളിൽ അവരുടെ ദുഷ്ടതയും. പുറത്തുള്ളവർ പ്രകൃതിയെ പരിശോധിച്ച് തട്ടിമറിഞ്ഞുവീഴുന്നു; അകത്തുള്ളവർ തിരുലിഖിതം വായിച്ച് അന്ധാളിപ്പിൽ വഴിതെറ്റുന്നു. ഞങ്ങളുടെ കർത്താവേ, തിരുഹിതാനുസൃതം അവയെപ്പറ്റി പഠിപ്പിക്കാൻ എനിക്ക് കൃപ തന്നാലും.

*പ്രതിസ്തോത്രം: അലസൻ കൊള്ളലാഭമെടുക്കാതിരിക്കാൻ തന്റെ വെള്ളി അവന് കൊടുക്കാതിരുന്നവൻ വാഴ്ത്തപ്പെട്ടവനാകട്ടെ.*[24]

2. 'ആദിയിൽ' എന്നത് 'ആദിയിൽ' എന്നതിനു തുല്യം.[25] യോഹന്നാൻ മോശയ്ക്കു തുല്യം. കാരണം, ദുഷ്ടതാർക്കികരായ നിയമജ്ഞരെ തങ്ങളുടെ ഗ്രന്ഥങ്ങളുടെ ആരംഭത്തിൽ തന്നെ അവർ കുറ്റപ്പെടുത്തി. പീഡാനുഭവത്തിനെത്തിയ ദൈവത്തെ ഒരാൾ പ്രഘോഷിച്ചു, പ്രസവവേദനയ്ക്കായി വന്ന പ്രകൃതിയെ മോശയും. ശ്രോതാക്കൾ രോഗഗ്രസ്തരാകാതിരിക്കാൻ അവർ തങ്ങളുടെ ഗ്രന്ഥങ്ങളുടെ ആരംഭത്തിൽ അവയുടെ മനോഹാരിത വർണ്ണിച്ചു. സംശുദ്ധിയിൽ സംശുദ്ധമായ ഉറവകളുടെ കണ്ണികൾ നമുക്കായി തുറന്ന സംശുദ്ധൻ വാഴ്ത്തപ്പെട്ടവനാകട്ടെ.

22. സങ്കീ.32,9
23. ലൂ.13,32;മർക്കോ.6,21–29
24. മത്താ.25,14ff.
25. ഉല്പ.1,1;യോഹ.1,1


www.malankaralibrary.com

3. സ്രഷ്ടാവിന്റെ പുത്രന്റെ താഴ്മയെപ്പറ്റി എഴുതിയ വാക്കുകൾ നിമിത്തം, അവൻ സൃഷ്ടിയാണെന്നുള്ള അഭിപ്രായം താർക്കികർ പുലർത്തി. അവരും ഉറവ കലക്കി, തങ്ങളുടെ പാദങ്ങൾ ചവിട്ടിക്കലക്കിയ വെള്ളം കുടിച്ചു. പ്രബോധനം സംശുദ്ധമാണെങ്കിലും, അതിന്റെ സംശുദ്ധതയിൽ നിന്ന് അവർ ചെളിവെള്ളം കോരിക്കുടിച്ചു. വെള്ളം ആദ്യം കലക്കിയിട്ട് കുടിക്കുന്ന ഞങ്ങളുടെ ഇച്ഛയോട് എന്റെ കർത്താവേ, കരുണ കാണിക്കണമെ.

4. ഇരുവിഭാഗക്കാർക്കും വേണ്ടി തെളിഞ്ഞതും കലങ്ങിയതുമായ അത്ഭുതകരമായ ഉറവായേ! അത് സംശുദ്ധർക്ക് പൂർണമായി തെളിഞ്ഞതാണ്; കലഹപ്രിയർക്ക് കലങ്ങിയതും. മധുരം രോഗികൾക്ക് കയ്പുള്ളതായിരിക്കുന്നതുപോലെ, കലഹപ്രിയർക്ക് അത് കലങ്ങിയതാണ്. മധുരം രോഗികൾക്കെന്നപോലെ, സത്യം താർക്കികർക്ക് കലങ്ങിമറിഞ്ഞതാണ്. ഞങ്ങളുടെ കർത്താവേ, നിന്റെ ജനനം ആരോഗ്യത്തോടെ ശ്രവിക്കാൻ ഞങ്ങളുടെ രോഗം സുഖമാക്കണമെ.

5. ആദം നിമിത്തം പൂർണമായി കലങ്ങിമറിഞ്ഞ പ്രകൃതിയെ പുറത്തുള്ളവർ കണ്ടു. കാരണം, സ്വതന്ത്രേച്ഛയിൽനിന്ന് ഉത്ഭൂതമായ ദ്രോഹവും ദൈവികനീതിയിൽ നിന്നുള്ള കോപവടികളും ഉണ്ടായിരുന്നു. പ്രകൃതിയാണ് തിന്മ നിറഞ്ഞതെന്നും ദുഷിച്ചതെന്നും വിഡ്ഢികൾ വിശ്വസിച്ചു. അകത്തുള്ളവർ നമ്മുടെ കർത്താവിന്റെ മനുഷ്യസ്വഭാവം നിമിത്തം അവിടുത്തെ ദുഷിച്ചു. അവിടുത്തെ നിസ്സാരത കണ്ട് അവർ അന്ധാളിച്ചു. രണ്ടുകൂട്ടരെയും ദുഷ്ടൻ കളിയാക്കി. സാംസൺ ചെയ്തതുപോലെ, ഞങ്ങളുടെ കർത്താവേ, ഞങ്ങളെ കളിയാക്കുന്ന ആ ചതിയനെ നീ നിന്ദിക്കണമെ.

6. തങ്ങളുടെ തർക്കം കൊണ്ട് അരുവിയെ കലക്കിയിട്ട് അതിന്റെ ഉറവയും കലങ്ങിയതാണെന്ന് അവർ ചിന്തിക്കുന്നു. നമുക്ക് ഉറവയുടെ ഉത്ഭവത്തിലേക്കു കയറിച്ചെല്ലാം. അവിടെ നിന്നുതന്നെ അവർ അതിലെ ജലം രുചിച്ചതാണ്. ആദം ഇല്ലാതിരുന്നെങ്കിൽ പ്രകൃതി ശാപത്തിൽ നിന്നു വിമുക്തമാകുമായിരുന്നു. ശരീരമില്ലാതിരുന്നെങ്കിൽ ക്രിസ്തു ആവശ്യങ്ങളിൽ നിന്ന് വിമുക്തനാകുമായിരുന്നു. ആദം നിമിത്തം പ്രകൃതി താഴ്ത്തപ്പെട്ടു. ശരീരം നിമിത്തം ക്രിസ്തു ചെറിയവനായിത്തീർന്നു. പ്രകൃതിനാഥനേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു; നീ ചെറിയവനും വലിയവനുമാണ്. നിന്നെ പ്രഘോഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

7. മറ്റുള്ളവരേക്കാൾ മുമ്പേ ഉറവയിൽ നിന്ന് രുചിച്ചുനോക്കിയ യോഹന്നാൻ കുടിച്ച്, ആശ്ചര്യഭരിതനായി അട്ടഹസിച്ച് പ്രഘോഷിച്ചു: 'അവൻ ദൈവമാണ്; അവൻ ദൈവത്തോടുകൂടെയാണ്' (യോഹ.1,1). പ്രകൃതിയെപ്പറ്റി നേരത്തെ എഴുതിയ മോശയും പറഞ്ഞു: 'ദൈവം എല്ലാം കണ്ടു; അവ നന്നായിരിക്കുന്നെന്നു കണ്ടു' (ഉൽപ. 1,31). പ്രകൃതി സംശുദ്ധമാണ്; തിരുലിഖിതവും സുസ്പഷ്ടമാണ്. താർക്കികരേ, കലഹം അവസാനിപ്പിക്കുവിൻ.

www.malankaralibrary.com

ഞങ്ങളുടെ കർത്താവേ, തെളിഞ്ഞ ഉറവകളെ കലക്കുന്ന തർക്കത്തെ ശാസിക്കണമെ.

8. ഓ, താർക്കികരേ, തെളിഞ്ഞ ഉറവ കലക്കുന്നത് നിങ്ങൾക്ക് മതിയായില്ലേ? നമ്മുടെ പാപങ്ങൾ പ്രകൃതിയെ കലക്കി, നമ്മുടെ തർക്കം തിരുലിഖിതത്തെ കുഴച്ചു. കുടിക്കാനെത്തുന്ന സംശുദ്ധമായ ആടുകൾക്ക് സ്തംഭിപ്പിക്കുന്ന വാക്കുകൾ കുടിക്കാൻ നൽകിയതിനാൽ, അവ സ്തബ്ധരാകുന്നു. അവ പ്രകൃതിയിലേക്കു വന്നു, നാമതിനെ ദുഷിപ്പിച്ചു. അവ തിരുലിഖിതത്തിലേക്കു തിരിഞ്ഞു, നാമതിനെ കുഴച്ചുമറിച്ചു. ഞങ്ങളുടെ കർത്താവേ, കലഹക്കാരായ താർക്കികർ കലക്കിയ അരുവികളെ തെളിഞ്ഞതാക്കണമെ.

9. സകലരെയും കുഴയ്ക്കുന്ന ആ അന്വേഷണത്തെപ്പറ്റി, സകലരെയും സ്തംഭിപ്പിക്കുന്ന ആ കലഹത്തെപ്പറ്റി, ഇടയന്മാരെ കുറ്റപ്പെടുത്തിയപ്പോൾ എസക്കിയേൽ മുൻകൂട്ടി സൂചിപ്പിച്ചു. അവൻ പറയുന്നു:'നിങ്ങളുടെ പാദങ്ങൾ ചവിട്ടിമെതിച്ച മേച്ചിൽപ്പുറങ്ങളിൽ എന്റെ ആടുകൾ മേഞ്ഞു. അവ തിരിഞ്ഞ്, നിങ്ങളുടെ പാദങ്ങൾ ചവിട്ടിക്കലക്കിയ വെള്ളം കുടിച്ചു'.[26] ഇതാ, അഹങ്കാരികളുടെ വാക്കുകളും ചെയ്തികളും സൃഷ്ടിയെ കലഹിപ്പിച്ചു. താർക്കികർക്കു മുമ്പ് ശ്ലീഹന്മാർക്ക് ഉറവകൾ തെളിഞ്ഞതായിരുന്നു എന്നതിൽ നമുക്ക് നന്ദിപറയാം. ഞങ്ങളുടെ കർത്താവേ, നിന്റെ അജഗണത്തിന്റെ മുമ്പിൽ ഇടയന്മാർ കലക്കിയ അരുവികളെ തെളിഞ്ഞതാക്കണമെ.

10. ഞങ്ങളുടെ കർത്താവേ, പമ്പരവിഡ്ഢികളായ ജ്ഞാനികളിൽ നിന്ന് എന്റെ ലാളിത്യത്തെ സംരക്ഷിക്കണമെ. കാരണം, നിന്റെ മഹനീയത അറിഞ്ഞിരുന്നെങ്കിൽ, നിന്നെ പരിശോധിക്കാൻ അവർ തുനിയുമായിരുന്നില്ല. അവർ പ്രകൃതിയോടും തിരുലിഖിതത്തോടും പറ്റിച്ചേർന്നിരുന്നെങ്കിൽ, രണ്ടിന്റെയും നാഥനെപ്പറ്റി രണ്ടിൽനിന്നും ഗ്രഹിക്കുമായിരുന്നു. ദൃശ്യമായവയിലൂടെ പ്രകൃതിയും സുവ്യക്തമായവയിലൂടെ തിരുലിഖിതവും ജീവൻ പകരുന്നു. ഒന്നിലൂടെ ശരീരങ്ങളെ ജീവിപ്പിക്കുകയും മറ്റതിലൂടെ ആത്മാക്കളെ ജീവിപ്പിക്കുകയും ചെയ്യുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. സംശുദ്ധരായ ഇടയന്മാരിലൂടെ തിരുലിഖിതത്തിന്റെ തെളിഞ്ഞ അരുവികളിൽനിന്ന് എന്നെ കുടിപ്പിക്കണമെ.

# 36

## 'ഓ, കുലീനനേ,' എന്ന രീതി

1. ദാസരെ സൗഖ്യമാക്കാൻ പുത്രൻ താണിറങ്ങിവന്നു. അവരുടെ രോഗങ്ങൾ വിട്ടുമാറാതെ നിലനിന്നിരുന്നു. വൈദ്യന്മാർ കടന്നുവന്ന് നേരിട്ട്

26. എസ.34,19


www.malankaralibrary.com

പരിശോധിച്ച് നന്നായി ചികിത്സിച്ചെങ്കിലും കാര്യമായി സൗഖ്യമാക്കാൻ അവർക്കു കഴിഞ്ഞില്ല. രോഗം മൂർഛിച്ചതേയുള്ളൂ.

*പ്രതിസ്തോത്രം: നിന്നെ അയച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. അവർക്ക് അവനെ കാണാൻ കഴിയാത്തതിനാൽ അവൻ ആട്ടിൻ തോൽ ധരിച്ചു. ആട്ടിൻപറ്റം അവന്റെ അടുത്തുവന്നു, അവനെ സംശയിച്ചി ല്ല. കാരണം, അവന്റെ വസ്ത്രത്തിന് ആടിന്റെ ഗന്ധമുണ്ടായിരുന്നു.

3. എന്നാൽ അവൻ തന്റെ വസ്ത്രം മാറ്റിയതിനാൽ സൂത്രശാലിക ളായ ചെന്നായ്ക്കൾ അവനെ ഭയപ്പെട്ടു. അവർ അവന്റെ വസ്ത്രം കീറി; അവന്റെ മഹത്വം വെളിപ്പെട്ടു. അവരുടെ പ്രതീക്ഷയ്ക്ക് വിപരീതമായി അവന്റെ വസ്ത്രത്തിനുള്ളിൽ നിന്ന് അവന്റെ ശോഭ പ്രസരിച്ചു.

4. ആടുകളെപ്രതി അവൻ വളരെ നിന്ദനമേറ്റതിനാൽ, ഇക്കാലത്തെ ഇടയന്മാർ അവനെ കണ്ടപ്പോൾ, വീഞ്ഞ് കുടിച്ച് മത്തുപിടിച്ചവരെപ്പോലെ ദാസരിൽ പ്രഥമനും ഇടയനുമായി അവനെ പരിഗണിച്ചു.

5. അവനെ കുരിശിൽ തറച്ച മുന്തിരിത്തോപ്പിലെ ജോലിക്കാർ അവൻ അവകാശിയും മുന്തിരിത്തോപ്പിന്റെ ഉടമസ്ഥനുമാണെന്ന് മനസ്സിലാക്കി. ഇ ടയന്മാരാകട്ടെ അവനെ ഒരാടായി കരുതി; കാരണം, അവൻ തന്റെ സ്നേഹ ത്താൽ പെസഹാക്കുഞ്ഞാടായിത്തീർന്നു.

6. കണ്ണുനീർ ധാരധാരയായി ഒഴുകട്ടെ; കാരണം, നാം ആരിലൂടെ സൃഷ്ടിക്കപ്പെട്ടുവോ, ആ സ്രഷ്ടാവിന്റെ പുത്രനെ തങ്ങളുടെ നാമങ്ങൾ കൊണ്ട് സൃഷ്ടികൾ അപമാനിച്ചു. തന്റെ നാമത്താൽ അവരെ ഉയർത്തിയ തിന് ഇങ്ങനെ അവർ പ്രതിഫലം നൽകി.

7. ഓ, മെനയപ്പെട്ടത് മെനഞ്ഞവനെ വാക്കുകൊണ്ട് മാറ്റുന്നു! എ ന്നാൽ സ്വഭാവത്തെയല്ല മാറ്റുന്നത്. വസ്ത്രത്തിന്റെ നിറവും മാറുന്നു. എന്നാൽ സൃഷ്ടി എന്ന നാമത്തോട് പുത്രന്റെ നാമങ്ങൾ കൂട്ടിച്ചേർക്കരുത്.

8. അവൻ നിന്നെ മൃഗങ്ങളിൽനിന്നു വേർതിരിച്ചു. അവനെ നീ സൃഷ്ടി കളുടെ കൂടെ പരിഗണിക്കരുത്. നിന്റെ ദാസ്യത്തിന് സ്വാതന്ത്ര്യമുണ്ട്. എല്ലാ വരെയും സ്വതന്ത്രരാക്കുന്ന അവന്റെ പരമോന്നത നാമത്തിന്മേൽ നിന്റെ നുകം നീ വയ്ക്കരുത്.

9. നീ എന്തിനാണ് പിറുപിറുക്കുന്നതെന്ന് എന്നോട് പറയുക. ഒരു പക്ഷേ നിന്റെ വേദന അവന്റേതിന് തുല്യമായിരിക്കാം. എന്നാൽ അവൻ നിനക്കുവേണ്ടി സഹിച്ചത് എത്രമാത്രമെന്നും എത്ര വലുതാണെന്നും ആർക്കു വിവരിക്കാനാവും?

www.malankaralibrary.com

10. നീ അവനുവേണ്ടി എന്തു സഹിച്ചു? നീ അവനെ ബഹുമാനിക്കുന്നില്ലെങ്കിലും, അപമാനിക്കരുത്. നിന്റെ മർക്കടമുഷ്ടി കത്തിയ പുക അവന്റെ പക്കൽ എത്തത്തക്കവിധം, നീ അവനുവേണ്ടി ഏത് അഗ്നിയിലാണ് വെന്തെരിഞ്ഞത്?

11. ഏകത്വത്തെ മൂന്നായി വിഭജിക്കാനാവില്ലെന്നു പറഞ്ഞുകൊണ്ട് ഇതാ, അസ്തിത്വത്തന്റെ തീക്ഷ്ണത നിന്നെ തീക്ഷ്ണമതിയാക്കുന്നു. അവന്റെ നാമം വിട്ട്, അവന്റെ സ്വഭാവം കാണിക്കുക. കാരണം, ഈ സ്വഭാവം തന്നെയാണ് പരിശോധകർക്കുപോലും വെളിച്ചം പകരുന്നത്.

12. കല്ലിന്റെ പ്രകൃതം വിഭജിതമാണ്; മറ്റ് സവിശേഷതകൾ അതിനോടു ചേർന്നുപോകുന്നു. പ്രകാശത്തിന്റെ പ്രകൃതം വിഭജിതമല്ല; ഇതാ ആ പ്രകൃതങ്ങളുടെ പരിശോധന നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്.

13. പേരുകളിൽ സാമ്യമുണ്ടെങ്കിലും അവയുടെ സ്വഭാവങ്ങൾ വ്യത്യസ്തങ്ങളാണ്. അതുകൊണ്ട് അവയ്ക്കൊരു പൊതുനാമം കാണിക്കാനാവില്ല. കാരണം, ഇവിടെ വിഭജിതവും അവിഭജിതവുമായ വസ്തുക്കൾ ഒരുപോലെയാണ്.

14. ഇതാ, ഓരോ വസ്തുവിനും ഓരോ ശരീരത്തിനും ഓരോ പദാർഥത്തിനും അതുപോലെ എണ്ണത്തിനു വിധേയമാകുന്നവയ്ക്കെല്ലാം ഓരോ പേരുണ്ട്.

15. നീ അതിനെ ഒന്നെന്നു വിളിച്ചതുകൊണ്ടുമാത്രം അത് വിഭജനാതീതമാണെങ്കിൽ, നിനക്കു വലിയ തെറ്റുപറ്റി. ജലത്തിന്റെ പ്രകൃതം ഏകമാണ്. എങ്കിലും അത് വിഭജിതമാണ്. അതുപോലെ ഫലങ്ങളിലും വിത്തുകളിലും വ്യതിയാനം സംഭവിക്കാം.

16. അവന്റെ സ്വഭാവത്തെപ്പറ്റി അനുഭവമില്ലാതെ അവനെ മനസ്സിലാക്കാനാവില്ല. അവൻ ഏകനാണെന്നുള്ളത്  മാത്രം, എല്ലാറ്റിൽ നിന്നും മറഞ്ഞിരിക്കുന്ന അവന്റെ ജനനത്തെപ്പറ്റിയുള്ള വിശദീകരണം കണ്ടെത്താനും ഗ്രഹിക്കാനും സാധ്യത നൽകുന്നില്ല.

17. വിശ്വാസം, അനുഭവം എന്നിങ്ങനെ വേർതിരിക്കുന്ന രണ്ട് തീച്ചൂളകളുണ്ട്. കാരണം, ഒന്നുകിൽ മനുഷ്യർ സത്യത്തിൽ വിശ്വസിക്കുന്നു. അല്ലെങ്കിൽ വസ്തുതകൾ എങ്ങനെയെന്ന് അനുഭവം പഠിപ്പിക്കുന്നു.

18. സത്യത്തിന്റെ സന്തതികളുടെ വിശ്വാസം പരിശോധനാവിധേയമാക്കേണ്ടതില്ല. എല്ലാറ്റിനെ പറ്റിയും അനുഭവജ്ഞാനമുണ്ടാകാനും തർക്കിക്കാനുമുള്ള പ്രേരണ പാഷണ്ഡികളിൽ നിന്നാണ് നമുക്കു കിട്ടുക.

 www.malankaralibrary.com

19. തന്റെ ചോദ്യശരങ്ങളുമായി അവൻ മേലിൽ കടന്നുവരാതിരിക്കാൻ അവനെ എടുത്ത് തിരകൾക്ക് എറിഞ്ഞുകൊടുക്കുക. ദൈവികസത്ത എങ്ങനെയാണെന്നും എവിടെയാണെന്നുമുള്ള അനുഭവം അവനിൽ നിന്ന് ആവശ്യപ്പെടുക.

20. എന്തിൽ നിന്നെങ്കിലും ദിവ്യജനനം വിശദീകരിക്കാനാവുമോ? അഥവാ, സൃഷ്ടികൾ ഇല്ലായ്മയിൽ നിന്ന് ഉണ്ടായതാണോയെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെടുക. മുള്ളുകളുള്ള നിലം വീണ്ടും വീണ്ടും കിളച്ചുമറിക്കുക. അതിന് അറിയാൻ പാടില്ലെങ്കിലും, അത് നിനക്ക് സത്യവചനം പുറപ്പെടുവിക്കും.

# 37

## "ഓ, കുലീനനേ," എന്ന രീതി

1. മനുഷ്യകുലത്തെ മൃഗതുല്യമാക്കിയ വീഴ്ചയുടെ പ്രതീകമായി, മനുഷ്യരുടെ കവിളിൽ തെറ്റിന്റെ കടിഞ്ഞാൺ ഇടുന്നവനെപ്പറ്റി ഏശായാ സൂചിപ്പിക്കുന്നു.[27]

*പ്രതിസ്തോത്രം: തെറ്റിനെ നശിപ്പിച്ച സത്യത്തിന്റെ നാഥൻ വാഴ്ത്തപ്പെടട്ടെ.*

2. നാം മൃഗങ്ങളെപ്പോലെ ആയിത്തീർന്നപ്പോൾ, വീണ്ടും ദൈവത്തെപ്പോലെയാകാൻ, അവിടുന്ന് താഴേക്കിറങ്ങിവന്ന് നമുക്കു തുല്യനായി. വാഴ്ത്തപ്പെട്ടവന് സ്തുതി. എത്ര ആഴത്തിൽ നിന്ന് എത്ര ഉന്നതത്തിലേക്കാണ് തന്റെ കാരുണ്യം നമ്മെ വിളിച്ചിരിക്കുന്നത്!

3. എന്നാൽ മനുഷ്യൻ തന്റെ മഹത്വം മനസ്സിലാക്കിയില്ല. കാരണം, അവൻ രോഷാകുലനായി കോപിക്കുകയും കടപ്പെട്ടവനോട് നന്ദികേടു കാട്ടുകയും ചെയ്തു. ഇസ്രായേൽ തടിച്ചുകൊഴുത്തു, ചവിട്ടിമെതിച്ചു, മത്സരിക്കുകയും ആ നന്മ ഒളിച്ചുവയ്ക്കുകയും ദൂരെ എറിയുകയും ചെയ്തു. ഓ, അത്യന്തം വ്യസനകരം![28]

4. വഴികാട്ടുന്നവരും സംസ്ക്കാരമുള്ളവരും ആയവരെ സാത്താൻ മൃഗതുല്യരാക്കി. വിഭജിതരെ ഏകയോഗമാക്കിത്തീർക്കുന്നതിനു പകരം തങ്ങളുടെ തർക്കത്തിലൂടെയും കലഹനുകത്തിലൂടെയും അവരെ പിളർത്തി.

---

27. ഏശാ.30,28

28. സങ്കീ.49,13;ആവ.32,15

www.malankaralibrary.com

5. നിരപ്പില്ലാത്തതും പരുപരുത്തതുമായ സ്ഥലത്തിന്റെ നടുക്ക്, അപരാധത്തിന്റെ കല്ലുകളുടെ നടുക്ക്, നടക്കാൻ അവൻ അവരെ വിട്ടുകളഞ്ഞു. അവിടെ ഒരു വശത്ത് നാശത്തിന്റെ മലയും മറുവശത്ത് ചോദ്യശരങ്ങളുടെ ചെങ്കുത്തായ പാറയും.[29]

6. ആയിരക്കണക്കിനു നയനങ്ങൾ ആവശ്യമുള്ളതും കുഴികൾ നിറഞ്ഞതുമായ സ്ഥലത്ത്, മരണത്തെ കടന്നുപിടിക്കാൻ ആരാണ് മറ്റുള്ളവരുടെ മുമ്പിൽ ഓടുന്നതെന്നു കാണാൻ, അപമാനത്തോടുകൂടെ അവൻ അവരെ വിട്ടുകളയുന്നു.

7. എന്റെ കർത്താവേ, നിന്റെ കരുണയുടെ കടിഞ്ഞാണുകളാൽ ഞങ്ങളുടെ മാർഗഭ്രംശത്തെ ക്രമീകരിച്ച് നേരേയാക്കണമെ. നിരപ്പില്ലാത്തതും പരുപരുത്തതുമായ സ്ഥലത്തുനിന്ന് നിരപ്പുള്ളിടത്തേക്ക് ഞങ്ങൾ വന്നെത്താൻ, മുഴുവൻ നയനമായ നീ ഞങ്ങളുടെ പാതയായിരിക്കണമെ.

8. കാരണം, എന്റെ കർത്താവേ, പാപം നിമിത്തം ഞങ്ങളുടെ മനുഷ്യത്വത്തിന് സഹായം ആവശ്യമാണ്. അദൃശ്യതെറ്റും കലക്കവും നിമിത്തം എന്റെ കർത്താവേ, ഞങ്ങളുടെ അറിവ് ക്രമീകരിക്കേണ്ടതായിട്ടുണ്ട്.

9. എന്റെ കർത്താവേ, കഴുകൻ തന്റെ ചിറകുകൾ തന്റെ കുഞ്ഞുങ്ങളുടെ അടിയിൽ വിടർത്തുന്നതുപോലെ നിന്റെ കരുണയുടെ ചിറകുകൾ എന്റെ കീഴെ വിരിക്കണമെ. ചിറകുകളെ താങ്ങിനിർത്തുന്ന വായുവിന് പകരം ഞങ്ങളുടെ ചിറകുകൾ ഞങ്ങളുടെ അഭയസങ്കേതത്തിലേക്ക് പരിശുദ്ധാത്മാവിൽ പറന്നുയരാൻ ഇടയാകട്ടെ.

10. എന്റെ കർത്താവേ, വിശ്വാസം അല്ലാത്തതിൽനിന്ന് ഞങ്ങളുടെ വിശ്വാസത്തെയും വിജ്ഞാനമല്ലാത്തതിൽനിന്ന് ഞങ്ങളുടെ വിജ്ഞാനത്തെയും സംരക്ഷിക്കണമെ. അവയ്ക്ക് പേരുകൾ മാത്രമേയുള്ളു. അവയുടെ പേരുകളിലൂടെ നിങ്ങൾ വഞ്ചിക്കപ്പെടാതിരിക്കട്ടെ.

11. ദൈവമല്ലാത്തതിനെ ജാതികൾ ആരാധിച്ചു; എന്നാൽ നമുക്ക് സത്യദൈവമുണ്ട്. ദുഷ്ടൻ നമ്മിൽ അസൂയ പൂണ്ടു. ആദ്യമുള്ളവരും അവസാനത്തവരും നിരീശ്വരരാകാൻ അവൻ നമ്മുടെ ഇടയിൽ നുണ വിതച്ചു.

12. കാരണം, പ്രകൃതിയിലൂടെത്തന്നെ കൊത്തുപണിക്കാർ വഴി അവൻ വിഗ്രഹങ്ങളെ നിർമിച്ചു. വീണ്ടും, തിരുലിഖിതത്തിലൂടെത്തന്നെ അവിശ്വാസികളുടെ ഇടയിൽ താർക്കികർവഴി അവൻ ദൈവങ്ങളെ ഉണ്ടാക്കി.

13. കൊത്തുപണിക്കാരന് അവൻ പ്രബോധനം നൽകി. തന്റെ വിര

---

29. ഏശാ.40,4 (പ്ശീതാ)


www.malankaralibrary.com

ലുകൾകൊണ്ട് അവൻ വിഗ്രഹം ഉണ്ടാക്കി. വിരലുകളും പേനായും ഉപയോഗിച്ച് അവൻ നുണയെഴുതി. പലകകൾ എഴുതിയ വിരൽപോലെ ഈ വിരൽ ആക്കാൻ അവൻ ആഗ്രഹിച്ചു.

14. വിഗ്രഹങ്ങളെയും ദൈവങ്ങൾ എന്നു വിളിച്ചതിലൂടെ, നാമംപോലെ നാമം ആക്കിയതുപോലെ, എല്ലാറ്റിലും അവയെ തുല്യമാക്കാൻ അവൻ ആഗ്രഹിച്ചു. അതുവഴി സത്യമേത്, നുണയേത് എന്ന് മനുഷ്യർ തിരിച്ചറിയാതിരിക്കാനായിരുന്നു അത്.

15. ഒരാൾ വെള്ളത്തെ ബഹുമാനിച്ചു, അഗ്നിയെ പൂജിക്കുന്ന മറ്റൊരുവനെ അവനുണ്ടാക്കി. വേറൊരാൾ ചന്ദ്രനെ ആരാധിച്ചു. ഉഗ്രനായ സൂര്യനെ ആരാധിക്കുന്നവൻ അവരെ വേഗത്തിൽ തോൽപ്പിച്ചു.

16. ഈ വിഭാഗക്കാരുടെ മാതൃകയിൽ ഇക്കാലത്തും വിഭാഗീയതകളുണ്ട്. അവരുടെ ആത്മപ്രശംസപോലെ നമ്മുടെ അഹന്ത, അവരുടെ കലഹംപോലെ ജയിക്കാനുള്ള നമ്മുടെ പോരാട്ടം!

17. വായ്കളേ, നിശ്ശബ്ദമാകുവിൻ. നാവുകളേ, മിണ്ടാതിരിക്കുവിൻ. ആശ്ചര്യം നിങ്ങളുടെ അധരങ്ങളിൽ നിപതിക്കട്ടെ. ഭീതി നിങ്ങളുടെ ആത്മാവിൽ വസിക്കട്ടെ. പുത്രന്റെ ജനനത്തെപ്പറ്റി പറയുമ്പോൾ ഇന്ദ്രിയങ്ങളും അവയവങ്ങളും വിറയ്ക്കട്ടെ!

18. ഊരിയ വാളായ നാവ് ഉറയിലിടുക. പുലമ്പുന്നവനേ, അന്വേഷണം നിന്റെ വായുടെ സംസാരത്തിന് മൂർച്ച കൂട്ടിയിരിക്കുന്നു. പുത്രന്റെ മൗനം നിന്റെ ചോദ്യത്തിന്റെ മുന ഒടിക്കട്ടെ.

19. വില്ലുപോലെ നിന്റെ അധരങ്ങൾ തുറന്ന് വലിച്ചുനീട്ടരുത്. എയ്യുന്നവന്റെ പക്കലേക്കു തന്നെ ചുഴലിക്കാറ്റ് അമ്പ് മടക്കി അയക്കുന്നതുപോലെ ആയിരിക്കും പരിശുദ്ധാത്മാവിന്റെ ഉഗ്രശക്തി.

20. പ്രവാചകൻ ആത്മാവിൽ ദർശിച്ചതുപോലെ, വജ്രം കൊണ്ടുള്ള ഭിത്തിയാണവൻ.[30] അതിനെതിരെ വാക്കുകൾ കൊണ്ടുള്ള ചെളിവാരിയെറിഞ്ഞാൽ, അതിൽ പറ്റിപ്പിടിക്കാതെ, അത് പറഞ്ഞവന്റെ മേൽ പറ്റിപ്പിടിക്കും.

21. കുശവന്റെ ചക്രത്തെ നോക്കുവിൻ. എന്നിട്ട് ചിന്തകളുടെ ചക്രത്തെ കാണുവിൻ. ഒന്നിന്റെ ചലനം കളിമണ്ണിനെ രൂപപ്പെടുത്തുന്നു, മറ്റതിന്റേത് പുത്രനെ തരംതാഴ്ത്തുന്നു. എന്നാൽ അവൻ തരംതാഴ്ത്തപ്പെടുന്നില്ല.

22. സംസാരിക്കാൻ കഴിയുന്ന ഒരു പാത്രമായി നിന്നെ മെനഞ്ഞു

30. ആമോസ് 7,7–8(പ്ശീത്താ)

www.malankaralibrary.com

ണ്ടാക്കിയവനോടു പോരാട്ടം നടത്തരുത്. കുശവന്റെ പാത്രങ്ങൾ നിശ്ശബ്ദങ്ങളാണ്. എന്നാൽ ആ നല്ലവനെ സംബന്ധിച്ച്, താൻ മഹത്വപ്പെടുത്തിയ പാത്രങ്ങൾ അവിടുത്തോട് മല്ലടിക്കുന്നു.[31]

23. അവിടുത്തെ പറ്റിയുള്ള ഏറ്റവും ചെറിയ അന്വേഷണം പോലും കടക്കാനാവാത്ത പർവതമാണ്! അതിനു മിനക്കെടേണ്ട. അവിടുത്തെ പറ്റിയുള്ള അന്വേഷണത്തിന് ആകാശവും ഭൂമിയും എന്ന രണ്ടു വാക്കുകളാണ് നിനക്കുള്ളത്. നീ എത്രമാത്രം വഴിതെറ്റും!

24. എന്റെ കർത്താവേ, നിന്റെ അതിർത്തി ആരും കടന്നിട്ടില്ല. മഹനീയനേ, നിന്റെ ഔന്നത്യം ആരും താഴ്ത്തിയിട്ടില്ല. അസ്തിത്വത്തിന്റെ സ്വഭാവവും പിതാവിന്റെ മടിയും, പുത്രന്റെ മതിലുകളാണ്. അത് ചവിട്ടിക്കടക്കാനാവില്ല.

25. അഗ്നിക്കകത്തു കടന്ന് അതിന്റെ അടിത്തട്ട് സ്പർശിച്ചറിയാൻ ഒരു സ്വഭാവത്തിനും കഴിയില്ല. അതിന് വെളിയിലേ സകലരും നിൽക്കുകയുള്ളു. അതിന് മതിലോ, കോട്ടകൊത്തളങ്ങളോ ഇല്ല. എങ്കിലും സകലരും തങ്ങളെത്തന്നെ സംരക്ഷിക്കുന്നു.

26. അങ്ങനെയെങ്കിൽ ആ അതിഭീതിജനകമായ സത്തയുടെ മടിത്തട്ട് പരിശോധിക്കാൻ ആരാണ് മുതിരുക? നദികൾ കടലിൽ അവസാനിക്കുന്നു; പുത്രന്റെ ജനനത്തിന്റെ അന്വേഷണത്താൽ എല്ലാ എടുത്തുചാട്ടക്കാരായ താർക്കികരും!

# 38

### "ഓ, കുലീനനേ," എന്ന രീതി

1. എന്റെ കർത്താവേ, നിന്റെ സ്നേഹം ഞങ്ങളെ ആകർഷിക്കുകയും ആശ്വസിപ്പിക്കുകയും അതേസമയം കുറ്റപ്പെടുത്തുകയും ചെയ്യുന്നു. അതു ഞങ്ങളെ കുലുക്കി ഉണർത്തുന്നു. അതു ഞങ്ങളെ നിയന്ത്രിക്കുകയും ശിക്ഷണവിധേയരാക്കുകയും ചെയ്യുന്നു. സർവജ്ഞൻ എന്ന നിലയിൽ അതു ഞങ്ങളെ രക്ഷിക്കാൻ എല്ലാരീതിയിലും ക്ഷണിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുന്നു.

*പ്രതിസ്തോത്രം: എല്ലാവരെയും പഠിപ്പിക്കുന്ന നിനക്കു സ്തുതി.*

2. നാം മൃഗങ്ങളെപ്പോലെ മൂകരാകാതിരിക്കാൻ, അവിടുന്ന് നമ്മെ മൃഗീയ മൂകതയിൽ നിന്ന് വേർതിരിച്ചു. നാം ദൈവദൂഷണം വമിക്കുന്ന

---

31.റോമ.9,20


www.malankaralibrary.com

പിശാചുക്കളായി തീരാതിരിക്കാൻ, നിന്ദ്യഭാഷണത്തിൽ നിന്ന് അവിടുന്ന് നമ്മെ അകറ്റുന്നു.

3. ഇക്കാലത്ത് തർക്കിക്കുന്നത് നേട്ടമുണ്ടാക്കി; നിശ്ശബ്ദത നഷ്ടമുണ്ടാക്കിയപ്പോൾ, അത് തഴച്ചുവളർന്നു. വഴിതെറ്റിയവരിലൂടെ അതിന്റെ പ്രബോധനം വ്യാപിച്ചു. അവിശ്വാസികളോട് എന്നതിനുപകരം സത്യവിശ്വാസികളോട് പോരാടാൻ അതു പാഞ്ഞെത്തി.

4. അതിന്റെ ഭണ്ഡാരങ്ങൾ പ്രബോധനങ്ങൾ കൊണ്ടും അതിന്റെ കലവറകൾ വ്യാഖ്യാനങ്ങൾ കൊണ്ടും നിറഞ്ഞിരിക്കുന്നു. അവ പഠിക്കാൻ ബദ്ധപ്പെടുന്നവന് വഴിതെറ്റുന്നു. അന്വേഷിക്കാൻ മുതിർന്നവന് മുതലും പലിശയും നഷ്ടപ്പെട്ടു.

5. ദുഷ്ടനെ അവന്റെ പീഡകൻ വെറുതേ വിട്ടു. എന്നാൽ തന്റെ സ്വന്തം ആളുകളെ അവൻ പീഡിപ്പിക്കാൻ തുടങ്ങി. അവന്റെ എതിരാളി മല്ലനെ അന്ധനാക്കി, അവൻ തന്നിലേക്കുതന്നെ തിരിഞ്ഞ്, തന്റെതന്നെ പതനത്തിന് ഇടവരുത്തി. തന്നത്താൻ മർദിച്ചു.

6. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ വിഭാഗത്തെയും ഞങ്ങളുടെ വിഭാഗത്തിൽ പെട്ടവരെയും തിരിച്ചറിയാൻ ഇടയാക്കണമെ. എന്റെ കർത്താവേ, വലത്തുകൈ അതിനോടുതന്നെ പോരാട്ടം നടത്താതിരിക്കട്ടെ. കാരണം, ഇടത്തേതുമായിട്ടാണല്ലോ അതിന്റെ പോരാട്ടം.

7. ഞങ്ങളുടെ കർത്താവേ, ദുഷ്ടരെയും ഞങ്ങൾ വെറുക്കാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ ഏകദുഷ്ടനെ മാത്രമാണല്ലോ നീയും വെറുക്കുന്നത്. അവർ തങ്ങളെത്തന്നെ വിമോചിപ്പിക്കാൻ നിഗൂഢ തിന്മയായ വഞ്ചനയെ സത്യവചനത്താൽ നീ വെട്ടിമാറ്റി ദൂരെയെറിഞ്ഞു.

8. ഞങ്ങൾ നിനക്കു തുല്യരാകാൻ നിന്റെ ത്രാസ് കൃത്യമായ സംസാരവും മൗനവും നൽകി. എന്റെ സഹോദരരേ, ത്രാസിന്റെ രണ്ടു തട്ടവുമില്ലാതെ ഒന്നുകൊണ്ടുമാത്രം തൂക്കാനാവില്ലെന്ന് പ്രകൃതിയും പഠിപ്പിക്കുന്നില്ലേ?

9. നമുക്ക് സംസാരവും മൗനവും പ്രായോഗികമാക്കാം. നമ്മുടെ സംസാരം പകൽ പോലെയും നമ്മുടെ മൗനം രാത്രി പോലെയും ആയിരിക്കട്ടെ. കാരണം, കാതിനും നാവിനും വിശ്രമം ആവശ്യമാണ്.

10. സത്യപ്രബോധനത്തെ പകൽ വെളിച്ചത്തോടും നിശ്ശബ്ദതയെയും മൂകതയെയും രാത്രിയോടും സുഖനിദ്രയെ തികഞ്ഞ മാധുര്യത്തോടും താരതമ്യപ്പെടുത്താവുന്നതാണ്.

11. നമുക്ക് സത്യവചനത്തിന്റെ പണിക്കാരാകാം. വരുവിൻ, നിലത്തെ

www.malankaralibrary.com

ന്നപോലെ നമുക്കതിൽ അധ്വാനിക്കാം. നമുക്ക് സ്നേഹം വിതച്ച് സമാധാനം കൊയ്യാം. അനുരഞ്ജനത്തിൽ നിന്ന് സമാധാനത്തിന്റെ നാഥന് ഒരു കതിർക്കുല മുകളിലേക്കുയരട്ടെ.

12. ഇതാ, പരിശുദ്ധാത്മാവ് തന്റെ ആവാസത്താൽ്യ ഗോതമ്പുകൂനയെ ശുദ്ധീകരിക്കുന്നു. അത് പതിരിനെ പറത്തുന്നു; വൈക്കോൽ ഭാഗങ്ങളെ ചിതറിക്കുന്നു. പതിരില്ലാത്ത് ഗോതമ്പ് ജീവന്റെ അറയിൽ അവൻ ശേഖരിക്കുന്നു.[32]

13. നമുക്ക് ഭാഷ നൽകിയ നല്ലവൻ വാഴ്ത്തപ്പെടട്ടെ. മൗനം കൂട്ടിച്ചേർത്ത നീതിമാൻ വാഴ്ത്തപ്പെടട്ടെ. എല്ലാവരുടെയും പ്രബോധകനെന്ന നിലയിൽ നമുക്ക് പര്യവേക്ഷണങ്ങൾ നടത്താനുള്ള തലങ്ങൾ അവൻ നൽകി. നാം നിശ്ശബ്ദരായിരിക്കേണ്ട തലങ്ങൾ അവൻ നമ്മിൽ നിന്ന് മാറ്റിവച്ചു.

14. നമുക്കു ചുറ്റിക്കറങ്ങാൻ ധര മുഴുവൻ അവിടുന്ന് തന്നില്ല. പിന്നെയോ, ഭാഗികമായി മാത്രം. യാത്ര ചെയ്യാൻ കടൽ മുഴുവൻ തന്നില്ല. കണ്ണിന് പൂർണമായി കീഴടക്കത്തക്കവിധം സൂര്യനെ മുഴുവനായും തന്നില്ല.

15. അപരിമേയമായ മഹനീയതയുടെ ശക്തി പൂർണമായി ലഭിക്കണമെന്ന് ബുദ്ധിശക്തിക്ക് എങ്ങനെ ആഗ്രഹിക്കാൻ കഴിയും? അവിടുന്ന് സൃഷ്ടികളേക്കാൾ ചെറുതാണെന്നായിരിക്കാം അത് കരുതുന്നത്.

16. നമുക്ക് നൽകപ്പെട്ടവ പോലും പൂർണമായി നൽകപ്പെട്ടിട്ടില്ലെങ്കിൽ, സഹോദരങ്ങളേ, സീനായ് മലപോലെ എപ്പോഴും ചുറ്റും അതിർത്തിയുള്ള നിഗൂഢജനനം എങ്ങനെയാണ് നാം പരിശോധനാവിധേയമാക്കുക?

17. ദൈവികശോഭ അവകാശപ്പെടുത്താൻ ആദം ആഗ്രഹിച്ചു. എന്നാൽ അവന് ധര അവകാശമായി ലഭിച്ചു. ഉസിയാ പൗരോഹിത്യം സ്വയം ഏറ്റെടുക്കാൻ ആഗ്രഹിച്ചു. നികൃഷ്ടമായ കുഷ്ഠരോഗം അവനെ പിടികൂടി.

18. നിഗൂഢതയിലേക്ക് തുനിഞ്ഞിറങ്ങാൻ ആരാണ് ആഗ്രഹിക്കുക? അതിന്റെ അതിരുകൾ നിശ്ശബ്ദതയും മൗനവുമാണ്. അതിന്റെ ഭിത്തികൾ അഗ്നിയും ന്യായവിധിയുമാണ്. അതിന്റെ അതിർത്തിയിൽ കരച്ചിലും നിലവിളിയും പല്ലുകടിയുമാണ്.[33]

19. കൽമതിലിനകത്ത് വിടവുണ്ടാക്കി ഭീകരദുരന്തം ഏറ്റുവാങ്ങാൻ ആര് അകത്തുകയറും? ചുവരിലും മതിലിലും വേലിയിലും വിടവുണ്ടാക്കുന്നവർ നേട്ടത്തിനാണ് അപ്രകാരം ചെയ്യുന്നത്; എന്നാൽ എന്റെ സഹോദരരേ, നാമാകട്ടെ, നഷ്ടത്തിനും.

32. മത്താ.3,12

33. മത്താ.8,12

 www.malankaralibrary.com

20. എന്റെ കർത്താവേ, നിഗൂഢമായവയിൽ നിന്നും അവയുമായുള്ള പ്രയോജനരഹിതമായ ഇടപാടുകളിൽ നിന്നും എന്നെ പിന്തിരിപ്പിച്ചതിന് ഞാൻ നിനക്ക് നന്ദി പറയും. നിഗൂഢമായവയെപ്പറ്റി സംസാരിച്ചവരുടെ ഭണ്ഡാരം ശൂന്യമായിപ്പോയി. വെളിപ്പെടുത്തപ്പെട്ടവയിൽ നിന്ന് ഞാൻ എന്റെ കടങ്ങൾ വീട്ടും. നിനക്കു സ്തുതി.

# 39

## 'വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു' എന്ന രീതി

1. എന്റെ മകനേ, ക്രൂശിച്ചവരും വിജാതിയരും നമ്മുടെ കർത്താവിനെ മനുഷ്യനെന്നു കരുതി നിന്ദിച്ചെങ്കിലും അവിടുന്ന് ദൈവമാണെന്ന സത്യം നിലനിൽക്കുന്നു. അവിടുത്തെ മഹത്വം വിശകലനാതീതമാണ്. അവിടുത്തെ സ്തുത്യർഹമായ ജനനത്തെ പരിശോധിക്കുന്ന താർക്കികർക്കു പകരം രക്തസാക്ഷികൾ അവനെ സ്നേഹിച്ചു. അവൻ ദൈവപുത്രനാണെന്ന് തങ്ങളുടെ കഴുത്തിലെ രക്തം കൊണ്ട് അവിടുത്തെ ഉത്ഭവത്തെപ്പറ്റി അവർ പ്രഘോഷിച്ചു.

*പ്രതിസ്തോത്രം: ഏകസുതനും അവനിലൂടെ അവന്റെ പിതാവിനും സ്തുതി.*

2. നമ്മുടെ കലഹം തന്നെ തെറ്റിന്റെ എല്ലാ സന്തതികളെയും നിശ്ശബ്ദരാക്കിയെന്ന കാര്യം ശ്രദ്ധിക്കുന്നുണ്ടോ? കാരണം, അവരിലാരും ചന്തസ്ഥലത്ത് ചിറകുയർത്തി ചോദ്യങ്ങൾ ചോദിക്കുന്നില്ല. സഭയിൽ പ്രകാശത്തിന്റെ മക്കളെല്ലാവരും ഇപ്പോൾ ഒന്നിച്ചിരുന്നെങ്കിൽ, ഐക്യത്തിന്റെ ശക്തിയിലൂടെ അവരുടെ സമാധാനപ്രഭ തെറ്റിനെ നശിപ്പിക്കുമായിരുന്നു.

3. വഴിതെറ്റിയവരിൽ നിന്നും അവരുടെ ഇടയിലും ഇക്കാലത്ത് വിഭാഗീയത ഉണ്ടെന്ന് അറിവുള്ളവർക്കെല്ലാം അറിയാം. എന്നാൽ ഒരിക്കലും അവരിലൂടെയും ഈ വിഭാഗങ്ങളിലൂടെയും ലോകം ആകുലതയിലും വിക്ഷോഭത്തിലും ഞെരുക്കത്തിലും നിപതിച്ചിട്ടില്ല. എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായി നമ്മുടെ കലഹം യഥാർഥത്തിൽ രാജാക്കന്മാർ കേൾക്കുകയും മനസ്സിലാക്കുകയും മനുഷ്യരും സമസ്തസൃഷ്ടികളും ഒരുപോലെ ക്ഷോഭത്തിൽ ഇളകിമറിയുകയും ചെയ്തു.

4. ഇതാ, നമ്മുടെ പ്രബോധനം അവഹേളിക്കപ്പെടുന്നു. കാരണം, പോരാട്ടത്തിൽ അതിന് പിടിച്ചുനിൽക്കാനാവില്ലെന്നും പരീക്ഷണത്തിൽ അത് പരാജയപ്പെടുമെന്നും മനുഷ്യർ കരുതി. ചോദ്യശരങ്ങളിലൂടെ താർക്കികർ

www.malankaralibrary.com

അന്ധാളിക്കുന്നതും വിഭജിതരാകുന്നതും ദൈവത്വം തികച്ചും അന്വേഷണാതീതമാണെന്നുള്ളത് അവർ മറന്നുപോയതും അവർ കണ്ടു. അക്കാരണത്താൽ പണ്ഡിതർ തങ്ങളുടെ അന്വേഷണത്തിൽ മുങ്ങിത്താണ് പരിഭ്രമിച്ചുപോയി.

5. ഉച്ചരിക്കാനാവുന്നതും വിവരിക്കാനാവുന്നതും എളുപ്പത്തിൽ പരിശോധിക്കാനാവുന്നതും അന്വേഷിക്കാനാവുന്നതും ചർച്ചചെയ്യാനാവുന്നതുമായതിനോട് വായ് ബന്ധപ്പെട്ടിരിക്കുന്നു. അത് അതിന്റെ പ്രകൃതിയുമായി ചേർന്നിരിക്കുന്നു. എന്നാൽ തികച്ചും അന്വേഷണാതീതവും വിശകലനാതീതവും ആയവയുടെ അതിർത്തി നിശ്ശബ്ദതയാണ്. കാരണം, നമ്മുടെ ബുദ്ധി അതിന്റെ നിഗൂഢതയുമായി ഒത്തുപോകുന്നതല്ല.

6. 'അവൻ ജനിപ്പിച്ചു എന്നത് അസാധ്യമാണ്.' 'സാധ്യത' നിന്നെ വിധിക്കുന്നു. കാരണം നീ അവനെ പരിശോധിക്കുമ്പോൾ, അവൻ ജനിപ്പിച്ചു എന്നത് മാത്രമല്ല നിനക്ക് പ്രയാസമുള്ളതും ഇരുണ്ടതുമായിരിക്കുന്നത്. പിന്നെയോ, അവന്റെ അസ്തിത്വത്തിൽ നീ ഒരിക്കലും വിശ്വസിക്കുന്നില്ല. അവന് ജനിപ്പിക്കൽ സാധ്യമാണോ എന്നത് ചർച്ച ചെയ്യാതിരിക്കട്ടെ. കാരണം, അവിടുന്ന് എല്ലാ സാധ്യതകളുടെയും കർത്താവാണ്.

7. കാരണം, ഒരു തലത്തിൽ മാത്രമല്ല ദൈവത്വം അത്ഭുതാവഹമായിരിക്കുന്നത്. എല്ലാവശത്തും അത് പ്രഹേളികയാണ്. എല്ലാ വിത്തുമണികളെയും ജലതുള്ളികളെയും വിവിധതരം ചെടികളെയും അളക്കാൻ ആർക്കു കഴിയും? ഇവയിലെല്ലാം അവൻ അത്ഭുതമാണ്. നമ്മുടെ സ്വന്തം ജനനത്തിൽ അവിടുത്തെ ശക്തി നമുക്ക് അഗ്രാഹ്യമാണെങ്കിൽ, തന്റെ മടിയിൽ നിന്നുള്ള ജനനത്തെ ഗ്രഹിക്കാൻ ആർക്കു കഴിയും?

# 40

### "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു" എന്ന രീതി

1. സൂര്യനാണ് നമ്മുടെ പ്രകാശം. എന്നാൽ അതിനെ മനസ്സിലാക്കാൻ ആർക്കും കഴിയുകയില്ല. എങ്കിൽ മനുഷ്യനെപ്പറ്റി എത്ര കുറച്ചായിരിക്കും! അതിലും വളരെ കുറച്ച് ദൈവത്തെപ്പറ്റിയും! സൂര്യപ്രകാശം സൂര്യനുശേഷമുള്ളതല്ല. അതിനെ കൂടാതെ സൂര്യൻ ഒരിക്കലും നിലനിന്നിട്ടുമില്ല. പ്രകാശം രണ്ടാമത്തേതും ചൂട് മൂന്നാമത്തേതുമായി കരുതാം. അവ സൂര്യനിൽ നിന്ന് വേർപെട്ടല്ല, താദാത്മ്യപ്പെട്ടുമല്ല.

*പ്രതിസ്തോത്രം: നിന്നെ അയച്ചവന് നിന്നിൽ വിശ്വസിക്കുന്ന എല്ലാവരിൽ നിന്നും സ്തുതി.*


www.malankaralibrary.com

2. ഉന്നതത്തിലെ സൂര്യനെ നോക്കുക; അത് ഒന്നാണെന്ന് കരുതപ്പെടുന്നു. നിന്റെ നോട്ടം താഴ്ത്തി രണ്ടാമത്തെ ഘടകമായ അതിന്റെ പ്രകാശം കാണുക. പിന്നീട് മൂന്നാമത്തേതായ അതിന്റെ ചൂട് ശ്രദ്ധിച്ച്, അനുഭവിച്ചറിയുക. ഒന്നു മറ്റൊന്നിനു തുല്യമാണ്. എന്നാൽ അതേസമയം അങ്ങനെയല്ല താനും. രണ്ടാമത്തെ ഘടകം സൂര്യനിൽ കൂടിച്ചേർന്നിരിക്കുന്നു. എങ്കിലും അതിൽ നിന്നു വ്യത്യസ്തമാണ്. മൂന്നാമത്തെ ഘടകവും അതുമായി കലർന്നിരിക്കുന്നു. കൂടിക്കലർന്നതും കൂടിച്ചേർന്നതുമായതിനാൽ, അതേസമയം വ്യതിരിക്തവുമാണ്.

3. അഗ്നിയും സൂര്യനും അവിഭക്തപ്രകൃതങ്ങളാണ്. മൂന്നു രീതിയിൽ കൂടിക്കലർന്ന മൂന്നു കാര്യങ്ങൾ അവയിൽ ഉൾക്കൊള്ളുന്നു: അഗ്നി, ചൂട്, പ്രകാശം. സന്തുലിതമാംവിധം യോജിച്ച് ഒന്നു മറ്റൊന്നിൽ വസിക്കുന്നു. കൂടിച്ചേർന്നാണ്, എന്നാൽ കൂടിക്കലർന്നല്ല. ഒന്നിച്ചുചേർന്നാണ്, എന്നാൽ ബന്ധിതമല്ല. യോജിച്ചാണ്, എന്നാൽ നിർബന്ധിതമല്ല. സ്വതന്ത്രമാണ്, എന്നാൽ അകന്നുമാറിയല്ല.

4. സ്പഷ്ടമായ സംഗതികളാൽ അഹങ്കാരികൾ നിശ്ശബ്ദരാക്കപ്പെടട്ടെ. കാരണം, ഇവിടെ നമുക്ക് മൂന്നിൽ ഒന്നും, ഒന്നിൽ മൂന്നുമുണ്ട്. കൂടിച്ചേർന്നാണ്, എന്നാൽ ഉറപ്പിച്ചല്ല. വ്യതിരിക്തമായിട്ടാണ്, എന്നാൽ വേർപെട്ടുമല്ല. നമ്മെ നിശ്ശബ്ദരാക്കുന്ന ഇവയിലെല്ലാം അത്ഭുതം കുടികൊള്ളുന്നു. മനുഷ്യവ്യക്തിയും മൂന്ന് ഘടകങ്ങളാൽ രൂപീകരിക്കപ്പെട്ടിരിക്കുന്നു. തികച്ചും പരിപൂർണമായി ഉത്ഥാനത്തിൽ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും.

5. സൂര്യൻ ഏകമാണ്, ഏകഘടകയാഥാർഥ്യമാണ്. എന്നാൽ മൂന്നു കാര്യങ്ങൾ അതിൽ കൂടിച്ചേർന്നിരിക്കുന്നു. അവ വ്യതിരിക്തമാണ്, എന്നാൽ വേർപിരിഞ്ഞല്ല. ഓരോന്നും അതിൽ തന്നെ തികച്ചും പൂർണമാണ്. അവയെല്ലാം ഒന്നായും പരിപൂർണമാണ്. മഹത്വം ഏകമാണ്, എങ്കിലും അതേകമല്ല. സ്വയം എല്ലാം ഉൽപ്പാദിപ്പിക്കുന്നതും യോജിച്ച് തന്നിൽതന്നെ ഉൾക്കൊള്ളുന്നതും മൂന്നുതരത്തിൽ സ്വയം ബഹിർഗമിക്കുന്നതുമായ അത്ഭുതകരമായ യാഥാർഥ്യം തന്നെയാണിത്.

6. അഗ്നിയും ത്രിവിധ ഗുണങ്ങളോടു കൂടിയതല്ലെന്നു ചിന്തിക്കാൻ മുതിരുന്നവന്റെ തെറ്റ് അംഗീകരിക്കുകയും അവന്റെ ഭോഷത്തത്തോടു ചേരുകയും അവന്റെ വഴിപിഴയ്ക്കലിനോടു യോജിക്കുകയും ചെയ്യുന്നവൻ ആരാണ്? തുല്യവും വ്യത്യസ്തവുമായി കാണപ്പെടുന്ന മൂന്നു ഘടകങ്ങളെ അവൻ നിഷേധിക്കുന്നു: ഒന്ന് മഹനീയവും ഭീതിനിറഞ്ഞതും, മറ്റൊന്ന് നിഗൂഢമായതും ശക്തിമത്തും, മൂന്നാമത്തേത് സന്തോഷകരവും പ്രശാന്തവും.

7. ഒന്നാമത്തേത് പൂർണമായി സ്വയം ഉൾക്കൊള്ളുന്നതാണ്; രണ്ടാമ

www.malankaralibrary.com

ത്തേത് സ്വന്തഇഷ്ടത്താൽ വരുന്ന വേർപെട്ടതാണ്. മൂന്നാമത്തേത് സമൃദ്ധമായി അയക്കപ്പെടുന്നതാണ്. അഗ്നിയിലുള്ള ഒരു സവിശേഷതയിൽ, ഒരു ഘടകത്തെയും മറ്റൊന്ന് നിയന്ത്രിക്കുന്നില്ല; ഒരു ഘടകവും നിയന്ത്രിക്കപ്പെടുന്നുമില്ല. കൂട്ടായ്മയിൽ പ്രവർത്തിച്ചുകൊണ്ട് അവ മൂന്നും പൂർണമായി യോജിപ്പിലാണ്.

8. അഗ്നിയിൽ ഇപ്രകാരം മൂന്നു നാമങ്ങൾ കാണപ്പെടുന്നു. ഓരോന്നിനും അതിന്റേതായ ശക്തിയുണ്ട്. ഓരോന്നും സ്വന്തമായി നിൽക്കുന്നു. ഓരോന്നും സ്വന്തമായി പ്രവർത്തിക്കുന്നു. വ്യതിരിക്തമായി കാണപ്പെടുകയും ചെയ്യുന്നു. കൂടിച്ചേർന്ന വ്യത്യസ്ത ഗുണങ്ങൾ! അത്ഭുതകരമായി അഗ്നി, വ്യത്യസ്തമായി ചൂട്, മഹനീയമായി പ്രകാശം.

9. ഉൽപാദിപ്പിക്കുന്നെങ്കിലും കുറഞ്ഞുപോകാത്ത അത്ഭുതകരമായ പ്രകൃതം അഗ്നിക്കുണ്ട്. അത് തണുത്തുറഞ്ഞുപോകാതെ സന്തുലിതാവസ്ഥയിൽ കഴിയുന്നു. എന്നാൽ അതിന്റെ ചൂട് തികച്ചും വ്യതിരിക്തമാണ്. അതേസമയം അതിൽ നിന്ന് വെട്ടിനീക്കപ്പെട്ടതല്ല. സന്തോഷകരമായി അത് എല്ലാറ്റിലൂടെയും കടന്നുപോകുന്നു. അപ്പത്തിലേക്ക് സ്വയം പറന്നുചെല്ലുന്നു. ജലവുമായി കൂടക്കലരുന്നു. എല്ലാറ്റിലും വസിക്കുന്നു. സമസ്തവും അതിൽ വസിക്കുകയും ചെയ്യുന്നു.

10. ഇത് ആത്മാവിന്റെ ഒരു പ്രതീകമാണ്; പരിശുദ്ധാത്മാവിന്റെ ഒരു രൂപവും. മോചനം കൊണ്ടുവരാനായി അവൻ സ്നാനജലവുമായി കൂടിക്കലർന്നിരിക്കുന്നു. കുർബാനയായി തീരാൻ അവൻ അപ്പവുമായി കൂടിച്ചേർന്നിരിക്കുന്നു. ആത്മാവ് അവയിലെല്ലാം പൂർണമായി ഉണ്ടെന്നു കരുതപ്പെടുന്നെങ്കിലും അവന്റെ പൂർണത അകലെയാണ്. കാരണം, ഒരിക്കലും വരച്ചുകാട്ടപ്പെടാനാകാത്ത ത്രിമുഖ രഹസ്യങ്ങളെ വരച്ചുകാട്ടുക ദുഷ്ക്കരമാണ്.

11. ഏകമായിരിക്കുകയും അതേസമയം മൂന്നായിരിക്കുകയും ചെയ്യുന്ന അഗ്നിയെ പരിശോധിക്കാൻ പരിശ്രമിച്ചാൽ അതു നമ്മെ വിഴുങ്ങിക്കളയും. എങ്ങനെ മൂന്നു ഘടകങ്ങൾ പരസ്പരം ഒന്നിച്ചിരിക്കുന്നു? ചൂട് വ്യത്യസ്തമാണെങ്കിലും എങ്ങനെ വെട്ടിമാറ്റപ്പെടുന്നില്ല? വെറുമൊരു സ്വാഭാവികപദാർഥമായ അഗ്നിക്ക് ഈ ഗുണമുണ്ട്. മൂന്നു രൂപത്തിൽ താൽപര്യപൂർവം നാമതിനെ സ്വീകരിക്കുന്നു. തൽസംബന്ധമായി നമുക്ക് കാര്യമായ ഒരു തർക്കവുമില്ല.

12. എങ്കിൽ, ആ മൂന്നാളുകളെ ഋജുമാനസ്സതയിലും ചോദ്യം ചെയ്യാതെ സ്നേഹത്തിലും സ്വീകരിക്കുന്നത് എത്രയധികമായി ശരിയാണ്! അവരുടെ സ്വഭാവം നമ്മുടെ പിന്നാലെ ഓടിവന്ന് നമ്മേപ്പോലെ ആകേണ്ടതില്ല. കാരണം, എല്ലാ കാര്യങ്ങളിലും അവർ അവരെപ്പോലെ മാത്രമാണ്. സ്യ

 www.malankaralibrary.com

ഷ്ടവസ്തുക്കൾ വ്യതിരിക്തമാണ്; പരസ്പരം വ്യത്യസ്തവുമാണ്. എങ്കിൽ എല്ലാറ്റിനേക്കാളും ഉന്നതവും എല്ലാറ്റിൽനിന്നും വ്യത്യസ്തവുമായ ആ പരമയാഥാർഥ്യം എത്രയധികമായിരിക്കും!

# 41

## "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു" എന്ന രീതി

1. കാക്ക ഇണചേരുന്നത് ആരെങ്കിലും എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? അഥവാ, കടന്നൽ എപ്പോഴെങ്കിലും കൂടിക്കലർന്നിരിക്കുന്നത് കണ്ടിട്ടുണ്ടോ? കന്യകയായ തേനീച്ച കന്യാത്വത്തിൽ ജന്മമേകുന്നു; പുഴു അതിൽ നിന്നു തന്നെ ഉത്ഭവിക്കുന്നു. മേഘങ്ങൾ തനിയെ ഗംഭീരമായി ഇടിമിന്നൽ പുറപ്പെടുവിക്കുന്നു. കല്ലിൽ നിന്നുള്ള തീപ്പൊരി അത്ഭുതാവഹമാണ്.

*പ്രതിസ്തോത്രം: പിതാവിൽ നിന്നുള്ള ഏകജാതാ, നിന്റെ ജനനത്തിന് സ്തുതി.*

2. സൂര്യപ്രകാശത്താൽ കുളത്തിലെ ജലത്തിൽ ഇഴജന്തുക്കൾ ഉണ്ടാകുന്നു. അത് നിഷേധികളെ ഖണ്ഡിക്കുന്നു. കാരണം, ആദിയിൽ നിർമലതയിൽ ഇഴജന്തുക്കളെ ഉണ്ടാക്കിയതുപോലെ, നിർമലതയിൽ അവൻ ഉൽപ്പാദിപ്പിക്കുന്നു. ഇവയെപ്പറ്റി ആശ്ചര്യഭരിതനാകാത്തത് ആരാണ്? പെരുച്ചാഴി ഭൂമിക്കടിയിലും മത്സ്യം ജലത്തിലും ശിശുക്കൾ ഉദരത്തിലും ശ്വാസം മുട്ടാതെ ഒളിഞ്ഞുകിടക്കുന്നു.

3. ഇരുമ്പിന്റെ ഉള്ളിൽ നിന്നുള്ള ഏതു ചലനത്താലാണ് അത് ഒരുപകരണമായിത്തീരുന്നത്? അഗ്നിയിൽ ഒരിക്കലും ജ്വലിക്കാത്ത മറ്റൊരുതരം പ്രകൃതി കണ്ടെത്തപ്പെടുന്നു. കല്ലുകളിൽ നിന്നും വേരുകളിൽ നിന്നും മരുന്നുകളിൽനിന്നും എണ്ണമറ്റ കണ്ടുപിടിത്തങ്ങൾ നടക്കുന്നു. അവയൊക്കെ നിർവചിക്കാനും അവയുടെ പ്രകൃതികൾ വേർതിരിക്കാനും ആർക്കു കഴിയും?

4. സംയോഗമെന്യേയുള്ള ഏകലിംഗപ്രജനനത്തിന്റെ സ്വഭാവം അന്വേഷകർക്ക് ആയാസകരവും താർക്കികർക്ക് ശ്രമകരവുമാണ്. അങ്ങനെയെങ്കിൽ സർവനാഥന്റെ ജനനരീതിയെപ്പറ്റി തർക്കിക്കാതിരിക്കുന്നതും അതിന്റെ ഇടം തേടാതിരിക്കുന്നതും അതിന്റെ കാരണം ആരായാതിരിക്കുന്നതും അതിന്റെ സമയം തിരക്കാതിരിക്കുന്നതും ന്യായയുക്തമാണ്.

5. മണവും നിറവും രുചിയും, മനോഹരവും സൂക്ഷ്മവുമാണെങ്കിലും അവയെ കൈകൊണ്ട് സ്പർശിക്കാനാവില്ല. എന്നാൽ അവയുമായി ബന്ധ

www.malankaralibrary.com

പ്പെട്ട ഇന്ദ്രിയങ്ങൾ കൊണ്ട് അവ തിരിച്ചറിയാനാകും. ഒന്ന് മണക്കുന്നു, മറ്റൊന്ന് രുചിക്കുന്നു, നമുക്ക് അന്വേഷിക്കാൻ ദൈവത്വവുമായി പൊരുത്തമുള്ള ഏത് ഇന്ദ്രിയമാണ് നമുക്കുള്ളത്?

6. നാമുമായി ബന്ധപ്പെടാത്തതും പൊരുത്തപ്പെടാത്തതുമായവ പരിശോധിക്കാൻ ആർക്കു കഴിയും? തന്റെ സ്വഭാവം എന്താണെന്ന് വെളിപ്പെടുത്താൻ അവന് തിരുവിഷ്ടമായി. തന്നെത്തന്നെ നമ്മെ കാണിക്കാനും തന്റെ പുത്രനെ നാമുമായി ഐക്യപ്പെടുത്താനും തന്റെ ആത്മാവിനെ നാമുമായി കൂട്ടിച്ചേർക്കാനും തന്റെ സ്നേഹം നമ്മെ കാണിക്കാനും ചെറിയവനായിത്തീരാനും തന്നെത്തന്നെ താഴ്ത്താനും അവിടുത്തേക്ക് തിരുവുള്ളമുണ്ടായി.

7. പെട്ടെന്ന് കഴുത സംസാരിക്കാൻ തുടങ്ങിയപ്പോൾ ബാലാം ആ അത്ഭുതം ശ്രദ്ധിച്ചു. എന്നാൽ അതിൽ അത്ഭുതപ്പെടാൻ അവൻ കൂട്ടാക്കിയില്ല. അപ്രകാരം ചെയ്യുന്നത് അവൻ വിട്ടുകളയുകയും ചെയ്തു. കഴുതയുടെ വായ് സ്വാഭാവികമായി സംസാരിക്കുന്നു എന്നവിധം അവൻ പരിഗണിച്ചു. അതുമായി സംസാരിക്കാൻ ആ യാത്രക്കാരൻ ആഗ്രഹിച്ചു.[34] അന്ധന് കാഴ്ച ലഭിച്ചതിനെപ്പറ്റി നിയമജ്ഞർ ആശ്ചര്യപ്പെടാൻ കൂട്ടാക്കിയില്ല. അവർ സാബതിനെപ്പറ്റിയും കളിമണ്ണിനെപ്പറ്റിയും അന്വേഷണം നടത്തി.[35]

8. നീ പഠനവിധേയനാണെങ്കിൽ ഇവ നിനക്ക് പ്രയോജനപ്രദമാണ്. നീ കലഹപ്രിയനാണെങ്കിൽ ഇവ നിനക്ക് കുറ്റപ്പെടുത്തലിനുതകും. നീ ധിക്കാരിയാണെങ്കിൽ ഇവ നിന്നെ ലജ്ജിപ്പിക്കും. നിന്റെ ബലഹീനശരീരം നോക്കി പരിശോധിക്കുക. അതിലുള്ള കൈവഴികളെക്കുറിച്ചു ലജ്ജിക്കുക. അഴുക്കു നിറഞ്ഞവയാണവയെല്ലാം. അതിലെ അഴുക്ക് നിന്റെ അന്വേഷണത്തിന് കടിഞ്ഞാണിടട്ടെ.

9. ദുഷ്ടൻ തന്റെ ചിന്തകൾ നമ്മിൽ കുത്തിനിറയ്ക്കുമ്പോൾ, അവൻ നമുക്ക് അന്യനാണെങ്കിൽ, എങ്ങനെ അവന് നമ്മുടെ ബന്ധുവിനെപ്പോലെ ആയിരിക്കാനാകും? അവന്റെ മാനസ്സിക ചലനങ്ങളും പ്രവർത്തനങ്ങളും നമ്മുടെ ആത്മാവിനോടും ഉദാത്തമായ നമ്മുടെ ബുദ്ധിയോടും ബന്ധപ്പെട്ടതാണ്. ബുദ്ധിയില്ലെങ്കിൽ നമ്മുടെ എതിരാളിയായ ദുഷ്ടന് എങ്ങനെ നമ്മുടെ ബുദ്ധിയിലൂടെ നമ്മെ വഞ്ചിക്കാനും വഴിതെറ്റിക്കാനും കഴിയും?

10. പ്രകൃതിനാഥനെ സംബന്ധിച്ച്, അവന്റെ സ്വഭാവം എല്ലാറ്റിൽ നിന്നും മറഞ്ഞിരിക്കുന്നതാണ്. സൃഷ്ടികളിലൂടെ നിന്റെ സ്വഭാവം രൂപീകരിക്കാതിരിക്കാൻ കൃപ തന്നാലും. എന്നാൽ ആരെങ്കിലും അങ്ങനെ ചിത്രീകരിച്ചാൽ, ധിക്കാരികളെ വഴിതെറ്റിക്കാൻ മാത്രം ഉതകും. സുവിശേഷമാണ്

34.സംഖ്യ 22,28–30

35.യോഹ.9,13ff.


www.malankaralibrary.com

നിന്റെ അത്ഭുതകരമായ കണ്ണാടി. പരസ്പരവിരുദ്ധത കൂടാതെ ത്രിത്വത്തെ അതിൽ ദർശിക്കാം. തർക്കമൊന്നും കൂടാതെ ഇറങ്ങിത്തിരിച്ച് സ്നാനം നൽകിയത് അതിലാണ്.

11. ഞങ്ങളുടെ കർത്താവേ, നിന്നേപ്പറ്റിയുള്ള അന്വേഷണം എന്റെ സ്നാനത്തെ അർഥരഹിതമാക്കരുതേ. കാരണം, ചിലർ തങ്ങളുടെ അന്വേഷണത്തിലൂടെ തങ്ങളുടെ സ്നാനം അർഥരഹിതമാക്കി. ഒരു നവശിഷ്യനായി നവീകരിക്കപ്പെടുന്നെങ്കിൽ, അവന് സ്നാനം നൽകുക തന്നെ വേണം. അവൻ സ്നാനപ്പെട്ടവനാണെങ്കിൽ, അവൻ അതിനെ അപമാനിക്കുന്നു. അവനെ സ്നാനപ്പെടുത്തേണ്ടതില്ല. കാരണം, അവന് പുതുതായിട്ടൊന്നും ലഭിക്കാത്തതിനാൽ, ഉറച്ചുനിൽക്കണമെന്ന് അവനറിയണം.

# 42

## “വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു” എന്ന രീതി

1. നിഗൂഢതയുടെ വെള്ളപ്പാച്ചിലിനെ തന്റെ ചിന്തയിൽ ഒരു കുഴലിലൂടെയെന്നവണ്ണം ഉള്ളിൽ കടത്തി ഉടനീളം ഒഴുക്കാൻ ആർക്കാണ് കഴിയുക? രോഗാവസ്ഥയിൽ തേനും കയ്പ്പുള്ളതാകാം. സ്തുത്യർഹമായ ശക്തി എത്രയധികമായി ദുസ്സഹമായിരിക്കും! രോഗഗ്രസ്തമായ ഇന്ദ്രിയങ്ങൾ ഉള്ള ആർക്ക് പരിശോധനാതീതമായ ശക്തിയുടെ ഉഗ്രത സഹിക്കാൻ കഴിയും?

*പ്രതിസ്തോത്രം: നിന്നെപ്പറ്റിയുള്ള അന്വേഷണത്തിൽ സൃഷ്ടികളിലൂടെ ഞങ്ങളെ അമ്പരപ്പിച്ച നീ വാഴ്ത്തപ്പെടട്ടെ.*

2. വായു നമ്മുടെ കൃഷ്ണമണികൾക്ക് ഗോചരമല്ല. അതിനെ കാണാൻ കഴിയുന്നതിന് അതിന്റെ നിറം നമ്മുടെ കണ്ണുകൾക്ക് അന്യമാണ്. അപ്പോൾ എല്ലാത്തരത്തിലും എല്ലാറ്റിനും അന്യമായ അദൃശ്യനെ പരിശോധിക്കാൻ തക്കവണ്ണം ആർക്കാണ് അവനുമായി ബന്ധമുള്ളത്? ആരുടെ നാവിനാണ് അഗ്നിയുമായി ബന്ധമുള്ളത്? ഒരിക്കലും രുചിച്ചുനോക്കാത്ത അഗ്നിയെ രുചിച്ചതാരാണ്?

3. ഈ അഗ്നിയിൽനിന്നു പഠിക്കുക. അതിന്റെ ശക്തി രുചിക്കാനാവില്ല. എന്നാൽ പാചകം ചെയ്തതിന്റെ രുചിയിലൂടെ അതിന്റെ കഴിവ് രുചിക്കാനാവും. ഇത്തരത്തിൽ അത് നമുക്ക് പ്രയോജനപ്രദവും പൂർണമായും നേട്ടവുമാണ്. നിഗൂഢസത്തയും ഇത്തരത്തിലുള്ളതാണ്. പ്രയോജനകരമായ പ്രസ്താവനകളിൽ അതിന്റെ ശക്തി കലർത്തിയെടുക്കുക. കാരണം അതിനോടു തുല്യമായി മറ്റൊന്നില്ലാത്തതിനാലും ഉപമിക്കാൻ പറ്റാത്തതിനാലും അതേപ്പറ്റിയുള്ള അന്വേഷണം വളരെ ദുഷ്കരവും കഠിനതരവുമാണ്.

www.malankaralibrary.com

4. അലബാസ്റ്ററിലൂടെ കടന്ന് ജലത്തിലെത്തുന്ന സൂര്യകിരണം തണുത്ത വെള്ളത്തെ ചൂടാക്കുന്നു. അങ്ങനെ അതിനെപ്പോലെയുള്ള വസ്തു ആക്കുകയും ചെയ്യുന്നു. അത്ഭുതകരമാംവിധം അത് ഉൽപ്പാദിപ്പിക്കുന്നു. വേർതിരിവുകൂടാതെ അതിൽ നിന്നൊരുഫലം ഉണ്ടാകുന്നു. പ്രകാശം അതുകൊണ്ട് അവസാനിക്കുന്നില്ല. ജലം പിളരുന്നുമില്ല. തെളിഞ്ഞ ഫലം, നല്ല ശോഭയിൽ അത് പ്രസരിക്കുന്നു.

5. സ്വർണത്തിന് ഏകമാനമാണ്, പുഷ്പത്തിന് ത്രിമാനമാണ്. കല്ലിന് ഏകമാനമാണ്, അഗ്നിക്ക് ത്രിമാനമാണ്: ജ്വാല, ചൂട്, പ്രകാശം എന്നിവ അതിൽ ഒന്നിച്ചിരിക്കുന്നു. എല്ലാ സൃഷ്ടികളുടെയും പ്രകൃതങ്ങൾ ഏകമാനമല്ല. അതുകൊണ്ട് അവയെപ്പറ്റി പറഞ്ഞിരിക്കുന്നതുപോലെ തടസ്സം കൂടാതെ നീ അവയുടെ ത്രിമാനം അംഗീകരിക്കണം.

6. നമ്മുടെ ഇച്ഛയുടെ ക്രമീകരണത്താലല്ല അവ നിലനിൽക്കുന്നത്. ഏകസ്വഭാവം അതായിരിക്കുന്നതുപോലെ, ത്രിത്വമായിട്ടാണ് സ്ഥിതിചെയ്യുന്നത്. അങ്ങനെയല്ലാതെ അതിനെ മനസ്സിലാക്കാനാവില്ല. അത് അങ്ങനെയാണ്, അതായിരിക്കുന്നതുപോലെ അതാണ്. സംശയമില്ല. കാരണം, അഗ്നിക്ക് ത്രിമാനമുള്ളതിനാൽ ആരാണ് അതിനെ കുറ്റപ്പെടുത്തുന്നത്? അതിനെ ആരും വിധിക്കുന്നില്ല. എല്ലാവരും അതിനെ അപ്രകാരം സ്വീകരിക്കുന്നു.

7. ഭൗമികാഗ്നി നിന്നെ അത്ഭുതപ്പെടുത്തുന്നു: എങ്ങനെ അത് സൂര്യനുള്ളിൽ ഉരുവാകുകയും അവിടെ മറഞ്ഞിരിക്കുകയും ചെയ്യുന്നെന്നും വീണ്ടും കിരണങ്ങളിൽ ഒളിഞ്ഞിരിക്കുന്നെന്നും; അതുൽപ്പാദിപ്പിക്കുന്ന പ്രക്രിയ പരിശോധനാതീതമാണ്. അതിന്റെ ഉത്ഭവം അത്ഭുതാവഹമാണ്. അത് നിന്നെ നിശ്ശബ്ദനാക്കുകയും നിന്റെ ചിന്തയെ പിടിച്ചു നിർത്തുകയും ചെയ്യുന്നു. കാരണം, അത് നിന്റെ മനസ്സിന് ഉപരിസ്ഥമാണ്.

8. നീ ഒരിക്കലും രുചിച്ചുനോക്കാത്ത ഒരുപഴം ഏതു തരമാണെന്ന് -നിന്റെ കൈകൊണ്ട് സ്പർശിച്ചുനോക്കുകയും കാണുകയും മണക്കുകയും ചെയ്താലും-നീ ഇതുവരെ രുചിക്കാത്തതും പരിശോധിക്കാത്തതുമാകയാൽ, അപ്രകാരം ചെയ്ത ആളെ തീർച്ചയായും വിശ്വസിക്കും. നിഗൂഢയാഥാർഥ്യം നിന്നെ സംബന്ധിച്ച് സർവശക്തമാകയാൽ, അതിന്റെ ഫലത്തെ വിശ്വസിക്കുക. അതിലൂടെ അവിടുത്തെ ശക്തി രുചിക്കാൻ കഴിയും.

9. ഒരു ഗോതമ്പുമണി എടുത്തു പൊട്ടിച്ചുപരിശോധിക്കുക. അതിന്റെ ഇലയും കതിരും വേരും അവിടെ എങ്ങനെ നിഗൂഢമായിരിക്കുന്നെന്നു കാട്ടുക. അതിനുള്ളിൽ ത്രിമാനത്തിൽ ഓരോന്നും പരിപൂർണമായി സംവിധാനം ചെയ്തിരിക്കുന്നു. അവയിൽ ഏതാണാദ്യമുണ്ടായത്, ഏതാണ് പിന്നീടുണ്ടായത്, ഏതാണ് മറ്റുള്ളവയ്ക്ക് മുമ്പുണ്ടായത്? അവയ്ക്ക് ആരംഭം ഉണ്ടെ


www.malankaralibrary.com

ങ്കിലും അത് ഗ്രഹിക്കാൻ പ്രയാസമാണ്. കാരണം, അവയ്ക്ക് അതിനുള്ളിൽ നിഗൂഢമായ ആരംഭമാണുള്ളത്.

10. ഈ പ്രതീകവും പരാജയപ്പെട്ട് പിൻവാങ്ങുന്നെങ്കിലും, അത് കൊയ്തെടുത്ത് ഉപയോഗത്തിനായി ശുദ്ധീകരിക്കപ്പെടുന്നു. കലഹംമൂല മാണ് ഈ ഉപമ പരാജയപ്പെട്ടത്. നീയാകട്ടെ, സുബുദ്ധിയോടുകൂടെ ഇപ്ര കാരം പരിഗണിക്കണം: ഇല ശരീരത്തിന്റെയും ഫലം ബുദ്ധിയുടെയും മുള ആത്മാവിന്റെയും പ്രതീകമാണ്. ഇത് സ്തുത്യർഹമായ ഉപമയാണ്.

11. ഇതാ, രൂപകൽപ്പന ചെയ്ത് അവതരിപ്പിക്കുന്ന എല്ലാ ഉപമകളും സമ്പൂർണത മുഴുവൻ അവതരിപ്പിക്കാൻ കഴിവുള്ളതായാൽ, അത് പിന്നെ ഉപമയല്ല. യാഥാർഥ്യം തന്നെയാണെന്ന് കാണാനാകും. നിഴലുകൾ കടന്നു പോകേണ്ടത് ആവശ്യമാണ്. നമ്മുടെ രക്ഷകൻ നമ്മുടെ പ്രയോജനത്തി നായി മത്സ്യവലയിലും വേനൽക്കാലത്തെ ഗോതമ്പുമണിയിലും സ്വർഗരാ ജ്യത്തിന്റെ ഉപമകൾ രൂപീകരിച്ചു.[36]

12. ഉപമകളും ദൃഷ്ടാന്തങ്ങളും ബലഹീനവും അപര്യാപ്തവുമാണ്. മാതൃകകളും സാദൃശ്യങ്ങളും ബലഹീനങ്ങളും കുറവുള്ളവയുമാണ്. അഹ ങ്കാരികളെയും സ്വരമുയർത്തുന്നവരെയും കുറ്റപ്പെടുത്താൻ അവ വിനീത മാംവിധം നിലകൊള്ളുന്നു. ഉപമകൾ ഗ്രഹിക്കാൻ കഴിയാത്തവൻ എങ്ങനെ ദൈവികൗന്നത്യത്തിന്റെ ഉയരത്തിൽ എത്തിപ്പിടിക്കും?

13. മൂടൽമഞ്ഞിനേക്കാൾ ഉയരത്തിലാണ് മേഘം. ഇവ രണ്ടിനേക്കാളും ഉയരത്തിലാണ് സ്വർഗം. സ്വർഗാധിസ്വർഗം അതിനും ഉപരിസ്ഥമാണ്. ഭൗ മികമലകൾ, അവയ്ക്ക് താഴെ താമസിക്കുന്ന ഭൗമികർക്കു മാത്രമാണ് ഉപ രിസ്ഥം. അവ വളരെ അകലെയാണെങ്കിലും, എത്ര വളർന്നാലും നമ്മുടെ സമീപത്താണെന്നു തോന്നും. ഉപമകളെ സംബന്ധിച്ചും അപ്രകാരമാണ്.

# 43

## "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു" എന്ന രീതി

1. ചെറിയൊരു മുട്ടയാൽ നിന്റെ തർക്കം അവസാനിക്കട്ടെ. കാരണം, അതിലെ രൂപം ദ്രാവകരൂപത്തിൽ മൂന്നുതരത്തിൽ നിഗൂഢമായിരിക്കുന്നു. അതിന്റെ തലയെവിടെ, കാലുകളെവിടെ, ചിറകുകളെവിടെ? അവ നിന്നെ പഠിപ്പിക്കാനായി ഈ മൂന്നിനെപ്പറ്റിയും ആരായുക. മുട്ടയുടെ കാര്യത്തിൽ തന്റെ അന്വേഷണത്തിൽ പരതി നടക്കുന്നെങ്കിൽ, അത്യുഗ്രമായ കടലിനെ അന്വേഷിക്കാൻ മുതിരുന്നവൻ എത്രയധികമായി മുങ്ങിത്താഴുകയില്ല!

36. മത്താ.13,47;13,31

www.malankaralibrary.com

*പ്രതിസ്തോത്രം: സാധാരണ വസ്തുക്കളിലൂടെ ഞങ്ങളുടെ ചിന്തയെ ആശ്ചര്യഭരിതമാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. ഇതാ, ഗോതമ്പുമണി നഗ്നമാണെങ്കിലും അതിന് അതിന്റെ പുറം തൊലിയുണ്ട്. നാം അതിനെ നഗ്നമായി മണ്ണിൽ കുഴിച്ചിടുന്നു. അത് മഹത്വത്തിൽ എഴുന്നേറ്റുവരുന്നത് നാം കാണുന്നു. ആ മൂകവസ്തു മണ്ണിനുള്ളിൽ കടന്നു. അവിടെ അതിനൊരു വസ്ത്രം ലഭിക്കുന്നു. അപ്പോൾ അതിന്റെ നിസ്സാരത തിരിച്ചറിയാൻ പാടില്ല. അത് മഹത്വത്താൽ മൂടപ്പെട്ടു; ആടയാഭരണങ്ങളണിഞ്ഞ് തികഞ്ഞ മണവാട്ടയായിത്തീർന്നിരിക്കുന്നു.

3. പുൽക്കൊടിക്കിടയിൽ മറഞ്ഞുകിടക്കുന്ന ഗോതമ്പുമണി അന്വേഷകനെ അമ്പരപ്പിക്കുന്നു; കാഴ്ചക്കാരെ അത്ഭുതപ്പെടുത്തുന്നു. അതിനെ തൊട്ടുനോക്കി പരിശോധിക്കാൻ അത് എവിടെയാണെന്ന് അവരറിയുന്നില്ല. അത് ദൃശ്യവും അവിടെത്തന്നെ ഉള്ളതുമാണ്. എന്നാൽ ഇല്ലതാനും. അത് അന്വേഷകനെ ലജ്ജിപ്പിക്കുകയും ഇപ്രകാരം ഉച്ചത്തിൽ വിളിച്ചുപറയുകയും ചെയ്യുന്നു: 'നിഗൂഢയാഥാർഥ്യങ്ങളിൽ വ്യാപരിക്കുന്ന ദൃശ്യമായവയിലൂടെ നിങ്ങൾ നിന്ദ്യരാകുന്നു.'

4. ആ ദൃശ്യസസ്യത്തിൽ ഒരു നിഗൂഢനിക്ഷേപമുണ്ട്. മൂന്നു കാര്യങ്ങൾ അവിടെ നിഗൂഢമായിരിക്കുന്നു, എന്നാൽ അവ അവിടെ പരിശോധനാതീതമാണ്. ഏകമായിരിക്കുന്ന മൂന്ന്, ഒന്നാണെങ്കിലും അവ മൂന്നാണ്. ചെടിയുടെ ഉള്ള് ആര് കീറിയിട്ടുണ്ട്? വേര്, ഫലം, ഇല എന്നിവ ഒന്നിനോടൊന്നു ചേർന്നിരിക്കുന്നത് എവിടെയാണ്?

5. തന്റെ സത്യസഭ കലഹത്തിന്റെ അധിവാസവും വിഭജിതവിഭാഗവും ആകാതിരിക്കാൻ, താൻ എപ്രകാരമാണെന്ന് അവൻ വെളിപ്പെടുത്തി കാട്ടിത്തന്നു. കാരണം, തന്നെപ്പറ്റി നമ്മെ പഠിപ്പിക്കാൻ അവൻ മതിയായവനാണ്. താൻ എപ്രകാരമാണെന്നുള്ള കാര്യം അവിടുത്തേക്കു മാത്രമേ സുസ്പഷ്ടമായിട്ടുള്ളു. സത്യവിശ്വാസികൾക്ക് തന്റെ വാക്കുകളിലൂടെ അവിടുന്ന് മുന്നാസ്വാദനം നൽകി.

6. അതുകൊണ്ട് അവനെ പരിശോധിക്കുന്നവൻ അവനിൽ തന്നെത്തന്നെ കുടുക്കുന്നു. അവനെ തിരിച്ചറിയാതെ, അവൻ തർക്കിക്കുന്നു. അവനെ കണ്ടെത്താതെ, അന്വേഷിക്കുന്നു. കാരണം, അവൻ എന്തിലാണോ, അതവന് നഷ്ടപ്പെടുന്നു. അവൻ എന്തിലല്ലയോ അത് അവൻ കണ്ടെത്തുന്നു. അവൻ എപ്രകാരമാണെന്ന് അറിയാനായി അന്വേഷിക്കാതിരുന്നാൽ, അവനെ തിരിച്ചറിഞ്ഞ് കണ്ടെത്തും. എന്തുകൊണ്ടെന്നാൽ, അവനിൽ വിശ്വസിക്കുന്നവൻ അവനെ മനസ്സിലാക്കിക്കഴിഞ്ഞു.

7. അതുകൊണ്ട് രണ്ടിലൊന്ന് നിനക്കായി തെരഞ്ഞെടുക്കുക. അവൻ


www.malankaralibrary.com

സത്യവാനാണെങ്കിൽ, അവനിൽ ആശ്രയിച്ച് അന്വേഷണം അവസാനിപ്പിക്കുക. എന്നാൽ അന്വേഷണം നിന്നെ വഴിതെറ്റിച്ചാൽ, നിന്നെ ആര് രക്ഷിക്കും? രണ്ടിലും അവനിൽ ആശ്രയിക്കുന്നതാണ് ന്യായയുക്തം. കാരണം, അവൻ നിന്നെ ജലത്തിൽ മുക്കിയാലും അവനെ കുറ്റപ്പെടുത്തുന്നത് പാപകരമാണ്. തിരുലിഖിതത്തിൽ അവൻ നിനക്ക് സത്യം നൽകിയതിനാൽ, എത്രയധികമായി അവനിൽ വിശ്വസിക്കണം!

8. അവൻ നമ്മെ വെള്ളത്തിൽ മുക്കിയെങ്കിൽ–അതു സംഭവിക്കാതിരിക്കട്ടെ–അവൻ അപ്രകാരം ചെയ്തെന്ന് തിരിച്ചറിയാൻ ആർക്കു കഴിയും? അവൻ നിഗൂഢമാക്കിവച്ചത് ആർക്കു വെളിപ്പെടുത്താനാവും? എന്നാൽ ഈ കാര്യങ്ങളിലെല്ലാം അവന്റെ പാത നിരപ്പുള്ളതാണ്. താർക്കികർ നിമിത്തം വിഡ്ഢികൾക്കു മാത്രം അവന്റെ പാത വളഞ്ഞുപുളഞ്ഞതാണ്. അവന്റെ സത്യം നമ്മെ കൂട്ടിച്ചേർക്കുന്നു. എന്നാൽ തെറ്റ് നമ്മെ ജലത്തിൽ മുക്കിക്കളയുന്നു.

9. മൂന്നു വഴി തുറന്നു കിടക്കുന്നതിനാൽ സാധാരണക്കാർ കണ്ട് അന്ധാളിക്കുന്നു. മുകളിലത്തേത് പ്രയാസമുള്ളതും താഴത്തേത് കാഠിന്യമുള്ളതുമാകയാൽ, മധ്യമാർഗം സ്വീകരിച്ച് അതിലൂടെ നടക്കുകയും തർക്കം കൂടാതെ പിതാവിനെയും പുത്രനെയും പ്രഘോഷിക്കുകയും ചെയ്യുക. മറ്റു രണ്ടുപാതകളും ചോദ്യശരങ്ങളാൽ തർക്കത്തിൽ കിടക്കുന്നതിനാൽ, കലഹം കൂടാതെ നിന്റെ പാതയിലൂടെ നേരേ മുന്നേറുക.

10. പിതാവിനെയും പുത്രനെയും സ്തുത്യർഹനായ പരിശുദ്ധാത്മാവിനെയും ഒരിക്കലും പരിശോധനാവിധേയമാക്കരുത്. നിസ്സാരസാദൃശ്യത്തിലേക്ക് താഴ്ത്തിക്കൊണ്ടുവരാൻ തുനിയുകയുമരുത്. എപ്രകാരമാണെന്നും എന്താണെന്നും ഒരിക്കലും ഗ്രഹിക്കാനാവാത്ത സ്വഭാവത്തിൽനിന്ന് നിശ്ശബ്ദതയിൽ അകന്നിരിക്കുക. കാരണം, അവനെ പരിശോധിക്കാൻ ആഗ്രഹിക്കുന്നവൻ, തന്റെ ചോദ്യങ്ങളിലൂടെ തന്നെത്തന്നെ കുഴയ്ക്കുന്നു.

# 44

## "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു" എന്ന രീതി

1. അവനെ എങ്ങനെ വിളിക്കണമെന്നും എന്തു വിളിക്കണമെന്നും അവിടുത്തെ നാമം നമ്മെ പ്രബോധിപ്പിക്കുന്നു. അവിടുന്ന് അസ്തിത്വമാണെന്ന് ഒന്ന് നിന്നെ പഠിപ്പിച്ചു. അവിടുന്ന് സ്രഷ്ടാവാണെന്ന് മറ്റൊന്ന്. താൻ നല്ലവനാണെന്നും അവൻ നിന്നെ കാണിച്ചിരിക്കുന്നു. താൻ നീതിമാനാണെന്നും അവിടുന്ന് നിന്നെ അറിയിച്ചിരിക്കുന്നു. അതുപോലെ, 'പിതാവ്'

www.malankaralibrary.com

എന്ന് നാമമുണ്ട്, അപ്രകാരം വിളിക്കപ്പെടുന്നു. പരിശോധനയുടെ തീച്ചൂള യാണ് തിരുലിഖിതം. എന്നിട്ടും വിഡ്ഢീ, നീ എന്തുകൊണ്ടാണ് പുലമ്പു ന്നത്? തന്റെ പേരുകളും വിശദീകരണങ്ങളും തന്റെ തീച്ചൂളയിൽ പരിശോ ധിക്കുക.

*പ്രതിസ്തോത്രം: പരിശോധന കൂടാതെ നിന്നെ ഏറ്റുപറയുന്ന എല്ലാ വരിൽ നിന്നും നിനക്കു സ്തുതിയുണ്ടായിരിക്കട്ടെ.*

2. പൂർണവും സത്യവുമായ നാമങ്ങളാണ് അവിടുത്തേക്കുള്ളത്. വീ ണ്ടും, അവിടുത്തേക്ക് കടമെടുത്തതും താൽക്കാലികവുമായ നാമങ്ങളുമു ണ്ട്. അവ അവിടുന്ന് പെട്ടെന്ന് ധരിക്കുന്നു, പെട്ടെന്ന് ഉരിഞ്ഞുകളയുന്നു. ഉ ദാ. 'അവിടുന്ന് അനുതപിച്ചു', 'മറന്നു', 'ഓർമിച്ചു'. അവിടുന്ന് നീതിമാനും നല്ലവനുമാണെന്ന് നിനക്ക് ഉറപ്പുള്ളതുപോലെ, അവിടുന്ന് പിതാവാണെന്നും സത്യമായി ധരിക്കുകയും അവിടുന്ന് സ്രഷ്ടാവാണെന്ന് വിശ്വസിക്കുകയും വേണം.[37]

3. പരിപൂർണവും പരിപാവനവുമായ അവന്റെ നാമം സശ്രദ്ധം കൈകാ ര്യം ചെയ്യുക. കാരണം, നീ ഒന്നുമാത്രം നിഷേധിച്ചാൽപോലും എല്ലാം പറ ന്നുപോകും. അവ ഒന്നിനോടൊന്ന് ബന്ധപ്പെട്ടിരിക്കുകയും ജലം, അഗ്നി, വായു എന്നീ ലോകത്തൂണുകളെപ്പോലെ എല്ലാം വഹിക്കുകയും ചെയ്യു ന്നു. അവയിലൊന്ന് ഇല്ലാതായാൽ സൃഷ്ടി വീണു തകർന്നുപോകും.

4. യൂദർ ദൈവനാമങ്ങൾ മാറ്റുന്നു; നിരവധി പേരുകൾ ഉണ്ടെങ്കിലും അവർ രക്ഷിക്കപ്പെടുന്നില്ല. അവർ ഒരു നാമം ഉപേക്ഷിച്ചതിനാൽ, അവർക്ക് നിരവധി പേരുകൾ ഉണ്ടെങ്കിലും, നിരസിക്കപ്പെട്ടു. സ്വജനം നിഷേധിച്ച് ദൂരെ യെറിഞ്ഞ നാമങ്ങളിലാണ് വിജാതിയർ സ്നാനപ്പെടുന്നത്. നമുക്കും ആ ജനത്തിനും ഇടയിൽ ഗർത്തമുണ്ടാക്കിയ ആ നാമങ്ങളെ വേർതിരിക്കാൻ ആർക്കു കഴിയും?

5. ഒരൊറ്റ കാരണംകൊണ്ടു മാത്രമാണ് ആ ജനം നിരസിക്കപ്പെട്ടത്. ജറുസലേമിനെ ചിതറിച്ചവൻ അതിനെ വീണ്ടും പണിയുന്നു. യൂദർ അന്വേ ഷിക്കാഞ്ഞതിനാലല്ല പിഴുതെറിയപ്പെട്ടത്. പിന്നെയോ, പുത്രനിലൂടെ വിശ്വ സിക്കാഞ്ഞതിനാലത്രേ. ജറുസലേം പിഴുതെറിയപ്പെടാനുള്ള കാരണം തേ ടുക. അവളുടെ മേൽ തർക്കം കൂടാതെ സഭ തൂങ്ങിക്കിടക്കുന്നതു കാണുക.

6. ധിക്കാരികളായ താർക്കികരേ, ഉപദേശം ശ്രവിക്കുവിൻ. പരിശോ ധകരേ, നിങ്ങളെത്തന്നെ നിയന്ത്രിക്കുവിൻ. ഒരു മനുഷ്യനും പ്രകൃതിയെ വളർത്താനാവില്ലെന്നു കാണുക. ജലത്തിൽ ചതുർവിധ ഗുണങ്ങൾ മറഞ്ഞി

37. ഉല്പ.6,6;സങ്കീ.13,1;ഉല്പ.9,15


www.malankaralibrary.com

രിക്കുന്നത് കാണുക. അതിനു കീഴിൽ ഏകപ്രകൃതിയുള്ളവയും, രണ്ടുള്ള വയും മൂന്നുള്ളവയുമുണ്ട്. മൂന്നുള്ളവ മൂന്നുതരത്തിൽ അറിയപ്പെടുന്നു.

7. അങ്ങനെയെങ്കിൽ പ്രകൃതിനാഥന്റെ സത്ത പരിശോധിക്കാനും അ വന്റെ പിതൃത്വം അന്വേഷിക്കാനും അവന്റെ ഔന്നത്യം ചർച്ചചെയ്യാനും അതെങ്ങനെയാണെന്നു പറയാനും ആർക്കാണു കഴിയുക? ഇതാ, അത് എല്ലാറ്റിൽനിന്നും എല്ലാത്തരത്തിലും മറഞ്ഞിരിക്കുന്നു. നമുക്ക് തന്നെത്തന്നെ വിശദീകരിച്ചുതരാൻ അവിടുന്ന് തിരുമനസ്സായില്ലായിരുന്നെങ്കിൽ, ഒരു സൃഷ്ടിക്കും അവനെ മനസ്സിലാക്കിത്തരാൻ കഴിയുമായിരുന്നില്ല.

8. ഭോഷനായ മർത്യാ, തന്റെ പുത്രനെ നിന്നെ കാണിക്കാൻ അവൻ തിരുമനസ്സായെങ്കിൽ, ഇവയ്ക്കെല്ലാം നിന്നെ അർഹനാക്കിയതിന് അവനെ ആരാധിച്ച് സ്തുതിക്കുക. അവനിൽ വിശ്വസിക്കുകയും അവൻ സത്യവാ നാണെന്ന് അംഗീകരിക്കുകയും ചെയ്യുക. അവനോട് കലഹത്തിനു പോക രുത്. അവനെ പരിശോധിക്കാൻ തർക്കത്തിലേക്ക് വലിച്ചിഴയ്ക്കരുത്. കാര ണം, അവന്റെ സത്തയുടെ സ്വഭാവം അവാച്യമാണ്. വായാടിയെ മൂകനാ ക്കിക്കൊണ്ട് അവിടേക്കുള്ള കവാടം നിശ്ശബ്ദതയാൽ മുദ്രവച്ചിരിക്കയാണ്.

9. അവൻ ആരാണ്? അവൻ ആരുടെ പുത്രനാണ്? അവൻ എങ്ങനെ വന്നു? എന്നൊക്കെ ചോദിച്ചുകൊണ്ട് സ്വന്തജനം അവനുമായി കലഹിച്ചു.[38] ഒരു കന്യക പ്രസവിക്കുക അസാധ്യമാണെന്ന് അവർ കരുതി. ഒരു ഭാവനാ സൃഷ്ടിയും മനസ്സിന്റെ ഊഹവുമായ, ക്രിസ്തു അല്ലാത്ത, ഒരു ക്രിസ്തു വിനെ തങ്ങൾക്കായി രൂപീകരിച്ചുകൊണ്ട് മൂപ്പന്മാരും ഫരിസേയരും അവനെ ദുഷിച്ചു.

10. ക്രിസ്തുവിനെ നിഷേധിച്ചുകൊണ്ട് ക്രിസ്തു അല്ലാത്ത ക്രിസ്തു വിനെ വിഭാവന ചെയ്ത് വ്യഭിചരിക്കാതിരിക്കാൻ നിന്റെ ഭാവനയെ നിയന്ത്രി ക്കുക. നിന്റെ അന്വേഷണത്തിലൂടെ ഒരു വിഗ്രഹം ഉണ്ടാക്കാതിരിക്കാൻ ശ്രദ്ധി ക്കുക. നിന്റെ ഭാവനാസൃഷ്ടിയും മനസ്സിന്റെ ഊഹവും രൂപീകരിക്കാതിരി ക്കാൻ ശ്രദ്ധിക്കുക. നിന്റെ ഭാവനയിൽ സത്യവാന്റെ പുത്രൻ നിഴലിക്കട്ടെ.

11. കാരണം, അന്വേഷണം വേശ്യയും ചൂഴ്ന്നിറങ്ങൽ വ്യഭിചാരിണി യുമാണ്. അതിന്റെ അന്വേഷണത്തിലൂടെ അത് വ്യഭിചാരം ചെയ്യുന്നു. വഴി തെറ്റിയവരുമായി എല്ലാത്തരത്തിലും സാമ്യമുള്ളതും തങ്ങൾ സ്വന്തമായി രൂപീകരിച്ചതുമായ ഒരു ശിശുവിനെ, തങ്ങളുടേതായ ഒരു ക്രിസ്തുവിനെ, ഗർഭം ധരിക്കുകയും രൂപീകരിക്കുകയും പ്രസവിക്കുകയും ചെയ്യുന്നു. ത ങ്ങളുടെ ഒരു ഭാവനാസൃഷ്ടിക്കായി യൂദർ നോക്കിപ്പാർത്തിരിക്കുന്നു.

---

2.മത്താ.22,42;17,10

www.malankaralibrary.com

തെറ്റിന്റെ അനുയായികൾ ആരാധിക്കുന്നത് തങ്ങളുടെ സ്വന്തം ജ്ഞാന ത്തിൽ നിന്നുള്ള അനുമാനത്തെയാണ്.

12. ദുഷ്ടൻ ഗർത്തങ്ങൾ വിട്ട്, വഴിതെറ്റുന്നവരുടെ ഇടയിൽ വലവിരി ച്ചു. അന്വേഷണം ഗർത്തത്തെക്കാൾ ദുഷ്ടതരമാണെന്ന് അവൻ കണ്ടു. കി ഴുക്കാംതൂക്കായ സ്ഥലത്ത് അന്വേഷണം അവിശ്വാസിയെ ഗ്രസിച്ചു. അവനെ പുറത്തുകൊണ്ടുവരാൻ നീ പണിപ്പെടുമ്പോൾ, നിന്നെ തന്റെ പക്കലേക്ക് വലിച്ചടുപ്പിക്കുന്നതിനാണ് അവൻ പദ്ധതിയിടുന്നത്. കാരണം, അവിടെ സ്ഥിരം വസിക്കേണ്ടിയിരുന്നതിനാൽ, അവൻ പ്രത്യാശ നശിച്ചവനാണ്.

# 45

## "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു" എന്ന രീതി

1. മനസ്സും കണ്ണും പരസ്പരം പഠിപ്പിക്കുന്നു. കാരണം, കണ്ണിൽ ഒരു ചെറിയ കരടു വീണാലും അത് കണ്ണിനെ ക്ലേശിപ്പിക്കുകയും പ്രയാസപ്പെ ടുത്തുകയും ചെയ്യും; അതുപോലെ, മനസ്സിനെയും. തിരുലിഖിതവും പ്രകാ ശവും നിന്നെ വിജ്ഞാനിയാക്കുന്നു. പ്രകാശം കണ്ണിനെ പ്രകാശിപ്പിക്കു ന്നു; സത്യം നിന്റെ മനസ്സിനെയും. നിന്റെ കണ്ണിന് പ്രകാശവും മനസ്സിന് തിരുലിഖിതവും തെരഞ്ഞെടുക്കുക.

*പ്രതിസ്തോത്രം: അത്യുന്നതപുത്രാ, നിന്റെ നിഗൂഢതയ്ക്ക് സ്തുതി.*

2. കണ്ണിൽ എന്തെങ്കിലും വീണാൽ, അതിനെ കണ്ണ് എത്രയധികം വെറുക്കുന്നു! ദുഷിച്ച കലഹപ്രിയത്വം നമ്മുടെ ചിന്തയിൽ കിടക്കുന്നു. ഒരു ചെറിയ പൊടിപോലും കണ്ണിന് അപകടകരമാണ്. എപ്പോഴും എല്ലാറ്റിനെയും ദുഷിക്കുന്ന കലഹപ്രിയത്വം മനസ്സിനെ എത്രയധികമായി മഥിക്കയില്ല! കണ്ണിൽ വിരലിടുന്നത് കണ്ണിന് ഉപദ്രവകരമാണ്; ആത്മാവിനെപ്പറ്റിയുള്ള അന്വേഷണവും അപ്രകാരംതന്നെ.

3. അവിടുത്തെ സത്തയേക്കാൾ മനസ്സിലാക്കാൻ എളുപ്പമാണ് അവി ടുത്തെ പിതൃത്വം. എവിടെ നിന്നെങ്കിലും മറ്റൊരു യാഥാർഥ്യം വരാൻ സാധ്യ മല്ല. എന്നാൽ തന്നെപ്പോലെയുള്ള ഒരു പുത്രനെ ജനിപ്പിക്കാൻ അവിടു ത്തേക്ക് സാധ്യമാണ്. ഒന്നിൽ നിന്ന് മറ്റൊന്നുണ്ടാകുക എന്നത് ഗ്രഹിക്കാൻ എളുപ്പമാണ്. എന്നാൽ എല്ലാറ്റിനെയും വഹിക്കുന്നെങ്കിലും എല്ലാറ്റിലും വസി ക്കുന്ന യാഥാർഥ്യം ഇല്ലായ്മയിൽ നിന്നുണ്ടാകുന്നതിനെപ്പറ്റി ചിന്തിക്കുക വിഷമമാണ്.

4. കാരണം, അവൻ ഒരിടത്ത് പാർക്കുകയാണെങ്കിൽ, അവൻ വലി


www.malankaralibrary.com

യവനാണെങ്കിലും ചെറുതായിരിക്കും. അവൻ ഒരിടത്ത് പാർക്കുന്നതായി കണ്ടാൽ അത് അവനേക്കാൾ വലുതായിരിക്കും. അവൻ തന്നെ പരിമിതനും മറ്റത് അപരിമിതവുമായിരിക്കും. വലിപ്പം കിട്ടാൻ സാധ്യതയുമില്ല. സ്ഥലം മുഴുവൻ അവനെക്കൊണ്ട് നിറയാൻ സാധ്യമല്ലാത്തതുപോലെ, തന്റെ ചിന്തയിലും നിറയാൻ സാധ്യമല്ല.

5. തന്റെ വിജ്ഞാനത്തിൽ അവൻ സ്ഥലവുമായി സമവിസ്തൃതമാണെങ്കിലും തന്റെ സത്തയിൽ അതിനു കഴിവില്ലെങ്കിൽ തന്റെ സത്തയേക്കാൾ വലുതാണ് തന്റെ വിജ്ഞാനം എന്നു വരും. അവൻ രണ്ടിൽനിന്നും ഉണ്ടാക്കപ്പെട്ടവനാണെന്ന് കാണപ്പെടും. എന്നാൽ ഇതാ, രണ്ടിലായിരിക്കുക ഏകന് ഉചിതമല്ല. അവന്റെ നിസ്സാരത അവന്റെ മഹനീയതയ്ക്ക് എതിരാണ്.

6. അവിടെ അനന്ത യാഥാർഥ്യങ്ങളും ലോകങ്ങളും സൃഷ്ടികളും ഉണ്ടോയെന്ന് ആർക്കുമറിഞ്ഞുകൂടാ. അതുകൊണ്ട് വിഡ്ഢികൾ ദൂഷണത്തിന്റെ അവ്യവസ്ഥയിൽ നിപതിക്കുന്നു. അതിനാൽ ഇപ്രകാരം പറയുന്നതിന് സമയമായി: ഏകൻ തന്നിൽ നിന്നു തന്നെയാണ്. പിതാവ് തന്നിൽനിന്നു തന്നെയാണ്. പരിപൂർണവും സമഗ്രവുമാണ്. അവൻ എല്ലാറ്റിലും തന്നിൽ തന്നെ മതിയായവനാണ്.

7. കാരണം, അവൻ ഒരിടത്തു പാർക്കുകയാണെങ്കിൽ, അവന്റെ മഹനീയതയിൽ അവൻ ചെറുതായിരിക്കും. അവന് ജനിപ്പിക്കാൻ കഴിയില്ലെങ്കിൽ, അവന്റെ പിതൃത്വം ശൂന്യമായിരിക്കും. അവന് സൃഷ്ടിക്കാൻ കഴിയില്ലെങ്കിൽ, അവന്റെ സത്ത ബലഹീനമായിരിക്കും. ഇതാ, ഇവയിലെല്ലാം അവൻ തികച്ചും പരിപൂർണനാണ്. കാരണം, വേദന കൂടാതെ അവൻ ജനിപ്പിച്ചു, ക്ലേശം കൂടാതെ അവൻ സൃഷ്ടിച്ചു. സ്ഥലം കൂടാതെ അവൻ വസിച്ചു. നിക്ഷേപം കൂടാതെ അവൻ സമ്പന്നനാണ്.

8. കാരണം, അവനെ ചുറ്റുന്നതും വലയം ചെയ്യുന്നതുമായ ഒരിടവുമില്ല. അവനെപ്പറ്റി അന്വേഷിച്ച് കൂടുതൽ നേട്ടമുണ്ടാക്കുന്ന അന്വേഷണവുമില്ല. അവന്റെ സത്ത വലുതാണ്; അതുപോലെ അവന്റെ പിതൃത്വവും. ചിന്തയും ഇടവും താഴെവീണ് കീഴടക്കപ്പെട്ടിരിക്കുന്നു. അവന്റെ സത്തയ്ക്ക് ഒരിടവും മതിയാകാത്തതുപോലെ, അവന്റെ പിതൃത്വം പരിശോധിക്കാൻ ആരുടെ മനസ്സാണ് മതിയാകുന്നത്!

9. ഇല്ലായ്മയിൽ നിന്ന് അവൻ സൃഷ്ടിച്ചു എന്നത് സത്യമാണെങ്കിലും പരിശോധിക്കാൻ വളരെ പ്രയാസമാണ്. കാരണം, അതു സാധ്യമാണോയെന്ന് തെളിയിക്കാൻ ഒരു ദൃഷ്ടാന്തവുമില്ല. ഇതാ, അത് ഇപ്രകാരമായിരുന്നെന്ന് നിന്റെ മനസ്സ് ശാന്തമായി പറയാൻ നിന്റെ ബൗദ്ധിക ചർച്ചയിൽ ഇടമില്ലാത്തതിനാൽ, വിശ്വസിച്ച് നിന്റെ അന്വേഷണത്തിന്റെ അഹന്ത അടക്കുക.

www.malankaralibrary.com

10. ഈ സൃഷ്ടികർമം സംബന്ധിച്ച സംഗതികൾ വീക്ഷിക്കാൻ നിന്റെ മനസ്സ് അപര്യാപ്തമായതിനാൽ, മറ്റൊരു വീക്ഷണത്തിൽനിന്ന് നിനക്ക് വിശ്രാന്തിയും സംതൃപ്തിയും ലഭിക്കാൻ മറ്റൊരു തരത്തിൽ അവനെ തേടുക. 'എല്ലാറ്റിന്റെയും കർത്താവിന് എല്ലാം എളുപ്പമാണ്'. സൃഷ്ടികളെപ്പറ്റിയുള്ള പര്യവേക്ഷണത്തെ ഒരു വാദമുഖം ശാന്തമാക്കി. അതു നിന്റെ സ്വന്തമാക്കി ദൈവികജനനത്തെപ്പറ്റിയുള്ള അന്വേഷണം അവസാനിപ്പിക്കുക.

# 46

## "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു" എന്ന രീതി

1. ധിക്കാരികളേ, നിങ്ങളെത്തന്നെ നിയന്ത്രിക്കുവിൻ. അധികം സാഹസം കാട്ടരുത്. മത്സ്യം നദിയുടെ അതിർത്തിക്കുള്ളിലാണ് നീന്തുന്നത്, അത് അതിർത്തി കടക്കുന്നില്ല. എന്നാൽ നാമാകട്ടെ, നമുക്ക് ജീവൻ തന്നവന്റെ അതിർത്തി നമ്മുടെ പരിശോധനവഴി കടന്നു. സുവിശേഷവായു നമ്മെ നിലനിർത്തുന്നു. അവിടുന്ന് മത്സ്യത്തിന് ജലം നൽകി; ബുദ്ധിജീവികൾക്ക് തിരുലിഖിതവും. അതിനുള്ളിൽ ജീവനും അതിനു വെളിയിൽ മരണവുമുണ്ട്.

*പ്രതിസ്തോത്രം: തന്റെ പുത്രൻ തന്നിൽ നിന്നു ജനിച്ചെന്ന് അറിയിച്ച പിതാവിനു സ്തുതി.*

2. എന്റെ മകനേ, വായു ഇല്ലാത്തിടത്ത് കടക്കാൻ മുതിരുന്നവൻ മരിക്കും. കാരണം, അവനു ജീവൻ നൽകുന്ന ജീവശ്വാസം അവിടെയില്ല. നിഗൂഢതയിലേക്ക് കടക്കാൻ നമുക്ക് അനുവാദമില്ലെന്ന് അതിലൂടെ നാം ഗ്രഹിക്കണം. ത്രിത്വശ്വാസം നിന്നെ നിലനിർത്തുന്നു. നിന്റെ പരിശോധനയിലൂടെ അവന്റെ തലം ഉപേക്ഷിച്ചാൽ, തെറ്റിന്റെ ഉച്ഛ്വാസവായു പറന്നുവന്ന് നിന്നെ കൊന്നുകളയും.

3. ഭോഷൻ ക്രുദ്ധനായി ചോദിക്കുന്നു: 'ദൈവത്തിന് എന്തിന് ഒരു പുത്രനുണ്ടായിരിക്കണം?' അങ്ങനെ സംഭവിച്ചെങ്കിൽ, അവിടുന്ന് ജനിപ്പിച്ചു. അപ്പോൾ ഇപ്രകാരം പറയാം: 'അവൻ തന്നെ അവന് ദോഷം ചെയ്തു.' അവൻ നല്ലവനായതിനാൽ അവൻ ജനിപ്പിച്ചു എന്നതിന് നിന്റെ നയനം എന്തുകൊണ്ട് അസൂയപ്പെടുന്നു?[39] അക്കാരണത്താൽ അവിടുന്ന് അസൂയാലുവല്ലാത്തതിനാൽ, നീ അസൂയാലുവാണ്. ഇവയെല്ലാം ഉപേക്ഷിച്ച്, അവിടുത്തെ തിരുഹിതം തേടുക. പുത്രൻ തന്നിൽ നിന്നാണെന്ന് നീ വിശ്വസിക്കണമെന്ന് പിതാവ് ആഗ്രഹിക്കുന്നു.

39. മത്താ.20,15

 www.malankaralibrary.com

4. ഇത് അവിടുന്ന് ആഗ്രഹിച്ചെങ്കിൽ, അവന്റെ സത്യം അവന്റെ പേരുമായി യോജിക്കുന്നു. ഇത് അവിടുന്ന് ആഗ്രഹിച്ചില്ലെങ്കിൽ, ഇത് അവന്റെ നാമത്തിന് എതിരാകുമായിരുന്നു. പിതാവിന്റെ നാമം കടമെടുത്തതാകും, പുത്രന്റെ നാമവും കടമെടുത്തതാകും. അവിടുത്തെ നാമം വിശ്വസനീയമാണ്, തന്റെ പുത്രന്റെ നാമം സത്യമായിട്ടുള്ളതാണ്. അവനെ ഏറ്റുപറയുക, ഭയപ്പെടേണ്ട. കാരണം, അവന്റെ സ്വരം നിന്നെ പ്രോത്സാഹിപ്പിക്കുന്നു. തന്റെ പുത്രനെ സ്പർശിച്ചുകൊണ്ട് നിന്നെ സന്തോഷിപ്പിക്കുന്ന പണയവസ്തു പോലെയാണ് അവിടുത്തെ സ്വരം.

5. താമാർ തന്റെ പ്രവൃത്തിയിൽ സാഹസികമായി പ്രവർത്തിച്ചു. എങ്കിലും തന്റെ ലക്ഷ്യപ്രാപ്തിക്ക് വിശ്വാസത്തിൽ സാക്ഷ്യം സ്വീകരിച്ചു. മുന്നോട്ടുപോകാനും അവനുമായി ന്യായവാദം ചെയ്യാനുംവേണ്ടി അവൾ അവന്റെ പണയം വാങ്ങി. മൂകവസ്തുക്കൾ മുമ്പോട്ടുവന്ന് അവളെ നീതീകരിച്ചു.[40] തന്റെ സ്വന്തം പണയവസ്തുക്കളാൽ കീഴടക്കപ്പെട്ട യൂദായിൽ നിന്നു പഠിക്കുക. കാരണം, പുത്രൻ നിന്നെ കുറ്റപ്പെടുത്തിയാൽ, അവന്റെ ലിഖിതങ്ങൾ നിന്റെ പക്കലുണ്ട്.

6. കാരണം, നീ സംശയിക്കാൻ മറ്റാരുമല്ല ഉദ്ഘോഷിച്ചത്. മോശയും ഏലിയാവും നിശ്ശബ്ദരായി മൗനികളായിരുന്നു. അവനെ സ്നാനപ്പെടുത്തിയവൻ പോലും അവനെ അറിഞ്ഞില്ല എന്നവണ്ണം, അവന്റെ പിതാവ് അവനെപ്പറ്റി സാക്ഷ്യപ്പെടുത്താനായി അവസരം നൽകി.[41] അവൻ നിന്നെ കുറ്റപ്പെടുത്തിയാൽ, അവന്റെ തന്നെ വാക്കുകൾ ആവർത്തിക്കുക. അവൻ സ്വർഗം തുറന്ന് ഉദ്ഘോഷിക്കുകയും കലഹം നീക്കിക്കളയുകയും ചെയ്യും.

7. മനുഷ്യരെയും 'പുത്രന്മാർ' എന്ന് അവൻ വിളിക്കുന്നുണ്ടല്ലോ എന്നു പറഞ്ഞ് ഖണ്ഡിച്ചാൽ, ഇത് ഖണ്ഡിക്കുന്നവരെ തന്നെ ഖണ്ഡിക്കുകയാകും ചെയ്യുക. കാരണം, മനുഷ്യപ്രകൃതി പൂഴിയിൽ നിന്നാണെന്ന് അവിടുന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ പുത്രനെപ്പറ്റി, അവൻ പുത്രനാണെന്നും ആത്മാവിനെപ്പറ്റി അവൻ പരിശുദ്ധാത്മാവാണെന്നും അവൻ അട്ടഹസിച്ചിട്ടുണ്ട്. നമുക്ക് വഴിതെറ്റിയ ഈ സംഗതികൾ അവൻ വളരെ വ്യക്തമാക്കിയിട്ടുണ്ട്.

8. മർത്യരെ 'പുത്രന്മാർ' എന്നു വിളിക്കുമ്പോൾ അവരുടേത് സൃഷ്ടസ്വഭാവമാണെന്ന് അവരുടെ ശരീരം അവരെ ബോധ്യപ്പെടുത്തുമെന്ന് അവന

40. ഉല്പ.38,12-26

41. മത്താ.17,1-9;3,1ff.; 11,3

www.malankaralibrary.com

റിഞ്ഞിരുന്നു. മാലാഖമാർ നമ്മുടെ സഖികളാണെന്ന് അതുവഴി നാമറിഞ്ഞു. അവരുടെ സ്വഭാവം നമ്മുടേതിൽ നിന്ന് ഉയർന്നതാണെങ്കിലും അവരൊരിക്കലും ദൈവമക്കളെന്നു വിളിക്കപ്പെടുന്നില്ല. തങ്ങളുടെ സ്വഭാവം നിമിത്തം അവർ തങ്ങളുടെ പേര് കൂട്ടിക്കുഴയ്ക്കാതിരിക്കാനാണിത്.[42]

9. ആദാം രൂപീകരിക്കപ്പെട്ട പൂഴിയാണെന്ന് സംശയമെന്യേ വിളിച്ചുപറയുക; ഗബ്രിയേലാകട്ടെ ആത്മീയനാണെന്നും. എന്നാൽ ആ മൂന്ന് നിശ്ശബ്ദതയിൽ മുദ്രവച്ചിരിക്കുന്നു. ആരെങ്കിലും നിന്നോട് വിശദീകരണം ചോദിച്ചാൽ, സ്വർഗീയരെപ്പറ്റിയുള്ള പ്രബോധനവും ഭൗമികരുടെ സ്വഭാവവും നിനക്കായി എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ ആ മൂന്നിനെ പരിശോധനാവിധേയമാക്കണമെന്ന് എഴുതപ്പെട്ടിട്ടില്ല.

10. ഭോഷാ, നീ പിന്തിരിഞ്ഞ് പൂർണമായി അവനെ പിൻചെല്ലുകയും നിന്നോട് അവൻ പറഞ്ഞതെല്ലാം സ്വീകരിക്കുകയും ചെയ്യുക. നിനക്ക് സ്വീകാര്യമാണോ എന്നു നോക്കേണ്ട. കാരണം, അവന് ഉപദേശം നൽകാൻ നിനക്കാവില്ല. അവൻ സത്യവാനാണെന്ന് നീ അംഗീകരിക്കുന്നതുപോലും വളരെ നിസ്സാരമാണ്. നീ ശരിയായി അവനിൽ വിശ്വസിക്കുന്നെങ്കിൽ, അവനെ നിരന്തരമായി ആരാധിക്കുക. കാരണം, തന്റെ വചനത്തിന്റെ സത്യം പൂഴിയിൽ നിന്നുള്ള കാതിലേക്ക് അവൻ താഴ്ത്തി.

11. ദൈവം പൂഴിയിലേക്ക് താണിറങ്ങിയതും അതിനെ ജീവൻകൊണ്ട് അലങ്കരിച്ചതും സ്വാതന്ത്ര്യത്താൽ ഉയർത്തിയതും തന്റെ സ്നേഹം കാട്ടാൻ തന്റെ പുത്രനെ അവന് ഏൽപ്പിച്ചുകൊടുത്തതും ആശ്ചര്യകരം തന്നെ. ആശ്ചര്യപ്പെട്ട് നിശ്ശബ്ദരായിരിക്കുന്നതുപോലും നിസ്സാരമാണ്. അത് മഹാസംഗതിയായി പരിഗണിച്ച് അത്ഭുതപരതന്ത്രരാകുന്നതിനു പകരം, തങ്ങളുടെ പരിശോധനാതർക്കങ്ങളിലൂടെ മഹനീയനെ അവർ നിസ്സാരനാക്കി.

12. അവർ ദൈവങ്ങളെന്നു വിളിക്കപ്പെടുന്നു. എന്നാൽ അവൻ മാത്രം പൂർണമായി ദൈവമാണ്. അവർ പിതാക്കന്മാരെന്നു വിളിക്കപ്പെടുന്നു, എന്നാൽ അവനാണ് സത്യപിതാവ്. അവർ ആത്മീയരെന്നു പരിഗണിക്കപ്പെടുന്നു, എന്നാൽ അവനാണ് സജീവാത്മാവ്. 'പുത്രന്മാർ' എന്നും 'പിതാക്കന്മാർ' എന്നും വിളിക്കപ്പെടുന്നവർക്ക് കടമെടുത്ത പേരുകൾ മാത്രമാണുള്ളത്. ഒരാൾ മാത്രമാണ് സത്യപിതാവെന്നും അവന് സത്യപുത്രനുണ്ടെന്നും കൃപയാൽ അത് നമ്മെ പഠിപ്പിക്കുന്നു.

---

42. ഉല്പ. 6,2


www.malankaralibrary.com

# 47

### "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു" എന്ന രീതി

1. കൈപ്പണിക്കാരന്റെ പണി, വിദഗ്ദ്ധന്റെ നെയ്ത്, തൂണുകളും ചട്ടക്കൂടുകളും മരക്കൊത്തുപണിയും വാർപ്പുപണിയും അക്ഷരങ്ങളും എണ്ണങ്ങളും അളവുകളും തൂക്കങ്ങളും ധരയുടെ അളവും ജലത്തിന്റെ തൂക്കവുമെല്ലാം തങ്ങളുടെ വിജ്ഞാനത്തിൽ മനുഷ്യർ കണ്ടുപിടിച്ചതാണ്. അറിവുള്ളവർക്ക് ഇവ സുഗ്രാഹ്യമാണ്; സാധാരണക്കാർക്ക് ഗ്രഹിക്കാൻ പ്രയാസവും.

*പ്രതിസ്തോത്രം: മനുഷ്യനു ജ്ഞാനം നൽകിയ നിന്റെ വിജ്ഞാനത്തിന് സ്തുതി.*

2. പാണ്ഡിത്യത്തിൽ തങ്ങളേക്കാൾ അൽപം മുന്തിനിൽക്കുന്ന ജ്ഞാനികളെ പരിശോധിക്കാൻ സാധാരണക്കാർക്ക് കഴിയുന്നില്ലെങ്കിൽ, എല്ലാം തന്റെ വിജ്ഞാനത്തിൽ സൃഷ്ടിച്ചവന്റെ വിജ്ഞാനത്തേക്കാൾ എത്ര കുറവായിരിക്കും ജ്ഞാനികളുടെ ജ്ഞാനം? സ്രഷ്ടാവിന്റെ സ്വഭാവത്തെയും നിർമാതാവിന്റെ ഉത്ഭവത്തെയും പരിശോധിക്കാൻ തങ്ങൾക്ക് കഴിയുമെന്ന് ചിന്തിക്കുന്നവർ എത്രമാത്രം വട്ടുപിടിച്ചവരായിരിക്കും!

3. തങ്ങളുടെ പ്രതീകങ്ങളിലൂടെ സത്യവാന്റെ സൗന്ദര്യത്തിലോ, സത്യവാന്റെ ജനനത്തിലോ എത്താൻ കഴിവില്ലാത്ത പരിമിതവും നിസ്സാരവുമായ ഈ സ്വഭാവങ്ങളാൽ അവിടുന്ന് എങ്ങനെ ഇവയിലെല്ലാം അന്വേഷകരെ അന്ധാളിപ്പിച്ചു എന്നതിൽ നമുക്ക് ആശ്ചര്യപ്പെടാം. അന്വേഷണത്തിലൂടെ സൃഷ്ടികളിലെത്താൻ അവർക്കു കഴിയുന്നില്ലെങ്കിൽ, എല്ലാറ്റിനും ഉപരിസ്ഥനായവനെ സംബന്ധിച്ച് അവർക്ക് എങ്ങനെ എത്താൻ കഴിയും?

4. നമ്മുടെ ചിന്തകൾ പുത്രന്റെ പക്കൽവരെ നീട്ടാൻ നമുക്കാവില്ലെന്ന് ദൃശ്യവസ്തുക്കളെപ്പറ്റിയുള്ള അന്വേഷണത്തിൽ നിന്നുള്ള പരാജയം നമ്മെ പഠിപ്പിക്കുന്നു. അവന്റെ ആരംഭം അന്വേഷണവിധേയമാക്കാൻ ആർക്കും സാധ്യമല്ല; കാരണം, അവന്റെ പിതാവ് എല്ലാറ്റിലുമാണ്; എല്ലാറ്റിൽനിന്നും മറഞ്ഞിരിക്കുന്നവനുമാണ്. മനുഷ്യൻ തന്റെ ബുദ്ധിയും മനസ്സും പ്രയോഗിക്കാൻ എത്ര ആഗ്രഹിച്ചാലും, അവൻ എവിടെയാണെന്ന് അന്വേഷിച്ചറിയാനാവില്ല. അവൻ എത്ര മഹനീയനാണെന്ന് ഗ്രഹിക്കാനുമാവില്ല.

5. അതുകൊണ്ട്, സൃഷ്ടിയെപ്പറ്റി ആശ്ചര്യപ്പെടുകയും സ്രഷ്ടാവിനെ ബഹുമാനിക്കുകയും ചെയ്യുക. എല്ലാറ്റിലും ഉപരിസ്ഥമായ സ്വഭാവത്തിലേക്ക് ഊഴ്ന്നിറങ്ങാൻ ശ്രമിക്കേണ്ട. വ്യർഥാഭിമാനമാണ് നിന്റെ അന്വേഷണകാര

www.malankaralibrary.com

ണം. നീയൊരു ബലഹീനപ്രകൃതിയും ദരിദ്രനുമാണ്. പോയി നിന്റെ കല ഹത്തിൽ നിന്റെ നിന്ദനം കാണുക. കാരണം, നിന്റെ ശത്രു നിന്നെ നിന്ദി ക്കുന്നു. അവനോടൊപ്പം നീയും നിന്നെത്തന്നെ കുറ്റപ്പെടുത്തുക.

6. അഹന്തയാണ് നിന്റെ കലഹകാരണമെന്നറിയുക. പ്രവാചകന്മാരും നീതിമാന്മാരും ഇവ പരിശോധിക്കാൻ ആഗ്രഹിച്ചില്ല. പരിശോധിക്കാതിരുന്ന ശ്ലീഹന്മാർ ഒരുപക്ഷേ പരിശീലനത്തിനുമുമ്പ് ഇപ്രകാരം ചെയ്തുകാണും. പരിശീലനം ലഭിച്ച മോശ നിന്നെ ലജ്ജിപ്പിക്കും. എന്നാൽ അവൻ തന്നിൽ നിന്ന് ഈജിപ്തിലെ വിജ്ഞാനം ദൂരെയെറിയുകയും സുസ്പഷ്ടമായി സത്യം രേഖപ്പെടുത്തുകയും ചെയ്തു.

7. ദാനിയേലും പരിശീലനം ലഭിച്ചവനായിരുന്നു. അവൻ ബാബിലോ ണിൽ വച്ച് ജ്ഞാനം അഭ്യസിച്ചു. നീ അവന് തുല്യനല്ല; ഒരിക്കൽപോലും അവന്റെ കാലാ പെറുക്കിയിട്ടുമില്ല. അവനെ പരിശോധിക്കാനെത്തിയ വിജ്ഞാനികളുടെ കൂട്ടത്തെ എല്ലാ ശാസ്ത്രങ്ങളിലും അവൻ നിശ്ശബ്ദനാ ക്കി. വെളിപാടുകളുടെ കലവറ അടയ്ക്കപ്പെട്ടിരിക്കുന്നു എന്നറിഞ്ഞിരുന്ന തിനാൽ, പ്രാർഥന അവന് വ്യാഖ്യാനങ്ങളുടെ താക്കോൽ നൽകി.[43]

8. മറ്റെല്ലാ നീതിമാന്മാരേക്കാളും അവൻ ജ്ഞാനതൃഷ്ണയുള്ളവനാ യിരുന്നു. എന്നാൽ വാക്കുകൾ നിഗൂഢതയിൽ മുദ്രവയ്ക്കപ്പെട്ടിരിക്കുന്നു എന്ന് കേട്ടപ്പോൾ, അവൻ തന്റെ വായ് നിശ്ശബ്ദതകൊണ്ട് മുദ്രവയ്ക്കുകയും തന്റെ ചോദ്യങ്ങൾക്ക് അതിരുകുറിക്കുകയും ചെയ്തു. എങ്കിലും തന്റെ ജന ത്തിലെ കുട്ടികൾക്കുവേണ്ടി വിനീതമാനസ്സനായി വിവേചനാപൂർവം ചോദി ക്കുകയും ചെയ്തു. താനൊരു മനുഷ്യനാണെന്ന് അറിഞ്ഞിരുന്നതിനാൽ, അവൻ മാനുഷിക കാര്യങ്ങൾ ആരാഞ്ഞു. ദൈവികകാര്യങ്ങളെ ബഹുമാ നിച്ചു.[44]

9. താനൊരു മനുഷ്യനാണെന്ന കാര്യം ധിക്കാരി വിസ്മരിക്കുകയും മാനുഷിക കാര്യങ്ങൾ ഉപേക്ഷിച്ചിട്ട് ദൈവികസത്തയെക്കുറിച്ചുള്ളവ പരി ശോധിക്കുകയും ചെയ്യുന്നു. തന്റെ സ്വന്തം പ്രകൃതി വിസ്മരിക്കുമ്പോൾ, ആരുടെ സ്വഭാവമാണ് അവൻ പരിശോധിക്കുക? തന്റെ പരിമിതി വിസ്മരി ച്ചിട്ട്, തലചുറ്റിവീഴുന്നു. തന്റെ തലയ്ക്ക് പിടിച്ച മത്ത് ഇറക്കിവച്ച് താനൊരു മർത്യനാണെന്ന് അറിഞ്ഞിരുന്നെങ്കിൽ, നിശ്ശബ്ദനായി മർത്യരുടെ പരിധി ക്കുള്ളിൽ അവൻ നിലകൊള്ളുമായിരുന്നു.

10. ഒരു പ്രവാചകനായിരുന്നെങ്കിലും സാധാരണ കാര്യങ്ങൾ പഠി ക്കുന്നതിന് മാലാഖയോട് ആരാഞ്ഞ ദാനിയേലിനെ നോക്കുക. എന്നാൽ

43. ദാനി.2,2ff. 18ff.

44. ദാനി.8,26;12,4.9;9,3ff.


www.malankaralibrary.com

വിഡ്ഢികൾ നിഗൂഢതകളെപ്പറ്റി പരസ്പരം പ്രബോധനം ചോദിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു.[45] സ്തുത്യർഹനായ മോശപോലും 'എഹ്‌യേ' എന്ന നാമത്തെപ്പറ്റി ഭയചകിതനായിട്ടാണ് ആരാഞ്ഞത്. നാമാകട്ടെ നിഗൂഢമായവയെപ്പറ്റി നിസ്സാരമായിട്ടാണ് അന്വേഷണം നടത്തുന്നത്.[46]

11. ഈ താർക്കികരേക്കാൾ ബുദ്ധികൂർമതയുള്ളവനായിരുന്നു ശ്ലീഹാ. ഗ്രീക്കുകാരുടെ പ്രധാന നഗരത്തിലേക്ക് കടന്നുചെന്ന് അവരുടെ സ്വന്തസംഗതികളെപ്പറ്റി തനിക്കറിയാമെന്ന് കാണിച്ചുകൊണ്ട് അവൻ അവരോടു സംസാരിച്ചു. അവർ ആയുധം താഴെവച്ച് കീഴടങ്ങിയപ്പോൾ, അവൻ അവരെ പഠിപ്പിച്ചു.[47] എന്നാൽ നീണ്ടകാലം താർക്കിക രോഗത്താൽ ബലഹീനരായി തീർന്നതിനാൽ, ജീവന്റെ ഔഷധം അവർ നിരസിച്ചുകളഞ്ഞു.

12. തർക്കങ്ങൾ നിരീക്ഷിക്കാൻ ഒരു തർക്കസ്ഥലത്ത് കടന്നിരിക്കുക. തെളിഞ്ഞ സ്ഥലത്ത് പകൽപോലെ സുസ്പഷ്ടമായ സംഗതി അവർക്ക് കാണാൻ കഴിയാതെ പോകുകയും അവർ ചർച്ചചെയ്യുകയും പോരടിക്കുകയും അട്ടഹസിക്കുകയും ചെയ്യുന്നു. സുവ്യക്ത സംഗതികളെപ്പറ്റി അവർക്ക് വഴിതെറ്റുന്നെന്ന് നീ ശ്രദ്ധിക്കുന്നെങ്കിൽ, നിഗൂഢ സംഗതികളുടെ ആഴിയിൽ അവർ എത്രയധികമായി താണുപോകുകയില്ല!

13. വീണ്ടും, ശാന്തമായും നിശ്ശബ്ദമായും ഇരിക്കുന്ന ഒരു സമൂഹത്തിൽ പോയിരിക്കുക. അന്വേഷണവും കലഹവും! ശാന്തരായ മനുഷ്യർ രോഷാകുലരാകുന്നതും നിശ്ശബ്ദർ സ്തബ്ധരാകുന്നതും അവിടിരുന്ന് ശ്രദ്ധിക്കുക. ഒരുത്തൻ പരാജിതനായാൽ എല്ലാവരും ഒന്നിച്ച് അട്ടഹസിക്കുന്നു. ഇതാണ് അന്വേഷണം! അതിന്റെ പുക അനേകരെ അന്ധരാക്കുന്നു.

# 48

## "വാഗ്ദാനങ്ങളാൽ സമാശ്വസിക്കുന്നു" എന്ന രീതി

1. നിന്റെ വാത്സല്യവാന്റെ പക്കലേക്ക് എന്റെ ഇന്ദ്രിയങ്ങൾ തുറക്കാൻ കൃപ നൽകണമെ. എന്തുകൊണ്ടെന്നാൽ നിന്നെപ്പറ്റി പറയാൻ അവന് മാത്രമേ കഴിവുള്ളു. നീ എങ്ങനെയെന്ന് നിന്നെപ്പറ്റി അവനിൽ നിന്നു പഠിക്കാത്തവൻ നിന്നെ കണ്ടെത്തിയെന്നു ചിന്തിക്കുന്നതിൽ ഗൗരവമായി വഴിതെറ്റുന്നു. വിശ്വാസികളിൽ ത്രിത്വനാമം മുദ്രകുത്തിയിരിക്കുന്നു. ത്രിത്വനാമം

45. ദാനി.7,16
46. പുറ 3,14
47.നട.17,18;31ff.

www.malankaralibrary.com

പരിശോധനാ വിധേയമാകുന്നില്ല. ഒരിക്കലും പൂർണമായി സുഗ്രാഹ്യമാകുന്നില്ല.

*പ്രതിസ്തോത്രം: ഇടതടവില്ലാതെ ഞങ്ങളുടെ ഇടവക നിന്നെ ഏറ്റു പറയാൻ കൃപ നൽകണമെ.*

2. നമുക്കു തനിയെ എല്ലാ സംഗതികളും അറിയാൻ കഴിഞ്ഞാലും എല്ലാറ്റിന്റെയും കർത്താവ് പൂർണമായി നമ്മിൽ നിന്ന് നിഗൂഢനായിരിക്കും. ഈ തർക്കങ്ങൾക്ക് നാം തെളിവിന്റെ തീച്ചൂള ആകുകയാണെങ്കിൽ, ഒരുവനും തന്റെ വാക്കുകളാൽ നമ്മെ വഞ്ചിക്കുകയില്ല. പ്രബോധനം കൂടാതെ അക്ഷരങ്ങൾ എഴുതാനാവാത്ത കൈപോലെയാണ് നമ്മുടെ ആത്മാവ്.

3. തങ്ങളുടെ ഇച്ഛാനുസൃതമല്ലാതെ വഴിതെറ്റുന്ന അനേകരുണ്ടെന്നു കാണുക. ഏകൻ തന്റെ പ്രബോധകരിലൂടെ നമ്മെ പഠിപ്പിച്ചവ നമ്മിൽ നിന്നുതന്നെ അറിയാൻ കഴിയാത്തതിനാൽ നാം എല്ലാറ്റിന്റെയും തെളിവിന്റെ തീച്ചൂളയല്ലെന്നുള്ളത് തർക്കമറ്റ സംഗതിയാണ്. നയനസമമാണ് നമ്മുടെ സൃഷ്ടപ്രകൃതി. അത് അതിനാൽ തന്നെ അന്ധമാണ്; വെളിച്ചം കൂടാതെ നിറങ്ങൾ തിരിച്ചറിയാൻ അതിനു കഴിയുകയുമില്ല.

4. അവൻ നമുക്കായി പ്രകാശം ഉദിപ്പിച്ചു; അവൻ നമുക്കായി തിരുലിഖിതങ്ങൾ എഴുതി. ദൃശ്യവസ്തുക്കൾക്കുവേണ്ടി തന്റെ പ്രകാശം, അദൃശ്യവസ്തുക്കൾക്കുവേണ്ടി തന്റെ തിരുലിഖിതം. ആരംഭത്തിൽ വെളിപാടിലൂടെ, ഇപ്പോൾ നിയമങ്ങളിലൂടെ. അവന്റെ പ്രകാശവും അവന്റെ കൽപ്പനയും അസൂയാരഹിതമാണ്. നിയമങ്ങളുടെ രശ്മികളാൽ സത്യം ഗ്രഹിക്കാൻ വിളക്ക് അതിന്റെ പ്രകാശത്താൽ കാഴ്ചക്കാരെ വിളിക്കുന്നു.

5. എല്ലാറ്റിലും പ്രകൃതി നമ്മുടെ പ്രബോധകയാണ്. ഓരോരുത്തരും താന്താങ്ങളുടെ കഴിവും പരിശ്രമവും അനുസരിച്ച് പഠിക്കുന്നു. എന്നാൽ ഒന്നും പഠിക്കാത്തവൻ പരിശീലനം ലഭിക്കാത്തവനായി പരിഗണിക്കപ്പെടുന്നു. ഒന്നിനെ മറ്റൊന്നുമായി താരതമ്യപ്പെടുത്തുക. എല്ലാവരുടെയും പ്രബോധകന് വിധേയനാകാത്തവൻ സ്വന്തം ഇച്ഛയാൽ വഴിതെറ്റുന്നവനാണെന്ന് നീതിപൂർവം കരുതപ്പെടുന്നു.

6. പെയിന്റ് ചെയ്യാൻ അറിയില്ലെന്നോ, സ്വർണപ്പണി അറിയില്ലെന്നോ പറഞ്ഞ് ഒരു ദരിദ്രനെയോ, പണി പഠിക്കാത്തവനെയോ കുറ്റപ്പെടുത്താനാവില്ല. എന്നാൽ അവൻ പണി പഠിക്കാത്തതിന് ഒരുപക്ഷേ അവനെ കുറ്റപ്പെടുത്താം. ആദ്യത്തേതിൽ അവൻ കുറ്റവിമുക്തനാണ്, രണ്ടാമത്തേതിൽ കുറ്റം ചുമത്തപ്പെടുന്നു. എന്നാൽ ആദ്യത്തേതിനും അവനിൽ കുറ്റം ചുമത്തിയാൽ അവൻ രക്ഷപെട്ടെന്ന് കരുതപ്പെടുന്നതിലും അവന് രക്ഷപെടാനാവില്ല.


www.malankaralibrary.com

7. മത്സ്യം നീന്തിത്തുഴയുന്നതിന് കൂടുതൽ വിസ്താരമുള്ളിടം അതിനു നൽകുക. നിനക്കു വേണ്ടിയാണ് അത് പാടുപെടുന്നത്; തനിക്കെതിരെയാണ് അത് അധ്വാനിക്കുന്നത്. അത് ഗ്രഹിക്കുന്നില്ലെങ്കിലും അതിന്റെ നീന്തലിലൂടെ അത് നിനക്ക് കിരീടം എത്തിക്കുന്നു. താർക്കികനെയും വഴി തെറ്റുന്നവനെയും അവൻ നിന്ദിക്കുന്നു. തന്റെ സ്വന്തം ആയുധം അവനെ കീഴടക്കുന്നു. കാരണം, താൻ കൊത്തിവലിച്ചെടുക്കുന്നെന്ന് അവന് തോന്നുമ്പോൾ, മീൻപിടുത്തക്കാരൻ അവനെ വലിച്ചെടുക്കുന്നു.

8. താൻ പാർക്കുന്ന കടൽ അപഗ്രഥിക്കാൻ മത്സ്യത്തിന് കഴിവില്ലെങ്കിലും, വായുവിനെ തുളയ്ക്കാൻ അതാഗ്രഹിക്കുന്നു. ഉയരമളക്കാൻ അതാഗ്രഹിക്കുന്നു. തന്റേതല്ലാത്തിടത്ത് പാർക്കാൻ മത്സ്യത്തിന് കഴിവില്ലെങ്കിലും ജലത്തിന്റെ ആഴംവിട്ട് വായുവിനെ പരിശോധിക്കാൻ മുകളിലേക്ക് അത് കുതിച്ചുയരുന്നു. എന്നാൽ വായു അതിനെ കുലുക്കി ജലത്തിലേക്ക് മറിച്ചിടുന്നു.

9. അതൊരു ജലജീവി ആയതിനാൽ, സമസ്തവും ജലത്തിലാണ് കഴിയുന്നതെന്ന് അത് കരുതുന്നു. മുറികളിൽ പാർക്കാൻ പറ്റിയ പ്രകൃതമല്ല അതിനെന്നും നമ്മുടെ പാർപ്പിടത്തിനു പറ്റിയതല്ല അതിന്റെ പ്രകൃതമെന്നും അതിന്റെ അരുവി അതിനെ പഠിപ്പിക്കുന്നു. അതുപോലെ, ഉന്നതത്തിലുള്ള കാര്യങ്ങൾ എത്തിപ്പിടിക്കാനോ, അവിടെയുള്ള പ്രകൃതത്തെ പരിശോധിക്കാനോ പറ്റിയ സ്വഭാവമല്ല അന്വേഷകർക്കുള്ളത്.

10. നമുക്ക് പാനം ചെയ്യാനായി ഗീഹോന്റെ സാദൃശ്യത്തിൽ സുവിശേഷം ഒഴുകിവരുന്നു. അതിന്റെ പ്രബോധനസമൃദ്ധിയാൽ അതിന്റെ ഇനം യൂഫ്രട്ടീസിനാൽ ദൃഷ്ടാന്തീകരിക്കപ്പെടുന്നു. അതിന്റെ അന്വേഷണം നിരസിക്കലിന്റെ പ്രതീകമാണ് പീശോൻ. തന്റെ വാക്കിലൂടെ ടൈഗ്രീസ് പോലെ അത് നമ്മെ കഴുകി ശുദ്ധീകരിക്കുന്നു. പറുദീസാ ലക്ഷ്യമാക്കി നമുക്ക് അതിലൂടെ നീന്തിക്കയറാം. മത്സ്യങ്ങൾ ജീവന്റെ അതിർത്തി കടക്കാതിരിക്കട്ടെ.

# 49

## "ബർദൈസാന്റെ കൂട്ടങ്ങൾ" എന്ന രീതി

1. ഓ, നോഹ എത്രയോ മഹനീയനായിരുന്നു. തന്റെ സമകാലീനരെയെല്ലാം അവൻ ഉല്ലംഘിച്ചു. നീതിയുടെ തട്ടത്തിൽ തൂക്കിനോക്കിയപ്പോൾ അവരെല്ലാം കുറവുള്ളവരായി കാണപ്പെട്ടു. ഒരേ ഒരാത്മാവ് തന്റെ ശുദ്ധതയുടെ ആയുധവുമായി അവരേക്കാളൊക്കെ തൂക്കം കൂടിയവനായിരുന്നു. തട്ടത്തിൽ തൂക്കം കുറഞ്ഞവരായി കാണപ്പെട്ടവരെല്ലാം പ്രളയത്തിൽ മുങ്ങി

www.malankaralibrary.com

മരിച്ചു. എന്നാൽ ശുദ്ധിമാനും ഭാരമുള്ളവനുമായ നോഹ പെട്ടകത്തിൽ ഉയർത്തപ്പെട്ടു. അവനിൽ സംപ്രീതനായവനു സ്തുതി.

*പ്രതിസ്തോത്രം: നിന്റെ കർതൃത്വത്തിനു സ്തുതി.*

2. പ്രളയത്തിന്റെ ഇരുവശങ്ങളിലേക്കും നോഹ തന്റെ ശുശ്രൂഷ വിസ്തൃതമാക്കി. ഭൂതകാലത്തേത് മുദ്രവയ്ക്കുകയും പിന്നാലെ വന്നത് തുറക്കുകയും ചെയ്തുകൊണ്ട് രണ്ട് രൂപങ്ങൾ വരച്ചുകാട്ടി. രണ്ട് തലമുറകളുടെ ഇടയ്ക്ക് അവൻ രണ്ട് പ്രതീകങ്ങൾക്ക് ശുശ്രൂഷ ചെയ്തു. മുമ്പുള്ളതിനെ തള്ളിക്കളഞ്ഞു. പിന്നീടുള്ളതിനുവേണ്ടി ഒരുക്കങ്ങൾ ചെയ്തു. പഴകി ജീർണിച്ച തലമുറയെ അവൻ സംസ്ക്കരിച്ചു. യുവതലമുറയെ പരിപാലിച്ചു. അവനെ തെരഞ്ഞെടുത്തവനു സ്തുതി.

3. എല്ലാറ്റിന്റെയും കർത്താവിന്റെ കപ്പൽ പ്രളയജലത്തിന്മീതേ ഒഴുകി നടന്നു. അതു കിഴക്കുനിന്ന് പുറപ്പെട്ട് പടിഞ്ഞാറ് എത്തിച്ചേർന്നു. അതു തെക്കിന്റെ മുകളിലൂടെ നീന്തി, വടക്കുഭാഗം അളന്നു. വെള്ളത്തിന്മീതേയുള്ള അതിന്റെ ഒഴുകിനടക്കൽ വരണ്ടകരയ്ക്ക് പ്രവചനമായിത്തീർന്നു. എല്ലാ ഭാഗങ്ങളെയും നിറച്ചുകൊണ്ട് അവന്റെ സന്താനപരമ്പര നാനാഭാഗങ്ങളിലും എപ്രകാരം സന്താനപുഷ്ടിയുള്ളവരാകുമെന്ന് അത് പ്രസംഗിച്ചു.

4. പെട്ടകം അതിന്റെ ഒഴുകിനടക്കലാൽ അതിന്റെ സംരക്ഷകന്റെ അടയാളം, അതിന്റെ കപ്പിത്താന്റെ കുരിശ്, കപ്പൽക്കാരന്റെ തടി, വരച്ചുകാട്ടി. സ്നാനജലത്തിൽ നമുക്കൊരു സഭയെ രൂപീകരിക്കാൻ അവിടുന്നെത്തി. അവളിൽ വസിക്കുന്നവരെ ത്രിത്വനാമത്തിൽ അവിടുന്ന് സംരക്ഷിക്കുന്നു. പ്രാവിന്റെ സ്ഥാനത്ത് ആത്മാവ് അവളുടെ പൂശലും അവളുടെ രക്ഷയുടെ രഹസ്യവും യാഥാർഥ്യമാക്കുന്നു. അവളുടെ രക്ഷകനു സ്തുതി.

5. അവന്റെ പ്രതീകങ്ങൾ നിയമത്തിലാണ്; അവന്റെ രൂപങ്ങൾ പെട്ടകത്തിലാണ്. ഓരോന്നും മറ്റതിന് സാക്ഷ്യം വഹിക്കുന്നു. പെട്ടകത്തിന്റെ ഇടനാഴികൾ ശൂന്യമായിരുന്നതുപോലെ, തിരുലിഖിതത്തിന്റെ രൂപങ്ങൾ ശൂന്യമാക്കപ്പെട്ടു. കാരണം, തന്റെ വരവിൽ അവിടുന്ന് നിയമത്തിലെ പ്രതീകങ്ങളെ സ്വന്തമാക്കുകയും പെട്ടകത്തിന്റെ രൂപങ്ങളെ തന്റെ സഭയിൽ പൂർത്തീകരിക്കുകയും ചെയ്തു. നിന്റെ വരവിനു സ്തുതി.

6. നമ്മുടെ രക്ഷകന്റെ ശക്തിയുടെ പ്രളയത്തിൽ നിപതിച്ചതിനാൽ എന്റെ മനസ്സ് അലയുന്നു. നോഹ ഭാഗ്യവാനാകുന്നു. അവന്റെ കപ്പൽ-പെട്ടകം - ജലത്തിന്മീതേ ഒഴുകിനടന്നെങ്കിലും അവന്റെ മനസ്സ് ഏകാഗ്രമായിരുന്നു. എന്റെ കർത്താവേ, എന്റെ വിശ്വാസം എന്റെ ബലഹീനതയ്ക്ക് ഒരു കപ്പലായിരിക്കണമെ. കാരണം, നിന്നെ പരിശോധിച്ച വിഡ്ഢികൾ ആഴത്തിൽ മുങ്ങിച്ചത്തു. നിന്റെ ജനകനു സ്തുതി.


www.malankaralibrary.com

# 50

## "ബർദൈസാന്റെ കൂട്ടങ്ങൾ" എന്ന രീതി

1. എല്ലാറ്റിനും മുമ്പ് പുത്രൻ പിതാവിനോടുകൂടെ ആയിരുന്നു. അവിടുന്ന് സമയങ്ങൾക്കെല്ലാം ഉപരിസ്ഥനാണ്. കാരണം, അവനിലൂടെയാണ് സമയമുണ്ടായത്. അവൻ എണ്ണങ്ങൾക്കും നാഴികകൾക്കും കാലങ്ങൾക്കും മുമ്പുള്ളവനാണ്. അവന്റെ അസ്തിത്വരീതി പരിശോധനാതീതമാണ്. അവന്റെ തീയതി അഗ്രാഹ്യമാണ്, എന്തുകൊണ്ടാണവൻ എന്നത് ചർച്ചചെയ്യാനാവില്ല. അവൻ എത്ര വലിയവനാണെന്നുള്ളത് അളവിനതീതമാണ്. അവൻ എവിടെയാണെന്ന് കണ്ടുപിടിക്കാനാവില്ല. അവന്റെ ജനകന് സ്തുതിയുണ്ടായിരിക്കട്ടെ.

2. പുത്രന്റെ മുമ്പിൽ അത്ഭുതസ്തബ്ധനായി തന്റെ വായ് അടയ്ക്കാത്തവൻ ആരാണ്? അവന്റെ മഹത്വം വർണിക്കാൻ നാവുകൾ അപര്യാപ്തമാണ്. ജനിച്ചവൻ സുഗ്രാഹ്യനാണെങ്കിൽ, ജനകനെ അവർ ചെറുതാക്കുമായിരുന്നു. ഫലത്തെ പരിശോധിക്കാമെങ്കിൽ വേരിന് അവർ പരിധി നിർണയിക്കുമായിരുന്നു. അവ പരസ്പരം ഒന്നിച്ചിരിക്കുന്നു എന്നു ചിന്തിച്ച് തന്നെത്തന്നെ കുറ്റപ്പെടുത്താത്തവൻ ആരുണ്ട്? നിന്നിൽ നിന്റെ പിതാവിന് സ്തുതി.

3. ജനിച്ചവനെയും ജനകനെയും പറ്റി അവസാനിക്കാത്ത ചർച്ചകളും അളവില്ലാത്ത അന്വേഷണങ്ങളും കൊണ്ട് തന്റെ കൊച്ചുമനസ്സിന്റെ ഉള്ളിൽ നിഗമനത്തിലെത്താൻ ആഗ്രഹിക്കുന്ന ആരാണ് ലജ്ജിക്കാതിരിക്കുന്നത്? സൃഷ്ടികളെ പറ്റിയുള്ള അന്വേഷണം പോലും നമ്മുടെ മനസ്സിന് ഉപരിസ്ഥമാണ്. സ്രഷ്ടാവിനെ പരിശോധനാവിധേയമാക്കാൻ കഴിയുന്നവനില്ല. കാരണം, അത് എല്ലാ പ്രകൃതങ്ങൾക്കും അതീതമാണ്. തന്റെ മഹനീയതയ്ക്ക് സ്തുതി.

4. ജനിച്ചവനെപ്പറ്റിയുള്ള അന്വേഷണത്തിൽ അത്ഭുതസ്തബ്ധനാകാത്തത് ആരാണ്? അവന്റെ ജനകനെപ്പറ്റി ആശ്ചര്യഭരിതനാകാത്തത് ആരാണ്? അവൻ പുത്രനാണെന്നുള്ളത് നമുക്ക് മനസ്സിലാക്കാൻ എളുപ്പമാണ്. അത് എപ്രകാരമാണെന്നുള്ളത് നമുക്ക് കഠിനതരമാണ്. അവനെ ശ്രദ്ധിക്കുന്നത് നമുക്ക് എളുപ്പമാണ്. അവനെ പരിശോധിക്കുക അസാധ്യമാണ്. കാരണം, അവന്റെ സത്തയെ പറ്റിയുള്ള അന്വേഷണം എല്ലാ സൃഷ്ടപ്രകൃതികളിൽനിന്നും മറഞ്ഞിരിക്കുന്നു. നിശ്ശബ്ദതയിലൂടെ അവന്റെ പിതാവിനും

www.malankaralibrary.com

അവനും നമുക്ക് സ്തുതിയർപ്പിക്കാം. അവനെ അയച്ചവന് സ്തുതി. അവന്റെ ആഗമനം വാഴ്ത്തപ്പെട്ടതാകുന്നു.

5. തന്നെ മനസ്സിലാക്കാനായി ധൂളിക്ക് ആത്മാവിനെ നൽകിയ നല്ലവനെ വാഴ്ത്താത്തത് ആരാണ്? അവൻ ധൂളിക്ക് ചിന്തയും വാക്കും നൽകി. അവൻ തന്റെ പുത്രനെ അയക്കുകയും അതിനെ വസ്ത്രം ധരിപ്പിക്കുകയും മഹത്വത്തിലേക്ക് ഉയർത്തുകയും ചെയ്തു. അവൻ മനുഷ്യനെ ഇപ്രകാരം ഉയർത്തിയതിനാൽ, ദുഷ്ടൻ മഹോന്നതനിൽ അസൂയാലുവായി. അവൻ മനുഷ്യനെ പരിശോധനയിലേക്ക് തള്ളിവിടുകയും കലഹത്തിന്റെ പടുകുഴിയിലാക്കുകയും ചെയ്തു.

6. ഞങ്ങളുടെ കർത്താവേ, ദുഷ്ടനെ ഞങ്ങളിൽനിന്ന് അകറ്റണമെ. അവൻ ദുഷ്ടനായിരിക്കുന്നത് കാരണം കൂടാതെയാണ്. ആദത്തോടും അവന്റെ മക്കളോടും അസൂയാലുവായത് അവനാണ്. ആദം നശിക്കാനായി ഭംഗിവാക്കുകളാൽ അവനെ ദുഷ്ടൻ വഞ്ചിച്ചു. അങ്ങനെ അവൻ എല്ലാ തലമുറകളെയും നിന്ദിച്ചു. ഞങ്ങളുടെ തലമുറയെ അവൻ വളരെയധികം അധിക്ഷേപിച്ചു. അവൻ ഞങ്ങളെ അഹങ്കാരികളാക്കുകയും പരിഹസിക്കുകയും ചെയ്തു. അവൻ ഞങ്ങളെ മദ്യപന്മാരാക്കുകയും നിന്ദിക്കുകയും ചെയ്തു. അവൻ ഞങ്ങളെ തമ്മിലടിപ്പിച്ച് ഊറിച്ചിരിച്ചു. അവനെ കൊന്നവന് സ്തുതി.

7. തന്റെ സ്വന്തം ആത്മാവ് ശൂന്യമായിരിക്കുന്നു എന്നതിൽ ആരാണ് ലജ്ജിക്കാത്തത്? കാരണം, ദുഷ്ടൻ അതിൽ വസിക്കുന്നു, എന്നാൽ ആത്മാവ് ദുഷ്ടന്റെ സാന്നിധ്യം ഗ്രഹിക്കുന്നില്ല. അതിന്റെ നയനങ്ങൾക്ക് അദൃശ്യനായി അവൻ വസിക്കുന്നു. കൈകൾക്ക് അവനെ സ്പർശിക്കാനാവില്ല. അവൻ കയ്പ്പേറിയവനാണെന്ന് അറിയാൻ അവനെ രുചിച്ചുനോക്കാനാവില്ല. അവൻ പൂർണമായി രക്തദാഹി ആയതിനാൽ ദുർഗന്ധപൂരിതൻ ആണെന്നറിയാൻ അവനെ മണക്കാനാവില്ല. അവനെ കൊന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

8. ആത്മാവ് പിശാചിനെ കാണാത്തതിനാൽ അവനിൽ വാസമുറപ്പിച്ചാലും അത് അവനെ സ്പർശിക്കുന്നില്ല, അവനിലേക്ക് ചായുന്നില്ല. അഥവാ, അവൻ പുറത്തുനിന്ന് അതിനെതിരെ പാളയമടിച്ചാലും അവന്റെ അടുത്ത സാന്നിധ്യം ഒരിക്കലും അതിനെ സ്പർശിക്കുന്നില്ല. അവൻ അടുത്തായാലും അതിനുള്ളിലായാലും ആത്മാവ് അതറിയുന്നില്ല. സ്രഷ്ടാവിന്റെ പുത്രന്റെ നേരേ ധിക്കാരികളായതിനെപ്പറ്റി നമുക്ക് കരഞ്ഞു നിലവിളിക്കാം. നിനക്ക് എല്ലാവരിൽനിന്നും സ്തുതി.

 www.malankaralibrary.com

# 51

## "ബർദൈസാന്റെ കൂട്ടങ്ങൾ" എന്ന രീതി

1. വെറും നിസ്സാരതയിലേക്ക് നിന്റെ ഔന്നത്യം നീ താഴ്ത്തിയതിനും പരമതാഴ്മയിലേക്ക് നിന്റെ മഹത്വം ഇറക്കിക്കൊണ്ടുവന്നതിനും മർത്യതയുടെ തലത്തിലേക്ക് നിന്റെ ജീവൻ എത്തിച്ചതിനും പരിപൂർണ ദാരിദ്ര്യത്തിൽ പാർക്കാൻ നിന്റെ സമ്പദ്സമൃദ്ധി താണിറങ്ങി വന്നതിനും ദാസ്യത്തിന്റെ നുകത്തിന് നിന്റെ കർതൃത്വം വിധേയമാക്കിയതിനും പ്രതിപകരം നൽകാൻ ആർക്കു കഴിയും? നിന്റെ നന്മയ്ക്ക് സ്തുതിയുണ്ടായിരിക്കട്ടെ.

2. ഞങ്ങളുടെ കർത്താവേ, ദൃശ്യാവസ്ഥയിലേക്ക് താണിറങ്ങി വന്ന നിന്റെ അദൃശ്യത ആർക്കു ദർശിക്കാനാകും? നിന്റെ നിഗൂഢത വെളിച്ചത്തിലേക്കും പ്രത്യക്ഷീകരണത്തിലേക്കും വന്നു. നിന്റെ പിൻവാങ്ങൽ അതിരില്ലാത്ത തുറവിയിലേക്ക് ഇറങ്ങിവന്നു. നിന്നെ പിടിച്ചവരുടെ കൈകളിലേക്കു നിന്റെ ഭയങ്കരത്വം വന്നു. എന്റെ കർത്താവേ, ഇവയൊക്കെ നിനക്കു സംഭവിച്ചു; എന്തുകൊണ്ടെന്നാൽ നീ മനുഷ്യനായിരുന്നു. നിന്നെ അയച്ചവനു സ്തുതിയുണ്ടായിരിക്കട്ടെ.

3. നിന്റെ ഉദയവും നിന്റെ മാനുഷികജനനവും സുസ്പഷ്ടമായിരുന്നെങ്കിലും നിന്റെ ജനനം അഗ്രാഹ്യമാണ്; അന്വേഷകരെ അത് അന്ധാളിപ്പിച്ചു. കാരണം, നീ ശരീരം മാത്രമെടുത്തെന്ന് പറയുന്നവരുണ്ട്. നീ ശരീരവും ആത്മാവുമാണെന്നു പഠിപ്പിക്കുന്നവരുണ്ട്. അത് സ്വർഗീയശരീരമാണെന്നു ചിന്തിച്ച് ചിലർക്ക് വഴിതെറ്റുന്നു. നിന്റെ ജനനത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.

4. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ വായ്ക്ക് മുദ്രവയ്ക്കണമെ. നിന്റെ ദൃശ്യത ജ്ഞാനികളെ അമ്പരപ്പിച്ചു; എന്തുകൊണ്ടെന്നാൽ മറിയത്തിൽ നിന്നുള്ള നിന്റെ ജനനം സംബന്ധിച്ച് ജ്ഞാനികൾ തന്നെ വിഭജിതരാണ്. നിന്റെ മനുഷ്യത്വത്തെപ്പറ്റി മനുഷ്യർക്ക് എത്തും പിടിയും കിട്ടിയില്ല. എങ്കിൽ നിന്റെ ദൈവികജനനം ആർക്കു ഗ്രഹിക്കാനാവും? നിന്റെ ജനകന് സ്തുതിയുണ്ടായിരിക്കട്ടെ.

5. എന്റെ കർത്താവേ, ഞങ്ങളുടെ കിന്നരം അനുവദനീയമായവ മീട്ടട്ടെ. അനുവദനീയമല്ലാത്തതൊന്നും അതിൽ ആലപിക്കാതിരിക്കട്ടെ. കാരണം, അതൊരു ബലഹീനകിന്നരമാണ്. നിന്റെ ജനനം അന്വേഷിക്കാൻ അതിന്റെ സ്വരം അപര്യാപ്തമാണ്. അത്യുന്നതരും ആത്മീയരുമായ മാലാ

www.malankaralibrary.com

ഖമാരുടെ കിന്നരംകൊണ്ടുപോലും നിന്റെ ജനനം വർണ്ണ്യമല്ല. നിന്റെ നിഗൂഢതയ്ക്ക് സ്തുതിയുണ്ടായിരിക്കട്ടെ.

6. ഞങ്ങളുടെ കർത്താവേ, എന്റെ നാവ് നിന്റെ മഹത്വത്തിന്റെ പേനായാകട്ടെ. നിന്റെ കൃപയുടെ വിരൽ അതുപയോഗിച്ച് പ്രയോജനപ്രദമായ ഒരു പ്രതിപാദനം അടയാളപ്പെടുത്തി എഴുതട്ടെ. എന്റെ കർത്താവേ, ആരെങ്കിലും ഉപയോഗിക്കാതെ പേനായ്ക്കുതന്നെ എഴുതാനാവില്ലല്ലോ. പ്രയോജനമില്ലാത്തവ നിന്നെക്കൂടാതെ പറഞ്ഞ് എന്റെ നാവ് കടന്നുപോകാതിരിക്കട്ടെ. നിന്റെ പ്രബോധനത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.

7. നിന്റെ പിതാവ് നിന്നെ വിളിച്ച നാമത്തിൽനിന്ന് വ്യത്യസ്തമായൊരു നാമത്താൽ നിന്നെ വിളിക്കുന്നത് ധാർഷ്ഠ്യമായിരിക്കും. യോർദാൻ നദിയിങ്കൽവച്ച് അവൻ നിന്നെ 'എന്റെ പുത്രൻ' എന്നു മാത്രമാണ് വിളിച്ചത്. അവിടെ നീ സ്നാനപ്പെട്ടപ്പോൾ നിന്റെ മനുഷ്യത്വത്തെ ത്രിത്വരഹസ്യം സ്നാനപ്പെടുത്തി: പിതാവ് തന്റെ സ്വരത്താലും പുത്രൻ തന്റെ ശക്തിയാലും പരിശുദ്ധാത്മാവ് തന്റെ ആവാസത്താലും. നിന്റെ ആവാസത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.

8. മൂന്നു നാമങ്ങൾ ആർക്കു നിഷേധിക്കാനാകും? അവയുടെ ആവാസം മുമ്പ് യോർദാനിൽ ശുശ്രൂഷിച്ചു. നിന്റെ ശരീരത്തെ സ്നാനപ്പെടുത്തിയ നാമങ്ങളാലാണ് ഞങ്ങളുടെ ശരീരങ്ങളും സ്നാനപ്പെടുന്നതെന്ന കാര്യം സത്യമാണ്. എല്ലാറ്റിന്റെയും കർത്താവിന് വളരെയധികം നാമങ്ങൾ ഉണ്ടെങ്കിലും നമ്മെ അവൻ വേർതിരിച്ച് പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലുമാണ് സ്നാനപ്പെടുത്തിയത്. നിന്റെ മഹനീയതയ്ക്ക് സ്തുതിയുണ്ടായിരിക്കട്ടെ.

9. വെറുമൊരു സാധാരണ കുതിരയെ വരയ്ക്കുന്ന ചിത്രകാരൻ തലയും അവയവങ്ങളും കൂട്ടിച്ചേർക്കാൻ കഴിവുണ്ടായിട്ടും അപ്രകാരം ചെയ്യുന്നത് ഒഴിവാക്കുന്നെങ്കിൽ, അവനെപ്പറ്റി ആരാണ് ആശ്ചര്യപ്പെടാത്തത്? നിസ്സാരമായി തള്ളിക്കളയാനാവാത്ത ആ ജനനത്തെ പമ്പരവിഡ്ഢികളായ താത്വികർ ചോദ്യശരങ്ങളാൽ നിസ്സാരമാക്കുന്നു. അവന് ഏകൻമാത്രം തുല്യനാണെങ്കിലും അവർ അവനെ പലതിനു തുല്യമാക്കി. നമ്മുടെ രാജാവിന്റെ പുത്രന് സ്തുതിയുണ്ടായിരിക്കട്ടെ.

10. വായുവിൽ പക്ഷി പറക്കുന്നതുപോലെ ഒരിടുങ്ങിയ വഴി ആരു കണ്ടിട്ടുണ്ട്? അഥവാ, വായുവിലൂടെ എന്നവണ്ണം നടക്കുന്നത് ആര് കണ്ടിട്ടുണ്ട്? നടക്കുന്നവന് വേലികെട്ടി പാത സജ്ജമാക്കിയിരിക്കുന്നു. അതിൽനിന്ന് ഒട്ടും പുറത്തുപോകാതിരിക്കാൻ ശ്രദ്ധിക്കണം. അതിനു പുറത്ത് മരണമാണ്. നിന്റെ താക്കീതിന് സ്തുതിയുണ്ടായിരിക്കട്ടെ.


www.malankaralibrary.com

11. ഞങ്ങളുടെ കർത്താവേ, ഞാൻ ഭയത്തോടെ വ്യാപരിക്കുന്നതിനും എന്റെ വിശ്വാസത്തിന്റെ അതിർവരമ്പുകൾ കടക്കുന്നതിന് ഒരുമ്പെടാതിരിക്കുന്നതിനും എന്നെ സഹായിച്ചാലും. നിന്റെ സത്യം നിരപ്പുള്ളതാണ്, എന്നാൽ വഴിപിഴച്ചവർക്ക് അത് പരുപരുത്തതാണ്. സാധാരണക്കാർ നേരേപോയി ചുവടുവച്ച് മുന്നേറുന്നു. താത്വികർ വഴിതെറ്റി അന്വേഷണപടുകുഴിയിൽ നിപതിക്കുന്നു. അതിൽനിന്ന് പുറത്തുവരാൻ നമ്മുടെ കർത്താവ് അവരെ സഹായിക്കട്ടെ. എല്ലാറ്റിനും കഴിവുള്ളവന് സ്തുതിയുണ്ടായിരിക്കട്ടെ.

12. നാമങ്ങളിൽനിന്ന് വ്യാഖ്യാനത്തിന്റെ ശക്തി നമുക്ക് ഉദിച്ചുവരുന്നു. ദാസൻ, കർതൃപുത്രൻ എന്നീ നാമങ്ങൾ അത് സാക്ഷ്യപ്പെടുത്തുന്നു. കാരണം, ദാസൻ എന്ന നാമം അവൻ പുത്രനല്ലെന്നു പഠിപ്പിക്കുന്നു. അവൻ ദാസരിൽ ഒരുവനല്ലെന്ന് പുത്രൻ എന്ന നാമം പ്രഘോഷിക്കുന്നു. സംശയമെന്യേ ഈ നാമങ്ങൾ, രണ്ടും പ്രഘോഷിക്കുന്നു. നിന്റെ ഔന്നത്യത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.

13. അതുകൊണ്ട്, പുതിയ കാര്യം പഠിപ്പിക്കുന്ന ധിക്കാരികളെ കുറ്റപ്പെടുത്തിക്കൊണ്ട് നമുക്കു പറയാം: അവികലമാണ് എന്റെ വിശ്വാസം, സമ്പൂർണമാണ് എന്റെ മുത്ത്. നിന്റെ മിനുക്കുപണി അതിനാവശ്യമില്ല. നിന്റെ തീച്ചൂളയിൽ അത് കൂടുതൽ മനോഹാരിതമാകില്ല. കാരണം, അതിന്റെ സൗന്ദര്യം അതിൽ നിന്നു തന്നെയാണ്. അത് പിളർക്കപ്പെട്ടാൽ, സ്വർഗീയ രാജാവിന്റെ കിരീടത്തിന് അത് ത്യാജ്യമായിത്തീരും. നിന്റെ രാജ്യത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.

# 52

## "ബർദൈസാന്റെ കൂട്ടങ്ങൾ" എന്ന രീതി

1. ദൈവത്തെപ്പറ്റി ദൈവത്തിൽ നിന്നുതന്നെ പഠിക്കാം. അവിടുന്ന് ദൈവവും നീതിമാനും നല്ലവനുമാണെന്ന് അവിടുത്തെ നാമങ്ങളിൽനിന്ന് നാം ഗ്രഹിക്കുന്നതുപോലെ, അവിടുന്ന് ജനകനാണെന്നുള്ളത് പിതാവ് എന്ന നാമം സൂചിപ്പിക്കുന്നു. കാരണം, പിതൃത്വം എന്ന നാമം അതോടൊപ്പം തന്റെ പുത്രനെ കാട്ടുന്നു. അവിടുന്ന് ഏകന്റെ മാത്രം പിതാവാണെങ്കിലും സ്നേഹം മൂലം അനേകരുടേതുമാണ്. അവന്റെ കൃപയ്ക്ക് സ്തുതിയുണ്ടായിരിക്കട്ടെ.

2. അവനാണ് യഥാർഥ കർത്താവ്. ഇതാ, അവന്റെ ദാസർ അത് സാക്ഷിക്കുന്നു. തന്റെ സമ്പാദ്യങ്ങളുടെ മേൽ അവനാണ് രാജാവ്. അവൻ സ്രഷ്ടാവായതിനാൽ അവന്റെ സൃഷ്ടി അതിനു സാക്ഷ്യം വഹിക്കുന്നു.

www.malankaralibrary.com

അവൻ സത്യപിതാവാകയാൽ അവന് സത്യപുത്രനുണ്ട്. എന്നാൽ പിതാവ് എന്നനാമം കടമെടുത്തതാണെങ്കിൽ-അങ്ങനെ സംഭവിക്കാതിരിക്കട്ടെ- അതുമായി ബന്ധപ്പെട്ട നാമങ്ങളെല്ലാം കലഹത്താൽ ഇല്ലാതായിത്തീരും. സത്യവാന് സ്തുതിയുണ്ടായിരിക്കട്ടെ.

3. 'അവിടുത്തേക്ക് ജനിപ്പിക്കാനാവില്ല, പിതൃത്വം എന്ന നാമം കടമെടുത്താണ് അവനിൽ ആരോപിച്ചിരിക്കുന്നത്' എന്ന് സത്യപിതാവിനെതിരെ ധിക്കാരപൂർവം വെട്ടിമുറിച്ചുപറയാൻ ആർക്കാണ് കഴിയുക? സത്യത്തിന് അതിന്റെ രുചി കുറഞ്ഞു പോകാത്തതിനാൽ, അവന്റെ ഉപ്പുകൊണ്ട് വിഡ്ഢികൾക്ക് തങ്ങളുടെ രുചി നഷ്ടപ്പെടുന്നു. നമ്മുടെ സ്നാനവും നമ്മുടെ പാപമോചനവും നിലനിൽക്കുന്ന നാമങ്ങൾ അഴിച്ചുകളയാൻ ആർക്കാണ് കഴിയുക? നിന്റെ പാപമോചനത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.

4. സൃഷ്ടിയായ മനുഷ്യൻ അവന് ബാഹ്യമായിട്ടാണെന്നും എന്നാൽ അവന്റെ വചനം അവന്റെ ഉള്ളിലാണെന്നും പറയുക! മനുഷ്യൻ ദൈവസൃഷ്ടിയാണെന്നും തന്നിൽ നിന്നുതന്നെ ഉള്ളവനല്ലെന്നും പറയുക! എന്നാൽ അവന്റെ വചനം അവന്റെ പുത്രനാണ്, സ്വരത്തിന്റെ വചനമല്ല; പിന്നെയോ, എല്ലാം വിളംബരം ചെയ്യാൻ കഴിവുള്ള വചനമാണ്. എന്നാൽ ഈ വചനത്തെ വിളംബരം ചെയ്യാൻ നമ്മുടെ വചനം അശക്തമാണ്. നിന്റെ നിഗൂഢതയ്ക്ക് സ്തുതിയുണ്ടായിരിക്കട്ടെ.

5. കഥയില്ലാത്ത പണ്ഡിതനേ, എത്ര വഴിപിഴച്ചതാണ് നിന്റെ പ്രബോധനം! പിതാവ് തന്റെ പുത്രനെ വെറുക്കാതെ സാക്ഷിച്ചെങ്കിൽ, പുത്രൻ തന്റെ പിതാവിനെ ഭയലേശമെന്യേ ഏറ്റുപറഞ്ഞെങ്കിൽ, പൊട്ടച്ചെറുക്കാ, പുറപ്പെട്ടുപോയി പൊട്ടിക്കരയുക! കാരണം, അവർ സമ്പൂർണമായ ഐക്യത്തിലാണ്. നാമാകട്ടെ, വിഭജിതരാണ്. സ്വർഗം സമ്പൂർണ സമാധാനത്തിലാണ്, എന്നാൽ സഭകളിൽ വാളാണ്! നിന്റെ ശാന്തിക്ക് സ്തുതിയുണ്ടായിരിക്കട്ടെ.

6. നിന്റെ അന്വേഷണം ദൈവത്തിന് എന്ത് ഉപദ്രവമാണ് ചെയ്യുന്നത്? കാരണം, താൻ ജനിപ്പിച്ചെന്ന് സങ്കോചം കൂടാതെ അവിടുന്ന് അട്ടഹസിക്കുകയും താൻ പിതാവാണെന്ന് നിർലജ്ജം ഉച്ചത്തിൽ വിളിച്ചുപറയുകയും ചെയ്യുമ്പോൾ, എല്ലാറ്റിനും പ്രതികാരം ചെയ്യുന്നവനോട് പ്രതികാരം ചെയ്യാൻ ബലഹീനമർത്യാ, നീയാരാണ്? നിന്റെ നാവുകൊണ്ട് നിന്നെ കൊന്ന നിന്റെ പ്രതിയോഗിയോട്, പുറത്തുകടന്ന് പ്രതികാരം ചെയ്യുക. അവനെ കൊന്നവന് സ്തുതിയുണ്ടായിരിക്കട്ടെ.

7. ഒരിക്കലും കലങ്ങാത്ത പരിപാവനവും നിതാന്ത നിശ്ശബ്ദവുമായ രണ്ടു കടലുകളിലേക്ക് ഊളിയിട്ടിറങ്ങാൻ, വിഡ്ഢി എടുത്തുചാടി. കലങ്ങി

 www.malankaralibrary.com

മറിഞ്ഞവർ അവയുടെ തിരകളിൽ പ്രകാശിതരും തെളിഞ്ഞവരുമായിത്തീരും. കളങ്കമുള്ളവർ അതിന്റെ വേലിയേറ്റത്തിൽ സംശുദ്ധരും സുന്ദരരുമായിത്തീരും. എന്നാൽ ആരെങ്കിലും അവയെ പരിശോധിക്കാൻ മുതിർന്നാൽ, അവനെ അത് പുറത്തേക്ക് തുപ്പിക്കളയും. കാരണം, തന്റെ അന്വേഷണത്തിലൂടെ അവൻ ജഡമായിത്തീരും. നിന്റെ നീതിക്ക് സ്തുതിയുണ്ടായിരിക്കട്ടെ.

8. നിഗൂഢതയെ പരിശോധിക്കുന്നതിൽ നിന്ന് ആരാണ് പിന്തിരിയാത്തത്? ശ്ലീഹാ ക്യാൻസറെന്നു വിളിക്കുന്ന ഇതൊരു വ്രണമാണ്. തർക്കത്തോടുകൂടിയ അന്വേഷണമാണ് തകർച്ചകളുടെ ഉറവിടം. അവയിൽ വ്യാപരിക്കുന്ന വിഡ്ഢിക്ക് അവയിൽനിന്ന് പെട്ടെന്ന് ക്ലേശമുണ്ടാകും. അത് ആരംഭത്തിൽ മധുരമാകാം, എന്നാൽ അന്ത്യത്തിൽ കയ്പ്പുള്ളതായിരിക്കും. അതിന്റെ ശക്തി കെടുത്തിയവന് സ്തുതിയുണ്ടായിരിക്കട്ടെ.

9. നിഗൂഢവും ഉജ്ജ്വലവുമായ പ്രകാശത്തെ നോക്കാൻ നിന്റെ നയനങ്ങളെ ആരാണ് പ്രേരിപ്പിച്ചത്? അതിന്റെ ശോഭ ദർശിക്കാൻ മാലാഖമാർക്കുപോലും കഴിയുന്നില്ല. ഒരു സുഷിരത്തിലൂടെ എന്നവണ്ണം അൽപമൊന്ന് ഒളിഞ്ഞുനോക്കാൻ മോശ ആഗ്രഹിച്ചു. അന്വേഷണത്തിനല്ല അവൻ നോക്കിയത്. അതുകൊണ്ട് സന്തോഷപൂർവം ശോഭ അവന്റെ പക്കലേക്ക് വന്നു. എന്നാൽ അന്വേഷകരെ അത് അന്ധരാക്കി. നിന്റെ മഹനീയതയ്ക്ക് സ്തുതിയുണ്ടായിരിക്കട്ടെ.

10. പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും എല്ലായിടത്തും പ്രഘോഷിക്കുന്ന രണ്ട് ഉടമ്പടികളിലും ആരാണ് വിശ്വസിക്കാത്തത്? 'നിർമിക്കപ്പെട്ടവൻ', 'സൃഷ്ടിക്കപ്പെട്ടവൻ', 'രൂപീകരിക്കപ്പെട്ടവൻ' എന്നു തുടങ്ങിയ നാമങ്ങളാൽ അവർ ഒരിക്കലും വിളിക്കപ്പെട്ടിട്ടില്ല. സൃഷ്ടികളുടെ നാമങ്ങളുമായും അവയ്ക്ക് സാമ്യമില്ല. ഇപ്രകാരം അവിടുന്ന് തിരുമനസ്സായി, ഇപ്രകാരം അവൻ എഴുതി. അവിടുന്ന് ദൈവമാകയാൽ നാം അവനിൽ വിശ്വസിക്കുന്നത് ഉചിതമാണ്. തന്റെ കർതൃത്വത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.

11. ഗുരുക്കന്മാർ പഠിപ്പിക്കുന്നതുപോലെ പഠിക്കാൻ, അവർക്കു വിധേയരാകാത്തവൻ ആരാണ്? ഗുരുക്കന്മാരെ കടത്തിവെട്ടിയെന്ന് അവൻ കരുതാൻ ഇടയായാലോ? എല്ലാവരെയും പഠിപ്പിക്കുന്നവനേക്കാൾ പണ്ഡിതനായി ആരാണുള്ളത്? എല്ലാവരെയും സ്വതന്ത്രരാക്കുന്നവനേക്കാൾ രക്ഷിക്കുന്നവൻ ആരാണുള്ളത്? പരിശുദ്ധാത്മാവിനേക്കാൾ വെളിപ്പെടുത്തുന്നവൻ ആരാണുള്ളത്? നിന്റെ പ്രബോധനത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.

12. ഇനിയും താർക്കികവിഭാഗക്കാരുടെ വാദഗതി എന്താണ്? സത്യം അവരുടെ വാദങ്ങളെയെല്ലാം ബന്ധിച്ചിരിക്കുന്നു. ധിക്കാരിയായ താർക്കി

കൻ താഴെപ്പറയുന്ന മൂന്നിലൊന്നാണ്: ഒന്നുകിൽ അവൻ അവിശ്വാസി ആയിരിക്കും. അല്ലെങ്കിൽ വഞ്ചകനായിരിക്കും. അതുമല്ലെങ്കിൽ അറിവില്ലാത്തവനായിരിക്കും. താർക്കികർ വഴിമുട്ടിനിൽക്കും, വിശ്വാസികൾ തലയുയർത്തിനിൽക്കും. നിന്റെ വിജയത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.

13. വായാടികളുടെ ഭാഗത്ത് ഇനിയെന്താണുള്ളത്? അവർ പറയുന്നതുപോലെ ഞാൻ പറയാം: ഒരാൾ നുണ പറയുകയാണെങ്കിലും, അതിനെ ജയിക്കാനാകും. കാരണം, ഒന്നുകിൽ ബലഹീനതയാലാണ് ജനിപ്പിക്കാൻ കഴിയാത്തത്. അവൻ തന്റെ ബലഹീനത മറച്ചുവച്ച് താൻ ജനകനാണെന്ന് നമ്മെ വിശ്വസിപ്പിച്ചു. അല്ലെങ്കിൽ അവനു കഴിഞ്ഞു, അവൻ ജനിപ്പിച്ചു. രണ്ടിലും നമ്മുടെ വിഭാഗത്തിനാണ് വിജയകിരീടം.

14. വീണ്ടും, അവിടുന്ന് നമുക്കായി എഴുതിയതിനോട് നാം എന്തിനാണ് പുതിയ സത്യം കൂട്ടിച്ചേർക്കുന്നത്? എന്റെ സഹോദരങ്ങളേ, നാം കൂട്ടിച്ചേർത്ത നാമങ്ങൾ താർക്കികർക്ക് എല്ലാ നിന്ദ്യമായ കൂട്ടിച്ചേർക്കലുകൾക്കും അവസരമായിത്തീർന്നു. നീ അന്വേഷണം കൂട്ടിച്ചേർക്കുമ്പോൾ, കലഹം കൂട്ടിച്ചേർക്കുന്നു. എഴുതിയിരിക്കുന്നത് ഉദ്ധരിക്കുക മാത്രം ചെയ്താൽ, വഴിതെറ്റിയവരെ നീ ശാന്തരാക്കും. നിന്റെ പ്രശാന്തതയ്ക്ക് സ്തുതിയുണ്ടായിരിക്കട്ടെ.

15. ഞങ്ങളുടെ കർത്താവേ, എന്റെ നാളുകളിൽ നിന്റെ സഭകളിൽ ശാന്തി പുലർത്തണമെ. എന്റെ കർത്താവേ, കലഹിക്കുന്ന വിഭാഗങ്ങളെ യോജിപ്പിച്ച് കൂട്ടിയിണക്കണമെ. കലഹിക്കുന്ന വിഭാഗങ്ങളെ സമാധാനപൂർണരാക്കി രഞ്ജിപ്പിക്കണമെ. എല്ലാവരിൽനിന്നും ഒരു സഭ, ഒരേഒരു സഭ, ആയിത്തീരട്ടെ. നിന്റെ കൃപയെ പ്രകീർത്തിക്കാൻ, അവളുടെ നീതി നിറഞ്ഞ മക്കൾ അവളുടെ മടിത്തട്ടിൽ ഒന്നിച്ചുകൂടട്ടെ. നിന്റെ അനുരഞ്ജനത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.

# 53

## “ബർദൈസാന്റെ കൂട്ടങ്ങൾ” എന്ന രീതി

1. ഉന്നതകാര്യങ്ങൾ എഴുതാനും താഴെയുള്ളവ വരച്ചുകാട്ടാനും സൃഷ്ടികളെപ്പറ്റി എഴുതാനും, ദണ്ഡുകളെപ്പറ്റിയും സാധാരണസ്ത്രീകൾ ദൂദായിപ്പഴത്തെപ്പറ്റി നടത്തിയ സംഭാഷണം പോലും വിടാതെ എല്ലാം ഉൾപ്പെടുത്തി, പരിശുദ്ധാത്മാവിനാൽ എഴുതി വാഗ്ദാനപേടകത്തിൽ വയ്ക്കാനും തിരുമനസ്സായ നീതിമാനെപ്പറ്റി ആരാണ് അത്ഭുതചകിതരാകാത്തത്?[48]

48. ഉല്പ.30,14-16.37

 www.malankaralibrary.com

*പ്രതിസ്തോത്രം: നിന്റെ പ്രബോധനത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.*

2. ധരയിൽ ദൂഷണവും ലോകത്തിൽ കലഹവും ചന്തസ്ഥലങ്ങളിൽ തർക്കവും യോഗങ്ങളിൽ പിളർപ്പുകളും സഭകൾക്കുള്ളിൽ വാളും കഠാരയും ഉള്ളപ്പോൾ ആരാണ് ഭയപ്പെടാത്തത്? സ്ത്രീകൾ സ്ത്രീകളുടെ മേലും പുരുഷന്മാർ തങ്ങളുടെ സ്നേഹിതന്മാരുടെ മേലും വൈദികസ്ഥാനികൾ നേതാക്കന്മാരുടെ മേലും കടന്നാക്രമണം നടത്തുന്നു. ലോകം മുഴുവൻ വിപ്ലവത്തിലാണ്!

3. മിക്കപ്പോഴും ഭൂമി കുലുങ്ങുമെങ്കിലും വീണ്ടും സ്വസ്തമാകുന്നു. എന്നാൽ സഭയിലെ അസ്വസ്തതകളും കലഹങ്ങളും ശമിക്കുന്നില്ല. തിരമാലകളും പ്രളയജലവും കടലിൽ അടിഞ്ഞ് അവസാനിക്കുന്നു. എന്നാൽ വിഡ്ഢികളും താർക്കികരും കരയിൽ ഗർജ്ജിക്കുന്നു. ഇവ ഗ്രഹിച്ചാൽ കരയാത്തവൻ ആരുണ്ട്? നാവികർക്കു ഭാഗ്യം, പണ്ഡിതർക്ക് ഹാ, കഷ്ടം!

4. നമ്മുടെ കലഹം കാരുണ്യവാന് പ്രീതികരമാണോ? അങ്ങനെയല്ല! അങ്ങനെ സംഭവിക്കാതിരിക്കട്ടെ. എന്നാൽ സാത്താൻ നമ്മെ അവഹേളിക്കുകയും പന്താടുകയും ചെയ്യുന്നെങ്കിൽ, 'സൃഷ്ടി' എന്ന് വ്യക്തമായും സ്പഷ്ടമായും എഴുതിക്കൊണ്ട്, എന്തുകൊണ്ടാണ് നല്ലവൻ ദൃഢമായി വഴി ഉറപ്പിക്കാഞ്ഞത്? സാക്ഷ്യങ്ങൾ വർദ്ധിക്കാനായി രണ്ടോ മൂന്നോ പ്രാവശ്യം എന്തുകൊണ്ടാണ് ആവർത്തിക്കാഞ്ഞത്?

5. അവിടുന്ന് സത്യദൈവമാണ്. അവന് വഴിതെറ്റിപ്പോകുന്നില്ല; അവൻ മനുഷ്യരെ തെറ്റിലേക്ക് നയിക്കുന്നില്ല. അവൻ നല്ലവനും നീതിമാനുമാണ്. അവൻ തന്റെ പ്രബോധനംവഴി നമ്മെ എത്ര തവണ സംശുദ്ധരാക്കി! തെറ്റില്ലാത്ത ഒരു പാത സത്യവാന്മാർക്കായി തെളിച്ചു. കൂടാതെ, കുരുടനെ വഴി തെറ്റിക്കുന്നവന് ശാപവും കൂട്ടിച്ചേർത്തിരിക്കുന്നു.[49]

6. മരുന്നുകൾപോലെ വേർതിരിച്ചറിയാവുന്ന ശബ്ദത്തിലാണ് എഴുതപ്പെട്ടിരിക്കുന്നത്. അവ വ്യത്യസ്തങ്ങളാണെങ്കിലും യോജിച്ചിരിക്കുന്നു. സുഖപ്രാപ്തിയിലുള്ള പ്രതീക്ഷയിൽ എല്ലാം ചേർത്തുവയ്ക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു. എന്നാൽ അവയുടെ ഗുണം അറിയാത്തവർ അതുകൊണ്ട് കൊല്ലുന്നു. അവയുടെ ഗുണം അറിയാവുന്നവർ അതുകൊണ്ട് വിജയിക്കുന്നു.

7. മരുന്നുകളുടെ ഈ താരതമ്യത്തിൽനിന്ന് തിരുലിഖിതങ്ങളെപ്പറ്റി ഒരാശയം രൂപീകരിക്കുക. എന്തുകൊണ്ടെന്നാൽ, മരുന്നുകളെപ്പറ്റി വളരെ അജ്ഞരായ ആൾക്കാരുണ്ട്. അതുപോലെ തിരുലിഖിത വായനകൾക്ക് വളരെ പിന്നോക്കം നിൽക്കുന്നവരുമുണ്ട്. വിഡ്ഢികളായ പണ്ഡിതമ്മന്യ

49. ആവ.27,18

www.malankaralibrary.com

ന്മാരുടെ വായിൽ അവയുടെ വാക്കുകൾ പരസ്പരവിരുദ്ധങ്ങളാണ്. തിരുലിഖിതം ഉടനീളം ശാന്തി നിറഞ്ഞതാണ്. എന്നാൽ പണ്ഡിതർ അമ്പരപ്പിലാണ്.

8. സാക്ഷ്യമനുസരിച്ചു പ്രവർത്തിക്കണം എന്നല്ലാതെ മറ്റെന്താണ് ചെയ്യാനുള്ളത്? എന്നാൽ ഒരു സാക്ഷ്യം മാത്രം പോരാ. അങ്ങനെ സ്വീകരിക്കാനല്ല നീതിമാൻ  പറഞ്ഞിരിക്കുന്നത്. പിന്നെയോ, മൂന്നു സാക്ഷികളുടെ വാക്കുകളാൽ വിധി പ്രസ്താവിക്കപ്പെടണം എന്നത്രേ.[50] നീതിയുടെ മഹാന്യായാധിപനെ സമീപിച്ച് ഒരോ വിഭാഗവും താന്താങ്ങളുടെ സാക്ഷ്യം അവതരിപ്പിക്കട്ടെ.

9. കാര്യം നിനക്ക് വ്യക്തമാക്കാനായി നമ്മുടെ കർത്താവിന്റെ ബലഹീനകാര്യങ്ങളും മഹോന്നതകാര്യങ്ങളും പ്രഘോഷിക്കുന്ന പദപ്രയോഗങ്ങൾ അവയുടെ വഴിക്ക് വിട്ടേക്കാം. കേൾക്കുന്നവയിൽ ചിലത് തന്റെ മനുഷ്യത്വത്തെപ്പറ്റിയും മറ്റുചിലത് തന്റെ ദൈവത്വത്തെപ്പറ്റിയുമാണ്. നമുക്ക് വ്യാഖ്യാനങ്ങളൊക്കെ മാറ്റിവച്ചിട്ട്, 'പുത്രൻ', 'സൃഷ്ടി', എന്നീ വാക്കുകൾ സ്പഷ്ടമായും വ്യക്തമായും പരിശോധിക്കാം.

10. സോളമൻ ചൂഴ്ന്നിറങ്ങി അവനെ 'സൃഷ്ടി' എന്നും 'നിർമിതവസ്തു' എന്നും വിളിച്ചിരിക്കുന്നതിനാൽ, അവൻ കലഹം ഇളക്കിവിട്ടിരിക്കുന്നെന്ന് തിരുലിഖിതപ്രവീണരും നിയമവിദഗ്ദ്ധരും പ്രവാചകരെ പരിചയമുള്ളവരും എന്ന നിലയിൽ അവർക്ക് നമ്മോട് പറയാവുന്നതാണ് (സുഭാ.8,22). അങ്ങനെ സോളമൻ അവരുടെ കുതർക്കങ്ങളുടെ മഹാകലവറയായി.

11. തിരുലിഖിതത്തിൽ പരാമർശിക്കുന്ന എല്ലാ ബലഹീനസംഗതികളും നമ്മുടെ രക്ഷകന്റെ മനുഷ്യാവതാരത്തെ കുറിച്ചാണെന്ന് പാണ്ഡിത്യമില്ലാത്ത എന്നിൽനിന്ന് അവർ ചുരുക്കമായി കേൾക്കട്ടെ. എന്നാൽ കഴിയുമെങ്കിൽ, അവന്റെ മനുഷ്യസ്വഭാവത്തിന് അപ്പുറം കടക്കുക. അവൻ ഇവയേക്കാളെല്ലാം ഉപരിസ്ഥനാണെന്ന് അപ്പോൾ കാണാൻ കഴിയും.

12. മാനസ്സിക ചിറകുകൾ കൊണ്ടും ഭാവനയുടെ തൂവലുകൾ കൊണ്ടും അവിടുത്തെ പക്കലേക്ക് പറക്കുക. നിന്റെ ആത്മീയ നയനങ്ങൾ തുടച്ച് വൃത്തിയാക്കി പുത്രനെ കാണാനായി പറന്നുയരുക. അവനെ നിരീക്ഷിക്കുക, അവന്റെ പിതാവിനെയും നിരീക്ഷിക്കുക,. അവൻ പൂർണമായി തന്റെ ജനകനു തുല്യനാണെന്ന് കാണുക. കാരണം, പിതാവ് എല്ലാറ്റിൽ നിന്നും നിഗൂഢനാണ്. പുത്രൻ എല്ലാറ്റിൽ നിന്നും മറഞ്ഞിരിക്കുന്നു.

13. എത്ര പ്രാവശ്യം അവനെ 'പുത്രൻ' എന്നും 'ജനിച്ചവൻ' എന്നും വിളിച്ചിട്ടുണ്ടെന്ന് എണ്ണുക; അതുപോലെ അവനെ 'സൃഷ്ടി' എന്ന് എപ്പോളൊക്കെയാണ് വിളിച്ചിരിക്കുന്നതെന്നും കണക്കുകൂട്ടുക. വാക്കുകൾ എണ്ണി

---

50. ആവ.19,15–16


www.malankaralibrary.com

നോക്കുമ്പോൾ ഭൂരിഭാഗം നാമങ്ങളും ഏതിനാണെന്ന് വകതിരിവുള്ളവർക്ക് ബോധ്യമാകും. കാരണം, യഥാർഥനാമം എപ്പോഴും ആവർത്തിക്കപ്പെടുന്നെന്നും ചേർന്നുള്ള നാമം രണ്ടോ മൂന്നോ പ്രാവശ്യം മാത്രം വരുന്നെന്നും കാണാനാകും.

14. സോളമൻ അവനെ 'സൃഷ്ടി' എന്ന് വിളിച്ചത് ഒരു സുഭാഷിതഭാഗത്തു മാത്രമേയുള്ളു എന്ന് നാം പരിശോധിച്ച് കണ്ടെത്തി. പിതാവ് എല്ലാ അത്ഭുതങ്ങളിലും പ്രവാചകന്മാർ എല്ലാ വാക്കുകളിലും ശ്ലീഹന്മാർ എല്ലാ പ്രഘോഷണങ്ങളിലും പിശാചുക്കൾ എല്ലാ പിശാചുബാധിതരിലും അവനെ ഒരുപോലെ 'പുത്രൻ' എന്ന് വിളിക്കുന്നെന്ന് നാം കണക്കെടുത്തിരിക്കുന്നു. അതിനൊരന്തവുമില്ല! ഇത് വിശ്വസിക്കാത്തവൻ ആരാണ്? കലഹപ്രിയരെ കുറ്റപ്പെടുത്താത്തവൻ ആരാണ്?

# 54

## "ബർദൈസാന്റെ കൂട്ടങ്ങൾ" എന്ന രീതി

1. സ്വർഗീയരാജാവിന്റെ പുത്രൻ ഭൂമിയിലേക്ക് താണിറങ്ങിവന്നപ്പോൾ അവനെ അറിഞ്ഞിട്ടില്ലാത്ത ജനം പിതാവ് പുത്രനെ സാക്ഷിച്ചതും പുത്രൻ പിതാവിനെ വിളിച്ചതും അവരുടെ സ്വരത്താൽ തിരിച്ചറിഞ്ഞു. അവിടുന്ന് കർത്താവാണെന്ന് തന്റെ വിനീതാവസ്ഥയിലും അവർ തിരിച്ചറിഞ്ഞു. എന്തുകൊണ്ടെന്നാൽ സമസ്തവും അവനെ ബഹുമാനിച്ചു. കടൽ അവന്റെ രഥവും വായു അവന്റെ വാഹനവുമായിരുന്നു!

*പ്രതിസ്തോത്രം: നിന്നെ അയച്ചവന് സ്തുതിയുണ്ടായിരിക്കട്ടെ.*

2. അവൻ ആരുടെ പുത്രനാണെന്ന് അവനെ ശുശ്രൂഷിച്ചവരിൽ നിന്ന് ഗ്രഹിക്കുക. കാരണം, അവന്റെ താഴ്ന്ന അവസ്ഥയിൽ പോലും തങ്ങളുടെ കർത്താവിന്റെ പ്രകാശപൂർണനായ പുത്രനെ അവർ താണിറങ്ങിവന്ന് ശുശ്രൂഷിച്ചു. ദാസികളോടെന്നപോലെ അവൻ സൃഷ്ടികൾക്ക് കൽപന കൊടുത്തു. നിശ്ശബ്ദതയാൽ എല്ലാം നിയന്ത്രിക്കുന്ന തന്റെ പിതാവിനെപ്പോലെ, തന്റെ ആംഗ്യത്താൽ ദാസനെ എന്നവിധം അവൻ ലോകത്തെ ഭരിക്കുന്നു.[51]

3. കർത്താവ് എന്ന നിലയിൽ അവിടുന്ന് തന്റെ വീട്ടുവേലക്കാരെ ഉയർത്തി. എന്നാൽ വിഡ്ഢികൾ തങ്ങളെത്തന്നെ നിന്ദിക്കുകയും വീണ് മലിനരായി തീരുകയും ചെയ്തു. അപ്പോൾ അവൻ താണിറങ്ങിവന്ന് മാലി

51. മത്താ.4,11;8,26

www.malankaralibrary.com

നൃത്തിൽനിന്ന് അവരെ വലിച്ചുകയറ്റി. നമ്മുടെ മാലിന്യം അവന്റെ വസ്ത്രത്തിൽ കണ്ടതിനാൽ, തെറ്റിനു വഴിതെറ്റി. ശുദ്ധീകരിക്കാനാണ് അവിടുന്ന് മാലിന്യം സ്പർശിച്ചതെന്ന് വിജ്ഞാനം മാത്രം അറിഞ്ഞു.

4. അവന്റെ ഈ കരുതലാൽ അവൻ രാജകുമാരൻ ആണെന്ന് തിരിച്ചറിയപ്പെട്ടു. നല്ല അവകാശി എന്ന നിലയിൽ തന്റെ പിതൃഭവനത്തെപ്പറ്റി അവൻ കരുതലുള്ളവനായിരുന്നു. ദാസൻ രോഗഗ്രസ്തനായി കിടക്കുന്നത് കണ്ട്, അവനെ അവൻ സുഖപ്പെടുത്തി എഴുന്നേൽപ്പിച്ചു. ദാസി രോഗഗ്രസ്തയായി കിടക്കുന്നതു കണ്ട് അവളുടെ പനിയെ ശാസിച്ചു. അപ്പമില്ലെന്നു കണ്ട് തന്റെ ഭവനാംഗങ്ങളെ അവൻ തൃപ്തിപ്പെടുത്തി. അവനെ അയച്ചവനെ അവർ പ്രകീർത്തിച്ചു.[52]

5. തന്റെ ദാസനും ദാസിയും ഉൾപ്പെടെ മനുഷ്യരെ സ്നേഹിക്കുന്നവനെ ആരാണ് സ്നേഹിക്കാത്തത്? അവർ അവനെ ക്ഷണിച്ചു. അവൻ അത് നിഷേധിച്ചില്ല. അവൻ വിരുന്നിനെത്തി തന്റെ മഹനീയതയാൽ അവരെ സന്തോഷിപ്പിക്കുകയും പാത്രങ്ങളിലുള്ള വീഞ്ഞിലൂടെ തന്റെ സമ്മാനം നൽകുകയും ചെയ്തു. കാരണം, തന്റെ രാജ്യത്തിലെ നിക്ഷേപം അവനെ അനുഗമിച്ചിരുന്നു.[53]

6. ഭയക്കാതെയും തന്റെ ശരീരത്തെ വിശുദ്ധിയിൽ കാത്തുസൂക്ഷിക്കാതെയും കഴിയുന്നത് ആരാണ്? അവൻ തന്റെ പിതൃഭവനത്തിൽ, ആ മഹാദൈവാലയത്തിൽ കടന്നുചെന്നപ്പോൾ, ദൈവാലയത്തെ നിസ്സാരമാക്കി പ്രത്യാശാരഹിതരായി കഴിഞ്ഞവരെ കയറുകൊണ്ട് ചമ്മട്ടിയുണ്ടാക്കി ഓടിച്ചു. ജറുസലേമിന് അവൻ ഉപേക്ഷച്ചീട്ടു നൽകുകയും മുന്തിരിത്തോട്ടം പണിക്കാരിൽ നിന്നെടുത്തു മാറ്റുകയും ചെയ്തു.[54]

7. ആരാണ് ഭയക്കാത്തത്? തനിക്കു ലഭിച്ച താലന്ത് ഇരട്ടിയാക്കിയ കച്ചവടക്കാരനെ പ്രകീർത്തിക്കുകയും, എന്നാൽ ഭവനത്തിൽ പെട്ട ദാസരെ ഉപദ്രവിക്കുകയും സഹദാസരെ മർദിക്കുകയും ചെയ്ത ദുഷ്ടനും നീചനുമായ ദാസനെ പീഡനത്തിന് ഏൽപ്പിക്കുകയും 'യേശുവേ, ഞങ്ങൾക്കും നിനക്കും തമ്മിലെന്ത്'എന്ന് പൈശാചികാധരത്തിലൂടെ ഉച്ചത്തിൽ അലറിയ ദുഷ്ടാത്മാവിനെ ശാസിക്കുകയും ചെയ്തവനെ ആരാണ് സ്നേഹിക്കാത്തത്?[55]

8. നല്ലവനായ കർത്താവ് ദുഃഖിച്ചെന്നും വിവശനായെന്നും നമ്മുടെ ബലഹീനത ധരിച്ചെന്നും എഴുതപ്പെട്ടിരിക്കുന്നു. അതിനുപകരം നമ്മെ തന്റെ

52. മത്താ.9,2;8,14;14,13–21

53. യോഹ.2,1–11

54. യോഹ.2,14–17;മത്താ.21,41

55. മത്താ.25,14–23;18,23–35; മർക്കോ.1,24


www.malankaralibrary.com

മഹനീയതയുടെ നാമങ്ങളാൽ അവൻ വസ്ത്രം ധരിപ്പിച്ചു.[56] നമ്മിൽ നിന്നുള്ളവ കണ്ടിട്ട് അവ തന്റേതാണെന്ന് വിഡ്ഢികൾ കരുതി. അവർ കുറ്റപ്പെടുത്തപ്പെട്ടെങ്കിലും തന്റേത് നമ്മുടേതുകൂടെ ആയി എന്ന് ചിന്തിക്കാൻപോലും അപ്പോഴും അവർക്കു തോന്നിയില്ല.

9. സത്യശ്രോതാക്കൾ സ്നേഹത്തിൽ അവനുചുറ്റും കൂടിയപ്പോൾ, അവന്റെ വാക്കുകളെക്കുറിച്ച് വിധി പ്രസ്താവിച്ചില്ല. സംശയഗ്രസ്തർ വഞ്ചനാപൂർവം അവനെ വാക്കിൽ കുടുക്കാൻ പതിയിരുന്നു. എന്നാൽ അമ്പിൻ മുനയെ കഥപറഞ്ഞ് കീഴടക്കാൻ ശ്രമിക്കുന്നതു പോലെയാണ് അവരുടെ നിന്ദ്യമായ കലഹം.

10. നമ്മുടെ കർത്താവ് സംസാരിച്ചു: സംശുദ്ധർ പ്രശോഭിതരായി; അശുദ്ധർ ഇരുണ്ടുപോയി; സാധാരണക്കാർ കേട്ടുവിശ്വസിച്ചു. സൂത്രക്കാർ കേട്ടിട്ട് 'ഈ മനുഷ്യന് തന്റെ ശരീരം നമുക്കു നൽകാൻ എങ്ങനെ കഴിയും?' എന്ന് തർക്കിച്ചു.[57] അവരുടെ തർക്കം ജീവൗഷധത്തിൽ നിന്ന് അവരെ അകറ്റിനിർത്തി. ഞങ്ങളുടെ തർക്കം ഞങ്ങളുടെ വിശ്വാസത്തെ അപഹരിക്കാതിരിക്കട്ടെ.

11. ദൈവചനത്തെ പരിശോധനാതീച്ചൂളയിൽ പരിശോധിക്കാൻ നമുക്കവകാശമില്ല. ശിഷ്യരെ നോക്കുക, അവിശ്വാസികളെ നോക്കുക. സംശുദ്ധർ വിശ്വസിക്കുമ്പോൾ ഭ്രാന്തന്മാർ തർക്കിക്കുന്നു. പുത്രന് അമ്പതുവയസ്സു പോലുമില്ലെന്ന് അവർ കരുതി. അവർക്കൊരിക്കലും അവന്റെ ആയുസ് ഗ്രഹിക്കാനാവില്ല.[58]

12. അതുകൊണ്ട്, നമുക്ക് ഇപ്രകാരം ചുരുക്കിപ്പറയാം: പരിശോധനയെല്ലാം ഇടതിന്റേതാണ്. കാരണം, ഇടത്തുഭാഗത്ത് ക്രൂശിക്കപ്പെട്ട കള്ളനും അന്വേഷണം നടത്തി. അവന്റെ ചോദ്യത്തിലൂടെ താർക്കികരുടെ ധിക്കാരം നാം ഗ്രഹിക്കേണ്ടതാണ്. ക്രൂശിക്കപ്പെട്ട് തകർക്കപ്പെടുമ്പോഴും തന്റെ കർത്താവിനെ പരിശോധിച്ച പ്രത്യാശാരഹിതനായ മനുഷ്യനാണു നീ![59]

13. വലത്തുഭാഗത്ത് ക്രൂശിക്കപ്പെട്ട കള്ളനെപ്പറ്റി ആരാണ് അത്ഭുതപ്പെടാത്തത്? അവിടുന്ന് ദൈവപുത്രനാണെന്ന് കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ട് അവൻ കാണുകയും വിശ്വസിക്കുകയും ചെയ്തു. അവൻ മഹത്വത്തിലേക്കു കരേറി പിതൃവലഭാഗത്തിരിക്കുന്നെന്ന് നാം വിശ്വസിക്കുന്നു. ക്രൂശിക്കപ്പെട്ടവൻ ആ കള്ളനെ ബോധ്യപ്പെടുത്തി, എന്നാൽ അവനെ വഹിച്ച ക്രോബകൾക്കുപോലും നമ്മെ ബോധ്യപ്പെടുത്താനായില്ല.[60]

56. യോഹ.4,6
57.യോഹ.6,52
58.യോഹ.8,57
59. ലൂ.23,39
60. ലൂ. 23,40

www.malankaralibrary.com

# 55

## “ബർദൈസാന്റെ കൂട്ടങ്ങൾ” എന്ന രീതി

1. എന്റെ മകനേ, തങ്ങളുടെ ഉത്ഭവത്തിൽ പരസ്പരസാമ്യം ഇല്ലാത്ത സ്വഭാവങ്ങളെ ആരാണ് താരതമ്യപ്പെടുത്തി വിവരിക്കുന്നത്? എല്ലാം സൃഷ്ടിച്ചവന്റെ സ്വഭാവം ഇവയിൽ നിന്നെല്ലാം വ്യത്യസ്തമാണ്. കാരണം, നയനങ്ങൾക്ക് ദൃശ്യമാണെങ്കിലും അഗ്നിയുടെ ഉത്ഭവം വ്യക്തമാക്കാൻ വിഷമമാണെങ്കിൽ, നമ്മുടെ നിർമാതാവിന്റെ ഫലവും നമ്മുടെ സ്രഷ്ടാവിന്റെ പുത്രനും എത്രയധികമായി നമുക്ക് നിഗൂഢമായിരിക്കും?

*പ്രതിസ്തോത്രം: നിന്റെ നിഗൂഢതയ്ക്ക് സ്തുതിയുണ്ടായിരിക്കട്ടെ.*

2. കാരണം, എല്ലാറ്റിന്റെയും സ്ഥാപകനെപ്പറ്റി ചർച്ചചെയ്യാൻ ആഗ്രഹിക്കുന്നവൻ, ആദ്യമായി എല്ലാ സൃഷ്ടപ്രകൃതികളെപ്പറ്റിയും ചർച്ച ചെയ്തിരിക്കണം. നമുക്ക് അവന്റെ ഔന്നത്യം മാറ്റി വച്ചിട്ട്, തന്റെ രഥത്തെപ്പറ്റി സംസാരിക്കാം. അത് എപ്രകാരമാണെന്ന് വിഭാവന ചെയ്യാം. അതിന്റെ സജീവചാടുകളും വിശദമാക്കാം. അതിലെ ജീവികൾക്ക് സംസാരശക്തിയുണ്ടോ എന്നും ആരായാം.

3. വായു അടിത്തറയായും കാറ്റ് പാതയായും സജ്ജീകരിക്കപ്പെട്ടിരിക്കുന്ന രഥം ആരെങ്കിലും കണ്ടിട്ടുണ്ടോ? ഇതാ, ഇടംവലം തിരിയാതെ അത് നേരേ മുമ്പോട്ട് നീങ്ങുന്നു. കാരണം, നാലുവശത്തും അതിന് നാല് തലകളുണ്ട്. സിംഹാസനം സംബന്ധിച്ച ഒരു ചോദ്യമുയരുന്നു. കാരണം, അതിന്റെ മുഖവും ദർശനവും ഒരേ ദിശയിലേക്ക് മാത്രം തിരിഞ്ഞിരിക്കുന്നു.[61]

4. മനുഷ്യനെപ്പോലെ ഒരാളെ  ബൂസിയുടെ മകൻ സിംഹാസനത്തിൽ ദർശിച്ചു. രഥം ഇടംവലം തിരിഞ്ഞില്ല. അതുകൊണ്ട്, എല്ലാവശങ്ങളും പരിശോധിക്കാൻ സിംഹാസനം തന്നെയാണോ അതിന്റെ സ്ഥാനം മാറ്റിക്കൊണ്ടിരിക്കുന്നത്? എന്നാൽ സിംഹാസനം തന്നെ അത്ഭുതമാണെങ്കിൽ, അതിൽ ഇരിക്കുന്ന ഈറയനെപ്പറ്റി ആർക്ക് എന്തു പറയാൻ കഴിയും?[62]

5. അഗ്നിയും ആത്മാവുമാകുന്ന ഗബ്രിയേലിന്റെ രൂപവും മിഖായേലിന്റെ ആകൃതിയും ഉൾപ്പെടെ സ്വർഗീയ ജീവികളുടെ സ്വഭാവം നമ്മെ കാണിച്ച് സംസാരിക്കൂ. എന്തുകൊണ്ടാണ് അഗ്നി കാണപ്പെടുന്നത്? എന്തുകൊണ്ടാണ് ആത്മാവ് ശ്വസിക്കുന്നത്? അവർ നീളം കൂടിയവരോ, കുറഞ്ഞവരോ? അവരുടെ നിറമെന്താണ്? അവരുടെ സ്പർശനം? നീ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ  കാണിക്കുക.

---

61. എസ.1,6–14

62. എസ.1,26 (=ക്രിസ്തു)


www.malankaralibrary.com

6. വന്നു നമ്മോടു വിവരിക്കാൻ, പരിശോധനയ്ക്കായി ലോകത്തിനു പുറത്തും അതിനപ്പുറത്തും ആരാണ് പോയിട്ടുള്ളത്? വളരെ വിസ്തൃതമായി അനന്തമായിട്ടാണ് അത് കിടക്കുന്നതെങ്കിൽ, അതിന്റെ വിസ്തൃതിയാൽ നിന്നെ അന്ധാളിപ്പിക്കാൻ, മനസ്സുകൊണ്ട് അതിനെ അളക്കുക. എല്ലാം അളന്നവൻ ഒരുവൻ മാത്രം. അവനെ ആർക്കും അളക്കാനാവില്ല. അവൻ എല്ലാം ഉൾക്കൊള്ളുന്നു, എന്നാൽ അവനെ യാതൊന്നും പരിമിതപ്പെടുത്തുന്നില്ല.

7. സത്തയെ സംബന്ധിച്ചവയ്ക്ക് ഹാനികരമാകുന്നവ സ്വഭാവം ആഗ്രഹിക്കുന്നില്ല! അത് അവന്റെ മഹത്വത്തിന് ഉചിതമാണ്. എല്ലാം അവനിലൂടെ ആണെങ്കിലും ഏകസത്ത അവനിലൂടെയല്ല. അത് അവന്റെ സ്തുതിക്കുചിതമാണ്. അവന്റെ ഇച്ഛയേക്കാൾ ഉന്നതമായി ഒന്നുമില്ല. അതുമാത്രം ഉന്നതമാണ്. അത് അതിന്റെ കിരീടത്തിന് ഉചിതമാണ്.

8. ഇവയെല്ലാം പ്രസ്താവിക്കാൻ  അസാധ്യമാണ്. എന്നാൽ പ്രസ്താവിക്കേണ്ട ആവശ്യം നേരിട്ടാൽ, പ്രസ്താവിക്കാനോ പ്രകടിപ്പിക്കാനോ കഴിയാത്ത അദൃശ്യനെപ്പറ്റി പ്രസ്താവിക്കാനല്ല, പിന്നെയോ, അന്വേഷിക്കുന്നവർക്ക് അതിർവരമ്പുകൾ ചൂണ്ടിക്കാണിക്കാനാണ് ഞാൻ ആഗ്രഹിച്ചത്. അവൻ എങ്ങനെ ഉണ്ടായി എന്ന് അവനെപ്പറ്റിയുള്ള അന്വേഷണം നമുക്ക് അപ്രാപ്യമെങ്കിൽ, തന്റെ സത്തയുടെ അന്വേഷണം നമ്മിൽ നിന്ന് എത്രയകലെ  ആയിരിക്കും!

9. എന്റെ വാത്സല്യവാനേ, ഇല്ലാത്തതിനെപ്പറ്റി അന്വേഷിക്കാനോ, കണ്ടെത്താനോ ആർക്കാണ് സാധിക്കുക? അതുപോലെ, ആ അസ്തിത്വത്തെപ്പറ്റി അന്വേഷിക്കാനും പ്രയാസമാണ്, അസാധ്യവുമാണ്. എന്റെ മകനേ, അവനെപ്പറ്റിയുള്ള അന്വേഷണത്തിൽ നീ എത്ര പരിമിതനാണെന്നു കാണുക. കാരണം, ഇല്ലായ്മ യഥാർഥ അസ്തിത്വത്തിന് സാക്ഷ്യം വഹിക്കുന്നു. അങ്ങനെ അതേപ്പറ്റിയുള്ള  അന്വേഷണം  പൂർത്തീകരിക്കാനാവില്ല.

10. ഒന്നുമില്ലാതിരുന്നപ്പോൾ അസ്തിത്വമുണ്ടായിരുന്നതും എന്നാൽ എങ്ങനെ സ്ഥിതിചെയ്തിരുന്നു എന്നതിന് തെളിവില്ലാതിരുന്നതുമായ ആദ്യസത്തയെ നാം നോക്കുമ്പോഴെല്ലാം നമ്മുടെ അന്ധാളിപ്പ് എന്താണെന്ന് ഇതിൽ നിന്നുതന്നെ നമുക്ക് പഠിക്കാം. അവനെപ്പറ്റി അന്വേഷിക്കാൻ മുതിരുമ്പോഴെല്ലാം നമുക്ക് മറ്റൊരമ്പരപ്പുണ്ടാകുന്നു: അവൻ എങ്ങനെ നിത്യതയിൽ ജനിപ്പിച്ചു എന്നത് ഒരിക്കലും ഗ്രഹിക്കാനാവില്ല.

11. അവനെപ്പറ്റിത്തന്നെ നമുക്ക് സംസാരിക്കാം. കാരണം, അവന്റെ സത്ത ഏററുപറയെണ്ടത് ആവശ്യമാണ്. അതുപോലെ, അത് എല്ലാ തെളി

വുകൾക്കും ഉപരിസ്ഥമാണ്. തെളിവിനുള്ള സാധ്യതയില്ലാത്ത ആവശ്യമാണ ത്. അവന്റെ പിതൃത്വം എല്ലാ തെളിവുകൾക്കും ഉപരിസ്ഥമാകയാൽ, തർക്കമോ അന്വേഷണമോ കൂടാതെ അവന്റെ പിതൃത്വം പ്രകീർത്തിക്കേണ്ട തുണ്ട്. എന്തുകൊണ്ടെന്നാൽ അവന്റെ പിതൃത്വം അന്വേഷിക്കുന്നതിന്, അ വന്റെ സത്ത നേരത്തെതന്നെ അന്വേഷിച്ചിരിക്കണം.

12. നിശ്ശബ്ദതയിൽ രണ്ടും ബഹുമാനിക്കാത്തതാരാണ്? കാരണം, അവ എല്ലാറ്റിൽ നിന്നും മറഞ്ഞിരിക്കുന്നു, അവ ഒന്നുചേർന്നു പോകുന്നു. തർക്കത്തിൽ ഒന്നാണ്, വിജയത്തിലും ഒന്നാണ്! അവന്റെ പിതൃത്വം നന്മ നിറഞ്ഞതാണ്, അവന്റെ സത്ത ഭയജന്യമാണ്. കൈകളെപ്പോലെ അവ പരസ്പരം സഹായിക്കുന്നു. കാരണം, അവയുടെ കിരീടം ഒന്നുതന്നെ യാണ്.

13. എല്ലാ ഭാഷകളുടെയും കർത്താവിനെപ്പറ്റി എല്ലാ ഭാഷകളിലും പ്രഘോഷിക്കാൻ തക്കവിധം വാഗ്വിലാസമുള്ള ആരെങ്കിലും വാഗ്മികളുടെ കൂട്ടത്തിലുണ്ടോ? അവനെപ്പറ്റി പറയാൻ അവർക്ക് ഒരിക്കലും കഴിഞ്ഞിട്ടി ല്ല. നാമുമായി ബന്ധപ്പെട്ട് മാത്രമാണ് എന്തെങ്കിലും പറയാൻ കഴിയുന്നത്. അവിടുത്തെ സ്വഭാവം നമ്മുടേതാണ്! എന്നാൽ അവൻ മാത്രം ദാസനല്ല, കാരണം, തന്റെ പിതാവ് നിമിത്തം അവൻ കർത്താവാണ്.

# 56

## "ബർദൈസാന്റെ കൂട്ടങ്ങൾ" എന്ന രീതി

1. നിഷ്ക്കളങ്കമായി വിശ്വസിച്ച പൂർവപിതാക്കന്മാരെ ആരാണ് അനു കരിക്കാത്തത്? അവർ പരിശോധിക്കാനോ, ചൂഴ്ന്നിറങ്ങാനോ പോയില്ല. അവർ ദുഷ്ടതർക്കങ്ങൾ ദൂരെയകറ്റി. എന്നാൽ ദുഷ്ടൻ നമ്മുടെ ഹൃദയങ്ങൾ കഠി നമാക്കി. അത് ദൈവത്വത്തിലേക്ക് ഉയരാൻ കഴിയാതവണ്ണം ഭാരമുള്ളതാ യിത്തീർന്നു. വിശ്വസിക്കുകയും ജേതാക്കളായി തീരുകയും ചെയ്ത സാധാ രണക്കാരിൽ അത് സന്തോഷിക്കുന്നു.

*പ്രതിസ്തോത്രം: എല്ലാവരിൽ നിന്നും നിനക്ക് സ്തുതിയുണ്ടായിരി ക്കട്ടെ.*

2. എവിടെ ജലപ്രളയം എന്ന് വിഡ്ഢികൾ നോഹയെ കളിയാക്കി ക്കൊണ്ടിരുന്നു. നൂറുവർഷവും അവൻ എങ്ങനെ തന്റെ ഹൃദയത്തിൽ സംശ യങ്ങൾ അടക്കിവച്ച് നിശ്ശബ്ദനായിരുന്നു എന്നത് ആർക്ക് ഗ്രഹിക്കാനാവും? ദൈവനിഷേധികളെ കുറ്റപ്പെടുത്തിക്കൊണ്ട് അതെവിടെയാണെന്ന് അവൻ


www.malankaralibrary.com

ചോദ്യം ചെയ്തില്ല, തർക്കിച്ചുമില്ല. കാരണം, നൂറുവർഷങ്ങൾക്കുശേഷം അത് സംഭവിക്കുമെന്ന് അവന് വെളിപ്പെടുത്തപ്പെട്ടിരുന്നില്ല.

3. അബ്രഹാം വാഗ്ദാനത്തിന്റെ അവകാശിയായ തന്റെ വത്സലപുത്രനെ വരിഞ്ഞുകെട്ടി ബലിപീഠത്തിൽ കിടത്തിയത് ആശ്ചര്യത്തോടുകൂടെയല്ലാതെ കാണാൻ കഴിയുന്നവൻ ആരാണ്? അവൻ ചോദ്യം ചെയ്യുകയോ, പരിശോധിക്കുകയോ ചെയ്തില്ല. അവൻ തർക്കിച്ചില്ല, 'വാഗ്ദാനം എവിടെ?', 'കൃപാകടാക്ഷം എവിടെ?' എന്നൊന്നും ചോദിച്ചില്ല. അവൻ തന്റെ നാവടക്കി, തന്റെ വാളൂരി.[63]

4. ചോദ്യം ചെയ്യുന്നതിനും സംസാരിക്കുന്നതിനും അവസരമുണ്ടായിരുന്നിട്ടും അബ്രഹാം നിശ്ശബ്ദനായിരുന്നതിൽ അത്ഭുതപ്പെടാത്തവൻ ആരുണ്ട്? ആ വൃദ്ധൻ നിശ്ശബ്ദനായിരിക്കുകയും മരിക്കാൻ പോകുന്ന തന്റെ മകനെ കുറിച്ച് ചോദ്യം ചെയ്യാതിരിക്കുകയും ചെയ്തെങ്കിൽ, ആരിലൂടെ ഇസഹാക്ക് വീണ്ടെടുക്കപ്പെട്ടുവോ, ആ ദൈവപുത്രനെ പരിശോധിക്കാൻ മുതിരത്തക്കവിധം പ്രത്യാശ നശിച്ചവൻ ആരാണ്?

5. നിനക്കു വഴിതെറ്റി, അബ്രഹാമിനു സംസാരിക്കാൻ കഴിവില്ലാതിരുന്നു എന്ന് കരുതാതിരിക്കാൻ, അവൻ ഒരു വാഗ്മിയും ഒരു താർക്കികനുമായിരുന്നെന്ന് കണ്ട് ഗ്രഹിക്കുക. കാരണം, എല്ലാറ്റിന്റെയും ന്യായാധിപനോട് അമ്പതിനു പകരം പത്ത് എന്ന് താഴ്ത്തിക്കൊണ്ടുവന്ന് സോദോമിലെ ജനത്തെപ്രതി വാദിക്കാൻ അവൻ ലജ്ജിച്ചില്ല. അപ്പോൾ, അവന്റെ സംസാരം ഗുണകരമായി, അവന്റെ നിശ്ശബ്ദത വിജയപ്രദമായി.[64]

6. പ്രയോജനമുള്ളിടത്ത് അവൻ സംസാരിച്ചു. നിശ്ശബ്ദനായിരിക്കുകയാണ് മെച്ചമെന്ന് കണ്ടിടത്ത് അവൻ നിശ്ശബ്ദനായിരുന്നു. വിവേചനാപൂർവം അവൻ നിശ്ശബ്ദനായിരുന്നു, പ്രയോജനപ്രദമായി മറുപടി പറഞ്ഞു. അവൻ ബലഹീനനായിരുന്നെന്നും അവകാശം സ്ഥാപിച്ചെടുത്തില്ലെന്നും നീ കരുതാതിരിക്കാൻ, അവൻ നാലു രാജാക്കന്മാരെ പരാജയപ്പെടുത്തി, അവർ തട്ടിക്കൊണ്ടുപോയ സഹോദരപുത്രനെ വിടുവിച്ച് വിജയശ്രീലാളിതനായെന്നും കാണുക.[65]

7. പഴയനിയമത്തിൽ നിന്നു നമുക്ക് പഠിക്കാം. സത്യസന്തതികൾ തിരിച്ചറിവുള്ള സ്നേഹത്തോടുകൂടെ അതു കേൾക്കുകയും അതിന്റെ ദാതാവിൽ വിശ്വസിക്കുകയും അവൻ എഴുതിയവ സത്യമാണെന്ന് അംഗീകരിക്കുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ അത് പ്രയോജനപ്രദമായി കരു

63. ഉല്പ.22,10

64. ഉല്പ.18,24-32

65. ഉല്പ.14,9-12

www.malankaralibrary.com

തി. എന്നാൽ തെറ്റിന്റെ സന്തതികൾ കലഹതൽപര കാതുകളോടും നിന്ദി ക്കുന്ന വായ്കളോടും കൂടെയാണ് അവ ശ്രവിച്ചത്. അവർ അത് നിന്ദിച്ചതി നാൽ നിരസിക്കപ്പെട്ടു.

8. ദൈവത്തിൽ വിശ്വസിച്ചതിനാൽ, വിശ്വാസമുള്ളവർ ഒരിക്കലും തർക്കിക്കുകയോ, പരിശോധിക്കുകയോ ചെയ്തില്ലെന്ന് രണ്ട് ഉടമ്പടികളും നമ്മെ പഠിപ്പിക്കുന്നു. എന്നാൽ പണ്ഡിതരും താർക്കികരും വിശ്രാന്തിയി ല്ലാതെ വഴിപിഴച്ചവരാണ്. തിരുലിഖിതങ്ങൾ ശാന്തി നിറഞ്ഞവയാണ്; അവ രാകട്ടെ, രോഷാകുലരും. അവരുടെ തർക്കം അവരുടെ സ്വഭാവത്തിന്റെ ഭാ ഗമായി; അവരുടെ തുരുമ്പ് അവരെ വിരൂപരാക്കി.

9. മോശയെപ്രതി ആരാണ് ഭയക്കാത്തത്? കാരണം, 'പാറയ്ക്ക് വെള്ള മൊഴുക്കാനാകുമോ?' എന്ന് അല്പം സംശയിച്ച് ചഞ്ചലചിത്തനായതിനാൽ വാഗ്ദത്തനാട്ടിൽ കടക്കുന്നതിൽനിന്ന് അവൻ തടയപ്പെട്ടു.[66] അങ്ങനെയെ ങ്കിൽ, മഹനീയപുത്രനിൽ വിശ്വസിക്കാത്തവർക്ക് എങ്ങനെ ജീവനുള്ളവ രുടെ വാസസ്ഥലത്ത് കടക്കാനാകും?

10. സാങ്കേതിക വിദ്ഗ്ദ്ധരിൽനിന്ന് പ്രയോജനപ്രദമായ സംഗതി പഠി ക്കാം. അവരുടെ ജോലികളെപ്പറ്റി വിധിക്കാൻ വൈദഗ്ദ്ധ്യമില്ലാത്തവർക്ക് അനുവാദമില്ല. അവരെ അത് ഏൽപ്പിക്കാറുമില്ല; അവരുടെ ജോലികളെപ്പറ്റി വിധിപറയാൻ അവർക്ക് കഴിവുമില്ല. എല്ലാത്തരം കഴിവുകളും പരിശോധി ക്കുമ്പോൾ, തങ്ങളുടെ കഴിവിന് അതീതമായവയെപ്പറ്റി പറയാൻ ബലഹീ നർക്ക് കഴിവില്ല.

11. അപ്പോൾ, എല്ലാവരെയും വിധിക്കുന്നവന്റെ വാക്കുകളെ വിധിക്കാൻ ആർക്കാണ് കഴിയുക? എല്ലാവരെയും കുറ്റപ്പെടുത്തുന്ന സ്വരത്തെ കുറ്റപ്പെ ടുത്താൻ ആർക്കാണ് കഴിയുക? പരിശോധിക്കാതെതന്നെ അന്ധൻ മരുന്നു കളിൽ വിശ്വസിക്കുന്നു, തന്നെ കീറിമുറിക്കുമെങ്കിലും തന്റെ രോഗം സുഖ പ്പെടാൻ അവൻ കത്തിയെ വിശ്വസിക്കുന്നു. അവനെ കഠിനമായി വേദനിപ്പി ക്കുമെങ്കിലും ചുട്ടുപഴുത്ത ഇരുമ്പിലും അവൻ വിശ്വാസം അർപ്പിക്കുന്നു.

12. വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ എല്ലാവരും വിശ്വസിക്കുന്നു എന്ന തിൽ ആരാണ് അത്ഭുതപ്പെടാത്തത്? നാം ഭിഷഗ്വരന്മാരുടെ വാക്കുകളിൽ വിശ്വസിക്കുകയും ചോദ്യം ചെയ്യാതെയും തർക്കിക്കാതെയും അവരുടെ മരു ന്നുകൾ സ്വീകരിക്കുകയും ചെയ്യാൻ, അവർ വായിക്കുകയും ഉദ്ധരിക്കുകയും നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ദൈവപുത്രൻ ദൈവത്തിൽ നിന്നു ജനിച്ചവനാണെന്ന കാര്യം ദൈവികഗ്രന്ഥങ്ങൾക്ക് നമ്മെ ബോധ്യ പ്പെടുത്താൻ കഴിയുന്നില്ല!

66. സംഖ്യ 20,10-12; സങ്കീ.27,13


www.malankaralibrary.com

# 57

## "ബർദൈസാന്റെ കൂട്ടങ്ങൾ" എന്ന രീതി

1. അറിവിന്റെ ശേഖരം തന്നിൽ എവിടെ എങ്ങനെ ഒന്നിച്ചുചേർത്തു സംഭരിച്ചുവയ്ക്കുന്നെന്നും ആവർത്തനത്തിലൂടെ പുസ്തകങ്ങൾ ഹൃദയത്തിലാക്കാൻ കഴിയുന്നെന്നും ഓർമയിൽ അവ ഒന്നിച്ചുചേർത്തു വയ്ക്കുന്നെന്നും പരിചിന്തനത്തിലൂടെ അത് വർദ്ധിക്കുന്നെന്നും അശ്രദ്ധവഴി കുറഞ്ഞുപോകുന്നെന്നും ആര് അന്വേഷിക്കുകയും തന്റെ വിരലുകൾ കൊണ്ട് സ്പർശിച്ചറിയുകയും ചെയ്തിട്ടുണ്ട്? ഇവയെല്ലാം ആശ്ചര്യകരമത്രേ!

*പ്രതിസ്തോത്രം: നിന്റെ രാജ്യത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.*

2. തന്റെ ഉള്ളിലേക്കു കടന്ന് വിജ്ഞാനത്തിനു വേണ്ടിയുള്ള ഒരൊഴിഞ്ഞ ഇടം തന്റെ ഉള്ളിലുണ്ടെന്നും ആവശ്യത്തിലിരിക്കുന്ന ഒരാത്മാവുണ്ടെന്നും ഗ്രഹിക്കാൻ കഴിവുള്ളവൻ ആരാണ്? വികസിച്ച ഓർമശക്തി തുടർന്നും സ്വീകരിക്കുന്നെങ്കിലും അതിന് തികയുന്നില്ല. അത് നൽകുന്നെങ്കിലും കുറഞ്ഞുപോകുന്നില്ല എന്നത് ആശ്ചര്യകരംതന്നെ! എല്ലാം അതിനുള്ളിലാണ്, എന്നാൽ അതിനുള്ളിൽ ഒന്നുമില്ല.

3. തന്റെ സ്രഷ്ടാവിന്റെ ഛായയായ ഓർമശക്തിയുടെ ശോഭയിൽ സൂക്ഷിച്ചുനോക്കാൻ ആർക്കു കഴിയും? കാരണം, അതെന്താണെന്ന് അറിയാൻ കഴിയുംവിധം അതിനെ മനസ്സിലാക്കാനാവില്ല. ആയാസരഹിതമായി അത് സൃഷ്ടവസ്തുക്കളുടെ പേരുകൾ സൂക്ഷിക്കുന്നു; അതിനുള്ളിൽ ഇടമില്ലെങ്കിലും എല്ലാറ്റിനും അതിനുള്ളിൽ ഇടമുണ്ട്. എല്ലാ വസ്തുക്കളും അവയുടെ പേരുകളാൽ അതിനുള്ളിലുണ്ട്, എങ്കിലും അത് ബലഹീനമായിപ്പോകുന്നില്ല.

4. ഓർമയുടെ ഉള്ളിൽ കടന്ന്, സൃഷ്ടികളുടെ പേരുകൾ എവിടെയാണ് ഇരിക്കുന്നതെന്ന് പരിശോധിക്കാൻ ആർക്കാണ് കഴിയുക? കാരണം, അതും അവയും സ്പർശനാതീതമാണ്. മനുഷ്യമനസ്സിലും ദൈവികസത്തയിലും എല്ലാം വസിക്കുന്നു. ഇപ്രകാരം സത്യപിതാവിൽ സത്യപുത്രൻ വസിക്കുന്നു. എന്നാൽ അവനോ അവയോ എവിടെയാണെന്ന് സ്പർശിച്ചറിയാനാവില്ല.

5. ആത്മാവ് ശരീരത്തിൽ നിന്ന് പുറത്തുപോകുന്നില്ല എന്ന് അറിയാത്തവരുണ്ടോ? അത് പുറപ്പെട്ടുപോയാൽ, അതിന്റെ വേർപാടുമൂലം ശരീരം മരിക്കുന്നു. എന്നാൽ ഓർമ എല്ലായിടത്തും പറന്നെത്തുന്നു, അതിവിടെയാണെന്നു പറയാൻ കഴിയുംവിധം അതിനൊരിടമില്ല. അത് ശരീരത്തിനു

www.malankaralibrary.com

ള്ളിൽ ആണെങ്കിലും, സൃഷ്ടി അതിന് വളരെ ചെറുതാണ്. കാരണം, അത് പൂർണമായി എല്ലായിടത്തുമാണ്.

6. മനസ്സിനെ കൂടാതെ ആത്മാവിന് എങ്ങനെയാണ് തനിക്കെതിരെ സ്വപ്നം കാണാൻ കഴിയുക? കണ്ടെങ്കിൽ, കണ്ട കാര്യം എന്തുകൊണ്ടാണ് ഗ്രഹിക്കാത്തത്? കണ്ടതെല്ലാം, പകുതിമയക്കത്തിൽ ഓർമയുണ്ടെങ്കിൽ, ഏത് ഓർമയിലാണ് സംഭരിച്ചു വച്ചത്? തന്നോടുകൂടെ നിദ്രാധീനമായ ഓർമയ്ക്ക് എങ്ങനെ ഓർമ നൽകാനാകും?

7. പാദരഹിതമായ സൂര്യനെപ്പറ്റി ആരാണ് അത്ഭുതപ്പെടാത്തത്? അതിന്റെ പാത നമുക്കു മുകളിലാണ്. അതിലൂടെ അത് എങ്ങനെ ചരിക്കുന്നു? അതിനു പാദങ്ങൾ ഇല്ല, ചിറകുകളില്ല, തനിയെ ചലിക്കുന്ന ചലനമല്ല അതിന്റേത്. നടക്കുകയോ, പറക്കുകയോ, നീന്തുകയോ ചെയ്യുന്ന ജീവികളുടെ സഞ്ചാരരീതിയല്ല അതിന്റേത്. ഇതാ, ഇവയെല്ലാം ആശ്ചര്യകരം തന്നെ!

8. മർത്യവചനമേ, സംസാരിച്ച് വിശദമാക്കൂ: നിന്റെ ശേഖരം എവിടിരിക്കുന്നു? നിന്റെ ഇടം മനസ്സിന്റെ ഏതു കോണിലാണ്? നീ ആത്മാവിന്റെ ഒരു ചെറിയ അംശം മാത്രമാണ്. അതിനെ കൂടാതെ അതിന്റെ ആകെത്തുക നീക്കപ്പെടും. നീ നിന്റെ ഉറവയുടെ ശിശുവാണ്. നഷ്ടംവരാതെ അത് ജനിപ്പിക്കുന്നു. ഹൃദയാന്തരാളത്തിൽ നിന്റെ ചലനങ്ങൾ എങ്ങനെയാണ് നിയന്ത്രിക്കപ്പെടുക?

9. എന്റെ ഈ നിസ്സാരചർച്ചയിൽ നിന്ന് ദൈവവചനമാകുന്ന മഹനീയ വചനത്തെപ്പറ്റി ആശ്ചര്യപൂർവം നിനക്ക് ഗ്രഹിക്കാനാവും. കാരണം, നിന്റെ സ്വന്തം വാക്ക് എങ്ങനെയാണെന്ന് പറയാൻ നിനക്ക് ഒരിക്കലും കഴിവില്ലെങ്കിൽ, നിന്റെ സ്രഷ്ടാവിന്റെ വചനത്തെ നിശ്ശബ്ദതയിൽ ബഹുമാനിക്കുക. അവന്റെ നിശ്ശബ്ദത വിശകലനാതീതമാണ്.

# 58

## "ബർദൈസാന്റെ കൂട്ടങ്ങൾ" എന്ന രീതി

1. വൃക്ഷങ്ങൾക്കുള്ളിലെ ജലം ആരു പരിശോധിച്ചിട്ടുണ്ട്? അതിന് അവിടെ പലതരം മാറ്റം സംഭവിക്കുന്നു. ദൈവകൽപ്പനയാൽ ജലംതന്നെ കട്ടിയായി പണിക്കുള്ള തടി ആയിത്തീരാൻ വ്യതിയാനവിധേയമാകുന്നു. ആ വസ്തു ഉപയോഗിച്ച് നാം കപ്പലും പാലവും ഒക്കെ നിർമിക്കുന്നു; അതിനാൽ തന്നെ നാം ജലത്തെ കീഴടക്കുന്നു.


www.malankaralibrary.com

*പ്രതിസ്തോത്രം: നിന്റെ വിജ്ഞാനത്തിനു സ്തുതിയുണ്ടായിരിക്കട്ടെ.*

2. ചൂളയിൽ എരിഞ്ഞമരുന്ന തടി ആരു കണ്ടിട്ടുണ്ട്? അത് കത്തിജ്വ ലിച്ച് അന്തരീക്ഷത്തിൽ പറന്നുയരുന്നു. അത് സ്പർശിക്കാൻ ആഗ്രഹിക്കു ന്നവർക്ക് തൊടാൻ പറ്റാത്തവിധം അതിന്റെ ഐന്ദ്രികസ്പർശനം പോലും അഗ്നിനിമിത്തം അസാധ്യമായിത്തീരുന്നു. അതൊരു ചെടിയിൽ തുടങ്ങി, അഗ്നിയിൽ അവസാനിച്ചു. അത്ഭുതകരമാംവിധം അദൃശ്യമായിത്തീരുന്നു.

3. സുഗന്ധദ്രവ്യങ്ങളുടെ സുഗന്ധവും ബലിവസ്തുക്കളുടെ മണവും കത്തുന്ന തടിയുടെ പുകയും എവിടെ സ്ഥിതിചെയ്യുന്നെന്ന് ആർക്ക് അന്വേ ഷിച്ച് കണ്ടെത്താനാകും? വീണ്ടും മറ്റൊന്നായിത്തീരാൻ അത് എവിടെയോ സ്ഥിതിചെയ്യുന്നുവോ? അഥവാ, എല്ലാറ്റിലും എല്ലാറ്റിന്റെയും കർത്താവ് മഹ ത്വീകരിക്കപ്പെടാനായി അത് അലിഞ്ഞ് ഇല്ലായ്മയായി തീർന്നുവോ?

4. നന്നായി അന്വേഷിച്ചാൽ ദാസൻ തന്റെ കൂട്ടുകാരനെ കണ്ടെത്തും. സൃഷ്ടികളെപ്പറ്റി അന്വേഷണം നടത്തിയാൽ അടുത്തുള്ളവ കണ്ടെത്തും. എന്നാൽ തന്റെ കർത്താവ് അവനിൽ നിന്ന് മറഞ്ഞിരിക്കും. ദൈവനാമവു മായി താരതമ്യപ്പെടുത്തുമ്പോൾ ധൂളിയുടെ പേര് എത്ര നിന്ദ്യമാണ്. സ്രഷ്ടാ വിന്റെ തിരുമുമ്പാകെയുള്ള അവന്റെ തർക്കങ്ങൾ അതിനേക്കാൾ എത്രയോ മ്ലേച്ഛമാണ്. രണ്ടിനെ സംബന്ധിച്ചും പേരിലും യാഥാർഥ്യത്തിലും നിന്ദ്യം തന്നെയാണ്!

5. താഴെപ്പറയുന്നത് യാതൊരു തർക്കവും കൂടാതെ ആരാണ് അംഗീ കരിക്കാത്തത്? 'സൃഷ്ടിക്കപ്പെട്ടത്' അഥവാ 'നിർമിക്കപ്പെട്ടത്' എന്ന് വിളി ക്കപ്പെടുന്നത് ഒരിക്കലും സ്രഷ്ടാവിന്റെ നാമവുമായി താരതമ്യത്തിലേക്ക് ഉയരുന്നില്ല. അതുപോലെ ആരിലൂടെ എല്ലാം സൃഷ്ടിക്കപ്പെട്ടുവോ, ആ മഹോ ന്നതനുമായി തുലനം ചെയ്യുമ്പോൾ അന്വേഷണം തികച്ചും ആയാസരഹി തമായിരിക്കും.

6. തന്നേക്കാൾ വലിയ ഒന്നിനോടൊപ്പം തന്നെത്തന്നെ വിസ്തൃതമാ ക്കാൻ ആർക്കു കഴിയും? കാരണം, തന്റെ ബലഹീനാത്മാവിന് ചിറകുകളി ല്ല. താഴ്ന്നവൻ ഉന്നതത്തിൽ എത്താനായി ശക്തൻ ബലഹീനന്റെ പക്കലെ ത്തി. അവിടുന്ന് സക്കായിയുടെ പക്കലേക്കു കടന്നുചെന്നു. പൊക്കം കുറ ഞ്ഞവൻ മരത്തിൻ മുകളിൽ ഇരിപ്പുറപ്പിച്ചു. മഹോന്നതൻ തന്റെ കാരുണ്യ ത്താൽ അതിന്റെ കീഴിൽ അവന്റെ പക്കലേക്ക് ചെന്നു.[67]

7. പ്രയോജനകരമായത് സംസാരിക്കുക, പ്രബോധനം വിശദീകരി ക്കുക, സഹായകമായത് വ്യാഖ്യാനിക്കുക, പണിതുയർത്തുന്നതിനായി പരി

67. ലൂ.19,2-5

www.malankaralibrary.com

ശോധിക്കുക, അവിശ്വാസികളെ ചോദ്യം ചെയ്യുക, ക്രൂശിൽ തറച്ചവരെ കുറ്റപ്പെടുത്തുക, അവരുടെ ഗ്രന്ഥങ്ങൾ പരിശോധിച്ച് അവരുടെ തർക്കങ്ങൾ പരിഹരിക്കുക, ശിശുസമാനരെ ശിഷ്യപ്പെടുത്തുക, ലളിതമാനസ്സരെ വളർത്തുക, നിഷ്ക്കളങ്കരെ പ്രകാശിപ്പിക്കുക.

8. ദൈവകൃപയെപ്പറ്റി സംസാരിക്കുക, അത് സൗജന്യമായി നിന്നെ പോഷിപ്പിക്കുന്നു. ദൈവനീതി പ്രഘോഷിക്കുക, കാരണം, കുത്തിനിറച്ച് നിനക്കത് മടക്കിത്തരും. അവന്റെ സത്തയെ പ്രകീർത്തിക്കുക, കാരണം, നീ ഇല്ലാതിരുന്നപ്പോൾ അവൻ നിന്നെ സൃഷ്ടിച്ചു. അവന്റെ പിതൃത്വത്തെ മഹത്വപ്പെടുത്തുക, കാരണം, നിന്നെയും തന്റെ മക്കളുടെകൂടെ അവൻ പരിഗണിച്ചു. അവന്റെ രാജ്യം പ്രതീക്ഷിക്കുക, ഇതാ നിന്നെ, നിന്നെപ്പോലും, വിളിച്ച് തന്റെ മേശയിലേക്ക് അവൻ ക്ഷണിച്ചിരിക്കുന്നു.

9. നീ ആർക്കെതിരെ അനുദിനം ചിലയ്ക്കുകയും കലപില പറയുകയും ചെയ്യുന്നുവോ, അവൻ നിനക്ക് എന്താണ് തരാതിരുന്നിട്ടുള്ളത്? തിരുലിഖിതങ്ങൾ സത്യസന്ധമാണ്, കടലുകൾ സമൃദ്ധമാണ്, സുഗന്ധദ്രവ്യങ്ങൾ കാമ്യമാണ്, ഉപവാസം തേജോമയമാണ്. ബലഹീനനേ, നിനക്ക് ജീവൻ പകരുന്നവകൊണ്ട് നിന്നെത്തന്നെ പോഷിപ്പിക്കുക. ക്ലേശിപ്പിക്കുന്ന തർക്കം പഠിക്കുന്നതിന് സമയം പാഴാക്കാതിരിക്കുക.

10. കാരണം, രാജകുമാരൻ തന്റെ രാജ്യത്തിന്റെ നിക്ഷേപങ്ങൾ തന്റെ ജോലിക്കാർക്ക് തുറന്നുകൊടുക്കാതിരുന്നപ്പോൾ, ധിക്കാരികൾ ദുഷ്ടത നിറഞ്ഞ താർക്കികമനഃസ്ഥിതി അവിടെ രൂപീകരിച്ചു. അവനെ രാജകുമാരനെന്ന് അംഗീകരിക്കാൻ പോലും അവർ കൂട്ടാക്കിയില്ല. സഹദാസനെന്ന് അവനെ അവർ വിളിച്ചു. കൃപയാൽ അവനെ ഉയർത്തിയതു മൂലമാണ് അവന് കിരീടം ലഭിച്ചതെന്ന് അവർ പറയുന്നു.

11. നമ്മുടെ രാജാവും രാജപുത്രനും തങ്ങളുടെ നിക്ഷേപങ്ങൾ തുറന്ന് തങ്ങളുടെ രാജ്യത്തിന്റെ നല്ല വസ്തുക്കൾ വാരിവിതറി. നിലനിൽക്കുന്നതും കടന്നുപോകുന്നതുമെന്ന രണ്ട് ലോകങ്ങൾ നമുക്കു നൽകി. തന്റെ സ്നേഹം തന്റെ സമ്മാനത്തേക്കാൾ വലുതാകയാൽ, രാജാവ് രാജകുമാരനെ എടുത്ത് തന്റെ പ്രിയപ്പെട്ടവർക്ക് ദാനമായി നൽകി. അവനെ മരിക്കാൻ അനുവദിക്കുകയും അവനിലൂടെ നമ്മെ രക്ഷിക്കുകയും ചെയ്തു.

12. എന്താണ് നമ്മെ തറയിൽ തള്ളിയിട്ടത്? ക്ലേശവും തീവ്രവ്യഥയും! ഹാനികരമായ തർക്കങ്ങൾ, ദുഷിച്ച കലഹങ്ങൾ, എല്ലാ ദൈവദൂഷണങ്ങളുടെയും തികവ്! എല്ലാ വിദ്വേഷത്തിന്റെയും ആകെത്തുക! സ്നേഹത്തിനു പകരം വിദ്വേഷം, സത്യത്തിനു പകരം അസൂയ! നല്ലവൻ സൗജന്യമായി തന്റെ കാരുണ്യം കാണിക്കുന്നതായി ദുഷ്ടൻ കണ്ടു. കാരണം കൂടാതെ നമ്മെ നശിപ്പിക്കാൻ അവൻ അസൂയാകലുഷിതനായി.


www.malankaralibrary.com

13. അതുകൊണ്ട്, നമ്മുടെ രക്ഷകനെ പരിശോധിക്കാൻ മുതിരത്തക്കവിധം നമ്മെ വഴിപിഴപ്പിച്ച സാത്താനോട് നമുക്ക് ഇപ്രകാരം പറയാം: പുറത്തുകടന്ന് നിന്റെ പിശാചുക്കളെ പരിശോധിക്കുക. അങ്ങനെ നീ നിന്റെ സഖികളെ കണ്ടെത്തട്ടെ. അതുപോലെ, ദുഷ്ടാരൂപികളെ തേടുക. അങ്ങനെ നിന്റെ അയൽക്കാരെ പരിചയപ്പെടാം. അതുപോലെ, നിനക്കായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നി പരിശോധിക്കുക. നിനക്കായി ഒരുക്കിയിരിക്കുന്ന അന്ധകാരം പരിശോധിക്കുക.[68]

# 59

## "ബർദൈസാന്റെ കൂട്ടങ്ങൾ" എന്ന രീതി

1. നമ്മുടെ പാപപരിഹാരജലവും നമ്മുടെ അനുരഞ്ജനാരുവിയും അവർക്ക് കലഹജലമായിത്തീർന്നു. അതിനെച്ചൊല്ലി തങ്ങളുടെ തർക്കത്തിൽ ഇരുവിഭാഗങ്ങളും കലഹിക്കുന്നു. ജനം മരുഭൂമിയിലും ജനതകൾ സഭയിലും ജലത്തെച്ചൊല്ലി ശണ്ഠ കൂടുന്നു. എന്റെ സഹോദരരേ, അവർ ചെങ്കടലിലും ഇപ്പോൾ അതിപരിശുദ്ധസ്ഥലത്തെ ജലത്തിലും തർക്കം ഉന്നയിക്കുന്നു.[69]

*പ്രതിസ്തോത്രം: നിന്റെ അനുരഞ്ജനത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.*

2. 'നിന്നെ ആര് സ്നാനപ്പെടുത്തി? നിന്റെ സ്നാനം എവിടെ നിന്നു വന്നു?' എന്ന് ചോദിച്ച് തന്റെ സ്നേഹിതനോട് കലഹിക്കാത്തതാരാണ്! 'ഇന്നയിന്ന ശീശ്മക്കാരൻ വൈദികന്റെ കൈകൾ നിന്നെ സ്നാനപ്പെടുത്താതിരിക്കട്ടെ' എന്ന് മുന്നറിയിപ്പു തരാത്തതാരാണ്! അങ്ങനെ കലഹവിഭാഗക്കാർക്ക് സ്നാനജലം കലഹജലമായിത്തീർന്നു.

3. പരിശുദ്ധാത്മാവ് ശരീരമെടുക്കാത്തത് എന്തുകൊണ്ട്? അവന് ബലഹീനതയുണ്ടെന്ന് പ്രവാചകന്മാരും കുറവുണ്ടെന്ന് ശ്ലീഹന്മാരും ഒരിടത്തും പരാമർശിച്ചിട്ടില്ല. ദാസി, സേവകൻ, സൃഷ്ടി, നിർമിക്കപ്പെട്ട വസ്തു എന്നു തുടങ്ങിയ പ്രയോഗങ്ങൾ പുത്രനെപ്പറ്റി പറയാത്തതുപോലെ, ഒരിക്കലും പരിശുദ്ധാത്മാവിനെപ്പറ്റി അവർ പ്രസംഗിച്ചിട്ടില്ല. കാരണം, അവിടുന്ന് ശരീരത്തേക്കാളും ഉന്നതനാണ്, എല്ലാ വസ്തുക്കളേക്കാളും ഉന്നതനാണ്.

4. അതിനെപ്പറ്റിത്തന്നെ നമുക്ക് അന്വേഷണം നടത്താം: കാരണം, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും അവസ്ഥകളെപ്പറ്റി

68. മത്താ.25,41;8,12

69. പുറ 15, 22ff; സംഖ്യ 30,10

www.malankaralibrary.com

നമ്മോട് വിവരിക്കുക ആവശ്യമായപ്പോൾ, ഇല്ലായ്മയിൽനിന്ന് സൃഷ്ടിച്ചു എന്ന് പിതാവിനെപ്പറ്റിയും പുത്രൻ ജനിച്ചു എന്ന് പുത്രനെപ്പറ്റിയും വെളിപ്പെടുത്തിയത് കൃത്യമായി തിരുലിഖിതം എഴുതി. എന്നാൽ മൂന്നാമത്തേതിന്റെ അവസ്ഥ എങ്ങനെ ഉണ്ടായി എന്ന് എന്തുകൊണ്ടാണ് നമുക്ക് വെളിപ്പടുത്താഞ്ഞത്?

5. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും മൂന്നു നാമങ്ങൾ അവർ അനുക്രമമായി അവതരിപ്പിക്കുകയും ക്രമീകൃതമായി എണ്ണുകയും ചെയ്യുന്നു എന്നത് ആർക്കാണ് അറിയാൻ പാടില്ലാത്തത്? അവരുടെ പ്രസ്താവനയ്ക്ക് അനുസൃതമായി അവർ മൂവരുടെയും അവസ്ഥകളും വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. അത് എഴുതപ്പെട്ടിട്ടുണ്ടെങ്കിൽ, വായിക്കണം; മറഞ്ഞിരിക്കുന്നെങ്കിൽ, അതായത് എഴുതപ്പെട്ടിട്ടില്ലെങ്കിൽ, അത് സമ്മതിക്കണം.

6. മൂന്നാമനെപ്പറ്റി അവിടുന്ന് നമുക്ക് വെളിപ്പെടുത്തിയിട്ടില്ലാത്തതിനാൽ, നാം അന്വേഷണം നടത്തേണ്ടത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും അവസ്ഥകളെപ്പറ്റിയല്ല എന്ന് വളരെ വ്യക്തമായി കാണിക്കുന്നു. എല്ലാവിധത്തിലും എല്ലായ്പ്പോഴും മനുഷ്യർ രക്ഷിക്കപ്പെടണം എന്നതാണ് നല്ലവന്റെ ആഗ്രഹം.

7. അതുകൊണ്ട്, എഴുതപ്പെട്ടതോ, പറയപ്പെട്ടതോ ആയ നാമങ്ങളും സൂചനകളുമെല്ലാം മനുഷ്യരക്ഷയ്ക്കുള്ള മാർഗമായിട്ടാണ് എഴുതപ്പെട്ടതും പറയപ്പെട്ടതുമെന്ന് തർക്കം കൂടാതെ അംഗീകരിക്കണം. അവ പരിശോധനയ്ക്കോ, തർക്കത്തിനോ അല്ല. നാം അവന്റെ സ്വഭാവം പരിശോധനാവിധേയമാക്കാതെ അവിടുത്തെ മഹാസ്നേഹം തിരിച്ചറിയണം.

8. പരിശുദ്ധാത്മാവ് ശരീരമെടുത്തില്ല; നമ്മുടെ കർത്താവിന്റെ ദൈവത്വത്തെപ്പറ്റിയും മനുഷ്യത്വത്തെപ്പറ്റിയും ഉച്ചരിക്കപ്പെട്ട വാക്കുകളെക്കാളും മൊഴികളെക്കാളും, പണ്ഡിതന്മാർ കലഹിച്ച് വഴിതെറ്റിക്കാൻ മനുഷ്യരുടെ കാതുകളിൽ കോരിയൊഴിച്ച വചനങ്ങളെക്കാളും ഉപരിസ്ഥനാണ് അവിടുന്ന്.

9. ഇവ എന്തുദ്ദേശിക്കുന്നെന്ന് അവർ തിരിച്ചറിഞ്ഞില്ല. ഓരോന്നും തന്നിഷ്ടപ്രകാരം കലഹത്തിനായി എടുത്തുവായിച്ചു. തർക്കത്തിനായി ഉദ്ധരിച്ചു, തർക്കവിഷയത്തിന് കരുവാക്കി, പോരാട്ടത്തിനുള്ള ആയുധമാക്കി, കലഹത്തിനുള്ള മറയാക്കി. അങ്ങനെ സമാധാനവചനം താർക്കികരുടെ ഇടയിൽ കലഹമായിത്തീർന്നു. അവർ അതിന്റെ സമാധാനം ഗ്രഹിച്ചില്ല.

10. എല്ലാറ്റിനെയും സാന്ത്വനപ്പെടുത്തുന്ന നമ്മുടെ കർത്താവിന്റെ സാന്ത്വന വചനത്തോടുകൂടെ നാം കൊല നടത്തി, ലഹള തുടങ്ങി, സ്നേഹത്തെ വെറുത്തു, അസൂയയെ സ്നേഹിച്ചു, സമാധാനം പുറന്തള്ളി, ശാന്തിയെ


www.malankaralibrary.com

ആട്ടിയോടിച്ചു, നമ്മെത്തന്നെ കൊന്നു, പരസ്പരം പോരടിച്ചു. കാരണം, അവനെപ്രതി നാം പരസ്പരം വെറുത്തു.

11. സംശുദ്ധനിൽ നിന്ന് ഒഴുകുന്ന, ഒരിക്കലും കലങ്ങാത്ത സംശുദ്ധമായ ഉറവയെ അവരുടെ കലഹം കുത്തിക്കലക്കി. ശാന്തി നിറഞ്ഞ അജഗണം കലക്കവെള്ളം കുടിച്ചു. അവർ കലങ്ങിയവരായി. അഴുക്ക് അവയുടെ ഉള്ളിൽ കടന്ന് സംശുദ്ധത കലക്കി. അത് ഇടയന്മാരോടൊപ്പം അജഗണത്തിൽ മാറ്റംവരുത്തി.

12. അജഗണത്തിലെ തടിച്ചുകൊഴുത്തവ കൂടുതൽ തടിച്ചുകൊഴുത്ത് ധിക്കാരികളായി. അവ ബലഹീനരെ തങ്ങളുടെ കൊമ്പുകൊണ്ട് കുത്തുകയും രോഗം ബാധിച്ചവയെ തള്ളിക്കളയുകയും ഒന്നിച്ചു കൂട്ടിയവയെ ചിതറിക്കുകയും കണ്ടെത്തപ്പെട്ടവയെ വഴിതെറ്റിപ്പോകാൻ വിട്ടുകളയുകയും ചെയ്യുന്നെന്ന് ബൂസിയുടെ മകൻ ചൂണ്ടിക്കാട്ടി. ഈ വിവരണം എന്റെ നാവിന് ഉപരിസ്ഥമാണ്. അതു തുടങ്ങിവച്ച പ്രവാചകൻ തന്നെ അത് പൂർത്തീകരിക്കട്ടെ.[70]

# 60

## "ബർദൈസാന്റെ കൂട്ടങ്ങൾ" എന്ന രീതി

1. ധിക്കാരികളുടെ ഇടയിൽ ആർക്കാണ് ഈ ശകാരം പറയാൻ താൽപര്യം? അവൻ ജനിപ്പിച്ചില്ലെങ്കിൽ, എന്തിനാണ് നമുക്കുവേണ്ടി തിരുലിഖിതത്തിൽ എഴുതാൻ തോന്നിയത്? അത് അവന്റെ തിരുഹിതമാണെങ്കിൽ, നീ അവന്റെ ഹിതത്തെ വിധിക്കുകയാണ്. അവൻ തിരുഹിതമായി എന്നാണ് നാം പറയേണ്ടത്. എന്നാൽ യഥാർഥത്തിൽ അവൻ ജനിപ്പിച്ചെങ്കിൽ, നീ അവന്റെ സത്യത്തിനെതിരെ നിന്നെത്തന്നെ ഉയർത്തിയിരിക്കുന്നു. രണ്ടിലും ധിക്കാരികളുടെ വിഭാഗം കൊടിയ ദ്രോഹം ചെയ്തിരിക്കുന്നു.

*പ്രതിസ്തോത്രം: നിന്റെ രാജ്യത്തിനു സ്തുതിയുണ്ടായിരിക്കട്ടെ.*

2. സത്യപിതാവ് ഒരു പുത്രനെ ജനിപ്പിക്കാതെ, പിതാവ്, പുത്രൻ എന്നീ നാമങ്ങൾ ഉപയോഗിച്ചതാണെന്ന് പറയാൻ എന്താണവനെ നിർബന്ധിച്ചത്? നമ്മെ വഴിതെറ്റിക്കാൻ അവിടുന്ന് ആഗ്രഹിച്ചുവോ? അത് നമ്മെ സന്തോഷിപ്പിക്കാനായിരുന്നോ? അതോ, അവൻ മനഃപൂർവം തന്നെത്തന്നെ അപകീർത്തിപ്പെടുത്തുകയായിരുന്നോ? അത് അപ്രകാരമാണെങ്കിൽ–ഒരിക്കലും അപ്രകാരം സംഭവിക്കാതിരിക്കട്ടെ– വിശ്വാസികളുടെ വായിലേക്ക് അത്തരം സംഗതികൾ കടന്നുവരാതിരിക്കട്ടെ.

70. എസ.34,4.21

www.malankaralibrary.com

3. അതുകൊണ്ടുതന്നെ നമുക്ക് അവനെ ഖണ്ഡിക്കാം. കാരണം, ജനിപ്പിക്കാതെ തന്നെ, താൻ ജനകനാണെന്ന് തെറ്റായി തറപ്പിച്ചു പറയാൻ അവന് തിരുഹിതമായെങ്കിൽ, സമസ്ത സൃഷ്ടപ്രകൃതികളിലും നിന്ന് മറഞ്ഞിരുന്ന ഈ രഹസ്യത്തിന്റെ ഉദ്ദേശ്യം, ചന്തപ്പിള്ളേർ പോലും ചിലച്ചുനടക്കാൻ തക്കവിധം ഈ രഹസ്യം വെളിപ്പെടുത്തി പ്രകാശിപ്പിക്കാൻ തക്കവിധം അവനേക്കാൾ കൂടുതൽ കരുത്തനായവൻ ആരാണ്?

4. ധിക്കാരികളുടെ വിഭാഗത്തിനുവേണ്ടി വീണ്ടും സംസാരിക്കൂ: 'അവൻ തന്നെത്തന്നെ അപകീർത്തിപ്പെടുത്തിയില്ല, അവൻ ജനകനാണെന്ന് നാം പറയണം'. എങ്കിലും വ്യാജസുതന്റെ ജനനം നിമിത്തം പൊതുവായി നാമെന്തിന് വഴിപിഴയ്ക്കുന്നു? അവൻ നമ്മുടെ സഖിയാണെങ്കിലും, താൻ ജനിച്ചവനാണെന്നുള്ള ബോധ്യം നമ്മിൽ ഉൾപ്രവേശിപ്പിക്കുന്നു. അതുപോലെ, ആലങ്കാരികമായി മാത്രം പിതാവായിരിക്കുന്നവൻ, താൻ യഥാർഥ പിതാവാണെന്ന് നമ്മെ വിശ്വസിപ്പിച്ചിരിക്കുന്നു.

5. അവൻ പുത്രനല്ലെന്ന് ധിക്കാരികൾ പ്രഘോഷിക്കുന്നു. എന്നാൽ അവൻ ജനിച്ചവനാണെന്ന് പ്രവാചകന്മാരിലും ശ്ലീഹന്മാരിലും കാണുന്നു. ഈ ധിക്കാരികൾ സത്യവാന്മാരായി കണ്ടെത്തപ്പെട്ടാൽ, പ്രവാചകന്മാർക്ക് വഴിതെറ്റിപ്പോയി. എന്നാൽ സത്യത്തിന്റെ ശ്ലീഹന്മാർ സത്യവാന്മാരാണെങ്കിൽ, ധിക്കാരികൾക്ക് വഴിതെറ്റിയെന്നും അവർ തെറ്റിലേക്ക് നയിക്കുന്നെന്നും നമുക്കവരെ വിധിക്കാം.

6. ധിക്കാരികൾ എല്ലാ നാവുകൾ കൊണ്ടും പ്രസംഗിക്കുമ്പോൾ, അവരെ തടയണമെന്ന് ഇപ്പോൾ ആരാണറിഞ്ഞത്? യോജിപ്പില്ലാതെ, സത്യവാന്മാരുടെ അധരങ്ങളിലൂടെ നമ്മോട് പ്രഘോഷിക്കാൻ അവൻ തന്നെയും ആഗ്രഹിച്ചില്ല. അവരിൽക്കൂടി പരിശുദ്ധാത്മാവാണ് സംസാരിച്ചത്. അവരുടെ ഗ്രന്ഥങ്ങൾ യോജിപ്പിലാണ്. അവരുടെ വാക്കുകളിലും യോജിപ്പാണ്. സത്യവാന്മാർ നിശ്ശബ്ദരായിരിക്കുന്നു. ധിക്കാരികൾ വായിട്ടടിക്കുന്നു.

7. ദൈവത്തെ സ്തുതിച്ചുകൊണ്ട് ലെയായും റാഹേലും നൽകിയ നാമങ്ങളെ ആരാണ് പ്രകീർത്തിക്കാത്തത്? അവൻ നമ്മുടെ കുട്ടികളിൽ വിശ്വാസം അർപ്പിക്കുകയും നമ്മുടെ മക്കൾ നമ്മുടെ ഉദരത്തിൽ ജനിച്ചവരാണെന്ന് നമ്മെ വിശ്വസിക്കുകയും ചെയ്തു.[71] അവന്റെ സ്നേഹത്തിന് നാം കൃതഘ്നരാകരുത്. പുത്രൻ തന്റെ മടിയിൽ നിന്നാണെന്നും തന്റെ നിഗൂഢതയുടെ ഫലമാണെന്നും നമുക്ക് തന്റെ പുത്രനിൽ വിശ്വാസം അർപ്പിക്കാം.

8. എല്ലാം അറിയുന്ന കർത്താവ് പിശാചിനോട് അവന്റെ നാമമെന്താണെന്ന് ചോദിച്ചു. അശുദ്ധാത്മാവ് തന്റെ സ്വന്തം നാമം തെറ്റായി പറഞ്ഞി

71. ഉല്പ.29,32-30,10


www.malankaralibrary.com

ല്ല.[72] അതുപോലെ അവിടുത്തെ നാമവും പിശാച് തെറ്റായി പറഞ്ഞില്ല. നമ്മുടെ രക്ഷകനെ 'സൃഷ്ടി' എന്നു പേരുവിളിച്ച പണ്ഡിതർ ലജ്ജിതരായി. കാരണം, അവിടുന്ന് ദൈവപുത്രനാണെന്ന് പറഞ്ഞ് പിശാചുക്കൾ അവരെ ഖണ്ഡിച്ചു.

9. ലെഗിയോൻ എന്ന തന്റെ നാമം അതിന്റെ അർഥവുമായി ഒത്തുപോകുന്നതുപോലെ, അവൻ ദൈവപുത്രനാണെന്ന് അവനു മനസ്സിലായതിനാലും അത് പിതാവിനെ ഉൾക്കൊള്ളുന്നതിനാലും അവൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞതിലൂടെ, അവനെക്കൊണ്ടുതന്നെ ലെഗിയോൻ പഠിപ്പിക്കുന്നു. നമ്മുടെ ശത്രുവായ അശുദ്ധന്റെ നാമം അവന്റെ കൊടിയ ദ്രോഹം വെളിപ്പെടുത്തുന്നെങ്കിൽ, നമ്മുടെ ദൈവത്തിന്റെ നാമം അവിടുത്തെ മഹത്വം എത്രയധികമായി വെളിപ്പെടുത്തും!

10. എങ്കിലും താനുമായി യോജിക്കുന്ന പരിശുദ്ധന്റെ നാമങ്ങൾ താരതമ്യപ്പെടുത്തി വിശദീകരിക്കുന്നവൻ ആരാണ്? അതായത്, അസ്തിത്വം സത്തയുമായും നീതിമാൻ നീതിയുമായും നല്ലവൻ നന്മയുമായും ഒത്തുപോകുന്നു. ഇവിടെയെല്ലാം യോജിപ്പാണ്. തന്റെ മടിയിൽ നിന്നുതന്നെ അവനൊരു മഹനീയപുത്രൻ ഇല്ലെങ്കിൽ, എങ്ങനെയാണ് തന്റെ പിതൃത്വം താനുമായി ഒത്തുപോകുക? അത് തനിക്കെതിരെ നിൽക്കുകയായിരിക്കും ചെയ്യുക.

11. ആരാണ് സന്തോഷിക്കാത്തത്? മാനുഷികനാമങ്ങൾ അർഥസൂചകങ്ങളാണ്. ആദം എന്നാൽ പൊടി, ഹവ്വാ എന്നാൽ ജീവൻ, ഫലേഗ് എന്നാൽ വിഭജനം, ബാബേൽ എന്നാൽ കലഹം.[73] നാം കുഴാമറിച്ചിൽ പരാമർശിച്ചതിനാൽ നമുക്ക് ലഹള ഒഴിവാക്കാം. മൂന്നു നാമങ്ങൾ ക്രമത്തിൽ സ്വീകരിക്കാം.

12. 'മൂന്നുപേർ താഴേക്കുവന്ന് ചിതറിച്ചു' എന്ന് ബാബേലിൽ നിന്ന് നാം പഠിക്കുന്നു. കാരണം, 'വരൂ, നമുക്ക് താഴേക്കിറങ്ങിച്ചെല്ലാം' എന്ന് അവിടെ പറയുന്നു. ഒരേഒരാൾ തന്നോടുതന്നെ ഇങ്ങനെ പറയുക അസാധ്യമാണ്. 'വരൂ നമുക്ക് താഴേക്കിറങ്ങിച്ചെല്ലാം' എന്ന് മറ്റൊരാളോടേ പറയാനാവൂ.[74] അന്ന് വഴിതെറ്റിച്ച ദുഷ്ടൻ ഇന്ന് ബാബേലിനുപകരം സഭയെ ഭാഷകളിലൂടെ വഴിതെറ്റിക്കുന്നു.

13. നമ്മുടെ ബലഹീനത നിമിത്തം തെറ്റിന് കൂടുതൽ ശക്തി പ്രാപിക്കാനുള്ള സാധ്യത ഉണ്ടെന്നുള്ളതിൽ ആരാണ് അത്ഭുതപ്പെടാത്തത്? നാമി

72. മർക്കോ.5,7.9;ലൂ.8,30

73. ഉല്പ.2,7;3,20;10,25;11,9

74. ഉല്പ.11,7

www.malankaralibrary.com

പ്പോൾ വളരെ ബലഹീനരാണ്. നമ്മുടെ യോജിപ്പിന്റെ ശക്തിയും നമ്മുടെ ഹൃദയൈക്യത്തിന്റെ സന്തുഷ്ടിയും നമുക്ക് തിരിച്ചുകിട്ടിയാൽ, നമ്മെ തട യാൻ ആർക്കാണ് കഴിയുക? കാരണം, ആകാശത്തിലും ഭൂമിയിലും നമ്മുടെ വിശ്വാസം കെട്ടുകയും അഴിക്കുകയും ചെയ്യും.[75]

# 61

## "ബർദൈസാന്റെ കൂട്ടങ്ങൾ" എന്ന രീതി

1. പ്രകാശസന്തതികളിൽ ഒരാൾക്ക് ഇടർച്ച വരുത്തുന്നവന്റെ കഴു ത്തിൽ തിരികല്ല് കെട്ടണമെന്ന് കർത്താവ് ഭീഷണിപ്പെടുത്തിയതിൽ ഭയച കിതനാകാത്തവൻ ആരുണ്ട്? ചോദ്യങ്ങളിലൂടെ സാധാരണക്കാരെ വഴിതെ റ്റിക്കുന്നവരുടെ അന്വേഷണത്തിനാണ് തിരികല്ല്; തങ്ങളുടെ അന്വേഷണ ത്തിൽ അവർ മുങ്ങിത്താഴുന്നു, അതിൽനിന്ന് കരകയറുന്നില്ല; കാരണം, തങ്ങളുടെ ദുഷ്ടകലഹങ്ങളിൽ നിന്ന് അവർ പിൻതിരിയുന്നില്ല.[76]

*പ്രതിസ്തോത്രം: നിന്റെ ആഗമനത്തിനു സ്തുതി.*

2. പരസ്പരം ദൃഢമായി ഐക്യപ്പെട്ടിരിക്കുന്ന പിതാവിനെയും പുത്ര നെയും പറ്റി ക്ഷമാപൂർവം പഠിപ്പിക്കുന്ന വാക്ക്: ഒന്നുകിൽ പുത്രനോടുകൂടെ പിതാവിനെയും താഴ്ത്തിക്കെട്ടി, പിതാവും സൃഷ്ടികളുടെ സഹോദരനാ ണെന്നാക്കുന്നു. അല്ലെങ്കിൽ പിതാവിനോടുകൂടെ പുത്രനെയും ഉയർത്തി, പുത്രനെയും സൃഷ്ടികളിൽനിന്ന് വ്യത്യസ്തനാക്കുന്നു. കാരണം, പുത്രൻ തന്റെ പിതാവിനെപ്പോലെയാണ്.

3. അർഥമുള്ള വാക്ക്, ആ അർഥം നൽകാതിരിക്കാനോ, എതിരർഥം നൽകാനോ വേണ്ടിയുള്ളതല്ല. പുത്രൻ എന്ന നാമം സൃഷ്ടികളുമായി ബന്ധ മുള്ളതാണെങ്കിൽ, സൃഷ്ടികളുടെ നാമം സ്രഷ്ടാവുമായി ബന്ധമുള്ളതാ ണ്. എന്നാൽ സൃഷ്ടികളുടെ നാമം സ്രഷ്ടാവുമായി അന്യമാണെങ്കിൽ, സ്രഷ്ടാവിന്റെ പുത്രനും അന്യനാണ്.

4. ജനകന്റെ സ്വഭാവത്തിന് സംഭവിക്കുന്നവയെല്ലാം അവനിൽ നിന്നു ജനിച്ച പുത്രനും സംഭവിക്കും. രശ്മിക്ക് പ്രകാശമുണ്ട്, കാരണം, അതിന്റെ ഉത്ഭവസ്ഥാനം പ്രകാശപൂരിതമാണ്. അത് അതിന്റെ ഉത്ഭവത്തിന് തുല്യമാ കയാൽ, നിലച്ചുപോകുന്നില്ല. അത് പേരിൽ ബന്ധിതമായതിനാലും എല്ലാ റ്റിലും അതിനു തുല്യമാകയാലും നിലച്ചുപോകുന്നില്ല.

75. മത്താ.16,19

76. മത്താ.18,6 (പ്ശീത്താ)


www.malankaralibrary.com

5. പിതാവിൽനിന്ന് പുത്രനെപ്പറ്റി അറിയാനാകും. കാരണം, ജനകൻ സൃഷ്ടികളുമായി ബന്ധപ്പെട്ടവനാണെങ്കിൽ, ജനിച്ചവനും സൃഷ്ടികളുടെ സഖിയായിരിക്കും. എന്നാൽ പിതാവ് അവയ്ക്ക് അന്യനാണെങ്കിൽ, അവന്റെ ഫലം എങ്ങനെ അവയുടെ സഖിയാകും? ഒന്നുകിൽ അവൻ അവനെ തന്നിൽ നിന്നകറ്റി, 'അവൻ എന്റെ പുത്രനല്ല' എന്നു പറയണം. എന്നാൽ അവൻ തന്റെ പുത്രനാണെന്ന് അവൻ വിളിച്ചുപറഞ്ഞെങ്കിൽ, ഇതാ, അവൻ തർക്കത്തെ നിശ്ശബ്ദമാക്കിയിരിക്കുന്നു.

6. തങ്ങളുടെ പ്രകൃതങ്ങൾ നഷ്ടപ്പെടുത്തി പേരുകൾ മാറ്റിയ സ്രഷ്ടാവും സൃഷ്ടിയുമെന്ന രണ്ട് വേരുകളെപ്പറ്റി ആരാണ് അത്ഭുതഭരിതരാകാത്തത്? രണ്ടിനും തങ്ങളുടെ ഫലങ്ങൾ നഷ്ടപ്പെട്ടു. രാജകീയ വേരിൽ നിന്ന് ദാസ്യഫലവും ദാസ്യവേരിൽനിന്ന് രാജകീയഫലവും രഹസ്യമായി മുളച്ചുവന്നു.

7. ഈ സംഗതിയിൽ നിന്നുതന്നെ അവർക്കെതിരെയുള്ള ആയുധം ലഭിക്കുന്നു. കാരണം, സത്യപുത്രൻ ജനിച്ചവനല്ലെന്ന് കരുതിയാൽ, ദാസനെ സൃഷ്ടികളുടെ കൂടെ പരിഗണിക്കാൻ പാടില്ല. രണ്ടിലൊന്ന്: ഒന്നുകിൽ രണ്ടു കൂട്ടർക്കും ഉറച്ച അടിത്തറയുണ്ട്. ഓരോന്നും അവയുടെ ക്രമത്തിൽ. അല്ലെങ്കിൽ അവ മാറ്റത്തിന് വിധേയമായി. ഒന്നുകിൽ അവയുടെ നാമങ്ങൾ ഉറച്ചിരിക്കുന്നു, അല്ലെങ്കിൽ സ്വഭാവങ്ങൾ കൂട്ടിക്കുഴച്ചിലിൽ നിപതിച്ചു.

8. ആരാണ് ഇപ്രകാരം ചോദിക്കാത്തത്? 'പുത്രൻ' എന്ന നാമം പരിശോധിക്കുമ്പോൾ, 'സൃഷ്ടി' എന്ന് അർഥമാക്കുന്നെങ്കിൽ, അവലോകനം ചെയ്യുമ്പോൾ 'സൃഷ്ടി' എന്നത് 'പുത്രൻ' എന്നും അർഥമാകുന്നു. അതുകൂടാത, അവന്റെ നാമം അവനുമായി യോജിപ്പിൽ ആയിരിക്കാൻ സാധ്യമല്ല. കാരണം, 'പുത്രൻ' എന്ന നാമത്തിനുപകരം സൃഷ്ടികളുടേത് സ്വീകരിച്ചതുപോലെ, അവൻ തന്റെ സത്യം കൈവെടിഞ്ഞ് 'ജനിച്ചവൻ' എന്നതിലേക്ക് മാറിയതാണോ?

9. 'സൃഷ്ടി' എന്ന വാക്ക് മേലിൽ സൃഷ്ടി പോലെയല്ല; 'ജനിച്ചവൻ' എന്നത് പുത്രനെപ്പലെയല്ല. അതുനിമിത്തം വലിയ വഴിപിഴയ്ക്കൽ സംഭവിക്കുന്നു. സത്യപുത്രൻ തന്റെ നാമം മാറ്റി നഷ്ടപ്പെടുത്തിയാൽ-അപ്രകാരം സംഭവിക്കാതിരിക്കട്ടെ-തന്റെ നാമം ശരിയായി ഉച്ചരിക്കാൻ ആർക്കു കഴിയും? അത് ഉചിതമായ ക്രമം നഷ്ടപ്പെടുത്തുന്നു.

10. എന്തുകൊണ്ടാണ് മോശ ഒരുവശത്ത് ദൈവം എന്ന നാമവും സ്വർഗീയമഹത്വവും സ്വീകരിക്കുകയും മറുവശത്ത് താൻ ദൈവമാണെന്ന് പറഞ്ഞ് ജനത്തെ വഴിതെറ്റിക്കാതിരിക്കുകയും ചെയ്തത്? എന്നാൽ ആ

www.malankaralibrary.com

ജനമാകട്ടെ, ഓരോ അവസരവും അതിനായി ശ്രമിച്ചിരുന്നു. അവരുടെ കാളക്കുട്ടി അത് വിളിച്ചറിയിക്കുന്നു. അവരുടെ ലിഖിതം അത് കാണിക്കുന്നു.[77]

11. വീണ്ടും, ശ്ലീഹന്മാരുടെ അത്ഭുതകർമങ്ങൾ കണ്ട് ജനങ്ങൾ അവർക്ക് ബലിയർപ്പിക്കാനും ധൂപം അർപ്പിക്കാനും അവരെ ദൈവങ്ങൾ എന്നു വിളിക്കാനും തുടങ്ങിയപ്പോൾ, എന്തുകൊണ്ടാണ് വിശുദ്ധ ശ്ലീഹായും തന്റെ സഖികളും അവരെ തടഞ്ഞത്? അവർ തങ്ങളുടെ ആന്തരിക ഹൃദയവും ബാഹ്യവസ്ത്രങ്ങളും വലിച്ചുകീറി; ആരാധിക്കപ്പെടുന്നതിനേക്കാൾ കല്ലെറിയപ്പെടുന്നതിനാണ് അവർ ആഗ്രഹിച്ചത്.[78]

12. 'നിങ്ങൾ തേടുന്ന മിശിഹാ ഞാനല്ല' എന്ന് എന്തുകൊണ്ടാണ് യോഹന്നാൻ നിഷേധിച്ചുപറഞ്ഞത്? തന്റെ കർത്താവ് തന്റെ സഹദാസനാണെന്ന് ഇപ്പോൾ ദാസൻ തിരിച്ചറിഞ്ഞെങ്കിൽ-അവൻ നുണ പറഞ്ഞില്ല-അവൻ ദൈവപുത്രനാണെന്ന് അവൻ തറപ്പിച്ചു പറഞ്ഞപ്പോൾ, ആ നസ്രായൻ ഭയങ്കരമായി നുണ പറയുകയായിരുന്നു! ആ മുന്നോടിയുടെ സ്വരം ഇതാ, ലോകം മുഴുവൻ മുഴങ്ങുന്നു.[79]

13. 'നീ ദൈവമാണ്' എന്നുപറഞ്ഞുകൊണ്ട് എന്തുകൊണ്ട് ദാനിയേലിനെ ഗബ്രിയേൽ വഞ്ചിച്ചില്ല? 'നീ ദൈവപുത്രനാണ്' എന്നുപറഞ്ഞ് എന്തുകൊണ്ട് ഏശായായെ സ്രാപ്പേ വഞ്ചിച്ചില്ല? മാലാഖ വഞ്ചിച്ചില്ല, ശ്ലീഹന്മാർ വഴിതെറ്റിച്ചില്ല. അപ്പോൾ എല്ലാവരേക്കാളും വലിയവൻ എല്ലാറ്റിലും വഞ്ചിക്കുമോ?[80]

14. ഇത് സത്യമല്ലാതിരുന്നെങ്കിൽ ഖണ്ഡിക്കപ്പെടുകയും അവസാനിക്കുകയും ചെയ്യുമായിരുന്നു. സത്യത്തിനു മാത്രമേ കിഴക്കോട്ടു വളരാനും പടിഞ്ഞാറോട്ടു വ്യാപിക്കാനും വടക്കിനെ കീഴടക്കാനും തെക്കിനെ ഉള്ളിലാക്കാനും കഴിയൂ. അത് ആഴത്തിലേക്ക് ഊളിയിട്ടിറങ്ങി അതിനെ കീഴ്പ്പെടുത്തി; അത് ഉന്നതത്തിലേക്ക് കുതിച്ചുകയറി ആസ്ഥാനമുറപ്പിച്ച്, എല്ലാറ്റിന്മേലും എല്ലായിടത്തും ഭരണം നടത്തി.

77. പുറ.4,16;32,4ff

78. നട.14,11-20

79. യോഹ.1,21.29

80. ദാനി.8,16ff. 21ff. ഏശാ.6,6


www.malankaralibrary.com

# 62

## "ബർദൈസാന്റെ കൂട്ടങ്ങൾ" എന്ന രീതി

1. നമ്മുടെ സഹദാസരായ പിശാചുക്കളെ സേവിക്കാൻ, നമ്മുടെ സഹ ദാസനായ പിശാച് ആരംഭം മുതൽ നമ്മെ പ്രലോഭിപ്പിച്ച് അടിമകളാക്കി. അവിടുത്തെ പുത്രൻ നമ്മെ എല്ലാറ്റിൽനിന്നും വിമുക്തരാക്കി. നാം ദാസ രിൽ നിന്നു രക്ഷപെട്ടപ്പോൾ, നമ്മുടെ കർത്താവ് തന്റെ മനുഷ്യാവതാര ത്താൽ നമ്മുടെ സഖിയായിത്തീർന്നു. നാം കെട്ടിച്ചമച്ചത് നഷ്ടപ്പെട്ടപ്പോൾ, സൃഷ്ടി നമ്മുടെ അവകാശമായിത്തീർന്നു. ആരാധ്യനായ പുത്രനിൽ ആ രാധ്യനായ പിതാവിന് നാം നമ്മുടെ ആരാധന അർപ്പിക്കുന്നു.

*പ്രതിസ്തോത്രം: നിന്റെ ഉദ്ബോധനത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.*

2. ജീവനുള്ളവയ്ക്ക് ആദം പേരിട്ടു എന്നത് ആർക്കാണ് അറിയാൻ പാടില്ലാത്തത്?[81] ദാസൻ നൽകിയ പേരുകൾ എല്ലാറ്റിന്റെയും കർത്താവിന് ഇഷ്ടപ്പെട്ടു. അവ എഴുതപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തു. എന്നാൽ ദൈവത്തിന്റെ വായ് മനുഷ്യന്റെ ചെവിയിൽ പറഞ്ഞുകൊടുത്ത പുത്ര നാമങ്ങളെക്കുറിച്ച് തർക്കിക്കുന്നതിൽ ആദത്തിന്റെ സന്തതികൾ ലജ്ജിച്ചില്ല.

3. നമ്മുടെ കർത്താവ് തന്നെത്തന്നെ വഴിയുമായി താരതമ്യപ്പെടുത്തി യിരിക്കുന്നു. കാരണം, അവൻ നമ്മെ തന്റെ പിതാവിങ്കലേക്ക് നയിച്ചു. വീ ണ്ടും, അവൻ വാതിലുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു. കാരണം, അവൻ നമ്മെ തന്റെ രാജ്യത്തിലേക്ക് ആനയിച്ചു. അവനെ കുഞ്ഞാടുമായി താരത മ്യപ്പെടുത്തിയിരിക്കുന്നു. കാരണം നമ്മുടെ അനുരഞ്ജനത്തിനായി അവൻ കൊല്ലപ്പെട്ടു. അവൻ വിളിക്കപ്പെടുന്നതുപോലെ, അവന്റെ വിശുദ്ധകർമങ്ങ ളുമായി യോജിച്ചു പോകുന്നവയാണവ. അങ്ങനെയെങ്കിൽ, അവിടുത്തെ നാമം തന്റെ പിതാവുമായി എത്രയധികം യോജിച്ചു പോകുന്നതായിരി ക്കണം! കാരണം, അവിടുന്ന് പുത്രനാണെങ്കിൽ, ജനിച്ചവനാണ്.[82]

4. നാമത്തിൽ നിന്നുതന്നെ അതിന്റെ ശക്തി നമുക്ക് ഗ്രഹിക്കാം. കാര ണം, അർഥം വിശദീകരിക്കുന്ന തരത്തിലുള്ള നാമങ്ങളുണ്ട്. നിർമിക്കപ്പെട്ട ത് നിർമാതാവിനെയും സൃഷ്ടി സ്രഷ്ടാവിനെയും രൂപീകരിക്കപ്പെട്ടത് രൂപീ കരിച്ചവനെയും പുത്രൻ പിതാവിനെയും തർക്കമെന്യേ പ്രഘോഷിക്കുന്നു. തർക്കങ്ങളിൽ ഒരിക്കലും കീഴടക്കാനാവാത്ത ആയുധമാണിത്.

5. തർക്കം ഒരു കലക്കലാണെന്ന് അമ്പരപ്പിൽനിന്ന് ബോധ്യമാകും.

---

81. ഉല്പ.2,19ff.

82. യോഹ.14,6;10,9;1,29

www.malankaralibrary.com

കാരണം, എല്ലാ പേരുകളും അതിന്റെ മൂലവുമായി സുവ്യക്തം ബന്ധപ്പെട്ടിരിക്കുന്നു; നിർമിക്കപ്പെട്ടത് നിർമാതാവുമായും സൃഷ്ടി സ്രഷ്ടാവുമായും ജനിച്ചവൻ ജനകനുമായും. എല്ലാ നാമങ്ങളും അപ്രകാരംതന്നെ. എന്നാൽ പുത്രൻ എന്ന നാമത്തിന് മാത്രമെന്തേ അതില്ലാത്തത്? അത് നഷ്ടപ്പെടുകയും നഷ്ടപ്പെട്ടവരിലൂടെ കണ്ടെത്തപ്പെടുകയും തിരികെ കൊണ്ടുവരികയും ചെയ്തതല്ല.

6. നാമത്തിലും യാഥാർഥ്യത്തിലും സൃഷ്ടി എന്നാൽ സൃഷ്ടിക്കപ്പെട്ടത് എന്നാണർഥമെന്ന് തർക്കമെന്യേ വസ്തുവിൽ നിന്നു തന്നെ പറയാനാകും. അതുപോലെ, പുത്രൻ, നമ്മുടെ കർത്താവ്, പേരിലും യാഥാർഥ്യത്തിലും പുത്രനാണെങ്കിൽ മാത്രമേ നീതിപൂർവം അവിടുന്ന് പുത്രനാണെന്ന് തറപ്പിച്ചു പറയാനാവൂ. എന്നാൽ അവന്റെ നാമം വ്യാജമാണെങ്കിൽ, എല്ലാറ്റിന്റെയും നാമങ്ങളും വ്യാജമായിരിക്കും.

7. ജനനം കൂടാതെ ജനിച്ചവനെന്ന് ആരെയെങ്കിലും വിളിച്ചാൽ, ജനിച്ചവൻ, അവനെ ജനിപ്പിച്ചവൻ എന്നീ നാമങ്ങൾ വാസ്തവമല്ല! പിതാവ് എന്ന നാമം തന്നെത്തന്നെ ഖണ്ഡിക്കുന്നതായിരിക്കും. അവന്റെ പുത്രൻ എന്ന നാമവും അപ്രകാരം തന്നെ. വൃക്ഷവും അതിന്റെ ഫലവും പരസ്പരവിരുദ്ധമല്ല,; കാരണം, അവയുടെ നാമങ്ങൾ സത്യത്തിന്റെ രുചിയത്രേ പ്രഘോഷിക്കുക.

8. ജനിച്ചവൻ എന്ന നാമത്തിൽ നിന്ന് ദാസന്റെയും പുത്രൻ എന്ന നാമത്തിൽനിന്ന് സൃഷ്ടിയുടെയും അർഥം ഗ്രഹിക്കാൻ എങ്ങനെ കഴിയും? കാരണം, ഫലത്തിൽ നിന്നുതന്നെ വൃക്ഷത്തിന്റെയും ഫലത്തിന്റെയും രുചി ഗ്രഹിക്കാവുന്നതാണ്. എന്നാൽ കയ്പ്പുള്ളതിന്റെ രുചി മാധുര്യമാണെങ്കിൽ, എല്ലാറ്റിന്റെയും പേരുകൾ പരസ്പരവിരുദ്ധമായി അനുഭവപ്പെടും. എല്ലാറ്റിന്റെയും കർത്താവിന്റെ നാമം തലതിരിക്കാൻ ആർക്ക് കഴിയും?

9. കൃപയാൽ 'ദൈവസുതർ' എന്ന് മനുഷ്യർ വിളിക്കപ്പെടുമ്പോൾ, ആ പേര് നിമിത്തം അവരുടെ സ്വഭാവം ഒരുതരത്തിലും നഷ്ടപ്പെടുന്നില്ല. 'മനുഷ്യൻ' എന്ന ശരിയായ നാമത്തിൽ പൊതിയപ്പെട്ട് അവർ അറിയപ്പെടുന്നു. അവരുടെ നാമമാണ് അവർക്കുള്ള തെളിവ്. എന്നാൽ പുത്രൻ, ദാസനാണെങ്കിൽ, അവൻ നമ്മുടെ സഹദാസനായി കാണപ്പെടും. പുത്രൻ കർത്താവാണെങ്കിൽ, സത്യമായും അവിടുന്ന് നമ്മുടെ ദൈവമാണ്.

10. ആരാണ് ആശ്ചര്യപ്പെടാത്തത്? അവന്റെ പുത്രൻ ദാസനാണെങ്കിൽ, തന്റെ ജനകന്റെ ഉദരം അവനെ എല്ലാറ്റിന്റെയും സഹസൃഷ്ടിയാക്കി. മറിയത്തിൽനിന്നുള്ള ജനനം പിതാവിൽ നിന്നുള്ള ജനനത്തെക്കാൾ അവനെ കൂടുതൽ മഹനീയനാക്കി. കാരണം, അതവനെ മനുഷ്യരുടെ യഥാർഥ


www.malankaralibrary.com

സഹോദരനാക്കി. മറ്റേത് അവനെ ഇഴജന്തുക്കളുടെയും വന്യമൃഗങ്ങളുടെയും കൂട്ടത്തിലാക്കി!

11. സത്യവാന്റെ നാമങ്ങൾ നിഷേധിക്കാൻ ആർക്കാണ് കഴിയുക? അവന്റെ സത്യം അവന്റെ നാമത്തിൽനിന്ന് ഗ്രഹിക്കാനാകും. എന്നാൽ പുത്രന്റെയും ജനിച്ചവന്റെയും നാമം സത്യമല്ലെന്ന് വന്നാൽ, സൃഷ്ടിയുടെ നാമവും സത്യമല്ലാതെ വരും. അത് സത്യമായി കാണപ്പെട്ടാൽ, എല്ലാ പേരുകളും സ്വീകാര്യവും ശരിയായിട്ടുള്ളവയുമായിരിക്കും. പുത്രന്റെ നാമംമാത്രം അസ്വീകാര്യമായിരിക്കുമോ! അവനെ അസ്വീകാര്യനായി ചിത്രീകരിച്ചതിനാൽ, നാം അസ്വീകാര്യരായിത്തീർന്നു.

12. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സത്യനാമങ്ങൾ അലസമായി കൈകാര്യം ചെയ്യാൻ ആരാണ് താത്പര്യപ്പെടുക? കഥയില്ലാത്ത പണ്ഡിതർ അതിനാലാണ് അർഥസംപുഷ്ടരായിത്തീർന്നത്. കൂടിക്കലരലിലൂടെ പദാർഥങ്ങളുടെ ശക്തി നിർവീര്യമാകാം. എന്നാൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഉറച്ച ശക്തിമാത്രം സ്ഥിരമായി നിലനിൽക്കുന്നു. കൂടിക്കലരൽ അവരുടെ ശക്തിയെ സ്പർശിക്കുന്നില്ല.

13. വ്യാജനാമത്തിൽ ആർക്കാണ് സ്നാനപ്പെടാൻ കഴിയുക? വ്യാജനാമം ഏറ്റുപറയാൻ ആർക്കാണ് കഴിയുക? അവ തികച്ചും അവിഭക്തമാണ്. നാമാണ് സത്യത്തിൽ വേർതിരിവുണ്ടാക്കിയത്. കാരണം, പിതാവിന്റെ സ്നേഹം തന്റെ പുത്രനിൽനിന്ന് ഒരിക്കലും വേർതിരിക്കാനാവില്ല. യോജിപ്പുള്ള നാമങ്ങൾ ആർക്കാണ് വേർതിരിക്കാനാകുക?

14. തന്നേക്കാളുപരി തന്റെ സൃഷ്ടികളെ സ്രഷ്ടാവ് ബഹുമാനിച്ചെന്നു കേട്ടാൽ പരിഹസിക്കാത്തവരാരുണ്ട്? അതായത്, അവയുടെ നാമങ്ങൾ ഒത്തുവരുന്നു, എന്നാൽ പിതാവിന്റെ നാമം അവൻ തന്നെ നിഷേധിക്കുന്നു! എല്ലാവർക്കും അവരവരുടെ പേരുകളുണ്ട്. എന്നാൽ പിതാവും പുത്രനും മാത്രം തങ്ങളുടെ നാമങ്ങൾ ഉരിഞ്ഞുകളഞ്ഞു. അവർ, എല്ലാറ്റിലും എല്ലാറ്റിന്റെയും നാമങ്ങൾ തെറ്റായി അവതരിപ്പിച്ചു.

15. ധിക്കാരി തന്റെ സ്വതന്ത്രേച്ഛാനുസൃതം തന്റെ വഴിക്ക് പോകുന്നതിന് അവന് രണ്ടും ആര് നൽകും? സൃഷ്ടികളുടെ പേരുകൾ അവൻ കേട്ടു വിശ്വസിച്ചു; എന്നാൽ ജനകന്റെയും ജനിച്ചവന്റെയും നാമങ്ങൾ അവൻ നിരാകരിച്ചു. അവന്റെ സ്വതന്ത്രേച്ഛയോടൊപ്പം അവന്റെ കലഹവും വിലങ്ങുവയ്ക്കുക. എപ്പോഴും അപേക്ഷിക്കുന്നതിന്, സത്യംകൊണ്ട് അവനെ ബന്ധിക്കുക.

www.malankaralibrary.com

# 63

## "ബർദൈസാന്റെ കൂട്ടങ്ങൾ" എന്ന രീതി

1. ആർക്കെങ്കിലും ഇരട്ടപ്പേരുണ്ടെങ്കിൽ, അതിന് എന്തെങ്കിലും കാരണം ഉണ്ടായിരിക്കുമെന്ന് മനസ്സിലാക്കാത്തവൻ ആരുണ്ട്? പ്രധാനസന്ദർഭങ്ങളിൽ അത് വിട്ടുകളയുന്നു. ഒരുടമ്പടിയുടെയോ, കടപ്പത്രത്തിന്റെയോ, കടച്ചീട്ടിന്റെയോ പരിശോധനാവസരം വാസ്തവികത ഉറപ്പിക്കാൻ യഥാർഥ നാമമാണ് അവതരിപ്പിക്കുക.

*പ്രതിസ്തോത്രം: നിന്റെ ജനകന് സ്തുതിയുണ്ടായിരിക്കട്ടെ.*

2. നമ്മുടെ കർത്താവ് ക്രൂശിക്കപ്പെട്ടപ്പോൾ, 'എന്റെ പിതാവേ, ഇവരെ എടുത്ത് കാത്തുകൊള്ളണമെ' എന്ന് വിളിച്ചപേക്ഷിച്ചുകൊണ്ട് തന്റെ അനാഥശിഷ്യരെ പിതാവിനു ഭരമേൽപ്പിച്ചെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്?[83] വീണ്ടും, തന്റെ ഉത്ഥാനത്തിൽ താൻ പിതാവിന്റെ പുത്രനാണെന്ന് തന്റെ മരണത്തിലൂടെ മുദ്രവച്ചു. ലോകം മുഴുവൻ തന്റെ നാമം വിശ്വസിക്കപ്പെടാൻ തന്റെ നാമം തീച്ചൂളയിലൂടെ കടത്തിവിട്ടു.

3. തന്റെ ക്രൂശാരോഹണാവസരം പോലും തന്റെ പിതാവിനോടാണ് അവിടുന്ന് നിലവിളിച്ചപേക്ഷിച്ചതും അവനിലാണ് തന്റെ മാനുഷികശരീരം ഭരമേൽപ്പിച്ചതുമെന്ന് ആരാണ് ഏറ്റുപറയാത്തത്? അവിടുന്ന് പുത്രനാണെന്ന് വിശ്വസിക്കപ്പെടാൻവേണ്ടി അവന്റെ സ്വരം കല്ലറകൾ തുറന്നു, ദൈവാലയത്തിന്റെ വാതിൽമറ കീറി; സ്വജനത്തിന് അവൻ ഉപേക്ഷച്ചീട്ടു നൽകി, ജനതകളെ കൂട്ടിച്ചേർത്തു, സത്യവാന്റെ പുത്രനെന്ന നിലയിൽ ഉടമ്പടി ഉറപ്പിച്ചു.[84]

4. 'എന്റെ പിതാവേ, നിന്റെ കൈകളിൽ' എന്ന വാക്കുകൾ തന്റെ ശരീരം വേർപിരിഞ്ഞപ്പോൾ നമ്മുടെ രക്ഷകന്റെ വായിൽ കെട്ടടങ്ങി എന്നതിൽ ആരാണ് ആശ്ചര്യപ്പെടാത്തത്?[85] അവിടുന്ന് ദാസനല്ല, പുത്രനെന്ന നിലയിൽ തന്റെ പിതാവിന്റെ പക്കൽ അഭയം തേടിയെന്ന് ഒരുസ്വരം...ശക്തമായ സാക്ഷ്യമായി ഉച്ചത്തിൽ വിളിച്ചുപറയുകയും ഏറ്റുപറയുകയും സാക്ഷ്യപ്പെടുത്തുകയും എഴുതുകയും മുദ്രവയ്ക്കുകയും ചെയ്തു.

5. നമ്മുടെ രക്ഷകൻ തന്റെ പിതാവിനെ വിളിച്ചപേക്ഷിച്ച സ്വരം മറ്റെല്ലാ സ്വരങ്ങളിൽനിന്നും വ്യത്യസ്തമായിരുന്നെന്ന് പടയാളികളുടെ നേതാവായ വിവേകമുള്ള ശതാധിപൻ ശ്രദ്ധാപൂർവം നിരീക്ഷിച്ചു. താഴെ ഭൂമി കു

83. യോഹ.17,11 (വേതുസ് സീറാ)

84. മത്താ. 27,51

85. ലൂ.23,46


www.malankaralibrary.com

ലുങ്ങി, മുകളിൽ സൂര്യൻ ഇരുണ്ടു, അവിടുന്ന് ദൈവപുത്രനാണെന്ന് അവൻ വിളിച്ചുപറഞ്ഞ് സാക്ഷ്യപ്പെടുത്തി.[86]

6. നമ്മുടെ കർത്താവ് എത്ര മാധുര്യവാനാണെന്ന് എല്ലാറ്റിന്റെയും കർത്താവിൽ നിന്നുതന്നെ നമുക്കു പഠിക്കാം. സത്തയുടെ നാമം കൊണ്ട് അവൻ സ്വയംവിളിച്ചില്ല. കാരണം അസ്തിത്വത്തിന്റെ നാമം വലുതാണ്. തന്റെ കൃപയേക്കാൾ തന്റെ നീതി ഉയർന്നതാണ്. തന്റെ നാമവും അടയാളങ്ങളും സൃഷ്ടികൾക്ക് നൽകത്തക്കവിധം അവയുടെ മഹനീയത താഴേക്കു കൊണ്ടുവരാനാകില്ല. കാരണം, ആ നാമം സത്തയുടെ ഭാഗമാണ്.

7. അവിടുത്തെ നാമത്തെക്കുറിച്ചും കാരുണ്യത്തെക്കുറിച്ചും വിസ്മയിക്കാത്തവൻ ആരുണ്ട്? കാരണം, അവിടുത്തെ നാമം സകലർക്കും തികച്ചും അപ്രാപ്യമാണ്. എന്നാൽ തന്റെ സ്നേഹം എല്ലാവരിലേക്കും വഴിഞ്ഞൊഴുകുന്നു. മാധുര്യമുള്ളതും സൃഷ്ടികൾക്ക് യോജിച്ചതും തന്റെ ദാസരെ ശ്രേഷ്ഠതപ്പെടുത്താൻ പറ്റിയതുമായ മറ്റു നാമങ്ങൾ അവിടുത്തേക്കുള്ളതിനാൽ, അവയിലാണ് അവിടുന്ന് താഴേക്കിറങ്ങി വന്നതും അവയാൽ തന്റെ സ്വന്തം ദാസരെ വസ്ത്രം ധരിപ്പിച്ചതും.

8. സ്വർഗീയരാജാവ് തന്റെ ദാസരെ രാജാക്കന്മാരാക്കി; അവിടുന്ന് ദൈവമാകയാൽ, അവരെ ദൈവങ്ങൾ എന്നു വിളിച്ചു. അവിടുന്ന് ന്യായാധിപനാകയാൽ, അവന്റെ ദാസർ ന്യായാധിപന്മാരാണ്. അവർ നടന്നുപോകേണ്ടിയിരുന്നതിനാൽ, അവിടുന്ന് തന്നെത്തന്നെ 'വിവശൻ' എന്നു വിളിച്ചു. അവിടുന്ന് എല്ലാറ്റിലും നമ്മേപ്പോലെയാകാൻ, അവരുടെ വാഹനമൃഗമായ കഴുതക്കുട്ടിയുടെ പുറത്തിരുന്നു.[87]

9. മനുഷ്യർ അവിടുത്തെ നാമങ്ങളാൽ വിളിക്കപ്പെടുന്നതിനാൽ, ദൈവത്തിന്റെയും മനുഷ്യരുടെയും സ്വഭാവം ഏകമാണെന്നോ, ദാസരുടെ പേരുകളാൽ കർത്താവ് വിളിക്കപ്പെടുന്നതിനാൽ, ഒരേ ത്രാസ്സിൽ സ്രഷ്ടാവിനെയും സൃഷ്ടിയെയും തൂക്കണമെന്നോ വിഭാവനചെയ്യാൻ തക്കവിധം ഒട്ടും വിശ്വാസമില്ലാതെ വെറും ഭോഷനും കഥയില്ലാത്തവനുമായി ആരാണുള്ളത്?

10. കാരണം, തന്റെ നാമത്താൽ അവിടുന്ന് നമ്മെ രാജാക്കന്മാരെന്നു വിളിച്ചപ്പോൾ, യാഥാർഥ്യം അവിടുത്തേതായിരുന്നു; നമ്മുടേത് ഛായയും. വീണ്ടും, തന്റെ ദാസരുടെ നാമങ്ങളാൽ അവിടുന്ന് തന്നെത്തന്നെ വിളിച്ചപ്പോൾ, സ്വാഭാവികമായി അവ നമ്മുടേതായിരുന്നു; അവിടുത്തേത് യഥാർഥനാമത്തിന്റെ സ്ഥാനത്ത് വിളിപ്പേരുകളും. നമ്മുടെ കാര്യത്തിലും അവിടുത്തെ കാര്യത്തിലും യഥാർഥനാമവും കടമെടുത്ത നാമവും ഉണ്ടെന്ന് നമുക്കറിയാം.

86. മർക്കോ.15,39

87. സങ്കീ.108,9;യോഹ.10,34=സങ്കീ.82,6; മത്താ.19,28; യോഹ.4,6; മത്താ.21,7

www.malankaralibrary.com

11. തന്റെ കാരുണ്യത്താൽ അവിടുന്ന് തന്റെ നാമങ്ങൾ മനഃപൂർവം തന്റെ ദാസർക്കു നൽകിയത്, പരിശോധിക്കാനല്ല, നാം സന്തുഷ്ടരായിരിക്കാനാണ്. എന്റെ സഹോദരങ്ങളേ, നമുക്ക് ചോദ്യംചെയ്യൽ അവസാനിപ്പിക്കാം; നമുക്കു കൂടുതൽ പ്രാർഥിക്കാം. അവിടുന്ന് നമ്മുടെ ബന്ധുവായിരുന്നില്ലെങ്കിലും, നമ്മിൽ ഒരാളായിത്തീർന്നു. അവിടുന്ന് എല്ലാവരിൽനിന്നും വേർപെട്ടവനാണെങ്കിലും, എല്ലാറ്റിലും എല്ലാമായിത്തീർന്നു.

12. അവിടുന്ന് തന്നെത്തന്നെ അകറ്റി നിർത്തിയിരുന്നെങ്കിൽ, തന്റെ നാമത്തിന്റെ വസ്ത്രം ദാസർക്കു നൽകാതെ പിടിച്ചുവയ്ക്കാൻ അവിടുത്തേക്ക് കഴിയുമായിരുന്നു. നമ്മുടെ ദുഷ്ടതയുടെ അളവനുസരിച്ച് നമ്മെ വെറുത്തിരുന്നെങ്കിൽ, തങ്ങളുടെ ചോദ്യശരങ്ങൾ കൊണ്ട് പുത്രന്റെ ദൈവത്വത്തിന്റെ മതിലുകൾ ഇടിച്ചുനിരത്തുകയും തങ്ങളുടെ അന്വേഷണങ്ങളാൽ അതിർത്തികൾ പൊളിച്ചുമാറ്റുകയും ചെയ്ത പണ്ഡിതരിൽ നിന്ന് ഒരിക്കലും നികത്താനാവാത്ത ഒരു ഗർത്തം അവിടുന്ന് ഉണ്ടാക്കുമായിരുന്നു.

13. തന്റെ പുത്രനിലൂടെ നമ്മുടെ പക്കലെത്തിയ കാരുണ്യവാനായ കർത്താവിനെ പ്രകീർത്തിക്കുന്നതിനു പകരം നന്ദികെട്ട ദുഷ്ടദാസർ ചെയ്തതിനെപ്പറ്റി ആരാണ് ആശ്ചര്യപ്പെടാത്തത്? അവൻ തന്റെ ഹൃദയം നാമുമായി പങ്കുവച്ചു; നമ്മെ വിശ്വസിച്ച് നാമുമായി സംസാരിച്ചു; അവന്റെ സ്നേഹം ആസ്വദിക്കുന്നതിനു പകരം അവൻ അവരുടെ കയ്പ് രുചിക്കേണ്ടിവന്നു.

# 64

## "ബർദൈസാന്റെ കൂട്ടങ്ങൾ" എന്ന രീതി

1. ഞങ്ങളുടെ കർത്താവേ, മുൾച്ചെടികൾ പിഴുതെറിഞ്ഞാലും! ദുഷ്ടനാണ് അവയുടെ വിതക്കാരനും കളകൾ നടുന്നവനും.[88] നാം തർക്കിക്കുന്നത് അവർ കണ്ടു; നാം കലഹിക്കുന്നതിൽ അവർ സന്തോഷിച്ചു. നമ്മുടെ പടലപിരിച്ചിലിൽ അവർ ഒത്തുകൂടി. അവരുടെ വഞ്ചന നമ്മുടെ തീച്ചൂളയിലും അവരുടെ കളങ്കങ്ങൾ നമ്മുടെ പ്രകാശത്തിലും അവരുടെ തർക്കങ്ങൾ നമ്മുടെ സ്വരത്തിലും പരിശോധിക്കാത്തതിനാൽ, അവർ സന്തോഷിച്ചു.

*പ്രതിസ്തോത്രം: നിന്റെ നീതിക്ക് സ്തുതിയുണ്ടായിരിക്കട്ടെ.*

2. നാം വളരെ ദുഷിച്ചവരായി തീർന്നതിൽ ആരാണ് കരയാത്തത്? കാരണം, നിശ്ശബ്ദരായിരിക്കേണ്ടിടത്ത് നാം സ്വരമുയർത്തുന്നു; ഖണ്ഡിക്കേ

88. മത്താ.13,28


www.malankaralibrary.com

ണ്ടിടത്ത് നാം മൂകരായിരിക്കുന്നു. നാം മനുഷ്യരുടെ ഇടയിൽ പക്ഷാഭേദം കാട്ടി; നാം കണ്ണടച്ചുകളഞ്ഞു. എന്നാൽ ദൈവം എങ്ങനെയാണെന്ന് അന്വേഷിക്കാൻ നാം അവിടുത്തേയ്ക്കെതിരെ നമ്മളെത്തന്നെ ഉയർത്തി.

3. നമ്മെ വഞ്ചിച്ച് വഴിതെറ്റിച്ച സാത്താനെ പരിശോധിക്കാൻ ആർക്കു കഴിയും? അവന് ഇന്ദ്രിയങ്ങളുണ്ടോ? അവൻ എങ്ങനെയാണ് രൂപീകൃതമായത്? അവന്റെ വായും ചെവിയും എവിടെയാണ്? അവന് വായുണ്ടോ? അവന് ശരീരമില്ലാത്തപ്പോൾ, അവയവങ്ങളുണ്ടോ? ഇതാ, അവനു രൂപമില്ലല്ലോ!

4. ദിവ്യരഹസ്യങ്ങൾ പരിശോധനാവിധേയമാക്കാൻ നമ്മെ പഠിപ്പിച്ച നിന്ദ്യനായ സാത്താൻ പൂർണമായി ഓരോ മനുഷ്യനിലുമുണ്ടോ എന്നും, നമ്മുടെ ആത്മാവിൽ തന്റെ ചിന്തയും നമ്മുടെ വാക്കുകളിൽ തന്റെ വാക്കും കൂട്ടിക്കലർത്താൻ അവന് എങ്ങനെ കഴിയുമെന്നും, തന്റെ ഇച്ഛ നമ്മുടെ ഹൃദയത്തിൽ തള്ളിക്കയറ്റാൻ അവന് കഴിയുമോയെന്നും ആരാണന്വേഷിച്ചിട്ടുള്ളത്? അവന്റെ ദുഷ്ടത കൊടിയതു തന്നെ.

5. ദുഷ്ടൻ ശരീരത്തിൽ കടന്ന് അതിനുള്ളിലുള്ള ആത്മാവിനെ പരിഹസിക്കുന്നതിനെപ്പറ്റി ആരാണ് ലജ്ജിക്കാത്തത്? അവൻ അതിൽ പാർക്കുകയും വ്യാപരിക്കുകയും ചെയ്യുന്നു. തന്റെ അന്തേവാസിയുടെ സ്പർശനം സ്പർശിച്ചറിയാൻ അതിന് കഴിയാതെ വരുന്നു. താൻ സാത്താനോടു കൂടെയാണെന്ന് എന്തുകൊണ്ടാണ് അത് ശ്രദ്ധിക്കാത്തത്? അത് തന്റെ കർത്താവിനെ പരിശോധിക്കുന്നതിനുമുമ്പ് തന്റെ കൊലപാതകിയെ പരിശോധിക്കട്ടെ.

6. ധരയെ പരിശോധനാവിഷയമാക്കിയവൻ ആരാണ്? അത് അതിന്റെ അളവ് നിലനിർത്തുമ്പോൾ തന്നെ സീമാതീതമായി വിസ്തൃതമാണ്. എവിടെ നിന്നാണ് ധാന്യക്കതിരുകൾ ഉൽപ്പാദിപ്പിച്ച് കൂനകൂട്ടുന്നത്? ഈന്തപ്പഴത്തിന്റെ മധുരവും മുന്തിരിക്കുലയുടെ വീഞ്ഞും ഒലിവുമരത്തിന്റെ എണ്ണയും എവിടെ നിന്നാണ്? മുകുളങ്ങൾ എവിടെ നിന്നാണ് നിറങ്ങളും മണവും സുഗന്ധവും കൊണ്ടുവരുന്നത്?

7. വിത്ത് എങ്ങനെ ജലത്തിൽ കുതിർന്ന് വളരുന്നെന്ന് ആർക്കെങ്കിലും പറയാമോ? അതേപ്പറ്റിത്തന്നെ ഒരാൾക്ക് ചോദിക്കാം: ഇടതടവില്ലാതെ പ്രവഹിക്കുന്ന ഉറവയെ ആര് പോഷിപ്പിക്കുന്നു? ഉറവയുടെ നിക്ഷേപത്തെ സമൃദ്ധമാക്കുന്ന നല്ലവൻ തന്നെയാണ് എല്ലാറ്റിനും ജീവൻ നൽകാൻ എല്ലാറ്റിനെയും വർദ്ധിപ്പിക്കുന്നത്.

www.malankaralibrary.com

8. കരയ്ക്കുള്ള ബഹേമോതിനെയും കടലിലുള്ള ലെവിയാഥാനെയും ആര് കാണുകയും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്? ആഹാരം കൂടാതെ അത് തടിച്ചുകൊഴുത്ത് വളരുന്നു. അവയുടെ കുട്ടികൾ ഉരുവാകുന്ന ഭീകര ഗർഭപാത്രം ആര് പരിശോധിച്ചിട്ടുണ്ട്?[89] എല്ലാറ്റിന്റെയും കർത്താവിന്റെ ജനനം എല്ലാറ്റിൽനിന്നും എത്രയധികമായി നിഗൂഢമായിരിക്കണം! അവന്റെ ജനകന്റെ സർവശക്തമായ ഉദരം ആർക്കു പരിശോധിക്കാനാകും?

9. നമ്മിൽ നിന്ന് വളരെ അകലെ കടലിലും കരയിലും അജ്ഞാത മായി എന്തുമാത്രം ജീവികളുണ്ടെന്ന് ആർക്ക് എണ്ണാനാവും? അവയെപ്പറ്റി വിഭാവന ചെയ്യാൻ പോലും നമ്മുടെ മനസ്സിന് കഴിവില്ല. ഈ പ്രശ്നങ്ങ ളെല്ലാം ഇപ്രകാരം ഉച്ചത്തിൽ വിളിച്ചുപറയുന്നു: ‘ബലഹീനമർത്ത്യാ, നിന ക്കു വായുവിൽ പറക്കാൻ കഴിയാത്തതിനാൽ, നിന്റെ തർക്കങ്ങൾ അവസാ നിപ്പിച്ച് ശാന്തനാകുക’.

10. ആർക്കെങ്കിലും എന്നോട് ഇപ്രകാരം പറയാൻ കഴിഞ്ഞേക്കും: ‘എല്ലാറ്റിന്റെയും കർത്താവിന്റെ സ്വഭാവം നീ എവിടെനിന്നു പഠിച്ചു?’ എനി ക്കറിയാമെന്ന് ഞാൻ എപ്പോഴെങ്കിലും സാക്ഷിച്ചിട്ടുണ്ടെങ്കിൽ, എനിക്കു ഹാ, കഷ്ടം! അവന്റെ ഗ്രന്ഥങ്ങൾ അവനെ വെളിപ്പെടുത്തി. നാം ദൈവത്തിൽ വിശ്വസിക്കുക ഉചിതമാകയാൽ, ഞാൻ അത് ഗ്രഹിക്കുകയും അവനിൽ വിശ്വസിക്കുകയും എന്റെ വിശ്വാസം നിമിത്തം എന്റെ അഹന്ത നിറഞ്ഞ അന്വേഷണം ഉപേക്ഷിക്കുകയും ചെയ്യുന്നു.

11. മറ്റു മനുഷ്യർ പറയുന്നതുപോലെ പറയാൻ ഞാൻ ഒരിക്കലും അവരുടെ പക്കലേക്ക് തിരിഞ്ഞിട്ടില്ല. എഴുതപ്പെടാത്ത മറ്റു നാമങ്ങൾകൊണ്ട് നമ്മുടെ രക്ഷകനെ വിളിക്കുന്നതായി ഞാൻ കാണുന്നു. എഴുതപ്പെടാത്തവ ഞാൻ വിട്ടുകളയുന്നു; എഴുതപ്പെടാത്തവയ്ക്കുവേണ്ടി എഴുതപ്പെട്ടവ നഷ്ട പ്പെടാതിരിക്കാൻ, എഴുതപ്പെട്ടവ ഞാൻ മുറുകെപ്പിടിക്കുന്നു.

12. ദൈവം ജലം സൃഷ്ടിച്ച് മത്സ്യങ്ങളുടെ ഉപയോഗാർഥം വിട്ടുകൊ ടുത്തു. അവൻ തിരുലിഖിതങ്ങളെഴുതി മനുഷ്യരുടെ പ്രയോജനത്തിനായി നൽകി. അവ പരസ്പരം സാക്ഷ്യം വഹിക്കുന്നു. കാരണം, മത്സ്യങ്ങൾ തങ്ങ ളുടെ അതിർത്തിവിട്ട് കുതിച്ചാൽ അവരുടെ ചാട്ടം വേദനാജനകമാകും. മനുഷ്യർ തിരുലിഖിതത്തിലെ അതിർത്തി ലംഘിച്ചാൽ, അവരുടെ അന്വേ ഷണം മരണത്തിൽ കലാശിക്കും.

---

89. ജോബ് 40,15ff.; സങ്കീ.104,26

 www.malankaralibrary.com

# 65

## "ബർദൈസാന്റെ കൂട്ടങ്ങൾ" എന്ന രീതി

1. വെളിച്ചം കൂടാതെ കാണാൻ ആഗ്രഹിക്കുകയും അന്ധകാരത്തിൽ ഗവേഷണം നടത്തുകയും പ്രകാശം കൂടാതെ അന്വേഷിക്കുകയും ചെയ്യാൻ തക്കവിധം എപ്പോഴെങ്കിലും ചിത്തഭ്രമം ഉണ്ടായിരുന്നവൻ ആരാണ്? ഭോഷന്മാരായ പണ്ഡിതശിരോമണികൾ മരുഭൂമിയിൽ അലഞ്ഞുതിരിയാനായി തിരുലിഖിതാതിർത്തി വിട്ട് പുറത്തുപോകുകയും സ്വർഗരാജ്യത്തിലേക്കുള്ള പാതയായ ഉടമ്പടികൾ ഉപേക്ഷിക്കുകയും ചെയ്തു. അതിന്റെ മൈൽക്കുറ്റികൾ പ്രവാചകന്മാരും അതിന്റെ അഭയസ്ഥാനം ശ്ലീഹന്മാരുമാണ്.

2. നിന്റെ വിഭാഗത്തിനുവേണ്ടി സംസാരിക്കുക! പ്രകൃതി നിന്റെ മുമ്പാകെ നിൽക്കുന്നു; തിരുലിഖിതങ്ങൾ നിന്റെ കൺമുമ്പിലും! പ്രകൃതിയെ മനസ്സിലാക്കാൻ പ്രയാസമാണ്, തിരുലിഖിതം നമുക്ക് സുവ്യക്തവും. കാരണം, പ്രകൃതിയിൽ നിന്നല്ല ക്രിസ്തുവിനെ നാം അറിഞ്ഞത്. അവിടുത്തെ മനുഷ്യത്വം നാം ഗ്രഹിച്ച അതേ ഉറവിടത്തിൽ നിന്നുതന്നെ അവിടുത്തെ ദൈവത്വം ഗ്രഹിക്കുക ന്യായയുക്തമാണ്.

3. മറിയത്തിൽ നിന്നുള്ള അവിടുത്തെ ജനനത്തെപ്പറ്റി നാം പഠിച്ച സ്രോതസ്സിൽ നിന്നു തന്നെ ആരംഭരഹിതവും സ്തുത്യർഹവുമായ അവിടുത്തെ ആദ്യജനനത്തെപ്പറ്റി ഗ്രഹിക്കുക ന്യായയുക്തമാണ്. എല്ലാറ്റിലും പ്രകൃതി നമുക്ക് സ്വാഗതമരുളുന്നെങ്കിലും, യഥാർഥത്തിൽ നമ്മെ സ്നാനപ്പെടുത്തുകയും നമുക്ക് ജീവൻ നൽകുകയും ചെയ്യുന്നുവോ എന്ന് പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും പറ്റി പഠിപ്പിക്കാൻ കഴിവുള്ളത് തിരുലിഖിതത്തിനാണ്.

4. അവൻ അവനാൽതന്നെ കുറ്റം ചുമത്തപ്പെട്ടിരിക്കുന്നു: കാരണം, ഒന്നുകിൽ അവൻ വിശ്വസിച്ചില്ല, പാഷണ്ഡികളുടെ സ്നാനം വാസ്തവുമല്ല; അഥവാ വിശ്വസിച്ച് സ്നാനമേറ്റെങ്കിൽ, അവൻ മാർസ്യനെപ്പോലെയാണ്: അവൻ സ്രഷ്ടാവിന്റെ നന്മകൾ ഭുജിച്ചെങ്കിലും അതേസമയം സ്രഷ്ടാവിനെ നിഷേധിച്ചു; അവൻ ഗർഭസ്ഥിതനായി ജനിച്ചെങ്കിലും അതേസമയം വിവാഹത്തെ നിന്ദിച്ചു. തന്റെ സ്വന്തം വേരിനെ തള്ളിപ്പറയുന്ന കയ്പ്പേറിയ ഫലം!

5. താൻ ഏതിനാൽ സ്നാനപ്പെട്ടോ, ആ തന്റെ സ്നാനത്തെ തർക്കത്താൽ തകർക്കുന്നവൻ ആരാണ്? അവനത് ചെയ്യാനാവില്ല; കാരണം, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമംകൂടാതെ അവന് സ്നാനപ്പെടുത്താനേ സാധ്യമല്ല. എല്ലാറ്റിലും ഈ വാക്കുണ്ടെങ്കിലും വഴിതെറ്റിയവരോടുകൂടെ നീ അതിനെ പരിശോധനാവിധേയമാക്കുന്നു.

www.malankaralibrary.com

6. സൃഷ്ടിയുടെ ഗർഭപാത്രവും ആന്തരാവയവങ്ങളും പരിശോധനാ വിധേയമാക്കിയവൻ ആരുണ്ട്? ചിലത് ഒട്ടുകമ്പുപോലെ മാറ്റം വരുത്തുന്നു, ചിലത് അവയുടെ പ്രകൃതം മാറ്റുന്നു, ചിലത് ഒറ്റയ്ക്ക് കഴിയുന്നു, മറ്റുചിലത് ജനിപ്പിക്കുന്നു. എന്റെ സഹോദരരേ, ഒന്നിച്ചുചേർന്നിരിക്കുന്ന മരങ്ങളും അത്ഭുതവസ്തുക്കൾതന്നെ. അവയുടെ സ്രഷ്ടാവ് സ്തുതിക്കപ്പെടട്ടെ. കാരണം, അവയുടെ പരിശോധന നിശ്ശബ്ദതയും അവയുടെ അന്വേഷണം മൂകതയുമാണ്.

7. ഒലിവുമരത്തെ ആരെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? അത് ഏകരൂപമായി തോന്നിയാലും വൈവിധ്യമാർന്ന രീതിയിൽ വളരുന്നു: ഇലകൾക്ക് തണ്ടിന്റേതുപോലുള്ള നിറമല്ല, വേര് പിഞ്ചിപ്പോകുന്നു; രുചിയിൽ അത് ഫലത്തിൽനിന്നു വ്യത്യസ്തമാണ്. ഒരേ ഫലത്തിൽ തന്നെ മൂന്നു സംഗതികൾ ഒളിഞ്ഞിരിക്കുന്നു: ഒലിവുകായ് ആട്ടുമ്പോൾ, ജലവും പാലും എണ്ണയും പുറത്തുവരുന്നു.

8. അഗ്നിയെ നിരീക്ഷിച്ചിട്ടുള്ളവൻ ആരാണ്? തടിയുടെ ഉള്ളിൽ അത് മറഞ്ഞിരിക്കുന്നു; കൂട്ടിയുരസുമ്പോൾ അത് വേദനയോടെ പുറത്തേക്കുവന്ന് കാണപ്പെടുന്നു. നമുക്ക് മനസ്സിലാക്കാൻ, ഒരിക്കലും തീ കാണാത്തവന്റെ ദൃഷ്ടാന്തമെടുക്കാം: അവൻ അഗ്നിയെപ്പറ്റി കേട്ടിട്ടേയുള്ളു; അവന് അതിന്റെ ഭാവവും ഗുണവും കുറെയെങ്കിലും അന്വേഷിച്ചറിയാനാകുമോ?

9. തീജ്വാലയുടെ രൂപം ഗ്രഹിക്കാനും തന്റെ മനസ്സിൽ അതേപ്പറ്റി ആശയം രൂപീകരിക്കാനും അന്ധന് തനിച്ച് കഴിയുമോ? അഗ്നിയുടെ രണ്ട് ഗുണങ്ങൾ, അതിന്റെ ചൂടും പ്രകാശവും, അതിൽനിന്ന് ഉത്ഭവിക്കുന്നു. അതിലൊന്ന് കണ്ണുകൊണ്ട് കാണുന്നു, മറ്റത് കൈകൊണ്ടുള്ള സ്പർശനത്താൽ അറിയുന്നു. നാം നേരേകാണുന്നത് അന്ധന് ഗ്രഹിക്കാനാവില്ല.

10. അതുപോലെ, നക്ഷത്രത്തെപ്പറ്റി അന്വേഷിക്കാൻ ആഗ്രഹിക്കുകയും എന്നാൽ സൂര്യനെപ്പറ്റിയോ കിരണങ്ങളെപ്പറ്റിയോ തന്റെ ചിന്തയിലും മനസ്സിലും സ്വന്തമായി ഒരാശയം രൂപീകരിക്കാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്ന അന്ധന്, അതേപ്പറ്റി തന്നോട് പറയുന്നവനെ ഉറച്ച് വിശ്വസിക്കുകയല്ലാതെ കിരണത്തെപ്പറ്റിയും അതിന്റെ അനന്തരഫലങ്ങളെപ്പറ്റിയും ഏതാണ്ടൊരാശയം രൂപീകരിക്കാൻ മറ്റെന്താണ് മാർഗം?

11. എന്നാൽ തന്നോട് പറയപ്പെട്ടവയെപ്പറ്റി അവിശ്വസിച്ച് സംശയങ്ങൾ ഉന്നയിച്ചാൽ, അവൻ ആയിരക്കണക്കിന് തിന്മകളിൽ നിപതിക്കും. കാരണം, അവൻ ഗ്രഹിക്കാതെ അന്വേഷിക്കുകയും മനസ്സും നയനവും എന്ന രണ്ടിലും അവനും കഴിവുണ്ടെന്ന് കരുതുകയും ചെയ്യുന്നു. എന്നാൽ അവൻ വിശ്വസിക്കാൻ കൂട്ടാക്കിയിരുന്നെങ്കിൽ, അവന്റെ അന്ധതയ്ക്ക് പ്രകാശം ന്യായമായ പ്രബോധനം നൽകുമായിരുന്നു.


www.malankaralibrary.com

12. ചോദ്യശരങ്ങളാൽ നാമെന്തിന് നമ്മെത്തന്നെ ക്ലേശിപ്പിക്കുന്നു? പരിശോധനകളാൽ നാമെന്തിന് നമ്മെത്തന്നെ വിഷമത്തിലാക്കുന്നു? ആ ജനനത്തെപ്പറ്റി അന്വേഷണം നടത്തുകയും അതെങ്ങനെയാണെന്ന് പരിശോധിക്കുകയും ചെയ്യുന്ന നമ്മുടെ മനസ്സ് അന്ധമാണ്. കാരണം, സത്യവാന്റെ സ്വരത്തിൽ യഥാർഥമായി വിശ്വസിക്കുകയല്ലാതെ മറ്റൊരു പോംവഴിയുമില്ല.

13. ആരാണ് ഭയപ്പെടാത്തത്! പ്രകാശം എങ്ങനെയാണെന്ന് തന്നോടു പറയാൻ ആഗ്രഹിച്ച മനുഷ്യന്റെ വാക്കുകേട്ട് വിശ്വസിക്കാത്ത അന്ധൻ കുറ്റപ്പെടുത്തലിന് വിധേയനാണെങ്കിൽ, ദൈവസ്വരം ശ്രവിച്ച് വിശ്വസിക്കാത്തവൻ എത്രയധികമായി വിധിക്കപ്പെടുകയില്ല! കാരണം, 'ഇതെന്റെ പുത്രൻ' എന്ന് പിതാവിന്റെ സ്വരം പ്രഘോഷിച്ചു.[90]

'ബർദൈസാന്റെ കൂട്ടങ്ങൾ' എന്ന രാഗത്തിലുള്ള പതിനാറ് ഗീതങ്ങൾ അവസാനിച്ചു.

# 66

## "നീ സത്തയെ പരിശോധിക്കുകയാണെങ്കിൽ" എന്ന രീതി

1. താൻ പൊടിയാണെങ്കിലും ധിക്കാരിയായി തന്നെത്തന്നെ മറന്ന് തന്റെ നിർമാതാവിനെ പരിശോധിക്കാൻ ആഗ്രഹിക്കുന്നവനെപ്പറ്റി!

*പ്രതിസ്തോത്രം: പുത്രനു സ്തുതി.*

2. താൻ വെറും പൊടിയാണെന്നു മനസ്സിലാക്കിയവൻ, തന്നെ മെനഞ്ഞ് രൂപീകരിച്ച വിരലിന് നന്ദി പറയട്ടെ.

3. ചെറിയൊരുറവയെ പോലെ ബൃഹത്തായ കടലിനെ അളക്കാൻ ആഗ്രഹിക്കുന്നതിനാൽ, താർക്കികരുടെ ഇടയിൽ കലഹമുണ്ടായി.

4. ഘോരപർവതത്തിലൂടെ അവൻ അവർക്ക് അവരുടെ ദൗർബല്യം കാട്ടിക്കൊടുത്തു; അളവുകോൽ കൊണ്ട് അതിന്റെ ഉയരം അളക്കാൻ അവർ ബദ്ധപ്പെടുന്നു.

5. കാണുന്നതിനല്ല, പരിശോധിക്കുന്നതിന്, അദൃശ്യസൂര്യനിലൂടെ അവൻ അവരെ എരികേറ്റി അന്ധരാക്കി.

6. തങ്ങൾ ഏതിനാൽ രൂപീകരിക്കപ്പെട്ടുവോ, ആ ത്രിത്വത്തിലൂടെ

90. മത്താ.3,17 (പ്ശീതാ)

www.malankaralibrary.com

അവർ തങ്ങളെത്തന്നെ മലിനരാക്കി; കാരണം, ത്രിത്വനാമത്തെപ്പറ്റി അവർ സംശയിച്ചു.

7. പരിശോധനയിൽ നിന്നുവരുന്ന വഴിപിഴയ്ക്കൽ നിമിത്തം സഭയിൽ കലഹവും വിശുദ്ധസ്ഥലത്ത് സംശയഗ്രസ്ത ഹൃദയവും!

8. സഭയിൽ മനുഷ്യനെ കടിച്ചുകീറുന്ന അസൂയ; നോഹയുടെ പെട്ടകത്തിൽ ക്രൂരമൃഗങ്ങൾക്ക് സമാധാനസന്ധി.

9. അവർ സത്യത്തിന്റെ മറവിൽ വില്ലാളികളായിത്തീർന്നു; അന്വേഷണം അമ്പു നിറച്ച ആവനാഴിയാക്കുന്നു.

10. ദുഷ്ടൻ സാധാരണക്കാരെ വശീകരിച്ച് പ്രത്യാശാരഹിത ചോദ്യങ്ങളിൽ തന്റെ വിപ്ലവം എത്തിച്ചു.

11. സൗജന്യമായി കിട്ടിയ സത്യം മനുഷ്യർ കാണാതിരിക്കാൻ, അവൻ പ്രയോജനരഹിതമായവ കൊണ്ട് അവർക്ക് എരികേറ്റി.

12. അവർ തങ്ങളുടെ ലഹരിയിൽ കവചം പോലെ കലഹം ധരിച്ചു; വസ്ത്രം പോലെ സത്യം കീറിക്കളഞ്ഞു.

13. എന്നാൽ സത്യം വിഭജിതമല്ല; അതിനെ കീറുന്നവരെ അത് കീറി രാജ്യത്തിന് പുറത്തേക്ക് എറിഞ്ഞുകളയും.

14. അവർ യുദ്ധത്തിലെന്നപോലെ ആയുധധാരികളായി; അവരുടെ വിജയത്തിൽ പരാജയം മറഞ്ഞിരിക്കുന്നു.

15. അവർ പോരാടുന്നത് സത്യത്തിനു വേണ്ടിയാണെന്നു തോന്നിക്കുന്നത് മാത്രമേയുള്ളു; മത്സരത്തിൽ പങ്കെടുക്കുന്നത് സ്തുതിക്കു വേണ്ടിയാണ്.

16. അവർ ജയിക്കുമ്പോൾ പൊങ്ങച്ചം കാട്ടുന്നു; പരാജയപ്പെടുമ്പോൾ, സത്യത്തിനുവേണ്ടി മനുഷ്യർ മരിക്കണമെന്ന് നുണപറഞ്ഞ് സ്വയം സമാശ്വസിപ്പിച്ചുകൊണ്ട് വീമ്പിളക്കുന്നു.

17. മാനുഷികനാവുകൾക്ക് അനുവദനീയമല്ലാത്തത് പറയാൻ അവരുടെ കലഹങ്ങൾ അവരെ പ്രേരിപ്പിക്കുന്നു.

18. മാനുഷികപരിശോധനയ്ക്ക് ഉപരിസ്ഥമായ ദൈവികപ്രളയത്തിന്റെ മധ്യത്തിലെ തിരമാലകൾപോലെ അവർ എടുത്തെറിയപ്പെടും.

19. ഒരു നവദിനമെത്തുന്നു; അവൻ പുതിയ തർക്കങ്ങൾ ഉന്നയിക്കുന്നു. കാരണം, അത് അവസാനിക്കുന്നില്ല. ധിക്കാരികൾക്ക് പുതിയ നാശനഷ്ടങ്ങൾ!

 www.malankaralibrary.com

20. തർക്കിക്കാൻ കഴിയുന്നതിന് അന്വേഷിക്കുന്നതുപോലെ, പഠിക്കാനല്ല, വഴിതെറ്റിപ്പോകാൻ അവർ തിരുലിഖിതം പരിശോധിക്കുന്നു.

21. അവർ തങ്ങളുടെ ഉള്ളിൽ ഗുപ്തവിഷം വഹിക്കുന്നു; എങ്കിലും മനുഷ്യരെ ബോധ്യപ്പെടുത്തുന്നു; അവരുടെ വാക്കുകളിൽ സർപ്പശീൽക്കാരമുണ്ട്.

22. അവർ സത്യം തേടുന്നെന്ന തോന്നൽ പരത്തുന്നെങ്കിലും കലഹം തേടുന്നു; അവരെ ശാന്തരാക്കാൻ ആർക്കു കഴിയും?

23. രാജവീഥിയിൽ മൈൽക്കുറ്റികൾ സ്ഥാപിച്ചിരിക്കുന്നു. വിഡ്ഢികൾ അവ വിട്ട് മരുഭൂമി തെരഞ്ഞെടുക്കുകയും അവിടെ വഴിതെറ്റിപ്പോകുകയും ചെയ്യുന്നു.

24. രാജവീഥിയിലൂടെ ചരിക്കുന്നവനാണ് രാജാവിനെയും അവിടുത്തെ ദാനത്തെയും കണ്ടുമുട്ടുന്നത്.

# 67

## "നീ സത്തയെ പരിശോധിക്കുകയാണെങ്കിൽ" എന്ന രീതി

1. സത്യത്തിന്റെ അടയാളം തിരുലിഖിതത്തിൽ വച്ചിരിക്കുന്നു. വിഡ്ഢികൾ അതുപേക്ഷിക്കയും അടയാളത്തിന്റെ നാഥനെ നിരസിക്കാൻ തുടങ്ങുകയും ചെയ്തു.

2. വില്ലാളികൾക്കിടയിൽ തങ്ങളുടെ കൊടി ഉപേക്ഷിച്ച് തങ്ങളുടെ രാജാക്കന്മാർക്കെതിരെ അമ്പെയ്തവരെ കണ്ടെത്താനാകുമോയെന്ന് നമുക്കന്വേഷിക്കാം.

3. ഇതാണ് കൊടി: സംശയമെന്യേ പിതാവ് ഏകൻ, അന്വേഷണം കൂടാതെ പുത്രൻ ഏകൻ.

4. ഈ ദൃശ്യമാനദണ്ഡം തെളിവായി വരച്ചുകാട്ടിയിരിക്കുന്നു; എന്നാൽ പമ്പരവിഡ്ഢികൾ ഒടിഞ്ഞ അമ്പ് കൂരിരുട്ടിൽ എയ്യുന്നു.

5. വാഗ്വൈഭവം ഉള്ളവർക്ക് നിശ്ശബ്ദത ആയിരിക്കട്ടെ അതിർത്തി; നിഗൂഢത പരിശോധിക്കുന്നവർക്ക് മൂകത ആയിരിക്കട്ടെ അതിർത്തി.

6. എങ്ങനെ സംസാരിക്കണമെന്ന് നാവ് പഠിച്ചിട്ട് സംസാരിക്കട്ടെ. അപ്പോൾ, സംസാരിച്ചുകഴിഞ്ഞ് അനുതപിക്കാൻ ഇടയാകില്ല.

www.malankaralibrary.com

7. ആദ്യം പഠിച്ചിട്ട് പിന്നീട് പഠിപ്പിക്കട്ടെ; അപ്പോൾ അവൻ കഥയില്ലാത്തവരുടെ കനാൽ അല്ലാതായിത്തീരും.

8. ഒരു കണ്ണാടി കണക്കെ തിരുലിഖിതം സ്ഥാപിക്കപ്പെട്ടിരിക്കുന്നു; കാഴ്ചശക്തിയുള്ളവർ അതിൽ സത്യത്തിന്റെ രൂപം ദർശിക്കും.

9. അതിൽ പിതാവിന്റെ രൂപം കാണാം; അതിൽ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും രൂപം വരച്ചുകാട്ടിയിരിക്കുന്നു.

10. സ്നാനത്തിനായി വിശ്വാസത്തിൽ ഒന്നിനു പിറകെ ഒന്നായി ഈ മൂന്നിന്റെയും നാമങ്ങൾ വരച്ചുകാട്ടിയിരിക്കുന്നു.

11. അവ സ്വന്തമാക്കാനായി അവയെ അന്വേഷണവിധേയമാക്കണം എന്നു പറഞ്ഞ് വഴിതെറ്റിക്കാൻ നാട്യം രംഗപ്രവേശം ചെയ്യുന്നു.

12. പരിശോധന കടന്നുവന്നു, കലഹം കടന്നുവന്നു, മത്സരം കടന്നുവന്നു, സത്യം പമ്പകടന്നു.

13. തർക്കത്തിലൂടെ എല്ലാം നഷ്ടമാക്കുന്നതിനേക്കാൾ, തർക്കം കൂടാതെ സത്യം സ്വന്തമാക്കുന്നതാണുചിതം.

14. തെറ്റായ പ്രബോധനത്തിലൂടെ മരണം സ്വന്തമാക്കുന്നതിനേക്കാൾ, ലാളിത്യത്തിൽ ജീവൻ നേടുന്നതാണ് ഉചിതം.

15. ദാഹിക്കുമ്പോൾ കുടിക്കുന്നതിനു പകരം ഉറവ അളക്കാൻ പോകുന്നതിനേക്കാൾ, ജലം പാനം ചെയ്യുന്നതാണ് ഉചിതം.

16. തന്റെ പിതാവിനെ പരിശോധിക്കുന്നതിനേക്കാൾ, നേരേ നോക്കി പിതാവിനെ അറിയുകയാണ് ശിശുവിന് ഉചിതം.

17. അതുകൊണ്ട്, പര്യവേക്ഷണം കൂടാതെ, വിശ്വാസജീവിതത്തിലൂടെ ഗ്രഹിക്കയാണ് മെച്ചം.

18. വാഴ്ത്തപ്പെട്ട സമൂഹമേ, നിങ്ങൾ ഇത് തെരഞ്ഞെടുക്കുക: കലഹം ഉരിഞ്ഞുകളഞ്ഞ്, സ്നേഹത്തിന്റെ വസ്ത്രം ധരിച്ച് സത്യം പ്രഘോഷിക്കുക.

19. ആദം ഇല്ലാതിരുന്നപ്പോൾ അവിടുന്ന് ആരംഭത്തിൽ തന്നെ തന്റെ കാരുണ്യത്തിന്റെ കലവറ തുറന്ന് അവനെ പൂഴിയിൽ നിന്നു സൃഷ്ടിച്ചു.

20. അവിടുന്ന് വേഗത്തിൽ പാതാളത്തിന്റെ വാതിൽ തുറന്ന്, പൂഴിയായിത്തീർന്ന ആദത്തിന്റെ ശരീരം അവിടെനിന്ന് പുറത്തേക്കാനയിച്ചു.

21. തന്റെ വാഗ്ദാനം അനുസരിച്ച് അവിടുന്ന് വേഗത്തിൽ പറുദീസായുടെ വാതിൽതുറന്ന് ജീവവൃക്ഷത്തിന്റെ അടുത്ത് വസിക്കാൻ ആദത്തെ വിട്ടു.


www.malankaralibrary.com

22. ഈ താക്കോൽ നിർമിച്ചവന് സ്തുതിയുണ്ടായിരിക്കട്ടെ; ഒന്നേ ഉള്ളെങ്കിലും എല്ലാ കലവറകളും തുറക്കാൻ അതിനു കഴിയും.

23. തന്റെ സത്തയിൽ നിഗൂഢനായിരിക്കുന്ന പിതാവിന് സ്തുതി. നിശ്ശ ബ്ദതയുടെ മുദ്രയാൽ തന്റെ ജനനത്തിൽ നിഗൂഢനായിരിക്കുന്ന പുത്രന് സ്തുതി.

24. പരിമിതിരഹിതനായ പിതാവിനു നന്ദി; പരിശുദ്ധാത്മാവിനോടൊപ്പം പരിശോധനാതീതനായ പുത്രന് നന്ദി.

25. കർത്താവേ, എന്നിൽ സ്വരവും നിശ്ശബ്ദതയും വർദ്ധിപ്പിച്ചു ത ന്നാലും. അവയിലൂടെ ഞാൻ രക്ഷിക്കപ്പെടട്ടെ. നിന്നെ പരിശോധിക്കുന്നത് ഞാൻ കുറ്റപ്പെടുത്തട്ടെ. നിന്റെ സ്തുതി ഞാൻ പ്രകീർത്തിക്കട്ടെ. നിന്റെ നാമത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.

# 68

## "നീ സത്തയെ പരിശോധിക്കുകയാണെങ്കിൽ" എന്ന രീതി

1. തിരുലിഖിതം സമാധാനപൂർണമാണ്; മനുഷ്യർ വിഭജിതരും. സ്വാതന്ത്ര്യം നിമിത്തം ഏകസത്യത്തെക്കുറിച്ചാണ് കലഹം ഉയർത്തിയിരി ക്കുന്നത്.

*പ്രതിസ്തോത്രം: എന്റെ കർത്താവേ, നിനക്കു സ്തുതി.*

2. സത്യത്തിന്റെ മറവിൽ ബലഹീനർ പ്രമുഖസ്ഥാനം കാംക്ഷി ക്കുന്നു; അവർ തങ്ങളുടെ പക്ഷത്തേക്ക് മനുഷ്യരെ വിളിക്കുന്നു.

3. അവർ തങ്ങൾക്കു ചുറ്റും ഇടവകകളെ കൂട്ടിച്ചേർത്ത് സൈന്യാ ധിപന്മാരും ന്യായാധിപന്മാരും ശതാധിപന്മാരും ദശാധിപന്മാരും ആയിത്തീ രുന്നു.

4. സമാധാനം കടന്നുപോയി; തന്റെ അയൽക്കാരിൽ ഒരുവനെ കൊള്ള യടിക്കാൻ ആഗ്രഹിക്കുന്ന എല്ലാ കൊള്ളക്കാരും കൊള്ളയടിക്കുന്നു.

5. അവർ മത്സരത്തിലെന്നപോലെ തർക്കങ്ങളിൽ പൊട്ടിത്തെറിക്കുന്നു; സഹോദരൻ സഹോദരനെതിരെ അമ്പെയ്യുന്നു. എത്ര സങ്കടകരം!

6. അവരുടെ നാവുകൾ ബലഹീനരെ പ്രഹരിക്കുന്നു; അവർ അടി ച്ചു, അടിക്കപ്പെടുകയും ചെയ്തു. അവിടെ രക്തം ചൊരിഞ്ഞില്ല, അവർക്കു ഭയവുമില്ല.

www.malankaralibrary.com

7. ഈ വാള് ബലഹീനമാണെങ്കിലും രോഷാകുലമാണ്; കൊലപാതകി ആയതിനാൽ, നാവ് വെറുക്കത്തക്കതാണ്; അത് അന്ധമാണ്!

8. അടികൊണ്ട് പുളയുകയും വിജയകിരീടത്തെ നോക്കി നെടുവീർപ്പിടുകയും ചെയ്യുന്ന മല്ലന്മാരെപ്പോലെ വ്യർഥാഭിമാനം താർക്കികരെ ക്ലേശിപ്പിക്കുന്നു.

9. അവർ അവരുടെ വിജയത്തിൽ പോലും ദുർബലരാണ്; കാരണം, അവരുടെ ലക്ഷ്യം ധിക്കാരമാണ്. എത്ര വലിയ ദുരന്തം!

10. ജയംതന്നെ വലിയ പരാജയത്തിൽ കലാശിക്കുന്നെങ്കിൽ, ജേതാവ് എവിടെ! കാരണം, അവന്റെ അഹന്ത അവനെ കീഴടക്കിയിരിക്കുന്നു.

11. ദുർബലനു നഷ്ടം എങ്ങനെ ഇരട്ടിയായി! കാരണം, തർക്കത്തിൽ അവൻ ദുർബലനായി; അസൂയയിലൂടെയും. ഓ, തികഞ്ഞ നഷ്ടം!

12. അന്വേഷണത്തിന് തന്റെ സഖിയെ വലയിലാക്കിയവനെ പടുകുഴിയിലെന്നവണ്ണം അഹന്ത വലയിലാക്കി! എത്ര വലിയ നിന്ദനം!

13. ഒരാൾ ക്രോധത്താൽ നിറഞ്ഞിരിക്കുന്നു; അപരൻ കലഹത്താലും. എണ്ണമറ്റ ദുഷ്ടത! സംശയഗ്രസ്തർക്ക് എന്ത് പ്രതീക്ഷയാണുള്ളത്?

14. നമുക്കു കരഞ്ഞു നിലവിളിക്കാം; കാരണം, മനുഷ്യരെ തങ്ങളുടെ വാക്പടയാൽ നിശ്ശബ്ദരാക്കാൻ, ദൈവത്തിനും മനുഷ്യർക്കുമെതിരെ അവർ തുനിഞ്ഞിറങ്ങുന്നു.

15. സ്വർഗീയസംഗതികളെ സംബന്ധിച്ച് ഭൂമിയിൽ കലഹം! ഭൂമി ഇളകിമറിയുന്നു; തർക്കങ്ങൾ പുകപോലെ ഉയരുന്നു.

16. സ്വർഗവും സ്വർഗാധിസ്വർഗവും അന്വേഷണത്തിൽ നിന്നു വിമുക്തമാണ്. എന്നാൽ ഭൂമിയുടെ ഒഴിഞ്ഞ കോണുകൾ ദൈവദൂഷണംകൊണ്ട് നിറഞ്ഞിരിക്കുന്നു.

17. ഭൗമികർക്ക് എല്ലാ നന്മകളും നിറഞ്ഞ മഞ്ഞും മഴയും തിരകളും ആകാശം പങ്കിട്ടുകൊടുക്കുന്നു.

18. ഭൂമിയാകട്ടെ, സ്വർഗീയനെതിരെ ദൈവദൂഷണം നിറഞ്ഞ ചോദ്യങ്ങളും തർക്കങ്ങളും ഒന്നിച്ചുകൂട്ടുന്നു.

19. ചെളിയിൽ നിന്നു രൂപീകരിക്കപ്പെട്ട മർത്യർ തങ്ങളുടെ സഖികളുമായി തർക്കങ്ങളിൽ പോരാട്ടം നടത്തുന്നു. അവർ ഭൂമിയിലേക്ക് തിരികെതാണ് പൂഴിയായിത്തീരുന്നു.


www.malankaralibrary.com

20. പതിനായിരം പതിനായിരങ്ങളായ മാലാഖമാർ നിശ്ശബ്ദരായിരിക്കുന്നു; എന്നാൽ ആത്മാവും ശരീരവും എന്ന രണ്ട് കൊതുകുകൾ ബഹളം കൂട്ടുന്നു.

21. ഗബ്രിയേലിനോടുകൂടെ മിഖായേൽ നിശ്ശബ്ദനായിരിക്കുന്നു; എന്നാൽ പൂഴി പൂഴിയോട് തർക്കിക്കുന്നു. എത്ര ബീഭത്സം!

22. അവർ രോഗഗ്രസ്തരാകുന്നു; അപ്പോൾ അവരുടെ വാക്കുകൾ നിലയ്ക്കുന്നു; മരണത്തിലൂടെ അവരുടെ അന്വേഷണവും തർക്കവും അവസാനിക്കുന്നു.

23. ഞാൻ നിന്നിൽ ജീവൻ കണ്ടെത്താനായി, താർക്കികരുടെ അന്വേഷണങ്ങളിൽ നിന്ന് നീയെന്നെ അകറ്റി നിർത്തിയതിനാൽ, എന്റെ കർത്താവേ, നിനക്കു നന്ദി.

# 69

## "നീ സത്തയെ പരിശോധിക്കുകയാണെങ്കിൽ" എന്ന രീതി

1. ദൈവികാസ്തിത്വത്തെ പരിശോധിക്കാൻ നീ ആഗ്രഹിച്ചാൽ, അത് മാർഗഭ്രംശമാകും; ബലഹീനനേ, നീ എവിടെ തുടങ്ങും, എവിടെ അവസാനിപ്പിക്കും?

*പ്രതിസ്തോത്രം: പിതാവിനു സ്തുതി.*

2. രാജവീഥിയിലൂടെ ചരിക്കുന്നവന് ആദിമുതൽ അന്ത്യംവരെ സ്വസ്ഥത ഉണ്ടായിരിക്കും.

3. ആ അസ്തിത്വത്തിന് ആദിയും അന്ത്യവുമില്ല; അതുകൊണ്ട് അവനെ പരിശോധിക്കുക ദുഷ്ക്കരമാണ്.

4. നീ സ്വന്തമാക്കിയ സത്യത്തെപ്പറ്റി സംശയിച്ചാൽ, നീ നിന്നെത്തന്നെ പുറത്തേക്ക് ഒഴുക്കിക്കളയുകയായിരിക്കും ചെയ്യുക; വരണ്ട ഭൂമിയിൽ നീ തെറ്റ് പാനം ചെയ്യുകയും ചെയ്യും!

5. അവിടുത്തെപ്പറ്റിയുള്ള നിഗൂഢ പര്യാലോചനയ്ക്ക് നീ മുതിർന്നാൽ, ആ ചർച്ച ഒരു മഹാസമുദ്രമായിത്തീരുകയും അത് നിന്റെ മേൽ ആഞ്ഞടിക്കുകയും ചെയ്യും.

6. കപ്പലിൽ എന്നപോലെ വിശ്വാസത്തിൽ, കപ്പിത്താൻ എന്നപോലെ തുറമുഖത്തുനിന്ന് തുറമുഖത്തേക്ക് തിരുലിഖിതത്തിലേക്ക് കടന്നുചെല്ലുക.

7. അവന്റെ തിരുലിഖിതം കൂടാതെ അവന്റെ പക്കലേക്ക് ചെല്ലരുത്. തന്റെ പ്രളയത്തിനിടയിൽ അവിടുന്ന് നിരവധി തുറമുഖങ്ങൾ നിർമിച്ചതിനാൽ, അവിടുത്തെ നാമത്തിന് നന്ദി പറയുക.

8. അവിടുന്ന് വളരെ വലിയവനായിരുന്നിട്ടും തന്റെ സ്നേഹത്താൽ തന്നെത്തന്നെ പരിഗണിക്കാതെ ചെറിയവനായിത്തീർന്നു. കടലിൽ തുഴയാൻ കഴിവില്ലാത്തവർക്ക് അവിടുന്ന് ഒരു സങ്കേതമായിത്തീർന്നു.

9. സമ്പാദ്യം കുറവുള്ളവർ വ്യാപാരം ചെയ്യാൻ തന്റെ സ്നേഹത്തിൽ അവൻ ഒരു കടലായിത്തീർന്നു.

10. എന്നാൽ അവന്റെ സ്വഭാവം സംബന്ധിച്ച്, സ്വർഗീയർക്കാകട്ടെ ഭൗമികർക്കാകട്ടെ അവന്റെ പക്കലേക്ക് തുഴയാനാവില്ല.

11. ദൈവത്വം പരിശോധിക്കാൻ ഏത് സൃഷ്ടിക്കാണ് കഴിയുക? കാരണം, അവനും സൃഷ്ടികൾക്കുമിടയിൽ ഒരു ഗർത്തമുണ്ട്.

12. ദൈവത്വത്തിന് തന്റെ ഉടമസ്ഥതയിൽ നിന്ന് യാതൊന്നും അകലെയല്ല; കാരണം, അതിനും സൃഷ്ടികൾക്കുമിടയിൽ സ്നേഹം നിലനിൽക്കുന്നു.

13. പരിശോധനയിലൂടെ ആരും ദൈവത്തിൻ പക്കലേക്ക് വരുന്നില്ല; എങ്കിലും തിരിച്ചറിവുള്ളവർക്ക് അവൻ ഏറ്റവും സമീപസ്ഥനാണ്.

14. ആ പരിശുദ്ധനോടുകൂടെ അശുദ്ധൻ ഒത്തുപോകുന്നില്ല; എന്നാൽ അവൻ വിശുദ്ധനിൽ പൂർണമായി വസിക്കുന്നു.

15. ആ സർവജ്ഞാനിയുടെ പക്കലേക്ക് സൂത്രശാലികൾ എത്തുന്നില്ല; എന്നാൽ അവന്റെ സ്നേഹം ലളിതമാനസ്സരോടു കൂടെയാണ്.

16. ആ സ്വർഗീയന്റെ പക്കലേക്ക് അഹങ്കാരികൾ എത്തുന്നില്ല; എന്നാൽ അവന്റെ സ്നേഹം വിനീതരുടെമേൽ വഴിഞ്ഞൊഴുകുന്നു.

17. മനുഷ്യർക്ക് ദൈവത്തെ പരിമിതപ്പെടുത്താനാവില്ല; എന്നാൽ അവിടുന്ന് മനുഷ്യസ്നേഹിയാണ്.

18. നിർമിക്കപ്പെട്ട സൃഷ്ടവസ്തു എത്ര വലുതാണെങ്കിലും, നിർമാതാവിനെ പരിമിതപ്പെടുത്താൻ അതിനാവില്ല.

19. സജീവന്റെ ആ പുത്രനെപ്പറ്റി വിശദീകരിക്കാൻ മർത്യനോ, അവന്റെ ജനനത്തെപ്പറ്റി പറയാൻ താർക്കികനോ കഴിവില്ല.

20. ആ മഹനീയത ഗ്രഹിക്കാൻ ആർക്കു കഴിയും? ആത്മാവ്, ബലഹീനമാണ്, ജീവൻ അശക്തമാണ്, ശരീരം ദുർബലമാണ്.


www.malankaralibrary.com

21. അവനെ അപഗ്രഥിക്കാമെന്നു ചിന്തിക്കുന്നവന്റെ സംസാരം വഴി പിഴപ്പിക്കുന്നു, ഹൃദയം ചഞ്ചലിക്കുന്നു, സമ്പൂർണമായി മത്സരിക്കുന്നു.

# 70

## "നീ സത്തയെ പരിശോധിക്കുകയാണെങ്കിൽ" എന്ന രീതി

1. നിർമാതാവിനെ കാണാൻ നിർമിക്കപ്പെട്ട വസ്തുവിന് ഏത് നയനം കൊണ്ടാണ് കഴിയുക? അതൊരു സൃഷ്ടിയും അവൻ സ്രഷ്ടാവുമാണ്.

*പ്രതിസ്തോത്രം: നിന്റെ നാമത്തിനു സ്തുതി.*

2. നമ്മിലെ ആത്മാവിന് കണ്ണുകൊണ്ടോ, ചിന്തകൊണ്ടോ കാണാനോ നോക്കാനോ കഴിവില്ല.

3. കാരണം, നാം മനസ്സുകൊണ്ട് അതേപ്പറ്റി അന്വേഷിക്കുമ്പോൾ, ഒരാൾ അതിൽ വിശ്വസിക്കുന്നു, മറ്റൊരാൾ അതിനെ നിഷേധിക്കുന്നു! എന്തൊരു ശല്യം!

4. തന്നെത്തന്നെ ഒരിക്കൽ പോലും കാണാൻ കഴിയാത്ത അന്ധമായ ആത്മാവിന് ദൈവത്വത്തെ എങ്ങനെ കാണാനാകും?

5. ഒരിക്കൽ പോലും തന്നെത്തന്നെ സ്പർശിച്ചുനോക്കാൻ അതിനു കഴിവില്ല; അപ്പോൾ ഏത് ഇന്ദ്രിയം കൊണ്ടാണ് അത് തന്റെ സ്രഷ്ടാവിനെ പരിശോധിച്ചറിയാൻ ആഗ്രഹിക്കുന്നത്?

6. ബലഹീനമർത്യാ, തുറമുഖങ്ങൾക്കിടയിൽ തുഴയുക! കാരണം, കടൽ ആർത്തിരമ്പിയാൽ, അടുത്തുള്ള തുറമുഖം അഭയകേന്ദ്രമായിരിക്കും.

7. നിന്റെ കഴിവനുസരിച്ചുള്ള അന്വേഷണം നടത്തുക; നിന്റെ ഹൃദയം വഴിതെറ്റി അലയാൻ തുടങ്ങുമ്പോൾ, നിശ്ശബ്ദതയിൽ ഉറച്ചുനിൽക്കുക.

8. നിശ്ശബദത വളരെ അകലെയല്ല; വളരെ വിലകുറച്ച് നിന്റെ നാവിന് മൂകത വാങ്ങാം.

9. നിശ്ശബ്ദത എളുപ്പമാണ്; തർക്കം കഠിനവും. താർക്കികരുടെമേൽ അന്വേഷണം ആരും അടിച്ചേൽപ്പിക്കുന്നതല്ല!

10. നിർബന്ധിച്ചാണെന്നു തോന്നിയാലും, കൽപന അടിച്ചേൽപ്പിക്കുന്നതല്ല, സ്വതന്ത്രേച്ഛയുടേതാണ്.

www.malankaralibrary.com

11. കൽപ്പനപോലും നിർബന്ധിതമല്ലെങ്കിൽ, അന്വേഷണത്തിന് ഏത് തർക്കമാണ് നമ്മെ നിർബന്ധിക്കുന്നത്?

12. ദൈവം കൽപ്പന നൽകി; എന്നാലത് തർക്കത്തിനല്ല. അവന്റെ രണ്ട് ഉടമ്പടികളിലും അന്വേഷണമില്ല, പരിശോധനയുമില്ല.

13. അവിടുന്ന് ബലഹീനരായ നമുക്ക് അന്വേഷണത്തിനു പകരം കൽപ്പനയും പരിശോധനയ്ക്കു പകരം വിശ്വാസവും നൽകി.

14. അവൻ സൃഷ്ടിച്ച പ്രകൃതികൾ അഗ്രാഹ്യങ്ങളാണ്. അപ്പോൾ തന്നിൽതന്നെ നിഗൂഢവും അവാച്യവുമായ തന്റെ പ്രകൃതി എത്ര അധികമായിരിക്കും!

15. അവനിൽ നിന്നുള്ള പുത്രൻ തർക്കം കൂടാതെ അവനെ അറിയുന്നു. അവനെ എങ്ങനെ അന്വേഷിക്കണം എന്നതിനെപ്പറ്റി അവന് സംശയമില്ല.

16. പര്യവേക്ഷണത്തിൽ എല്ലാ സൃഷ്ടികൾക്കും വഴിതെറ്റുന്നു; കാരണം, അവയ്ക്ക് സ്രഷ്ടാവിനെ ഗ്രഹിക്കാൻ കഴിയുന്നില്ല.

17. എന്നാൽ അവന്റെ സ്നേഹം നമ്മെ മഹത്തരമായി ഉയർത്തിയെങ്കിൽ, നാം എന്താണെന്നറിയണം. അതായത്, തന്റെ സ്വഭാവം പരിശോധനാവിഷയമാക്കാൻ നമ്മുടെ പ്രകൃതിക്ക് കഴിവില്ല.

18. സ്രഷ്ടാവിനെ പരിശോധനാവിഷയമാക്കാൻ കഴിയുമെന്നു ചിന്തിക്കുമ്പോൾ, സൃഷ്ടിക്കപ്പെട്ടവയ്ക്ക് വഴിതെറ്റുന്നു.

19. തന്റെ അന്വേഷണത്തിൽ തന്റെ സ്രഷ്ടാവിൽനിന്ന് വളരെ അകലെ കഴിയുന്നു എന്നകാര്യം സൃഷ്ടി മറക്കാതിരിക്കട്ടെ.

20. ആ മഹനീയതയെ ഉൾക്കൊള്ളാൻ കഴിയുന്ന വലിയ പാത്രം ഉണ്ടായിരിക്കുക സൃഷ്ടികളുടെ ഇടയിൽ അസാധ്യമാണ്.

21. ദൈവത്വത്തിന്റെ ധാരണ ഗ്രഹിക്കാൻ കഴിയുന്ന ഉദരം ഉണ്ടായിരിക്കുക ബുദ്ധിജീവികളുടെ ഇടയിൽ അസാധ്യമാണ്.

# 71

## "നീ സത്തയെ പരിശോധിക്കുകയാണെങ്കിൽ" എന്ന രീതി

1. വിവേകപൂർവം വേർതിരിച്ചറിയുന്ന സ്രഷ്ടാവാണ് അവിടുന്ന്. താൻ എങ്ങനെ സൃഷ്ടിക്കുന്നെന്ന് ശ്രദ്ധിക്കാതെ അന്ധമായി പ്രവർത്തിക്കുന്നവനല്ല അവിടുന്ന്.

 www.malankaralibrary.com

*പ്രതിസ്തോത്രം: തന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകട്ടെ.*

2. തന്നെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു പാത്രം അവിടുന്ന് നിർമിച്ചിരുന്നെങ്കിൽ, ആ സൃഷ്ടവസ്തു തന്റെ സ്രഷ്ടാവിനേക്കാൾ വലുതാകുമായിരുന്നു.

3. സ്രഷ്ടാവ് സൃഷ്ടിയേക്കാൾ വലിയവനായിരിക്കാതെ, സൃഷ്ടി സ്രഷ്ടാവിനേക്കാൾ വലുതും മഹനീയവും ആയിരിക്കുന്നത് അസംബന്ധമാണ്.

4. സ്രഷ്ടാവാണ് വലിയവനെങ്കിൽ, താൻ നിർമിച്ച സൃഷ്ടവസ്തുവിന് തന്റെ അറിവിനോളം എങ്ങനെ വിപുലമായിരിക്കാൻ കഴിയും?

5. തന്നോളം വലിപ്പമുള്ള ഒന്നിനെ താൻ സൃഷ്ടിച്ചെങ്കിൽ, അത് അവിശ്വസനീയമായ കുഴച്ചിലായിരിക്കും.

6. അതേസമയം, മറുവശത്ത്, താൻ സൃഷ്ടിച്ചവയെല്ലാം ആശ്ചര്യകരമാണ്! സ്രഷ്ടാവ് വലിയവനായിരിക്കുന്നതിനാൽ, തന്റെ സൃഷ്ടികളും മൂല്യമുള്ളവയാണ്.

7. സ്രഷ്ടാവ് വലിയവനാകയാൽ, സൃഷ്ടിയും വലുതാണ്. മറുവശത്ത്, അത് ചെറുതാണ്. അത് എത്ര ഉയർത്തപ്പെട്ടാലും അവനുമായി താരതമ്യപ്പെടുത്തുമ്പോൾ ബലഹീനമാണ്.

8. തന്റെ സ്നേഹം നിമിത്തം അവിടുന്ന് സൃഷ്ടിച്ചവയൊന്നും ചെറുതല്ല. എന്നാൽ തന്റെ മഹത്വം നിമിത്തം അവിടുത്തേക്ക് അവ ചെറുതാണ്.

9. തന്നെ ഉൾക്കൊള്ളുന്ന ഒന്ന് സൃഷ്ടിക്കപ്പെടുമോ എന്നു കരുതി സ്രഷ്ടാവിന് ആന്തരികസംഘട്ടനം ഉണ്ടായില്ല.

10. വീണ്ടും, തന്നെ പരിമിതപ്പെടുത്തുന്ന ഒന്ന് നിർമിക്കപ്പെടുമോ എന്നു കരുതി സ്രഷ്ടാവ് തനിക്കെതിരെ പ്രവർത്തിച്ചില്ല.

11. സ്രഷ്ടാവിനും സൃഷ്ടിക്കുമിടയിൽ അസൂയയില്ലായിരുന്നു. കാരണം, തന്റെ സൃഷ്ടവസ്തുക്കൾക്ക് അവൻ സ്നേഹം പകർന്നുകൊടുത്തു.

12. സൃഷ്ടി തന്റെ ജ്ഞാനത്തിൽ സ്രഷ്ടാവിനെപ്പോലെയാകാൻ യാതൊരു സാധ്യതയുമില്ല.

13. തിരുലിഖിതം സൃഷ്ടിയെപ്പറ്റി ഉച്ചത്തിൽ പ്രഘോഷിക്കുന്നു. അതെത്ര ഉന്നതമായാലും തന്റെ സ്രഷ്ടാവിനേക്കാൾ വളരെ ചെറുതാണ്.[91]

91. സങ്കീ. 8,5; ഏശാ.40,15ff.

www.malankaralibrary.com

14. ഫലത്തെപ്പറ്റിയോ, അതിന്റെ ജനകനെപ്പറ്റിയോ ഇങ്ങനെയോ തത്തുല്യമായോ ആരും ചിന്തിക്കുന്നില്ല.

15. അവിടുന്ന് സ്വർഗീയന്റെ പുത്രനാണെന്ന് പ്രവാചകന്മാർ ഉച്ചത്തിൽ വിളിച്ചുപറയുന്നു, ശ്ലീഹന്മാർ ഏറ്റുപറയുന്നു; ഒപ്പം സ്വർഗവാസികളും ഭൂവാസികളും.

16. സൃഷ്ടി മുഴുവനുമുള്ള അവിടുത്തെ എണ്ണമറ്റ അത്ഭുതകർമങ്ങൾ അന്ധരെപ്പോലും ബോധ്യപ്പെടുത്താൻ പര്യാപ്തമാണ്.

17. പാഷണ്ഡികളുടെ കാതുകൾ ഒഴികെ ആരാണ് തന്റെ എല്ലാ പ്രഘോഷകരുടെയും ഇടിനാദത്തെ നിന്ദിക്കുന്നത്?

18. തന്റെ പ്രഘോഷകർ നിരവധിയാണെങ്കിലും അവിടുന്ന് തനിക്കു തന്നെ സാക്ഷ്യം നൽകുന്നു. കാരണം, തന്റെ പ്രവൃത്തികൾ തന്റെ പ്രഘോഷകരേക്കാൾ ശക്തമാണ്.

19. ദൈവത്വത്തിന്റെ ശക്തിക്കു മുമ്പിൽ സകല നയനങ്ങളും മനസ്സുകളും നിസ്സാരങ്ങളാണെന്നു കാണുക.

20. തന്നിൽ നിന്നുദിച്ച കിരണം അവന് മതിയായതാണ്. അവൻ ജനിപ്പിച്ച പ്രകാശം അവനെ അറിയുന്നു.

# 72

### "നീ സത്തയെ പരിശോധിക്കുകയാണെങ്കിൽ" എന്ന രീതി

1. ശ്രോതാവേ, അത്യാശ്ചര്യപൂർവം നിന്റെ ആത്മാവിന് അതിർത്തി നിശ്ചയിക്കുകയും പതർച്ചയിൽ നിന്ന് നിന്റെ മനസ്സിനെ ഏകാഗ്രമാക്കുകയും ചെയ്യുക.

*പ്രതിസ്തോത്രം: ആദ്യജാതനു സ്തുതി.*

2. വിശ്വാസത്തിൽ, അവൻ നിന്റെ പക്കലേക്കു വരുന്നു; പരിശോധനയിൽ, അവന്റെ സഹായത്തിൽനിന്ന് നീ നിന്നെത്തന്നെ അകറ്റുന്നു.

3. അവനെ മനസ്സിലാക്കാൻ വലിയ തർക്കങ്ങൾക്ക് കഴിവില്ല; കാരണം, അവൻ താർക്കികരിൽനിന്ന് പൂർണമായും നിഗൂഢനാണ്.

4. വിശ്വാസത്തിൽ അവനെ കാത്തിരിക്കുക. നീ അതിനെ നിന്ദിച്ചാൽ, അതിനെ നിഷേധിക്കുമ്പോൾ നീ അതിന്റെ പക്കലേക്കാണ് വരിക.


www.malankaralibrary.com

5. അതുകൂടാതെ അവിടുത്തെ അസ്തിത്വംപോലും നിനക്ക് തിരിച്ച റിയാൻ സാധ്യമല്ലാത്തതിനാൽ, നിന്റെ ഒരു പരിശ്രമവും മതിയാകുന്നതല്ല.

6. നീ നിരന്തരപര്യവേക്ഷണം നടത്തിയാലും, അവിടുന്ന് സ്ഥിതിചെ യ്യുന്നു എന്നതു മനസ്സിലാക്കാൻ കഴിയുന്നതിനു മാത്രമേ അവൻ നിനക്ക് അനുവദിച്ചിട്ടുള്ളു.

7. പരിശ്രമശാലി എത്ര പരിശ്രമിച്ചാലും ഇത്രയുമേ ഗ്രഹിക്കാൻ കഴി യൂ; അതിനപ്പുറം ഇതേപ്പറ്റി ഗ്രഹിക്കാനാവില്ല.

8. കാരണം, അവനെ തേടുന്നവർക്ക് അവൻ വളരെ സമീപസ്ഥനാണ്; അവനെ പരിശോധിക്കാൻ ആഗ്രഹിക്കുന്നവർക്ക് വളരെ നിഗൂഢനാണ്. താർക്കികനേ, നിശ്ശബ്ദനായിരിക്കൂ.

10. രണ്ടിലും അവനെ ഗ്രഹിക്കാൻ ആർക്കു കഴിയും? പരിശോധക നേ, അവൻ നിന്നിൽ നിന്ന് മറഞ്ഞിരിക്കുന്നു. ആരാധകനേ, അവൻ നിനക്ക് സന്നിഹിതനാണ്.

11. തന്റെ കൃപയിൽ അവൻ ദൃശ്യനാണ്; തന്റെ സത്തയിൽ അവൻ നിഗൂഢനാണ്. അവന്റെ ഔന്നത്യത്തിനു പകരം നിന്റെ അടുത്തുള്ള അവന്റെ കാരുണ്യം തേടുക.

12. അവന്റെ നിക്ഷേപം തുറന്നിരിക്കുന്നു; എന്നാൽ അവൻ അപ്രാ പ്യനാണ്. അവനെ പരിശോധിക്കുന്നതിനുപകരം അവന്റെ സഹായം അ പേക്ഷിക്കുക എന്നതാണ് നിനക്ക് യോജിച്ചത്.

13. ബലഹീനനേ, അവന്റെ നിക്ഷേപം കണ്ട് അവൻ കരുണാമസൃ ണൻ ആണെന്ന് മനസ്സിലാക്കാൻ അവന്റെ വലിയ കാരുണ്യം നിന്നെ വിളി ക്കുന്നു.

14. അവിടുത്തെ മഹോന്നതശക്തി എത്ര വലുതാണെന്ന് നിന്റെ ഉള്ളിൽ തോന്നുന്നതു പോലെയും നീ വിഭാവന ചെയ്യുന്നതു പോലെയും കാണാൻ അവിടുന്ന് നിന്നെ അനുവദിക്കുന്നില്ല.

15. എന്നാൽ അവന്റെ മുമ്പിൽ എത്താൻ ആഗ്രഹിച്ച് തുനിഞ്ഞിറങ്ങി യാൽ, എല്ലാവർക്കും മുമ്പുള്ളവനും ആർക്കും മുമ്പെത്താൻ കഴിയാത്തവ നുമായവന്റെ മുമ്പിൽ നീ എങ്ങനെയെത്തും?

16. അവനെ കടന്നുപോകാൻ ഒരിടം പോലുമില്ല! നീ അവന്റെ ഉള്ളി ലാണ്; കാരണം, അവനപ്പുറത്ത് യാതൊന്നും തന്നെയില്ല!

17. അവനെ കടന്നുപോകാൻ സാധ്യമല്ലെന്നു മാത്രമല്ല, അവനെ എത്തിപ്പിടിക്കാനുമാവില്ല.

www.malankaralibrary.com

18. അവനു മുമ്പിലെത്താനാവില്ല, അവനെ കടന്നുപോകാനാവില്ല, അവനെ എത്തിപ്പിടിക്കാനാവില്ല, ഒഴിഞ്ഞുമാറാനുമാവില്ല–എല്ലാററിലും ഒര ത്ഭുതം!

19. എല്ലായിടത്തും എത്താൻ നിനക്ക് കഴിയുമെങ്കിൽ, താനിരിക്കു ന്നിടം വിട്ടുപോകാതെ അവൻ നിനക്കെതിരെ വരും.

20. നിന്റെ അളവ് ചെറുതും ചുരുങ്ങിയതുമാണ്. അവനാകട്ടെ, നി ന്നിൽ നിന്ന് അകലെയാണ്; എന്നാൽ അതേസമയം നിന്നോട് വളരെ അടു ത്തും. അപ്പോൾ നിനക്ക് അവനെ എങ്ങനെ പരിശോധിക്കാനാകും?

21. അവൻ അഗ്നിപോലെയല്ല, അത് അകലെയാണെങ്കിലും വളരെ അടുത്താണ്; അതിനെ സമീപിക്കാൻ ശരീരത്തിനു ശക്തിയില്ല.

22. അവൻ സൂര്യനെപ്പോലെയല്ല, കണ്ണിൽ നിന്ന് അതിന്റെ ഉഗ്രത മാറ്റിയില്ലെങ്കിൽ, ബലഹീനതയാൽ കണ്ണ് മങ്ങിപ്പോകും.

23. കർത്താവ് തന്റെ സൃഷ്ടികളുമായി അടുത്തും അകലെയും ദൃ ഢമായി ബന്ധിതമാണ്. അവ അവനെ തേടുന്നു; അവൻ അവയെ താങ്ങു ന്നു.

24. അവൻ വളരെ അകലെയാണെന്നവണ്ണം അവ അവനെപ്പറ്റി ചിന്തി ക്കുന്നു. എന്നാൽ തന്റെ ഉള്ളംകൈയിൽ എന്നവണ്ണം അവ വയ്ക്കപ്പെട്ടിരി ക്കുന്നു.

25. മഹാസമുദ്രം എത്ര വലുതാണെന്ന് അളക്കാൻ വലിയ കപ്പലു കൾക്കാവില്ല.

26. എന്നാൽ ദൈവത്തിന്റെ മഹനീയതയുമായി താരതമ്യപ്പെടുത്തു മ്പോൾ, കടൽ വെറും ഒരുതുള്ളി മാത്രം! നീ അതിൽ നശിച്ചുപോകാതിരി ക്കാൻ അതിൽ മറിഞ്ഞുവീഴാതിരിക്കുക.

# 73

## "നീ സത്തയെ പരിശോധിക്കുകയാണെങ്കിൽ" എന്ന രീതി

1. ഇതാ, സൂര്യനും പിതാവും തമ്മിലും കിരണവും പുത്രനും തമ്മിലും ചൂടും പരിശുദ്ധാത്മാവും തമ്മിലും സാമ്യമുണ്ട്.

*പ്രതിസ്തോത്രം: നിന്നെ അയച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*


www.malankaralibrary.com

2. ഒന്നാണെങ്കിലും അതിൽ ഒരു ത്രിത്വം കാണപ്പെടുന്നു; അഗ്രാഹ്യമായതിനെ വിവരിക്കാൻ ആർക്കു കഴിയും?

3. ഒന്ന് ബഹുമുഖമാണ്; ഒന്ന് മൂന്നിൽ അധിഷ്ഠിതമാണ്; മൂന്നും കൂടി ഒന്നാണ്. മഹാത്ഭുതം! സുസ്പഷ്ടമായ അത്ഭുതം!

4. സൂര്യൻ തന്റെ കിരണത്തിൽ നിന്നു വ്യത്യസ്തനാണ്; എന്നാൽ അതുമായി കൂടിച്ചേർന്നിരിക്കുന്നു. കാരണം, കിരണവും സൂര്യനാണ്.

5. താഴെയുള്ളവർക്ക് കിരണവും ഒരു സൂര്യനാണെങ്കിലും രണ്ടു സൂര്യന്മാർ എന്ന് ആരും പറയാറില്ല.

6. നമ്മുടെ കർത്താവും സൃഷ്ടികളുടെമേൽ ദൈവമാണെങ്കിലും രണ്ടു ദൈവങ്ങൾ എന്നു നാം പറയാറില്ല.

7. ഓരോന്നും സ്വതന്ത്രമാണെങ്കിലും, സൂര്യകിരണവും അതിന്റെ ചൂടും എവിടെ, എങ്ങനെ ചേർത്തുവച്ചിരിക്കുന്നെന്ന് ആർക്ക് അന്വേഷിക്കാനാവും?

8. അവ തികച്ചും വേർപെട്ടല്ല, എന്നാൽ കൂടിക്കുഴഞ്ഞുമല്ല. വ്യതിരിക്തമാണ്, എന്നാൽ കൂടിച്ചേർന്നല്ല. ഒന്നിച്ചാണ്, എന്നാൽ സ്വതന്ത്രമാണ്. - മഹാത്ഭുതം!

9. വളരെ നിസ്സാരവും സുഗ്രാഹ്യവുമെന്നു തോന്നുന്നവയിലേക്ക് ഊളിയിട്ടിറങ്ങി തപ്പിത്തടയാൻ ആർക്കെങ്കിലും കഴിയുമോ?

10. കഴിയുമെങ്കിൽ, കിരണത്തെ മാറ്റി നിർത്തിയിട്ട് സൂര്യനെ പരിശോധിക്കുക; അതിന്റെ ചൂട് വേർതിരിച്ചന്വേഷിച്ച് നിർണയിക്കുക.

11. കഴിയുമെങ്കിൽ, സൂര്യനെ അതിന്റെ കിരണത്തിൽ നിന്നും ചൂടിനെ ഇവ രണ്ടിൽ നിന്നും വേർതിരിക്കുക.

12. സൂര്യൻ മുകളിലാണ്; അതിന്റെ ചൂടും വെളിച്ചവും താഴെയുള്ളവരോടു കൂടെയാണ്. സുവ്യക്തമായ ഒരു പ്രതീകം.

13. അതിന്റെ കിരണം ഭൂമിയിലേക്ക് ചരിഞ്ഞ്, കണ്ണിൽ പതിക്കുന്നു; ഒരു ശരീരംകൊണ്ട് എന്നവണ്ണം അത് വസ്ത്രം ധരിക്കുന്നു.

14. ഉറക്കത്തിൽ കണ്ണടയ്ക്കുമ്പോൾ, വീണ്ടും ഉയർപ്പിക്കാനുള്ള മൃതശരീരം കണക്കെ, കിരണം അതിനെ ഉരിഞ്ഞുകളയുന്നു.

15. ഉദരത്തിൽ വസിച്ച നമ്മുടെ കർത്താവിനെപ്പോലെ, പ്രകാശം എപ്രകാരം കണ്ണിൽ പ്രവേശിക്കുന്നു എന്നത് ആർക്കും അറിയില്ല.

16. പ്രകാശം കണ്ണിനുള്ളിൽ നിന്ന് മനോഹരരൂപം ധരിക്കുന്നു; എന്നിട്ട് പുറത്തേക്കുപോയി സൃഷ്ടലോകത്തെ സന്ദർശിക്കുന്നു.

www.malankaralibrary.com

17. നമ്മുടെ കർത്താവ് എല്ലാ ബലഹീനതകളോടുംകൂടെ ശരീരം ധരിച്ച് സൃഷ്ടി മുഴുവനെയും വിശുദ്ധീകരിക്കാൻ ഇറങ്ങി പുറപ്പെട്ടതുപോലെയാണത്.

18. എന്നാൽ കിരണം അതിന്റെ ഉറവയിലേക്ക് തിരിയുമ്പോൾ, അതിന്റെ ജനകനിൽ നിന്ന് ഒരിക്കലും വേർപിരിയുന്നില്ല.

19. കൂടാതെ, നമ്മുടെ കർത്താവ് തന്റെ ശിഷ്യർക്കുവേണ്ടി വിട്ടിട്ടുപോയ പരിശുദ്ധാത്മാവിനെപ്പോലെ അത് അതിന്റെ ചൂട് ഇവിടെ അവശേഷിപ്പിക്കുന്നു.

20. സൃഷ്ടലോകത്തുള്ള പ്രതീകങ്ങളെ പരിഗണിക്കുക. മൂന്നാളുകളെപ്പറ്റി സംശയിക്കാതിരിക്കുക. അല്ലെങ്കിൽ നിനക്ക് വഴിതെറ്റിപ്പോകും.

21. നിനക്ക് അഗ്രാഹ്യമായത് ഞാനിപ്പോൾ സുവ്യക്തമാക്കി: ഏകൻ എപ്രകാരമാണ് ത്രിത്വമായിരിക്കുന്നതെന്നും ഈ ത്രിത്വം അതേസമയം എങ്ങനെ ഏകസത്തയായിരിക്കുന്നെന്നും ഞാൻ വ്യക്തമാക്കി.

# 74

## “നീ സത്തയെ പരിശോധിക്കുകയാണെങ്കിൽ” എന്ന രീതി

1. ഓ, വലിയ വെളിച്ചമേ, നിന്നെ നോക്കിക്കാണാൻ ആരെനിക്കു ശക്തി തരും? നിന്റെ കർത്താവിന്റെ പ്രതീകങ്ങൾ നിന്നിൽ തിങ്ങിനിറഞ്ഞിരിക്കുന്നു.

*പ്രതിസ്തോത്രം: നിന്റെ ജനകൻ വാഴ്ത്തപ്പെട്ടവനാകട്ടെ.*

2. അതിന്റെ ചൂട് ആര് പരിശോധിക്കും? പരിശുദ്ധാത്മാവിനെപ്പോലെ അത് വ്യത്യസ്തമാണെങ്കിലും വേർപിരിഞ്ഞിരിക്കുന്നില്ല.

3. എല്ലാറ്റിന്മേലും അതിന്റെ ചൂടിന്റെ ശക്തി വസിക്കുന്നു. അത് പൂർണമായി എല്ലാറ്റിലുമാണ്; പൂർണമായി ഓരോന്നിലുമാണ്.

4. അതുമായി ഒന്നുചേർന്നിരിക്കുന്ന കിരണത്തിൽ നിന്ന് അത് വേർപെട്ടല്ല; അതുപോലെ, യോജിച്ചിരിക്കുന്ന സൂര്യനിൽ നിന്നും.

5. അത് സൃഷ്ടികളുടെമേൽ വർഷിക്കപ്പെടുമ്പോൾ, ഓരോന്നും അതാതിന്റെ കഴിവനുസരിച്ച് അതിന്റെ ചൂടിന്റെ ശക്തി സ്വീകരിക്കുന്നു.

6. നഗ്നനായിത്തീർന്ന ആദത്തിന്റെ സാദൃശ്യത്തിൽ, അത് ധരിക്കുമ്പോൾ അതിനാൽ നഗ്നർ ചൂടുള്ളവരാകുന്നു.


www.malankaralibrary.com

7. നഗർക്കെല്ലാം ചൂട് പ്രിയംകരമാണ്. എല്ലാത്തരം കർമങ്ങൾക്കും വേണ്ടിയുള്ള ഉത്സുകരായ ജോലിക്കാരായി അതവരെ അയക്കുന്നു.

8. അതുപോലെ പരിശുദ്ധാത്മാവും ശ്ലീഹന്മാരെ വസ്ത്രം ധരിപ്പിച്ച്, സത്കർമങ്ങൾക്കായി നാലു ഭാഗങ്ങളിലേക്കും അയച്ചു.

9. പരിശുദ്ധാത്മാവിനാൽ സകലതും പവിത്രീകരിക്കപ്പെടുന്നതുപോലെ, ചൂടുകൊണ്ട് സകലതും പാകപ്പെടുന്നു. സ്പഷ്ടമായ പ്രതീകം!

10. പരിശുദ്ധാത്മാവിലൂടെ മാലിന്യം നീക്കപ്പെടുന്നതുപോലെ, അതിനാൽ ശരീരത്തിലെ തണുപ്പ് നീക്കപ്പെടുന്നു.

11. ദുഷ്ടൻ ബന്ധിച്ച ആത്മാക്കളെ പരിശുദ്ധാത്മാവ് വിടുവിക്കുന്നതുപോലെ, തണുപ്പുകൊണ്ട് മരവിച്ച വിരലിന്റെ മരവിപ്പ് അത് നീക്കുന്നു.

12. തങ്ങളിൽ വസിച്ച പരിശുദ്ധാത്മാവിനാൽ ശ്ലീഹന്മാർ തുള്ളിച്ചാടിയതുപോലെ, അതിനാൽ നീസാൻമാസത്തിൽ കന്നുകുട്ടികൾ തുള്ളിച്ചാടുന്നു.

13. ഫലങ്ങളും നാമ്പുകളും തടഞ്ഞു നിർത്തുന്ന തണുപ്പിന്റെ കടിഞ്ഞാൺ ചൂടിനാൽ പൊട്ടിക്കപ്പെടുന്നു.

14. എല്ലാ കൃപാസഹായങ്ങളും തടഞ്ഞു നിർത്തുന്ന ദുഷ്ടന്റെ കടിഞ്ഞാൺ പരിശുദ്ധാത്മാവിനാൽ തകർക്കപ്പെടുന്നു.

15. പരിശുദ്ധാത്മാവ് വിശുദ്ധ സഭയെ ഉണർത്തുന്നതുപോലെ, നിശ്ശബ്ദ ധരയുടെ അന്തരാളത്തെ ചൂട് ഉണർത്തുന്നു.

16. അപരിമിതവും സർവശക്തവുമായ നിക്ഷേപത്തെ ബലഹീന മനുഷ്യൻ പരിശോധിക്കാൻ ആഗ്രഹിക്കുന്നതിൽ എത്രയധികം വഴിതെറ്റുന്നു!

17. നാലുഭാഗങ്ങളിലും ഉള്ളവയെല്ലാം ആർക്ക് വളരെ നിസ്സാരമായിരിക്കുന്നുവോ, അവനോടൊപ്പം തന്നെത്തന്നെ വിസ്തൃതമാക്കാൻ ആഗ്രഹിക്കുന്നവൻ എത്രയധികം വഴിതെറ്റുന്നു!

18. അധരങ്ങളിലുള്ള മരവിച്ച നിശ്ശബ്ദതയുടെ തണുത്തതും ദുഷ്ടത നിറഞ്ഞതുമായ കടിഞ്ഞാൺ ചൂട് അഴിച്ചുകളയുന്നു.

19. അപ്പോൾ, ശ്ലീഹന്മാരുടെമേൽ വന്നുവസിച്ച അഗ്നിനാവുകൾ പോലെ വായും നാവും സംസാരിക്കും.

20. പരിശുദ്ധാത്മാവ് തന്റെ ചൂടുകൊണ്ട് അഗ്നിനാവുകളിലൂടെ ശിഷ്യരിൽ നിന്ന് മൂകത നീക്കിക്കളഞ്ഞു.

www.malankaralibrary.com

21. ദുഷ്ടത നിറഞ്ഞതും മരവിച്ചതുമായ നിശ്ശബ്ദത, തണുപ്പുകാല ത്തെന്നപോലെ, സംസാരിക്കാതിരിക്കാൻ ഭീഷണിപ്പെടുത്തി.

22. തണുപ്പുകാലത്തിന്റെയും മരവിപ്പിന്റെയും പ്രതീകമായ ആ ജനം (യൂദർ) ശിഷ്യരെ ഓർത്ത് പൂർണമായി ഖിന്നരായി.

23. താണിറങ്ങിവന്ന അഗ്നിനാവുകളാൽ, പരിശുദ്ധാത്മാവ് തണുപ്പിന്റെ ശക്തിയകറ്റി.

24. അവിടുന്ന് ശിഷ്യരുടെ ഭയം നീക്കി. നാവുകളാൽ നാവുകളിൽനിന്ന് മൂകത ഓടിമറഞ്ഞു.

25. തണുപ്പുകാലംപോലെ സാത്താൻ വിധിക്കപ്പെട്ടു; ക്രുദ്ധരായ ജനം (യൂദർ) ഫെബ്രുവരിപോലെ പൂർണമായി മങ്ങിപ്പോയി.

26. തണുപ്പുകാലവും കഴുകനും നിന്ദിച്ചപ്പോൾ, അവിടെ ചെറുപറവ കൾ ഉയരത്തിൽ പുതിയ സ്വരത്തിൽ പാടി.

27. ഈ കാര്യങ്ങളാണ് ചൂട് ചെയ്തത്. ഇവയാണ് പരിശുദ്ധാത്മാവ് പൂർത്തിയാക്കിയത്. ഇത് ഗ്രഹിക്കാൻ ആർക്കു കഴിയും?

# 75

## "നീ സത്തയെ പരിശോധിക്കുകയാണെങ്കിൽ" എന്ന രീതി

1. ബലഹീനമനുഷ്യാ, നിന്റെ വിളക്കായ സൂര്യൻ നിന്നെ അത്ഭുത പ്പെടുത്തുന്നു; അതിനെ പരിശോധിക്കേണ്ടത് എങ്ങനെയാണെന്ന് നിനക്ക റിഞ്ഞുകൂടാ.

*പ്രതിസ്തോത്രം: നിനക്ക് സ്തുതിയുണ്ടായിരിക്കട്ടെ.*

2. മനുഷ്യനെന്ന നിലയിൽ സ്രഷ്ടാവിനെ നീ എങ്ങനെ പരിശോധ നാവിധേയനാക്കും? മനുഷ്യാ, നിന്റെ മനുഷ്യസ്വഭാവം നീ തിരിച്ചറിയുക.

3. ആ പ്രകാശം ആരുടെമേൽ അടിക്കുന്നുവോ, അവർക്കത് നിഗൂഢ മല്ലെങ്കിലും, അതിന്റെ സൂക്ഷ്മഭാവം സ്പർശനാതീതമാണ്.

4. രശ്മിയുടെ ചൂട് കണ്ണിനു കാണാനാകില്ല; കാരണം, അത് വളരെ സൂക്ഷ്മമാണ്.

5. അതിന്റെ ചൂടുകൊണ്ട് അത് കണ്ണിനെയും അതിന്റെ സ്ഥൂലഭാവ


www.malankaralibrary.com

ത്താൽ കൈകളെയും കീഴടക്കുന്നു. കാരണം, അവ സ്പർശിക്കുന്നില്ല, കാണുന്നുമില്ല.

6. വായ്, ചെവി, മൂക്ക് എന്നീ മൂന്നവയവങ്ങൾക്കും ഈ ത്രിഭാവ സൂര്യനെപ്പറ്റി ഗ്രാഹ്യമില്ല.

7. കാരണം, വായ് ഒരിക്കലും ആ പ്രകാശം ഭക്ഷിച്ചിട്ടില്ല; മൂക്ക് പ്രകാശ കിരണത്തെ മണത്തിട്ടില്ല.

8. ചെവി ഒരിക്കലും പ്രകാശത്തിന്റെ ശബ്ദം കേട്ടിട്ടില്ല; എന്നാൽ അത് സൃഷ്ടി മുഴുവൻ പ്രകാശിക്കുന്നു.

9. ആകാശത്തിലുള്ള ഈ ചെറിയ സൂര്യന്റെ കാര്യത്തിൽ മൂന്ന് ഇന്ദ്രിയങ്ങൾ പരാജയപ്പെടുന്നു.

10. നിന്റെ ശരീരം മുഴുവൻ ഇന്ദ്രിയങ്ങളായിരുന്നാൽ പോലും എല്ലാറ്റിൽ നിന്നും മറഞ്ഞിരിക്കുന്ന ദൈവത്വത്തെ മനസ്സിലാക്കാൻ അവയ്ക്ക് കഴിയുകയില്ല.

11. മൂന്നിന്റെ പ്രതീകങ്ങളായി സൂര്യനിലുള്ളത് മൂന്ന് ഇന്ദ്രിയങ്ങളെ പരാജയപ്പെടുത്തുന്നു.

12. പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും എങ്ങനെ പരിശോധനാ വിധേയമാക്കാം എന്നതിനെക്കുറിച്ച് തങ്ങൾ അജ്ഞരാണെന്ന് അവ ഉച്ചത്തിൽ വിളിച്ചുപറയുന്നു.

13. സൂര്യനെതിരെ ജലം മേൽപോട്ട് ഉയർത്തുക; അതിൽ ഈ പരിശുദ്ധന്റെ ജനനത്തിന്റെ സാദൃശ്യം കാണാം.

14. വേർപാടു കൂടാതെയും നിർഗമനം കൂടാതെയും അത് ജനകനെപ്പോലെ, അഗ്നിയെ, സംശുദ്ധശിശുവിനെ, ജനിപ്പിക്കുന്നു.

15. അത് സൂര്യനിൽ നിന്ന് വേർപെട്ടല്ല; അതുപോലെ വെള്ളത്തിൽ നിന്നും! എത്ര വലിയ പ്രതീകം!

16. കാരണം, വെള്ളത്തിനും സൂര്യനും യാതൊരു ഹാനിയും തട്ടാതെ, ജനിച്ചവൻ ഉത്ഭവിക്കുന്നു; അതിൽ പുത്രന്റെ ജനനം നമുക്ക് കാണാൻ കഴിയും.

17. അവിടുന്ന് പുത്രനാണെന്ന് നാം വ്യക്തമായി മനസ്സിലാക്കുന്നതിന് അവിടുന്ന് ബലഹീനരായ നമുക്ക് പ്രയാസമുള്ളവ, സുഗ്രാഹ്യമായവയാൽ പ്രതിരൂപാത്മകമായി വരച്ചു കാണിച്ചിരിക്കുന്നു.

www.malankaralibrary.com

18. നമ്മെ സുഖപ്പെടുത്താനായി, എല്ലാ ഉപമകളുംകൊണ്ട് രോഗികളായ നമ്മുടെ പക്കലേക്ക് നല്ലവൻ കടന്നുവന്നു.

19. കർത്താവും ദൈവവുമായവൻ ഉപമകൾ കൂടാതെ വന്നിരുന്നെങ്കിൽ, നമ്മുടെ മനുഷ്യത്വത്തെ സമീപിക്കയില്ലായിരുന്നു.

20. അപ്പോൾ ബലഹീന മനുഷ്യൻ ഈ മഹനീയതയെ സമീപിക്കാൻ തന്റെ ബലഹീനതയ്ക്ക് പകരം ഒരു മാധ്യമം തേടേണ്ടിവരുമായിരുന്നു.

21. ഓ, ചിന്തയേ, അലഞ്ഞുതിരിയാതെ, ആത്മീയപാലങ്ങൾ പണിത് നിന്റെ സ്രഷ്ടാവിന്റെ പക്കലേക്ക് നടക്കുക.

22. ഓ, ദാസന്റെ മകനേ, നിന്റെ കർത്താവിന്റെ പക്കലെത്താൻ കഴിയുന്നതിന് തിരുലിഖിതങ്ങൾ ചിറകുകളാക്കുക.

23. അതുപോലെ പരിശുദ്ധാത്മാവിന്റെ പക്കലെത്താൻ ഈ ആത്മാവും എല്ലാ മാധ്യമങ്ങളും ഉപയോഗിക്കട്ടെ.

24. ശരീരമേ, നീയും മടിപിടിച്ചിരിക്കാതെ, എല്ലാറ്റിനെയും ജീവിപ്പിക്കുന്ന ശരീരത്തിന്റെ സമീപത്തേക്ക് കഴുകനെപ്പൊലെ പറന്നടുക്കുക.

25. ദൈവത്വത്തെ പരിശോധിക്കാൻ മാനുഷികേന്ദ്രിയങ്ങൾ തികച്ചും ബലഹീനമാകയാൽ, നീ വഴുതിവീഴാതിരിക്കാൻ ശ്രദ്ധിക്കുക.

26. ഉന്നതസുതരുടെ ഇന്ദ്രിയങ്ങൾ സൂക്ഷ്മങ്ങളും ആത്മീയങ്ങളുമാണെങ്കിലും അവയും പരാജയപ്പെടുന്നു.

27. അതുകൊണ്ട്, ചലമൊഴുക്കുന്ന സ്ഥൂലശരീരത്തിന്റെ പരുപരുത്ത ഇന്ദ്രിയങ്ങളെ അന്വേഷണത്തിൽ നിന്നു പിന്തിരിപ്പിക്കുക.

28. ഇവ അവഗണിക്കത്തക്കതായി വിട്ടുകളയുക; അശുദ്ധപിശാചുക്കളുടെ അശുദ്ധകാര്യങ്ങൾ ഞങ്ങളോടു പറയുക.

29. പിശാചുക്കളുടെ, ദുർഗന്ധം വമിക്കുന്ന അശരീരികേന്ദ്രിയങ്ങളെപ്പറ്റി നിന്റെ ശാരീരികേന്ദ്രിയങ്ങൾ നമ്മോടു പറയട്ടെ.

30. ലെഗിയോൻ എന്തുതരം മൂക്കുകൊണ്ടാണ് മുക്രാ ഇടുന്നത്? ദുഷ്ടൻ സൃഷ്ടിമുഴുവൻ ഓടിനടക്കുന്നത് എന്തുതരം പാദങ്ങൾ കൊണ്ടാണ്?


www.malankaralibrary.com

# 76

## "നീ സത്തയെ പരിശോധിക്കുകയാണെങ്കിൽ" എന്ന രീതി

1. പഴങ്ങൾ മധുരമുള്ളവ ആയാലും കയ്പുള്ളവ ആയാലും വൃക്ഷങ്ങളുടെ പേരുകളാൽ വിളിക്കപ്പെടുന്നു.

*പ്രതിസ്തോത്രം: നിന്റെ പിതാവിൽ നീ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. വൃക്ഷങ്ങളുടെയും അവയുടെ ഫലങ്ങളുടെയും പേരുകൾ ഒരുപോലെയാണ്; അവ വേർപെട്ടാണ്, ഒരുപോലെയുമാണ്! ഒരു വലിയ പ്രതീകം!

3. ഫലം അതിന്റെ വൃക്ഷത്തിൽനിന്ന് വ്യത്യസ്തമാണ്; എന്നാൽ അതുപോലെയാണ്. കാരണം, രണ്ടിനും ഒരേപേര് നൽകപ്പെടുന്നു.

4. വേര് മധുരമുള്ളതാണെങ്കിൽ, ഫലവും മധുരമുള്ളതാണ്; പഴത്തിനും വേരിനും നാം ഒരേപേരു നൽകുന്നു.

5. തടിയുടെയും ഫലത്തിന്റെയും പേരുകൾ വേർതിരിക്കുക; എങ്കിലും അവയെ വീണ്ടും ഒരുപോലെ പരിഗണിക്കുക: ഫലത്തെ അതിന്റെ വൃക്ഷത്തിന്റെ പേരുകൊണ്ട് വിളിക്കുക.

6. അത് മധുരമുള്ളതാണെങ്കിൽ, വേരിനെപ്പോലെ അതിന്റെ ഫലത്തെയും മധുരമുള്ളതെന്നു നാം വിളിക്കുന്നു. അത ്എരിവുള്ളതെങ്കിൽ, അതുപോലെയും.

7. പിതാവിന്റെയും പുത്രന്റെയും പേരുകൾ വേർതിരിക്കുക; വീണ്ടും അവയെ ഒരുപോലെ പരിഗണിക്കുക. കാരണം, പിതാവ് ദൈവമാണ്, പുത്രനും ദൈവമാണ്.

8. കാരണം, ദൈവം എന്നാണ് പിതാവിന്റെ നാമം. എഴുതപ്പെട്ടിരിക്കുന്നതുപോലെ, ദൈവം എന്നാണ് പുത്രന്റെ നാമം.

9. അവൻ പുത്രനാകയാൽ, നാമത്തിൽ വ്യത്യസ്തനാണ്; അവൻ ദൈവമാകയാൽ നാമത്തിൽ തുല്യനാണ്. അവിടുത്തെ നാമത്തിന് സ്തുതിയുണ്ടായിരിക്കട്ടെ.

10. വൃക്ഷത്തിന്റെയും ഫലത്തിന്റെയും നാമങ്ങൾ സത്യമാണെങ്കിൽ, പിതാവിന്റെയും പുത്രന്റെയും നാമങ്ങൾ എത്രയധികമായിരിക്കും!

11. ദൃശ്യമായവയിലൂടെ അദൃശ്യമായവയെ വെളിപ്പെടുത്താൻ അവിടുന്ന് ദൃശ്യമായവ കൊണ്ട് അദൃശ്യമായവ വരച്ചുകാട്ടുന്നു.

www.malankaralibrary.com

12. സുഗ്രാഹ്യമായവ കൊണ്ട് അഗ്രാഹ്യമായവ വിശദീകരിക്കാൻ അവിടുന്ന് തന്റെ ദിവ്യരഹസ്യങ്ങൾ വൃക്ഷങ്ങളിൽ കൊത്തിവച്ചു.

13. നാം എളുപ്പത്തിൽ ഗ്രഹിക്കാനായി, അവിടുന്ന് പ്രയാസമുള്ളവ എളുപ്പമാക്കിക്കൊണ്ട് വിശദീകരിച്ചു.

14. അവിടുന്ന് പുത്രനാണെന്ന് നാം വ്യക്തമായി തിരിച്ചറിയാൻ, സാധാരണസംഗതികൾകൊണ്ട് കഠിനമായവ വ്യക്തമാക്കി.

15. നമ്മുടെ കർത്താവ് ദൈവവുമാണെന്ന് നീതിമാന്മാർ സത്യമായി സ്വീകരിക്കുന്നു; എന്നാൽ അവൻ തന്റെ പിതാവിനോടൊപ്പമാണെന്ന് നുണയർ അംഗീകരിക്കുന്നില്ല.

16. പിതാവ് ദൈവമാണെന്നും പുത്രൻ ദൈവമാണെന്നും തിരുലിഖിതം ഉച്ചത്തിൽ പ്രഘോഷിക്കുന്നു; അത് നിഷേധിക്കുന്ന ജനം ദൈവമില്ലാത്തവരാണ്.

# 77

## “നീ സത്തയെ പരിശോധിക്കുകയാണെങ്കിൽ” എന്ന രീതി

1. ‘ആ നാഴിക അവൻ അറിയുന്നില്ല’. ലാഘവമാനസ്സർ പുത്രനോടുകൂടെ ഇതിനെ ത്രാസിന്റെ തട്ടിൽ വയ്ക്കുന്നു; അവർ എന്ത് അധികഭാരം നേടി?

*പ്രതിസ്തോത്രം: നിന്റെ വിജ്ഞാനം വാഴ്ത്തപ്പെട്ടതാകട്ടെ.*

2. ആദ്യജാതൻ പിതാവിനെ അറിയുന്നെങ്കിൽ, തനിക്കറിയാതിരിക്കത്തക്കവിധം പിതാവിനേക്കാൾ വലുതായിട്ടുള്ളതെന്താണ്?

3. ‘ആ നാഴിക പിതാവല്ലാതെ മറ്റാരും, പുത്രൻ പോലും അറിയുന്നില്ല’!

4. അവർ ചിന്തിക്കുന്നതുപോലെ, പുത്രൻ ഒരു സൃഷ്ടി ആയതിനാലാണ് അറിയാതിരിക്കുന്നതെങ്കിൽ, തങ്ങളുടെ പരിശോധനയിൽ അവർ അവനേക്കാൾ മികച്ചുനിൽക്കുന്നു.

5. വന്ന് അത്ഭുതസ്തബ്ധരാകുവിൻ: നമ്മുടെ കർത്താവ് ‘സൃഷ്ടി ആയതിനാൽ ആ നാഴിക അറിയുന്നില്ല’!

6. എങ്കിൽ തന്റെ കരവേലയായ അവർ ആ നാഴികയ്ക്കുപകരം, നാഴികയുടെ നാഥനെ പരിശോധിക്കാനാണ് തുനിയുന്നത്.


www.malankaralibrary.com

7. സൃഷ്ടിക്കപ്പെട്ടവയെല്ലാം സ്രഷ്ടാവിന്റെ മുമ്പിൽ നിശ്ശബ്ദമായിരിക്കുന്നതിനാൽ, അവർ തങ്ങളുടെ സ്വന്തം വാക്കു പാലിക്കേണ്ടിയിരിക്കുന്നു.

8. അവിടുന്ന് തന്റെ പിതാവിനെ അറിയുന്ന ജ്ഞാനത്തിൽ, അവനിൽ നിന്നുള്ള അറിവിൽ, ആ നാഴികയും ഉൾപ്പെടുന്നു.

9. തന്റെ മഹത്വം ഗ്രഹിക്കാൻ മാത്രം അവനെ അനുവദിക്കുകയും ആ നാഴിക അവനിൽ നിന്ന് മറച്ചുപിടിക്കുകയും ചെയ്തെങ്കിൽ, അത് അവനേക്കാൾ വലുതായിരിക്കണം.

10. താൻ അറിയുന്ന പിതാവിങ്കൽ താൻ അറിയാത്ത നാഴിക വയ്ക്കുക; അതാണോ മുന്തിനിൽക്കുന്നതെന്ന് തൂക്കിനോക്കുക.

11. 'പുത്രൻ, പുത്രൻ മാത്രം പിതാവിനെ അറിയുന്നു'. അവനെ ഭാഗികമായിട്ടല്ല, പൂർണമായി അറിയുന്നു; കാരണം, അവൻ അപൂർണനല്ല.[92]

12. അവൻ സത്യമായും വേരാകയാൽ, താൻ ജനിപ്പിച്ച ഫലത്തെ സത്യമായും അറിയുന്നു.

13. പൂർണമായും വേരുമായി ഒന്നിച്ചുചേർന്നിരിക്കുന്ന ഏതു ഫലമാണ്, തന്റെ വേരിനേക്കാൾ കുറച്ചുമാത്രം അറിയുന്നത്?

14. ഫലം അതിന്റെ അറിവിൽ വൃക്ഷത്തെക്കാൾ കുറച്ചു മാത്രമേ അറിയുന്നുള്ളുവെങ്കിൽ, അത് അതിന്റെ ഫലമല്ല എന്നവണ്ണം പേരിലും അതുപോലെ ആയിരിക്കണം.

15. എന്നാൽ ഫലം തന്റെ നാമത്തിൽ വേരുമായി യോജിച്ചിരിക്കയാണെങ്കിൽ, അറിവിലും യോജിച്ചിരിക്കും.

16. അവ യോജിച്ചിരിക്കുന്നതിനാൽ, രണ്ടിലുമുള്ള മാധുര്യം ഒന്നുതന്നെ; രണ്ടിലുമുള്ള അറിവും ഒന്നുതന്നെ.

17. ഫലം അതിന്റെ വൃക്ഷവുമായി ഗാഢബന്ധം പുലർത്തുന്നു; വേരും ഫലവുമായി ഗാഢബന്ധം പുലർത്തുന്നു; ആർക്ക് അവയെ വേർതിരിക്കാനാകും?

18. മാധുര്യത്തിൽ അവയെ വേർതിരിക്കാനാവില്ല; സമ്പൂർണസത്യത്തിന്റെ അറിവിലും അവയെ വേർതിരിക്കാനാവില്ല.

19. ഫലത്തിന്റെ സ്നേഹം വേരിലാണ്; വൃക്ഷത്തിന്റേത് ഫലത്തിലും! അവയെ വേർതിരിക്കാൻ ആർക്കു കഴിയും?

92. മത്താ 11, 27

www.malankaralibrary.com

20. സ്നാനത്തിലെ ആവാസത്തിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമങ്ങൾ ഏകകണ്ഠമായി യോജിച്ചിരിക്കുന്നു.

21. ഐക്യപ്പെട്ട നാമങ്ങൾ! ഏകകണ്ഠമായ പ്രവർത്തനം! ഒരേ ഒരു നുകംകെട്ടി വരുന്നതുപോലെ ഒരേ ഒരിച്ഛ!

22. സ്നാനത്തിലെ ആവാസത്തിൽ ഏകകണ്ഠമായിരിക്കുന്നതുപോലെ, ത്രിത്വത്തിലെ ഐക്യത്തിലും അവർ ഏകകണ്ഠമാണ്.

23. എന്നാൽ ഫലം താണിറങ്ങിവന്ന് ശരീരം ധരിച്ചു; അതോടൊപ്പം തന്റെ സ്വന്തക്കാരുടെ ബലഹീന നാമങ്ങളും ധരിച്ചു.

24. ഇപ്രകാരം അവൻ നമ്മുടെ മനുഷ്യസ്വഭാവം ധരിച്ചതുപോലെ, നമ്മെപ്രതി നമ്മുടെ അറിവും ധരിച്ചു.

25. സർവജ്ഞാനി അറിവില്ലാത്തവനായിത്തീർന്നു. മനുഷ്യരെപ്രതി അവൻ ചോദിക്കുകയും ശ്രവിക്കുകയും ചെയ്തു.

26. ബലഹീനമനുഷ്യർ സത്തയെ പരിശോധിക്കാൻ പണിപ്പെടുമ്പോൾ, ആ ക്ഷണികനാഴിക ഏതെന്ന് തീരുമാനിക്കാൻ പുത്രനായിരിക്കുന്ന ആളിന് കഴിവില്ലേ?

27. അതുകൊണ്ട്, അവനത് അറിയില്ലെങ്കിൽ, അവർ ഒന്നുകിൽ നിശ്ശബ്ദരായിരിക്കണം, എന്നാൽ അന്വേഷണം നടത്തുന്നെങ്കിൽ, പുത്രൻ എല്ലാം അറിയുന്നെന്ന് ഏറ്റുപറയണം.

28. അനുവദനീയമല്ലാതെ അന്വേഷണം നടത്തിയാൽ, അത് ധിക്കാരമാണ്. അനുവദിച്ചിട്ടുണ്ടെങ്കിൽ, അതൊരു ദാനം മാത്രം!

29. അന്വേഷണം നടത്താൻ പൂഴിയെ അനുവദിച്ചവന്, തന്റെ പുത്രൻ ക്ഷണികനാഴിക അറിയുന്നത് എങ്ങനെ നിരസ്സിക്കാൻ കഴിയും?

30. 'ആ നാഴിക അവൻ അറിയുന്നില്ല'! അവൻ ധരിച്ച ശരീരമാണ് ഈ അറിവില്ലായ്മയുടെ കാരണം!

# 78

### "നീ സത്തയെ പരിശോധിക്കുകയാണെങ്കിൽ" എന്ന രീതി

1. 'പുത്രൻ ആ നാഴിക അറിയുന്നില്ല' എന്നു പറയാനുള്ള ആഗ്രഹം നിന്നിൽ ഒരിക്കലും ഉണ്ടാകരുത്. കാരണം, അവന് അതറിയാം.


www.malankaralibrary.com

*പ്രതിസ്തോത്രം: സർവജ്ഞാനം വാഴ്ത്തപ്പെട്ടതാകട്ടെ.*

2. സമയഗണനവുമായി ബന്ധപ്പെട്ട നാഴിക അവിടുത്തേക്കറിയാം. കാരണം, എല്ലാ സമയങ്ങളും അവനിലൂടെ സജ്ജീകരിക്കപ്പെട്ടിരിക്കുന്നു.

3. ആണ്ടുവട്ടത്തെ സംബന്ധിച്ചാണെങ്കിൽ, അവിടുത്തേക്ക് അതറിയാം. കാരണം, അവയവങ്ങളെപ്പോലെ മാസങ്ങൾ അവനിലൂടെ സജ്ജീകരിക്കപ്പെട്ടിരിക്കുന്നു.

4. മാസത്തെ സംബന്ധിച്ചാണെങ്കിൽ, അവിടുത്തേക്ക് അതറിയാം. കാരണം, സന്ധികളെപ്പോലെ, മാസത്തിലെ ദിവസങ്ങൾ അവനിലൂടെ സജ്ജീകരിക്കപ്പെട്ടിരിക്കുന്നു.

5. ദിവസങ്ങളെ സംബന്ധിച്ചാണെങ്കിൽ, അത് അവന്റെ ശ്രദ്ധയിൽ പെടാതിരിക്കുന്നില്ല. കാരണം, മണിക്കൂറുകളും സാബതുകളും ആഴ്ചകളും അവനിലൂടെയാണ് വിഭജിക്കപ്പെട്ടിരിക്കുന്നത്.

6. സൂര്യനെ സംബന്ധിച്ചാണെങ്കിൽ, അവിടുത്തേക്ക് അതുമറിയാം. കാരണം, തണുപ്പുകാലത്തിനുള്ള പാതകളും ചൂടുകാലത്തിനുള്ള പടികളും അവിടുന്നാണ് അതിനു വേണ്ടി തെളിച്ചത്.

7. ചന്ദ്രനെ സംബന്ധിച്ചാണെങ്കിൽ, അവിടുത്തേക്ക് അതുമറിയാം. കാരണം, നാഴിക്കകല്ലുകളായി കറുത്തവാവും വെളുത്തവാവും അവൻ തന്നെയാണ് ക്രമീകരിച്ചത്.

8. ഉയരവും ആഴവും അവിടുത്തെ കൈക്കുമ്പിളിലാണ്. സൃഷ്ടി മുഴുവൻ അവന്റെ വിരൽത്തുമ്പിൽ തൂങ്ങിനിൽക്കുന്നു.

9. അവന് അറിയാൻ പാടില്ലാത്ത നാഴികയെ അവന് അറിയാവുന്ന പരിശുദ്ധാത്മാവുമായി താരതമ്യപ്പെടുത്തുക. ഏതായിരിക്കും വലുത്?

10. തന്റെ വിജയനാഴിക തന്നിൽ നിന്ന് മറച്ചുവച്ചത് എന്തിനാണെന്നും എങ്ങനെയാണെന്നും അതിനുള്ള അടിസ്ഥാനം എന്താണെന്നും വ്യക്തമായി വിശദീകരിച്ചാലും!

11. പുത്രൻ തന്നെക്കാൾ ചെറിയവനായിരിക്കുന്നതിനും തന്റെ തുല്യനിലയിൽ അവൻ രഹസ്യമായി നിൽക്കാതിരിക്കുന്നതിനുമാണ് അത് അവനിൽനിന്ന് മറച്ചുവച്ചതെങ്കിൽ:

12. അത്തരമൊരു ഭാവനാസൃഷ്ടി വളരെ ബലഹീനമായിരിക്കും. ഒറ്റവാക്കുകൊണ്ട് അത് ഖണ്ഡിക്കാനും കഴിയുമെന്നു കാണുക.

13. ആ നാഴിക വെളിപ്പെടുമ്പോൾ, കാഹളം മുഴങ്ങുമ്പോൾ, തുടർന്ന് വിജയം വരിക്കുമ്പോൾ, ഇത് പരിഹരിക്കപ്പെടും.

www.malankaralibrary.com

14. അവനും അവനോടൊപ്പം ഒരേ നിലയിൽ നിർത്തപ്പെടും. അവരുടെ വാക്കുപോലെ തുല്യതയില്ലായ്മ തുല്യതയായി മാറും.

15. രണ്ടിലൊന്ന്: അവന് അറിയാൻ പാടില്ലാത്തതിനാൽ, അതുനിമിത്തം ചെറുതായിരുന്നെങ്കിൽ, അതേപ്പറ്റി ബോധവാനായപ്പോൾ അതിനാൽ തന്നെ തുല്യനായിത്തീർന്നു.

16. അഥവാ, അവൻ ബോധവാനായപ്പോൾ, അവൻ വലുതായി തീർന്നില്ലെങ്കിൽ, അതുകൊണ്ട് എന്തു പ്രയോജനം? ഇതാ, അവൻ അറിഞ്ഞിട്ടും ചെറുതായിത്തന്നെ കഴിയുന്നു.

17. സാത്താനുപോലും ആ നാഴിക അറിയാൻ കഴിയും. അതു വെളിപ്പെടുമ്പോൾ, അതിനാൽ അവൻ നിശ്ശേഷം നശിപ്പിക്കപ്പെടും.

18. ഇപ്രകാരം തന്റെ പ്രിയപുത്രനിൽ നിന്നു മറച്ചുവച്ച ആ നാഴിക ഗംഭീരമാണ്. എന്നാൽ സാത്താനുപോലും അത് അറിയാൻ കഴിഞ്ഞു.

19. എന്നാൽ എല്ലാറ്റിന്റെയും കർത്താവും എല്ലാറ്റിനെക്കാളും വലിയവനും എല്ലാറ്റിന്റെയും ആശ്രയകേന്ദ്രവുമായവന്റെ മഹത്വകാരണം വന്നു ശ്രവിക്കുക.

20. നമ്മെ സംബന്ധിച്ച്, ദൈവത്തിന്റെ മഹത്വകാരണം നമ്മോട് തനിക്കുള്ള നിത്യകാരുണ്യമാണ്.

21. തന്റെ പുത്രനെ സംബന്ധിച്ച്, തന്റെ മഹത്വകാരണം നിത്യത മുതൽ നിത്യതവരെ നിലനിൽക്കുന്ന അവന്റെ പിതൃത്വമാണ്.

22. സൃഷ്ടികളെ സംബന്ധിച്ചും ഏകജാതനെ സംബന്ധിച്ചുമുള്ള ഈ വിശുദ്ധ കാരണങ്ങൾ ഇല്ലാതാകുന്നില്ല.

23. സമയത്തിന്റെ മണിക്കൂറാണ് സമയത്തിന്റെ ഹേതു. അത് കാലികവും സമയത്തോടുകൂടെ കടന്നുപോകുന്നതുമാണ്.

24. സ്രഷ്ടാവെന്ന അവസ്ഥയുടെ അടിസ്ഥാനം വലുതാണ്. കാരണം, സൃഷ്ടിക്ക് ഒരിക്കലും തന്റെ സ്രഷ്ടാവിനെപ്പോലെ വലുതാകാൻ സാധ്യമല്ല.

25. തന്റെ പിതൃത്വകാരണവും വലുതാണ്. കാരണം, തന്നിൽ നിന്ന് ജനിച്ചവന് ഒരിക്കലും ജനകനാകാനാവില്ല.

26. ആദ്യത്തേത് വിശദീകരിച്ചുകഴിഞ്ഞതിനാൽ, ആ നാഴികയ്ക്ക് മറ്റൊരു വിശദീകരണം തേടേണ്ടതുണ്ട്.

27. ഖണ്ഡിച്ചുകൊണ്ട്, 'നമ്മുടെ രക്ഷകനും ആ നാഴിക അറിഞ്ഞിരുന്നു' എന്ന് അത് അറിയിച്ച് വെളിപ്പെടുത്തി.


www.malankaralibrary.com

28. ജയിക്കാനായി 'കലഹമാണ് അത് രൂപീകരിക്കുകയും സംസാരിക്കുകയും ചെയ്തത്' എന്ന് രഹസ്യമായി നമ്മോട് മന്ത്രിച്ചു.

29. കലഹം പരാജയപ്പെടുകയും സത്യം വിജയിക്കുകയും തർക്കം അവസാനിക്കുകയും കിരീടം ജേതാവിന്റെ പക്കലെത്തുകയും ചെയ്തു.

# 79

## 'ദൈവം തന്റെ കരുണയാൽ' എന്ന രീതി

1. എന്റെ മകനേ, താരതമ്യപ്പെടുത്തുമ്പോൾ ഏതാണ് ഏറ്റവും മഹനീയമായിട്ടുള്ളത്? തൂക്കിനോക്കുമ്പോൾ ഏതിനാണ് ഭാരക്കൂടുതലുള്ളത്? എല്ലാ താരതമ്യങ്ങൾക്കും ഉപരിസ്ഥനായ പിതാവിനെ അവൻ അറിയുന്നതാണോ, ആ നാഴിക അറിയാത്തതാണോ? നാഴികയിലൂടെ നീ തടസ്സപ്പെടുന്നതിനും നാഴിക നിന്നെ കുറ്റപ്പെടുത്തുന്നതിനും ഇടയാകാതിരിക്കാൻ എല്ലാ നാഴികകളുടെയും നാഥനെ നീ പരിശോധിക്കാതിരിക്കാൻ, ആ നാഴികയെപ്പറ്റി തനിക്കറിയില്ലെന്നും പരിശോധിക്കാൻ താൻ തുനിയുന്നില്ലെന്നും അവൻ കാണിച്ചു.

*പ്രതിസ്തോത്രം: സർവജ്ഞാനിയായ പുത്രാ, മിശിഹായേ, നിനക്കു സ്തുതി.*

2. അവൻ അറിയാവുന്നവനാണെന്ന് നിനക്കുതന്നെ ഗ്രഹിക്കാവുന്നതേയുള്ളു. കാരണം, അവൻ മുൻകൂട്ടി നിന്റെ അറിവിനെ ബന്ധിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നിന്റെ സ്വതന്ത്രേച്ഛ മലിനയായ ദാസിയാണ്! അവൾ തന്റെ ലഹരിയിൽ തന്റെ നാഥന്റെ നിക്ഷേപങ്ങൾ കൊള്ളയടിക്കാൻ ആഗ്രഹിക്കുന്നു. അവൻ അവൾക്കായി ചങ്ങലകൾ ഒരുക്കി, ബന്ധനങ്ങൾ നിശ്ചയിച്ചു, അവളെ വേലികൾ വലയം ചെയ്യുന്നു. മതിലുകൾ അവൾക്കു ചുറ്റുമുണ്ട്. ഇവ അവളെ സംരക്ഷിച്ചില്ലായിരുന്നെങ്കിൽ, അവളുടെ വിഭ്രാന്തി അറിയപ്പെടുമായിരുന്നു.

3. തന്റെ പ്രബോധനത്തിലേക്ക് വ്യത്യസ്ത കുടുംബങ്ങളും ഭാഷക്കാരും നിഗൂഢമായവ സംബന്ധിച്ച് തൽപ്പരരായ ഗ്രീക്കുകാരും വരുമെന്ന് അവൻ അറിഞ്ഞിരുന്നു. കാരണം, എല്ലാത്തരത്തിലുള്ളവയെയും ശേഖരിക്കുന്ന വലയായിരുന്നത്.അവന്റെ പുളിപ്പ് ഉള്ളിലേക്ക് കടന്ന് കാട്ടുകഴുതകളെ തന്റെ പ്രബോധനത്തിലേക്കു കൊണ്ടുവന്നു.[93] അവരുടെ പാതയിൽ

93. മത്താ 13,47.33; ഉല്പ.16,12.

www.malankaralibrary.com

വഴിതെറ്റാതിരിക്കാൻ, ഏക സത്യനുകത്താൽ ഹൃദയൈക്യത്തിന്റെ ഓട്ടം അവൻ അവരെ അഭ്യസിപ്പിച്ചു.

4. മറ്റുള്ളവരിൽ നിന്നു വേർപെട്ട് ഒറ്റയ്ക്ക് നടക്കാൻ വേഗതയുള്ള വർക്ക് അവൻ ഒരിടം നൽകിയില്ല. വിശ്വാസത്തിന്റെ നുകം അഴിച്ചുമാറ്റിക്ക ളയാനായി, അന്വേഷകർക്ക് അവൻ ഒരിടം നൽകിയില്ല. പണ്ഡിതരുടെയും പാമരരുടെയും കുശാഗ്രബുദ്ധികളുടെയും സാധാരണക്കാരുടെയും മേൽ അവിടുന്ന് ഒരേയൊരു നുകം വച്ചിരിക്കുന്നു. വേർപെട്ടവർ യോജിക്കാനായി രഥത്തിന്റെ നുകത്തിലൂടെ അതു നിന്നെ പ്രബോധിപ്പിക്കുന്നു.

5. നമ്മുടെ സ്വതന്ത്രേച്ഛാശക്തിയാൽ നാം ഭക്ഷിക്കുന്നു, കുടിക്കുന്നു, ഉറങ്ങുന്നു, എഴുന്നേൽക്കുന്നു. അത് എങ്ങനെ ആയിരിക്കണമെന്നും എത്ര ത്തോളം വേണമെന്നുമുള്ള ആ സ്വാതന്ത്ര്യം ഇന്ദ്രിയങ്ങൾക്കുമുണ്ട്. എന്നാൽ അവയെ വലയം ചെയ്യുന്ന സ്നേഹത്തിന്റെയും അവർ ധരിച്ചിരിക്കുന്ന സത്യ ത്തിന്റെയും നുകത്തിൻ കീഴിൽ അത് അവർക്ക് അനുവദനീയമല്ല. അവ വഴിതെറ്റുകയോ, വഴിതെറ്റിക്കയോ ചെയ്യുന്നില്ല. കാരണം, നിയന്ത്രിക്കുന്ന വന്റെ ഇച്ഛയെ അവ അനുസരിക്കുന്നു.

6. സ്വതന്ത്രേച്ഛ ഇല്ലാത്ത മൃഗങ്ങളുടെ ഇടയിലും അത് സ്ഥിതിചെയ്യു ന്നെങ്കിൽ അതിന്റെ ഇരിപ്പിടമായ മനുഷ്യരിൽ എത്ര അധികമായി കാണ പ്പെടും! അവന് തന്റെ വ്യാപാരങ്ങളുടെ മേൽ നിയന്ത്രണമുണ്ട്; സത്യത്താൽ അത് ബന്ധിതമാണെങ്കിലും തന്റെ കർമങ്ങളിൽ സ്വതന്ത്രമാണ്; മാനസ്സാ ന്തരത്തിലൂടെ സത്കർമങ്ങളിലെത്താം. എന്നാൽ സത്യത്തിന്റെ പടിയിൽ നിന്ന് വഴുതിപ്പോയാൽ, തെറ്റിൽ നിപതിക്കും.

7. കാവൽക്കാരായിരിക്കുകയും ഉറങ്ങുകയും ചെയ്യുന്നവരുണ്ട്. ഉറ ങ്ങുമ്പോഴും തന്റെ കാവലിന്റെ കൂലി അവന് മാറ്റിവച്ചിരിക്കും. ഒരുവൻ ഉപ വസിക്കുകയും ഭക്ഷണസമയത്ത് ഭക്ഷിക്കുകയും ചെയ്യുന്നു. ഭക്ഷണംമൂലം അവന്റെ ഉപവാസത്തിന്റെ പ്രതിഫലം അവന് നഷ്ടമാകുന്നില്ല. കാരണം, ഉപവാസവും ഭക്ഷണവും നല്ലതും ശുദ്ധവുമാണ്. സത്യം അദ്വിതീയമാണ്; അസത്യം അതിന്റെ അയൽക്കാരിയും. നീ സത്യത്തിൽനിന്ന് നെല്ലിട അക ന്നുമാറിയാൽ, ആ നെല്ലിട അഗാധഗർത്തമായിരിക്കും.

8. ഒരേ സമൂഹത്തിൽ വ്യത്യസ്താഭിപ്രായങ്ങളുണ്ടാകാം. വ്യത്യസ്ത മായതിൽ ആരും ഒരിക്കലും കുറ്റപ്പെടുത്തുന്നില്ല. എന്നാൽ ഒരു കാര്യത്തിൽ മാത്രം കുറ്റപ്പെടുത്താറുണ്ട്: വിശ്വാസനുകത്തിനെതിരെ മത്സരിച്ച് വിഭജിത രാകുമ്പോൾ! ഇന്ദ്രിയങ്ങളെല്ലാം ഒരുപോലെ ഒരു നുകത്തിൻ കീഴിലാണെ ങ്കിലും മനുഷ്യൻ മൃഗത്തെപ്പോലെ ആയിത്തീരും എന്ന് ദാവീദ് മനുഷ്യനെ


www.malankaralibrary.com

പ്പറ്റി എഴുതിയിരിക്കുന്നു.[94] അവൻ ഒരിക്കൽ പോലും ഇവയ്ക്ക് തുല്യനല്ല എന്നത് ആശ്ചര്യകരംതന്നെ.

9. ഇതാ, ഇടവകകളിൽ കുഴഞ്ഞുമറിഞ്ഞ പ്രവർത്തനങ്ങൾ! ആശ്രമങ്ങളിൽ വിഭജിത താൽപര്യങ്ങൾ! സഭകളിൽ സംശയം നിറഞ്ഞ ചോദ്യങ്ങൾ, യോഗങ്ങളിൽ രോഗഗ്രസ്തമായ മനസ്സുകൾ! ഹാ,കഷ്ടം എന്ന് ആരെപ്പറ്റിയാണ് പറയേണ്ടത്? കാരണം, കടൽ ഇളകിമറിയുന്നു, ഭൂമി കുലുങ്ങുന്നു, തങ്ങളെ മെനഞ്ഞുണ്ടാക്കിയ സ്രഷ്ടാവിനെ പരിശോധിക്കാൻ അവർ ആഗ്രഹിച്ചു. ഇതാ, അവനെ പരിശോധിക്കുന്നതിനാൽ, തന്റെ സൃഷ്ടികൾ ഇളകിമറിയുന്നു.

10. അതുകൊണ്ട്, ഒരു കണ്ണാടികണക്കെ സൃഷ്ടിയും അതിന്റെ വിശദീകരണവും കർത്താവിനും തന്റെ ദാസർക്കുമിടയിൽ പ്രബോധനത്തിനായി സ്ഥാപിക്കപ്പെട്ടിരിക്കുന്നതു കാണുക. സ്രഷ്ടാവിൽനിന്ന് തനിക്ക് മറഞ്ഞിരിക്കാൻ കഴിയില്ലെന്ന് അത് പഠിപ്പിക്കുന്നു. അവർ അവനെ പരിശോധിക്കാൻ മുതിർന്നപ്പോൾ, ആ നാഴികയിൽ തന്നെ അവർ തന്റെ ബലഹീനാവസ്ഥ വരച്ചുകാണിച്ചിരിക്കുന്നതു കണ്ടു. അവർ ലജ്ജിക്കുന്നതിനും തന്റെ വിനീതാവസ്ഥയുടെ ദൃഷ്ടാന്തം കണ്ട് തന്റെ സർവശക്തമായ ദൈവികജനനം പരിശോധനാവിധേയമാക്കുന്നതിൽനിന്ന് പിന്തിരിയുന്നതിനും വേണ്ടി ആയിരുന്നത്.

11. ആത്മീയ നയനങ്ങളാൽ സമസ്തസൃഷ്ടികളെയും ദർശിക്കുക. ഏകശരീരമെന്നപോലെ എല്ലാറ്റിന്റെയും നിർമാതാവിൽനിന്ന് അവ രൂപീകരിക്കപ്പെട്ടിരിക്കുന്നു. അതിന് തന്റെ സ്രഷ്ടാവിൽനിന്ന് മറഞ്ഞിരിക്കാനാവില്ല. എന്റെ സഹോദരങ്ങളേ, ഒരു രൂപം ഉണ്ടാക്കിയ ശിൽപിയിൽനിന്ന് അതിന്റെ ഭാഗങ്ങൾക്ക് എങ്ങനെ മറഞ്ഞിരിക്കാനാകും? തന്റെ സ്രഷ്ടാവിന്റെ വിജ്ഞാനത്തിൽ നിന്ന് ആ നാഴികയ്ക്ക് മറഞ്ഞിരിക്കുക തികച്ചും അസാധ്യമാണ്.

12. എന്റെ സഹോദരങ്ങളേ, സംഖ്യകൾ ശ്രദ്ധിക്കുക! ഏകശരീരം പോലെ സ്രഷ്ടാവ് അവ ക്രമീകരിച്ചിരിക്കുന്നു. അവയുടെ എണ്ണങ്ങൾ അവയുടെ അവയവങ്ങൾ പോലെയാണ്. കാലങ്ങളും സമയങ്ങളും സന്ധിബന്ധങ്ങൾ പോലെയും, നാഴികകൾ ആകൃതിപോലെയും ആണ്ടുവട്ടം അവയുടെ പ്രതിച്ഛായപോലെയുമാണ്. ആ നിഗൂഢനാഴിക അവയുടെ ചിന്തപോലെയാണ്. മറ്റവയവങ്ങൾ അവയുടെ മാസങ്ങളും ആഴ്ചകളും ദിവസങ്ങളുമാണ്.

13. തന്റെ പ്രിയപുത്രന്റെ വിരലുകൊണ്ട് സത്യപിതാവ് അലങ്കരിച്ച ഛായാചിത്രത്തിന്, എല്ലാം രൂപീകരിച്ചവന്റെ വിരലിൽ നിന്ന് ആ മഹനീയ നാഴിക മറച്ചു വയ്ക്കാനുള്ള സാധ്യതയുണ്ടെന്ന് ബുദ്ധിരഹിതമായി ചിന്തി

94. സങ്കീ. 49,20

www.malankaralibrary.com

ക്കാൻ അലഞ്ഞുതിരിയത്തക്കവിധം വഴിതെറ്റുകയും അഹന്തപൂണ്ട് തന്നത്താൻ ഉയർത്തുകയും വിവരംകെട്ട മദ്യപരെപ്പോലെ ബുദ്ധിഭ്രമം സംഭവിക്കുകയും ചെയ്തവർ ആരാണ്!

14. അത് സൃഷ്ടിക്കപ്പെടുന്നതിനുമുമ്പ് അവിടുത്തെ മുന്നറിവിൽ പെടാതെ പോയില്ല. അത് എവിടെ ആയിരിക്കണമെന്ന് അവിടുന്ന് അതിനു സ്ഥലം നിശ്ചയിച്ചു. അത് മറഞ്ഞിരിക്കുന്നതിൽനിന്ന് പ്രത്യക്ഷീകരണത്തിലേക്ക് എങ്ങനെ, എപ്പോൾ വരണമെന്നും അവൻ നിശ്ചയിച്ചു. അത് അസ്തിത്വത്തിൽ എത്തുന്നതിനുമുമ്പുതന്നെ അതിന്റെ കർത്താവിൽ അത് സ്ഥിതി ചെയ്തിരുന്നു. തന്റെ വിജ്ഞാനഭണ്ഡാരത്തിൽ അത് സംരക്ഷിക്കപ്പെട്ടു കിടന്നു. അത് വേരിൽ മറഞ്ഞിരുന്നെങ്കിലും,അതിന്റെ മടിയിലുള്ള ഫലത്തിൽ മറഞ്ഞിരുന്നില്ല.

# 80

## "സൃഷ്ടി മുഴുവൻ നിന്നെ പ്രസവിച്ചു" എന്ന രീതി

1. ചോദിക്കുകയും വിവേകപൂർവം ശ്രവിക്കുകയും ചെയ്യുവിൻ: വിശ്വാസം ഒരു രണ്ടാം ആത്മാവാണ്; ശരീരം ആത്മാവിനാൽ നിലനിൽക്കുന്നതുപോലെ, വിശ്വാസത്താലാണ് ആത്മാവിന്റെ ജീവൻ നിലനിൽക്കുന്നത്. അതിനെ നിഷേധിക്കുകയോ അതേപ്പറ്റി സംശയിക്കുകയോ ചെയ്താൽ അത് ചത്ത ജഡമായിത്തീരും.

പ്രതിസ്തോത്രം: പോരാട്ടനാഴിക പോരാളിക്ക് സന്തോഷമാണ്; കാരണം, അപ്പോൾ ജയിക്കാനുള്ള സാധ്യതയുണ്ട്.

2. ഇപ്രകാരം മർത്യശരീരം ആത്മാവിനെ ആശ്രയിക്കുന്നു; ആത്മാവ് വിശ്വാസത്തെ ആശ്രയിക്കുന്നു. വിശ്വാസം ദൈവത്തിൽ ആശ്രയിക്കുന്നു. കാരണം, പിതാവിൽ നിന്ന് പുത്രനിലൂടെ സത്യമിറങ്ങി, പരിശുദ്ധാത്മാവിലൂടെ എല്ലാവരെയും ജീവിപ്പിക്കുന്നു.

3. ഈ വിശ്വാസസ്ഥിരതയിലൂടെ മനുഷ്യന് തന്നെത്തന്നെ സ്വർഗീയനുമായി ബന്ധിക്കാം. അവൻ ആത്മാവിനാൽ ജീവിക്കുന്നു, ശരീരംകൊണ്ട് കാണുകയും കേൾക്കുകയും ചെയ്യുന്നു. വിശ്വാസം, സ്നേഹം, വിജ്ഞാനം എന്നിവയിലൂടെ അവൻ ദൈവത്വവുമായും ഐക്യപ്പെടുകയും അവന്റെ രൂപം തന്നിൽ രൂപീകരിക്കുകയും ചെയ്യുന്നു.

4. അതുകൊണ്ട്, നമുക്ക് ഈ അത്ഭുതകരമായ ഒന്നിച്ചുചേരൽ കളഞ്ഞുകുളിക്കാതിരിക്കാം; നമ്മുടെ ആത്മാവ് വിശ്വാസം കൈവെടിയാതിരിക്ക

 www.malankaralibrary.com

ട്ടെ. 'മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്ക്കരിക്കട്ടെ' എന്ന് ജീവനുള്ളവരോട് പറഞ്ഞവനിൽനിന്ന് അങ്ങനെ നാം അദൃശ്യമായി മരിക്കാതിരിക്കട്ടെ.[95]

5. നമ്മുടെ ഈ വായു പ്രപഞ്ചത്തിന്റെ ആത്മാവാണ്; ഈ സജീവ ശ്വാസം ശരീരങ്ങളെ ജീവിപ്പിക്കുന്നു. ഈ സജീവഒഴുക്കിൽനിന്ന് തന്നെത്തന്നെ വെട്ടിമാറ്റാൻ തുനിയുന്നവൻ ദൃശ്യമായി മൃതനാണ്. സത്യവചനത്തിൽനിന്ന് തന്നെത്തന്നെ അകറ്റുന്നവന്റെ ആത്മാവ് അദൃശ്യമായി ശവമാണ്.

6. 'മരിക്കുന്നവന്റെ മരണത്തിൽ എനിക്ക് യാതൊരു സന്തോഷവുമില്ല' എന്ന് എല്ലാറ്റിനെയും ജീവിപ്പിക്കുന്ന സജീവൻ സാക്ഷ്യപ്പെടുത്തി.[96] ശപഥം ചെയ്തതുപോലെ, വഞ്ചിക്കാത്ത സത്യവാൻ ജീവന്റെ ഉറവയാണ്; അവിടുന്ന് തന്റെ തിരുഹിതം വെളിപ്പെടുത്തി, നമ്മിലേക്ക് തന്റെ സ്നേഹം ഒഴുക്കി; കാരണം, നമ്മുടെ മരണത്തെ കൊല്ലാൻ അവിടുന്ന് തീവ്രമായി ആഗ്രഹിച്ചു.

7. 'നീതിമാൻ വിശ്വാസംമൂലം ജീവിക്കുന്നു' എന്ന് തിരുലിഖിതം രേഖപ്പെടുത്തിയിരിക്കുന്നു. അവൻ സത്യത്തെ ഒരു മഹനീയ വേരാക്കി. സത്പ്രവൃത്തികളെ ഫലങ്ങളെപ്പോലെ വിശ്വാസത്തിലെടുത്ത് സത്യത്തിന്റെ കൊമ്പിൽ തൂക്കിയിട്ടു.[97]

8. കണ്ണുകൾകൊണ്ട് കാണുന്നതുപോലെ, അദൃശ്യമായവ ദൃശ്യപ്രതീകത്തിലൂടെ നിനക്കു കാണാം. ഉടമസ്ഥനായ കച്ചവടക്കാരനെപ്പോലെ ശരീരം ആവശ്യക്കാരനാണ്. നാവികനെപ്പോലെ മനുഷ്യാത്മാവ് ജീവന്റെ കപ്പലിൽ വിശ്വാസത്തിനുവേണ്ടി തന്റെ നിക്ഷേപങ്ങൾ സമാഹരിക്കട്ടെ.

9. ആത്മാവിന്റെ ജീവനിലൂടെയാണ് ശരീരം നിലനിൽക്കുന്നതെങ്കിലും, അപ്പത്തിലൂടെയും അത് നിലനിൽക്കുന്നു. ആത്മാവും അതുപോലെയാണ്. അതിന് അതിൽതന്നെ ജീവനുണ്ടെങ്കിലും, സത്പ്രവൃത്തികൾ കൂടാതെ ജീവനില്ല. കാരണം, വിശ്വാസത്തിന്റെ സഹായത്താൽ നവജീവൻ കരസ്ഥമാക്കാൻ അതിനു കഴിയും. തിരുലിഖിതം അത് സാക്ഷിക്കുന്നു.

10. വിശ്വാസിയായ ലാസർ പ്രത്യുത്തരമായി പുറത്തുവന്നു. അവനെ വിളിച്ച സ്വരത്താൽ അവൻ നറുമണം പുറപ്പെടുവിച്ചു. ലാസറിന്റെ മാതൃകയിൽ നിഗൂഢജീവൻ വിജാതിയർക്ക് ജീവൻ നേടിക്കൊടുത്തു. എന്നാൽ ജനത്തിന്റെ പ്രതീകമായി, ആത്മഹത്യ ചെയ്ത കള്ളൻ മരിച്ചു. അവനെ വാടകയ്ക്കെടുത്ത നിയമജ്ഞർക്ക് അവകാശമായി അവന്റെ നാശം അവൻ അവശേഷിപ്പിച്ചു.[98]

95. മത്താ.8,22

96. എസ.18,32

97. ഹബ.2,4 (റോമ.1,17;ഗലാ.3,11;എബ്രാ.10,38)

98. യോഹ.11,1-4; മത്താ.27,5

www.malankaralibrary.com

# 81 (മുത്ത് – 1)

**'ആർക്കു കഴിയും' എന്ന രീതി**

1. എന്റെ സഹോദരങ്ങളേ, ഒരുദിവസം ഞാൻ ഒരുമുത്ത് എന്റെ കൈകളിൽ എടുത്തു. രാജ്യാവകാശികളേ, ഞാൻ അതിൽ ഔന്നത്യത്തിന്റെ പ്രതീകങ്ങൾ ദർശിച്ചു; ഛായകളും പ്രതിരൂപങ്ങളും. അതൊരുറവയായിത്തീർന്നു. അതിൽ നിന്നു ഞാൻ പുത്രന്റെ പ്രതീകങ്ങൾ പാനം ചെയ്തു.

*പ്രതിസ്തോത്രം: മുത്തുമായി ഉന്നതരാജ്യത്തെ താരതമ്യപ്പെടുത്തിയവന് സ്തുതിയുണ്ടായിരിക്കട്ടെ.*

2. എന്റെ സഹോദരങ്ങളേ, അതേപ്പറ്റി ധ്യാനിക്കാനായി ഞാൻ അതിനെ എന്റെ കൈക്കുമ്പിളിൽ വച്ചു. അതിനെ ഒരുവശത്തു നിന്നു നോക്കാനായി ഞാൻ തിരിഞ്ഞു; എന്നാൽ അതിന് എല്ലാവശത്തും മുഖങ്ങളായിരുന്നു: പുത്രനെപ്പറ്റിയുള്ള അന്വേഷണവും ഇത്തരത്തിലുള്ളതാണ്. അവിടുന്ന് പൂർണമായും പ്രകാശമായതിനാൽ, അതസാധ്യമാണ്.

3. അക്ഷോഭ്യനായ തേജസ്വിയെ അതിന്റെ തേജസ്സിൽ ഞാൻ ദർശിച്ചു. അതിന്റെ വെണ്മയിൽ ഒരു വലിയ പ്രതീകം-അൽപംപോലും കറപുരളാത്ത നമ്മുടെ കർത്താവിന്റെ ശരീരം, അവിഭാജ്യപ്രകൃതത്തിൽ, അവിഭാജ്യസത്യം ഞാൻ ദർശിച്ചു.

4. അത് മറിയം ആയിരുന്നു; അവളുടെ വെടിപ്പുള്ള ഗർഭധാരണം ഞാനവിടെ കണ്ടു. അവളുടെ ഉള്ളിൽ പുത്രനോടുകൂടെ അത് സഭയായിരുന്നു. അവനെ വഹിച്ചവൾ മേഘംപോലെയാകുന്നു. മഹനീയകിരണം അവളിൽ നിന്നു പുറപ്പെട്ടു. അവൾ സ്വർഗം പോലെയാകുന്നു.[99]

5. അവന്റെ വിജയത്തിന്റെയും ജൈത്രയാത്രയുടെയും ട്രോഫികൾ ഞാൻ മുത്തിൽ ദർശിച്ചു. അവന്റെ നിഗൂഢവും സുസ്പഷ്ടവും എല്ലാവിധ അനുഗ്രഹങ്ങളോടു കൂടിയതുമായ സഹായങ്ങൾ ഞാൻ ദർശിച്ചു. എനിക്കവ പെട്ടകത്തേക്കാൾ വലുതായിരുന്നു. ഞാൻ അതിൽ അത്ഭുതസ്തബ്ധനായി.

6. നിഴലുകളില്ലാത്ത നിഗൂഢസ്ഥലങ്ങൾ ഞാൻ മുത്തിൽ ദർശിച്ചു. കാരണം, അത് ജ്യോതിസ്സിന്റെ പുത്രിയാണ്. നാവില്ലെങ്കിലും അവയിലെ പ്രതീകങ്ങൾ വാചാലങ്ങളാണ്. അധരങ്ങളുടെ സഹായം കൂടാതെ പ്രതീകങ്ങൾ സംസാരിക്കുന്നു. നിശ്ശബ്ദവീണ ശബ്ദരഹിതമാണെങ്കിലും, ഗാനം പുറപ്പെടുവിക്കുന്നു.

---

99. പുറ 13,21


www.malankaralibrary.com

7. കാഹളം മർമരങ്ങൾ പുറപ്പെടുവിക്കുന്നു; ഇടിമുഴക്കം ശബ്ദം താഴ്ത്തി മന്ത്രിക്കുന്നു: 'ധിക്കാരം കാണിക്കരുത്, നിഗൂഢമായവ വിട്ടുകളയുക, സുസ്പഷ്ടമായവ മാത്രം എടുക്കുക'. തെളിഞ്ഞ ആകാശത്ത് ഞാൻ പിൽക്കാലമഴ കണ്ടു. മഴമേഘങ്ങൾക്കു ശേഷമെന്നവണ്ണം എന്റെ കാതുകളുടെ ജലവാഹിനി വ്യാഖ്യാനങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു.[100]

8. മറ്റാഹാരസാധനങ്ങളുടെ സ്ഥാനത്ത് മന്നാ അതിന്റെ രുചികൊണ്ട്, ജനത്തെ തീറ്റി തൃപ്തരാക്കിയതുപോലെ, മുത്ത് പുസ്തകങ്ങൾക്കും അവയുടെ വായനകൾക്കും വ്യാഖ്യാനങ്ങൾക്കും പകരം എന്നെയും നിറച്ചു.[101]

9. മറ്റെന്തെങ്കിലും ഉണ്ടോയെന്ന് ആരാഞ്ഞാൽ, എന്റെ ചോദ്യം കേൾക്കാൻ ചെവികളോ, ഉത്തരം പറയാൻ വായോ മുത്തിനില്ല. ഇന്ദ്രിയങ്ങളില്ലാത്ത മുത്തേ, നിന്നിൽ നിന്നാണ് ഞാൻ പുതിയ ഇന്ദ്രിയങ്ങൾ സമ്പാദിച്ചത്.

10. മുത്ത് മറുപടിയായി എന്നോടു പറഞ്ഞു: അളവിനതീതമായ കടലിന്റെ മകളാണ് ഞാൻ; ഞാൻ കയറിവന്ന കടലിന്റേതിനേക്കാൾ വലുതാണ് ഞാൻ എന്റെ മടിയിൽ വഹിക്കുന്ന, പ്രതീകങ്ങളുടെ നിക്ഷേപങ്ങൾ. നീ കടലിനെ പരിശോധിച്ചുകൊള്ളൂ. കടലിന്റെ നാഥനെ വേണ്ട!

11. ശ്വാസം പിടിച്ചുകൊണ്ടും കടലിൽ നിന്ന് കരയിലേക്ക് കയറാൻ തിടുക്കം കൂട്ടിക്കൊണ്ടും എന്നെ തേടി കടലിന്റെ ആഴത്തിലേക്കു ഊളിയിട്ട് താഴുന്ന മുക്കുവരെ ഞാൻ കണ്ടു. കുറച്ചു സമയത്തേക്കു പോലും അവർക്കവിടെ തങ്ങാനാവില്ലെങ്കിൽ, ദൈവത്വത്തിന്റെ ആഴങ്ങൾ ദീർഘനേരം പരിശോധിക്കാൻ ആർക്കു കഴിയും?

12. പുത്രന്റെ തിരമാലകൾ നന്മകളും അപകടങ്ങളും നിറഞ്ഞവയാണ്. തിരമാലകൾക്കെതിരെ തുഴഞ്ഞുകയറാൻ ശ്രമിക്കുന്ന വള്ളത്തെ അവ തകർത്തുകളുയുന്നു. എന്നാൽ എതിർപ്പുകൂടാതെ തിരകൾക്കൊത്തു നീങ്ങുന്ന വള്ളം രക്ഷപെടുന്നത് നീ നിരീക്ഷിച്ചില്ലേ?

13. ഒരു പരീക്ഷണവും നടത്താതിരുന്നിട്ടും ഈജിപ്തുകാരെല്ലാം കടലിൽ മുങ്ങിമരിച്ചു. അവർ ഒരന്വേഷണവും നടത്തിയില്ല. ചില എബ്രായരും കരയിൽവച്ച് നിഗ്രഹിക്കപ്പെട്ടു. നിങ്ങൾ പിന്നെങ്ങനെ അതിജീവിക്കും? സോദോമിലെ മനുഷ്യരെ അഗ്നി നക്കിയെടുത്തു. നിങ്ങൾ പിന്നെങ്ങനെ വിജയിക്കും?[102]

14. ഈ കോലാഹലം കേട്ട് കടൽമത്സ്യങ്ങളും ലെവിയാഥാനും നടു

100. 1രാജാ.18,44

101. പുറ 16,15ff.

102. സംഖ്യ 16,31;ഉല്പ.19,24

www.malankaralibrary.com

ങ്ങി. ഇത്തരം കാര്യങ്ങളെപ്പറ്റി വായിച്ചിട്ട് മറന്നുപോകാൻ തക്കവണ്ണം നിങ്ങൾക്ക് ശിലാഹൃദയമാണോ ഉള്ളത്? നീതി തന്നെയും ദീർഘനാൾ നിശ്ശബ്ദമായിരുന്നു എന്നത് നാം വളരെയധികം ഭയക്കേണ്ട കാര്യമാണ്.

15. പരിശോധനയും കൃതജ്ഞതാപ്രകടനവും കൂടിച്ചേർന്നിരിക്കുന്നു. ഏതാണ് ജയിക്കുക? ഒരേ നാവിൽ നിന്ന് സുഗന്ധധൂപസമാനം സ്തുതി ഉയരുന്നു; അതുപോലെ അനാവശ്യമായ അന്വേഷണവാക്കുകളും. ദൈവം ഏതാണ് ശ്രദ്ധിക്കുക? ഒരേ വായിൽനിന്ന് അനാവശ്യമായ അന്വേഷണവാക്കുകളും പ്രാർഥനയും വരുന്നു. അവിടുന്ന് ഏതാണ് ശ്രവിക്കുക?

16. യോനാ കടലിൽ മൂന്നു ദിവസം ഞങ്ങളുടെ അയൽക്കാരനായിരുന്നു. കടൽജീവികൾ ഇളകിമറിഞ്ഞു പറഞ്ഞു: 'ദൈവത്തിൽ നിന്ന് ഓടിയകലാൻ ആർക്കു കഴിയും?' വാസ്തവത്തിൽ യോനാ ദൈവത്തിൽനിന്ന് ഓടിപ്പോയി. ഇവിടെ അന്വേഷണത്തിലൂടെ അവിടുത്തെ എത്തിപ്പിടിക്കാമെന്നു നീ കരുതുന്നു.[103]

# 82 (മുത്ത് – 2)

### "ആർക്കു കഴിയും" എന്ന രീതി

1. നീ എന്തിനോട് തുല്യമാണ്? നിന്നെ ശ്രവിക്കുന്നവനോട് നിന്റെ നിശ്ശബ്ദത സംസാരിക്കട്ടെ. നിശ്ശബ്ദമായ വായ്കൊണ്ട് ഞങ്ങളോട് സംസാരിക്കുക. കാരണം, നിന്റെ നിശ്ശബ്ദതയുടെ മന്ത്രണം കേൾക്കുന്നവനോട് നിന്റെ പ്രതീകം, നിശ്ശബ്ദതയിൽ ഞങ്ങളുടെ രക്ഷകനെ പ്രഘോഷിക്കുന്നു.

2. നിന്റെ അമ്മ കടലിന്റെ കന്യകയായ വധുവാണ്! അതവളെ വിവാഹം കഴിക്കാതെ തന്നെ അവൾ അതിന്റെ മടിത്തട്ടിൽവീണു. അത് അറിയാതെ തന്നെ അവൾ അതിൽ നിന്നെ ഗർഭം ധരിച്ചു. അത് അവളെ അറിഞ്ഞില്ലെങ്കിലും. യഹൂദപെൺകൊടികൾ നിന്നെ ധരിക്കുമ്പോൾ നിന്റെ പ്രതീകം അവരെ കുറ്റപ്പെടുത്തുന്നു.

3. അത്യുന്നതന്റെ വചനത്തിന്റെ ജനനത്തോടു തുല്യമായത് എല്ലാ മുത്തുകളിലുംവച്ച് നിന്റേതു മാത്രമാകുന്നു. അത്യുന്നതൻ അനന്യമാംവിധം അവനെ ജനിപ്പിച്ചു. കൊത്തുപണിയിലൂടെ നിർമിതമായ മറ്റു മുത്തുകളൊക്കെ ഉയരത്തിൽ സൃഷ്ടിക്കപ്പെട്ട ആ വസ്തുക്കളെ പ്രതീകാത്മകമായി സദൃശീകരിക്കുന്നെന്നു മാത്രം.

103. യോനാ 2,1


www.malankaralibrary.com

4. ഓ, നിഗൂഢമായ ഉദരത്തിന്റെ ദൃശ്യസന്താനമേ, ഓ,ശക്തമായ പ്രതീകമേ, നിന്റെ പാവനമായ ഗർഭധാരണത്തിന് ബീജം ആവശ്യമായി വന്നില്ല. നിന്റെ പരിശുദ്ധമായ ജനനത്തിന് പുരുഷബന്ധം ആവശ്യമില്ലായിരുന്നു. നിനക്ക് സഹോദരന്മാരില്ല. കാരണം, നിന്റെ ജനനം അനന്യമാണ്.

5. നമ്മുടെ കർത്താവിന് സഹോദരങ്ങളുണ്ടായിരുന്നു; എങ്കിലും അവന് ആരുമില്ലായിരുന്നു. കാരണം, അവൻ ഏകജാതനായിരുന്നു. ഓ, ഒറ്റയാൻ മുത്ത്! മഹനീയരഹസ്യം! കാരണം, നിന്റെ പ്രതീകം തനിയെ നിൽക്കുന്നു. എങ്കിലും രാജകീയ കിരീടത്തിന്മേൽ നിനക്ക് സഹോദരന്മാരും സഹോദരികളുമുണ്ട്!

6. ഗോമേദകത്തോടൊപ്പം മനോഹര രത്നങ്ങൾ നിന്റെ സഹോദരങ്ങളാണ്. മറ്റു മുത്തുകൾ നിന്റെ സ്നേഹിതരാണ്. സ്വർണം നിന്റെ ബന്ധുവായിരിക്കും. നിന്റെ പ്രിയസ്നേഹിതരെ കൊണ്ടുണ്ടാക്കിയ കിരീടം രാജാധിരാജന് ഉണ്ടായിരിക്കും.

7. ജീവനുള്ള കല്ലറയായ കടലിന്റെ ആഴത്തിൽ നിന്നു നീ കരേറിയപ്പോൾ, സഹോദരങ്ങളുടെയും ബന്ധുക്കളുടെയും സ്നേഹിതരുടെയും ഈ മഹനീയസമൂഹത്തെ നീ സമ്പാദിച്ചു. തണ്ടിലെ ഗോതമ്പുമണിപോലെ, പലതിന്റെ ഇടയിൽ നീ കിരീടത്തിൽ സ്ഥാപിതമായിരിക്കുന്നു.

8. നീതിപൂർവം ഒരു കടം നിനക്കു തിരിച്ചടയ്ക്കുന്നതുപോലെ, നീ ആ അഗാധത്തിൽ നിന്ന് മഹനീയമായ ഔന്നത്യത്തിലേക്ക് ഉയർത്തപ്പെടുന്നു. പറമ്പിലെ ഗോതമ്പുതണ്ട് ഗോതമ്പുമണി വഹിക്കുന്നു. നീ ആഘോഷമായി രാജശിരസ്സിൽ രഥത്തിൽ സംവഹിക്കപ്പെടുന്നു.

9. ഓ, ജലകന്യകയേ, ജനിച്ച കടലിനെ വിട്ട് സ്നേഹിക്കപ്പെടുന്ന ഉണങ്ങിയ കരയിലേക്ക് നീ കയറി. മനുഷ്യർ നിന്നെ സ്നേഹിച്ചു, നിന്നെ പിടിച്ചു, അവരെ നീ അലങ്കരിക്കുന്നു. പുറജാതികൾ സ്നേഹിച്ച ശിശുവിന്റെ കാര്യത്തിലും ഇതുപോലെയാണ്. അവിടുത്തോടൊപ്പം നീയും കിരീടം ധരിപ്പിക്കപ്പെടുന്നു.

10. പ്രതീകാത്മകമായും യഥാർഥമായും മർത്യർ ലെവിയാഥാനെ കാൽക്കീഴമർത്തി: മുങ്ങൽ വിദഗ്ദ്ധരെപ്പോലെ സ്നാനാർഥികൾ വിവസ്ത്രരാകുകയും എണ്ണപുരട്ടുകയും മിശിഹായുടെ പ്രതീകമായി നിന്നെ പിടിച്ചുകൊണ്ട് ഉയർന്നുവരികയും ചെയ്തു. വിവസ്ത്രരായി അവന്റെ കയ്പ് നിറഞ്ഞ വായിൽനിന്ന് ആത്മാവിനെ അവർ പിടിച്ചെടുത്തു.

11. ശാന്തമായും നിശ്ശബ്ദമായും നിൽക്കുന്ന കുഞ്ഞാടിനു സദൃശ്യമാണ് നിന്റെ സ്വഭാവം. ഒരാൾ അതെടുത്ത് തുളച്ച് ഗോഗുൽതായിലെന്ന

വണ്ണം തന്റെ ചെവിയിൽ തൂക്കിയാലും, അത് അതിന്റെ ശോഭയുള്ള കിരണങ്ങൾ ചുറ്റും പ്രസരിപ്പിക്കുന്നു.

12. നിന്റെ സൗന്ദര്യത്തിൽ പുത്രന്റെ സൗന്ദര്യം ചിത്രീകരിക്കപ്പെട്ടിരിക്കുന്നു: വേദനയിൽ സ്വയം പൊതിഞ്ഞ പുത്രൻ, ആണികൾ അവനിലൂടെ തുളച്ചുകയറി. അവന്റെ കാലുകളെപ്പോലെ, നിന്നെയും അവർ തുളച്ചു. എന്നാൽ നിന്റെ വേദനയിലൂടെ നിന്റെ സൗന്ദര്യം വർദ്ധിച്ചതുപോലെ, സഹിച്ചതിനാൽ അവൻ വാഴുന്നു.

13. അവർ നിന്നെ വെറുതെ വിട്ടെങ്കിൽ, നിന്നെ ഇഷ്ടപ്പെടുകയില്ലായിരുന്നു. കാരണം, നീ സഹിച്ചതിനാൽ, ഇപ്പോൾ ഭരിക്കുന്നു. ശെമയോൻ പത്രോസിന് പാറയോട് അനുകമ്പതോന്നി.[104] അതിനെ അടിച്ചവരെല്ലാം അതിനാൽ മുറിവേറ്റു. അവന്റെ സൗന്ദര്യം ഉയരാഴങ്ങളെ ഇപ്പോൾ അലങ്കരിക്കുന്നത് അവൻ സഹിച്ചതിനാലാണ്.

# 83 (മുത്ത് – 3)

**"ആർക്കു കഴിയും" എന്ന രീതി**

1. മുത്തേ, നിന്റെ നഗ്നത നിമിത്തം നിന്നെയാരും നിന്ദിക്കുകയില്ല. നിന്നോടുള്ള സ്നേഹത്താൽ, കച്ചവടക്കാരൻ നിന്നെ നഗ്നയാക്കാനല്ല നിന്റെ വസ്ത്രം മാറ്റുന്നത്; ഓ, വിവസ്ത്രയേ, നിന്റെ പ്രകാശമാണ് നിന്റെ വസ്ത്രം, നിന്റെ ശോഭയാണ് നിന്റെ മേൽവസ്ത്രം.

2. തന്റെ നഗ്നത നിമിത്തം വസ്ത്രം ധരിച്ച ഹവ്വായ്ക്ക് സമമാണ് നീ. അവളെ വഞ്ചിച്ച് നഗ്നയാക്കുകയും വേദനയിൽ ഉപേക്ഷിക്കുകയും ചെയ്തവൻ ശപിക്കപ്പെടട്ടെ. സർപ്പത്തിന് നിന്റെ മഹത്വം ഉരിഞ്ഞുകളയാനാവില്ല. നിന്റെ മാതൃകയിൽ സ്ത്രീകൾ ഏദനിലെ പ്രകാശം ധരിക്കുന്നു.[105]

3. എഴുതപ്പെട്ടിരിക്കുന്നതുപോലെ കൂശിലെ മുത്തുകൾ വളരെ ശോഭയുള്ളവയാണ്. കറുത്തവരുടെ നാടായ എത്യോപ്യയ്ക്ക് നിന്നെ ആര് സമ്മാനിച്ചു?[106] ജനതകൾക്ക് വെളിച്ചം നൽകിയവൻ തന്റെ ശോഭാകിരണങ്ങൾ എത്യോപ്യക്കാർക്കും ഇൻഡ്യാക്കാർക്കും വർഷിച്ചിരിക്കുന്നു.

4. എത്യോപ്യക്കാരൻ ഷണ്ഡൻ തന്റെ വണ്ടിയിൽവച്ച് ഫിലിപ്പോസിനെ കണ്ടു. താൻ വായിച്ചുകൊണ്ടിരുന്ന വരികളിൽ നിന്ന് പ്രകാശത്തിന്റെ

104. മത്താ.16,22;21,42-44
105. ഉല്പ.3,1ff.
106. ജോബ്,28,19(പ്ശീത്താ)


www.malankaralibrary.com

കുഞ്ഞാട് കറുത്തവനെ കണ്ടുമുട്ടി. എത്യോപ്യക്കാരൻ സ്നാനപ്പെടുകയും പ്രകാശവസ്ത്രം ധരിക്കുകയും തന്റെ വഴിക്ക് പോകുകയും ചെയ്തു.[107]

5. അവൻ ശിഷ്യപ്പെടുത്തുകയും പഠിപ്പിക്കുകയും ചെയ്തു. കറുത്തവരിൽ നിന്ന് വെളുത്തവരെ ഉണ്ടാക്കി. കറുത്ത എത്യോപ്യക്കാരികൾ പുത്രന് മുത്തുകളായിത്തീർന്നു. എത്യോപ്യക്കാരിൽ നിന്ന് ശോഭയുള്ള ഒരു കിരീടം അവൻ പിതാവിൻ പക്കലെത്തിച്ചു.

6. ചെന്നായ്ക്കളുടെ നാട്ടിൽവന്ന പെണ്ണാടായ സാബാരാജ്ഞിക്ക് സോളമൻ സത്യത്തിന്റെ വിളക്കുകൊടുത്തു. അവൻ വിഗ്രഹാരാധകനായി തീർന്നപ്പോൾ, അത് കെടുത്തിക്കളഞ്ഞു. അവളാകട്ടെ, പ്രശോഭിതയായി അവളുടെ വഴിക്കുപോയി. എന്നാൽ അവരുടെ പതിവനുസരിച്ച് അവർ തങ്ങളെത്തന്നെ ഇരുട്ടിലാക്കി.[108]

7. ആ വിശുദ്ധയോടുകൂടെ ഇരുളിൽ പ്രസരിച്ച പ്രകാശകിരണത്തിന്റെ പ്രഭ നവോദയംവരെ നിലനിന്നു. അത് ആ ജനത്തെ അഭിമുഖീകരിക്കുകയും ആ നാട് പ്രകാശിതമാകുകയും ചെയ്തു.

8. കടലിൽ വിവിധതരം മത്സ്യങ്ങളുണ്ട്; അവ വലിപ്പമുള്ളവയാണെങ്കിലും വളരെ ചെറുതാണ്. നിന്റെ നിസ്സാരത നിമിത്തം കിരീടം വളരുന്നു. പുത്രന്റെ പ്രതിഛായ! അവന്റെ താഴ്ചവഴി ആദം വലിയവനായിത്തീർന്നു.

9. ശിരസ്സിനു നിന്റെ കിരീടം, കണ്ണിനു നിന്റെ മനോഹാരിത, ചെവിക്ക് നിന്റെ ആഭരണം! കരയുടെ അയൽക്കാരീ, കടലിൽനിന്ന് ഉയർന്നുപൊങ്ങി വന്ന് ചെവിയിൽ പാർക്കുക. ചെവി നിന്നെ സ്നേഹിക്കുന്നതുപോലെ ജീവവചനത്തെയും സ്നേഹിക്കട്ടെ.

10. ചെവിക്കുള്ളിൽ വചനവും പുറത്ത് മുത്തും! നിന്നിലൂടെ പ്രശോഭിക്കുന്ന കാത് നിന്നിലൂടെ വിവേകമുള്ളതായി തീരട്ടെ. അത് സത്യവചനത്തിന് ശ്രദ്ധയുള്ളതായിരിക്കട്ടെ; അതിന്റെ കണ്ണാടി ആയിരിക്കട്ടെ. വചനത്തിന്റെ മനോഹാരിത നിന്റെ മനോഹാരിതയിൽ അത് ദർശിക്കട്ടെ.

11. ഉന്നതത്തിലെ വചനം എത്ര അമൂല്യമാണെന്ന് അത് നിന്നിൽ നിന്ന് ഗ്രഹിക്കട്ടെ. കർണപാളി മാംസനിർമിത മരമാണ്. അതിൽ പ്രകാശത്തിൽ നിന്നുള്ള ഫലമാണ് നീ. ആ പ്രകാശത്തെ ജനിപ്പിച്ച ഉദരം കൺമുമ്പിൽ നിന്റെ പ്രതീകം ആയിരിക്കയില്ലേ?

12. ഓ, മുത്തേ, ആ സ്വർഗരാജ്യത്തെ അവിടുന്ന് നിന്നോട് ഉപമിച്ചിരിക്കുന്നു. അവിടെ ഉള്ളിൽ കടന്ന അഞ്ചു കന്യകമാർ തങ്ങളുടെ വിളക്കുക

107. നട.8,26-40

108. 1രാജാ.10,1-10; 11,1-8; 10,13

www.malankaralibrary.com

ളുടെ പ്രകാശത്തിൽ പൊതിയപ്പെട്ടിരിക്കുന്നു. ഓ, പ്രകാശവസ്ത്രധാരീ, പ്രകാശിതരായ അവർ നിനക്ക് തുല്യരാണ്![109]

13. ഭിക്ഷക്കാരിക്ക് ആരാണ് മുത്തു നൽകുക? അവൾ അതറിഞ്ഞാലും അത് അവൾക്ക് ചേരില്ല! മനുഷ്യന്റെ എല്ലാ അവയവങ്ങൾക്കും വളരെ മനോഹരമായ വിശ്വാസം വിലകൊടുക്കാതെ അവൾ ആർജിക്കട്ടെ.

14. സ്വർണത്തിനുപകരം പ്രഭു തന്റെ മുത്ത് വച്ചുമാറില്ല! നീ നിന്റെ മുത്ത് വെറുതെ ചെളിയിൽ എറിഞ്ഞു കളയുന്നത് എത്ര അപമാനകരമാണ്! നൈമിഷികമുത്തിൽ അനശ്വരമുത്ത് നമുക്ക് തിരിച്ചറിയാം.

15. നശ്വരമായ അത് പേഴ്സിലോ, മുദ്രമോതിരത്തിലോ, ഭണ്ഡാരത്തിലോ ആണ് സൂക്ഷിക്കുക. പുറത്തെ പ്രധാനവാതിൽ കൂടാതെ താഴും താക്കോലുമുള്ള മറ്റു വാതിലുകളുണ്ട്. എല്ലാറ്റിനും കണക്കു ചോദിക്കുന്നവനെപ്പോലെ നിന്റെ മുത്ത് മുദ്രവയ്ക്കപ്പെട്ട് ഉന്നതത്തിലായിരിക്കും.

# 84 (മുത്ത് – 4)

**“ആർക്കു കഴിയും” എന്ന രീതി**

1. കള്ളൻ വിശ്വാസമുള്ളവനായി, വിശ്വാസം അവനെ നേടി, അത് അവനെ പറുദീസായിലേക്ക് ആനയിച്ച്, എത്തിച്ചു.[110] അവൻ കുരിശിൽ ജീവവൃക്ഷം കണ്ടു. വിശ്വാസം ഫലമായിത്തീർന്നു. ആദത്തിന്റെ സ്ഥാനത്ത് അവൻ ഭക്ഷിക്കുന്നവനായി.

*പ്രതിസ്തോത്രം: ശെമയോനെപ്പോലെ വിശ്വസിക്കുന്നവൻ ഭാഗ്യവാൻ; കാരണം, നിന്റെ ഭാഗ്യത്തിന് അവൻ അർഹനായി!*

2. എല്ലാവിധ ചോദ്യങ്ങളോടുംകൂടെ വിശ്വാസം കണ്ടെത്തുന്നവൻ ഭോഷൻ. കണ്ണുകൊണ്ടെന്നവണ്ണം അവൻ അതിനെ അരിച്ചുപെറുക്കുന്നു. അവന്റെ വിരൽചൂണ്ടൽ കണ്ണുകളെ അന്ധമാക്കുന്നു. അതിനേക്കാളുപരി, അന്വേഷണത്തുളയ്ക്കൽ വിശ്വാസത്തെ മന്ദീഭവിപ്പിക്കുന്നു.

3. മുങ്ങൽവിദഗ്ദ്ധൻ തന്റെ മുത്ത് പരിശോധിക്കാറില്ല. എപ്പോഴാണ് പിടിച്ചത് എന്നന്വേഷിക്കാതെ തന്നെ കച്ചവടക്കാർക്കെല്ലാം അതേപ്പറ്റി സന്തോഷമാണ്. അതുകൊണ്ട് കിരീടം ധരിക്കുന്ന രാജാവുപോലും അതിനെ പരിശോധനാവിധേയമാക്കാറില്ല.

109. മത്താ.13,45;25,1–12

110. ലൂ.23,43



www.malankaralibrary.com

4. ഭോഷനായ ബാലാം ബുദ്ധിയില്ലാത്ത വാഹനമൃഗം ആയിത്തീർന്നതിനാൽ, അവൻ ഒരു പെൺകഴുതയിലൂടെ അവനോട് സംസാരിച്ചു. കാരണം, തന്നോട് സംസാരിച്ച ദൈവത്തെ അവൻ നിന്ദിച്ചു. പെൺകഴുതയുടെ സ്ഥാനത്ത് മുത്ത് നിന്നെ കുറ്റപ്പെടുത്തട്ടെ.[111]

5. കൽഹൃദയമുള്ള ജനത്തെ കല്ലുകൊണ്ട് അവിടുന്ന് തള്ളിക്കളഞ്ഞു. കാരണം, ഇതാ, കല്ലുപോലും വാക്കുകൾക്ക് അനുസരണയുള്ളവ ആയിരുന്നു. അത് അവരെ കുറ്റപ്പെടുത്തുന്നതിന് സാക്ഷ്യമായിട്ടാണ് അവൻ അവയെ ഉണ്ടാക്കിയത്. ബധിരരായ നിങ്ങളെ ഇന്ന് മുത്ത് കുറ്റപ്പെടുത്തട്ടെ.[112]

6. മീവൽപക്ഷിയിലൂടെയും കൊക്കിലൂടെയും മനുഷ്യരെ അവൻ ലജ്ജിപ്പിച്ചു. കാളയിലൂടെയും കഴുതയിലൂടെയും അവൻ അവരെ ലജ്ജിപ്പിച്ചു. ഇപ്പോൾ മുത്ത് കുറ്റപ്പെടുത്തട്ടെ; അതുപോലെ പറവകളും ഇടയ്ക്കുള്ളവയും താഴെയുള്ളവയും![113]

7. ചന്ദ്രനെപ്പോലെ നിന്റെ വെളിച്ചം കൂടുകയോ കുറയുകയോ ചെയ്യുന്നില്ല. ഇതാ, സൂര്യപ്രകാശം മറ്റെല്ലാ പ്രകാശങ്ങളെയുംകാൾ വലുതാണ്. നിന്റെ നിസ്സാരതയിൽ അതിന്റെ ഒരു പ്രതീകം സജ്ജീകരിച്ചിരിക്കുന്നു. അത് പുത്രന്റെ പ്രതീകമാണ്. അവന്റെ ഒരു സ്ഫുലിംഗം സൂര്യനേക്കാൾ വലുതാണ്.

8. പ്രകാശത്താൽ പൂർണമായി നിറഞ്ഞ ഒരു വസ്തുവാണ് മുത്ത്. അവളിൽനിന്ന് അത് മോഷ്ടിക്കാൻ ഒരു കലാകാരനും സാധ്യമല്ല. കാരണം, അതിന്റെ സൗന്ദര്യമാണ് അതിന്റെ സംരക്ഷിതകോട്ടയും കാവൽക്കാരനും. അത് കുറവു കൂടാതിരിക്കുന്നു; അത് എപ്പോഴും എവിടെയാണോ, അവിടെ പൂർണമായിട്ടുണ്ട്.

9. നിന്നെ മുറിച്ച് നിന്നിൽ നിന്ന് ഒരു ചെറിയകഷണം എടുത്തുകൊണ്ടുപോകാൻ ആരെങ്കിലും മനസ്സുവച്ചാൽ, നീ വിശ്വാസത്തിനു തുല്യമായിത്തീരും. തുണ്ടുതുണ്ടായി നശിപ്പിക്കുന്ന നിഷേധികളുടെ ഇടയിൽ രണ്ടും നശിക്കുന്നു. വിശ്വാസം പുനഃസ്ഥാപിക്കാനാകും. അക്കാര്യത്തിൽ അത് നിന്നേക്കാൾ മെച്ചപ്പെട്ട അവസ്ഥയിലാണ്.

10. അവികലപ്രകൃതിയാണ് വിശ്വാസം. അതിനെ വിരൂപമാക്കാനാവില്ല. ദുഷിക്കുന്നവൻ അതിനാൽ നഷ്ടം സഹിക്കുന്നു. നിഷേധി അതിനാൽ വിരൂപനാകുന്നു. തന്റെ കണ്ണിൽനിന്ന് പ്രകാശം തട്ടിമാറ്റുന്നവൻ അന്ധനായിത്തീരുന്നു.

111. സംഖ്യ 22,9-12.28-30

112. പുറ.17,6

113. ജറ.8,7; ഏശാ.1,3

www.malankaralibrary.com

11. സുശക്തമൂലകങ്ങളാണെങ്കിലും അഗ്നിയും വായുവും വേർപെടുത്താവുന്നവയാണ്. തന്റെ സ്രഷ്ടാവിനെപ്പോലെ, സൃഷ്ടികളിൽവച്ച് പ്രകാശം മാത്രം വിഭജിതമല്ല. അത് ഫലരഹിതവുമല്ല. കാരണം, കുറവു കൂടാതെ അതും ജനിപ്പിക്കുന്നു.

12. നിന്നെ കൊത്തിയുണ്ടാക്കിയതാണെന്ന് ചിന്തിക്കുന്നവന് വളരെ തെറ്റി. മറ്റു കല്ലുകളെപ്പോലെ നീയൊരു കൊത്തുപണിയല്ല, ഒരു നിർമിതവസ്തുവുമല്ല എന്ന് നിന്റെ സ്വഭാവം ഉച്ചത്തിൽ വിളിച്ചുപറയുന്നു. നീ ആ പുത്രന് സമനാണ്. കാരണം, ദൈവത്തിന്റെ സൃഷ്ടികർമം അവനെ നിർമിച്ചതല്ല.

13. പുത്രന്റെ ത്രാസ്തട്ടുമായുള്ള താരതമ്യത്തിൽ നിന്ന് നിന്റെ ത്രാസ്തട്ട് ഓടിപ്പോകുന്നു. കാരണം, നിന്റെ ജനനം ആഴത്തിൽ നിന്നാണ്. നിന്റെ സ്രഷ്ടാവായ പുത്രന്റേത് അത്യൂന്നതത്തിൽ നിന്നാണ്. അവൻ തന്റെ പിതാവിന് തുല്യനാകയാൽ, അവൻ നിനക്ക് സമനാണെങ്കിലും സമനല്ല.

14. എങ്കിലും മനുഷ്യർ പറയുന്നതുപോലെ, നിന്നെ രണ്ട് ഉദരങ്ങൾ ജനിപ്പിച്ചു. ഒരു ദ്രാവകരൂപം മുകളിൽ നിന്ന് താഴേക്ക് വന്നു; ഒരു ഖരപദാർഥം കടലിൽനിന്ന് ഉയർന്നുവന്നു. നിന്റെ രണ്ടാം ജനനത്തിലൂടെ നീ മനുഷ്യരോടുള്ള നിന്റെ സ്നേഹം കാട്ടി.

15. കൈകൾ നിന്നെ കിരീടത്തിൽ ഉറപ്പിച്ചു. കാരണം, നിന്നെ കടന്നുപിടിക്കുന്നവർക്ക് നീ ഒരു ഖരപദാർഥമായിത്തീർന്നു. ഒരു കുരിശിലെന്നപോലെ നീ കിരീടത്തിലാണ്. കിരീടത്തിൽ നീ ഒരു ട്രോഫി പോലെയാണ്. എല്ലായിടത്തും വ്യാപിക്കുന്ന വാക്കുകൾ പോലെ നീ കാതിലാണ്.

# 85 (മുത്ത് – 5)

**"ആർക്കു കഴിയും" എന്ന രീതി**

1. ഓ, മുങ്ങൽവിദഗ്ദ്ധനോടൊപ്പം സൗജന്യമായി പൊന്തിവന്ന ദാനം! സൗജന്യമായി മനുഷ്യരുടെ മേൽ പ്രകാശിക്കുന്ന ഈ ദൃശ്യപ്രകാശത്തിന്റെ ബന്ധു! നിഗൂഢന്റെ ഒരു പ്രതീകമാണിത്. അവിടുന്ന് അദൃശ്യപ്രകാശം സൗജന്യമായി ദാനംചെയ്യുന്നു.

2. നിറക്കൂട്ടുകൾ കൊണ്ട് പെയ്ന്ററും നിന്റെ പ്രതീകം വരച്ചുകാട്ടുന്നു. നിറങ്ങൾ കൊണ്ടെന്നപോലെ, പ്രതീകങ്ങളും ഉപമകളുംകൊണ്ട് നിന്നിൽ വിശ്വാസം ദൃഷ്ടാന്തീകരിക്കപ്പെടുന്നു. ഛായക്കു പകരം നിന്നിലും നിന്റെ നിറത്തിലും നിന്റെ സ്രഷ്ടാവ് വരച്ചുകാട്ടപ്പെടുന്നു.


www.malankaralibrary.com

3. ഓ, മണമില്ലാത്ത നീ, നിന്നിൽ നിന്ന് പ്രതീകങ്ങളുടെ സൗരഭ്യം പുറപ്പെടുവിക്കുന്നു. മനുഷ്യർക്ക് നിന്നെ ഭക്ഷിക്കാനാവില്ല. എന്നാൽ ശ്രോതാക്കളെ നീ സന്തുഷ്ടരാക്കുന്നു. മനുഷ്യർക്ക് നിന്നെ കുടിക്കാനാവില്ല. എന്നാൽ വിവരണത്തിൽ നീ കാതുകൾക്ക് പ്രതീകങ്ങളുടെ ഉറവ തുറക്കുന്നു.

4. ഓ, മുത്തേ, നിന്റെ നിസ്സാരതയിൽ നീ വലുതാണ്. നിന്റെ വ്യാപ്തി ചെറുതാണ്. നിന്റെ അളവും തൂക്കവും ചെറുതാണ്. എന്നാൽ നിന്റെ ശോഭ വലുതാണ്. നീ വയ്ക്കപ്പെട്ടിരിക്കുന്ന കിരീടം മാത്രം വിലമതിക്കാവതല്ല.

5. നിന്റെ നിസ്സാരത എത്ര വലുതാണെന്ന് ആരാണ് മനസ്സിലാക്കാത്തത്? നിന്നെ നിന്ദിച്ച് ദൂരെ എറിയുന്നവനെ അവന്റെ അശ്രദ്ധയ്ക്ക് മനുഷ്യർ കുറ്റപ്പെടുത്തും. കാരണം, രാജകിരീടത്തിൽ നിന്നെ കാണുമ്പോൾ, അവൻ നിന്നാൽ ആകൃഷ്ടനാകും.

6. ഓ, മുത്തേ, വിവസ്ത്രർ മുങ്ങിത്താണ് നിന്നെ പൊക്കിയെടുത്തു! ശ്ലീലായരായ ദരിദ്രമുക്കുവരുടെ പ്രതീകമായ നഗ്നമനുഷ്യരാണ്, രാജാക്കന്മാരല്ല നിന്നെ മനുഷ്യരുടെ മുമ്പിൽ പ്രദർശിപ്പിച്ചത്.

7. കാരണം, വസ്ത്രധാരികൾക്ക് നിന്റെ പക്കലെത്താൻ കഴിഞ്ഞില്ല. നവജാതശിശുക്കളെപ്പോലെ നഗ്നരായവരാണ് വന്നത്. അവർ തങ്ങളുടെ ശരീരം വെള്ളത്തിൽ താഴ്ത്തി നിന്റെ പക്കലേക്ക് മുങ്ങിത്താണുവന്നു. അവരെ സന്തോഷപൂർവം എതിരേൽക്കാൻ, നീ ധൃതിപ്പെടുകയും അവരിൽ അഭയംതേടുകയും ചെയ്തു. കാരണം, അവർ നിന്നെ വളരെയധികം സ്നേഹിച്ചു.

8. തങ്ങളുടെ മടിക്കുത്ത് അഴിക്കുന്നതിനുമുമ്പ് അവരുടെ നാവുകൾ നിന്നെ പ്രഘോഷിച്ചു. ദരിദ്രർ കച്ചവടക്കാരുടെ ഇടയിൽ മടിക്കുത്ത് തുറന്ന് പുതിയ സമ്പത്ത് എടുത്തുകാണിച്ചു. ജീവൗഷധമായി മനുഷ്യരുടെ കൈയിൽ അവർ അതു വച്ചുകൊടുത്തു.

9. ശ്ലീഹന്മാർ ഒരു പ്രതീകത്തിൽ കടൽത്തീരത്ത് നിന്റെ ഉത്ഥാനം ദർശിച്ചു. കായൽതീരത്തുവച്ച് സത്യശ്ലീഹന്മാർ നിന്റെ സ്രഷ്ടാവിന്റെ പുത്രന്റെ ഉത്ഥാനം ദർശിച്ചു. നിന്നിലൂടെയും നിന്റെ കർത്താവിലൂടെയും കടലും കായലും അലംകൃതമായി.

10. മുങ്ങൽ വിദഗ്ദ്ധൻ കടലിൽ നിന്ന് കയറി തന്റെ വസ്ത്രം ധരിച്ചു. ശെമയോൻ പത്രോസും കായലിൽനിന്ന് നീന്തി കരയ്ക്കു കയറി തന്റെ വസ്ത്രം ധരിച്ചു. ഇപ്രകാരം അവർ വസ്ത്രം ധരിച്ചതുപോലെ, അവരിരുവരും സ്നേഹത്തിൽ നിങ്ങളെ വസ്ത്രം ധരിപ്പിച്ചു.

11. ഓ, മുത്തേ, ഞാൻ നിന്നിൽ അലഞ്ഞതിനാൽ, എനിക്ക് ഏകാഗ്ര

www.malankaralibrary.com

മായിരിക്കണം. ഞാൻ നിന്നെ ധ്യാനിച്ചതിനാൽ, എനിക്ക്, നിന്നിൽതന്നെ ഒന്നിച്ചിരിക്കുന്ന, നിന്നെപ്പോലെയാകണം. നീ സദാ ഒന്നായിരിക്കുന്നതുപോലെ, നിന്നിലൂടെ എനിക്കും ഒന്നായിരിക്കണം.

12. പുത്രന് ഒരു കിരീടം ഉണ്ടാക്കാൻ ഞാൻ മുത്തുകൾ ശേഖരിച്ചു. എന്റെ അവയവങ്ങളിലെ മാലിന്യങ്ങൾക്കു പകരം എന്റെ ഈ കാഴ്ച സ്വീകരിച്ചാലും! നീ ആവശ്യക്കാരനാണെന്ന രീതിയിലല്ല, പിന്നെയോ, എന്റെ സ്വന്തം ആവശ്യത്തെ പ്രതിയാണ് ഞാനവ നിനക്ക് അർപ്പിച്ചത്. എന്റെ കളങ്കം വെൺമയാക്കിയാലും.

13. കിരീടം മുഴുവൻ സജ്ജീകരിച്ചിരിക്കുന്നത് ആത്മീയമുത്തുകൾ കൊണ്ടാണ്. സ്വർണത്തിനു പകരം സ്നേഹത്തിലും ചരടുകൾക്കുപകരം വിശ്വാസത്തിലും അത് സുസജ്ജമായിരിക്കുന്നു. കൈകൾക്കു പകരം അത് ഉന്നതന്റെ പക്കലേക്ക് സ്തുതികൾ കരേറ്റട്ടെ.

**മുത്തിനെപ്പറ്റിയുള്ള ഗീതങ്ങൾ അവസാനിച്ചു.**

# 86

## "ആർക്കു കഴിയും" എന്ന രീതി

1. പിതാക്കന്മാരുടെ അനുസ്മരണം വാക്കുകളിൽ നിന്ന് പ്രസരിക്കട്ടെ. അവർ ഋജുമാനസ്സരും അതേസമയം ബുദ്ധിയുള്ളവരുമായിരുന്നു; വിവേകികളും അതേസമയം ലാളിത്യമുള്ളവരുമായിരുന്നു. അവർ പരിശോധന കൂടാതെ വഴിതെളിച്ച് ജീവന്റെ പാതയിൽ നടന്നെത്തി.

*പ്രതിസ്തോത്രം: നിന്റെ പിതാവ് നിന്നെ വിളിച്ച നാമത്താൽ നിന്നെ വിളിച്ചവൻ ഭാഗ്യവാൻ.*

2. അവർക്ക് നവരീതിയിലുള്ള വെളിപാടുകൾ ഉണ്ടായപ്പോൾ, അതവർക്ക് ബുദ്ധിമുട്ടുണ്ടാക്കിയില്ല. പാഷണ്ഡികളെപ്പോലെ അവർ പുറംതിരിഞ്ഞില്ല. ചിന്തകരെപ്പോലെ അവർ എതിർത്തില്ല. എല്ലാ വേലിയേറ്റത്തിലും അവരുടെ വിശ്വാസം അവരുടെ കപ്പലായിരുന്നു.

3. ദൈവം കൽപ്പനകൾ നൽകി; അവർ അവയുടെ സംരക്ഷകരായിരുന്നു. അവൻ അഴിച്ചത് അവരും അഴിച്ചു. ശുദ്ധിയില്ലാത്ത കാക്കകൾ വഴി അവൻ ഏലിയായ്ക്ക് ഭക്ഷണം നൽകി; അസ്ഥികൂടത്തിൽ നിന്ന് സാംസണ് തേനും നൽകി. ചിലത് അശുദ്ധമാണെന്നും മറ്റുചിലത് ശുദ്ധമാണെന്നും എന്തുകൊണ്ടാണ് അവൻ പറഞ്ഞതെന്ന് അവർ തിരക്കിയില്ല, തർക്കിച്ചുമില്ല.


www.malankaralibrary.com

4. അവൻ സാബത് അഴിച്ചുകളഞ്ഞ് രോഗികളെ സുഖപ്പെടുത്തി. സാംസൺ ഒരന്യജാതിക്കാരിയെ ഭാര്യയായി സ്വീകരിച്ചു. ഭക്തർ അതേപ്പറ്റി തർക്കിച്ചില്ല. അതുപോലെ പ്രവാചകൻ ഒരു വേശ്യയെ ഭാര്യയായി സ്വീകരിച്ചു. നീതിമാന്മാർ അതേപ്പറ്റി നിശ്ശബ്ദത പാലിച്ചു.

5. അവൻ നീതിമാന്മാരെ കുറ്റപ്പെടുത്തുകയും അവരുടെ തെറ്റുകൾ പൂർണമായി പരിഗണിക്കുകയും ചെയ്തു. എന്നാൽ അവന് പാപികളിൽ സഹതാപം തോന്നുകയും സൗജന്യമായി അവരെ രക്ഷിക്കുകയും അവരുടെ പാപക്കൂമ്പാരത്തെ ഇടിച്ചുനിരത്തുകയും ചെയ്തു. മനുഷ്യർക്ക് ദൈവത്തിൽ കുറ്റാരോപണം നടത്താനാവില്ലെന്ന് ഭക്തർ മനസ്സിലാക്കി.

6. അവൻ സത്യത്തിന്റെ കർത്താവും അവന്റെ ദാസർ അവന്റെ നിഴലുമാണ്. അവന്റെ ഇച്ഛ എങ്ങോട്ട് തിരിക്കുന്നുവോ, അങ്ങോട്ടുതന്നെ അവരും തങ്ങളുടെ ഇച്ഛ തിരിക്കുന്നു. അവൻ സൂര്യനാകയാൽ, അവരുടെ നിഴൽ അവനിലൂടെ പ്രകാശിക്കുന്നു.

7. സുവ്യക്ത സംഗതികളിൽ പോലും പാഷണ്ഡികൾ എങ്ങനെ ക്ലേശിതരാകുന്നു! കാരണം, പ്രവാചകരിലൂടെ അവിടുന്ന് സുവ്യക്തമായി പുതിയനിയമം മുൻകൂട്ടി സൂചിപ്പിച്ചെങ്കിലും, ഉറക്കത്തിൽ നിന്നെന്നവണ്ണം ഈ ബലഹീനമനുഷ്യർ ഉണർന്ന് വായിച്ച് വഴിതെറ്റി.

8. തങ്ങളുടെ വിശ്വാസത്തിൽ നീതിമാന്മാർ സജ്ജമാക്കി നടന്ന പാതയെ ഉന്മത്തരായ അവർ വെറുത്തു. അവർ പരിശോധിച്ചതിനാൽ അതുപേക്ഷിച്ച്, വഴിതെറ്റിപ്പോയി. ഒരു ദുഷിച്ച പര്യവേക്ഷണം, ഒരു ദുഷിച്ച നേതാവ്, അവരെ വഴിതെറ്റിച്ചു.

9. അവർ പ്രകാശരശ്മി കണ്ടു; തപ്പിത്തടയാനായി അവർ അതിനെ അന്ധകാരമാക്കി. അവർ വിശ്വാസമാകുന്ന രത്നം കണ്ടു. അവര് പരിശോധിക്കാൻ ആഗ്രഹിച്ചതിനാൽ, അത് താഴെവീണുടഞ്ഞുപോയി. അവർ മുത്തിനെ ഒരിടർച്ചക്കല്ലാക്കി മാറ്റി.

10. ഓ, ദാനത്തെ വിഡ്ഢികൾ ഒരു വിഷവസ്തുവാക്കി മാറ്റി! നിന്റെ സംശുദ്ധമായ വേര് നിന്റെ ഉറവയിൽനിന്ന് പൂർണമായി ആ ജനം വിച്ഛേദിച്ചു. പാഷണ്ഡതകൾ പൂർണമായി അത് വിച്ഛേദിച്ചില്ലെങ്കിലും, നിന്റെ വേരിൽ നിന്ന് നിന്റെ സൗന്ദര്യം അന്യമാക്കി.

11. നിന്നെ അന്യനാക്കാൻ ആഗ്രഹിച്ചവർ നിന്നാൽ അന്യരായി. വിഡ്ഢികൾ നിന്നാൽ വെട്ടിനീക്കപ്പെടുകയും ചിതറിക്കപ്പെടുകയും ചെയ്തു. സീയോനിൽ നിന്നുത്ഭവിച്ച ഗോത്രങ്ങൾ നിന്നാൽ വെട്ടിനീക്കപ്പെട്ട് ചിതറിക്കപ്പെട്ടു. അവർ ഉണങ്ങിയെങ്കിലും പച്ചപിടിക്കും.

www.malankaralibrary.com

12. പരിച്ഛേദിതർ ചെളിപുരണ്ടവരാണ്; കാരണം, അവർ നിന്റെ ഉറവയിൽ തങ്ങളെത്തന്നെ കഴുകിയില്ല. നിന്റെ സുഗന്ധ ധൂപത്തിൽ നിന്നുള്ള സൗരഭ്യം അവരുടെ വസ്ത്രങ്ങളിൽ അടിക്കാഞ്ഞതിനാൽ, അവർ ദുഷിച്ച് നാറുന്നു. പാഷണ്ഡത ഗർഹണീയമാണ്. അവർ നിന്നിൽ വെണ്മയാകാത്തതിനാൽ പ്രകാശിതരായില്ല.

13. ഓ, ദാനമേ, ഞങ്ങളുടെ നിസ്സാരതയ്ക്ക് നീ നിന്നെത്തന്നെ പരിമിതപ്പെടുത്തിയാലും! കാരണം, സ്നേഹത്തിന് നിന്നെ എല്ലാവശത്തുനിന്നും സ്പർശിച്ചറിയാൻ കഴിഞ്ഞില്ലെങ്കിൽ, അതിനു ശാന്തമായിരിക്കാനോ, വിശ്രമിക്കാനോ കഴിയില്ല. എല്ലാവരുടെയും പക്കലേക്ക് വന്ന, എല്ലാവരേക്കാളും വലിയവനായ നീ നിന്നെത്തന്നെ ചെറിയവനാക്കുക.

14. ഞങ്ങളുടെ മുത്തേ, ഇതിനാൽ പരിശോധകർ കുറ്റപ്പെടുത്തപ്പെടേണ്ടവരാണ്. സ്നേഹത്തിനു പകരം കലഹം കടന്നുവന്നു; നിന്റെ സൗന്ദര്യം അനാവരണം ചെയ്യാൻ ആഗ്രഹിച്ചുകൊണ്ട് അന്വേഷണത്തിന് മുതിർന്നു. അവാച്യമായ നിന്റെ സൗന്ദര്യം കപടദേവവിഗ്രഹം പോലെയല്ല.

15. നന്ദിയില്ലാത്തവരുടെ ഇടയിൽ നിന്റെ സൗന്ദര്യം കാണിക്കുക. ഓ, മുത്തേ, സമൂലം മുഖമായ നീ ആർക്കു തുല്യനാണെന്ന് കാണിക്കുക. കാണികൾ നീ നിമിത്തം അമ്പരന്ന് ഭ്രമിച്ചുപോകും. ഭിന്നിപ്പിക്കുന്നവർ നിന്നെ പിളർത്തി; പൂർണമായി ഏകരൂപമായ നിന്നിലൂടെ അവർ പിളർത്തപ്പെട്ടു.

16. അവർ നിന്റെ സൗന്ദര്യം കണ്ടില്ല; കാരണം, അവർക്ക് സത്യത്തിന്റെ നയനമില്ലായിരുന്നു. പ്രവചനമൂടുപടവും നിന്റെ ശോഭായമാനമായ മുഖത്തിന്റെ പ്രതീകങ്ങളുടെ പൂർണതയും അവർക്കൊരു മറയായിരുന്നു. ഞങ്ങളുടെ കണ്ണാടീ, നീ മറ്റെന്തോ ആണെന്ന് അവർ കരുതി.

17. അതുകൊണ്ട്, അന്ധരായ ഈ വിഭാഗക്കാർ നിന്റെ സംശുദ്ധ സൗന്ദര്യത്തെ നിന്ദിച്ചു. പരിച്ഛേദിതർ നിന്നെ നിസ്സാരമാക്കിത്തള്ളി. കാരണം, പ്രതീക്ഷിച്ച പ്രവാചകനെയല്ല, പിന്നെയോ, , ഒരു ചെറിയവനെയാണ് അവർ നിന്നിൽ കണ്ടത്. എന്നാൽ പാഷണ്ഡതയാകട്ടെ, ഒരന്യന്റെ പുത്രനെ നിന്നിൽ കണ്ടതായി കരുതി.

18. വിഡ്ഢികൾ സ്രഷ്ടാവിന് ഉപരിയായി നിന്നെ പ്രതിഷ്ഠിച്ചു. പരിച്ഛേദിതർ ഒരു വ്യാജപ്രവാചകനായി കരുതി, സ്രഷ്ടാവിനു താഴെ ഒരു വലിയ ഗർത്തത്തിൽ നിന്നെ തള്ളിയിട്ടു. നീ നിമിത്തം മലിനരായ ഇരുവിഭാഗക്കാരും നിന്നിലൂടെ പാപമോചനം പ്രാപിക്കട്ടെ.

19. നിന്നെ അവർ വളരെ ഉയർത്തുകയും വളരെ താഴ്ത്തുകയും ചെയ്തതിനാൽ, അവർക്കിടയിൽ ഒത്തുതീർപ്പുണ്ടാക്കുക: വിശ്വാസരാഹിത്യ


www.malankaralibrary.com

ത്തിന്റെയും അന്യതാഭാവത്തിന്റെയും ഉയരത്തിൽനിന്ന് അൽപം താണുവരിക. യൂദായിസത്തിന്റെ ഗർത്തത്തിൽനിന്ന് ഉയർന്നുവരിക. നീ ഇപ്പോഴും സ്വർഗത്തിലാണല്ലോ.

20. മനുഷ്യരുടെയും ദൈവത്തിന്റെയും ഇടയിൽ നമ്മുടെ കർത്താവിനെ പരിഗണിക്കട്ടെ. പ്രവാചകന്മാർ അവന്റെ അറിയിപ്പുകാരെപ്പോലെ ആയിരിക്കട്ടെ. നീതിമാൻ ശിശുവിനെപ്പോലെ സന്തോഷിക്കട്ടെ. യൂദരെയും വിജാതിയരെയും കീഴടക്കിയത് ആ ഒരു വാക്കാണ്.

21. വിശുദ്ധ സഭയുടെ ദാനമേ, വന്ന് അവളിൽ വിശ്രമിക്കുക! പരിച്ഛേദിതർ തങ്ങളുടെ നിഷേധമനോഭാവത്താൽ നിന്നെ ശല്യപ്പെടുത്തി; പാഷണ്ഡത അതിന്റെ കലഹപ്രിയത്താലും. പ്രൗഢിയേറിയ ഒരിടവകയെ നിനക്കു തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു; അതു നിന്റെ വിജയം ആഘോഷിക്കുന്നു.

22. നീ മോശയുടെ ഉടമ്പടിയിൽ ബന്ധിതനായതിനാൽ, നിന്റെ ശോഭ കാണുക. നീ പുതിയതിൽ ജീവിക്കുന്നതിനാൽ, വായനക്കാരിൽ നിന്ന് നിന്റെ വെളിച്ചം പ്രകാശിക്കട്ടെ. നിന്റെ ശോഭയായി നിന്റെ വെളിച്ചം ഞങ്ങൾക്ക് തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

# 87

## “ആർക്കു കഴിയും” എന്ന രീതി

1. ഒരു മത്സരത്തിലെന്നവണ്ണം കലഹപ്രിയരായ താർക്കികരെ ഞാൻ കണ്ടു. അഗ്നിയെ രുചിക്കാനും വായുവിനെ കാണാനും പ്രകാശത്തെ സ്പർശിച്ചറിയാനും അവർ പരിശ്രമിക്കുന്നു. ശോഭയെ കഷണങ്ങളാക്കാൻ അവർ പണിപ്പെടുന്നു.

2. ചിന്തയേക്കാൾ സൂക്ഷ്മമായ പുത്രനെ പരിശോധിക്കാൻ അവർ ആഗ്രഹിച്ചു. അപഗ്രഥനാതീതനായ പരിശുദ്ധാത്മാവിനെ തങ്ങളുടെ ചോദ്യങ്ങളാൽ പരിശോധിക്കാമെന്ന് അവർ കരുതി. വിശകലനാതീതനായ പിതാവിനെ അവരുടെ തർക്കങ്ങൾ വിശദീകരിച്ചു!

3. നമ്മുടെ വിശ്വാസത്തിന്റെ ഉത്തമദൃഷ്ടാന്തം അബ്രഹാമിൽനിന്നും നമ്മുടെ അനുതാപത്തിന്റേത് നിനവേക്കാരിൽനിന്നും നമ്മുടെ പ്രത്യാശയുടെ ദൃഷ്ടാന്തം റാഹാബിന്റെ ഭവനത്തിൽ നിന്നുമാണ്. പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയുമാണ് നമ്മുടേത്. എന്നാൽ ദുഷ്ടൻ അസൂയ നിറഞ്ഞവനാണ്.[114]

---

114. ജോഷ്വാ 6,22ff.

www.malankaralibrary.com

4. ദുഷ്ടകാളക്കിടാവിന്റെ ദുഷിച്ച ആരാധന ഈജിപ്തിൽ നിന്ന് ഉട ലെടുത്തതാണ്. നാലു മുഖങ്ങളോടുകൂടിയ മ്ലേച്ഛമായ വിഗ്രഹം ഹിത്യരിൽ നിന്നാണ്. നിഗൂഢവും ശപ്തവുമായ തർക്കം ഗ്രീക്കുകാരിൽ നിന്നാണ്.[115]

5. കയ്പേറിയ ശത്രു സമാധാനപൂർണമായ ക്രമീകരണം കാണു കയും അത് തകിടം മറിക്കുകയും ചെയ്തു. അവൻ നിന്ദ്യവസ്തുക്കൾ കാണു കയും അവ വിതയ്ക്കുകയും ചെയ്തു. അവൻ പ്രത്യാശ കാണുകയും അതിനെ മുറിച്ചുനീക്കുകയും ചെയ്തു. അവൻ നട്ട തർക്കം ഫലം പുറപ്പെ ടുവിച്ചു: സർപ്പത്തിന്റെ വിഷം!

6. തന്നെയും തന്റെ കാളയെയും സത്യം കുത്തിമലർത്തിയതായി സാത്താൻ കണ്ടു. അവൻ ഏകാന്തതയിലേക്ക് പിൻവലിയുകയും തന്ത്ര ങ്ങൾ മെനയുകയും വിശ്വാസത്തിന് കെണിവയ്ക്കുകയും വൈദികരുടെമേൽ അധികാരമോഹത്തിന്റെ അമ്പെയ്യുകയും ചെയ്തു.

7. ഓരോ സിംഹാസനത്തിലും ആദ്യം കയറിപ്പറ്റാൻ അവർ മത്സരി ച്ചു. ഒരാൾ രഹസ്യമായി കാംക്ഷിച്ച് അതിനായി പദ്ധതികളൊരുക്കി. മറ്റൊ രാൾ പരസ്യമായി രംഗത്തിറങ്ങി. ഒരാൾ പരിഹാസപാത്രമായി, മറ്റൊരാൾ നാടുവിട്ടു പോയി. എന്നാൽ അവരെല്ലാം ഒരുപോലെയാണ്.

8. തങ്ങളുടെ സമയമായില്ലെന്നു ചിന്തിക്കാൻ ചെറുപ്പക്കാർക്ക് കഴി ഞ്ഞില്ല. തങ്ങളുടെ അന്ത്യമടുത്തെന്ന് വൃദ്ധർ ചിന്തിക്കുന്നില്ല. ഒരു കഠിന വ്രണം! വൃദ്ധരും യുവാക്കളും കുട്ടികൾപോലും സ്ഥാനമാനങ്ങൾക്കായി പരക്കം പായുന്നു.

9. ആദ്യപണ്ഡിതരെ സാത്താൻ ഉപേക്ഷിച്ചിട്ട്, പിന്നെ വന്നവരിൽ കയറിക്കൂടി. ഉപയോഗം കഴിഞ്ഞ് പഴഞ്ചനായിപ്പോയ ജനത്തെ പുഴുവും ചിതലും കാർന്നു തിന്നുതീർത്തു. അവരിൽ നിന്ന് പുറത്തുപോയി പുതിയ ജനങ്ങളിൽ കടന്നുകൂടി.

10. ക്രൂശിൽ തറച്ചവർ (യൂദർ) നിരസിക്കപ്പെട്ട് അന്യരെപ്പോലെ പുറ ന്തള്ളപ്പെട്ടത് സാത്താൻ കണ്ടു. ഭവനാംഗങ്ങളിൽനിന്ന് പരിശോധകരെയും ആരാധകരിൽനിന്ന് താർക്കികരെയും അവനുണ്ടാക്കി. ആ വസ്ത്രത്തിൽ നിന്നുതന്നെ അവൻ കീടങ്ങൾ ഉൽപ്പാദിപ്പിച്ചു; അത് സംരക്ഷിച്ച് അവിടെ നിക്ഷേപിച്ചു.

11. ഗോതമ്പിന്റെ കലവറയിൽ കീടത്തെ ഉൽപ്പാദിപ്പിച്ച്, അവിടെ കാത്തി രുന്നു. ഇതാ, സംശുദ്ധമായ ഗോതമ്പ് കേടായി. മഹത്വവസ്ത്രം കീടം കര ണ്ടുതിന്നു. അവൻ നമ്മെ നിന്ദ്യരാക്കി. നാം നമ്മെത്തന്നെ നിന്ദ്യരാക്കി. നാം ലഹരി പിടിച്ചവരായി.

---

115. പുറ 32,1ff. 2ദിന.33,7 (പ്ശീത്താ)


www.malankaralibrary.com

12. അവൻ കളവിതച്ചു; നല്ല മുന്തിരിത്തോട്ടത്തിൽ ഞെരിഞ്ഞിൽ മുളച്ചുവന്നു. അവൻ ആട്ടിൻകൂട്ടത്തിൽ രോഗം സംക്രമിപ്പിച്ചു. ചിരങ്ങ് പടർന്നു. അങ്ങനെ ആടുകളെല്ലാം അവന്റെ കീഴിലായി. അവൻ യൂദജനത്തിൽ തുടങ്ങി, ജനതകളിൽ അവസാനിപ്പിക്കാൻ കടന്നുചെന്നു.

13. പുത്രന്റെ കൈയിൽ ആദ്യജനം (യൂദർ) കൊടുത്ത ഞാങ്ങണയ്ക്കുപകരം, അവൻ വെറുമൊരു മനുഷ്യനാണെന്ന് അവനെപ്പറ്റി തങ്ങളുടെ കൃതികളിൽ തങ്ങളുടെ ഞാങ്ങണകൊണ്ട് എഴുതാൻ, പിന്നെ വന്ന മനുഷ്യർ ധൈര്യപ്പെട്ടു. നമ്മുടെ രക്ഷകനെതിരെ ദുഷ്ടമനുഷ്യർ ഞാങ്ങണയ്ക്കുപകരം ഞാങ്ങണ കൈമാറി.

14. അവർ അവനെ ധരിപ്പിച്ച വിവിധ നിറങ്ങളുള്ള പുറങ്കുപ്പായത്തിനു പകരം വഞ്ചനാപൂർവം അവർ നാമങ്ങൾ ചമച്ചുവച്ചു. അവിടുന്ന് സ്രഷ്ടാവായിരിക്കെ, സൃഷ്ടിയുടെയും നിർമിക്കപ്പെട്ട വസ്തുവിന്റെയും പേരുകൾകൊണ്ട് അവർ അവനെ പൊതിഞ്ഞു.

15. മൂകവും ബുദ്ധിരഹിതവുമായ മുള്ളുകൾ കൊണ്ട് അവന് കിരീടം മെടഞ്ഞവൻ, വിശേഷബുദ്ധിയുള്ള പ്രകൃതിയിൽനിന്ന് വാചാലമായ മുത്തുകൾകൊണ്ട് സ്വരത്തിന്റെ സഹായത്താൽ ഗീതങ്ങൾ രചിച്ചു. പാട്ടുകളുടെ ഇടയിൽ അവൻ മുള്ളുകൾ മറച്ചുവച്ചു...

16. തന്റെ മുൻകാലപദ്ധതികളിൽ താൻ പിടിക്കപ്പെടുമെന്നു സാത്താൻ കണ്ടു. കാരണം, തുപ്പൽ, വിനാഗിരി, മുള്ളുകൾ, ആണികൾ, കുരിശിലെ തുള, വസ്ത്രം, ഞാങ്ങണ, അവനെ കുത്തിത്തുളച്ച കുന്തം എന്നിവ ദൃശ്യവും നിന്ദ്യവുമാണ്. അതുകൊണ്ട്, അവൻ തന്റെ പദ്ധതി മാറ്റി.

17. നമ്മുടെ കർത്താവിനെ പ്രഹരിച്ച കവിളത്തടിക്ക് പകരം അവൻ മനഃപ്പതർച്ച കൊണ്ടുവന്നു. തുപ്പലിനു പകരം അന്വേഷണവും വസ്ത്രത്തിനു പകരം നിഗൂഢ വിഭാഗീയതയും ഞാങ്ങണയ്ക്കു പകരം എല്ലാവരെയും പ്രഹരിക്കാൻ കലഹവും കൊണ്ടുവന്നു.

18. അഹങ്കാരം അതിന്റെ സോദരിയായ വികാരാവേശത്തെ വിളിച്ചു. അതിനു പ്രത്യുത്തരമായി അസൂയയും ക്രോധവും പൊങ്ങച്ചവും വഞ്ചനയും കടന്നുവന്നു. അവൻ പീഡ അനുഭവിക്കണമെന്ന് അന്ന് അവർ ഗൂഢാലോചന നടത്തിയതുപോലെ, അവർ നമ്മുടെ രക്ഷകനെതിരെ ഗൂഢാലോചന നടത്തി.

19. കുരിശിനു പകരം കലഹം ഒരു നിഗൂഢകുരിശായിത്തീർന്നു. ആണികളുടെ സ്ഥാനത്ത് ചോദ്യംചെയ്യൽ കടന്നുവന്നു. പാതാളത്തിനുപകരം വിശ്വാസധ്വംസനം! രണ്ടാമതൊരു പീഡാനുഭവം നടപ്പാക്കാൻ സാത്താൻ ആഗ്രഹിച്ചു.

www.malankaralibrary.com

20. വിനാഗിരി പുരട്ടിയ നീർപ്പഞ്ഞിക്കുപകരം അവൻ അന്വേഷണമാകുന്ന അമ്പയച്ചു. അത് പൂർണമായി മരണം പുരട്ടിയതായിരുന്നു. അവർ അവനു നൽകിയ കയ്പ്പുനീർ നമ്മുടെ കർത്താവ് നിരസിച്ചു. മത്സരക്കാർ നൽകിയ തെറ്റായ അന്വേഷണം വിഡ്ഢികൾക്ക് മധുരമായിരുന്നു.

21. അക്കാലത്ത് ഒരു ലൗകിക ന്യായാധിപൻ അവനെതിരെ രംഗപ്രവേശം നടത്തി. അതുപോലെ ഇപ്പോഴും നമുക്കെതിരാണ്. മേലെഴുത്തിന്റെ സ്ഥാനത്ത് അവരുടെ തീട്ടൂരങ്ങൾ! കിരീടം കുറ്റവിമുക്തമാണ്. കാരണം, പുരോഹിതന്മാർ രാജാക്കന്മാർക്ക് ഇടർച്ചക്കല്ലുകൾ സ്ഥാപിച്ചിരിക്കുന്നു.

22. മനുഷ്യരുടെ ഇടയിൽനിന്ന് യുദ്ധം നീങ്ങിപ്പോകാനായി രാജ്യത്തിനുവേണ്ടി പൗരോഹിത്യഗണം പ്രാർഥിക്കുന്നതിനുപകരം, അവർ കൃത്രിമയുദ്ധം അഭ്യസിപ്പിക്കുന്നു: തങ്ങളുടെ സ്വന്തം നഗരങ്ങളുമായി രാജാക്കന്മാർ പോരാട്ടം തുടങ്ങിയിരിക്കുന്നു.

23. ഞങ്ങളുടെ കർത്താവേ, രാജാക്കന്മാരെയും പുരോഹിതന്മാരെയും രമ്യതപ്പെടുത്തണമെ. ഒരേ സഭയിൽ പുരോഹിതന്മാർ തങ്ങളുടെ രാജാക്കന്മാർക്കുവേണ്ടി പ്രാർഥിക്കട്ടെ. രാജാക്കന്മാർ തങ്ങളുടെ ചുറ്റുമുള്ളവരോട് സൗമ്യമായി വർത്തിക്കട്ടെ. ആന്തരികസമാധാനം നിന്നിലൂടെ ഞങ്ങൾക്ക് പുറത്തുള്ള  സംരക്ഷിതകോട്ടയായിരിക്കട്ടെ.

വിശ്വാസത്തെപ്പറ്റിയുള്ള മാർ അപ്രേമിന്റെ ഗാനങ്ങൾ അവസാനിച്ചു. അവ 87 എണ്ണമാണ്.


www.malankaralibrary.com

### മാർ അപ്രേം

# വിശ്വാസത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ

## 1

**ദൈവത്തിന്റെ അപ്രാപ്യത (1–24)**

നമ്മുടെ സാഹസികത വലിയ ഉയരം കാംക്ഷിക്കുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. അത് ലക്ഷ്യത്തിൽ എത്തുന്നതിലല്ല, പിന്നെയോ, ലക്ഷ്യത്തിലെത്തണമെന്ന് കരുതുന്നതിനാലത്രേ ഞാൻ അത്ഭുതപ്പെടുന്നത്. എത്തണമെന്നു കരുതിയതുകൊണ്ട് ആരും എത്തിയിരിക്കണമെന്നില്ല. സങ്കൽപത്തിന്റെ അടിസ്ഥാനത്തിൽ എത്തിയിരിക്കയില്ല. സങ്കൽപം വളരെ എളുപ്പമാണ്. തങ്ങളുടെ ലക്ഷ്യം പ്രാപിക്കണമെന്ന് പരിശോധകരും താൽപര്യപ്പെടുന്നു. എന്നാൽ അവർക്കത് കഴിയുന്നില്ല. കാരണം, യഥാർഥത്തിൽ എത്തിപ്പിടിച്ചു എന്ന് അവർ സങ്കൽപ്പിക്കുന്നു. സമസ്തമനസ്സുകളുടെയും സ്രഷ്ടാവ് എല്ലാ മനസ്സുകൾക്കും ഉപരിസ്ഥനാണ്. മനുഷ്യന് അവനെ പരിശോധനാവിധേയമാക്കാനാവില്ല; മാലാഖമാർക്ക് അവൻ അഗ്രാഹ്യനാണ്. സൃഷ്ടിക്ക് തന്റെ അറിവുകൊണ്ട് തന്റെ സ്രഷ്ടാവിനെ വിവരിക്കാനാവില്ല. തന്റെ സ്വന്തം സൃഷ്ടിയെ സംബന്ധിച്ച് പരാജയപ്പെടുമ്പോൾ, തന്റെ സ്രഷ്ടാവിനെ സംബന്ധിച്ച് എങ്ങനെ പരാജയപ്പെടാതിരിക്കും! തന്റെ സ്രഷ്ടാവിന്റെ ഔന്നത്യത്തിൽ ഒരു മനസ്സിനും എത്താനാവില്ല. ആ ഔന്നത്യത്തിനു താഴെയാണ് പരിശോധകരുടെ പരിശോധനയുടെ തലം!

**പുത്രന്റെ അഗ്രാഹ്യത (25–40)**

ഒരാളോടു മാത്രം സദൃശ്യനായവന്റെ സാദൃശ്യം രൂപീകരിക്കാൻ

www.malankaralibrary.com

മനുഷ്യർ ബദ്ധപ്പെടുന്നു. ഒരാൾ മാത്രം അറിയുന്നവനെപ്പറ്റിയുള്ള തങ്ങളുടെ അറിവിൽ എല്ലാവർക്കും വഴിതെറ്റുന്നു. തങ്ങളുടെ സഖി എന്നവണ്ണം അവനെ പരിശോധിക്കാൻ, അവൻ സൃഷ്ടികളുടെ വംശത്തിൽ പെട്ടവനല്ല. മനുഷ്യർ അവനെപ്പറ്റി വിവരിക്കാൻ തക്കവണ്ണം അവൻ പൂഴിയിൽ നിന്നു രൂപീകരിക്കപ്പെട്ടവന്റെ ഇനത്തിൽ പെട്ടതല്ല. തങ്ങളിലൊരുവനെപ്പോലെ അവനെ പരിശോധിക്കാൻ അവൻ മാലാഖമാരുടെ ബന്ധുവല്ല. അവൻ ക്രോബകളുടെ സഖിയുമല്ല. കാരണം, തങ്ങളുടെ കർത്താവായി അവർ അവനെ വഹിക്കുന്നു. സ്രാപ്പേന്മാരുടെ മധ്യത്തിൽ അവൻ വട്ടമിട്ടു പറക്കുന്നില്ല. അവന്റെ മഹത്വം വലത്തുഭാഗത്താണ്. അവൻ സേവകാത്മാക്കളുടെ കൂട്ടത്തിലുമല്ല. കാരണം, തന്റെ പിതാവിനോടൊപ്പം അവൻ ശുശ്രൂഷിക്കപ്പെടുന്നു.

**മാലാഖമാർ പുത്രനിലൂടെ മാത്രമേ പിതാവിനെ കാണുന്നുള്ളു (41–56)**

സ്വർഗീയസൈന്യങ്ങൾ അവന്റെ ആജ്ഞാനുസരണം വർത്തിക്കുന്നു. സർവസൈന്യാധിപനായ ആദ്യജാതനെ കൂടാതെ അവർക്ക് പിതാവിനെ കാണാൻ കഴിയില്ല. അവർ സൃഷ്ടിക്കപ്പെട്ടപ്പോൾ, അവനെ കൂടാതെയല്ല സൃഷ്ടിക്കപ്പെട്ടത്. പ്രകാശത്തിന് കണ്ണ് മതിയായതാണ്. അതിലൂടെ ശരീരം മുഴുവൻ പ്രകാശിതമാകുന്നു (മത്താ. 6,22). ശബ്ദത്തിനുവേണ്ടിയാണ് ചെവി സുസജ്ജമായിരിക്കുന്നത്. മറ്റവയവങ്ങളെല്ലാം അതിലൂടെ മാത്രം കേൾക്കുന്നു. വായ് ഭക്ഷണം രുചിക്കുന്നു; അതിലൂടെയും അതിനോടൊത്തും ശരീരം മുഴുവനും. ഇപ്രകാരം പിതൃമാർവിടത്തിൽ നിന്നുള്ള പുത്രനിലൂടെ മാലാഖമാർ പിതാവിനെ ദർശിക്കുന്നു. അവനിലൂടെ പിതാവിന്റെ സ്വരം കേൾക്കുന്നു. അവനിലൂടെ അവന്റെ ദാനം സ്വീകരിക്കുന്നു.

**മാലാഖമാർക്കും മറ്റു സൃഷ്ടികൾക്കും തമ്മിലുള്ള പരസ്പരാശ്രയത്വം; എല്ലാവർക്കും പുത്രനോടുള്ള ആശ്രയത്വം (57–70)**

അവിടെ (ദൈവത്വത്തിൽ) മറ്റൊരു സഹോദരനില്ല; സഹായിക്കാനോ, സഹായം സ്വീകരിക്കാനോ മറ്റൊരാളില്ല. ഇന്ദ്രിയങ്ങൾ പരസ്പരം ആശ്രയിക്കുന്നു; എല്ലാം പരസ്പരം ആശ്രയിക്കുന്നു. ഏകശരീരമെന്നവണ്ണം സൃഷ്ടിമുഴുവൻ പരസ്പരം ആശ്രയിക്കുന്നു. തങ്ങളുടെ സഖികളായ സ്വർഗീയരിൽ നിന്ന് സ്വർഗീയർ കൽപന സ്വീകരിക്കുന്നു. കാരണം, തങ്ങളുടെ നിര അനുസരിച്ച് ഒരാൾ മറ്റൊരാളിൽ നിന്ന് കൽപന സ്വീകരിക്കുന്നു, ഒരാൾ മറ്റൊരാൾക്ക് കൽപന കൊടുക്കുന്നു. ഞാൻ സൂചിപ്പിച്ചതും വിട്ടുപോയതുമെല്ലാം ആദ്യജാതന്റെ കൽപനാനുസൃതമാണ്. സമസ്തസൃഷ്ടികളും അവനെ ആശ്രയിക്കുന്നു; എന്നാൽ അവൻ തന്റെ പിതാവിനോട് ഐക്യപ്പെട്ടിരിക്കുന്നു.

 www.malankaralibrary.com

**പിതാവും പുത്രനും (71-82)**

പിതാവിനോട് ഐക്യപ്പെട്ടിരിക്കുന്ന ഏകജാതനെ നിനക്ക് എങ്ങനെ പരിശോധിക്കാൻ കഴിയും? നിനക്ക് പിതാവിനെ പരിശോധിക്കാൻ കഴിയുമെങ്കിൽ, അവനിലും അവനോടുകൂടെയും പുത്രനെ കാണാം. പിതാവ് കൽപിച്ചപ്പോൾ പുത്രൻ അവന്റെ വായിലായിരുന്നു.; അവൻ സൃഷ്ടിച്ചപ്പോൾ, അവന്റെ കൈയിലായിരുന്നു. അവൻ അവനിലൂടെ സൃഷ്ടിച്ചു, അവനിലൂടെ കൽപിച്ചു. ഏകൻ മാത്രം ഏകനോട് ജന്മനാ തുല്യനാണ്. അവൻ സ്നേഹിക്കുമ്പോൾ, അവൻ അവന്റെ മടിത്തട്ടിലാണ്; അവൻ സിംഹാസനാരൂഢനാകുമ്പോൾ, അവൻ അവന്റെ വലത്തുവശത്താണ്. അവൻ പിതാവിനെ സ്നേഹിക്കുകയും അവനെ ഉറ്റുനോക്കുകയും ചെയ്യുന്നു. അവന്റെ ശോഭ തന്റെ സൃഷ്ടികൾക്ക് ശക്തിമത്താണ്.

**പുത്രനിലൂടെ മാത്രമേ ദൈവത്തെ കാണാൻ കഴിയൂ (83-92)**

മാലാഖമാർക്ക് അവനെ കാണാൻ കഴിയുകയില്ല. പ്രകാശിതനായ മോശ നിന്നെ പഠിപ്പിക്കട്ടെ. മനുഷ്യനായ മോശയെ നോക്കാൻ ജനങ്ങൾക്ക് കഴിഞ്ഞില്ലെങ്കിൽ, ദൈവികസത്ത കാണാൻ ആർക്കാണ് കഴിയുക? അവനിൽ നിന്നുള്ള ഏകന് അവനെ കാണാൻ കഴിയും. പിതാവിന്റെ ശോഭ ശക്തിമത്താകയാൽ, ഏകൻ മാത്രമേ ഏകനെ കാണുന്നുള്ളു. ഏകനു മാത്രമേ ഏകനെ കാണാൻ കഴിയൂ; ഏകനിലൂടെ എല്ലാ സൃഷ്ടികളും.

**പിതാവിന്റെയും പുത്രന്റെയും പ്രവർത്തനങ്ങളുടെ യോജിപ്പ് (93-108)**

പുത്രൻ ക്ഷമിക്കുമ്പോൾ പിതാവിന്റെ നന്മയാലാണ് അത് സംഭവിക്കുന്നത്. അവൻ പ്രതികാരം ചെയ്യുന്നത് പിതാവിന്റെ നീതിയാലാണ്. അവനിൽ അവൻ പ്രതിഫലം നൽകുന്നു, അവനിൽ പ്രതികാരം ചെയ്യുന്നു. കാരണം, പ്രതിഫലം നൽകുന്നതിന്റെ അളവ് അവനാണ്. പുത്രൻ ജ്വലിക്കുമ്പോൾ, അത് പിതാവിന്റെ ക്രോധത്താലാണ് സംഭവിക്കുന്നത്, അവൻ ക്ഷമിക്കുന്നത് പിതാവിന്റെ കാരുണ്യത്താലും. പുത്രൻ വെളിപ്പെടുത്തുമ്പോൾ, പിതാവിന്റെ വിജ്ഞാനത്താലാണ് അത് സംഭവിക്കുന്നത്; അവൻ പഠിപ്പിക്കുന്നത് പിതാവിന്റെ പ്രബോധനത്താലും. പിതാവിൽ അവൻ പഠിപ്പിക്കുന്നു, തന്റെ സ്വന്തത്തെ അവനിൽ തന്റെ വിജ്ഞാനത്താൽ സമ്പന്നരാക്കുന്നു. ആവശ്യക്കാർക്ക് പിതാവിന്റെ ഭണ്ഡാരത്തിൽനിന്ന് പിതാവിന്റെ നന്മകൾ പിതാവിൽ അവൻ നൽകുന്നു. ഉത്ഥാനത്തിൽ പിതാവിൽ തന്റെ പോരാളികൾക്ക് പുത്രൻ അവരുടെ കിരീടം നൽകുന്നു. അവൻ പൂർണമായി അവനുമായി ഐക്യപ്പെട്ടിരിക്കുന്നു. അവനെ പരിശോധിക്കാൻ ആരാണ് തുനിയുക!

www.malankaralibrary.com

### മാലാഖമാർ പുത്രനിലൂടെ പിതാവിനെ ആരാധിക്കുന്നു (109–114)

മാലാഖമാർ നിശ്ശബ്ദമായി അവനെ ആരാധിക്കുന്നു; സ്രാപ്പേന്മാർ ഉച്ചത്തിൽ 'പരിശുദ്ധൻ' എന്ന് അട്ടഹസിക്കുന്നു. ക്രോബകൾ ബഹുമാന പൂർവം സംവഹിക്കുന്നു; ചക്രങ്ങൾ പ്രകാശത്തിൽ ഉരുളുന്നു. അദൃശ്യപിതാവിനെ ദൃശ്യപുത്രനിലൂടെ അവരെല്ലാം ദൂരെനിന്ന് ആരാധിക്കുന്നു.

### മറ്റൊരു ദൈവികാസ്തിത്വത്തിനും പുത്രനെ മനസ്സിലാക്കാനാവില്ല (115 –126)

മറ്റൊരു ദൈവികാസ്തിത്വം ഉണ്ടായിരുന്നാൽ തന്നെയും അതിനും പുത്രനെ പരിശോധിക്കാനാവില്ല. പുത്രനെ മനസ്സിലാക്കാൻ പുത്രൻ അവനിൽ നിന്നല്ലല്ലോ. കാരണം, സ്വന്തം പുത്രനെയത്രേ അത് മനസ്സിലാക്കുന്നത്. അതിന് അപരിചിതത്വം ഉണ്ടെങ്കിലും പുത്രനെ അറിയുന്നെങ്കിൽ, അവന്റെ ബന്ധുക്കളുടെയും തന്റെ വർഗത്തിൽപെട്ട സഖികളുടെയും അറിവിലൂടെ ആയിരിക്കും. യഥാർഥത്തിൽ മറ്റൊരു ദൈവികാസ്തിത്വം ഉണ്ടെങ്കിൽ, അതിന് തന്നെത്തന്നെ അറിയാനേ കഴിയൂ. ഒന്നുകിൽ അത് അന്യമായ അസ്തിത്വം എന്ന നിലയിൽ പുത്രനിൽ നിന്ന് അകലെയായിരിക്കും. അല്ലെങ്കിൽ സ്വവർഗസഖിയെന്ന നിലയിൽ പുത്രന് അടുത്തായിരിക്കും. ബന്ധമുള്ള ഒരു ദൈവികാസ്തിത്വം ഉണ്ടെങ്കിൽ, അത് ഒരുവനേയുള്ളു; വ്യക്തിത്വത്തിന്റെ പേരിൽ മാത്രമേ അവന് ബഹുത്വമുള്ളു.

### ആരിയരുടെ ധാർഷ്ട്യം (127–132)

സൃഷ്ടികളെല്ലാം വളരെ ബലഹീനമാണെങ്കിൽ, സ്രാപ്പേന്മാരും മാലാഖമാരും പരാജയപ്പെടുന്നെങ്കിൽ, മറ്റൊരു ദൈവികാസ്തിത്വം സങ്കൽപിച്ച് അവനിൽ നിന്ന് അന്യമായ അസ്തിത്വം എന്ന നിലയിൽ അവനിൽ നിന്ന് വേർപെട്ട് സ്ഥിതിചെയ്യുന്നെങ്കിൽ, പൂഴിയിൽനിന്നു രൂപീകരിക്കപ്പെട്ട ഭൗമിക മനുഷ്യാ, എന്തുയരത്തിലാണ് നീ കയറുന്നത്?

### സ്രഷ്ടാവും സൃഷ്ടികളും തമ്മിലുള്ള അസ്തിത്വാകൽച്ച (133–144)

ആകാശം ഉയർന്നിരിക്കുന്നതു പോലെയല്ല, ആകാശത്തിന്റെ കർത്താവ് നിന്നേക്കാൾ ഉന്നതനായിരിക്കുന്നത്. അളവിലാണ് ആകാശം ഉയർന്നിരിക്കുന്നത്; എന്നാൽ അതിന്റെ സ്രഷ്ടാവ് അളവിന് അതീതനാണ്. സൃഷ്ടിക്കപ്പെട്ടവയെല്ലാം സഹസൃഷ്ടികളിൽനിന്ന് അളവിൽ വ്യത്യസ്തമാണ്. സ്രഷ്ടാവ് തന്റെ സൃഷ്ടികൾക്ക് സീമാതീതമായ ഉയരത്തിലും നിഗൂഢതയിലുമാണ്. ഒരു സൃഷ്ടി തന്റെ സഹസൃഷ്ടികളുടെ സഖിയായി നിലകൊള്ളുന്നു; മുറിവഴിയുള്ള അകൽച്ചയേ അവയ്ക്കുള്ളു. എന്നാൽ സ്രഷ്ടാവാകട്ടെ, തന്റെ സ്വന്തത്തിൽ നിന്ന് അസ്തിത്വപരമായി അകന്നിരിക്കുന്നു.


www.malankaralibrary.com

### പുത്രൻ പിതൃവലഭാഗത്ത് (145–152)

ആരിലൂടെ അവൻ എല്ലാം സൃഷ്ടിച്ചുവോ, ആ ഏകൻ മാത്രമേ എല്ലാറ്റിനേക്കാളും അവന് സമീപസ്ഥനായുള്ളു. ദാസന് അവന്റെ അടുത്തെത്താനാവില്ല; എന്നാൽ തന്റെ പുത്രൻ അവന്റെ അടുത്താണ്. അവന്റെ പാർശ്വത്ത് അവന് സഖിയില്ല; അവന്റെ ജനകൻ തന്റെ സമീപത്ത് ഉപവിഷ്ടനായിരിക്കുന്നു. സൃഷ്ടികളും സ്രഷ്ടാവും തമ്മിൽ വളരെ അകലമുണ്ട്.

### ദൈവത്തിന്റെ അടുത്തും അകലെയും (153–164)

അവിടുന്ന് സൃഷ്ടികളുടെ പക്കലേക്ക് കടന്നുവരുന്നില്ല എന്നല്ല! കാരണം, അവനെ കൂടാതെ അവയ്ക്ക് നിലനിൽപ്പില്ല. അവിടുന്ന് അവയുടെ കൂടെയാണ്, അവയുടെ കൂടെയല്ല; അവയുമായി ബന്ധിതനാണ്, അവയിൽനിന്ന് വേർപെട്ടവനാണ്. സൂര്യൻ ഭൂമിയുമായി എത്ര അടുത്താണ്! എന്നാൽ അതിന്റെ പ്രകൃതി ഭൂമിയുടേതിൽ നിന്ന് വളരെ അകലെയാണ്. ധരയുടെ പ്രകൃതി പ്രകാശത്തിന്റെ ശോഭയുള്ള പ്രകൃതി പോലെയല്ല. സ്വർണം ധരയിൽ നിന്നാണെങ്കിലും അതിൽ നിന്ന് വേർപെട്ടും അതുമായി യോജിച്ചുമാണ്. സ്രഷ്ടാവ് സൃഷ്ടികളോടു കൂടെയാണെങ്കിലും അവയിൽ നിന്ന് എത്രമാത്രം വേർപെട്ടിരിക്കുന്നു!

### പൂഴിയെപ്പറ്റിയുള്ള അറിവിൽ പോലും മനുഷ്യർ പരാജയപ്പെടുന്നു (165–176)

ദൈവത്തെ പരിശോധനാവിധേയമാക്കുന്നത് എല്ലാവർക്കും ഉപരിസ്ഥമായ കാര്യമാണ്. ബലഹീന മനുഷ്യാ, നീ എങ്ങോട്ടാണ് കയറുക? പൂഴിയിൽ പാർക്കുന്ന പൂഴിയേ, പൂഴിയുമായി ബന്ധപ്പെട്ടവയിൽ നീ വ്യാപരിക്കുക. നിന്റെ പാദത്തിനടിയിലെ പൂഴിപോലും അതിന്റെ സൃഷ്ടിയിൽ നിനക്കു പരിസ്ഥമാണ്. ഭൗമികപൂഴി നിനക്കുപരിസ്ഥമാണെങ്കിൽ, സ്വർഗത്തിലുള്ളവനിൽ നീയെങ്ങനെ എത്തിച്ചേരും! നിന്റെ ബന്ധുവും നിന്നെ രൂപീകരിച്ച വസ്തുവുമായ പൂഴി നിന്നിൽ നിന്ന് മറഞ്ഞിരിക്കുന്നെങ്കിൽ, എല്ലാ അന്വേഷണങ്ങൾക്കും ഉപരിസ്ഥവും ഉന്നതവുമായ ദൈവികൗന്നത്യത്തെ നീയെങ്ങനെ പരിശോധനാവിധേയമാക്കും?

### പൂഴിയുടെ പരസ്പര വൈരുധ്യങ്ങൾ (177–218)

ബാഹ്യകാഴ്ചയിൽ പൂഴി ഏകയോഗവസ്തുവാണ്. അന്വേഷണത്തിന് വളരെ നിസ്സാരമാണ്. അത് ഏകയോഗമാണ്, ഏകയോഗമല്ല. കാരണം, അതിന്റെ വിഭജനത്തിൽ അത് ബഹുമുഖമാണ്. പൂഴിയുടെ ഏകനിസ്സാരഉദരം എണ്ണമറ്റ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നു. പൂഴിയുടെ ഏകനിസ്സാരനിക്ഷേപം എണ്ണമറ്റ ആഭരണങ്ങൾ പുറപ്പെടുവിക്കുന്നു. പൂഴി, ജനകനെപ്പോലെ,

www.malankaralibrary.com

തനിക്കന്യമായ കുട്ടികളെ ജനിപ്പിക്കുന്നു. ബാഹ്യകാഴ്ചയിൽ അവ അതിൽനിന്ന് വ്യത്യസ്തമാണ്; അവ തമ്മിൽ തമ്മിലും. പൂഴിയുടെ നിസ്സാരതയിൽ നിന്ന് നമുക്ക് ഒരത്ഭുതം ജനിക്കുന്നു. അതിന്റെ ദരിദ്രാവസ്ഥയിൽ നിന്ന് അനേകം നിക്ഷേപങ്ങൾ പുറത്തേക്ക് ഒഴുകുന്നു: ഏകവസ്തുവിൽനിന്ന് എല്ലാവസ്തുക്കളും ഉണ്ടാകുന്നു; ധരയിൽനിന്ന് എല്ലാമുണ്ടാകുന്നു.

പൂഴി അതിൽതന്നെ എല്ലാ ഇന്ദ്രിയങ്ങൾക്കും അന്യമാണ്! കാതിനുള്ളിൽ അത് ഉപദ്രവകാരിയാണ്, കണ്ണിൽ അപകടകാരിയാണ്. അത് കാതിന്റെ കവാടം അടച്ചുകളയുന്നു; കണ്ണിന്റെ കാഴ്ച കെടുത്തിക്കളയുന്നു. അതിൽതന്നെ അത് ഒന്നിനും കൊള്ളുകയില്ലെങ്കിലും എല്ലാ സഹായങ്ങളുടെയും ഉറവയാണത്. അത് അതിൽതന്നെ ഉപയോഗശൂന്യമാണെങ്കിലും ഉപയോഗപ്രദമായവയെല്ലാം അതിൽ നിന്നുത്ഭവിക്കുന്നു. അത് വിശപ്പിനെതിരാണ്, എന്നാൽ വിശപ്പിനുള്ള മേശയുമാണ്. അത് വായിക്ക് ഉപദ്രവകാരിയാണ്, എന്നാൽ ശപിക്കപ്പെട്ട പാമ്പിന്റെ ആഹാരമാണത്. ദൈവത്തിന്റെ ക്രോധത്താൽ അത് സർപ്പത്തിന്റെ ആഹാരമായിത്തീർന്നു. ദൈവത്തിന്റെ കാരുണ്യത്താൽ അത് എല്ലാവർക്കുമുള്ള മേശയായിത്തീർന്നു. ഈ പൂഴി ഭക്ഷണത്തിനു പറ്റിയതല്ല, എന്നാൽ നമുക്ക് എല്ലാ ഭക്ഷണവും നൽകുന്നു. കാഴ്ചയ്ക്ക് ഉപദ്രവം വരുത്തുന്ന ഈ പൂഴി മരുന്നുചെടികളും ഉൽപ്പാദിപ്പിക്കുന്നു. കണ്ണിന് അപകടകാരിയായ ഈ പൂഴി അന്ധന്റെ കണ്ണുതുറന്നു. അതിനാൽ തന്നെയും അതിൽ നിന്നുള്ള പോഷണത്തിലൂടെയും അത് പൂർണമായി പ്രയോജനപ്രദമാണ്.

**പൂഴിയുടെ അത്ഭുതം (219-282)**

കാഴ്ചക്കാരാ, പൂഴി പുറപ്പെടുവിക്കുന്ന നിക്ഷേപങ്ങളെക്കുറിച്ച് എഴുന്നേറ്റ് ആശ്ചര്യപ്പെടുക. അപര്യാപ്തപ്രകൃതി എല്ലാവിധ സമൃദ്ധിയുടെയും ഉറവിടമായി. ഈ വരണ്ട പ്രകൃതി നനവുള്ള ഉറവ പുറപ്പെടുവിക്കുന്നു. സ്വഭാവത്താലേ ബലഹീനമായ ഇതിൽ നിന്ന് ഇരുമ്പും ചെമ്പും വരുന്നു. കാഴ്ചയ്ക്ക് ദരിദ്രമായ ഇത് നമുക്ക് സ്വർണവും വെള്ളിയും നൽകുന്നു. ഇത് പറവകൾക്ക് ഭണ്ഡാരസൂക്ഷിപ്പുകാരനും മൃഗങ്ങൾക്ക് ദാസനുമായിത്തീർന്നു. ഇത് മൃഗങ്ങളെയും ഇഴജന്തുക്കളെയും മനുഷ്യരെയുമെല്ലാം തീറ്റിപ്പോറ്റുന്ന വലിയ ധാന്യപ്പുരയാണ്.

ശ്രദ്ധേയമല്ലാത്തതും ഗൗനിക്കാത്തതുമായ മറ്റൊരത്ഭുതം പൂഴിയിലുണ്ട്. അത് മധുരമുള്ള വേരിനടുത്ത് കയ്പുള്ള വേര് ധരയിൽ വളർത്തുന്നു. മണമുള്ള വേരിനടുത്ത് മാരകവേരുകളുമുണ്ട്. കയ്പുള്ള വേരിന്റെ കയ്പ്പിനേയും മധുരമുള്ള വേരിന്റെ മാധുര്യത്തേയും പൂഴി വളർത്തുന്നു. കയ്പുള്ള വേര്, മധുരമുള്ള വേരിലേക്ക് കയ്പ് കടത്തിവിടാതെ, തന്റെ കയ്പ് വലിച്ചെടുക്കുന്നു. മധുരമുള്ള വേര്, തന്റെ ചുറ്റുപാടുമുള്ള വേരിൽ മധുരം ചൊരി


www.malankaralibrary.com

യാതെ, തന്റെ മധുരം വലിച്ചെടുക്കുന്നു. ഓരോ വേരിനും വളർച്ചയ്ക്ക് ആവശ്യമായവ നൽകാൻ നിസ്സാരമായ പൂഴിക്ക് എങ്ങനെ കഴിയുന്നു? പഴങ്ങൾക്കത് അവയുടെ രുചി നൽകുന്നു, രുചിയോടൊപ്പം നിറവും നൽകുന്നു. പൂക്കൾക്കത് മണം നൽകുന്നു, മണത്തോടൊപ്പം അലങ്കാരങ്ങളും. പഴങ്ങൾക്ക് രുചിയും വേരുകൾക്ക് മണവും നൽകുന്നു. അത് പൂക്കൾക്ക് സൗന്ദര്യം നൽകുന്നു, പൂമൊട്ടിനെ അലങ്കരിക്കുന്നു.

ധാന്യവിത്തിന്റെ മണിക്ക് അത് കലാകാരനായിത്തീരുന്നു. അത് ധാന്യക്കതിരിൽ ഗോതമ്പുമണികൾ മാലപോലെ ചേർത്തുവയ്ക്കുന്നു. ഫലം വഹിക്കാനും കാറ്റിനെ അതിജീവിക്കാനും കഴിയുന്നതിന്, കെട്ടിടത്തിന് തുലാങ്ങൾപോലെ, അത് തണ്ടിന് മുട്ടുകൾ കൊണ്ട് ഉറപ്പു കൊടുക്കുന്നു. ഓരോ വേരിനും വലിച്ചുകുടിക്കാൻ ഭൂമിക്ക് എത്ര മുലകൾ ഉണ്ടായിരിക്കണം!

കയ്പുള്ളതിനും മധുരമുള്ളതിനും അതാതിന്റെ പ്രകൃതി അനുസരിച്ച് കുടിക്കാൻ കൊടുക്കാൻ അവയുടെ വേരുകളെപ്പോലെ അത്രയും മുലകൾ അതിനുണ്ടായിരിക്കുക അത്ഭുതമാണ്. ഒരേ ഒരു മുല എല്ലാ പഴങ്ങളെയും പോഷിപ്പിക്കുന്നു എന്നത് അത്ഭുതമാണ്. അതിൽനിന്ന് വേരുകൾ മധുരവും കയ്പും ഉള്ള ഫലങ്ങൾ വലിച്ചെടുക്കുന്നു. ഒരു ഫലത്തിൽ മധുരവും മറ്റൊന്നിൽ കയ്പും ഉണ്ടാക്കുന്നു. എങ്കിലും വ്യത്യസ്തഫലങ്ങളെപ്പറ്റി അത്ഭുതപ്പെടാനില്ല. കാരണം, ഒന്നിച്ചിരിക്കുന്ന വസ്തുവിലാണ് വലിയ അത്ഭുതം! ഒരേ മരത്തിന്റെ ഒരേ നീരിന് വിവിധ സവിശേഷതകൾ ഉണ്ടായിരിക്കും. പഴത്തിന്റെ രുചി മധുരവും ഇലകളുടേത് കയ്പുമായിരിക്കും. ഫലവും മുളച്ചുവരാൻ തുടങ്ങുമ്പോൾ, അതിന്റെ വികസനത്തിന്റെ ആരംഭത്തിൽ വളരെ കയ്പുള്ളതായിരിക്കും. അത് അനുതാപികളുടെ പ്രതീകമാണ്. കാരണം, അതിന്റെ അന്ത്യം സന്തുഷ്ടമായിരിക്കും.

### പൂഴിയും തലമുടിയും ആരിയരെ നിയന്ത്രിക്കുന്നു (283–326)

നീ കാലുകൊണ്ട് ചവിട്ടുന്ന പൂഴിയെപ്പറ്റിയുള്ള അന്വേഷണം നിന്നെ കുഴയ്ക്കുന്നെങ്കിൽ, നിസ്സാരസംഗതിയിലൂടെ നിന്നെ കുഴച്ചവന്റെ ഔന്നത്യം നിനക്കെങ്ങനെ അന്വേഷണ വിധേയമാക്കാനാകും? പൂഴിയേക്കാൾ നിസ്സാരമായി നീ കരുതുന്ന തലമുടിയേക്കാൾ ബലഹീനമായതൊന്നുമില്ല. ഇതാ നിന്റെ പാദത്തിൻ കീഴിലെ നിസ്സാരമായ പൂഴിയുടെ കഴിവ് എത്രമാത്രമെന്ന് മനസ്സിലാക്കാൻ നിനക്ക് കഴിഞ്ഞിട്ടില്ല! നിന്റെ തലയിലെ മുടിപോലും നിന്നെ കീഴടക്കിയിരിക്കുന്നു. കാരണം, അത് എങ്ങനെയാണെന്നും എത്രമാത്രമാണെന്നും നിനക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.

കടലുകളും ആഴങ്ങളും ആകാശവും നക്ഷത്രങ്ങളും പരിഗണിക്കാതെ വിട്ടുകളയാം: രണ്ട് നിസ്സാരപ്രകൃതികളുടെ ഇടയിൽ സ്രഷ്ടാവ് നിന്നെ

നിർത്തിയിരിക്കുന്നു. അത്യുന്നതനെ പരിശോധിക്കരുതെന്ന് മുകളിലുള്ളവ നിന്നെ നിർബന്ധിക്കുന്നു; മഹാ ഔന്നത്യത്തെ അളക്കാൻ ആഗ്രഹിക്കരുതെന്ന് താഴെയുള്ളവ നിന്നോട് വിളിച്ചുപറയുന്നു. ഈ രണ്ടു ബലഹീനപ്രകൃതികളിലൂടെ പ്രകൃതിനാഥൻ നിന്നെ പഠിപ്പിക്കുന്നു. നീ നിഗൂഢതയിലേക്ക് ചൂഴ്ന്നിറങ്ങാതിരിക്കാൻ, ധിക്കാരിയായ നിന്നെ അവ പിന്തിരിപ്പിക്കുന്നു. അടുത്തുള്ളവ തടസ്സപ്പെടുത്തുന്നവയാണ്, അവ സദാ നിന്നോടൊപ്പമുണ്ട്.

അഹങ്കാരം നിനക്കു സമീപസ്ഥമാകയാൽ, ശാസനയും അടുത്തു തന്നെയാണ്. കടിഞ്ഞാൺ കൂടാതെ കുതിരക്കാരന് കുതിരസവാരി നടത്താനാകില്ല. വന്യപ്രകൃതിയായതിനാൽ പ്രഹരവും ആവശ്യമാണ്. എല്ലാ വന്യപ്രക്ഷുബ്ധതയ്ക്കും നിയന്ത്രണം സമീപത്താണ്. നിന്റെ അന്വേഷണം കാടുകയറാതിരിക്കാൻ, അതിന് കടിഞ്ഞാണിടുക. സ്വേച്ഛയായുള്ള നിയന്ത്രണമുണ്ട്, നിർബന്ധംകൊണ്ടുള്ള നിയന്ത്രണവുമുണ്ട്. നിന്റെ സ്വാതന്ത്ര്യത്തിന്റെ വഴിവിട്ട പോക്ക് നിയന്ത്രിക്കാൻ, നിന്റെ ഇച്ഛയുടെ കടിഞ്ഞാൺ നിന്റെ കൈയിലാണ്. നിർബന്ധത്തിന്റെ കടിഞ്ഞാൺ നിന്റെ കർത്താവിന്റെ കൈയിലും. അങ്ങനെ, നീ ധിക്കാരിയാകുമ്പോൾ, നീ ബലഹീനനാകുന്നു. നിനക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും, നിന്റെ കർത്താവിന്റെ കടിഞ്ഞാൺ നിന്റെമേലുണ്ട്. നീ എങ്ങോട്ടാണ് ഓടുന്നത്? ബലഹീനമർത്ത്യാ, ശാന്തമായിരിക്കുക!

## 2

**വൃക്ഷത്തിന്റെയും ഫലത്തിന്റെയും സാദൃശ്യത്തിൽ പിതാവും പുത്രനും; വൃക്ഷത്തിന്റെ പ്രകാശനം ഫലത്തിൽ (1–32)**

തന്റെ സത്തയിൽ പിതാവ് സമ്പൂർണനാണ്; തന്റെ ജനനത്തിൽ ആദ്യജാതനും. പരിപൂർണപുത്രന്റെ പരിപൂർണപിതാവ്. തന്റെ ജനകനെപ്പോലെ പുത്രനും പരിപൂർണനനാണ്.

തികച്ചും സമ്പൂർണമാണ് വേര്; അതിനെപ്പോലെ സമ്പൂർണമാണ് അതിന്റെ ഫലം. വൃക്ഷം അതിന്റെ രുചി ഫലത്തിൽ നിന്ന് മറച്ചുവയ്ക്കുന്നില്ല. ആ നിസ്സീമമായ വേരിന്റെ രുചികൾ അതിന്റെ മുളയിൽ സ്ഥിതിചെയ്യുന്നു. സൃഷ്ടിക്കപ്പെട്ട വേരുകൾ തങ്ങളുടെ നിക്ഷേപങ്ങൾ തങ്ങളുടെ ഫലങ്ങളിൽ നിന്ന് മറച്ചുവയ്ക്കുന്നില്ലെങ്കിൽ, സ്തുത്യർഹമായ ദൈവികവേരിന് തന്റെ സമ്പത്ത് തന്റെ ഫലത്തിൽനിന്ന് എങ്ങനെ മറച്ചുവയ്ക്കാൻ കഴിയും? തന്റെ ഉള്ളിൽ തന്റെ രുചികൾ എല്ലാവരിൽനിന്നും മറച്ചുവയ്ക്കുന്ന ദൈവികവൃക്ഷത്തെ കാണുക! എല്ലാവരിൽ നിന്നും മറച്ചുവയ്ക്കുന്ന രുചികൾ തന്റെ ഫലത്തിനുള്ളിലേക്ക് ഒഴുകുന്നു. ഫലത്തിന് അത് ലഭിച്ചാലുടൻ ഭക്ഷിക്കു


www.malankaralibrary.com

ന്നവരുമായി അത് പങ്കിടുന്നു. വേരിൽ മറഞ്ഞിരുന്ന മധുരം ഫലത്തിലൂടെ നമുക്ക് സമ്മാനിക്കപ്പെടുന്നു. ഫലത്തിന് അത് ലഭിച്ചില്ലായിരുന്നെങ്കിൽ, അത് ലഭിക്കാൻ ആർക്കും കഴിയുമായിരുന്നില്ല! വേര് അതിന്റെ ഫലത്തിന് മധുരം നൽകി. കാരണം, എല്ലാറ്റിനും ഉപരിയായി അത് അതിനെ സ്നേഹിക്കുന്നു. ഫലം തന്റെ മധുരം ആവശ്യക്കാർക്ക് നൽകുന്നു; കാരണം, അത് അവരെ സ്നേഹിക്കുന്നു. പിതാവ് തന്റെ ഫലത്തെ സ്നേഹിക്കുന്നതുപോലെ, തന്നെ ഭക്ഷിക്കുന്നവരെ ഫലം സ്നേഹിക്കുന്നു. വേരിൽ മറഞ്ഞിരിക്കുന്നത് ഫലത്തിൽ രുചിക്കാനാകും.

**ആരിയനിസവും പത്രോസിന്റെ വിശ്വാസപ്രഖ്യാപനവും (33-64)**

നിന്റെ തലമുറയിൽ നിന്റെ ഉള്ളിൽ നിന്ന് ഒരു പുതിയ പ്രബോധനം ഉണ്ടാക്കരുത്. ആദ്യഉറവയിൽ നിന്നൊഴുകുന്നത് നിനക്ക് മതിയാകും. അവിടെ നിന്നു വരുന്ന അരുവികൾ നിനക്ക് മതിയായെങ്കിൽ, നീ ഭാഗ്യവാൻ.

ലോകത്തിന്റെ നാലു ഭാഗങ്ങൾക്കുവേണ്ടി നാല് ഉറവകൾ സത്യം ഒഴുക്കുന്നു. ശെമയോന്റെ ഭാഗത്തേക്കാൾ വലുതല്ല നിന്റേത്. അവൻ കുടിച്ച അരുവികൾ നിനക്കും മതിയായവയാണ്. സ്വർഗത്തിൽ നിന്നു താഴേക്കിറങ്ങിവന്ന വെളിപാട് അവന്റെ കൊടിയദാഹം ശമിപ്പിച്ചു. അവന്റെ പക്കലേക്കുവന്ന മഹാപ്രവാഹം അവനിൽനിന്ന് നിന്റെ പക്കലേക്ക് വന്നു. ഏദനിലെ ഉറവകളേക്കാൾ വലുതാണവ; കൊച്ചരുവികളിലേക്ക് കുതിക്കേണ്ട. അത് സൃഷ്ടി മുഴുവനേക്കാൾ വലുതാണ്; കാരണം, സൃഷ്ടിയുടെ നാഥനിൽ നിന്നാണത് വരുന്നത്. അത് ഇപ്പോഴും എന്നേക്കും വെളിപാട് ഒഴുക്കുന്നു. കേട്ട് നിശ്ശബ്ദനായ ശെമയോന്റേതിനേക്കാൾ വലുതല്ല പുത്രനോടുള്ള നിന്റെ സ്നേഹം. അവൻ എല്ലായിടത്തും വചാലനായിരുന്നു. ഇവിടെ മാത്രം നിശ്ശബ്ദനായിരുന്നു. അന്ത്യത്താഴത്തിലും അവൻ നിശ്ശബ്ദനായിരുന്നു; എന്നാൽ കുറഞ്ഞപക്ഷം ഒരടയാളം കാണിക്കുന്നതിൽ നിന്ന് മാറിനിൽക്കാൻ അവനവിടെ കഴിഞ്ഞില്ല (യോഹ. 13,24). ഇവിടെ അവൻ പൂർണമായി നിശ്ശബ്ദനായിരുന്നു. ഭാഗ്യവാൻ എന്ന് അവൻ വിളിക്കപ്പെട്ടു; അവൻ നിശ്ശബ്ദനായി കാത്തിരുന്നു. നിശ്ശബ്ദത കൊണ്ട് അവൻ തന്റെ നാവിന് അതിരുകുറിച്ചു; നിശ്ശബ്ദത കൊണ്ട് അവൻ തന്റെ അന്വേഷണത്തെ നിശ്ശബ്ദമാക്കി. ശെമയോൻ കടക്കാതിരുന്ന അതിർത്തി താർക്കികർ തങ്ങളുടെ പാദങ്ങളാൽ ഇപ്പോൾ ചവിട്ടിക്കടക്കുന്നു.

**പുത്രൻ തന്നെയല്ല, പിതാവും പുത്രന്റെ അസ്തിത്വം വെളിപ്പെടുത്തി (65 –88)**

താർക്കികർ ശ്രദ്ധിക്കാത്ത ഒരത്ഭുതകാര്യം തിരുലിഖിതത്തിൽ കാണുന്നു: താനാരാണെന്ന് ശെമയോനെ പഠിപ്പിക്കുന്നത് നമ്മുടെ കർത്താവ്

തന്റെ കുത്തകയാക്കിയില്ല! (മത്താ.16,17). അവൻ തനിക്കുതന്നെ ഒരപരിചിതനായിരുന്നു. അവന്റെ പിതാവ് അവനെപ്പറ്റിയുള്ള വെളിപാടു നൽകി. തന്നെത്തന്നെ വെളിപ്പെടുത്താൻ നമ്മുടെ കർത്താവിന് കഴിയാഞ്ഞിട്ടല്ല. പിന്നെയോ, താർക്കികർക്ക് തന്നിൽതന്നെ ഒരു ദൃഷ്ടാന്തം നൽകുന്നതിനുവേണ്ടിയായിരുന്നു അവൻ അപ്രകാരം ചെയ്തത്. തന്റെ ജനനത്തെപ്പറ്റി അവൻ തന്നെ നിശ്ശബ്ദനായിരിക്കെ, ആരാണതിനു മുതിരുക? അവൻ തന്നെ തന്നെപ്പറ്റി വെളിപ്പെടുത്താതിരിക്കുമ്പോൾ, അവന്റെ ജനനത്തെപ്പറ്റി അന്വേഷിക്കാൻ ആർക്കാണ് കഴിയുക? ഈ പ്രസ്താവന അവൻ തറപ്പിച്ചുപറഞ്ഞു: 'പിതാവ് പുത്രനെ അറിയുന്നു' (യോഹ.10,15; ലൂ. 10,32). തന്റെ ജനകൻ തന്നെപ്പറ്റി പ്രസ്താവിക്കാനായി അവൻ മൂകനെപ്പോലെയായി. പുത്രൻ പിതാവിന്റെ മടിയിലാണ്. പുത്രനെപ്പറ്റി പ്രസ്താവിക്കാൻ പിതാവിനറിയാം. ആദ്യജാതൻ പിതാവിന്റെ ഇച്ഛ നിവർത്തിക്കാൻ ആരംഭിച്ച് പൂർത്തിയാക്കി. അതുപോലെ പിതാവ് ആദ്യജാതനെപ്പറ്റിയുള്ള പ്രസ്താവന നടത്തി പൂർത്തിയാക്കി.

### പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിന്റെ ദൃഷ്ടാന്തം (89–110)

പ്രസ്താവനകളും ചോദ്യങ്ങളും അവസാനിച്ചു; എന്നാൽ നമ്മുടെ തർക്കങ്ങൾക്ക് അവസാനമില്ല. അഹങ്കാരം പുതിയവകൊണ്ട് ആയാസപ്പെടുന്നു; ഇന്നലത്തേത് ആവർത്തിക്കാൻ അതിനാഗ്രഹമില്ല. എഴുതപ്പെട്ടിരിക്കുന്നതുപോലെ, സത്യം ആവർത്തിക്കുക അഹങ്കാരിക്ക് മാനക്കേടാണ്. മറഞ്ഞിരിക്കുന്ന അഗാധം തേടി, വെളിപ്പെടുത്തപ്പെട്ട മാർഗത്തിന്റെ സത്യം അവൻ ദൂരെയെറിഞ്ഞു. ശെമയോൻ നിനക്കൊരു ദൃഷ്ടാന്തം നൽകിയിരിക്കുന്നു; അവനെ അനുകരിക്കുക; മുക്കുവൻ ഒരു പെയിന്റർ ആയിത്തീർന്നു. അവൻ സഭകൾക്കൊരു മാതൃക വരച്ചുകാട്ടി; അത് ഓരോരുത്തരും താന്താങ്ങളുടെ ഹൃദയങ്ങളിൽ കൊത്തിവയ്ക്കട്ടെ. 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനാണ്' എന്ന് നമുക്കെല്ലാവർക്കും പുത്രനോടു പറയാം (മത്താ.16,16). സ്വർഗീയർക്കും ഭൗമികർക്കും ഉപരിസ്ഥമാണ് ഈ വാക്ക്. ഇത് നിനക്ക് അനുദിനഭക്ഷണമായിരിക്കട്ടെ (ലൂ.11,3). ഇത് അനുദിനം ഉച്ചരിക്കുന്നത് നിനക്ക് അസഹ്യമായി തീരാതിരിക്കട്ടെ. അവനെ 'ദൈവപുത്രൻ' എന്നു മാത്രം വിളിക്കുന്നവൻ ഭാഗ്യവാൻ. നമ്മുടെ കർത്താവ് ശെമയോനോടുച്ചരിച്ച 'ഭാഗ്യവാൻ' എന്നതാണ് അവനെ ഭാഗ്യവാനാക്കിയത്! (മത്താ.16,17).

### സ്രഷ്ടാവിനെയും സൃഷ്ടിയെയും സംബന്ധിച്ച് ആരിയരുടെ പരസ്പര വിരുദ്ധ പെരുമാറ്റം (111–126)

നിന്റെ നയനം പ്രകാശത്താൽ പോഷിപ്പിക്കപ്പെടുന്നു. പര്യാലോചന കൂടാതെ അത് അതിൽ കാണുന്നു. തന്റെ അന്വേഷണം കൊണ്ട് തന്നെത്തന്നെ പ്രയാസപ്പെടുത്താതെ, അതുറങ്ങാൻ തുടങ്ങുന്നു. എങ്ങനെ ഉണ്ടാ


www.malankaralibrary.com

യെന്ന് പരിഗണിക്കാതെ അത് നിന്റെ നാവിനെ പഴത്തോട് അടുപ്പിക്കുന്നു. ധരയുടെ അതിർത്തി എന്തകലത്തിലാണെന്ന് അന്വേഷിക്കാതെ, അതിന്റെ മുകളിൽ കൂടി നീ നടക്കുന്നു. പരിശോധനയോ, അന്വേഷണമോ കൂടാതെ സൃഷ്ടി മുഴുവൻ നിനക്ക് സ്നേഹയോഗ്യമാണ്. നിയതവസ്തുക്കളെ നീ അവഗണിക്കുന്നു, എല്ലാം ഉൾക്കൊള്ളുന്നവനെതിരെ നീ തുനിഞ്ഞിറങ്ങുന്നു. സൃഷ്ടികളോടൊത്ത് നീ സമാധാനത്തിൽ ജീവിക്കുന്നു, സ്രഷ്ടാവുമായുള്ള ബന്ധത്തിൽ നീ തർക്കത്തിൽ കഴിയുന്നു. എല്ലാവരോടും നീ തികഞ്ഞ ശാന്തതയിലും ഇളക്കമില്ലായ്മയിലും വ്യാപരിക്കുന്നു, എന്നാൽ എല്ലാറ്റിന്റെയും കർത്താവിനോട് സമ്പൂർണമായ അശാന്തിയിൽ കഴിയുന്നു!

**തർക്കങ്ങളിൽ പരിധിക്കുള്ളിൽ നിൽക്കൽ (127–144)**

മിതത്വത്തിൽ നീ നിന്നെത്തന്നെ പോഷിപ്പിക്കുന്നു, എന്നാൽ മിതത്വമില്ലാതെ നീ അന്വേഷണം നടത്തുന്നു. നിന്റെ മനസ്സിന്റെ ഉള്ള് ചെറുതാണ്, മിതത്വത്തിൽ അതിന് പ്രബോധനം നൽകുക. അതിന്റെ ഉള്ളനുസരിച്ചാണ് അതിന്റെ പോഷണം. നീ മരിക്കാതിരിക്കാൻ, വളരെയധികം സ്വീകരിക്കരുത്. എല്ലാവരെയും പോഷിപ്പിക്കുന്ന മേശയിൽനിന്ന്, പ്രബോധനത്തിൽ നിന്ന്, ഭക്ഷിക്കുക. അതാണ് സ്വർഗരാജ്യത്തിന്റെ മേശ. നിനക്ക് നിലനിർത്താൻ കഴിയുന്നതിന്, അതിൽ നിന്ന് കുറച്ചെടുക്കുക. നിനക്കുൾക്കൊള്ളാൻ കഴിയാതവണ്ണം ധാരാളം എടുക്കാൻ അത്യാർത്തി നിന്നെ പ്രലോഭിപ്പിക്കാതിരിക്കട്ടെ. മിതമായ ചർച്ച ജീവൗഷധമാണ്; മിതത്വം കൂടാതെയുള്ളത് മാരകവിഷവും. മിതമായി വെള്ളം കുടിക്കുന്ന നീ, നിന്റെ ചർച്ചകളിലും മിതത്വം പാലിക്കുക. നിരവധി ചോദ്യങ്ങളേക്കാൾ അധികജലം മെച്ചം!

**ദൈവികാസ്തിത്വം മാത്രം സുഗ്രാഹ്യം; ദൈവികസത്ത സുഗാഹ്യമല്ല (145–168)**

ദൈവത്തിന്റെ ഔന്നത്യത്തെ എത്തിപ്പിടിക്കാൻ കഴിയത്തക്കവിധം നിന്നേക്കാൾ അവിടുന്ന് അൽപ്പമാത്രമായി മാത്രം വലുതല്ല. നിന്റെ മുകളിലെ ആകാശം വളരെ ഉയർന്നതാണ്; അവനാകട്ടെ, ആകാശത്തേക്കാൾ ഉന്നതനാണ്. അവനെപ്പറ്റിയുള്ള അന്വേഷണത്തിന്റെ അകലം നിന്നേക്കാൾ നൂറുമടങ്ങ് ഉയരത്തിലാണ്! അവൻ പരിശോധനാവിധേയനാകാത്തത്, ഈ ഉയരം നിമിത്തം അവനെ സമീപിക്കാൻ കഴിയാത്തതിനാലല്ല. അവൻ തന്റെ സൃഷ്ടികൾക്ക്, സാധാരണനും ദൃശ്യനുമാണ്. അതേസമയം തന്റെ ദാസരിൽ നിന്ന് നിഗൂഢനും മറഞ്ഞിരിക്കുന്നവനുമാണ്. അവൻ എല്ലാറ്റിലുമുണ്ട്; എല്ലാറ്റിനും വെളിയിലാണ്. തന്റെ കാരുണ്യത്താൽ അവിടുന്ന് വളരെ സമീപസ്ഥനാണ്; അവനെപ്പറ്റിയുള്ള അന്വേഷണം നമുക്ക് വളരെ വിദൂരസ്ഥമാണ്. അവനെപ്പറ്റി ഒന്നും അറിവില്ലെന്ന് അറിവുള്ളവൻ അറിയട്ടെ. അവനെ പരിശോധിക്കാൻ മനസ്സ് ബദ്ധപ്പെടുന്നു; എന്നാൽ അവിടുന്ന് സ്ഥിതിചെ

www.malankaralibrary.com

യ്യുന്നു എന്നതു മാത്രമേ അത് ഗ്രഹിക്കുന്നുള്ളൂ. അവനെ എത്തിപ്പിടിക്കാൻ മനസ്സ് പണിപ്പെടുന്നു; അടുത്തെത്തി എന്ന് കരുതുമ്പോൾ അത് അകലെ യാകുന്നു. ഇന്ദ്രിയങ്ങളും ചിന്തയും പരിശ്രമിക്കുന്നു; എന്നാൽ അവനെ ഗ്രഹി ക്കാൻ അവയ്ക്ക് കഴിയുന്നില്ല. തങ്ങളുടെ പരിശ്രമത്തിൽ ലക്ഷ്യത്തിലെ ത്തിയെന്ന് കരുതുമ്പോഴേക്കും അവ നിസ്സഹായരായി ഗർത്തത്തിൽ നിപ തിക്കുന്നു.

### ദൈവത്തെപ്പറ്റിയുള്ള തിരുലിഖിത പ്രസ്താവനകളിലെ പൊരുത്തക്കേടുകൾ (169–196)

അവനിൽ നിന്ന് ഒന്നും കേട്ടില്ലെന്ന് ചെവിമാത്രം കേട്ടു. കാരണം, അത് തിരുലിഖിതം ശ്രവിച്ചപ്പോൾ, തിരമാലകൾ ഒന്നിനു പിറകെ ഒന്നായി അതിന്മേൽ ആഞ്ഞടിച്ചു. അവൻ വിവശനായി എന്ന് കേൾക്കാൻ തുടങ്ങി യപ്പോൾ, അവൻ വിവശനാകുന്നില്ല എന്നും കേട്ടു (യോഹ.4,6; ഏശാ.40,28). അവൻ ഉറങ്ങുന്നു എന്ന് ഒരുചെവി കേട്ടു; അവൻ ഉറങ്ങുന്നില്ലെന്ന് മറ്റേ ചെവികേട്ടു (സങ്കീ. 78,65; 121,4). അവൻ ചെറിയവനും പരിമിതനുമാണെന്ന് അത്കേട്ടു; അവൻ ആകാശം നിറഞ്ഞിരിക്കുന്നെന്ന് വീണ്ടും കേട്ടു (ജറ. 23,24). അവന്റെ മുമ്പിൽ വളരെ ചെറുതാവാൻ അവൻ ആഗ്രഹിച്ചെങ്കിലും, വീണ്ടും എല്ലാ സൃഷ്ടികളേക്കാളും അവൻ വലിയവനായിത്തീർന്നു. അവ ന് അവയവങ്ങളുണ്ടെന്ന് കാത് കേട്ടു; അവനെ സ്പർശിക്കാൻ അത് ചെന്നു; എന്നാൽ അവനെ കണ്ടെത്തിയില്ല. അവന്റെ ശരീരഘടനയെപ്പറ്റി ചിന്തിച്ചു കൊണ്ടിരുന്നപ്പോൾ, അവൻ ഘടന ഇല്ലാത്തവനായിത്തീർന്നു. അവൻ ഒരി ടത്തുണ്ടെന്ന് കേട്ടുകൊണ്ടിരുന്നപ്പോൾ, അവൻ എല്ലായിടത്തുമാണെന്ന് ഗ്ര ഹിച്ചു. അവനെ നല്ലവനെന്നു വിളിക്കാൻ ആഗ്രഹിച്ചപ്പോൾ, നീതിമാൻ എന്ന് അവൻ വിളിക്കപ്പെട്ടു. കണ്ണ് അവന്റെ നീതിയിൽ നോക്കി; അത് അവന്റെ നന്മ മനസ്സിലാക്കി. മനസ്സ് അവന്റെ കാരുണ്യം നോക്കി; അവന്റെ ശക്തിമത്തായ ചെങ്കോൽ അവിടെ ഓടിയെത്തി. പാപപരിഹാരം സംബ ന്ധിച്ച റിപ്പോർട്ടിൽ അത് സന്തോഷിച്ചു; പ്രതികാരത്തെപ്പറ്റിയുള്ള റിപ്പോർട്ട് അതിനെ ഭയപ്പെടുത്തി. അവന്റെ നന്മയ്ക്കും നീതിക്കും ഇടയ്ക്ക് നമ്മുടെ മനസ്സ് അങ്ങോട്ടുമിങ്ങോട്ടും ചഞ്ചലപ്പെട്ട് ആശ്ചര്യപ്പെടുന്നു.

### ലോകക്രമീകരണത്തിലെ പരസ്പരവൈരുധ്യങ്ങൾ (197–218)

പരീക്ഷണങ്ങൾക്കും ശിക്ഷകൾക്കുമിടയിൽ കാഴ്ചക്കാരൻ അന്ധാ ളിച്ചുനിൽക്കുന്നു. വിജയോന്മത്തനായി നടക്കുന്ന ദുഷ്ടനെ കണ്ടശേഷം അവൻ നല്ലവരെ പീഡനയന്ത്രത്തിൽ കാണുന്നു. ദൈവത്തിന്റെ ശുദ്ധീക രണം സത്യവാന്മാരെ പരിശോധിക്കുന്നു; ധിക്കാരികളെ അവന്റെ ദണ്ഡ് കീഴമർത്തുന്നു. ദൈവത്തിൽ രണ്ടും കൂടിക്കലരാതെയും വ്യക്തമായും ഒന്നിനു പിറകെ ഒന്നായി ചേർന്നിരിക്കുന്നു. എന്നാൽ മനുഷ്യമനസ്സ് പരാജ


www.malankaralibrary.com

യപ്പെടുന്നതിനാൽ, തന്റെ ബലഹീനതയിൽ ചഞ്ചലപ്പെടുന്നു. വൃദ്ധന്റെ മരണത്തോടൊപ്പം ശിശുക്കളുടെ മരണവും അത് കാണുന്നു. ഒരുവശത്ത് അത് സത്യം കാണുന്നു; മറുവശത്ത് അസത്യവും. കാരണം, ഒരു നീതിമാൻ പ്രഹരിക്കപ്പെടുന്നു, അവന്റെ സഖിയായ മറ്റൊരാൾ കുറ്റമറ്റവനായി നിലകൊള്ളുന്നു. നല്ലവൻ ഞെരുക്കത്തിൽ കഴിയുന്നത് കാണുന്നു; വേറൊരാൾ സമാധാനത്തിൽ കഴിയുന്നതും കാണുന്നു. ദുഷ്ടന്മാരിലും ഈ പരസ്പരവിരുദ്ധത കാണുന്നു. ഒറ്റ കൊലപാതകം നിമിത്തം ഒരുവൻ പിടിക്കപ്പെടുന്നു; മറ്റൊരുവൻ അനേകരെ കൊന്നിട്ടും രക്ഷപെടുന്നു.

**പരസ്പര വിരുദ്ധതയുടെ ചുരുങ്ങിയതും പ്രായോഗികവുമായ പരിഹാരം (219–230)**

ബലമില്ലാത്ത കപ്പലുകൾ ഓളങ്ങൾക്കിടയിൽ തകരുന്നതുപോലെ, ദൈവത്തിന്റെ നന്മയ്ക്കും നീതിക്കുമിടയിൽ ബലഹീനമനസ്സുകൾ പതറിപ്പോകുന്നു. ഓരോ പ്രസ്താവനയിലും കൂട്ടിക്കുഴച്ചിൽ ഉള്ളതിനാൽ, അവ ബലഹീനരെ വഴിതെറ്റിക്കുന്നു. എല്ലാം മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിലും പ്രയോജനമുള്ളത് മനസ്സിലാക്കാൻ കഴിയും. എല്ലാവരുടെയും വിധിയാളന് അനീതി പ്രവർത്തിക്കാനാവില്ല എന്നറിയുന്നത് നമുക്ക് മതിയാകും. നമുക്ക് അവനെ ശാസിക്കാനാവില്ല എന്നറിയുന്നത് നമുക്ക് വേണ്ടുവോളം മതിയാകും.

**സൃഷ്ടികളുടെ അറിവുകളെല്ലാം ദൈവത്തിൽ നിന്നു വരുന്നു (231– 266)**

നിർമിക്കപ്പെട്ട വസ്തു തിരിഞ്ഞ് തന്റെ നിർമാതാവിനെ പഠിപ്പിക്കാൻ ആഗ്രഹിക്കുന്നത് ദൈവദൂഷണമായിരിക്കും. ധാരണാശക്തി നൽകിയവനെ ഏത് ധാരണാശക്തിയാൽ കുറ്റപ്പെടുത്താനാണ് അത് ആഗ്രഹിക്കുന്നത്! ധാരണാശക്തി ഉള്ളവരായി നമ്മെ സൃഷ്ടിച്ചവനെ കൂടാതെ നമുക്കെങ്ങനെ ധാരണാശക്തിയുണ്ടാകും? സർവജ്ഞനെ വിധിക്കാൻ ഏത് ജ്ഞാനത്തിനാണ് കഴിയുക! അവൻ നിന്നിൽ നിന്ന് നിന്റെ ജ്ഞാനം എടുക്കുന്നു. അപ്പോൾ നിന്റേതിനെക്കൊണ്ട് നീ ജ്ഞാനിയായിരിക്കുക. എന്നാൽ നീ അവനിൽനിന്ന് ജ്ഞാനം സ്വീകരിക്കുന്നെങ്കിൽ, അവന്റേതിനോട് പറ്റിച്ചേരുക! ദാതാവിന്റെ ദാനം ദാതാവിലേക്ക് നിന്നെ നയിച്ചു. അവൻ നിനക്കു നൽകിയ അറിവുകൊണ്ടു മാത്രമേ ദൈവത്തെയും നിന്നെത്തന്നെയും തിരിച്ചറിയാൻ നിനക്ക് കഴിയൂ.അവനിൽ നിന്നൊഴുകിയ എന്തോ ഒന്ന് അവനിലേക്ക് ശാന്തമായി നിന്നെ വലിച്ചടുപ്പിച്ചു. കാരണം, അവന്റെ പക്കലെത്താൻ നിന്റെ കഴിവുകൾ അപര്യാപ്തങ്ങളാണ്.

അവൻ നിനക്ക് വചനം നൽകി; അതു നിന്നെ ഉയർത്തി. അതുപയോഗിച്ച് അതിന്റെ ദാതാവിനെ താഴ്ത്തിക്കെട്ടരുത്. നീ വ്യാപാരത്തിൽ പുരോ

ഗമിച്ച് നേട്ടമുണ്ടാക്കുമ്പോൾ, അവന്റെ മൂലധനം നിന്റെ വ്യാപാരത്തിലൂടെ പലിശ കൂട്ടുന്നു. നിന്റെ അറിവ് അവനിൽ നിന്നു വരുന്നു; നിനക്ക് അതിന്റെ ഛായയേയുള്ളു; അവന് അതിന്റെ പൂർണതയുണ്ട്. അവന്റെ നിശ്വസനത്തിൽ നിന്നു ലഭിച്ച അറിവിലൂടെ നീ ഉചിതമായത് കാണുന്നെങ്കിൽ, അറിവിന്റെ ഉറവിടമായവൻ എങ്ങനെയായിരിക്കും കാണുക! നീ കാണുന്ന ഉചിതമായത് ശ്രദ്ധാപൂർവം വീക്ഷിക്കുമ്പോൾ, മറ്റൊരാളുടെ അറിവ് നിനക്ക് ആവശ്യമാണെന്ന് കാണാൻ കഴിയും. ഇപ്രകാരം ആ അറിവോടു കൂടെയല്ലാതെ നിന്റെ അറിവ് എവിടെയാണ്?

## സൃഷ്ടികൾക്ക് ദൈവത്തെപ്പറ്റി ശരിയായി അറിയാനാവില്ല (267–290)

സൃഷ്ടി സ്രഷ്ടാവിനേക്കാൾ ബുദ്ധിയുള്ളതാകാൻ ആഗ്രഹിക്കുന്നത് ദൈവദൂഷണമാണ്. അതിനു ലഭിച്ച അറിവ് ആരിൽ നിന്ന് അതിന് കിട്ടിയെന്ന് അത് പറയട്ടെ. ദാസൻ തന്റെ യജമാനനിൽ നിന്ന് സ്വീകരിച്ചിട്ടില്ലെങ്കിൽ, അവൻ ദാസനല്ല. എങ്കിലും അവന് ഒളിക്കാനാവില്ല; കാരണം, അവനെ വെളിപ്പെടുത്തുന്ന ഒരു പരീക്ഷണമുണ്ട്. അവൻ സ്രഷ്ടാവിനെ ആശ്രയിക്കുന്നു എന്നത് സൃഷ്ടി എന്ന അവന്റെ അവസ്ഥ അവനെ ബോധ്യപ്പെടുത്തുന്നു. അവന്റെ കർത്താവ് അവന് തിരിച്ചറിയാനുള്ള കഴിവ് നൽകിയെങ്കിൽ, അവനെ ശാസിക്കാൻ സൃഷ്ടിക്കെങ്ങനെ കഴിയും? അവനിൽ നിന്നു കിട്ടിയ ദാനത്തിനപ്പുറം കടക്കാൻ അവനു കഴിയില്ല. അവനിലുള്ള ദാനം എത്ര വർദ്ധിച്ചാലും, അവൻ എപ്പോഴും അവനെ ആശ്രയിച്ചിരിക്കുന്നു. കാരണം, ആവശ്യക്കാരനെ സമ്പൂർണനായല്ല ദൈവം നിർമിച്ചത്. സ്രഷ്ടാവ് ബലഹീനൻ ആയതിനാലല്ല അത്. തന്നെ പരിപാലിക്കുന്നത് ആരെന്ന് അവൻ ഗ്രഹിക്കുന്നതിനാണ് അവനെ ആവശ്യക്കാരനായി നിർമിച്ചത്. സൃഷ്ടിക്കുള്ളവയെല്ലാം ഏകന്റെ കാരുണ്യത്താൽ ലഭിച്ചവയാണ്. വായ്പ കിട്ടിയതുനിമിത്തം അത് വലുതാണെങ്കിൽ, അവയുടെ കർത്താവ് എത്രയധികം വലിയവനായിരിക്കും!

## ആരിയർക്കുള്ള അനുശാസനം: ക്രിസ്തുവിന്റെ സത്പ്രവൃത്തികൾ തെറ്റായി അവതരിപ്പിക്കരുത് (291–322)

അവന്റെ ദാനം വർദ്ധിപ്പിക്കാൻ അവന്റെ കൃപ നിന്നെ വളരെയധികം നിർബന്ധിക്കുന്നു. നിന്നെ സമ്പന്നനാക്കാൻ അവൻ ദരിദ്രനായി. അവൻ സമ്പന്നായതിനാൽ  നീ ദരിദ്രനായി കഴിയരുത്! (2 കൊറി.8,9). കാരണം, നീ അരിഷ്ടതയിൽ കഴിയാൻ അവൻ ആഗ്രഹിക്കുന്നില്ല. അവന്റെ ദാരിദ്ര്യം നിന്നെ സമ്പന്നനാക്കി. നിന്റെ അന്വേഷണം വഴി അതിനെ ദരിദ്രമാക്കരുത്. എല്ലാറ്റിനെയും സമ്പന്നമാക്കുന്നവൻ ദരിദ്രനാകുന്നില്ല. പരിശോധിക്കുന്നവൻ മാത്രം ദരിദ്രനാകുന്നു. തന്റെ സ്രഷ്ടാവിനെതിരെ തുനിഞ്ഞിറങ്ങാത്ത മൂകൻ നിന്നേക്കാൾ വളരെ മെച്ചപ്പെട്ടവനാണ്. തന്റെ സ്രഷ്ടാവിനെ പരിശോധി


www.malankaralibrary.com

ക്കാൻ ആഗ്രഹിക്കാത്ത ബധിരൻ നിന്നേക്കാൾ വളരെ മെച്ചപ്പെട്ടവനാണ്! നിന്റെ വായാടിയായ നാവ് വഴിപിഴച്ചതാകയാൽ, മൂകൻ നിന്നേക്കാൾ ശ്രേഷ്ഠനാണ്. നിന്റെ കർത്താവ് മറ്റുള്ളവരേക്കാൾ നിനക്ക് മുൻഗണനന നൽകി. വഴിപിഴച്ച രീതിയിൽ നീയെന്തിനു പ്രതിഫലം നൽകി? ആദ്യജാതൻ നിന്റെ നിസ്സാരതയെ ഉയർത്തി; അവന്റെ വലിപ്പത്തെ നീ നിസ്സാരമാക്കരുത്. എല്ലാറ്റിനെയും ഉയർത്തുന്നവൻ ചെറുതാകുന്നില്ല. അവനെപ്പറ്റിയുള്ള അന്വേഷണം നിന്നെ മാത്രമേ ചെറുതാക്കുന്നുള്ളു. നീ തെറ്റായി കൈകാര്യം ചെയ്താൽ, അവന്റെ സത്പ്രവൃത്തികൾ നിനക്കെതിരെ തിരിയും. എല്ലാവരെയും സമ്പന്നരാക്കുന്നവനിലൂടെ നീ നിന്നെ ദരിദ്രനാക്കരുത്. എല്ലാവരെയും ഉയർത്തുന്നവനിലൂടെ നീ താണുപോകരുത്. എല്ലാവരെയും ഒന്നിച്ചുകൂട്ടുന്നവനിലൂടെ നീ വഴിതെറ്റിപ്പോകരുത്. എല്ലാവരെയും കണ്ടെത്തുന്നവനിലൂടെ നീ നശിച്ചുപോകരുത്. കാരണം, അവനെ പരിശോധിക്കാൻ ആഗ്രഹിച്ചാൽ, നീ അവനിൽ വഴിതെറ്റിപ്പോകും. അവനെ അളക്കാൻ ആഗ്രഹിച്ചാൽ നീ നശിച്ചുപോകും. നീ അവന് അതിർത്തി നിശ്ചയിച്ചാൽ, നിനക്കായിരിക്കും അതിർത്തി കുറിക്കപ്പെടുക! കാരണം, അവന്റെ അതിർത്തിക്ക് അതിർത്തിയില്ല.

**ദൈവത്തെ പരിശോധിക്കുന്നതിനെതിരെയുള്ള താക്കീത് (323-354)**

പരിശോധിക്കപ്പെടുന്നതിനേക്കാൾ പരിശോധകൻ മുന്തി നിൽക്കുന്നു. നീ അവനെ സ്രഷ്ടാവെന്നു വിളിക്കുന്നു; എങ്കിലും ഒരു സൃഷ്ടിയെപ്പോലെ അവനെ പരിശോധിക്കാൻ ആഗ്രഹിക്കുന്നുവോ? അത്യുന്നതനെന്ന് അവനെ വിളിക്കുന്നു; അവനെ പരിശോധിക്കാൻ നീ അവനെ താഴേക്ക് വലിച്ചിടുന്നു! പരിശോധിക്കപ്പെടുന്നത് താഴെ നിൽക്കുന്നു; പരിശോധകൻ അതിനു മുകളിലും. മനുഷ്യർ ദൈവത്തെ പരിശോധിക്കുകയും പരിമിതപ്പെടുത്തുകയും ചെയ്യുന്നത് നീതിമാനായ മധ്യസ്ഥൻ കണ്ടാൽ, പരിശോധകനെയും പരിമിതപ്പെടുത്തുന്നവനെയും അവൻ ഉയർത്തുകയില്ല.

ധിക്കാരപൂർവം മുന്നോട്ടുപോയ അധരങ്ങൾക്ക് എന്തുകൊണ്ട് മാപ്പു ലഭിക്കും? ദാസർ തങ്ങളുടെ യജമാനന്മാരെ ബഹുമാനിക്കുന്നു; സൈന്യങ്ങൾ തങ്ങളുടെ രാജാക്കന്മാരെയും. എന്നാൽ എല്ലാറ്റിനെക്കാളും വലിയവനായ ആദ്യജാതനെ നിന്റെ പരിശോധനവഴി നീ താഴ്ത്തിക്കെട്ടുന്നു. അഗ്നിയെ സമീപിക്കാൻ നീ ബലഹീനനാണ്. എങ്കിലും നിന്റെ സ്രഷ്ടാവിനെതിരെ നീ തുനിഞ്ഞിറങ്ങുന്നു. കത്തിപ്പോകാത്തതുകൊണ്ട് നീ അഹങ്കാരി ആയിത്തീർന്നു. ഓ, ബലഹീനനേ, ആ കാരുണ്യം നിന്നോട് ദയകാട്ടി. ധിക്കാരീ, മിന്നൽകൊണ്ട് മറ്റുള്ളവർ കത്തിയമർന്നു, എന്നാൽ നിന്നോട് എത്രയധികം ദയ കാട്ടിയെന്നു തിരിച്ചറിയുക! അവനയച്ച മിന്നലിൽനിന്ന് അയച്ചവനെ മനസ്സിലാക്കുക. നിന്റെ കണ്ണ് മിന്നലിനെയും നിന്റെ കാത് ഇടിമുഴക്കത്തെയും

ഭയപ്പെടുന്നു; ഈ ശക്തികളുടെ നാഥനെ പരിശോധിക്കാൻ നിന്റെ നാവിന് എങ്ങനെ ധൈര്യം ലഭിച്ചു?

**സ്രോതസ്സുകളെപ്പോലെ ദൃശ്യവസ്തുക്കളും നിഗൂഢങ്ങളാണ് (355-376)**

ദൃശ്യവസ്തുക്കൾ പോലും നിനക്ക് മനസ്സിലാകുന്നില്ല; എങ്കിൽ അദൃശ്യമായവ നിനക്കെങ്ങനെ ഗ്രഹിക്കാനാകും? അവിടുന്ന് സൃഷ്ടിമുഴുവൻ നിറഞ്ഞിരിക്കുമ്പോൾ, നിന്ദ്യനായി നീ അവിടെ നിൽക്കുന്നു. അവിടുന്ന് എല്ലാ സ്ഥലങ്ങളേക്കാളും വലിയവനായിരിക്കുമ്പോൾ, നീ ഈ ഒരു സ്ഥലത്തു മാത്രം ആയിരിക്കുന്നു. ഒരു സ്ഥലത്താലും പരിമിതപ്പെടാത്തവനെ ഏത് സ്ഥലത്ത് അന്വേഷിക്കാനാണ് നീ ആഗ്രഹിക്കുന്നത്? ഇതാ, ലോകത്തിന്റെ ചെറിയ ഉദരത്തിൽ നിന്നുപോലും പുറത്തുകടക്കാൻ നിന്റെ ചിന്തയ്ക്കാവില്ല. ഉന്നതത്തിൽനിന്ന് താഴേക്ക് പരിശോധിക്കുക; നിന്റെ മനസ്സ് ദൃശ്യമായവ പരിശോധിക്കട്ടെ. നിക്ഷേപങ്ങൾ വറ്റിപ്പോകാത്ത തുറന്ന ഉറവകളെപ്പറ്റി ഞങ്ങളോടു പറയുക. അവ ഇല്ലായ്മയിൽനിന്നു വരുന്നോ, അതോ, വസ്തുക്കളിൽനിന്ന് ഒന്നിച്ചുചേർത്തതാണോ? അവ ഏതെങ്കിലും ശേഖരത്തിൽനിന്ന് പുറത്തേക്കു വന്നതാണെങ്കിൽ, സ്രഷ്ടാവ് ദരിദ്രനാണ്; കാരണം,അപ്പോൾ അവനും മനുഷ്യനെപ്പോലെ തന്റെ ഭണ്ഡാരവും ലഭ്യമായ വസ്തുക്കൾകൊണ്ട് നിറയ്ക്കേണ്ടിയിരുന്നു. എന്നാൽ അന്വേഷകൻ ദരിദ്രനാണെങ്കിലും സ്രഷ്ടാവ് ദരിദ്രനല്ല.

**ദൈവം സ്രഷ്ടാവും മനുഷ്യൻ നിർമാതാവുമാണ് (377-418)**

ദൈവത്തിന്റെ ഇച്ഛയാണ് അവിടുത്തെ ഭണ്ഡാരം; കാരണം, ഇല്ലായ്മയിൽ നിന്നാണ് എല്ലാം. ജലം അതിന്റെ പരിധിയിൽമാത്രം ചലിക്കുകയും തന്റെ ഇടത്തേക്ക് മടങ്ങുകയും ചെയ്യുന്നെങ്കിൽ, സ്രഷ്ടാവ് മനുഷ്യരേക്കാൾ വൈദഗ്ദ്ധ്യത്തിൽ മുന്തിനിൽക്കുന്നു. സ്രഷ്ടാവിന്റെ വലിപ്പം തന്റെ ഇച്ഛയിലാണ്, കാരണം, തന്റെ ഇച്ഛ തന്നെയാണ് തന്റെ കർമം. താൻ എങ്ങനെ നിർമിക്കണമെന്ന് കണ്ടുപിടിക്കാൻ ദൈവം ശിൽപകലയ്ക്ക് വിധേയനല്ല. താൻ എങ്ങനെ സൃഷ്ടിക്കണമെന്ന് തന്റെ സ്രഷ്ടാവിനെ പഠിപ്പിക്കാൻ അതിനു കഴിവില്ല. എല്ലാം സൃഷ്ടിക്കുന്ന ഇച്ഛയോട് കൽപ്പിക്കാൻ ശിൽപ്പകലയ്ക്കാവില്ല. കാരണം, ശിൽപി ദാസനെപ്പോലെ കലയുടെ നുകത്തിൻകീഴിൽ കഴിയുന്നു. എന്തുകൊണ്ടെന്നാൽ, തന്റെ ഇച്ഛാനുസൃതമല്ല അവൻ നിർമിക്കുന്നത്; അവൻ ശിൽപകലയ്ക്ക് വിധേയനാണ്. തന്റെ ഇച്ഛാനുസൃതം പ്രവർത്തിക്കാൻ സാധിക്കാത്തതിനാൽ, അവൻ അവിടെ സംശയിച്ചു നിൽക്കുന്നു. ഇവിടെ ഒരിടത്ത് അവൻ തന്റെ ഇച്ഛാനുസൃതം ചെയ്യുന്നു, അവിടെ മറ്റൊരിടത്ത് അവന്റെ ഇച്ഛ പരാജയപ്പെടുന്നു.

ശിൽപകലയിൽ നിന്ന് യാചകനെപ്പോലെ അവനൊരു സാധ്യത തെളിഞ്ഞുവരുന്നു. സ്രഷ്ടാവിനെ സംബന്ധിച്ച് തന്റെ കഴിവ് ശിൽപകലയിൽ


www.malankaralibrary.com

നിന്നല്ല. മനുഷ്യന് കഴിവ് നൽകാൻ ശിൽപകല സൃഷ്ടിച്ചത് അവിടുന്നു തന്നെയാണ്. അതിൽ നിന്ന് ശിൽപിക്ക് കഴിവുകിട്ടുന്നു; അയാൾ ഒന്നിൽ നിന്ന് മറ്റൊന്നുണ്ടാക്കുന്നു. ദൈവത്തെ സംബന്ധിച്ച് അപ്രകാരമാണെങ്കിൽ, അവനും മനുഷ്യരെപ്പോലെയാണ്. തന്റെ ശിൽപകലയിൽ അവിടുന്ന് വലിയവനാണെങ്കിലും തന്റെ ദൈവത്വത്തിൽ വളരെ ചെറുതാകുമായിരുന്നു. ദൈവം സത്യമായും ദൈവമാണെങ്കിൽ, അവന്റെ ഇച്ഛയ്ക്ക് എല്ലാറ്റിനും കഴിവുണ്ടായിരിക്കും. മനുഷ്യൻ എന്തിൽ നിന്നെങ്കിലുമാണ് നിർമിക്കുക; ദൈവം ഇല്ലായ്മയിൽനിന്നും. നമ്മുടെ സൃഷ്ടപ്രകൃതി ദൈവികസത്തയ്ക്ക് തുല്യമല്ലാത്തതുപോലെ, സൃഷ്ടിശക്തിയിലും അത് ഒരുതരത്തിലും അവിടുത്തേപ്പോലെയല്ല.

### ചക്രവാളത്തിന്റെയും സൂര്യന്റെയും നിഗൂഢത (419–436)

ആകാശത്തിന്റെ സത്ത എന്താണെന്ന് ഞങ്ങളോട് പറഞ്ഞാലും! അത് സ്ഥൂലമോ, സൂക്ഷ്മമോ, നനവുള്ളതോ, വരണ്ടതോ? ഭൗമികാഗ്നിയേക്കാൾ ഉഗ്രതയേറിയതാണ് മുകളിലുള്ള സൂര്യൻ. എങ്കിലും അത് ചക്രവാളത്തെ കത്തിച്ചുകളയുന്നില്ല. കാരണം, സൃഷ്ടകൽപന അതനുവദിക്കുന്നില്ല. ഈ ദൈവികകൽപന അതിനെ നിയന്ത്രിക്കുന്നു. എന്നാൽ സുഗ്രാഹ്യമല്ലാത്ത സൃഷ്ടവസ്തുക്കളെ എണ്ണിത്തിട്ടപ്പെടുത്താൻ നാമെന്തിനാണ് മെനക്കെടുന്നത്? സൂക്ഷ്മപരിശോധനയിൽ എല്ലാ ദൃശ്യവസ്തുക്കളും നിഗൂഢവസ്തുക്കൾക്ക് തുല്യമാണെന്നു കാണുക. ദൃശ്യവസ്തുക്കൾ നിഗൂഢങ്ങളാണെങ്കിൽ, അദൃശ്യയാഥാർഥ്യങ്ങൾ എത്രയധികമായിരിക്കും! അദൃശ്യമായവ പൂർണമായി അദൃശ്യമാണെങ്കിൽ അദൃശ്യദൈവം തന്റെ അദൃശ്യതയിൽ എത്രയധികമായി അദൃശ്യനായിരിക്കും!

### ദൈവത്തെപ്പറ്റി പരിശോധിക്കുന്നതിന് എതിരെയുള്ള താക്കീത് (437–448)

നിന്റെ ബലഹീനത നിന്റെ പരിശോധനാ ഫലത്തേക്കാൾ വളരെ വലുതാണ്. ജ്വാലയിൽ നിന്ന് നീ ഓടിയകലുന്നു; നിന്റെ കർത്താവിനെ പരിശോധിക്കാൻ നീ ഓടിയടുക്കുന്നു. അഗ്നി തന്റെ നാഥനെ ഭയക്കുന്നതുപോലെ, നീ അഗ്നിയെ ഭയക്കുന്നില്ല. നീ അഗ്നിയെ ഭയക്കുന്നെങ്കിൽ, അഗ്നിയിൽ വസിക്കുന്നവനെയും ഭയപ്പെടുക. സേവചെയ്യുന്ന അഗ്നി പ്രകാശിക്കുന്നു, സേവിക്കപ്പെടുന്നവൻ എത്രയധികം ശോഭാമയനായിരിക്കും! സേവകനിൽ നിന്ന് നീ ഓടിയകലുന്നു, അതിന്റെ നാഥനെ പരിശോധിക്കാൻ നീ പരിശ്രമിക്കുന്നു.

### സോദോമ്യരും ആരിയരും (449–482)

ശോഭയോടും കടമെടുത്ത മഹത്വത്തോടും കൂടെ ഈറേദൂതന്മാർ സോദോമിൽ പ്രവേശിച്ചു. അവരെയെല്ലാം ഉല്ലംഘിക്കുന്ന ശോഭ അവർ ക

www.malankaralibrary.com

ണ്ടു. വൃദ്ധരും യുവാക്കളും ഒരുപോലെ ഉന്മത്തരായി. ഉന്നതത്തിൽ നിന്ന് അഗ്നിയിറങ്ങി ഉന്നതന്റെ മക്കളുടെ സഹായത്തിനെത്തി. പാവനരെ രക്ഷിക്കാനല്ല, പിന്നെയോ, ദുർവൃത്തരെ സംഹരിച്ചുകളയാനായി. സ്വർഗീയർ തങ്ങളുടെ രൂപംമാറ്റി; അതുകൊണ്ട് ഭൗമികർ ധിക്കാരികളായി. ആത്മീയർ പ്രകാശിച്ചിരുന്നെങ്കിൽ, ശാരീരികർ തറയിൽ വീഴുമായിരുന്നു. ആത്മീയപ്രകൃതികളായ ഈറേന്മാരെ തങ്ങളുടെ ഗണത്തിൽപെട്ടവരെന്ന് അവർ കരുതി. അവരുടെ കാമാസക്തി പ്രകൃതിവിരുദ്ധമായിരുന്നു; എന്നാൽ അവരുടെ സ്വഭാവത്തിന് മാറ്റം വന്നില്ല. പ്രകൃതിവിരുദ്ധരീതി സ്വവർഗത്തിൽ പെട്ടവരിലേക്ക് തിരിഞ്ഞു. തങ്ങളുടെ സ്വഭാവത്തിൽ നിന്ന് വിഭിന്നരായ സ്വർഗീയരുടെ പക്കലേക്ക് അവരുടെ ആഗ്രഹം എത്തിയില്ല. നമ്മുടേതിൽനിന്ന് വ്യത്യസ്തമായ സ്വഭാവത്തിന് നമ്മുടേതിൽ നിന്ന് വ്യത്യസ്തമായ വ്യാപാരമാണ്! എല്ലാറ്റിനും കഴിവുള്ള ദൈവേച്ഛ അവരെ അയക്കുമ്പോൾ അവർക്ക് നാമുമായി ഇടപെടാൻ കഴിയും. ഭൗമികരുടെ വേഷംധരിച്ച സ്വർഗീയരുടെ നേരേ സോദോംകാർ പ്രകൃത്യനുസൃതമായും പ്രകൃതിവിരുദ്ധമായും കാമാസക്തരായി. കാരണം, തങ്ങളുടെ മോഹത്തിൽ തങ്ങളുടേതാണ് അവർ ആഗ്രഹിച്ചത്. എന്നാൽ ദൈവത്തെ പരിശോധനാവിഷയമാക്കാൻ ആഗ്രഹിക്കുന്നവന്റെ വിഭ്രാന്തി പ്രകൃതിയെ കടത്തിവെട്ടുന്നു. കാരണം, അവൻ അവിടുത്തെ സത്ത ഏറ്റുപറയുന്നു; എന്നാൽ സൃഷ്ടിയെപ്പോലെ അവനെ പരിശോധിക്കാൻ ആഗ്രഹിക്കുന്നു. നാമത്താൽ അവനെ ഉയർത്തുന്നു; പരിശോധനയാൽ അവനെ താഴ്ത്തിക്കെട്ടുന്നു.

### വിശ്വാസവും പരിശോധനയും ഒത്തുപോകില്ല (483–510)

ഒന്നുകിൽ വിളിക്കുന്നതനുസരിച്ച് പ്രവർത്തിക്കുക, അല്ലെങ്കിൽ പരിശോധന അനുസരിച്ചു വ്യാപരിക്കുക. നീ അവനെ ദൈവമെന്നു വിളിക്കുന്നെങ്കിൽ, അതിനിടയിൽ പരിശോധനയ്ക്കിടമില്ല. മനുഷ്യർക്കും ദൈവത്തിനുമിടയിൽ വിശ്വാസം ആവശ്യമാണ്. നീ അവനിൽ വിശ്വസിക്കുമ്പോൾ, അവനെ ബഹുമാനിക്കുന്നു; അവനെ പരിശോധിക്കുമ്പോൾ, അവനെ അപമാനിക്കുന്നു. ദൈവത്തിനും മനുഷ്യനുമിടയിൽ വിശ്വാസവും പ്രാർഥനയുമേയുള്ളു: അവന്റെ സത്യം വിശ്വസിക്കുക, അവന്റെ ദൈവത്വത്തോടു പ്രാർഥിക്കുക. അവൻ സൃഷ്ടികളെ സൃഷ്ടിച്ചെന്ന് അവൻ എഴുതിയിരിക്കുന്നു, നീ കാണാതെതന്നെ അവനെ വിശ്വസിക്കുന്നു. തെളിവുകളിലൂടെയല്ല നീ വിശ്വസിച്ചത്. നീ ദൈവത്തെ പരിശോധനാവിഷയമാക്കുമ്പോൾ, അവനെ വഞ്ചിക്കുന്നു. പരീക്ഷിക്കലും വിശ്വാസവും പരസ്പരവിരുദ്ധമായിരിക്കുന്നതു പോലെ, അന്വേഷണവും വിശ്വാസവും പരസ്പരവിരുദ്ധമാണ്. അന്വേഷണം അന്വേഷിക്കുന്നു, നീ അന്വേഷിക്കുമ്പോൾ, വിശ്വസിക്കുന്നില്ല. നീ സദാ അന്വേഷിച്ചുകൊണ്ടിരുന്നാൽ, കണ്ടെത്തൽ നിന്നിൽനിന്ന് അകലെയായിരി


www.malankaralibrary.com

ക്കും. തെറ്റിപ്പോകാത്ത വിശ്വാസം, വെളിപ്പെടുത്തപ്പെട്ട സത്യം കണ്ടെത്തും. സത്യം അവനെ കണ്ടെത്തി; അവന്റെ പക്കലേക്കു വന്ന സത്യം അവൻ കണ്ടെത്തി.

### അവിശ്വാസികൾ ആരിയരെ ലജ്ജിപ്പിക്കുന്നു (511–536)

തങ്ങളുടെ തർക്കത്തിന് അകത്തുള്ളവരെ പുറത്തുള്ളവർ കുറ്റപ്പെടുത്തുന്നു. തിരിച്ചറിഞ്ഞിട്ടും അന്വേഷിക്കാൻ മുതിർന്ന അറിവുള്ളവരെ തെറ്റിൽ കഴിയുന്നവർ ലജ്ജിപ്പിക്കുന്നു. വെറുമൊരു സൃഷ്ടിയായ സൂര്യനെ ആരാധിക്കുന്നവർ അതിനെ പരിശോധിക്കാൻ ആഗ്രഹിക്കുന്നില്ല. അതിന്റെ ദാസ്യം സുസ്പഷ്ടമാണെങ്കിലും അതിന്റെ നാഥന്റെ പേര് അവർ അതിന് നൽകുന്നു. തെറ്റ് നിർമിച്ച ദേവവിഗ്രഹത്തെ വിജാതിയർ അപഗ്രഥിക്കാറില്ല. അതിനെ പരിശോധിച്ചാൽ പിന്നെ അതിനെ ബഹുമാനിക്കാൻ കഴിയില്ല. അത് ബധിരനാണെന്ന് കണ്ടുപിടിച്ചാൽ പിന്നെ അതിനോട് പ്രാർഥിക്കാൻ അവന് കഴിയില്ല. അത് കാണുകയോ, കേൾക്കുകയോ ചെയ്യുന്നില്ലെന്ന് അന്വേഷണം അവന് കാട്ടിക്കൊടുക്കും. അതുകൊണ്ട് തെറ്റുകാരൻ അന്വേഷിക്കാതിരിക്കാൻ തെറ്റ് ഇടയാക്കി. എന്നാൽ സത്യവിശ്വാസി മരിക്കാനായി അവനെ അന്വേഷണത്തിലേക്ക് നയിക്കുന്നു. കാഴ്ച കവർന്നെടുക്കാൻ അവൻ അന്വേഷണം തടസ്സപ്പെടുത്തുന്നു. വീണ്ടും, അന്ധമാക്കാൻ അവൻ അതിനെ കൈവിടുന്നു. ദേവവിഗ്രഹത്തെ പരിശോധിക്കേണ്ടത് ആവശ്യമായിരിക്കുന്നതുപോലെ, ദൈവത്തെ പരിശോധിക്കാൻ ആഗ്രഹിക്കുന്നത് അപകടകരമാണ്.

### വിശ്വാസവും പരിശോധനയും (537–558)

അന്വേഷണം വേണ്ടിയിരുന്നിടത്ത് തെറ്റ് വിശ്വാസം നൽകി; എന്നാൽ വിശ്വാസം ആവശ്യമായിരുന്നിടത്ത് അന്വേഷണത്തിലേക്ക് നയിച്ചു. കാരണം, പരിശോധന വരുന്നിടത്ത് വിശ്വാസം ബലഹീനമാകുന്നു; മനുഷ്യന് തന്റെ ബലഹീനതയിൽ രണ്ടും നഷ്ടപ്പെടുന്നു. അവൻ തന്റെ അന്വേഷണ ലക്ഷ്യത്തിൽ എത്തിച്ചേർന്നില്ല; തന്റെ വിശ്വാസം കാത്തുസൂക്ഷിച്ചുമില്ല. വിഗ്രഹത്തിന് ശ്രവണശക്തിയില്ലെന്നു ഗ്രഹിക്കാൻ അതിനെ പരിശോധിക്കുക. എന്നാൽ എല്ലാം ശ്രവിക്കുന്നവൻ എങ്ങനെ, എന്തുകൊണ്ട് കേൾക്കുന്നു എന്ന് അന്വേഷിക്കാൻ ആഗ്രഹിക്കേണ്ട. മുഴുവനായി കേൾവിശക്തിയുള്ളവൻ കാതുകൊണ്ടല്ല കേൾക്കുന്നത്. മുഴുവനായി കാഴ്ചശക്തിയുള്ളവൻ കണ്ണുകൊണ്ടല്ല കാണുന്നത്. മുഴുവനായി കേൾക്കുന്ന പ്രകൃതിയാണ് അവിടുത്തേത്. മുഴുവനായി കാണുന്ന പ്രകൃതിയാണ് അവിടുത്തേത്. നീ വിശ്വാസത്തിൽ അഭയം തേടുക. കാരണം, ദൈവം എല്ലാ അന്വേഷണങ്ങൾക്കും ഉപരിസ്ഥനാണ്.

## ആരിയൻ കലഹത്തിന്റെ കെടുതി (559–580)

ഇപ്രകാരംച ബലഹീനരായ നമ്മെ രക്ഷിക്കാൻ വിശ്വാസത്തിന് കഴിയും. തെറ്റ് അസൂയയാൽ ബലഹീനരെ അന്വേഷണത്തിന് ഇളക്കിവിട്ടു. തർക്കത്തിലൂടെ രോഷാകുലരാക്കി, പോരാട്ടത്തിന് പ്രേരിപ്പിച്ചു. മനുഷ്യരെ സ്വർഗത്തിലേക്ക് കരേറ്റാനായി ഇറങ്ങിവന്ന ദൈവികസ്നേഹത്തിന്റെ ദർശനത്തിൽ, അവരെ സ്വർഗത്തിലേക്ക് കരേറ്റുന്ന വേരറുത്തുകളയാൻ കലഹം തത്രപ്പെട്ടു. വിശ്വാസനിഷേധകരോടൊപ്പം താർക്കികരും, കലഹത്തോടൊപ്പം തെറ്റായ പ്രബോധനവും നിശ്ശബ്ദമാകട്ടെ. തന്റെ അനുയായികൾ പരാജയപ്പെട്ട് കീഴടക്കപ്പെട്ടെന്ന് കലഹം കണ്ടു. സത്യസന്തതികളെ വഴി തെറ്റിക്കാൻ അത് സത്യത്തിന്റെ മുഖംമൂടി അണിഞ്ഞു. അന്വേഷണത്തിലൂടെ അത് അവരെ പിളർത്തി. ദൈവികൗന്നത്യത്തിനെതിരെ അവരെ ഉത്തേജിപ്പിച്ചു. ജേതാക്കളുടെ വിഭാഗത്തെ കീഴടക്കാൻ പുറത്തുള്ള ശത്രുക്കൾക്ക് കഴിഞ്ഞില്ല. എന്നാൽ അവർ പരസ്പരം പോരാടിയപ്പോൾ അവരെ കീഴടക്കാൻ അതിനു കഴിഞ്ഞു.

## പിതാവിനെയും പുത്രനെയും പറ്റിയുള്ള അറിവ് (581–680)

ബലഹീനരായ നമുക്ക്, വെളിപ്പെടുത്തപ്പെട്ട സത്യം മതിയാകും. നാമത്തിലെന്നപോലെ, യഥാർഥമായും പിതാവും പുത്രനും സ്ഥിതിചെയ്യുന്നെന്ന് ഏറ്റുപറയുക. പേരിന്റെ അടിസ്ഥാനം (*വേര്*) *ക്നോമായാണ്*. അതിലാണ് പേരുകൾ ബന്ധിതമായിരിക്കുന്നത്. കാരണം, *ക്നോമാ* ഇല്ലാത്ത ഒന്നിന് ആരാണ് പേരിടുക! വസ്തുനിഷ്ഠമായിട്ടില്ലെങ്കിൽ, ഒന്നിനെ പഴമെന്നു വിളിക്കുന്നതെങ്ങനെ? പിതാവിനെ വേരായി സങ്കൽപ്പിച്ചാൽ, പുത്രനെ ഫലമെന്നു വിളിക്കാം. അത് അതിനോട് യോജിച്ചതാണ്. എന്നാൽ അതിൽനിന്ന് വേർപെട്ടുമാണ്. അവൻ അവന്റെ മടിയിലും അവന്റെ വലത്തുഭാഗത്തുമാണ്. അവനുമായി യോജിച്ചല്ലെങ്കിൽ അവന്റെ വത്സലപുത്രൻ അവന്റെ മടിയിലല്ല (യോഹ.1,18). വീണ്ടും, അവൻ അവനിൽനിന്ന് വേർപെട്ടല്ലെങ്കിൽ, അവൻ അവന്റെ വലത്തുവശത്ത് ഇരിക്കുകയില്ല (മത്താ.25,64). അവൻ അവന്റെ മടിയിലാകയാൽ അവനോട് ഐക്യപ്പെട്ടാണ്, അവൻ വലത്തുഭാഗത്താകയാൽ, വേർപെട്ടാണ്. ഏകഇച്ഛയാൽ അവർ ഒന്നാണ്; രണ്ട് പേരുകളാൽ അവർ രണ്ടാണ്. അവർക്ക് രണ്ട് ഇച്ഛകളില്ല; എന്നാൽ അവർക്ക് രണ്ട് നാമങ്ങളുണ്ട്. പിതൃത്വം എന്നനാമം പിതാവിന്റേതാണ്; അവന്റെ നാമം അവന്റെ സ്ഥാനം സംരക്ഷിക്കുന്നു. പുത്രത്വം എന്നനാമം പുത്രന്റേതാണ്. അത് അവന്റെ ജനനം സാക്ഷിക്കുന്നു. പിതാവ് എന്ന നാമത്തിലാണ് അവിടുത്തെപ്പറ്റിയുള്ള അറിവിരിക്കുന്നത്. പുത്രൻ എന്ന നാമത്തിൽ അവനെപ്പറ്റിയുള്ള വിവരണം അടങ്ങിയിരിക്കുന്നു. അവരുടെ പേരുകളുടെ ക്രമത്തിൽ അവരുടെ സവിശേഷതകളുടെ ക്രമവും കാണാം. അവരുടെ നാമങ്ങൾ മറ


www.malankaralibrary.com

ച്ചുവച്ച് ഒന്നാക്കാൻ സാധിക്കാത്തതുപോലെ, അവരുടെ സവിശേഷതകൾ ഒന്നായിത്തീരത്തക്കവിധം മറച്ചുവയ്ക്കാനാവില്ല. മറച്ചുവയ്ക്കാനാവാത്ത പുത്രനെ യൂദർ മറച്ചുവച്ചു. തന്റെ പ്രവാചകന്മാർ അവനെപ്പറ്റി പറഞ്ഞ പ്രഖ്യാപനങ്ങൾ സുസ്പഷ്ടമാണ്. അവനെപ്പറ്റിയുള്ള വിവരണങ്ങൾ അവന്റെ പ്രതീകങ്ങളിൽ സംരക്ഷിക്കപ്പെടുന്നു.

വൃക്ഷവും ഫലവും ഒന്നല്ലെങ്കിലും ഒന്നാണ്. വൃക്ഷം തടിയായും ഫലം ഫലമായും അറിയപ്പെടുന്നു. ഒരുപോലെയുള്ള ഒരേ സ്നേഹത്തിൽ അവ ഒന്നിച്ചിരിക്കുന്നു. രണ്ടു നാമങ്ങളാൽ അവ വേർതിരിക്കപ്പെടുന്നു. ഫലം എന്ന നാമം ഫലത്തിനു മാത്രമുള്ളതാണ്. വൃക്ഷം എന്നനാമം തടിക്കു മാത്രമുള്ളതാണ്. രണ്ടുനാമങ്ങളും രണ്ടു*ക്നോമാകളും* ഏകശക്തിയിലും ഏകസ്നേഹത്തിലും ഐക്യപ്പെട്ടിരിക്കുന്നു. ഫലം എന്നനാമം ഉണ്ടായിരിക്കുകയും അത് സൂചിപ്പിക്കുന്ന *ക്നോമാ* ഇല്ലാതിരിക്കുകയും ചെയ്താൽ, അത് പുറപ്പെടുവിക്കാത്ത ഫലത്തിന്റെ നാമത്താൽ വൃക്ഷത്തെ കാണ്ഡം എന്നു വിളിക്കുകയാകും ചെയ്യുക. പേരിലും യാഥാർഥ്യത്തിലും(*ക്നോമാ*) വൃക്ഷം സ്ഥിതിചെയ്യുന്നതുപോലെ, ഫലവും പേരിലും യാഥാർഥ്യത്തിലും (*ക്നോമാ*)സ്ഥിതിചെയ്യുന്നു. എന്നാൽ ഫലം നാമത്തിൽ മാത്രം സ്ഥിതിചെയ്യുകയും കാണ്ഡം യാഥാർഥ്യത്തിൽ (*ക്നോമാ*) സ്ഥിതിചെയ്യുകയും ചെയ്യുന്നെങ്കിൽ, ഒന്ന് സ്ഥിതിചെയ്യുകയും മറ്റത് സ്ഥിതിചെയ്യാതിരിക്കുകയും ചെയ്യുന്നതിനാൽ, അവയെ പേര് വിളിക്കുന്നതിൽ വാസ്തവവും അവാസ്തവവുമുണ്ട്.

പിതാവ് സത്യമായുണ്ട്; അവിടുന്ന് പേരിലും യാഥാർഥ്യത്തിലും സ്ഥിതിചെയ്യുന്നു. അവന് രണ്ട് ഇച്ഛകൾ ഉണ്ടായിരിക്കുക ഉചിതമല്ലാത്തതുപോലെ, രണ്ടും അവയുടെ യാഥാർഥ്യത്തിൽ കാണപ്പെടുക ഉചിതമാണ്. നാം പിതാവിനെ തന്റെ നാമത്തിലൂടെ മനസ്സിലാക്കി; പുത്രനെ തന്റെ നാമത്തിലൂടെ തിരിച്ചറിഞ്ഞു. നാമം കൂടാതെ മനസ്സിലാക്കലില്ല; നാമത്തിലൂടെ മനസ്സിലാക്കൽ നടക്കുന്നു. പേരും അത് അർഥമാക്കുന്നതും നീക്കുക; ഇതാ, എല്ലാ ക്രമവും അവസാനിക്കുന്നു. ആരെ പേരു വിളിക്കണമെന്നു നിനക്കറിയില്ല; ആരെ ഏറ്റുപറയണമെന്ന് നിനക്കറിയില്ല. ജനിപ്പിച്ചവനെ നീ വേർതിരിക്കുന്നില്ല; ജനിച്ചവനെ നീ അറിയുന്നില്ല. രണ്ടുനാമങ്ങളും രണ്ട് പ്രകാശങ്ങൾപോലെ വന്നതിനാൽ, ശ്രോതാക്കളിൽ നിന്ന് വ്യത്യാസം മറച്ചുവച്ചിരുന്ന അന്ധകാരം ഓടിമറഞ്ഞു. പിതാവിനെ തന്റെ നാമത്തിൽനിന്ന് നീ മനസ്സിലാക്കി; ഏകജാതനെ തന്റെ നാമത്താലും. പിതാവ് എന്ന നാമം നീ കേട്ടു; നിനക്ക് അവന്റെ നാമം മതി. നിനക്ക് ഗ്രഹിക്കാൻ തക്കവിധം മറ്റൊരു *പർസോപ്പാ* ഇവിടില്ല. നാമങ്ങൾ നമുക്ക് ആളുകൾ (*പർസോപ്പാ*) ആയിത്തീർന്നു; നാമങ്ങളാൽ അവർ വേർതിരിക്കപ്പെടുന്നു. മനുഷ്യൻ ദൂരെ ആ

യിരിക്കുമ്പോൾ പേരുകൊണ്ടാണ് അറിയപ്പെടുന്നത്. അകലെയുള്ളവരെ പേരുകൾ നമ്മുടെ അടുത്തെത്തിക്കുന്നു. ആളുകളുടെ സ്ഥാനത്ത് വിവരണങ്ങളും രൂപത്തിന്റെ സ്ഥാനത്ത് പേരുകളും വരുന്നു. വിളക്കിനു പകരം വചനം പ്രകാശിക്കുന്നു; കണ്ണിനുപകരം കാത് പ്രവർത്തിക്കുന്നു. കാതാണ് പേരുമായി സമ്പർക്കം പുലർത്തുന്നത്; രൂപങ്ങൾപോലെ അത് അവയെ വേർതിരിക്കുന്നു.

**വൃക്ഷത്തിന്റെയും ഫലത്തിന്റെയും ഉപമ (681–714)**

ദൃഷ്ടാന്തത്തിനും യാഥാർഥ്യം അവതരിപ്പിക്കാനാവില്ല. കാരണം, വൃക്ഷഫലത്തിന് പുത്രനെ പൂർണമായി പ്രഘോഷിക്കാൻ കഴിയില്ല. ഫലം അതിന്റെ വൃക്ഷത്തിൽ തൂങ്ങിക്കിടക്കുന്നു, അത് പറിക്കുമ്പോൾ മരവുമായുള്ള ബന്ധം ഇല്ലാതാകുന്നു. അതിന് ഒരേ സമയം മരത്തിലും പറിക്കുന്നവന്റെ പക്കലും ആയിരിക്കാനാവില്ല. എന്നാൽ ആദ്യജാതൻ തന്റെ പിതാവിലാണ്. അവൻ അവനിൽ വസിക്കുന്നു; നമ്മുടെ പക്കലേക്ക് വരികയും ചെയ്തു. അവൻ അവനിലാണ്, നമ്മോടു കൂടെയുമാണ്. അവൻ എല്ലായിടത്തുമായിരിക്കവേ, വരികയും പോകുകയും ചെയ്തു. അവൻ പൂർണമായി തന്റെ പിതാവിൽ ആയിരിക്കുമ്പോൾതന്നെ സൃഷ്ടി അവനെക്കൊണ്ട് പൂർണമായി നിറഞ്ഞിരിക്കുന്നു. അവന്റെ വരവും പോക്കും വാക്കുകൾകൊണ്ട് അധരങ്ങൾക്ക് വിശദീകരിക്കാനാവില്ല. അവൻ വരുന്നതിനുമുമ്പ് അവൻ ഇവിടെ ഉണ്ടായിരുന്നു. ഇപ്പോൾ അവൻ പോയപ്പോൾ, ഇവിടെത്തന്നെയുണ്ട്. തന്റെ പിതാവിന്റെ പക്കലേക്ക് പോകുന്നതിനുമുമ്പ്, അവൻ പൂർണമായി അവിടെത്തന്നെ അവനോടൊപ്പം ഉണ്ടായിരുന്നു. അവൻ അവിടേക്ക് പോയി, എന്നാൽ അവൻ അവിടെ ഉണ്ടായിരുന്നു. അവൻ ഇവിടേക്കുവന്നു, എന്നാൽ അവൻ ഇവിടെത്തന്നെ ഉണ്ടായിരുന്നു. അവന്റെ വരവും പോക്കും സത്യമായിട്ടുള്ളതാണ്. സ്ഥലംമാറാതെ അവൻ വരികയും പോകുകയും ചെയ്യുന്നു. ദൈവം എല്ലായിടത്തുമാണ്. അവന്റെ ഫലം അവനിൽ നിന്ന് വേർപെട്ടല്ല. ആദ്യജാതൻ എല്ലാറ്റിനെയും നിറയ്ക്കുന്നു. അവന്റെ പിതാവിന് അവനിൽ നിന്ന് അകന്നിരിക്കാനാവില്ല. സൃഷ്ടി അവനെ ആശ്രയിച്ചിരിക്കുന്നെങ്കിൽ, അവനിൽ നിന്ന് എങ്ങനെ അകന്നിരിക്കാനാകും? അവന്റെ അടുപ്പം അകൽച്ചയും അവന്റെ അകൽച്ച അടുപ്പവുമാണ്.അവൻ വളരെ അടുത്താണെങ്കിലും അകലെയാണ്. അവനെപ്പറ്റി സംസാരിക്കാൻ ആർക്ക് കഴിയും?

 www.malankaralibrary.com

# 3

**ആദത്തിന്റെ ദൃഷ്ടാന്തം ആരിയർക്ക് താക്കീത് നൽകുന്നു (1-38)**

ഓ, ആദത്തിന്റെ ധിക്കാരം! അതെങ്ങനെ അവന്റെ സന്തതികളിലേക്കും വ്യാപിച്ചു! ആദം ധിക്കാരപൂർവം ദൈവികതലത്തിലേക്ക് ഉന്നംവച്ചു, അവന്റെ മക്കൾ ധിക്കാരപൂർവം തങ്ങളുടെ കർത്താവിനെതിരെ വിധി പ്രസ്താവിച്ചു. ദൈവത്തെ പരിശോധിച്ച ആദത്തിന്റെ മക്കൾ ദൈവത്തെ മനസ്സിലാക്കുകയും പരിമിതപ്പെടുത്തുകയും ചെയ്തെന്ന് കരുതി. ഓ, ദൈവത്തിനെതിരെ ധിക്കാരിയായിത്തീർന്ന നീ ഒരു കണ്ണാടിയിൽ എന്നപോലെ ആദത്തെ കാണുക! താൻ ദൈവത്തെ പരിശോധിച്ചെന്ന് കരുതിയവനും മരണശിക്ഷയ്ക്കർഹനാണ്. ദൈവമുണ്ടെന്ന് തിരിച്ചറിഞ്ഞതിനാലല്ല അവൻ മരണശിക്ഷയ്ക്ക് അർഹനായത്, പിന്നെയോ, ദൈവത്തെ പരിശോധിക്കാൻ ആഗ്രഹിച്ചതിനാലത്രേ. നിത്യാസ്തിത്വം ഉണ്ടെന്ന് നീ വിശ്വസിക്കുന്നെങ്കിൽ, അതിനർഥം നിന്റെ പരിശോധന ഒരു മനഃപതർച്ചയാണ് എന്നത്രേ. കാരണം, അവൻ സ്ഥിതിചെയ്യുന്നെന്ന് നിനക്കറിയാമെങ്കിൽ, നീ അവന്റെ അസ്തിത്വത്തിന്റെ രീതി തിരക്കേണ്ടതില്ല. കാരണം, അതിർത്തി ഇല്ലാത്തവനെ അവന്റെ ഏതു വശത്തു നിന്ന് കാണാനാണ് നീ ആഗ്രഹിക്കുന്നത്? അസ്തിത്വമുള്ളവനെ പരിശോധിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, വന്ന് അവന്റെ അതിർത്തിയിൽ നിന്ന് തുടങ്ങുക. എന്നാൽ അതിർത്തിയില്ലാത്തവനെ പരിമിതപ്പെടുത്തിയെന്ന് കരുതുമ്പോൾ, അവനെ പരിശോധിക്കാൻ എവിടെനിന്ന് അകത്തു കടക്കാനാണ് നീ ആഗ്രഹിക്കുന്നത്? നീ അവന്റെ മധ്യേ വസിക്കുമ്പോൾ, അവന്റെ അതിർത്തിയിൽ നിന്ന് അകലെയാണ്. എല്ലായിടത്തും നീ പരാജയപ്പെടുന്നെങ്കിൽ, ദൈവകൽപ്പനയിലേക്ക് തിരിയുക. ആദത്തെ നോക്കുക: അവൻ കൽപ്പനാനുസൃതം വ്യാപരിച്ചിരുന്നെങ്കിൽ, രാജാവാകുമായിരുന്നു. എന്നാൽ ധിക്കാരപൂർവം കൽപന ലംഘിച്ചതിനാൽ, തന്റെ ഇച്ഛാപൂരണത്തിന് അവന് ബഹുമാനം കിട്ടിയില്ല!

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ഒരു സൃഷ്ടദൈവമായിട്ടാണ് സൃഷ്ടിച്ചത്. തന്റെ സ്വന്തം ഇച്ഛാനുസരണം അവൻ വ്യാപരിക്കാനായി അവിടുന്ന് അവന് അതിലൂടെ സ്വതന്ത്രേച്ഛ നൽകി. എന്നാൽ ആദത്തിന്റെ ഇച്ഛ തനിക്കുണ്ടായിരുന്ന ഒന്നിനെ ഭോഷത്തപരമായി കാംക്ഷിച്ചു. ബലം പ്രയോഗിച്ച് അത് സ്വന്തമാക്കാൻ മുതിർന്നപ്പോൾ അവനുണ്ടായിരുന്നത് മുറുകെപ്പിടിക്കാൻപോലും അവനു കഴിഞ്ഞില്ല.

**ദൈവത്തെ പരിശോധിക്കാതെ അവിടുത്തെ കൽപ്പനകൾ പരിശോധിക്കുക (39-48)**

നിന്റെ പ്രബോധനത്തിനായി ദൈവം നിനക്ക് കൽപ്പനകൾ നൽകി. അവ നിന്നെ പ്രബോധിപ്പിക്കുന്നു: അവ പാലിച്ചാൽ നീ ക്രിസ്തുവിന്റെ

www.malankaralibrary.com

സഹോദരൻ ആയിത്തീരും (മത്താ.12,50). അകത്തുകടക്കാൻ നീയിപ്പോൾ ബദ്ധപ്പെടുന്നില്ല. എങ്ങനെ പുറത്തുകടക്കാനാകും എന്നാണ് നീ അന്വേഷിക്കുന്നത്. കൽപ്പനകൾ പരിശോധിക്കാൻ അകത്തു കടക്കുക; അവ നിനക്ക് കണ്ണാടി ആയിരിക്കും. അതിൽ നിന്റെ ജോലിയും ആയാസവും കാണുക. അതിൽ വാഗ്ദാനവും പ്രതിഫലവും തേടുക.

**അബ്രഹാമിന്റെ ദൃഷ്ടാന്തം; പരിശോധനാരഹിത വിശ്വാസം (49-86)**

വീണ്ടും, നിനക്ക് നീതിമാന്മാർ സ്നേഹത്തിന്റെ ദൃഷ്ടാന്തമായിരിക്കട്ടെ. അതനുസരിച്ച് നീ നിന്നെത്തന്നെ രൂപീകരിക്കുക. ഹാബേലിനെ നോക്കുക, ഹാനോക്കിലൂടെ സുന്ദരനാകുക, മനുഷ്യകുലത്തിന്റെ രണ്ടാമത്തെ ശിരസ്സായ നോഹയെപ്പോലെയാകുക. അവരെയൊക്കെ നീ ഉല്ലംഘിച്ചെന്നു നിനക്ക് തോന്നുന്നെങ്കിൽ, അബ്രഹാമിനെ നീ എങ്ങനെ ഉല്ലംഘിക്കും? കാരണം, നിന്റെ സദ്ഗുണങ്ങൾ നിരവധിയാണെങ്കിലും, നിന്റെ യാത്രയുടെ അന്ത്യം അവന്റെ മടിയിലാണ്. അവനിലേക്കാണ് നിന്റെ നടപ്പ് ചെന്നവസാനിക്കുന്നതെന്ന് നമ്മുടെ കർത്താവ് തന്റെ സുവിശേഷത്തിൽ പഠിപ്പിച്ചിരിക്കുന്നു(ലൂ.16,22). അതുകൊണ്ട് വിവേകിയെപ്പോലെ ചോദിക്കുക: അവന്റെ ജീവിതരീതി എങ്ങനെയുള്ളതായിരുന്നു? അവൻ വിശ്വസിച്ചു എന്നതു കൊണ്ടുതന്നെ മറ്റുള്ളവരേക്കാൾ അവന്റെ നില ഉയർന്നതായിരുന്നു. അപ്പോൾ അന്വേഷണത്തിലൂടെ നിനക്ക് എങ്ങനെ അവന്റെ നിലയിൽ എത്താനാകും? വിശ്വാസം, പരിശോധന എന്നീ രണ്ടു കാര്യങ്ങൾ അവനിൽനിന്നു പഠിക്കാം. അവൻ വിശ്വസിച്ചതിനാൽ, അവനു വാഗ്ദാനം ലഭിച്ചു. അവൻ പരിശോധിക്കാഞ്ഞതിനാൽ സ്വർഗരാജ്യത്തിന് അവകാശിയായി. വിശ്വസിക്കുന്നവൻ പരിശോധിക്കുന്നില്ല, പരിശോധിക്കയാണെങ്കിൽ, വിശ്വസിക്കുന്നില്ല.

താൻ കേട്ട വാക്കുകൾ പരിശോധിക്കാൻ അബ്രഹാമിന് കഴിയുമായിരുന്നു എന്നത് പരിഗണിക്കുക. കാരണം, ദൈവം സ്വർഗത്തിലാണെന്ന് ഒരു കൽപ്പനയിലൂടെയല്ല അവൻ ഗ്രഹിച്ചത്. പിന്നെയോ, സൃഷ്ടിക്ക് ഒരു കർത്താവുണ്ടെന്ന് അവൻ തന്നെ അനുമാനിച്ചു. അവന്റെ ചിന്ത മനസ്സിലാക്കിയവൻ അവനെ തന്റെ വിശ്വാസത്തിൽ ഉറപ്പിക്കാൻ തന്നെത്തന്നെ അവനു വെളിപ്പെടുത്തി. ദൈവമുണ്ടെന്ന് അബ്രഹാം ഗ്രഹിച്ചപ്പോൾ, അവിടുന്ന് എപ്രകാരമാണെന്ന് അന്വേഷിക്കാൻ അവൻ മുതിർന്നില്ല. ദൈവം അവന് തന്നെത്തന്നെ വെളിപ്പെടുത്തിയശേഷവും 'നീ എപ്രകാരം സ്ഥിതിചെയ്യുന്നു?' എന്ന് അവൻ ചോദിച്ചില്ല. അവൻ ക്രിസ്തുവിനെയും അറിഞ്ഞിരുന്നു. എന്നാൽ അവൻ എങ്ങനെയാണ് എന്നതിനെപ്പറ്റി തർക്കിച്ചില്ല. അവൻ കാണുകയും സന്തോഷിക്കുകയും ചെയ്തു(യോഹ. 8.56). അവൻ പ്രതീകം അവതരിപ്പിച്ചു; എന്നാൽ മൗനം പാലിച്ചു.


www.malankaralibrary.com

**കൽപ്പനകളുടെ പരിശോധന: തിരുലിഖിതത്തിലെ കൽപ്പനകളിലുള്ള പരസ്പരവൈരുധ്യങ്ങൾ!(87–108)**

ഏകജാതനെ പരിശോധിക്കാൻ നീ എങ്ങനെയാണ് ധൈര്യപ്പെടുക! പറന്നുപോയി കൽപ്പനകളുടെ ഇടയിൽ ഒളിക്കുക. നീ ചെയ്യേണ്ടത് എന്താണെന്നും നീ എങ്ങനെ രക്ഷ കണ്ടെത്തുമെന്നും അന്വേഷിക്കുക. നിന്റെ ക്ഷേമത്തിനുള്ള താക്കോൽ ഏത് കൽപ്പനയിലാണെന്ന് പരിശോധിക്കുക. അതിന്റെ സമയത്തുമാത്രം ശുശ്രൂഷിച്ചതും ഇപ്പോൾ ശുശ്രൂഷിക്കപ്പെടുന്നതുമായ കൽപ്പന ഏതാണെന്ന് പരിഗണിക്കുക. ഒരുപോലെയുള്ളവയും എന്നാൽ വ്യത്യസ്തവുമായ വാക്കുകൾ കേൾക്കുമ്പോൾ വഴിതെറ്റിപ്പോകരുത്:

ഒരു ചൊല്ല് അർപ്പണം ആവശ്യപ്പെടുന്നു; മറ്റൊന്ന് അർപ്പിതധൂപം നിരസിക്കുന്നു(ഏശാ.1,13).

ഒരു ചൊല്ല് ഇങ്ങനെ: 'ശുദ്ധിയുള്ളതും ശുദ്ധി ഇല്ലാത്തതുമായ ഭക്ഷണം വേർതിരിക്കുക'; മറ്റൊന്ന്: 'കൂട്ടിക്കലർത്തി ഭക്ഷിക്കുക' (നട.10,13).

ഒരു ചൊല്ല് ഇങ്ങനെ: 'ആഘോഷങ്ങൾ കൊണ്ടാടുവിൻ'. മറ്റൊന്ന്: 'ഞാൻ ആഘോഷങ്ങൾ നിരസിക്കുന്നു' (ഏശാ.1,14)

ഒരു ചൊല്ല്: 'ദിവസത്തെ വിശുദ്ധീകരിക്കുക' (പുറ.20,8); മറ്റൊന്ന്: 'ഞാൻ സാബത് തള്ളിക്കളയും' (ഏശാ. 1,14).

ഒരു ചൊല്ല്: പുരുഷപ്രജയെ പരിച്ഛേദനം ചെയ്യുക (ലേവ്യ 12,3); മറ്റൊന്ന് പരിച്ഛേദനം തള്ളിക്കളയുന്നു (ആവ.30,6).

ഇവയൊക്കെ നീ കേൾക്കുമ്പോൾ, ഇവയെപ്പറ്റി ആഴമായി അന്വേഷണം നടത്തുക.

**ശരിയായ പ്രശ്നപരിഹാരവും മാർസ്യന്റെ തെറ്റായ പരിഹാരവും (109 –146)**

അന്വേഷണത്തിൽ മുങ്ങിപ്പോയ മറ്റുള്ളവരെപ്പോലെ വഴിതെറ്റിപ്പോകരുത്. മറിച്ച് ഒരേഒരു വായിൽനിന്ന് വിവിധ തലമുറകളിൽ ഉടലെടുത്ത ചൊല്ലുകൾ ശ്രവിക്കുക. ആദ്യതലമുറയിൽ ആദ്യത്തെ ഒരുചൊല്ല്; ആ തലമുറ കടന്നുപോയി, കൽപ്പനയും കടന്നുപോയി. വീണ്ടും ഒരു കൽപ്പന നൽകാനായി ഓരോ പുതിയ തലമുറയ്ക്കും അവൻ പുതിയ ചൊല്ല് കൂട്ടിച്ചേർക്കുന്നു. അവസാനതലമുറയിൽ എല്ലാ തലമുറകളിലെയും ചൊല്ലുകൾ ഒന്നിച്ചുശേഖരിക്കുന്നു. ചൊല്ലുകൾ ഒരുപോലെ അല്ലാത്തതിനാൽ വിഭിന്ന ചൊല്ലുകളിൽനിന്ന് വ്യത്യസ്ത ദേവന്മാരെ അവതരിപ്പിക്കാൻ, വിഡ്ഢികൾ ചൊല്ലുകൾ വേർതിരിക്കുന്നു.

www.malankaralibrary.com

തലമുറകളും പരസ്പരം വിഭിന്നമാണെന്ന് അവർ കാണുന്നില്ല. കാരണം, ഓരോ തലമുറയുടെയും ചെയ്തികൾ മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമായിരുന്നു. ഒരു തലമുറയുടെ നിയമം എല്ലാ തലമുറകളിലേക്കും വ്യാപിപ്പിച്ചെങ്കിൽ, വൃക്ഷത്തെ സമീപിക്കാത്തവരെ എന്തുകൊണ്ടാണ് പ്രളയജലം മുക്കിക്കളഞ്ഞത്? ആദത്തോടു പറഞ്ഞ വചനം നോഹവരെ നിലനിന്നെങ്കിൽ, നോഹയുടെ പ്രവൃത്തിയുമായി അതിനു ബന്ധമില്ലാത്തപ്പോൾ, എന്തു പ്രതിഫലമാണ് അവിടെ ഉണ്ടായിരുന്നത്? എല്ലാ തലമുറകളിലും ഉള്ളവർക്ക് കൽപ്പനകളും അനുരൂപപ്പെടുത്തുകയാണ് കൂടുതൽ ആവശ്യമായിരുന്നത്. ഒരു തലമുറയിലുള്ളവരുടെ പ്രയോജനത്തിന് ആ തലമുറയിലെ ചൊല്ലുകൾ പ്രസിദ്ധീകൃതമായി. ഈ ക്രമീകരണത്തിലൂടെ ചൊല്ലുകൾ വർദ്ധിക്കുകയും ഒന്നിച്ചുചേർക്കപ്പെടുകയും ചെയ്തു. ഏകനിൽനിന്ന് വഴിതെറ്റിപ്പോയ തെറ്റിന്റെ പ്രബോധകരെ, കൂട്ടിച്ചേർത്ത ചൊല്ലുകൾ വഴിതെറ്റിക്കുന്നു. ധരയിൽ പ്രവാചകന്മാർ മൊഴിഞ്ഞ വാക്കുകളിൽ നിന്ന് അവർ സ്വർഗത്തിൽ ദേവന്മാരെ ഉണ്ടാക്കി. ബലഹീനരെ പ്രേരിപ്പിക്കാൻ പ്രവാചകവചനങ്ങൾ നിരവധിയാണ്.

### കാലികമായി പരിമിതവും അപരിമിതവുമായ കൽപ്പനകൾ (147–166)

ബലഹീനരുടെ രോഗങ്ങൾക്ക് എല്ലാത്തരം ഔഷധങ്ങളും സജ്ജീകരിക്കപ്പെട്ടിരിക്കുന്നു. മുമ്പുണ്ടായിരുന്ന വ്യാധികൾ ഇല്ലാത്തതിനാൽ, നിയമങ്ങളിൽ ചിലത് ദുർബലമായിപ്പോയി. ചില വ്യാധികൾ ഇപ്പോഴും നിലനിൽക്കുന്നതിനാൽ, അവയിൽ ചിലത് ഇപ്പോഴും നിലനിൽക്കുന്നു. നിബിയന്മാരും ശ്ലീഹന്മാരും ആത്മാക്കളുടെ വൈദ്യന്മാരാണ്. മനുഷ്യരുടെ രോഗങ്ങൾക്ക് അനുസൃതമായി അവർ സഹായമെത്തിക്കുന്നു. ഓരോ തലമുറയിലെയും വ്യാധികൾക്കനുസൃതമായി അവർ മരുന്ന് നൽകി. ഒന്നാമത്തവനെയും അവസാനത്തവനെയും അവരുടെ മരുന്നുകൾ സഹായിച്ചു. ചില തലമുറകളിൽ മാത്രമുള്ള വ്യാധികളുണ്ട്. എല്ലാ തലമുറകളിലും കാണപ്പെടുന്നവയുമുണ്ട്. പുതുതായി പ്രത്യക്ഷപ്പെടുന്ന രോഗങ്ങൾക്ക് അവർ പുതിയതരം മരുന്നുകൾ നൽകുന്നു. എല്ലാ തലമുറകളിലും നിലനിൽക്കുന്ന വ്യാധികൾക്ക് അവർ സ്ഥിരമായി ഒരേ മരുന്നു നൽകുന്നു.

### ഛേദനാചാരവും സാബതും ശുദ്ധീകരണനിയമങ്ങളും ഇസ്രായേൽക്കാർക്ക് മാത്രം (167–188)

'മോഷ്ടിക്കരുത്' എന്ന കൽപ്പന അവൻ നൽകി പുറ.20,15); വ്യാധി നിലനിൽക്കുന്നു, അതിന്റെ മരുന്നും നിലനിൽക്കുന്നു. അവൻ ഛേദനാചാരനിയമം നൽകി; വ്യാധി മാറി, മരുന്നും ഇല്ലാതായി. പുതുതായി ഉടലെടുത്ത വ്യാധികൾ നിമിത്തം പരിച്ഛേദിതർക്ക് അവൻ പ്രതിവിധികൾ ഉണ്ടാക്കിക്കൊടുത്തു. നേരത്തെയുണ്ടായിരുന്ന വ്യാധികൾ നിമിത്തമായിരുന്നു അവൻ അവ


www.malankaralibrary.com

ഉണ്ടാക്കിയത്. ആ വ്യാധികൾ ഇപ്പോൾ ഇല്ലാത്തതിനാൽ, അവ ഉപയോഗം ഇല്ലാത്തതായിത്തീർന്നു. ഉപദ്രവം നീങ്ങിയതിനാൽ പ്രതിവിധി അധികപ്പറ്റായിത്തീർന്നു. ഇന്ന് സാബത്, പരിച്ഛേദനം, ശുദ്ധവും അശുദ്ധവുമായവയുടെ വേർതിരിവ് എന്നിവ സംബന്ധിച്ച നിയമങ്ങൾ നിർത്തലാക്കപ്പെട്ടു. അന്ത്യത്തിലുള്ളവർക്ക് അവ അധികപ്പറ്റായിമാറി. ഇടയ്ക്കുള്ളവർക്ക് അവ പ്രയോജനകരമായിരുന്നു. ആദ്യമുണ്ടായിരുന്നവർക്ക് അത് പ്രയോജനരഹിതമായിരുന്നു. കാരണം, അവർ അറിവിൽ തികഞ്ഞവരായിരുന്നു. അന്ത്യത്തിലുള്ളവർക്കും അവ പ്രയോജനരഹിതമായി. കാരണം, വിശ്വാസത്തിലൂടെ അവർ ആരോഗ്യമുള്ളവരാണ്. ഇടയ്ക്കുള്ളവർക്കു മാത്രമേ അവ പ്രയോജനപ്പെട്ടുള്ളു. കാരണം, വിജാതിയരാൽ അവർ മുറിവേറ്റവരായിരുന്നു.

**നിർത്തലാക്കിയ നിയമങ്ങളുടെ ആചരണം നാശകരമാണ് (189–214)**

പണിയായുധം പോലെ നിയമങ്ങൾ ഇന്നും പാലിക്കുന്നവൻ കൊലപാതകിയുടെ സഖിയാണ്; കാരണം, ആരോഗ്യമുള്ള അവയവത്തെ അവൻ മുറിക്കുന്നു. ജറമിയാ നിന്നോട് ഇപ്രകാരം പറയട്ടെ: 'നിയമങ്ങൾ ഇരുമ്പാണ്' (23,29). മുറിവേറ്റവർക്ക് അവ ഉപകാരപ്രദമാണ്; ഹാനി തട്ടാത്തവർ അതുകൊണ്ട് മുറിവേൽക്കാതിരിക്കട്ടെ. രോഗങ്ങൾ നിമിത്തമാണ് അവ നിർമിതമായിരിക്കുന്നത്. ആരോഗ്യമുള്ളവർ അതിനാൽ മുറിവേൽക്കാതിരിക്കട്ടെ. അദൃശ്യമായ ആത്മാവിനെ മുറിവേൽപ്പിക്കുന്നതാണ് ദൃശ്യമായ മുറിവിനേക്കാൾ ഹാനികരം! രോഗികൾക്ക് മുറിക്കൽ പ്രയോജനകരമായിരുന്നു; ആരോഗ്യമുള്ളവർക്ക് ഉപദ്രവകരവും. മരുന്നുകൾ ഉള്ളതിനാൽ ആരോഗ്യമുള്ള ശരീരത്തെ ക്ലേശിപ്പിക്കരുത്. കൽപ്പനകൾ തന്നെയും, സാധുത്വമുണ്ടായിരുന്നപ്പോൾ അവിടെ അനുഗ്രഹപ്രദമായിരുന്നു. ആരോഗ്യമുള്ളിടത്ത് വച്ചുകെട്ടുകളും മരുന്നുകളും മരണകരമാണ്. പ്രകൃതിചികിത്സയും ആരോഗ്യമുള്ളവർക്ക് അധികപ്പറ്റാണ്. രോഗകാലത്ത് മരുന്നുകൾക്ക് അവിടെയും ഇവിടെയും സൗഖ്യമാക്കാൻ കഴിഞ്ഞു. എന്നാലിപ്പോൾ യൂദജനവും അവരുടെ രോഗങ്ങളും കഴിഞ്ഞ കാലത്തേതാകയാൽ, അവരുടെ മരുന്നുകൾ ഉപയോഗയോഗ്യം അല്ലാതായിത്തീർന്നു.

**ആണയിടൽ, മോഷണം, വ്യഭിചാരം എന്നിവയുടെ നിരോധനം ഇപ്പോഴും നിലനിൽക്കുന്നു (215–226)**

ഒരു രോഗം നീങ്ങി, മറ്റൊന്ന് നിലനിന്നു; ഒരു മരുന്ന് നീങ്ങി, മറ്റൊന്ന് നിലനിന്നു. ബലികൾ, സാബത്, ദശാംശം എന്നിവ സംബന്ധിച്ചുള്ള ദോഷങ്ങളും മരുന്നുകളും നീങ്ങിപ്പോയി. എന്നാൽ ആണയിടരുത്, മോഷ്ടിക്കരുത്, വ്യഭിചാരം ചെയ്യരുത് എന്നിവ സംബന്ധിച്ചുള്ള ദോഷങ്ങളും മരുന്നുകളും മുമ്പെന്നപോലെ ഇപ്പോഴും നിലനിൽക്കുന്നു (പുറ.20,7.14). രോഗത്തോടുകൂടെ നീങ്ങിപ്പോയ കൽപ്പനയുടെ പിന്നാലെ പരക്കംപായരുത്. നിന്റെ

www.malankaralibrary.com

മുറിവിനുള്ള മരുന്നായ കൽപ്പനകൾ ശ്രദ്ധിക്കുക. നിനക്ക് പ്രയോജനകരമല്ലാത്ത മരുന്നുകൾ നിന്റെ മുറിവിൽ വയ്ക്കരുത്.

## ക്രിസ്ത്യാനികൾ പരിച്ഛേദനം ചെയ്യുന്നതിന് എതിരെയുള്ള വാദം (227 –272)

പാപത്തോടുകൂടെ അനീതി കൂട്ടിച്ചേർത്തതിനാൽ, രോഗത്തോടുകൂടെ രോഗം വർദ്ധിക്കുന്നു. നിയമദാതാവ് അഴിച്ചത് നീ കെട്ടുന്നതിനാൽ, അവിടുന്ന് കോപിച്ചിരിക്കുന്നു. അവൻ നിനക്കു തന്ന കൽപ്പന പാലിക്കപ്പെടാതിരിക്കുന്നു; അവിടുന്ന് നിരാകരിച്ചത് നീ മുറുകെപ്പിടിക്കുന്നു. വിഡ്ഢീ, നിയമം പാലിക്കുന്നതിനെപ്പറ്റി അൽപം അന്വേഷണം നടത്തുക. ഉള്ളിലുള്ള പാപത്തിന് പരിഹാരമായി എന്തുചെയ്യാൻ പരിച്ഛേദനത്തിനു കഴിയും? പാപം ഹൃദയത്തിൽ വസിക്കുന്നു; എന്നാൽ നീ നിന്റെ തൊലി ച്ഛേദിക്കുന്നു. ഞാനിതു പറയുന്നെങ്കിലും, 'ച്ഛേദനാചാരം അക്കാലത്ത് പ്രയോജനകരമാണ്' എന്നത് നിലനിൽക്കുന്നു. താൻ സ്വന്തമാക്കിയ വിഡ്ഢികളായ ജനത്തിന്റെ മുദ്രയായി എല്ലാവരുടെയും ഇടയൻ അത് നിശ്ചയിച്ചു. തങ്ങളുടെ ഇടയന്മാരെ കൊല്ലുന്ന അജഗണത്തിന്റെ അടയാളമായി എല്ലാം അറിയുന്നവൻ അത് നിശ്ചയിച്ചു. വിജാതീയ അജഗണത്തോട് എപ്പോഴും കൂടിച്ചേരുന്ന ഒരു ഗണമായിരുന്നത്. തങ്ങളുടെ ഇച്ഛയ്ക്കെതിരായി, മറ്റുള്ളവരിൽ നിന്ന് അവർ വേർതിരിക്കപ്പെടാനായി ഒരടയാളത്താൽ അവൻ അവരെ മുദ്രകുത്തി. അവൻ അജഗണത്തിനു നൽകിയ ദൃശ്യമായ മുദ്രയാൽ അവരുടെ വിഭ്രാന്തിയുടെ കോളിളക്കം ശമിപ്പിക്കുന്നതിനായിരുന്നു അത്.

അവരുടെ ഉള്ളിൽ എന്തോ ഉണ്ടായിരുന്നതിനാൽ മാത്രമാണ് അവരെ സംരക്ഷിക്കാൻ അവൻ തൽപ്പരനായത്. അവരുടെ ഉള്ളിൽ നിഗൂഢമായിരുന്ന യാഥാർഥ്യം പുറത്തുവന്ന് മനുഷ്യകുലത്തിന്റെ ഇടയനായിത്തീർന്നു. ഇടയന്മാരുടെ കർത്താവ് നിന്ദ്യരായ അജഗണത്തിൽ നിഗൂഢമായിരുന്നു. ജാതികൾ തന്റെ അജഗണമായിത്തീരാൻ വിഡ്ഢികളായ അജഗണത്തെ അവൻ കൈവിട്ടു. അതുകൊണ്ട്, പരിച്ഛേദനത്താൽ നീ സ്വയം ക്ലേശിപ്പിക്കരുത്. അതിന്റെ കാലം കടന്നുപോയി. മറ്റൊരു ച്ഛേദനത്താൽ വേദനയ്ക്കായി നിന്നെത്തന്നെ ഒരുക്കുക; നിന്റെ ഉള്ളിലെ നിന്ദ്യപാപങ്ങൾ മുറിച്ചുമാറ്റുക. നിന്റെ പാപങ്ങൾ മുറിച്ചുമാറ്റാൻ നിന്റെ സ്വതന്ത്രേച്ഛയ്ക്ക് കഴിയും. ബാഹ്യശക്തിക്ക് നിന്റെ ഉള്ളിൽ കടന്ന് നിന്റെ ചിന്തകളെ മുറിച്ചുമാറ്റാനാവില്ല. 'നിങ്ങളുടെ ഹൃദയങ്ങൾ പരിച്ഛേദനം ചെയ്യുവിൻ' എന്ന്, ശാരീരികപരിച്ഛേദനത്തിന് അവരെ പ്രേരിപ്പിച്ചവൻതന്നെ അവരോട് വിളിച്ചുപറയുന്നത് കേൾക്കുക (ജറ.4,4;ആവ.10,6). അവൻ എന്തിനാണ് മറ്റൊരു പരിച്ഛേദനം നിശ്ചയിച്ചത്? ഇതാ, അവരുടെ ശരീരങ്ങൾ പരിച്ഛേദിതമായിരുന്നല്ലോ! അവൻ മറ്റൊരു പരിച്ഛേദനം ആവശ്യപ്പെട്ടെങ്കിൽ, ദൃശ്യമായ പരിച്ഛേദനത്തിന് വിധേയമാകാതിരിക്കുക!


www.malankaralibrary.com

**പരിച്ഛേദനത്തിനും സാബതിനും പകരം രണ്ട് കൽപ്പനകൾ (273-286)**

എല്ലാ കൽപ്പനകളുടെയും രാജാവായ ആദ്യകൽപ്പന നീ നിനക്കായി തെരഞ്ഞെടുക്കുക. എല്ലാ കൽപ്പനകളുടെയും സൈന്യാധിപനായ രണ്ടാമത്തെ കൽപ്പന നീ നിനക്കായി തെരഞ്ഞെടുക്കുക (മത്താ.22,39; മർക്കോ. 12,30). രാജാവിനെയും സൈന്യാധിപനെയും ആശ്രയിച്ചാണ് സൈന്യം മുഴുവൻ നിലനിൽക്കുന്നത്. നിയമവും പ്രവാചകന്മാരും ഈ രണ്ട് കൽപ്പനകളിൽ അധിഷ്ഠിതമാണ്.(മത്താ.22,40). സാബതും പരിച്ഛേദനവും ഉപേക്ഷിക്കുക; കാരണം, അവ നിന്നെവിട്ട് കടന്നുപോയി. ആന്തരിക കാര്യങ്ങളിലാണ് നീ കുറ്റക്കാരനായിരിക്കുന്നത്. എന്നാൽ നീ ബാഹ്യനിയമങ്ങൾ പാലിക്കുന്നു; ഉള്ളിലുള്ള ആത്മാവ് നശിച്ചു; എന്നാൽ ബാഹ്യമായി സാബത് അനുഷ്ഠിക്കുന്നു.

**യൂദരുടെ നിർബന്ധിച്ചുള്ള മതംമാറ്റത്തിന് എതിരെയുള്ള വാദം (287-348)**

നിയമങ്ങൾക്ക് പ്രാബല്യമുണ്ടായിരുന്ന കാലത്ത് മത്സരക്കാരായ യൂദർ അവ അനുസരിച്ചില്ല. അവയുടെ കാലം കടന്നുപോയിട്ടും അവ അനുസരിക്കാൻ അവർ നമ്മെ നിർബന്ധിക്കുന്നു. മുമ്പുണ്ടായിരുന്ന രോഗം ആരോഗ്യമുള്ളവർ സ്വന്തമാക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. തങ്ങളുടെ രോഗങ്ങൾക്ക് പ്രത്യൗഷധമായി തയാറാക്കപ്പെട്ട പരിച്ഛേദനം, പൊള്ളിക്കൽ, മരുന്നുകൾ എന്നിവയാൽ ആരോഗ്യമുള്ള അവയവത്തെ വെട്ടിമുറിക്കാൻ അവർ ശ്രമിക്കുന്നു. അവരുടെ അടിമത്തത്തിനായി സജ്ജീകരിക്കപ്പെട്ട വിലക്കുകളും ചരടുകളും കെട്ടുകളും തങ്ങളുടെ നാഥനോടുള്ള സ്നേഹത്തിൽ നിലനിൽക്കുന്ന സ്വാതന്ത്ര്യത്തിന്മേൽ വയ്ക്കാൻ അത് ആലോചിക്കുന്നു. തങ്ങളുടെ വിലക്കുകൾ സ്വതന്ത്രരുടെമേൽ കെട്ടിവയ്ക്കാൻ ക്രൂരദാസന്മാർ ധൃതിപ്പെട്ടു. സ്വതന്ത്രരെ അന്തസ്സുള്ളവരാക്കാൻ എന്ന വ്യാജേന അവർ അടിമകളുടെ നുകം അവരുടെമേൽ വച്ചു. ബഹുമാനത്തിന്റെ മുഖംമൂടിയിൽ സ്വതന്ത്രരെ ലജ്ജിപ്പിക്കാൻ അവർ ആഗ്രഹിച്ചു. നമ്മെ മോശയിലേക്ക് നയിക്കാൻ എന്ന വ്യാജേന അവർ നമ്മെ ക്രിസ്തുവിൽ നിന്നകറ്റി. ദാസന്റെ പക്ഷത്ത് നിൽക്കുക എന്നത് അഭിമാനകരമാണെങ്കിൽ, യജമാനന്റെ പക്ഷത്ത് നിൽക്കുന്നത് എത്രയധികമായിരിക്കും! ദാസന്റെ യജമാനനെ തള്ളിപ്പറയുന്നവർ ദാസന്റെ ഭാഗത്തും നിൽക്കുന്നില്ല. അവർ അപമാനിച്ച മോശ നമ്മുടെ ഇടയിൽ തന്റെ ബഹുമാനം കണ്ടെത്തി. കർത്താവ് കർത്താവായും ദാസൻ ദാസനായും ബഹുമാനിക്കപ്പെടും. മോശയെ തന്റെ കാലത്തുള്ള ജനം പീഡിപ്പിച്ചു; അവന്റെ നാഥനെ തന്റെ കാലത്ത് അവർ ക്രൂശിച്ചു. തെറ്റിലായിരുന്ന ജനങ്ങളുടെ പക്കലേക്ക് അവർ(യൂദർ) പാഞ്ഞു.

ഇന്ന് അവർ (യൂദർ) അവിടുത്തെ നിഷേധിച്ച് വഴിതെറ്റുമ്പോൾ, അവർ ജനതകളെ തങ്ങളുടെ പക്കലേക്ക് വിളിക്കുന്നു. ജനതകളുടെ സഭയിൽ

www.malankaralibrary.com

ശുദ്ധതയുണ്ട്; ഈജിപ്തിൽ അശുദ്ധിയും. കടൽ യൂദജനത്തെ തടഞ്ഞി ല്ലായിരുന്നെങ്കിൽ, അവർ വീണ്ടും ഈജിപ്തിലേക്ക് തിരികെ പോകുമായി രുന്നു. സമ്പൂർണസത്യത്തിലേക്ക് (സഭയിലേക്ക്) അവർ കടക്കുകയില്ല. സമ്പൂർണ കാപട്യത്തിന്റെ നാട്ടിലേക്ക് അവർ ഓടിയടുക്കുന്നു. വളരെയ ധികം രക്തം കുടിച്ചെങ്കിലും, കൊലപാതകത്തിൽനിന്ന് പിന്തിരിയാൻ അതിനു കഴിയുന്നില്ല. അന്ന് അവർ പരസ്യമായി കൊന്നു; ഇപ്പോൾ രഹസ്യ മായിട്ടാണ്. അനുയായികളെ തീനരകത്തിൽ എത്തിക്കാൻ, അവർ കടലും കരയും താണ്ടുന്നു (മത്താ.23,15). അവരുടെ ആർത്തിപോലെ പരസ്യമായി കൊല്ലാൻ ഒരു പ്രവാചകൻ പോലുമില്ല. അവരെ കൊലയിൽ നിന്നകറ്റാൻ അവർ രാജ്യങ്ങൾക്കിടയിൽ ചിതറിക്കപ്പെട്ടു. മന്ത്രവാദികളുടെ ഗ്രന്ഥങ്ങൾക്ക് പകരം മുൻകാലവിജാതീയർ പ്രവാചകഗ്രന്ഥങ്ങൾ പഠിക്കുന്നതായി അവർ കണ്ടു. മുമ്പ് അവർ കൊന്ന പ്രവാചകരെ അവരിപ്പോൾ ഉപയോഗിക്കുന്നു. തർക്കത്തിൽ അവരെ കൊല്ലാൻ അവർ ഉപയോഗിക്കുകയും പ്രയോജനപ്പെ ടുത്താതിരിക്കുകയും ചെയ്യുന്നു. അവർ പ്രവാചകന്മാരുടെ ശരീരങ്ങൾ കൊന്നു; പ്രവാചകന്മാർക്കു പകരം അവരുടെ ഗ്രന്ഥങ്ങൾ വായിക്കുന്നവരെ കൊല്ലാൻ ഇപ്പോൾ അവർ പ്രവാചകന്മാരുടെ ചൊല്ലുകൾ ഉപയോഗിക്കുന്നു.

**ദൈവഘാതകരായ യൂദർക്കെതിരെയുള്ള താക്കീത് (349-384)**

ബലഹീനനേ, അവരിൽ നിന്ന് ഓടിയകലുക; നിന്റെ മരണവും നിന്റെ രക്തവും അവർക്ക് നിസ്സാരമാണ്. ദൈവത്തിന്റെ രക്തം അവർ തങ്ങളുടെ മേൽ വലിച്ചുകയറ്റി. നിന്റെ രക്തം അവരെ ഭയപ്പെടുത്തി ഓടിക്കുമോ? ഭയര ഹിതമായി അവർ തെറ്റിലേക്കു പോയതിനാൽ, നിർഭയമായി നിന്നെയും നയിക്കും. മേഘസ്തംഭത്തിന്റെ കീഴിൽ അവർ നിർലജ്ജം കാളക്കുട്ടിയെ ഉണ്ടാക്കി. അവർ നിർഭയമായി നാലുമുഖങ്ങളുള്ള രൂപം ശ്രീകോവിലിൽ പ്രതിഷ്ഠിച്ചു (2ദിന.33,7). അവർ ദൈവത്തെ കുരിശുമരത്തിൽ തറച്ചു. അവന്റെ ദർശനത്തിൽ സൃഷ്ടി വിറച്ചു. അവിശ്വാസികളായ ജനം തങ്ങ ളുടെ ഹൃദയങ്ങൾ പിളർക്കുന്നതിന്, പരിശുദ്ധാത്മാവ് വാതിൽമറ രണ്ടായി കീറി. പാറകളും കല്ലറകളും പിളർന്നു; എന്നാൽ ശിലാഹൃദയം വികാര ര ഹിതമായി നിലകൊണ്ടു.അവർ ഞെട്ടിവിറച്ചില്ലെന്നു കണ്ട് പരിശുദ്ധാത്മാവ് അവരുടെ വിഭ്രാന്തിയിൽ നിന്ന് പറന്നുപോയി. തങ്ങളുടെ ഉന്നതദൈവത്തി നെതിരെ ശപിക്കപ്പെട്ട ജനം അലറിയടുത്തു. അവരുടെ വഷളത്തം വസ്തു നിഷ്ഠമായി വിവരിക്കാൻ പ്രവാചകൻ ലജ്ജിച്ചു. എസക്കിയേൽ അവരുടെ നിന്ദ്യകർമങ്ങൾ ലജ്ജാപൂർവം വിവരിച്ചു. ലജ്ജയുള്ള ഒരാൾ അവ വിവരി ച്ചതിനാൽ, ലജ്ജാപൂർവം അവതരിപ്പിച്ചിരിക്കുന്നു. പാവനമായത് അവരുടെ വായിൽകൂടി കടന്ന് അപമാനിക്കപ്പെട്ടു. അതുപോലെ അവരുടെ നിന്ദ്യകർമ ങ്ങൾ ലജ്ജാവിവശന്റെ വായിൽകൂടി കടന്ന് മയപ്പെട്ടു. ഊനമില്ലാത്ത


www.malankaralibrary.com

കുഞ്ഞാടുകളെപ്പോലെ അവർ പ്രവാചകന്മാരെ കൊന്നു. വൈദ്യന്മാർ അവരുടെ പക്കലേക്ക് കടന്നുവന്നു; അവർ അവരുടെ കൊലപാതകികളായി. ഈ വട്ടുപിടിച്ച ജനത്തിൽനിന്ന് ഓടിയകന്ന് നിന്നെത്തന്നെ രക്ഷിക്കുക; വേഗത്തിൽ ക്രിസ്തുവിൽ അഭയം തേടുക.

**ദൈവത്തെയല്ല നിന്റെ ശത്രുവിനെ പരിശോധിക്കുക (385–419)**

അന്വേഷകനായി വരാതെ, ആരാധകനായി അടുത്തുവരിക. അവിശ്വാസി (യൂദൻ) ക്രൂശിൽ തറയ്ക്കുന്നവനാകുകയും ആരാധിക്കുന്നവൻ (ക്രിസ്ത്യാനി) പരിശോധകനാകുകയും ചെയ്യുമ്പോൾ, ഒരാൾ ദുഷിക്കുകയും മറ്റെയാൾ തർക്കിക്കുകയും ചെയ്യുന്നു. അതിനാൽ വിവേചനാശക്തിയുള്ളവർ അതേപ്പറ്റി ഉറക്കെ കരയട്ടെ. അബ്രഹാമിന്റെ വംശാവലിയിലേക്ക് അവൻ കടന്നുവന്നു; പിൻതലമുറക്കാർ അവന്റെ കൊലപാതകികളായി. അവൻ സാധാരണക്കാരായ ജനതകളുടെ പക്കലേക്കുവന്നു; ലളിതമാനസ്സർ പരിശോധകരായി മാറി. നിന്റെ നാഥനോട് ലളിതമാനസ്സനായിരിക്കുക; നിന്റെ ശത്രുവിനോട് തന്ത്രശാലിയായിരിക്കുക. അവൻ തന്റെ കെണികൾ എവിടെയാണ് ഒളിച്ചുവച്ചിരിക്കുന്നതെന്ന് പരിശോധിക്കുക; അന്വേഷിച്ച് ഗ്രഹിക്കുക. വിവേകപൂർവം സൂക്ഷിച്ചു നിരീക്ഷിച്ച് അവന്റെ നിഗൂഢവും സൂക്ഷ്മവുമായ കെണികൾ കാണുക! അവൻ തന്റെ പടുകുഴികൾ എവിടെയാണ് ഒരുക്കുന്നതെന്ന് ചെവികൂർപ്പിച്ച് ചുറ്റുംനോക്കി മനസ്സിലാക്കുക. നീ ഒരു രഹസ്യാന്വേഷകനായിത്തീർന്ന്, നിന്റെ ശത്രുവിന്റെ പതിയിരിപ്പ് എവിടെയാണെന്ന് മനസ്സിലാക്കുക. നിന്റെ തന്ത്രശാലിയായ എതിരാളിയെ പരിശോധിക്കുന്നതിനുപകരം നിന്റെ ദൈവത്തെ തപ്പിത്തടയാൻ നീ മുതിരുന്നു. ദൈവം ദൈവമാണെന്നും നിനക്കവനെ പരിമിതപ്പെടുത്താനാവില്ലെന്നും അറിയുക. നല്ല വിവേചനാശക്തിയോടെ ഓരോന്നിനും ചേർന്നവിധം രണ്ടിനെയും സമീപിക്കുക: സാത്താനോട് പോരാടിക്കൊണ്ടും, ദൈവത്തോട് സാധാരണ മനുഷ്യനായും. പോരാട്ടത്തിൽ ഒരാളോട് പൊരുതുക; മറ്റെയാൾ സ്ഥിതിചെയ്യുന്നു എന്നു വിശ്വസിക്കുക. അദൃശ്യന്റെ ശക്തിമത്തായ പ്രവാഹത്തിൽ മുങ്ങിത്താഴാൻ മുതിരരുത്; അതിന്റെ ആഴം നിനക്ക് വലുതായിരിക്കും. നിന്റെ ചിന്ത അപകടത്തിലാകാൻ ഇടയുണ്ട്.

# 4

## ദൈവികജ്ഞാനത്തിൽ സൃഷ്ടികളുടെ മിതത്വം (1–28)

അടുത്തുവരാൻ ഞാൻ ആഗ്രഹിക്കുന്നു; എന്നാൽ അകന്നു പോകുമോയെന്നു ഭയപ്പെടുന്നു. കാരണം പരിശോധിച്ചുകൊണ്ട് സമീപിക്കുന്നധിക്കാരി വളരെ അകന്നുപോകുന്നു. എന്നാൽ മിതമായി സമീപിക്കുന്നവനെ നീതി പുറന്തള്ളുന്നില്ല. വളരെ അകന്നുപോകാതിരിക്കാൻ നാം വളരെ അടുത്തേക്കു പോകുന്നില്ല. നശിച്ചുപോകാതിരിക്കാൻ, നമുക്ക് വളരെ അകന്ന് കഴിയാതെയുമിരിക്കാം. നാം രണ്ടും ഒത്തുചേർക്കുന്നു: അപരിമേയസത്തയെ മിതമായി സമീപിക്കാം. വിസ്തരിച്ചു പറയുന്നത് അനുചിതമാകയാൽ, ചുരുക്കി കാര്യമാത്രപ്രസക്തമായി പറയാം.

നിന്ദ്യമായ പൂഴി തന്റെ നിർമാതാവിനെപ്പറ്റി എത്രമാത്രമാണ് പറയുക! സ്രഷ്ടാവിന്റെ ഛായ ആയിരിക്കാൻ ദൈവികകൃപ പൂഴിയെ മെനഞ്ഞുണ്ടാക്കി. അവൻ തന്റെ സ്രഷ്ടാവിനെതിരെ തുനിഞ്ഞിറങ്ങാതിരിക്കാൻ, ദൈവികനീതി അവനെ ഭയപ്പെടുത്തട്ടെ. അവൻ തന്നെത്തന്നെ അറിയുന്നതിന് സ്രഷ്ടാവ് ആ പാത്രത്തിന് ജ്ഞാനം നൽകി. എന്നാൽ രൂപീകരിക്കപ്പെട്ടത് രൂപീകരിച്ചവനെ കടന്നാക്രമിച്ചു. ദൈവികകൃപയ്ക്ക് അർഹമായ നന്ദി, പരിശോധനയിലൂടെ അവൻ നിഷേധിച്ചു. മിതമായി പഠിക്കുന്നവരെ സമനില തെറ്റാതെ ശ്രവിക്കാം. നമുക്ക് ത്രാസ് നടുക്കുവയ്ക്കാം. നമുക്ക് തൂക്കിനോക്കി എടുക്കുകയും കൊടുക്കുകയും ചെയ്യാം. അധ്യാപകരിൽനിന്നും അപ്രകാരം സ്വീകരിക്കാം; അങ്ങനെ വിദ്യാർഥികൾക്ക് കൊടുക്കുകയും ചെയ്യാം.

## പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും പറ്റിയുള്ള ക്രിസ്തീയ പ്രബോധനം (29–46)

ദൈവം ദൈവമാണെന്ന് നീ കേട്ടിട്ടുണ്ടല്ലോ; നീ മനുഷ്യനാണെന്ന് തിരിച്ചറിയുക. ദൈവം സ്രഷ്ടാവാണെന്ന് നീ കേട്ടിട്ടുണ്ടല്ലോ; നിർമിക്കപ്പെട്ടതിന് അവനെ എങ്ങനെ പരിശോധിക്കാൻ കഴിയും! ദൈവം പിതാവാണെന്ന് അവനിൽനിന്ന് നീ കേട്ടിരിക്കുന്നു; അവനിൽനിന്ന് ജനിച്ചവനെ അവന്റെ പിതതൃത്വത്തിൽ നിന്ന് അറിയുക. കാരണം, പിതാവ് ജനകനാണെങ്കിൽ,തന്നിൽ നിന്നുള്ള പുത്രനെ തന്നിൽ നിന്നുതന്നെ അവൻ ജനിപ്പിച്ചു. ഏകജാതനായ ഏകപുത്രനെ നിന്റെ ചോദ്യങ്ങളാൽ കീറിമുറിക്കരുത്. പുത്രന്റെ പരമപരിശുദ്ധിയെപ്പറ്റി കേട്ടിട്ടുണ്ടല്ലോ. നിന്റെ ചോദ്യങ്ങളാൽ അവനെ കറപുരട്ടരുത്. ആത്മാവ് പരിശുദ്ധാത്മാവാണെന്ന് നീ കേട്ടിട്ടുണ്ടല്ലോ. മനുഷ്യർ അവനെ വിളിക്കുന്ന പേരുകളാൽ അവനെ വിളിക്കുക. നീ അവന്റെ നാമം ശ്രവിച്ചു. അവന്റെ നാമം ഏറ്റുപറയുക. അവന്റെ സ്വഭാവം പരിശോധിക്കാൻ


www.malankaralibrary.com

നിനക്കനുവാദമില്ല. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന് നീ കേട്ടിട്ടുണ്ടല്ലോ; പേരുകളോടുകൂടെ *ക്നോമായും* അംഗീകരിക്കുക.

**നാമം, ക്നൂമാ, യാഥാർഥ്യം**

പേരിൽ മാത്രമല്ല യോജിച്ചിരിക്കുന്നത്, യാഥാർഥ്യത്തിലും മൂന്നും ഒന്നിച്ചിരിക്കുന്നു. നീ നാമങ്ങൾ മാത്രം ഏറ്റുപറയുകയും *ക്നോമാകൾ* ഏറ്റുപറയാതിരിക്കുകയും ചെയ്താൽ നീ നാമങ്ങളുടെ മാത്രം ആരാധകനായിരിക്കും; എന്നാൽ പ്രവൃത്തിയിൽ അവിശ്വാസിയായിരിക്കും. വസ്തുനിഷ്ഠമായി *ക്നോമാ* ഇല്ലാത്തിടത്ത് പ്രസ്താവിതനാമം ശുഷ്ക്കമായിരിക്കും; *ക്നോമാ* ഇല്ലാത്ത വസ്തുവിന്റെ നാമം വ്യർഥമായിരിക്കും. ഒരുവസ്തു സത്യമായി സ്ഥിതിചെയ്യുന്നെന്ന് *ക്നോമാ* നമ്മെ പഠിപ്പിക്കുന്നു.

**ദൈവികാസ്തിത്വം അറിയാനാകും, എങ്ങനെയെന്നറിയില്ല (59–66)**

ഒരുവസ്തു സ്ഥിതിചെയ്യുന്നെന്ന് ഗ്രഹിക്കാനാകും; അതിൽ നിന്ന് അത് എങ്ങനെയെന്നുള്ളത് ഗ്രഹിക്കാനാവില്ല. അത് സ്ഥിതചെയ്യുന്നു എന്നത് ഗ്രഹിക്കുന്നതിൽനിന്ന് എങ്ങനെ സ്ഥിതിചെയ്യുന്നെന്ന് ഗ്രഹിക്കുന്നില്ല. വീണ്ടും, അതിനെ നിർവചിക്കാൻ കഴിയാത്തതുകൊണ്ട്, അതിന്റെ അസ്തിത്വം നീ നിഷേധിക്കുന്നില്ല. ദൈവത്തെ നഷ്ടപ്പെടുത്തുന്നതും പരിശോധിക്കുന്നതും ദൈവദൂഷണമാണ്.

**ആരിയരുടെ തർക്കവും വിശ്വാസവും (67–96)**

അവൻ (ക്രിസ്തു) ഒരുഗ്രസാഗരമാണ്. അതിനെ പരിശോധിക്കാൻ മുതിർന്നാൽ, അതിലെ തിരമാലകളുടെ ശക്തി നിന്റെ ഗതി തിരിച്ചുകളയും. ഒരൊറ്റ തിരമാലയ്ക്ക് നിന്നെ മുക്കിക്കളയാനും പാറയിൽ ആഞ്ഞടിക്കാനും കഴിയും. ബലഹീനമനുഷ്യാ, ഒരു കപ്പലിൽ യാത്രചെയ്യുന്നത് നിനക്ക് മതിയാകും. കടലിലെ കപ്പലിനേക്കാൾ വിശ്വാസമാണ് നിനക്കു മെച്ചം. കാരണം, ചുക്കാൻ കൊണ്ട് കടലിൽ കപ്പൽ രക്ഷപെടുത്താമെങ്കിലും തിരമാലകൾക്ക് അതിനെ മുക്കാൻ കഴിയും. നിന്റെ ഇച്ഛ സമ്മതിക്കാതിരുന്നാൽ നിന്റെ വിശ്വാസം താണുപോകില്ല! കടൽ തന്റെ ഇച്ഛാനുസൃതം വ്യാപരിക്കാൻ നാവികന് ആര് ശക്തികൊടുക്കും? നാവികൻ ഒന്നു ചിന്തിക്കുന്നു, കടൽ മറ്റൊന്നു പ്രവർത്തിക്കുന്നു. നമ്മുടെ കർത്താവു മാത്രം കടലിനെ ശാസിക്കുകയും ശാന്തമാക്കുകയും നിശ്ശബ്ദമാക്കുകയും ചെയ്തു. അവനെപ്പോലെ കടലിനെ ശാസിക്കാനും ശാന്തമാക്കി നിശ്ശബ്ദമാക്കാനും കഴിയുന്നതിന് അവൻ നിനക്ക് ശക്തി തന്നിരിക്കുന്നു.

കടലിനേക്കാൾ ഉഗ്രമാണ് തർക്കം. തിരമാലകളേക്കാൾ ഉഗ്രമാണ് കലഹം. പരിശോധന നിന്റെ മനസ്സിനെ ഇളക്കിമഥിച്ചു. അതിനെ ശാസിച്ച്

അതിന്റെ തിരമാലകളെ ശാന്തമാക്കുക. കൊടുങ്കാറ്റ് കടലിനെ മഥിക്കുന്നു. പരിശോധന മനസ്സുമായി മൽപ്പിടുത്തം നടത്തുന്നു. നമ്മുടെ കർത്താവ് ശാസിച്ചു, കൊടുങ്കാറ്റ് ശമിച്ചു, കപ്പൽ ശാന്തമായി കരയിലേക്കു നീങ്ങി. (മത്താ.8,26). നിന്റെ വിശ്വാസം ശാന്തമായിരിക്കാൻ അന്വേഷണത്തെ ശാസിച്ച് നിയന്ത്രിക്കുക.

## സൃഷ്ടികളുടെ അസ്തിത്വത്തെപ്പറ്റിയുള്ള അറിവില്ലാതെ അവയെ ഉപയോഗിക്കുന്നത് (97–128)

സൃഷ്ടികൾ നിന്നെ ബോധ്യപ്പെടുത്തട്ടെ; അവയുടെ ഉപയോഗം നിനക്കറിയാമല്ലോ. നീ ഉറവയെ നിഷേധിച്ചാലും അതിലെ ജലം വേണ്ടെന്നു വയ്ക്കുന്നില്ല. നീ അതിൽനിന്ന് കുടിച്ചതുകൊണ്ട് അതിനെ മനസ്സിലാക്കിയെന്ന് നീ കരുതുന്നില്ല. അതുപോലെ സൂര്യനെ നീ നിഷേധിച്ചാലും അതിന്റെ പ്രകാശം നിനക്ക് കിട്ടാതെ വരുന്നില്ല. അത് നിന്റെ പക്കലേക്ക് ഉദിച്ചുവരുന്നതിനാൽ അതിന്റെ ഉയരത്തിലേക്ക് കയറാൻ നീ ആഗ്രഹിക്കുന്നില്ല. വായു നിനക്ക് വളരെ വ്യാപ്തിയുള്ളതാണെങ്കിലും അതിൽ ചെറിയൊരംശമാണ് നിന്റെ ജീവൻ നിലനിർത്തുന്നത്. അതിലൊരംശം നിന്റെ പക്കലുണ്ടെങ്കിലും അതിന്റെ അളവ് എത്രയാണെന്ന് നിനക്കറിവില്ല. നിനക്കുപകരിക്കുന്ന വളരെ കുറച്ചുകാര്യങ്ങൾ മാത്രമേ നീ സൃഷ്ടികളിൽനിന്ന് എടുക്കുന്നുള്ളു. വളരെയധികം വസ്തുക്കൾ നീ അതിന്റെ ഭണ്ഡാരത്തിൽ തിരികെ ഉപേക്ഷിക്കുന്നു. ആവശ്യമുള്ള കുറച്ചു കാര്യങ്ങൾ നീ ഉപേക്ഷിക്കുന്നില്ല. വളരെയധികം കാര്യങ്ങളെപ്രതി നീ കലഹിക്കുന്നുമില്ല.

സ്രഷ്ടാവിന്റെ സഹായം തേടുന്നതിൽ നീ തൽപ്പരനായിരിക്കുന്നതിനും അവനെ പരിശോധിക്കുന്നതിൽ നിന്ന് അകന്നിരിക്കുന്നതിനും സ്രഷ്ടാവിന്റെ സൃഷ്ടികൾ അവനെപ്പറ്റി നിന്നെ പഠിപ്പിക്കുന്നു. ദൈവികൗന്നത്യത്തിൽനിന്ന് ജീവൻ പ്രാപിക്കുക; ആ ഔന്നത്യത്തെ പരിശോധിക്കുന്നതിൽ നിന്ന് പിന്തിരിയുക. പിതാവിന്റെ കൃപയെ സ്നേഹിക്കുക, എന്നാൽ അവന്റെ സത്തയെ പരിശോധിക്കാതിരിക്കുക. പുത്രന്റെ നന്മയെ സ്നേഹിച്ച് ആശ്ലേഷിക്കുക, എന്നാൽ അവന്റെ നിത്യജനനം പരിശോധിക്കാതിരിക്കുക. പരിശുദ്ധാത്മാവിന്റെ ആവാസത്തെ സ്നേഹിക്കുക, എന്നാൽ അവനെ പരിശോധിക്കാൻ അടുത്തുവരരുത്.

## പരിശോധിക്കാതെ സാന്മാർഗികജീവിതം നയിക്കണം (145–150)

നീ കൽപ്പനകളും നിയമങ്ങളും ഗ്രഹിച്ചു, നിന്റെ വ്യാപാരം തദനുസൃതം ക്രമീകരിക്കുക. നീയിപ്പോൾ നിന്റെ ജീവിതവ്യാപാരനൈപുണ്യം നേടി; വാഗ്ദാനങ്ങൾക്കനുസൃതം ക്രമീകരിക്കുക. എഴുതപ്പെടാത്തവ നിമിത്തം ആയാസപ്പെടാതിരിക്കാൻ, കൽപ്പനകളിൽ തൽപ്പരനായിരിക്കുക.


www.malankaralibrary.com

## പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും സംബന്ധിച്ച് വെളിപ്പെടുത്തപ്പെട്ട സത്യം (151–207)

നീ പരസ്യമായി സത്യം ശ്രവിച്ചു; നിഗൂഢമായി വഴിതെറ്റിപ്പോകരുത്. ശെമയോൻ പരസ്യമായി സംസാരിച്ചു; അവൻ സത്യം പറയുകയും 'ഭാഗ്യവാൻ' എന്ന് വിളിക്കപ്പെടുകയും ചെയ്തു. ശെമയോൻ ഒരു വാക്കുമാത്രം പറഞ്ഞു എന്ന് കാണുക; അനേകം വാക്കുകളാൽ വഴിതെറ്റിപ്പോകരുത് (മത്താ.16,16). സത്യം കുറച്ചുവാക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു; നീണ്ട അന്വേഷണം നടത്തരുത്. പിതാവുണ്ടെന്ന് ഏവർക്കുമറിയാം; അവൻ എപ്രകാരമാണെന്ന് ആർക്കും അറിയില്ല. പുത്രനുണ്ടെന്ന് നമുക്കെല്ലാമറിയാം; അവന്റെ ഉത്ഭവവും വലിപ്പവും നമുക്ക് ഗ്രഹിക്കാനാവില്ല. പരിശുദ്ധാത്മാവിനെ ഏവർക്കും അറിയാം; അവനെപ്പറ്റിയുള്ള അന്വേഷണത്തിൽനിന്ന് ഏവരും പിന്തിരിയുന്നു. പിതാവുണ്ടെന്ന് ഏറ്റുപറയുക; അവൻ പരിമിതനാണെന്ന് പറയാതിരിക്കുക. വീണ്ടും പുത്രനുണ്ടെന്ന് ഏറ്റുപറയുക; അവനെ പരിശോധിക്കാനാകുമെന്ന് വിശ്വസിക്കാതിരിക്കുക. പരിശുദ്ധാത്മാവുണ്ട് എന്നത് സത്യമായി അംഗീകരിക്കുക; മറിച്ച്, അവൻ പരിശോധനാവിധേയനാണെന്ന് കരുതരുത്.

അവർ ഒന്നാണെന്ന് വിശ്വസിക്കുകയും സത്യമായി അംഗീകരിക്കുകയും ചെയ്യുക. അവർ മൂന്നാണെന്നതിനെപ്പറ്റി സംശയിക്കരുത്. ഒന്നാമത്തേത് പിതാവാണെന്ന് വിശ്വസിക്കുക, രണ്ടാമത്തേത് പുത്രനാണെന്നുള്ളത് സത്യമായി അംഗീകരിക്കുക, മൂന്നാമത്തേത് പരിശുദ്ധാത്മാവാണ് എന്നതിനെപ്പറ്റി സംശയിക്കരുത്. ആദ്യജാതൻ ഒരിക്കലും പിതാവിനോട് കൽപ്പിക്കുന്നില്ല; കാരണം, അവിടുന്നാണ് കൽപ്പിക്കുക. പരിശുദ്ധാത്മാവ് ഒരിക്കലും പുത്രനെ അയക്കുന്നില്ല; കാരണം, അവിടുന്നാണ് അയക്കുന്നത്. വലത്തുഭാഗത്തിരിക്കുന്ന പുത്രൻ പിതാവിന്റെ സ്ഥാനം കവർന്നെടുക്കുന്നില്ല, പുത്രൻ അയക്കുന്ന പരിശുദ്ധാത്മാവ് പുത്രന്റെ സ്ഥാനവും കവർന്നെടുക്കുന്നില്ല. തന്റെ ജനകൻ വലിയവനാണ് എന്നതിൽ പുത്രൻ സന്തോഷിക്കുന്നു; വാത്സല്യപുത്രൻ വലിയവനാണ് എന്നതിൽ പരിശുദ്ധാത്മാവും സന്തോഷിക്കുന്നു. അവിടെ സന്തോഷവും ഐകമത്യവും ഐക്യവും ക്രമവും നിലനിൽക്കുന്നു. തന്റെ പുത്രന്റെ ഉത്ഭവം പിതാവറിയുന്നു; പിതാവിന്റെ ആംഗ്യം പുത്രനു മനസ്സിലാകും. സൃഷ്ടിക്കാനുള്ള ആംഗ്യം പിതാവ് നൽകുന്നു; പുത്രൻ അത് മനസ്സിലാക്കുന്നു. സൃഷ്ടിയെ പരിശുദ്ധാത്മാവ് പരിപൂർണമാക്കുന്നു. അവരുടെ ഇടയിൽ യാതൊരു വിഭജനവുമില്ല. കാരണം, അവരുടെ ഇടയിൽ ഒരേ ഒരിച്ഛയേയുള്ളു. അവിടെ വലിയ ക്രമം ഉള്ളതിനാൽ, അവരുടെ യോജിപ്പിൽ കൂട്ടിക്കുഴച്ചിലില്ല. അവർ ഒന്നിച്ചിരിക്കുന്നതിനാൽ, കൂട്ടിക്കുഴച്ചിൽ ഉണ്ടെന്ന് കരുതരുത്. അവർ വ്യതിരിക്തരായതിനാൽ വിഭജനം ഉണ്ടെന്ന്

ചിന്തിക്കരുത്. കൂട്ടിക്കുഴച്ചിൽ കൂടാതെ അവർ ഒന്നിച്ചിരിക്കുന്നു; വിഭജനം കൂടാതെ വ്യതിരിക്തരായിരിക്കുന്നു. അവരുടെ ഐക്യം കൂടിക്കുഴയുന്നില്ല; അവരുടെ വ്യതിരിക്തത വിഭജനത്തിലെത്തുന്നില്ല. അവരുടെ വ്യതിരിക്തത ഒന്നിപ്പിക്കാൻ ആർക്കു കഴിയും? അവരുടെ യോജിപ്പ് വേർതിരിക്കാൻ ആർക്കു കഴിയും? അവർക്കു മാത്രം അറിയാം. ബലഹീനനേ, നിശ്ശബ്ദതയിൽ നിന്നെത്തന്നെ രക്ഷിക്കുക.

# 5

## പ്രബോധനം (1–24)

ഗുരുക്കന്മാരെയും ശിഷ്യന്മാരെയുംകാൾ പ്രബോധനം പുരാതനമാണെങ്കിലും, എല്ലാവർക്കും എല്ലാമാകുവാൻ (1കൊറി.9,22) അത് ശിശുക്കളുടെ സഖിയായിത്തീർന്നു. റമ്പാന്മാരോടൊപ്പം അത് റമ്പാനാണ്, കുട്ടികളോടൊപ്പം ഗുരുവാണ്. അത് പഠിപ്പിക്കുകയും പഠിക്കുകയും ചെയ്യുന്നു. കാരണം, അത് രണ്ടുകൂട്ടരുടെയും ഇടയിൽ ഓടിനടക്കുന്നു. പ്രഭാഷകരുടെ ഇടയിൽ അത് പ്രകീർത്തിക്കപ്പെടുന്നു; സൂക്ഷ്മബുദ്ധികളുടെ ഇടയിൽ ബുദ്ധിപൂർവം പ്രവർത്തിക്കുന്നു. അത് ഋജുമാനസ്സരുടെയും സൂത്രശാലികളുടെയും ഇടയിൽ എല്ലാ അളവിലും എല്ലാമനസ്സിലും വസിക്കുന്നു. എല്ലാറ്റിന്റെയും കർത്താവ് എന്ന നിലയിൽ അത് തന്നെത്തന്നെ കൊടുത്തു. വ്യത്യസ്ത അളവിന് അത് വിധേയമായി; എന്നാൽ അതിനെ അളന്നവയേക്കാളെല്ലാം അത് വലുതായി നിലനിന്നു. ശിഷ്യർ അതിനെ അളന്നില്ല, കാരണം, അവരുടെ മനസ്സിന്റെ ചലനത്തിന് വേഗത കുറവായിരുന്നു. ഗുരുക്കന്മാർ അതിനെ കോരിക്കളഞ്ഞില്ല; കാരണം, അവർ അതിന്റെ ഉറവവരെ എത്തിയില്ല. ഗുരുക്കന്മാരേക്കാളും വിദ്യാർഥികളേക്കാളും പ്രബോധനം വലുതാണെങ്കിലും അതിന്റെ സ്രഷ്ടാവിനേക്കാൾ അത് വളരെ ചെറുതാണ്. അവനെ പരിശോധിക്കുന്നതിൽ അത് പരാജയപ്പെട്ടു.

## ദൈവത്തിന്റെ അപരിമിതമായ സൃഷ്ടശക്തിയും സൃഷ്ടിയുടെ പരിമിതിയും (25–44)

സ്രഷ്ടാവിന്റെ ശക്തി എത്ര വലുതാണെന്ന് ഒരു ശിഷ്യനും ഗ്രഹിക്കാനാവില്ല. അവൻ സൃഷ്ടിച്ചതിനെയോ, അവന് സൃഷ്ടിക്കാൻ കഴിയുന്നതിനെയോ പരിമിതപ്പെടുത്താൻ അവനാവില്ല. ദൈവം സൃഷ്ടിച്ച ഈ സൃഷ്ടിയും അവൻ ചെയ്ത ഈ കർമങ്ങളും വഴി സ്രഷ്ടാവിന്റെ സൃഷ്ടശക്തി തീർന്നുപോയില്ല. സൃഷ്ടിക്കാൻ തനിക്ക് കഴിയാത്തതുകൊണ്ടല്ല അവിടുന്ന് സൃഷ്ടിക്കുന്നത് മതിയാക്കിയത്. അവന്റെ ഇച്ഛ അപരിമിതമാണ്; തനിക്കിഷ്ടമുണ്ടെങ്കിൽ ഓരോ ദിവസവും അവിടുന്ന് സൃഷ്ടിക്കും. അതിന്റെ അനന്തരഫലം കൂട്ടിക്കുഴച്ചിലായിരിക്കും. കാരണം, സൃഷ്ടികൾ വർദ്ധിച്ചു


www.malankaralibrary.com

കൊണ്ടേയിരിക്കും; അവ നിരവധിയാകയാൽ അവയ്ക്ക് പരസ്പരം തിരിച്ച റിയാൻ കഴിയില്ല. സ്രഷ്ടാവിന് എല്ലാറ്റിനെയും അറിയാൻ കഴിയുമെങ്കിലും സൃഷ്ടിക്ക് അതിന് കഴിവില്ല. പരസ്പരം അപരിചിതരാണെങ്കിൽ കൂടുതൽ സൃഷ്ടികളെ സൃഷ്ടിക്കുന്നതുകൊണ്ട് എന്തു പ്രയോജനം?

## വെളിപാടിന്റെ മഹത്വത്തിൽ സൃഷ്ടിയുടെ നിസ്സാരത (45–72)

സ്രഷ്ടാവ് സൃഷ്ടിച്ചപ്പോൾ തന്നെത്തന്നെ വലുതാക്കാനല്ല സൃഷ്ടിച്ചത്. സൃഷ്ടിക്കുന്നതിനുമുമ്പ് അവിടുന്ന് ചെറുതായിരുന്നില്ല. സൃഷ്ടിനിമിത്തം അവിടുന്ന് വളർന്നുമില്ല. തന്റെ സൃഷ്ടിയെ വലുതാക്കാൻ അവിടുന്ന് ആഗ്രഹിച്ചു. അതുകൊണ്ടാണ് അവിടുന്ന് പരിമിതമായി അവയെ സൃഷ്ടിച്ചത്. ഈ സൃഷ്ടിയെ അപരിമിതമായി വലുതാക്കാൻ അവനു കഴിയുമായിരുന്നു. അപ്പോൾ അതിലെ നിവാസികൾ ചിന്നിച്ചിതറുമായിരുന്നു. ചിന്നിച്ചിതറുന്നതുവഴി കഷ്ടനഷ്ടങ്ങളും ഉണ്ടാകുമായിരുന്നു. കാരണം, ചിന്നിച്ചിതറപ്പെട്ടവർ നീതിമാന്മാരെ തിരിച്ചറിയുമായിരുന്നില്ല; പ്രവാചകന്മാരെപ്പറ്റി ഗ്രഹിക്കുമായിരുന്നില്ല. സൃഷ്ടി ഇപ്പോൾ ഉള്ളതിനേക്കാൾ നൂറിരട്ടി വലിപ്പം കൂടിയതായിരുന്നെങ്കിൽ സൃഷ്ടിമുഴുവൻ പോകാൻ സത്യപ്രഘോഷകർക്ക് കഴിയുമായിരുന്നില്ല. സൃഷ്ടി മുഴുവൻ ദർശിക്കാനായി അവൻ ജറുസലേമിനെ മധ്യത്തിൽ സ്ഥാപിച്ചു. തെരഞ്ഞെടുക്കപ്പെട്ട ജനത്തെ അവൻ ആദ്യം ഈജിപ്തിൽനിന്നും പിന്നീട് ബാബിലോണിൽനിന്നും എങ്ങനെ പുറപ്പെടുവിച്ചെന്നും തിരിച്ചെത്തിച്ചെന്നും സൃഷ്ടിമുഴുവൻ നിരീക്ഷിച്ചു. അത് കൂടുതൽ വലുതായിരുന്നെങ്കിൽ അതിന് ഒരുപോലെ ഇക്കാര്യം നിരീക്ഷിക്കാൻ കഴിയുമായിരുന്നില്ല. അവൻ എല്ലാത്തരത്തിലും അതിനേക്കാൾ വലിയവനാകയാൽ, അവന് പൂർണമായി സൃഷ്ടിയെ മനസ്സിലാക്കാൻ കഴിയുമായിരുന്നു. എന്നാൽ സൃ. ഷ്ടിക്ക് അതുപോലെ അവന്റെ സഹായം മനസ്സിലാക്കാനാവില്ല.

## സൃഷ്ടിയുടെ നിസ്സാരതയെക്കുറിച്ച് അൽപ്പംകൂടി (73–92)

അത് ചെറുതായിരിക്കെ, തെറ്റിന്റെ വാക്കുകളാൽ കുഴച്ചിൽ അനുഭവപ്പെടുന്നെങ്കിൽ, വളരെ വലുതായിരുന്നെങ്കിൽ, എത്രയധികമായി അത് കുഴയുമായിരുന്നു! സൂര്യനും അത്ര പെട്ടെന്ന് ഒരറ്റത്തുനിന്ന് മറ്റേ അറ്റത്ത് എത്തിച്ചേരാൻ കഴിയുമായിരുന്നില്ല. ഒരു നിമിഷം തന്നെ വളരെ വലുതാകുമായിരുന്നു; ഒരു ദിവസം ഒരു വർഷമാകുമായിരുന്നു. അതിന് കൂടുതൽ നാശനഷ്ടങ്ങൾ സംഭവിക്കുമായിരുന്നു. ക്രമീകരണം തന്നെ താളംതെറ്റുമായിരുന്നു. തണുപ്പുകാലവും ചൂടുകാലവും കഠിനമാകുമായിരുന്നു. പകലിനും രാത്രിക്കും ദൈർഘ്യം കൂടുമായിരുന്നു. വിത്ത് എപ്പോഴാണ് പൂർണവളർച്ചയിൽ എത്തുക? കായ്കനികൾ എപ്പോഴാണ് പഴുക്കുക? അവന് ഇപ്രകാരം സൃഷ്ടിക്കാൻ കഴിയുമായിരുന്നു. എന്നാൽ അത് നമുക്ക് വളരെ അപകടകരമാകുമായിരുന്നു. അതുകൊണ്ട്, തന്റെ കഴിവിന് അനുസൃതമായിട്ടല്ല, പി

www.malankaralibrary.com

ന്നെയോ, നമ്മുടെ പ്രയോജനം കണക്കിലെടുത്താണ് അവിടുന്ന് സൃഷ്ടിച്ചതും എല്ലാം പ്രവർത്തിച്ചതും.

**പുത്രനെപ്പറ്റിയുള്ള അറിവ് പിതാവിന്റേതിനുശേഷം മാത്രം (93–105)**

അനന്തമായ മടിയിൽ നിന്ന് പരിശോധനാതീതനായ പുത്രൻ പുറത്തുവന്നു. അതേപ്പറ്റി പരിശോധിക്കാൻ നീ ആഗ്രഹിക്കുന്നെങ്കിൽ, ഞാൻ നിന്നെ ഉപദേശിക്കട്ടെ: പോയി, ആദ്യം അവന്റെ പിതാവിനെ പരിശോധിക്കുക; അവന്റെ ജനകനിൽ നിന്റെ കഴിവ് പ്രയോഗിക്കുക. അവിടെ തുടക്കം കുറിച്ച് അവനെപ്പറ്റിയുള്ള അന്വേഷണം നടത്തുക. നീളത്തിലും വീതിയിലും അവനെ അളക്കുക. ഈ അസ്തിത്വത്തെ അളക്കാൻ നിനക്ക് ആകുമെങ്കിൽ, അവന്റെ മടിയിൽ നിന്നുള്ള പുത്രനെയും നീ അളന്നുകഴിഞ്ഞു. പിതാവിനെ അളക്കാൻ നിനക്കു കഴിയുമെങ്കിൽ, അവന്റെ ഏകജാതനേയും അളക്കാനാകും. എന്നാൽ ദൈവികാസ്തിത്വത്തിന്റെ മുമ്പിൽ നീ പരാജയപ്പെടുന്നെങ്കിൽ, പുത്രന്റെ മുമ്പിലും അപ്രകാരംതന്നെ.

**സൃഷ്ടിയുടെ പരിമിതിയിൽ ദൈവം തന്റെ സ്വാതന്ത്ര്യം കാട്ടുന്നു (107–128)**

ബലഹീനമനുഷ്യാ, കടലിൽനിന്നു കയറുക. വരൂ, മാറ്റിവച്ച വിഷയത്തിലേക്ക് നമുക്ക് തിരിച്ചുവരാം. അറിയപ്പെടുന്നവ മറികടന്ന് അറിയപ്പെടാത്തവയ്ക്കായി പണിപ്പെടാതിരിക്കാം. ഇപ്രകാരം: തന്റെ കഴിവിനനുസൃതമായിട്ടല്ല സ്രഷ്ടാവ് സൃഷ്ടിക്കുന്നത്; തനിക്ക് കഴിയുന്നത്രയുമല്ല സൃഷ്ടിക്കുന്നത്; പിന്നെയോ, എത്രയും ഉചിതമായിരിക്കുന്നുവോ, അത്രയുമാണ് സൃഷ്ടിക്കുന്നത്. അവൻ വീണ്ടും വീണ്ടും സൃഷ്ടിച്ചുകൊണ്ടിരിക്കുകയും തന്റെ സൃഷ്ടിക്ക് ഒരു പരിധിയുമില്ലാതിരിക്കുകയും ചെയ്താൽ, അത് വ്യതിരിക്തതയില്ലാത്ത ക്രമരഹിതപ്രകൃതി ആയിരിക്കും. നിർവിഘ്നമായി ഒഴുകുന്നതും തന്റെ പ്രകൃതിയുടെ മേൽ സ്വതന്ത്രശക്തി ഇല്ലാത്തതും ഒഴുക്കു നിർത്താൻ കഴിയാത്തതുമായ ഉറവയ്ക്ക് തുല്യമായിരിക്കും സ്രഷ്ടാവ്. കാരണം, അത് അതിന്റെ സ്വന്തം ഇച്ഛയുടെ നാഥനല്ല! സൃഷ്ടിയുടെ ഉറവ ദൈവം ഒഴുക്കിയില്ലായിരുന്നെങ്കിൽ, തന്റെ ഇച്ഛാശക്തി നമുക്ക് വെളിപ്പെടുത്തിയില്ലായിരുന്നെങ്കിൽ, അതുപോലെ നിർത്തിയില്ലായിരുന്നെങ്കിൽ, ദൈവത്തിന് എങ്ങനെ തന്റെ മഹത്വം കാണിക്കാൻ കഴിയുമായിരുന്നു.

**അവിരാമമായ സൃഷ്ടി അവിരാമമായ സംസാരംപോലെയാണ് (129–152)**

അവൻ സ്ഥാപിക്കാനായി തുടങ്ങുന്നു; ക്രമീകരിക്കാനായി അവസാനിപ്പിക്കുന്നു. അവൻ അനുദിനം ആകാശത്തെയും ഭൂമിയെയും ചരാചരങ്ങളെയും സൃഷ്ടിക്കുകയാണെങ്കിൽ, തന്റെ പണി ക്രമരഹിതമായ കൂട്ടിക്കുഴച്ചിലായിരിക്കും. തന്റെ അറിവിൽ അവൻ പരിമിതനാണെങ്കിൽ, തന്റെ


www.malankaralibrary.com

സൃഷ്ടിവഴി അവൻ വലിയവനാകുകയുമില്ല. സംസാരശക്തിയുള്ള വായ്പോലും ക്രമാനുസൃതം സംസാരിക്കുന്നതാണ് ഉചിതം. അതിനുള്ള സംസാരശക്തി, ഇടയ്ക്കിടെ സംസാരം നിർത്തിവയ്ക്കാതിരിക്കാനുള്ള കാരണമല്ല. സ്രഷ്ടാവ് സൃഷ്ടിക്കുന്നതിനേക്കാൾ എളുപ്പമല്ല നാവിന് സംസാരിക്കുക എന്നത്. പ്രഭാഷകരുടെ സ്വരത്തേക്കാൾ വളരെ എളുപ്പമാണ് സ്രഷ്ടാവിന് തന്റെ സൃഷ്ടികർമ്മം. എങ്കിലും സൃഷ്ടശക്തി ഉള്ളതിനാൽ അവിടുന്ന് സദാ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നില്ല. കാരണം, മനുഷ്യന് തന്റെ സംസാരശക്തിക്ക് ക്രമീകരണം നൽകിയവൻ, തനിക്ക് നിരന്തരം സൃഷ്ടിക്കാൻ കഴിയുമെങ്കിലും, എത്രയേറെ സ്വന്തമായി ക്രമം പാലിക്കയില്ല! അതുകൊണ്ട്, സൃഷ്ടിക്കപ്പെട്ടവയ്ക്ക് ക്രമം വരുത്താൻ, സൃഷ്ടിക്കുന്നത് അവൻ നിർത്തിവച്ചു.

**സാധ്യതയുള്ളതും ഇപ്പോഴുള്ളതുമായ സൃഷ്ടിയുടെ വലിപ്പത്തെപ്പറ്റി പുത്രനു മാത്രമേ അറിയൂ (153-168)**

ദൈവത്തിന് ഇനിയും എത്രമാത്രം സൃഷ്ടിക്കാൻ കഴിയുമെന്ന് ആർക്ക് പറയാനാകും! അവിടുന്ന് വളരെയധികം സൃഷ്ടിച്ചു; വളരെയധികം സൃഷ്ടിച്ചില്ല. അവൻ സൃഷ്ടിച്ചത് അപരിമിതമാണ്; അവൻ സൃഷ്ടിക്കാത്തത് പരിശോധനാതീതവുമാണ്. കാരണം, തന്റെ ആംഗ്യത്താൽ ഇല്ലായ്മയിൽ നിന്ന് എല്ലാം സൃഷ്ടിച്ചവൻ തന്റെ വെളിപ്പെടുത്തലിലും തന്റെ നിഗൂഢതയിലും പൂർണമായി പരിശോധനയ്ക്ക് ഉപരിസ്ഥനാണ്. അവൻ എത്രമാത്രം സൃഷ്ടിച്ചെന്നും എത്രമാത്രം സൃഷ്ടിക്കാൻ അവനു കഴിയുമെന്നും നിനക്കറിവില്ല! എങ്ങനെയെന്നും എത്രമാത്രമെന്നും തന്റെ മടിയിൽ മറഞ്ഞിരിക്കുന്ന ഒരേ ഒരു പുത്രനുമാത്രം അറിയാം. കാരണം, വെളിപ്പെട്ടവനും മറഞ്ഞിരിക്കുന്നവനുമായ പുത്രൻ, മറഞ്ഞിരിക്കുന്നതും വെളിപ്പെട്ടതും അറിയുന്നു.

**മാനുഷിക പ്രബോധനത്തെക്കുറിച്ച് (169-223)**

തനിക്കതീതമായ ഉറവകൾക്ക് ഗുരു എങ്ങനെ മതിയായവനാകും? പ്രബോധനത്തിന് ബലഹീനരെയും ശക്തിയില്ലാത്തവരെയും സഹായിക്കാനാകും. കാരണം, അത് മെല്ലെപ്പോക്കുകാർക്ക് കുതിച്ചുചാട്ടം പ്രദാനം ചെയ്യും. പത്തിനെ പത്തുകൊണ്ടു ഗുണിച്ച് അത് നൂറ് എന്ന സംഖ്യയിലെത്തിക്കും. പത്തിനെ നൂറുകൊണ്ട് ഗുണിച്ച് അത് ആയിരം എന്ന സംഖ്യയിൽ എത്തിക്കും. അത് ആയിരത്തിൽനിന്ന് ആയിരത്തിലേക്കും പതിനായിരത്തിൽ നിന്ന് പതിനായിരത്തിലേക്കും എത്തിക്കും. അത് എല്ലാക്കാര്യങ്ങളിലും ഇപ്രകാരം വേഗത്തിലാണെന്ന് കാണുക. അത് ആത്മാവിന്റെ അദൃശ്യപാലമാണ്; അതിലൂടെ ആത്മാവ് നിഗൂഢസംഗതികളിലേക്ക് കടക്കുന്നു. അത് ദാരിദ്ര്യത്തിന്റെ താക്കോലാണ്; അതുകൊണ്ട് ദാരിദ്ര്യം ഭണ്ഡാരം തുറക്കുന്നു.

www.malankaralibrary.com

അത് വാർധക്യത്തിന്റെ ബഹുമാനമാണ്; അതുവഴി വൃദ്ധർ യുവാക്കൾക്ക് വിവേകം നൽകുന്നു. അത് കന്യാത്വത്തിന്റെ കോട്ടയാണ്; അതിന്റെ അപഹർത്താക്കളെ അത് തടഞ്ഞുനിർത്തുന്നു. അതാണ് കർഷകന് കരയും കപ്പലിന് കടലും വിധേയമാക്കിക്കൊടുക്കുന്നത്. അത് കപ്പലിനെ നിയന്ത്രിച്ച് കടലിൽകൂടി വേഗത്തിൽ പോകാൻ ഇടയാക്കുന്നു. അതിന് കടലിൽ കപ്പലുകളുണ്ട്; അത് കരയ്ക്കുള്ള രഥങ്ങൾ നിർമിക്കുന്നു. അത് ബലഹീനതയിൽ ഭാഗഭാക്കായി അതിനു ബലം നൽകുന്നു. അത് അലഞ്ഞുതിരിയുന്നവരെ സമീപിച്ച് വകതിരിവുള്ളവരാക്കുന്നു. അത് മണ്ടന്മാരെ സമീപിച്ച് ആയിരക്കണക്കിന് കാര്യങ്ങൾ പഠിപ്പിക്കുന്നു. അത് മൂകരെ സമീപിച്ച് പ്രഭാഷകരാക്കുന്നു. അത് ന്യായാധിപരോട് കഠിനമായി പെരുമാറുന്നു; കുറ്റക്കാരോട് ശാന്തമായും. എങ്ങനെ ശിക്ഷിക്കണമെന്ന് ആദ്യകൂട്ടരെയും എങ്ങനെ അപേക്ഷിക്കണമെന്ന് രണ്ടാമത്തേ കൂട്ടരെയും അത് പഠിപ്പിക്കുന്നു. അത് താർക്കികരുമായി തർക്കിക്കുന്നു; പണ്ഡിതരെ പരിശോധിക്കുന്നു. ഒരുവശത്ത് അതുതന്നെ അന്വേഷകനും മറുവശത്ത് കണ്ടെത്തലുമാണ്. രണ്ടും അതിൽ ബന്ധിതമാണ്; കാരണം, അത് രണ്ടും ഉപയോഗിക്കുന്നു. ബലപ്രയോഗത്താൽ നിർബന്ധിക്കാതെ തന്നെ അതിന്റെ കർതൃത്വം എല്ലാറ്റിന്മേലും വയ്ക്കപ്പെട്ടിരിക്കുന്നു. ഏതെങ്കിലും വസ്തുവിൽനിന്ന് എന്തെങ്കിലും നിർമിക്കാൻ അത് ശിൽപ്പിയെ പഠിപ്പിക്കുന്നു; ഇങ്ങനെ ഇല്ലായ്മയിൽ നിന്ന് എല്ലാം സൃഷ്ടിച്ച ദൈവത്തെ തിരിച്ചറിയാൻ കഴിയും. കാരണം, തന്റെ സ്രഷ്ടാവ് വലിയവനാണെന്ന് അത് സൃഷ്ടിയെ കാണിക്കുന്നു.എന്തുകൊണ്ടെന്നാൽ സൃഷ്ടി മറ്റൊന്നിൽ നിന്ന് സൃഷ്ടിക്കുന്നു; സ്രഷ്ടാവ് ഇല്ലായ്മയിൽ നിന്നും.

# 6

**മെത്രാന്മാരുടെ ആരിയനിസം (1-24)**

എന്റെ സഹോദരരേ,നമ്മുടെ ഉണർവിൽ ഈറയർ സന്തോഷിക്കാൻ, നമുക്ക് നിദ്രവിട്ടുണരാം. നമുക്ക് വിശ്വാസംകൊണ്ട് ആയുധം ധരിക്കാം; നമ്മെ കൊന്നപാപത്തെ നമുക്ക് കൊല്ലാം. നാം ക്രിസ്തുവിൽ ഒരു സുഗന്ധപരിമളം ആയിത്തീരാത്തതിനാൽ, നമ്മുടെ ദുർഗന്ധം നമ്മുടെ മുഖത്തടിക്കുന്നു. നമ്മുടെ കലഹത്തിന്റെ സജീവപോരാട്ടം ഈറയരെ മയക്കുന്നു.. വൈദികർ തർക്കത്തിൽ നിപതിച്ചതിനാൽ രാജാക്കന്മാർ പരസ്പരം പോരടിക്കുന്നു. അകത്തെ പോരാട്ടം സജീവമാകയാൽ, പുറത്തുള്ള പോരാട്ടം കുറഞ്ഞിരിക്കുന്നു. ഒരിടയൻ മറ്റൊരിടയനുമായി പോരാടുന്നു; ഒരു മെത്രാൻ മറ്റൊരു മെത്രാനുമായും. ഇടയന്മാരുടെ കലഹത്താൽ ആടുകളും ആലയും നശിക്കുന്നു. നമ്മെ അശ്രദ്ധമായി മേയിക്കാൻ ഇടയന്മാർ ആഗ്രഹിച്ചു. പതിവായി നമ്മെ പോഷിപ്പിച്ചിരുന്ന സന്തുഷ്ടി അവർ കാലുകൊണ്ട് ചവിട്ടിമെ


www.malankaralibrary.com

തിച്ചു. നമ്മെ സമ്പന്നരാക്കാൻ അവർ ആഗ്രഹിച്ചു; എന്നാൽ നമ്മുടെ നിക്ഷേപങ്ങളെല്ലാം കൊള്ളയടിക്കപ്പെട്ടു. ഇരുട്ടിൽ സത്യം തേടാനായി അവർ സത്യത്തിന്റെ വിളക്ക് മൂടിവച്ചു.

### സുസ്പഷ്ട സത്യവും ആരിയരുടെ അന്വേഷണവും (25–50)

സൃഷ്ടി മുഴുവൻ സത്യം മുഴങ്ങുന്നു; എന്നാൽ അവർ അത് പാറയിടുക്കുകളിൽ തിരയുന്നു. പ്രകാശസന്തതികൾ ഇതാ, അന്ധകാരത്തിൽ അന്വേഷണം നടത്തി വഴിതെറ്റുന്നു. സൂര്യനെപ്പോലെ സുസ്പഷ്ടമാണ് സത്യം. എന്നാൽ നഷ്ടപ്പെട്ട ഒന്നിനെപ്പോലെ അവർ അത് തേടുന്നു. ഇതാ, മഹാമേരുവിനെ അവർ പാറയിടുക്കിൽ തെരയുന്നു. സൃഷ്ടി മുഴുവനേക്കാൾ വലുതാണത്; എന്നാൽ ഒരു ചെറിയ കിരണമെന്നവണ്ണം അവർ അതിനെ തേടുന്നു. എല്ലാറ്റിനേക്കാളും വിസ്തൃതമായ സത്യത്തെ സ്പർശിച്ചറിയാൻ അവർ പാടുപെടുന്നു. എന്നാൽ അതിനെ കാണാൻ അവർക്ക് ആഗ്രഹമില്ല. അതിനുപകരം മറ്റൊന്നാണ് അവർ തേടുന്നത്. ഇതാ, അവരെ കണ്ടെത്തിയ സത്യം നഷ്ടമാക്കാൻ അവർ പണിപ്പെടുന്നു. ചോദ്യം ചെയ്യുന്നവൻ നശിക്കാനിടയുണ്ട്; സത്യം നശിക്കില്ല. പ്രകാശം തന്റെ സമീപത്ത് ഉണ്ടെങ്കിലും അന്ധൻ പ്രകാശം അനുഭവിക്കുന്നില്ല.  ശബ്ദം തന്റെ സമീപത്തുണ്ടെങ്കിലും ബധിരൻ ശബ്ദം കേൾക്കുന്നില്ല. ഗ്രന്ഥങ്ങൾ തന്റെ മുമ്പിൽ തുറന്നുകിടന്നാലും പഠിത്തമില്ലാത്തവൻ പുസ്തകജ്ഞാനത്തിൽനിന്ന് വളരെ അകലെയാണ്. എല്ലാ ശാസ്ത്രങ്ങളും സമീപത്താണ്; എന്നാൽ വിഡ്ഢികൾ അവയിൽനിന്ന് വളരെ  അകലെയാണ്.

### വിജാതിയരും യൂദരും ആരിയരെ ലജ്ജിപ്പിക്കുന്നു (51–66)

ക്രിസ്തുവിന്റെ സത്യത്തെപ്പറ്റി വിജാതിയ നേതാക്കന്മാർ (*കുമറേ*) ബോധവാന്മാരായിരുന്നു; ക്രിസ്തീയ പുരോഹിതർ (*കഹനേ*) അത് തേടിക്കൊണ്ടിരിക്കുന്നു. മന്ത്രവാദികളും അതേപ്പറ്റി ബോധവാന്മാരായിരുന്നു; കാരണം, അതിന്റെ ശക്തിയാൽ അവരുടെ മാന്ത്രികശക്തി നശിച്ചുപോകുന്നു. കൽദായരും അതേപ്പറ്റി ബോധവാന്മാരായിരുന്നു; കാരണം, അതിന്റെ ഗ്രന്ഥം അവരുടെ ഗ്രന്ഥങ്ങളെ നശിപ്പിച്ചു. ജ്യോത്സ്യരും അതേപ്പറ്റി ബോധവാന്മാരായിരുന്നു; കാരണം, അതിന്റെ സത്യം അവരുടെ നുണയെ ഫലരഹിതമാക്കി. പിശാചുക്കളും അതേപ്പറ്റി ബോധവാന്മാരായിരുന്നു. കാരണം, അതിന്റെ ഗീതങ്ങളാൽ അവർ അശുദ്ധാത്മാക്കളെ ഒഴിപ്പിച്ചു. വഴിപിഴച്ച വിജാതിയർ അതേപ്പറ്റി ബോധവാന്മാരായിരുന്നു; കാരണം, അതിന്റെ ദൈവികശക്തിയാൽ അത് അവരുടെ ദേവവിഗ്രഹങ്ങളെ നശിപ്പിച്ചുകളഞ്ഞു. സത്യം ധരയിൽ ഉച്ചത്തിൽ പ്രഘോഷിക്കുന്നു; എന്നാൽ അത് എവിടെയെന്ന് താർക്കികർ ചോദിക്കുന്നു. പുത്രനെ ദ്വേഷിക്കുന്നവർ അതേപ്പറ്റി ബോധവാന്മാരാണ്; അതിന്റെ പ്രഘോഷകർ അതിനെ തേടുന്നു.

www.malankaralibrary.com

**സഭയും സിനഗോഗും (67–76)**

തെരഞ്ഞെടുക്കപ്പെട്ട ജനം അവനെ നിഷേധിച്ചെങ്കിലും അവരെ പിഴുതെറിഞ്ഞത് ആരാണെന്ന് അവർക്കറിയാം. അവർ സമ്മതിക്കുകയില്ലെങ്കിലും അതവർക്ക് സംഭവിച്ചത് എങ്ങനെയാണെന്ന് അവർക്കറിയാം. അവരെ പ്രതിയാണ് ജറുസലേം വിജനമായിത്തീർന്നതെന്ന് താൻ വധുവാക്കിത്തീർത്ത സഭ അവരെ കാണിക്കുന്നു. അവരുടെ പൗരോഹിത്യം അവൻ വഴിയാണ് അവസാനിച്ചതെന്ന്, അവൻ സഭയ്ക്കു നൽകിയ പൗരോഹിത്യം അവരെ പഠിപ്പിക്കുന്നു. അവൻ എല്ലാം പൂർത്തിയാക്കിയെന്ന് അവൻ നമുക്കു നൽകിയ പ്രവാചകന്മാർ ഉച്ചത്തിൽ വിളിച്ചുപറയുന്നു.

**വിശ്വാസത്തിലേക്കു വന്ന വിജാതിയർ വിദ്വാന്മാർക്കും പരിശോധകരായ ആരിയർ നിയമജ്ഞർക്കും തുല്യരാണ് (77–114)**

സാത്താൻ തന്റെ അസൂയയാൽ താർക്കികരുടെ ഇടയിൽ വിവാദപരമായ പ്രശ്നം എറിഞ്ഞുകൊടുത്തു. അവൻ അവതരിപ്പിച്ച വിവാദപ്രശ്നങ്ങളിലൂടെ, തലതിരിഞ്ഞവ സംസാരിക്കപ്പെടാനായിരുന്നു അത്. ബാഹ്യമായി അവർ (ജനങ്ങൾ) സത്യസന്ധരായി കാണപ്പെട്ടു; എന്നാൽ ആന്തരികമായി ദുഷിച്ചവരായിരുന്നു. പാണ്ഡിത്യമില്ലാത്തവർ പുത്രനെ കണ്ടെത്തി; പാണ്ഡിത്യമുള്ളവർ അവനെ പരിശോധിക്കാനിറങ്ങി. വിദൂരസ്ഥർ വന്ന് ശിഷ്യരായി; അന്യർ അകത്തു കടക്കുകയും സ്വീകരിക്കപ്പെടുകയും ചെയ്തു. അകത്തുള്ളവർ ഇപ്പോഴും അന്വേഷിക്കുന്നതിൽ, പുറത്തുനിന്ന് വന്നവർ ആശ്ചര്യഭരിതരായി. ആരംഭത്തിലെ അവസ്ഥപോലെ ഈ അന്ത്യകാലത്തിലെ അവസ്ഥയുമായി. ബേത്‌ലഹേമിൽ ജനിക്കാനിരുന്ന രാജാവിനെ അക്കാലത്ത് വിദൂരത്തിൽ നിന്നുള്ള വിദ്വാന്മാർ കാത്തിരുന്നു. അവിടെ ജനിച്ച രാജകുമാരനെ തങ്ങൾ കൈകളിൽ വഹിക്കുമെന്ന് എബ്രായരിൽനിന്നും നിയമജ്ഞരിൽനിന്നും നിഷ്ക്കളങ്കരായ വിദ്വാന്മാർ ഗ്രഹിച്ചു. അടുത്തുള്ളവർ പരിഗണിക്കാതിരുന്നവനെ അകലെയുള്ളവർ വന്നുകണ്ടു. രാജാവ് അവരുടെ ഇടയിൽ നിന്നു; അവരാകട്ടെ ചോദ്യശരങ്ങളുയർത്തി. തന്റെ രീതിയനുസരിച്ച രാജാവ് പിറന്നു; അവരാകട്ടെ, അവന്റെ ജനനം പരിശോധനാവിഷയമാക്കി. അവർ ഇപ്പോഴും അവന്റെ ജനനത്തെപ്പറ്റി ഗ്രന്ഥങ്ങളിൽ പരിശോധന നടത്തുന്നതിൽ പുറത്തുള്ളവർ ആശ്ചര്യപ്പെട്ടു. അവന്റെ വാഗ്ദാനം പുറത്തുള്ളവർക്കും അവനെപ്പറ്റിയുള്ള പരിശോധന അകത്തുള്ളവർക്കും! അവന്റെ സന്ദേശവാഹകർ പുറത്തുള്ളവരുടെ മുമ്പിലും അവനെപ്പറ്റിയുള്ള തർക്കം ഭവനാംഗങ്ങളുടെ ഇടയിലും! എന്നാൽ അവനെ ഇപ്പോഴും തേടുന്നവർ നിമിത്തം വിദ്വാന്മാർക്ക് വഴിപിഴച്ചില്ല. അവർ അവരെ വിട്ട് ആദ്യജാതനുള്ള കാഴ്ചകളുമായി നേരേനടന്നു. വെളിപ്പെടുത്തപ്പെട്ട സത്യം വിദ്വാന്മാർക്കും ചോദ്യശരങ്ങൾ ഫരിസേയർക്കും!


www.malankaralibrary.com

**വിദ്വാന്മാരുടെ മാതൃക (115–130)**

ഓ, കുട്ടികളേ, നിങ്ങളുടെ ഗുരുക്കന്മാർ ഇപ്പോഴും സത്യം അന്വേഷിക്കുന്നതിൽ ചഞ്ചലപ്പെടേണ്ട! അവനെ തേടിയ വിദ്വാന്മാർ ബേത്‌ലഹേമിൽ അവനെ കണ്ടെത്തിയതുപോലെ, അവനെ ശരിയായ രീതിയിൽ തേടുന്നവർ വിശുദ്ധസഭയിൽ അവനെ കണ്ടെത്തും. വിദ്വാന്മാരെ അനുകരിച്ച നിന്റെ സത്പ്രവൃത്തികൾ കാഴ്ചയായി കൊണ്ടുവരിക. സ്പഷ്ടമായി അവൻ നിനക്കു വെളിപ്പെടുത്തിയതുപോലെയും നീ അവനെ കണ്ടെത്തിയതുപോലെയും പുത്രനെ ആരാധിക്കുക. എന്തുകൊണ്ടെന്നാൽ അവനിൽ നിന്നുവന്ന നക്ഷത്രത്തിലൂടെ വിദ്വാന്മാർ അവനെ തിരിച്ചറിഞ്ഞതുപോലെ, ശെമയോൻ നൽകിയ വെളിപ്പെടുത്തലിലൂടെ അന്വേഷകർ അവനെ കണ്ടെത്തട്ടെ.

**കർതൃപ്രവേശനത്തിൽ വിജാതിയരുടെയും യൂദരുടെയും ദൃഷ്ടാന്തം (131 –160)**

ആരംഭകാലത്തെപ്പോലെയുള്ള ഇക്കാലം നിന്നെ ക്ലേശിപ്പിക്കാതിരിക്കട്ടെ. പുത്രൻ വന്നതുപോലെയായിരിക്കും വീണ്ടും വരിക. അവന്റെ ആദ്യവരവിൽ പണ്ഡിതരുടെ ചോദ്യങ്ങൾ വഴിപിഴച്ചവയായിരുന്നു; അതുപോലെ ഇപ്പോൾ അവന്റെ രണ്ടാം വരവിനു മുമ്പുള്ള ചോദ്യങ്ങളും ഇളക്കിമറിക്കുന്നു. അന്ന് അവൻ കഴുതക്കുട്ടിയുടെ പുറത്തുകയറി ജറുസലേമിലേക്ക് പ്രവേശിക്കുകയും വിജാതിയർ അവന്റെ മുമ്പിൽ ആർപ്പുവിളിക്കുകയും ചെയ്തു. പരിച്ഛേദിതർ അകത്തുനിന്ന് സ്വരംകേട്ട് വിജാതിയരിൽ നിന്ന് പഠിക്കാൻ തുടങ്ങി. അവർ ചോദിക്കാൻ തുടങ്ങി: 'ഈ വരുന്നവൻ ആരാണ്?' ഭവനാംഗങ്ങൾ ദുഷിച്ചുപോയതിനാൽ അവർ തിരിഞ്ഞ് അന്യരിൽനിന്നു പഠിച്ചു. തങ്ങളുടെ സ്വന്തം കാര്യങ്ങളെപ്പറ്റി പുറത്തുള്ളവരിൽ നിന്ന് അറിയാൻ തങ്ങളെക്കുറിച്ചുതന്നെ അവർ ചോദ്യങ്ങൾ ചോദിച്ചു. അന്ധരുടെ പെരുന്നാളിനെത്തിയ വിജാതിയർ തിരിഞ്ഞ് എബ്രായരെ പഠിപ്പിക്കുകയും അവരുടെ കാര്യങ്ങളെപ്പറ്റി അവർക്ക് വിവരം നൽകുകയും ചെയ്തു. അഗ്രചർമികൾ പരിച്ഛേദിതരോട് വിളിച്ചുപറഞ്ഞു: 'ഇത് നസ്രായനേശുവാണ്.' അന്ധരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഈ നാമമാണ്. എബ്രായർ വിജാതിയരിൽനിന്ന് ഇതിന്റെ വിശദീകരണം പഠിക്കാൻ തുടങ്ങി. തങ്ങളുടെ സ്വന്തം ഗ്രന്ഥങ്ങൾ ശരിയായി വായിക്കാൻ അന്യർ അവരെ പഠിപ്പിച്ചു.

**ആരിയൻ പാഷണ്ഡികൾക്കെതിരെ തിരുലിഖിതം ആലംബം (161–186)**

തങ്ങളുടെ സ്വന്തം ഗ്രന്ഥങ്ങളുടെ ശരിയായ അർഥം അന്യർ അവരെ പഠിപ്പിച്ചു. പണ്ഡിതർ വളഞ്ഞ വഴിയെ പോകുമ്പോൾ, ശ്രോതാവേ, അമ്പരക്കേണ്ട. താർക്കികൻ തെറ്റായ വഴിയേ പോകുമ്പോൾ വിദ്യാർഥീ, നീ നിരു

www.malankaralibrary.com

ത്സാഹപ്പെടരുത്. ഗുരു ശരിയായ പാതയിൽനിന്ന് വ്യതിചലിക്കുമ്പോൾ, പോയി തിരുലിഖിതം പരിശോധിക്കുക. കാരണം, താർക്കികർക്ക് വഴിതെറ്റുന്നിടത്ത് സാധാരണക്കാർ തെറ്റിപ്പോകുന്നില്ല. ഗുരുവിന് തെറ്റുമ്പോൾ ശ്രോതാക്കൾ അന്ധാളിക്കേണ്ടതില്ല. പ്രഘോഷണത്തെ നിലനിർത്തുന്നത് മാനുഷികവാക്കുകളല്ല. മാനുഷികവാക്ക് മുറിച്ചുമാറ്റപ്പെടാം; അതിനെ ആശ്രയിച്ചു നിൽക്കുന്നതെല്ലാം താഴെവീഴും. സത്യത്തിന്റെ പ്രഘോഷണം ദൈവവചനത്തെ ആശ്രയിച്ചിരിക്കുന്നു. വിദ്യാർഥീ, എല്ലാറ്റിനെയും നിലനിർത്തുന്ന ആ വാക്കിലാണ് നിന്റെ പ്രബോധനം ആശ്രയിച്ചിരിക്കുന്നത്. വഴിതെറ്റിക്കുന്നവൻ അതിനാൽ വഴിതെറ്റിക്കപ്പെടുന്നു. എങ്ങനെയാണ് താൻ ഓടുന്നതെന്ന് അവൻ അറിയുന്നില്ല. കാരണം, അവന് മുമ്പിൽ വഴിയടയുന്നു. എന്നാൽ നാഴികക്കല്ലുകളും സത്രങ്ങളും വിവേകികൾക്ക് സജ്ജമാക്കിയിരിക്കുന്നു.

### വൈദികരും ജനങ്ങളും സ്വയം നശിക്കുന്നു (187–209)

ജനം മുഴുവനും അനുതപിക്കുകയും ചാക്കിലും ചാരത്തിലും പ്രാർഥിക്കുകയും ചെയ്തിരുന്നെങ്കിൽ, അത്യുന്നതൻ നേതാക്കന്മാരുടെ അധഃപതനം അനുവദിക്കുമായിരുന്നില്ല. വൈദികൻ ജനത്തെപ്പോലെയായിത്തീർന്നു; ജനം വൈദികനെപ്പോലെയും. ഇരുവിഭാഗങ്ങളും ഒരുപോലെ പരസ്പരം കീറിമുറിച്ചു. തനിക്ക് സന്തോഷം ഉണ്ടാക്കാത്ത കുട്ടികളെയാണ് ദുർബലനായ ഗുരുവിന് പങ്കിട്ടുകിട്ടുന്നത്. അവൻ അവരെ ദുഷിപ്പിക്കുന്നു. അവരുടെ അഹന്തയുടെ പുകയാൽ അവനും ഇരുണ്ടുപോകുന്നു. ഹൃദയസന്തോഷം നൽകുന്ന ശെമ്മാശ്ശന്മാർ യോഗ്യരായ നേതാക്കന്മാർക്ക് പങ്കിട്ടുകിട്ടുന്നു. അവൻ അവരെ കാത്തുപരിപാലിക്കുന്നു; അവർ അവന് നവോന്മേഷം നൽകുന്നു. നമ്മുടെ ഗുരുക്കന്മാർ നമ്മെ അവഗണിച്ചു; നാം നമ്മുടെ ഗുരുക്കന്മാരെയും. നമ്മുടെ വേദന അവരെ വേദനിപ്പിച്ചില്ല; അവരുടെ വേദന നമ്മെയും. ഐക്യപ്പെട്ട ശരീരത്തിൽ വിഭജനങ്ങളായി; ശിരസ്സും അവയവങ്ങളും വേർപെട്ടു; വന്യമൃഗങ്ങൾ യോജിച്ചിരിക്കുന്നു; സഭയിലെ ആത്മാക്കൾ വിഭജിതരായിരിക്കുന്നു.

### ആരിയനിസം: ആത്മീയദുരന്തം (211–222)

നാമിപ്പോൾ യാത്ര പൂർത്തിയാക്കിയപ്പോൾ, തിരിഞ്ഞ് വഴിയുടെ ആരംഭം അന്വേഷിക്കുന്നു. ഈ ആത്മീയദുരന്തത്തിൽ ആരാണ് ദുഃഖിക്കുക! വഴിയുടെ ആരംഭം എവിടെയാണെന്നറിയാതെ നാം അതിന്റെ അന്ത്യത്തിലെത്തി. നമ്മുടെ നടപ്പ് അന്ത്യത്തെ സമീപിക്കാറായി; എന്നാൽ നമ്മുടെ അന്വേഷണം അതിന്റെ ആരംഭത്തെപ്പറ്റിയാണ്. പ്രബോധകരുടെ ഇടയിൽ നാം വൃദ്ധരായി തീർന്നെങ്കിലും, നാം വീണ്ടും ശിഷ്യരാകുകയാണ്. ഗ്രന്ഥത്തിന്റെ അവസാനം വരെ വായിച്ചിട്ട് നാം വീണ്ടും വായിക്കാൻ പഠിച്ചുതുടങ്ങുകയാണ്.


www.malankaralibrary.com

## ആരിയൻ കലഹത്തിലൂടെയുള്ള ആത്മീയ തകർച്ച (23-258)

ഇന്നലെവരെ വിദ്യാർഥികളായിരുന്ന യുവാക്കൾ യോനായുടെ ആവണക്കുപോലെ പൊങ്ങിവന്നു. വിശുദ്ധർ നൽകിയ മാതൃകയ്ക്കു പകരം അവർ പുതിയ മാതൃകകൾ അവതരിപ്പിച്ചു: കലഹം നിറഞ്ഞ മാതൃക, തർക്കത്തിന്റെയും പോരാട്ടത്തിന്റെയും ഉറവ! തങ്ങളുടെ വാക്കുകളിൽ ക്രുദ്ധരാകത്തക്കവിധം സാധാരണക്കാർ ലഹരിപിടിച്ച് വെളിവില്ലാത്തവരായി. അവർ നാവിനെ മലവെള്ളപ്പാച്ചിലാക്കി, കാതിനെ കനാലാക്കി. ശാന്തരും നിശ്ശബ്ദരും ഈ മാതൃക നോക്കി കലഹപ്രിയരും താർക്കിക തൽപ്പരരും ആയിത്തീർന്നു. സ്നേഹിതരും വിശ്വസ്തരും ഇതുനോക്കി ഒരാൾ മറ്റൊരാൾക്കെതിരെ കലപില ചിലച്ചു. പരസ്പരം സ്നേഹിച്ചിരുന്നവർ അതുനോക്കി പരസ്പരം ദ്വേഷിക്കുന്നവരായി. അഭിപ്രായൈക്യവും സ്വരൈക്യവും ഉണ്ടായിരുന്നവർ അതു നോക്കി; അനൈക്യവും വിഭജനവും ആയിരുന്നു അവരുടെ നേട്ടം. ആദിമുതൽ സ്നേഹിതർ ആയിരുന്നവർ അതുനോക്കി നിരന്തരസ്നേഹത്തിന്റെ ബന്ധം വിച്ഛേദിച്ചു. മാന്യത അതുനോക്കി ചപലത ആയിത്തീർന്നു. സത്യവിശ്വാസത്തിന്റെ സ്വാദ് അതുനോക്കി, സത്യത്തിന്റെ ഉപ്പ് ഉറകെട്ടുപോയി. എളിമ അതുനോക്കി; കുത്താനുള്ള കൊമ്പുകൾ അതിനു കിട്ടി. ആറു വയസ്സുള്ള കുട്ടി അതുനോക്കി; അറുപതു വയസ്സുള്ളയാളെ അത് നിന്ദിച്ചു. എഴുപതു വയസ്സുള്ളയാൾ അതുനോക്കി; അവൻ ഏഴ് എഴുപത് പ്രാവശ്യം ദുഷിച്ചവനായി. ഇടയന്മാർ അതുനോക്കി, അതുമൂലം കർത്താക്കന്മാരായിത്തീർന്നു. മൂകരായ കുഞ്ഞാടുകൾ അതു നോക്കി, തർക്കിക്കുന്ന കടുവാകളായിത്തീർന്നു. മാടപ്രാവുകൾ അതുനോക്കി, വിഷപ്പാമ്പുകളായി.

## പിതാവിനെയും പുത്രനെയും പറ്റിയും സൃഷ്ടികളെ പറ്റിയും സുഗ്രാഹ്യവും അഗ്രാഹ്യവുമായ കാര്യങ്ങൾ (259-296)

ഏകജാതന് രണ്ടു മാനങ്ങളുണ്ട്. ഒന്ന് നിഗൂഢമായതും മറ്റത് വെളിപ്പെട്ടതും. വെളിപ്പെട്ടത് മറച്ചുവയ്ക്കാനാവില്ല; നിഗൂഢമായത് പരിശോധിക്കാനുമാവില്ല. എല്ലാറ്റിനേക്കാളും സൂത്രശാലിയായ സാത്താൻ നമ്മെ വഴിതെറ്റിച്ച്, വെളിപ്പെട്ടവയിലൂടെ നാം രക്ഷപ്രാപിക്കാതിരിക്കാൻ നിഗൂഢതയുടെ കടലിൽ മുക്കിക്കളഞ്ഞു. ഏകജാതനെപ്പോലെ അവന്റെ ജനകനായ പിതാവിനും രണ്ടു മാനങ്ങളുണ്ടെന്ന് ശ്രദ്ധിക്കുക. കാരണം, അവിടുന്ന് സ്ഥിതിചെയ്യുന്നു എന്നത് ഏതൊരാൾക്കും ഗ്രഹിക്കാം. എന്നാൽ അവന്റെ നിഗൂഢത പരിശോധനാതീതമായി നിലനിൽക്കുന്നു. അവിടുന്ന് സ്ഥിതിചെയ്യുന്നു എന്നത് വിഡ്ഢികൾക്കുപോലും അറിയത്തക്കവിധം അവന്റെ വെളിപ്പെടുത്തപ്പെട്ട മാനം അത്രമാത്രം സുസ്പഷ്ടമാണ്. എന്നാൽ അവിടുന്ന് എപ്രകാരമാണെന്ന് ഈറയർക്കുപോലും ഒരിക്കലും അറിയാത്ത രീതിയിൽ അത്രമാത്രം മറഞ്ഞിരിക്കുന്നതാണ് അവന്റെ നിഗൂഢമാനം. ആ ദൈവികൗന്നത്യം

മാത്രമല്ല അഗ്രാഹ്യമായിരിക്കുന്നത്. പിന്നെയോ, എല്ലാ സൃഷ്ടികൾക്കും രണ്ടു മാനങ്ങളുണ്ട്: ഒന്ന് സുസ്പഷ്ടം, മറ്റത് നിഗൂഢം. കാരണം, അവയുടെ *ക്നോമാകൾ* സുഗ്രാഹ്യമാണ്. അവയുടെ പരിധി അഗ്രാഹ്യവും. ഇപ്രകാരം നിഗൂഢമായതും വെളിപ്പെട്ടതും, അറിയപ്പെട്ടതും അറിയപ്പെടാത്തതും എന്ന് സൃഷ്ടികൾക്ക് രണ്ടു മാനങ്ങൾ ഉള്ളപ്പോൾ, സ്രഷ്ടാവിനും സ്രഷ്ടാവിന്റെ പുത്രനും എത്രയധികമായി നിഗൂഢമായതും വെളിപ്പെട്ടതും എന്ന് രണ്ട് വിജ്ഞാനതലങ്ങൾ കാണും! ദൈവത്തിന്റെ വെളിപാടിൽ നിന്നുള്ള അറിവും നിഗൂഢതയിൽ നിന്നുള്ള അറിവില്ലായ്മയും! ദൈവമുണ്ടെന്ന് എല്ലാ വിജ്ഞാനത്തിനും അറിയാമെങ്കിലും അവിടുന്ന് എപ്രകാരമാണെന്ന് മാനുഷിക അജ്ഞതയ്ക്കറിവില്ല. അവിടുത്തെ വെളിപ്പെട്ട മാനത്തിലേക്ക് ഒരു മാർഗമുണ്ട്, എന്നാൽ നിഗൂഢതയിലേക്ക് ആശ്ചര്യം മാത്രം.

## പുത്രന്റെ അസ്തിത്വരീതി നിഗൂഢമാണ് (297–314)

പുത്രന്റെ അസ്തിത്വത്തെപ്പറ്റി അന്വേഷിച്ചാൽ, നിമിഷനേരംകൊണ്ട് നിനക്ക് അറിയാൻ കഴിയും. എന്നാൽ അവൻ എങ്ങനെയാണ് എന്നതിനേപ്പറ്റി നീ പരിശോധിച്ചാൽ, അവന്റെ രണ്ടാമത്തെ വരവുവരെ ഉത്തരം കിട്ടാതെ ചോദ്യം അവശേഷിക്കും. അവനെ നീ നേരിൽ കണ്ടാൽ തന്നെയും അവന്റെ അസ്തിത്വരീതി നിനക്കു ഗ്രഹിക്കാനാവില്ല. അവിടെ അപ്പോൾ നീ പരിശോധന നടത്തി അവനെ കണ്ടുകഴിഞ്ഞാലും അവനെ നീ മനസ്സിലാക്കിയിട്ടില്ല. അവിടെ നീ കണ്ട അവന്റെ മഹത്വം പരിശോധിക്കാൻ ആഗ്രഹിച്ചാൽ, നീ തന്നെ കണ്ടുകഴിഞ്ഞ മഹത്വം നിനക്ക് തിരിച്ചറിയാനാവില്ല. അവിടെ ഇതേപ്പറ്റി അന്വേഷണം നടത്താൻ ഇച്ഛിച്ചാൽ, ഇതാ, അവിടെ പീഡനം നിനക്കായി സ്വർഗരാജ്യത്തിൽ കാത്തിരിക്കുന്നു. കാരണം, എല്ലാവരും ക്രിസ്തുവിനെക്കുറിച്ച് സന്തോഷിക്കുമ്പോൾ അവനെപ്പറ്റിയുള്ള അന്വേഷണത്തിൽ നീ നിന്നെത്തന്നെ ക്ലേശിപ്പിക്കും. ഒരുപക്ഷേ ഗേഹന്നായിൽ നിന്ന് പുറത്തുകടക്കാമെന്ന പ്രതീക്ഷ പുലർത്താം, എങ്കിലും നീ തന്നെ അതുപേക്ഷിച്ചില്ലെങ്കിൽ ക്ലേശം നിലനിൽക്കും.

## ആരിയർ, സഭ, പറുദീസാ (315–344)

വരാനിരിക്കുന്ന കാലത്ത് അവിടെയും തുടർന്നും നീ തർക്കിച്ചാൽ, സമ്പൂർണയോജിപ്പുള്ളിടത്ത് നീ കടന്നുകയറി വിഭജനം ഉണ്ടാക്കാതിരിക്കാൻ, സ്വർഗരാജ്യം നിന്നെ സ്വീകരിക്കയില്ല. വിശുദ്ധ സഭയ്ക്കുവേണ്ടി ദൈവരാജ്യം പ്രതികാരം ചെയ്യും. കാരണം, ഇവിടെ കലഹം ഉണ്ടാക്കിയവർ അവിടെ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല. കലഹത്തിന് ഹേതുഭൂതരായവർ സമാധാനത്തിന്റെ ഉദ്യാനത്തിൽ കടക്കുകയില്ല. ആ ദൈവരാജ്യത്തിന്റെ പ്രതീകമാണ് സത്യസഭ. സ്വർഗരാജ്യത്തിൽ യോജിപ്പുള്ളതുപോലെ, വിശു


www.malankaralibrary.com

ദ്ധസഭയിലും ഐകമത്യം നടമാടുക ന്യായയുക്തമാണ്. അവിടെ തർക്കമൊന്നും ഇല്ലെങ്കിൽ പിന്നെ, ഇവിടെ സഭയിൽ എന്തിന് പരിശോധന? ആ രാജ്യത്ത് ശാന്തിയും സമാധാനവും കളിയാടുന്നെങ്കിൽ, ഈ നമ്മുടെ സഭയിൽ എന്തിനാണ് മത്സരങ്ങൾ? അവിടെ ഒരു പുത്രനെ കാണും; അവനിലൂടെ ഏകപിതാവിനെയും. ആരും അന്വേഷിക്കയില്ല, പരിശോധിക്കയുമില്ല. എല്ലാവരും ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യും. ഈറയർക്ക് ഇത് മതിയാകുന്നെങ്കിൽ, ദരിദ്രാവസ്ഥയിൽ നിപതിച്ച മനുഷ്യന് മതിയാകാതെ വരുമോ? ആത്മാവും അഗ്നിയും നിശ്ശബ്ദമായിരിക്കുമ്പോൾ, പൊടിയും ചാരവും പൊങ്ങച്ചം കാട്ടുകയോ? ആകാശവും അതിന്റെ മക്കളും ഭയപൂരിതരാണ്; ധരയും അതിന്റെ മക്കളും തികഞ്ഞ വിഭ്രാന്തിയിലും.

### ആരിയനിസത്തിനുള്ള ശിക്ഷയാണ് പേർഷ്യൻ യുദ്ധക്കെടുതികൾ (345 –389)

ഈ നിയമലംഘനങ്ങൾ നിമിത്തം നമ്മുടെമേൽ പീഡനങ്ങൾ വരുത്തിയ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. ആത്മീയ അപഹർത്താക്കൾ സമാധാനത്തിൽ നമ്മെ കൊള്ളയടിച്ചതിനാൽ, ദൃശ്യരായ അപഹർത്താക്കൾ കടന്നുവരാൻ അവൻ അനുവദിച്ചു. പണ്ഡിതന്മാർ മാർഗത്തെ തള്ളിപ്പറഞ്ഞതിനാൽ, വഴിതെറ്റിയ വിജാതിയർക്ക് അവൻ മാർഗം തുറന്നുകൊടുത്തു. പുരോഹിതർ പരസ്പരം കുത്തിക്കീറിയതിനാൽ, വിജാതിയർ അവരുടെ കൊമ്പുയർത്തി. നമ്മുടെ കലഹം രേഖപ്പെടുത്താൻ നമുക്ക് ഏത് ചുരുളാണ് മതിയാകുന്നത്? സഹോദരങ്ങൾ പരസ്പരം ബഹിഷ്ക്കരിച്ചതിനാൽ, ഒരാൾ അനേകരെ പലായനം ചെയ്യിച്ചു. നമ്മുടെ സഹായിയിൽ നിന്ന് നാം പലായനം ചെയ്തതിനാൽ, അവൻ തിരിഞ്ഞ് നമ്മെ നമ്മുടെ അയൽക്കാർക്ക് നിന്ദാപാത്രമാക്കി. കാരണം, അവന്റെ വാക്കുകൾ നമുക്ക് ശൂന്യമായ വെടിപറച്ചിലായി തീർന്നതിനാൽ, നാം അപവാദ സംഭാഷണവിഷയമായും പഴമൊഴിയായും തീർന്നു.

നമുക്ക് കലകൾ ശ്രദ്ധിക്കാം. അവയുടെ ഒരു ദൃഷ്ടാന്തമെടുക്കാം. തന്റെ കൈത്തൊഴിലിൽ പണിചെയ്ത് വിജയത്തിലെത്തിയാൽ, അതിലൂടെ കലാകാരന് ബഹുമാനം ലഭിക്കുന്നു. എന്നാൽ അതിനെ അവഗണിച്ച് നിന്ദിച്ചാൽ, എല്ലായിടത്തും അവൻ നിന്ദിക്കപ്പെടും. കലാകാരൻ തന്റെ കലാവസ്തുവിൽ മുടക്കിയ മുതൽ അയാൾക്ക് തിരിച്ചു നൽകാനായി സ്രഷ്ടാവ് കലയിൽ നീതി എന്ന പ്രതിഫലം കൂട്ടിച്ചേർത്തു. അതുപോലെ, ആര് സ്രഷ്ടാവിന്റെ നീതി ഉപയോഗിച്ച് ബഹുമാനത്തിലെത്തിക്കുന്നുവോ, അതിലൂടെ അവൻ ബഹുമാനിതനാകും. ആര് അതിനെ അവഗണിച്ച് നിന്ദിക്കുന്നുവോ, അവൻ എല്ലായിടത്തും നിന്ദിക്കപ്പെടും എന്നത് നീതിമാനായ സ്രഷ്ടാവിന്റെ കർമങ്ങളെ സംബന്ധിച്ചും എത്രയധികമായി സംഭവിക്കയില്ല!

www.malankaralibrary.com

നാം നമ്മുടെ മാർഗത്തെ നിസ്സാരമാക്കിത്തള്ളുകയും വളരെ നിന്ദ്യ മായ രീതിയിൽ നിരസിക്കുകയും ചെയ്തതിനാൽ, നമ്മുടെ അയൽക്കാർ നമ്മെ വെറുക്കാനായി അവൻ തിരിഞ്ഞ് നമ്മെ അവർക്ക് നിന്ദാപാത്രങ്ങളാക്കി. വഴിപിഴച്ച വിജാതിയർ നമ്മോടു ചോദിക്കുന്നതു കേൾക്കുക: 'സത്യത്തിന്റെ ശക്തി എവിടെയാണ്?' ഇതാ, എല്ലാ ശക്തികളെയും കീഴടക്കിയ ശക്തി ഇപ്പോൾ നമ്മിൽ ഇപ്രകാരം അപമാനിതമാകുന്നു. നമ്മുടെ സ്വതന്ത്രേച്ഛ അതിന്റെ ശക്തി മറച്ചുവയ്ക്കുകയും സത്യത്തെ വിജയിപ്പിക്കാതിരിക്കുകയും ചെയ്തതിനാൽ, വിജാതിയർ നമ്മെ നിന്ദിക്കാനായി, സത്യം അതിന്റെ ശക്തി മറച്ചുവച്ചു.

### പേർഷ്യാക്കാർ ക്രിസ്ത്യാനികൾക്ക് പെരുമാറ്റക്കണ്ണാടിയായി (391–442)

ക്രൂരരായ പ്രതിയോഗികൾ ഇരച്ചുകയറി; കഠിനരായ കൊള്ളക്കാർ കടന്നുവന്നു. തർക്കം നിമിത്തം നാം വിഭജിതരാണ്; യുദ്ധത്തിൽ അവർ യോജിപ്പിലാണ്. പരിശോധന നിമിത്തം നാം വിഭജിതരാണ്; നമ്മെ കൊള്ളയടിക്കുന്നതിൽ അവർ ഏകയോഗമാണ്. നാം ദൈവപുത്രനോട് അനുസരണമില്ലാത്തവരാണ്; അവർ അവരുടെ തലവനെ അനുസരിക്കുന്നു. നാം കൽപ്പന നിന്ദിച്ചു; അവിടെ കൽപ്പന സമ്പൂർണമായി നിലനിൽക്കുന്നു. ഇവിടെ ചട്ടങ്ങൾ നശിപ്പിക്കപ്പെട്ടു; അവിടെ അവർ അവ സംശുദ്ധമായി പാലിക്കുന്നു. ഇവിടെ മൃതമായിത്തീർന്ന പ്രമാണങ്ങൾ അവിടെ ജീവനുവേണ്ടി ഉയർത്തെഴുന്നേറ്റു. ഒരാൾ മറ്റൊരാൾക്കെതിരെ നാം വിഭജിതരാണ്; അവരെല്ലാം ഏകരാജാവിനെ അനുസരിക്കുന്നു. രാജാവ് എങ്ങനെയാണെന്നോ, എവിടെയാണെന്നോ അന്വേഷിച്ചുകൊണ്ട് അവിടെയാരും അയാളെപ്പറ്റി ചോദിക്കാറില്ല. നാമാകട്ടെ, പുത്രന്റെ ജനനത്തെപ്പറ്റി തമാശയായി തർക്കിക്കുന്നു. ആ മർത്യരാജാവിന്റെ അംഗുലീചലനത്തിൽ സൈന്യം വിറയ്ക്കുന്നു; സഭയിൽ തിരുലിഖിതങ്ങൾ വളച്ചൊടിച്ച് വ്യാഖ്യാനിക്കപ്പെടുന്നു, ചിലർ തങ്ങളുടെ സ്വപ്നങ്ങൾ വിവരിക്കുന്നു. നാം വായ്പ കൊടുത്തത് അവർ അവിടെ നിന്ന് തിരികെത്തന്നു. അവിടെ അപ്രത്യക്ഷമായ അത്യാർത്തിയുടെ ജ്വാല ഇവിടെ ആളിക്കത്തുന്നു. അവിടെ കുറഞ്ഞുപോയ മോഷണം ഇവിടെ വളരെ വർദ്ധിച്ചു. അവിടെ അവർ അനീതി ഇല്ലാതാക്കിയപ്പോൾ, സന്തോഷപൂർവം അതിനെ ഇവിടെ മനുഷ്യർ സ്വാഗതം ചെയ്തു. അവിടെ നുണ ബലഹീനമായി; നാമതിന് ഇരട്ടി ശക്തി കൊടുത്തു. ഇപ്പോൾ നാം സത്യത്തെക്കുറിച്ചുള്ള ചർച്ചയ്ക്കു വരുമ്പോൾ, ആരാണ് സത്യത്തിൽ നിലനിൽക്കുന്നത്! ഇതും നമുക്കെതിരെ ഉയരുന്നു. വഴിതെറ്റിയ വിജാതിയരിലൂടെ ദൈവം നമ്മെ വിധിക്കുന്നു. അവിടെ അവർ സൂര്യനെ വന്ദിക്കുന്നു, ആ സൃഷ്ടിയെ പരിശോധിക്കാൻ ആരും ആഗ്രഹിക്കുന്നില്ല. ഇവിടെ സ്രഷ്ടാവ് നിന്ദിക്കപ്പെടുന്നു, കാരണം, എല്ലാവർക്കും ആരാധ്യനെ പരിശോധിക്കണം. അവിടെ


www.malankaralibrary.com

അഗ്നിയെ ആരാധിക്കുന്നു, അതിന്റെ നാഥൻ ഇവിടെ പരിശോധനാവിധേയ നാകുന്നു. അവിടെ വെള്ളത്തെ വന്ദിക്കുന്നു, നാം നമ്മുടെ സ്നാനത്തെ നിന്ദിക്കുന്നു. വഴിതെറ്റിയവർ തങ്ങളുടെ തെറ്റിൽ സ്രഷ്ടാവിനുപകരം സൃഷ്ടിയെ വന്ദിക്കുന്നു. സത്യം ഗ്രഹിച്ച നാമാകട്ടെ സ്രഷ്ടാവിനുപരി മാമോനെ പ്രതിഷ്ഠിക്കുന്നു. അതുവഴി പാപം ചെയ്യുന്നെന്ന് അറിയുന്നെ ങ്കിലും നാമതിൽ അഭിമാനിക്കുന്നു.

**യുദ്ധത്തിന്റെ ശിക്ഷ (443–507)**

നാം നമ്മുടെ ചിന്തയ്ക്ക് വേലി കെട്ടാഞ്ഞതിനാൽ, ശത്രു നമ്മുടെ നഗരത്തിന്റെ കോട്ടകൾ തകർത്തു. നമ്മുടെ മനസ്സ് ശാന്തമല്ലാതിരുന്നതി നാൽ, നാം സ്വച്ഛന്ദം ജീവിച്ച നമ്മുടെ നാട് ശത്രു മരുഭൂമിയാക്കി. നമ്മുടെ ഹൃദയം ഭൂമിയിൽ പൂഴ്ത്തിവച്ചിരുന്നതിനാൽ, ശത്രു നമ്മുടെമേൽ മൺകൂ മ്പാരമിട്ടു. നാം സ്നേഹത്തിനുവേണ്ടി ദാഹിക്കാഞ്ഞതിനാൽ, ദാഹം നമ്മോടു പ്രതികാരം ചെയ്തു. നാം സമ്പാദ്യമുണ്ടാക്കാൻ ഓടിനടന്നതിനാൽ, നമ്മുടെ തടവുകാർ മലമുകളിലൂടെ അലഞ്ഞുനടന്നു. നാം ഗോതമ്പിനു പകരം പതി രായിരുന്നതിനാൽ, കിഴക്കൻകാറ്റ് നമ്മെ പറത്തിക്കളഞ്ഞു. നാം എല്ലാവശ ത്തേക്കും ഓടിനടന്നതിനാൽ, നാം എല്ലായിടത്തേക്കും ചിതറിക്കപ്പെട്ടു. നാം ഒരേയൊരഭയസ്ഥാനത്തേക്ക് ഓടാഞ്ഞതിനാൽ, അവർ നമ്മെ കോട്ട കൾതോറും ഓടിച്ചു. നാം നമ്മുടെ വാസസ്ഥലങ്ങളിൽ ആത്മീയമായി മൃത രായിരുന്നതിനാൽ, അവർ നമ്മെ കണ്ണുപൊട്ടിച്ച് നാൽക്കവലകളിൽ കെട്ടി യിട്ടു. നാം ദരിദ്രരെ തീറ്റിപ്പോറ്റാഞ്ഞതിനാൽ, പറവകൾ നമ്മുടെ ശരീരം തിന്ന് തൃപ്തരായി. നമ്മുടെ ഇടയന്മാർ അഹങ്കാരപൂർവം പെരുമാറിയതി നാൽ, വിദ്വാന്മാരുടെ നാട്ടിൽ അവരുടെ ശരീരങ്ങൾ എറിയപ്പെട്ടു. നാം നമ്മു ടെ പള്ളികളിൽ നന്നായി പ്രാർഥിക്കാഞ്ഞതിനാൽ, അശുദ്ധർ നമ്മുടെ പള്ളി കൾ കത്തിച്ചുകളഞ്ഞു. നാം സംശുദ്ധമായി ബലിപീഠത്തിൽ ശുശ്രൂഷിക്കാ ഞ്ഞതിനാൽ, അവർ അവ ഇടിച്ചുനിരത്തി. നാം തിരുലിഖിതകൽപ്പനകൾ അനുസരിക്കാഞ്ഞതിനാൽ, അവർ അവ വലിച്ചുകീറിക്കളഞ്ഞു. എന്നാൽ നാം ഉപേക്ഷിച്ചവൻ നമ്മെ ഉപേക്ഷിച്ചില്ല. ഇതാ, നമ്മെ ശിക്ഷിച്ച് നേടിയെ ടുക്കാൻ അവൻ ആഗ്രഹിക്കുന്നു. ഐക്യം തകർന്ന നമ്മുടെ പക്കലേക്ക് ശത്രുവിന്റെ യോജിപ്പുള്ള സൈന്യം ഇരച്ചുകയറി. നമ്മുടെ കൊള്ളക്കാരാ യ ന്യായാധിപന്മാർക്കെതിരെ ക്രൂരന്മാരായ ജനറൽമാർ ഇരച്ചുകയറി. ദൂരെ നിന്ന് യുദ്ധം വരുന്നതിനു മുമ്പുതന്നെ നമ്മുടെ ഇടയിൽ മഹാപോരാട്ടം നിലനിന്നു. അമ്പെയ്യുന്നവർ എത്തുന്നതിനു മുമ്പുതന്നെ നമ്മുടെ ഇടയിൽ നിഗൂഢമായ അമ്പെയ്ത്തുകാർ ഉണ്ടായിരുന്നു. ഊരിയ വാളുകൾ ദൂരെനിന്ന് എത്തുന്നതിനു മുമ്പുതന്നെ നമ്മുടെ ഇടയിൽ ഊരിയ വാളുകൾ ഉണ്ടായി രുന്നു. വിദ്വേഷത്താൽ ആന്തരികമായ അമ്പുകൊണ്ട് നാം മൂർച്ചയുള്ള അമ്പു

കളെയ്തു. തന്റെ അയൽക്കാരനെതിരെ അമ്പെയ്യാത്തവൻ ആരും ഉണ്ടായിരുന്നില്ല. നാമെല്ലാവരും എല്ലാവർക്കുമെതിരെ അമ്പെയ്തു. നമ്മുടെ ദുഷ്പ്രവൃത്തികൾക്ക് അന്ത്യംകുറിക്കാനാണ് നീതിമാൻ ഈ ദുരന്തങ്ങളൊക്കെ നമ്മുടെമേൽ വരുത്തിവച്ചത്. അസൂയയുടെ അമ്പിന് അന്ത്യം കുറിക്കാനാണ് അമ്പെയ്യുന്നവരെ അവൻ ഇവിടെ എത്തിച്ചത്. അദൃശ്യമായ അമ്പുകൾക്ക് അന്ത്യം കുറിക്കാനാണ് ദൃശ്യമായ അമ്പുകൾ അവൻ നമ്മുടെമേൽ എയ്തത്. നാം നമ്മുടെ തിന്മകൾ ഉരിഞ്ഞുകളയാനും ബാഹ്യശത്രുവിന്റെ കവചത്തിനെതിരെ നീതിയുടെ കവചം ധരിക്കാനുമാണ് പടച്ചട്ടയണിഞ്ഞ പടയാളികളെ അവൻ ഇവിടേക്കു നയിച്ചത്. നമ്മുടെ നീട്ടിയ നാവുകൾ മൗനമാക്കാനാണ് ദൈവം ഊരിയ വാളുകൾ നമ്മുടെമേൽ നിപതിപ്പിച്ചത്. ഭോഗാസക്തി അതിന്റെ അമ്പുകൾ എയ്യാതിരിക്കാനാണ് അവൻ അസ്സീറിയാക്കാരുടെ അമ്പുകൾ ഇവിടേക്ക് കൊണ്ടുവന്നത്. അകത്തുള്ള നിന്ദനം അവസാനിപ്പിക്കാനാണ് പുറത്തുള്ള വില്ല് കുലപ്പിച്ചത്. ഭയജന്യവും ഭയങ്കരവുമായ ആനകളെ കൊണ്ടുള്ള ഭയം നിമിത്തം, താഴ്ന്നവർക്കെതിരെ നാം അഹന്തയുള്ളവരാകാതിരിക്കാനാണ് അവയെ എത്തിച്ചത്. അനുതാപവും എളിമയും തീക്ഷ്ണതാപൂർവം നമുക്ക് നമ്മുടെ ഇടയിൽ വിതയ്ക്കാം. അതിലൂടെ പരസ്യമോ, രഹസ്യമോ ആയ യുദ്ധങ്ങളെല്ലാം എല്ലാവശത്തും ശമിക്കുമെന്നു കാണുക.

ഭാഗ്യവാനായ മാർ അപ്രേമിന്റെ വിശ്വാസത്തെപ്പറ്റിയുള്ള ആറു *മെമ്രാകൾ* അവസാനിച്ചു. ദൈവത്തിനു സ്തുതി.

o

 www.malankaralibrary.com

മാർ അപ്രേം

# വിശ്വാസഗീതങ്ങൾ